KOTTAYAM PUBLIC LIBRARY

Call No 900 Acc. No 11310

Author കുഞ്ഞുരാമൻ. സി. കെ

Title സഭാചരിത്രസംഗ്രഹം

1136

No 11310

KOTTAYAM PUBLIC LIBRARY
KOTTAYAM.

# സഭാചരിത്ര സംഗ്രഹം

ഗ്രന്ഥകർത്താ:—

റിവ്യശ്രീ. സി. ഇ. ഏബ്രഹാം, എം. എ., ഡി. ഡി.
പ്രിൻസിപ്പാൾ, സെറാംപൂർ കോളജ്.

CLS

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

THE CHRISTIAN LITERATURE SOCIETY
MALAYALAM BRANCH
TIRUVALLA.

M 900
Abr-S

THE CHRISTIAN LITERATURE SOCIETY
(*In association with the United Society for Christian Literature*)
POST BOX 501, PARK TOWN, MADRAS 3
*and at*
MYSORE, BANGALORE, TIRUVALLA.

*Copyright*

*Fourth Edition — June 1959*

This book is published with aid from the Board of Christian Literature of the National Christian Council.

*Printed in India at*
LITERATURE PRESS
TIRUVALLA.

# മുഖവുര

കേരള ക്രൈസ്തവ സാഹിത്യസമിതിയുടെ പ്രസിദ്ധീകരണങ്ങളിൽ അധികഭാഗവും ഇംഗ്ലീഷ് പുസ്തകങ്ങളുടെ പരിഭാഷയാണെന്നും മലയാളികളുടെ സ്വയം കൃതികൾ വളരെ ദുർലഭമാണെന്നും ഒരു അപവാദം ഉണ്ട്. അതിനു പരിഹാരം എന്നതുപോലെ ഈയിടെ ഉണ്ടായിട്ടുള്ള പ്രസിദ്ധീകരണങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒരു കൃതിയാണ് പ്രസ്തുത "സഭാചരിത്ര സംഗ്രഹം."

ഓരോ സഭാവിഭാഗങ്ങളെക്കുറിച്ചു മലയാളത്തിൽ ഒട്ടുവളരെ ലഘുലേഖകളും, പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയെല്ലാം കാണുന്നതിന് എനിക്കു ഇടയായിട്ടില്ലെങ്കിലും, പൊതുവേ അവയെക്കുറിച്ചു രണ്ടു ആക്ഷേപങ്ങൾ പറയാനുള്ളതു് ശരിയാണെന്നു തോന്നുന്നു.

1. തൽക്കാല ആവശ്യങ്ങൾ പ്രമാണിച്ച് ചില ചില അഭിപ്രായങ്ങൾ പുലർത്തിക്കൊണ്ടുപോകുവാനാണ്, ഈവക കൃതികൾ ശ്രമിച്ചിട്ടുള്ളതു്. അങ്ങനെയുള്ള എഴുത്തുകാർക്കു നിഷ്പക്ഷമായി എല്ലാവശങ്ങളും ഒരുപോലെ നോക്കാൻതക്ക മനഃസ്ഥിതി ഉണ്ടാവാൻ പ്രയാസം. ഉണ്ടായാൽതന്നെയും ചില ഭാഗങ്ങൾ ഒതുക്കിവെക്കുന്നതിനു നിർബ്ബന്ധിതരാകും.

2. ഏതെങ്കിലും ഒരു പ്രത്യേക സഭയുടെ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിന്, സഭകൾ ഒന്നായിരുന്നപ്പോൾ ഉണ്ടായ സംഭവങ്ങളേയും അവ പലതായി പിരിയുന്നതിനുള്ള കാരണങ്ങളേയും വിശദമായി അറിയേണ്ടതുണ്ട്. സാധാരണ ചെറുപുസ്തകങ്ങൾ വായിച്ചാൽ ആ അറിവ് സിദ്ധിക്കുകയില്ല.

ഈ രണ്ടു ദോഷങ്ങളും ഈ പുസ്തകത്തിനില്ലെന്നുതന്നെ പറയാം. ഒരു പ്രത്യേക കക്ഷിയുടെയൊ സമുദായത്തിന്റെയൊ അഭിപ്രായത്തെ പ്രചരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെയല്ല ഈ പുസ്തകം എഴുതിയിരിക്കുന്നതു്.

ഇത്രയും പറഞ്ഞതുകൊണ്ടു്, വിഭിന്നങ്ങളായ അഭിപ്രായങ്ങളോടുകൂടിയ ക്രൈസ്തവസഭകളുടെ എല്ലാ ആദർശങ്ങൾക്കും ഒരു വില തന്നെ സങ്കല്പിച്ചിട്ടുണ്ടെന്നു പറവാൻ നിവൃത്തി ഇല്ലായിരിക്കും. ലൂഥറിന്റെ കാലത്തെ മതപരിവർത്തനത്തെക്കുറിച്ചു് റോമാസഭയ്ക്കും

പ്രൊട്ടസ്റ്റന്റുസഭയും ഒരേ അഭിപ്രായമല്ല ഉള്ളതു്. ആ കാലം വിവരിക്കുമ്പോൾ, എഴുത്തുകാരൻ പറഞ്ഞിട്ടുള്ളതു് റോമൻകത്തോലിക്കർക്കു് രുചിച്ചില്ലെന്നു വരാം. അതുപോലെ യാക്കോബായ സഭയുടെ ആരംഭത്തെക്കുറിച്ചു പലവിധത്തിൽ പറയാറുണ്ടു്. കത്തോലിക്കാസ്ഥാപനത്തെക്കുറിച്ചും ചരിത്രകാരന്മാർ ഒരേവിധം പ്രസ്താവിക്കുന്നില്ല.

ഇങ്ങനെയുള്ള സ്ഥലങ്ങളിൽ മററുള്ളവരുടെ അഭിപ്രായത്തിനു് എഴുത്തുകാരൻ വേണ്ട വില കൊടുത്തിട്ടുണ്ടെന്നാണു് എന്റെ അഭിപ്രായം. അതുപോലെതന്നെ ക്രൈസ്തവസഭയുടെ ആരംഭംമുതൽ ഇതേവരെയുള്ള വളർച്ചയേയും ഇടയ്ക്കിടെ വന്നുകൂടിയ പിരിച്ചിലുകളേയും ചരിത്രബുദ്ധ്യാ വ്യവഹരിക്കുന്നുമുണ്ടു്.

ക്രൈസ്തവസഭയുടെ പൊതുവായുള്ള ചരിത്രത്തേയും അതിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന ശാഖകളുടെ ഉദ്ദേശ്യങ്ങളേയുംകുറിച്ചു്, വിദഗ്ദ്ധന്മാരുടെ അഭിപ്രായം നല്ലവണ്ണം അറിവാൻ സൌകര്യമുള്ള യോഗ്യനായ ഒരു ദേഹം എഴുതിയിരിക്കുന്ന ഈ പുസ്തകത്തിനു വേണ്ട പ്രചാരം ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

പല അഭിപ്രായങ്ങളുടെ മദ്ധ്യത്തിൽ വളരെ കുഴങ്ങുന്ന മലയാളദേശത്തുള്ള ക്രിസ്ത്യാനികളുടെ അഭിപ്രായങ്ങളെ ശരിയായി രൂപവൽക്കരിക്കുന്നതിനും ഭിന്നിച്ചിരിക്കുന്ന സഭകൾ തമ്മിൽ കൂടുതലായി സൌഹാർദ്ദമുണ്ടാകുന്നതിനും ഈ പുസ്തകം സഹായമായിത്തീരണമെന്നു ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു.

*Kottayam*
14-10-1931

K. K. KURUVILLA.

# ഒന്നാംപതിപ്പിലെ പ്രസ്താവന

ഈ സഭാചരിത്രഗ്രന്ഥത്തിൻെറ ഉത്ഭവചരിത്രവും, ഇതിൻെറ നിർമ്മാണത്തിലും മുദ്രണത്തിലും സഹായിച്ചിട്ടുള്ള മഹാനുഭാവന്മാരോടുള്ള കൃതജ്ഞതയും രേഖപ്പെടുത്തുന്നതിനായി ഈ പ്രസ്താവനമൂലം ലഭിച്ചിരിക്കുന്ന സൌകര്യത്തെ ഉപയോഗപ്പെടുത്തുന്നതിൽ എനിക്കു അനല്പമായ സന്തോഷമുണ്ടു്.

1929-ലെ മദ്ധ്യവേനൽ അവധിക്കാലത്തു ഞാൻ മുട്ടമ്പലത്തു (കോട്ടയം) താമസിക്കുമ്പോഴാണു് കേരളത്തിലുള്ള വിവിധ ക്രിസ്തീയ വകുപ്പുകാരുടെ വിശിഷ്യ, ഇംഗ്ലീഷ്ഭാഷാഭിജ്ഞന്മാരുടെ ഉപയോഗത്തിലേക്കായി ഒരു സഭാചരിത്രം ചമയ്ക്കുന്നതിനായി, കേരള ക്രൈസ്തവ സാഹിത്യസമിതിയുടെ ഓണററി സെക്രട്ടറിയായിരുന്ന എൻെറ സ്നേഹിതൻ റവ: എൽ. എ. ഡിക്സൻ എന്നോടു ആദ്യമായി ആവശ്യപ്പെട്ടതു്. അതിനെ തുടർന്നു പ്രസ്തുത സമിതിയുടെ ഓണററി ഡയറക്ടർ റവ: ഡബ്ളിയു. മാത്യു അവർകളും എനിക്കു എഴുത്തുകൾവഴിയായും മററും വേണ്ട പ്രോത്സാഹനം നൽകിയിട്ടുണ്ടു്. എന്നാൽ 1930 ആഗസ്റ്റ്മാസത്തിൽ മാത്രമേ ചരിത്രം എഴുതുന്നതിനു് ആരംഭിക്കുന്നതിനെങ്കിലും എനിക്കു സൌകര്യപ്പെട്ടുള്ളു. ആ വർഷത്തിലെ അവധിക്കാലത്തെ ആറു ആഴ്ചകൊണ്ടാണു് പുസ്തകം മിക്കവാറും എഴുതിത്തീർത്തതു്. ഇതാണു് ഈ പുസ്തകത്തിൻെറ രചനസംബന്ധിച്ചുള്ള ചരിത്രച്ചുരുക്കം.

മലയാള ക്രൈസ്തവ സാഹിത്യസമിതിയുടെ നിർവ്വാഹകക്കമ്മററി അംഗങ്ങളായ ചില മഹാനുഭാവന്മാരുടെ സഹകരണം ഇല്ലായിരുന്നെങ്കിൽ ഈ പുസ്തകം എഴുതുന്നതിനോ, പ്രസിദ്ധീകരിക്കുന്നതിനോ, ഇടവരികയില്ലായിരുന്നു എന്നു പറയുന്നതിൽ അതിശയോക്തിപരമായ പ്രശംസ ഒട്ടുംതന്നെ ഇല്ല. പുസ്തകത്തിൻെറ പ്ലാൻ തയ്യാറാക്കി അയച്ചുകൊടുത്തസമയം മുതൽ അച്ചടിപ്പുരയിൽനിന്നു അതു വെളിക്കിറങ്ങുന്നതുവരെ യഥാകാലം ആവശ്യമായി തോന്നിയിരുന്ന പലവിധ അഭിപ്രായങ്ങൾ എന്നെ അറിയിച്ചു പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നവരുടെ കൂട്ടത്തിൽ ശ്രീമാന്മാരായ ഡബ്ളിയു. മാത്യൂ, കെ. കെ. കുരുവിള, റവ: എൽ. എ. ഡിക്സൻ, ആർച്ചുഡീക്കൻ ററി. കെ. ബഞ്ചമിൻ എന്നീ മാന്യ സുഹൃത്തുക്കളെ

ടെ പേരുകൾ പ്രത്യേകം പ്രസ്താവയോഗ്യമാണ്. ആദ്യകാലത്തു റവ: ഡിക്സനും, ആദ്യവസാനം മിസ്റ്റർ മാത്യുവും നൽകിയിട്ടുള്ള ഉപദേശങ്ങൾക്കും സഹായങ്ങൾക്കും ആയി ഈ സ്നേഹിതന്മാരോടുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ബാംഗ്ളൂർ വൈദികകോളജിലെ സഭാചരിത്രപ്രാസംഗികനായിരുന്നശേഷം ഇപ്പോൾ കോട്ടയം മാർത്തോമ്മാ വൈദികസിമ്മനാരിയുടെ അദ്ധ്യക്ഷപദം സ്വീകരിച്ച്, ശാസ്ത്രപരവും പ്രായോഗികവുമായ സഭാചരിത്രവുമായി നിത്യം പരിചയിച്ചുകൊണ്ടിരിക്കുന്ന ശ്രീമാൻ കെ. കെ. കുരുവിളയിൽനിന്നു എനിക്കു ലഭിച്ചിട്ടുള്ള സഹായവും പ്രോത്സാഹനവും ഒന്നു വേറെതന്നെയാണ്. കമ്മററിയുടെ നിയോഗപ്രകാരം കൈയെഴുത്തുപ്രതി വായിച്ചുനോക്കി അഭിപ്രായം പറയുകയും പരിഷ്ക്കരണ നിർദ്ദേശങ്ങൾ നൾകുകയും ചെയ്യേണ്ടുന്ന കൃത്യം ഏററവും ഭംഗിയായി നിർവ്വഹിച്ചു ഈ പുസ്തകത്തിൻെറ ക്രമാഗതമായ വളർച്ചയിൽ സഹായിച്ചിട്ടുള്ളവരും, സഭാപുനരൈക്യശ്രമങ്ങളിൽ ചരിത്രപഠനം ഒരു പ്രധാന സ്ഥാനം അർഹിക്കുന്നുണ്ടെന്നുള്ള വിശ്വാസത്തിൽ പ്രസ്തുത വിഷയത്തിൽ ഒരു വിശേഷാൽ താല്പര്യം പ്രദർശിപ്പിച്ചു ഈ പുസ്തകത്തെ ലാളിച്ചുപോന്നിട്ടുള്ളവരും, ആയ ആർച്ച്ഡീക്കൻ ബെഞ്ചമിൻ അവർകളോടും മിസ്റ്റർ കുരുവിളയോടും എനിക്കുള്ള അകൈതവവും അപരിമിതവുമായ കൃതജ്ഞത സന്തോഷപുരസ്സരം പ്രകാശിപ്പിച്ചുകൊള്ളുന്നു. എൻെറ അപേക്ഷ സ്വീകരിച്ചു മിസ്റ്റർ കുരുവിള സദയം എഴുതിത്തന്നിരിക്കുന്ന പ്രൌഢവും സരസവുമായ മുഖവുര അദ്ദേഹത്തിൻെറ മഹാമനസ്കതയുടെയും സഭാചരിത്രപാണ്ഡിത്യത്തിൻെറയും, എന്നോടു് ഏതദ്വിഷയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള സ്നേഹതാല്പര്യങ്ങളുടെയും ഒരു പ്രത്യക്ഷചിഹ്നമായി ഈ പുസ്തകത്തെ അലങ്കരിക്കുന്നതിൽ എനിക്കു പ്രത്യേക ചരിതാർത്ഥ്യത്തിനു വകയുണ്ടു്. "പൌരസ്ത്യസഭകൾ" "ഭാരതഭൂമിയിലെ ക്രിസ്തീയ സഭ" എന്നീ അദ്ധ്യായങ്ങൾ സദയം വായിച്ചുനോക്കി പ്രയോജനകരമായ പല ഭേദഗതികൾ ചൂണ്ടിക്കാണിച്ചുതന്നിട്ടുള്ള മാന്യമഹത്തുക്കളായ ഇരവിപേരൂർ ഇംഗ്ളീഷ് സ്കൂൾ ഹെഡ്മാസ്റ്ററും എൻെറ ഗുരുവുമായ ശ്രീമാൻ സി. പി. തോമസ് ബി. എ., എൽ. റ്റി. അവർകളോടും, സഭാചരിത്രപഠനം തൻെറ ജീവിതസർവ്വസ്വമായി സ്വയം വരിച്ചു വിജ്ഞാനപ്രദങ്ങളായ പല ഗ്രന്ഥങ്ങളുടെ കർത്താവും സുറിയാനിസഭാചരിത്രം സംബന്ധിച്ചു പാശ്ചാത്യലോകത്തിൽപോലും പല വിദ്വൽജനങ്ങൾ

ക്ക സുപരിചിതനും ആയിത്തീൎന്നിരിക്കുന്ന ശ്രീമാൻ കെ. എൻ. ദാനിയേൽ അവർകളോടും, പൌരസ്ത്യസഭാചരിത്രത്തിൽ അസാമാന്യ വിജ്ഞാനം സിദ്ധിച്ച ഒരാളെന്നു സുസമ്മതനായ തിരുവനന്തപുരം സുറിയാനിപ്പള്ളി വികാരി ദിവ്യശ്രീ പൂതക്കുഴിയിൽ അബ്രഹാം കത്തനാർ അവർകളോടും എനിക്കുള്ള ഉപകാരസ്മരണ പ്രകടിപ്പിച്ചുകൊള്ളുന്നു.

ഈ പുസ്തകത്തിന്റെ കൈയെഴുത്തുപ്രതി വായിച്ചുനോക്കി ആവശ്യമായിരുന്ന തിരുത്തലുകൾ ചെയ്തു ഭാഷാശുദ്ധി വരുത്തുകയും, മലയാളഭാഷയിൽ ഒരു സഭാചരിത്രം കാണുന്നതിനുള്ള താല്പൎയ്യംനിമിത്തം കണ്ണും മനസ്സും ഒരുപോലെ മുഷിപ്പിക്കുന്നതായ പ്രൂഫ് തിരുത്തുന്ന ദുർഭരമായ ജോലി സസന്തോഷം കൈയേററു, ഏററവും ഭംഗിയായി അതു നിവൎത്തിച്ചുതരികയും ചെയ്ത എന്റെ ജ്യേഷ്ഠസഹോദരനും ഗുരുവും ആയ മാത്തോമ്മാസിമ്മനാരി മലയാള പണ്ഡിതർ ടി. സി. ചാക്കോ അവർകളോട്ട ഞാൻ എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അനുബന്ധം തയ്യാറാക്കുന്നതിലും, ഒരദ്ധ്യായത്തിലെ ഏതാനും ചില ഭാഗങ്ങൾ എഴുതുന്നതിലും, എന്റെ പ്രിയ ശിഷ്യരും സെറാമ്പൂർ കോളേജ് ബി. ഡി. വിദ്യാൎത്ഥികളുമായ മെസ്സേഴ്സ് കെ. സി. വറുഗീസ്, പി. ടി. ചാക്കോ എന്നിവരും എന്നെ സഹായിച്ചിട്ടുണ്ടെന്നുള്ളതും ഞാൻ വിസ്മരിക്കുന്നില്ല.

ഈ പുസ്തകമെഴുതുന്നതിൽ ആദ്യവസാനം എന്റെ പ്രിയപത്നിയുടെ സഹായവും സഹകരണവും എനിക്കു ലഭിച്ചിരുന്നുവെന്നുള്ളതും ഞാൻ ഒളിച്ചുവയ്ക്കുന്നില്ല.

കൎത്താവിന്റെ തിരുശരീരമാകുന്ന ക്രിസ്തീയസഭയുടെ വിവിധ ശാഖകൾ തമ്മിൽ യോജിപ്പിനു പരിശ്രമിച്ചുവരുന്ന ഒരു കാലമാണെല്ലോ ഇത്. സഭാപുനരൈക്യം സാധിതപ്രായമാകണമെങ്കിൽ ഓരോ വകുപ്പുകാരുടെയും ഉത്ഭവവും ചരിത്രവും വിശ്വാസാചാരാദികളും അന്യോന്യം മനസ്സിലാക്കിയിരിക്കേണ്ടതു ആവശ്യമാണ്. മലയാളത്തുള്ള ക്രൈസ്തവസഭാവിഭാഗങ്ങളെ അന്യോന്യം പരിചയപ്പെടുത്തി കൂട്ടിയിണക്കുന്നതിനു പക്ഷപാതരഹിതമായ ഒരു സഭാചരിത്രഗ്രന്ഥം അത്യന്താപേക്ഷിതമാണെന്നുള്ളതിനു രണ്ടുപക്ഷമില്ല ഈ നിലയിലുള്ള ഒരു ഗ്രന്ഥത്തിന്റെ അഭാവത്തെ പരിഹരിച്ചു ദൈവരാജ്യത്തിനുവേണ്ടി ഒരു ശുശ്രൂഷ നിവൎത്തിക്കണമെന്നുള്ള

ഉദ്ദേശ്യം മാത്രമാണു ക്ലേശഭൂയിഷ്ഠമായ ഗ്രന്ഥനിർമ്മാണ പന്ഥാവിലേക്കു് എന്നെ തള്ളിവിട്ടതു്. എന്റെ പ്രയത്നം സഫലമായെന്നു മഹാജനങ്ങൾ വിധിക്കയും മലയാളത്തെ സഭകൾ ഈ പുസ്തകത്തെ ആദരിക്കയും ചെയ്യുന്നെങ്കിൽ ഞാൻ കൃതാർത്ഥനായി.

യഥാകാലം ഈ പുസ്തകം ഏത്രയും ഭംഗിയായി അച്ചടിച്ചുതന്നിരിക്കുന്ന സി. എം. എസ്സ് പ്രസ്സ് മാനേജർ മിസ്റ്റർ ററി. എൻ. കുര്യൻ അവർകളെ പ്രത്യേകം അഭിനന്ദിച്ചുകൊള്ളുന്നു.

വ്യക്തിപരമായോ, സാമുദായികമായോ യാതൊരുഅസുഖത്തിനും ഇടയാകരുതെന്നുള്ള പരമാർത്ഥ ഉദ്ദേശ്യത്തോടുകൂടെയാണു് ഈ പുസ്തകം എഴുതിയിട്ടുള്ളതു്. അഭിപ്രായവ്യത്യാസത്തിനു മാർഗ്ഗമുള്ള പല വിഷയങ്ങൾ പ്രതിപാദിച്ചിരിക്കുന്ന സ്ഥാനങ്ങളിൽ ആർക്കെങ്കിലും വിരുദ്ധതയ്ക്കോ, മനോവ്യഥയ്ക്കോ കാരണമാകുന്നപക്ഷം അവരോടു ഞാൻ മുൻകൂട്ടി ക്ഷമായാചനം ചെയ്തുകൊള്ളുന്നു. മലയാളത്തുള്ള ക്രൈസ്തവ സഭാംഗങ്ങളും സഭാവിഭാഗങ്ങളും തമ്മിൽ കൂടുതൽ സൌഹാർദ്ദമുണ്ടാകുന്നതിനു് ഈ പുസ്തകം മുഖാന്തരമായി ഭവിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടെ മഹാജനസമക്ഷം ഈ സഭാചരിത്രഗ്രന്ഥത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

സെറാമ്പൂർകോളേജ്
19—10—1931

സി. ഇ. ഏബ്രഹാം.

# സഭാചരിത്ര സംഗ്രഹം

## അദ്ധ്യായം 1

### അപ്പൊസ്തലിക കാലം (A. D. 30—76)

'കാലസംപൂൎണ്ണതയിങ്കൽ ദൈവം തന്റെ പുത്രനെ ലോകത്തിലേക്കു് അയച്ചു' എന്നു വി. പൌലൊസു് അപ്പൊസ്തലൻ ചെയ്തിരിക്കുന്ന പ്രസ്താവനയുടെ യാഥാൎത്ഥ്യവും മാഹാത്മ്യവും പുരാതന ലോകചരിത്രം നിരീക്ഷണം ചെയ്യുന്ന ആധുനികരായ നമുക്കു ക്രിസ്തുസഭയുടെ ശൈശവദശയിൽ ജീവിച്ചിരുന്നവരെക്കാൾ കൂടുതൽ വിശദമായി ഗ്രഹിക്കുന്നതിനു സാധിച്ചിട്ടുണ്ടു്. ക്രിസ്തുമതത്തിന്റെ വളൎച്ചയ്ക്കും വികാസത്തിനും ഒന്നാം നൂററാണ്ടു് എത്രയും അനുയോജ്യമായ ഒരു കാലമായിരുന്നു എന്നു ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ യഹൂദന്മാരുടെയും അവരെ ഭരിച്ചിരുന്ന റോമരുടെയും ചരിത്രം സൂക്ഷ്മമായി പരിശോധിക്കുന്ന ഏവൎക്കും ബോദ്ധ്യമാകുന്നതാണു്.

ക്രിസ്തുമതത്തിന്റെ ഉത്ഭവകാലത്തെ പരിതസ്ഥിതികൾ എന്തെല്ലാമെന്നു് പരിഗണനം ചെയ്തശേഷം, അപ്പൊസ്തലിക കാലംതുടങ്ങിയുള്ള ആദ്യനൂററാണ്ടിലെ ചരിത്രം പ്രതിപാദിക്കയെന്നുള്ളതാണു് ഈ ഒന്നാം അദ്ധ്യായത്തിൽ ഉദ്ദേശിച്ചിരിക്കുന്നതു്.

### യെഹൂദന്മാർ

യിരെമ്യാപ്രവാചകന്റെ കാലത്തു യെരുശലേം പിടിക്കപ്പെട്ടതു മുതൽ നാലഞ്ചു നൂററാണ്ടുകളോളം, ബാബിലോൺ, പേഷ്യാ, ഗ്രീസ്, റോമാ എന്നീ മഹച്ഛക്തികളുടെ കീഴിൽഅടിമകളായിട്ടാണു്യെഹൂദജാതി ഇരുന്നിട്ടുള്ളതു്. എന്നാൽ മക്കാബ്യ യുദ്ധങ്ങളുടെ ഫലമായി കുറെക്കാലത്തേക്കു് സ്വാതന്ത്ര്യം അനുഭവിക്കുന്നതിനു അവൎക്കു ഭാ

ഗ്യമുണ്ടായി. പക്ഷേ, തങ്ങളുടെ ക്ഷണഭംഗുരമായ സ്വതന്ത്ര ജീവിതത്തിനുശേഷം വീണ്ടും റോമാസാമ്രാജ്യത്തിൻെറ നുകത്തിൽ യഹൂദന്മാർ അകപ്പെട്ടു. പുറജാതികളുടെ ഭരണനുകത്തിൽനിന്നു് വിമോചിച്ചു്, രാഷ്ട്രീയ സ്വാതന്ത്ര്യം കരസ്ഥമാക്കി പ്രവചന നിവൃത്തി വരുത്തുന്നതിനു് പ്രാപ്തിയുള്ള ഒരു മശിഹായെ ആണു് കത്താവിൻെറ കാലത്തു് ജനങ്ങൾ ഉൽക്കണ്ഠയോടുകൂടെ പ്രതീക്ഷിച്ചിരുന്നതു്. ഏതു മാൎഗ്ഗത്തുടെയും രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിക്കണമെന്നുദ്ദേശിച്ചു് പ്രവത്തിച്ചിരുന്ന യഹൂദന്മാരുടെ ഒരു സംഘത്തെയാണു് 'കനാന്യർ' (Zealots) എന്നു് പറഞ്ഞുവരുന്നതു്. എന്നാൽ ലൌകിക ചിന്തകൾ ഉപേക്ഷിച്ചു് മശിഹായെ ആത്മികവും സാന്മാൎഗ്ഗികവുമായ വിടുതൽ നല്കുന്ന ഒരു രക്ഷിതാവായി മാത്രം സങ്കല്പിച്ചിരുന്ന ചുരുക്കം ചിലരും അക്കാലത്തു് പലസ്തീൻ നാട്ടിൽ ജീവിച്ചിരുന്നു. ഇങ്ങനെയുള്ളവരെ പ്രതിനിധീകരിക്കുന്നവരായി യിസ്രായേലിൻെറ ആശ്വാസത്തിനു് കാത്തിരുന്ന ശിമയോനെയും പ്രവാചകിയായ ഹന്നായെയും ഗണിക്കാവുന്നതാണു്. ഏതായാലും യഹൂദജാതി ഒരു രക്ഷകനെ ഉല്ക്കണ്ഠാപൂൎവ്വം പ്രതീക്ഷിച്ചിരുന്നു എന്നു് സ്പഷ്ടമത്രെ.

## ജാതികരം അഥവാ, റോമാസാമ്രാജ്യം

അററ്ലാൻറിക്കു് സമുദ്രംമുതൽ യൂഫ്രട്ടീസ് നദിവരെ ഏകദേശം 3000 മൈൽ നീളവും, ആൽപ്സ് പൎവ്വതം മുതൽ അററ്ലസ്പൎവ്വതംവരെ ഏകദേശം 2000 മൈൽ വീതിയും ഉണ്ടായിരുന്ന വിസ്തീൎണ്ണമായ റോമാസാമ്രാജ്യത്തിൻെറ ചക്രവൎത്തിയായി അഗസ്റ്റോസ്കൈസർ (B. C. 31—A. D. 14) റോമാനഗരത്തിൽ പ്രതാപത്തോടെ വാണിരുന്ന കാലത്താണു് റോമാസാമ്രാജ്യത്തെക്കാൾ മഹത്തായ ഒരു രാജ്യം ലോകത്തിൽ സ്ഥാപിക്കുന്നതിനു് ഒരു ശിശു ബേത്ലേഹെമിലെ പുൽക്കൂട്ടിൽ ഭൂജാതനായതു്. ജനങ്ങളുടെ ഇടയിൽ യോഹന്നാൻസ്നാപകൻ യേശുവിൻെറ ഒരു മുന്നോടി ആയിരുന്നതുപോലെ റോമാസാമ്രാജ്യം ക്രിസ്തുമതത്തിൻെറ ഒരു മുന്നോടിയും സഹായിയും

ആയി തീൎന്നുവെന്നു് പറയാവുന്നതാണു്. വിശുദ്ധ പൌലൊസ്സ് ആദിയായ ക്രിസ്തീയ മിഷനറിമാൎക്കു്, സ്വച്ഛന്ദം എവിടെയും സഞ്ചരിച്ചു് ക്രിസ്തുമതം പ്രസംഗിക്കത്തക്ക വിധത്തിൽ അക്കാലത്തു് അറിയപ്പെട്ടിരുന്ന ലോകമാസകലം ഉൾപ്പെട്ടിരുന്ന റോമാസാമ്രാജ്യം കീഴിലുള്ള ഓരോ രാജ്യത്തിനും സമാധാനവും ക്ഷേമവും പ്രദാനം ചെയ്തിരുന്നു. റോമാ ഗവൺമെൻറു് നടപ്പിൽ വരുത്തിയ നിയമങ്ങൾ, ഗതാഗതസൌകൎയ്യങ്ങൾ, തപാൽ, ഭരണസമ്പ്രദായം, മതസ്വാതന്ത്ര്യം ഇവയെല്ലാം ക്രിസ്തുമതത്തിൻെറ വളൎച്ചയ്ക്കു വളരെ സഹായിച്ചിട്ടുണ്ടു്. ഭരണചക്രം റോമരുടെ കൈയിൽ ഇരുന്നെങ്കിലും, സാമ്രാജ്യത്തിൽ പൊതുവെ പ്രചരിച്ചിരുന്ന ഭാഷയും സംസ്കാരവും യവനരുടേതായിരുന്നു. ഇതു നിമിത്തമാണു് പുതിയനിയമഗ്രന്ഥങ്ങൾ തന്നെ ഗ്രേക്കുഭാഷയിൽ എഴുതുന്നതിനിടയായതു്. ഗ്രേക്കരുടെ ദേവന്മാരെയാണു സാമ്രാജ്യത്തിൻെറ തലസ്ഥാനമായ റോമിൽപോലും വന്ദിച്ചിരുന്നതു്. ഗ്രേക്കരും റോമരും ഒരുപോലെ ബഹുദൈവവിശ്വാസികളായിരുന്നതിനാൽ പൌരസ്ത്യരാജ്യങ്ങളിൽനിന്നുതന്നെയും ദേവന്മാരെയും ദേവികളെയും റോമിലേക്കു് ഇറക്കുമതി ചെയ്തു പ്രതിഷ്ഠിക്കുന്നതിനു് റോമാപൌരന്മാർ മടിച്ചില്ല. ഫ്രിജിയാ, ഈജിപ്തു്, പേൎഷ്യ ആദിയായ രാജ്യങ്ങളിൽനിന്നു് കൊണ്ടുവന്ന സിബിലി, ഐസീസ്സ്, മിത്രാ ആദിയായ ദേവീദേവന്മാരെ ആരാധിക്കുന്നവരായി പരിഷ്കാരത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചുവെന്നു് അഭിമാനിച്ചിരുന്ന ഒട്ടുവളരെ ജനങ്ങൾ റോമാനഗരത്തിലും റോമാസാമ്രാജ്യത്തിൽ പൊതുവെയും ഉണ്ടായിരുന്നു. അറിയപ്പെട്ടിരുന്ന ദേവന്മാരെക്കൊണ്ടു് തൃപ്തി അടയാതെ വന്നപ്പോഴാണു് 'അറിയപ്പെടാത്ത ദേവനു്' എന്ന ലിഖിതത്തോടുകൂടിയുള്ള വേദിക്കല്ലുകൾ സ്ഥാപിച്ചതു്. സാധാരണ ജനങ്ങൾ വന്ദിച്ചിരുന്ന ദേവന്മാരെ കേവലം മിത്ഥ്യാമൂൎത്തികളായി ഗണിച്ചു് അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന എപ്പിക്കൂൎയ്യരുടെയും സ്തോയിക്യരുടെയും തത്വജ്ഞാനപദ്ധതികൾ സ്വീകരിച്ചുപോന്നവരിൽ അഭ്യസ്തവിദ്യരായ ഒരു നല്ല സംഘം ഉൾപ്പെട്ടിരുന്നു. യാതൊരു മതവി

ശ്വാസവും ഇല്ലാതെ ദൈവത്തെയും മാർഗ്ഗത്തെയും പഴിച്ച് ജീവിച്ച ആളുകളും റോമാസാമ്രാജ്യത്തിൽ ചുരുക്കമല്ലായിരുന്നു. 'പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും' എന്നു അപ്പൊസ്തലൻ എഫെസൊസിലെ ജാതികളുടെ സ്ഥിതിയെക്കുറിച്ച് വർണ്ണിച്ചിരിക്കുന്നതു് റോമാസാമ്രാജ്യത്തിലെ ഒരു കൂട്ടം ജനങ്ങളുടെ പൊതുവിലുള്ള ആത്മികനിലയെ സൂചിപ്പിക്കുന്നതായി വിചാരിക്കുന്നതിൽ അബദ്ധമില്ല. എന്നിരുന്നാലും പൊതുവെ നോക്കുന്നപക്ഷം ഒന്നാംനൂററാണ്ട് പുറജാതികളുടെ ഇടയിൽതന്നെയും മതതൃഷ്ണയുടെ ഒരു കാലമായിരുന്നു എന്ന് കാണാവുന്നതത്രെ. ഇങ്ങനെയുള്ള ഒരു ലോകത്തിലാണ് ക്രിസ്തുമതം പ്രവേശിച്ചതു്.

## ക്രിസ്തുസഭയുടെ ഉത്ഭവം

നമ്മുടെ കർത്താവായ യേശുക്രിസ്തു ഗലീലക്കടൽപ്പുറത്തുവച്ച് ''എന്നെ അനുഗമിപ്പിൻ'' എന്നു് പത്രൊസ്സ്, യാക്കോബ്, യോഹന്നാൻ ആദിയായ മീൻപിടുത്തക്കാരോട് അരുളിച്ചെയ്കയും അവർ തൻെറ ക്ഷണം സ്വീകരിച്ച് ശിഷ്യന്മാരായിത്തീരുകയും ചെയ്തപ്പോൾ ക്രിസ്തുസഭ ലോകത്തിൽ ജാതമായി എന്നു് പറയാവുന്നതാണ്. പെന്തെക്കൊസ്തുദിവസത്തെ സാധാരണയായി സഭയുടെ ജന്മദിവസമെന്നു് വിളിച്ചുവരുന്നു. എന്നാൽ ഒരർത്ഥത്തിൽ ഇതു് ശരിയല്ല. പെന്തെക്കൊസ്തു്ദിവസം സഭക്കു് ഉയരത്തിൽനിന്നുള്ള ആത്മികാഭിഷേകം ലഭിച്ചതുനിമിത്തം അതിനെ സാക്ഷാൽ സഭയുടെ ജ്ഞാനസ്നാനദിവസമായിട്ടാണ് ഗണിക്കേണ്ടതു് എന്നത്രെ ചില പണ്ഡിതന്മാരുടെ മതം. പത്രൊസിൻെറ പ്രസംഗം കഴിഞ്ഞശേഷം അതേദിവസംതന്നെ മൂവായിരത്തോളം ആത്മാക്കൾ സഭയോടു ചേർക്കപ്പെട്ടതായി നാം വായിക്കുന്നു.

## സഭയുടെ വളർച്ച

ക്രിസ്താബ്ദം 29 മുതൽ 59 വരെയുള്ള ക്രിസ്തുസഭയുടെ 30 വർഷത്തെ ചരിത്രം അപ്പൊസ്തലപ്രവൃത്തികളുടെ

പുസ്തകത്തിൽനിന്നു ഗ്രഹിക്കേണ്ടതാണു്. ആ ചരിത്രത്തിലെ ചില പ്രധാന ഘട്ടങ്ങൾ ചൂണ്ടിക്കാണിക്കണമെന്നു മാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളു.

പരിശുദ്ധാത്മാവു് പ്രാപിച്ചിട്ടു് 'യെരുശലേമിലും യെഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറുതികൾവരെയും നിങ്ങൾ എൻെറ സാക്ഷികൾ ആകും' എന്നുള്ള കർത്താവിൻെറ വാക്കുകൾ അക്ഷരംപ്രതി നിവർത്തിക്കുന്ന വിധത്തിലാണു് അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ക്രിസ്തുസഭയുടെ ചരിത്രഗതി മുമ്പോട്ടു പോയിട്ടുള്ളതു്.

## യെരുശലേമിലെ സഭ

പെന്തെക്കൊസ്തുദിവസം 3000 ജനങ്ങൾ വിശ്വസിച്ചു് സ്നാനമേററു് സഭയോടു ചേർന്നപ്പോൾ ആണു് ക്രിസ്തുസഭയ്ക്കു് പരസ്യമായ ഒരു സ്ഥാനം യെരുശലേംനഗരത്തിൽ ലഭിച്ചതു്. എന്നാൽ ഇക്കാലത്തുതന്നെയും ക്രിസ്തുസഭയെ യഹൂദമതത്തിലെ ഒരു വകുപ്പായി മാത്രം സാധാരണ ജനങ്ങളും ഗവർമ്മെൻറും ഗണിച്ചുവന്നിരുന്നു. ക്രിസ്ത്യാനികളുടെ വിശ്വാസവും, ആരാധനയും, ജീവിതരീതിയും യഹൂദന്മാരുടേതിൽനിന്നു് വ്യത്യസ്ഥമായിരുന്നില്ല. അപ്പൊസ്തലന്മാരുടെ ശത്രുക്കളായി പ്രവൃത്തികളുടെ പുസ്തകത്തിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നതു് ഉയിർത്തെഴുന്നേല്പിനെ നിഷേധിച്ചിരുന്ന ലോകമയന്മാരായ സദൂക്യരാണു്. പരീശന്മാരുടെ പ്രമാണി ആയ ഗമാലിയേൽ ആരംഭത്തിൽ ക്രിസ്തുമതത്തോടു അനുഭാവം പ്രദർശിപ്പിച്ചെങ്കിലും, തൻെറ ശിഷ്യനായ ശൌലിൻെറ ആവിർഭാവത്തോടുകൂടെ ക്രിസ്ത്യാനികൾക്കു് പരീശന്മാരിൽനിന്നും പീഡകൾ ഉണ്ടായി. ഈ വിധത്തിലുള്ള ശത്രുതയ്ക്കു് പ്രധാന കാരണമായതു് യെരുശലേമിലെ ഗ്രേക്കു് ക്രിസ്ത്യാനികളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട സ്തെഫാനൊസിൻെറ പ്രസംഗങ്ങൾ ആണു്. മോശെയുടെ ന്യായപ്രമാണത്തിനും ദേവാലയത്തിനും എതിരായി പ്രസംഗിച്ചുവെന്ന കുററം ചുമത്തി കല്ലെറിഞ്ഞു് കൊന്ന ഒന്നാമ

ത്തെ രക്തസാക്ഷിയായ സ്തെഫാനൊസിൻെറ മരണ ത്തോടുകൂടെ യെഹൂദമതത്തിൻെറ മറവിട്ടു് ഒരു സ്വതന്ത്ര മതമെന്നുള്ള നില ക്രിസ്തുമതം അവലംബിച്ചു. ഇതു ഒരു ജാതിക്കോ, ദേശത്തിനോ മാത്രമുള്ള ഒരു മതമല്ല; പ്രത്യുത, സകല ജാതിക്കും, സവ്വലോകത്തിന്നുമുള്ള രക്ഷയുടെ ദൂതാണു്, എന്ന തത്വം ആദിമസഭയിൽ തൻെറ ജീവിതംകൊണ്ടും ഉപദേശംകൊണ്ടും ആദ്യമായി സ്ഥാപിച്ചതു് വി: സ്തെഫാനൊസു് അത്രെ എന്നു് നാം കൃതജ്ഞതാപൂവ്വം സ്മരിക്കേണ്ടതാണു്.

## ശമര്യയിലെ സുവിശേഷഘോഷണം

സ്തെഫാനൊസിൻെറ മരണത്തോടുകൂടെ പരീശന്മാരിൽനിന്നു് ക്രിസ്ത്യാനികൾക്കു നേരിട്ട പീഡ ദൈവകൃപയാൽ സുവിശേഷഘോഷണത്തിൻെറ ഒരു പ്രധാന മുഖാന്തരമായിത്തീൎന്നു. അപ്പൊസ്തലന്മാർ ഒഴികെ ശേഷമുള്ള ശിഷ്യന്മാരെല്ലാവരും യെരുശലേം വിട്ടു് ജീവരക്ഷയ്ക്കായി സമീപപ്രദേശങ്ങളിൽ അഭയം പ്രാപിച്ചു. അവിടെയെല്ലാം ഈ പുതിയ മതത്തിൻെറ വിത്തുകൾ അവർ വിതച്ചു. ശുശ്രൂഷകന്മാരിൽ ഒരാളായ ഫിലിപ്പൊസാണു് ശമര്യയിൽ സുവിശേഷം പ്രസംഗിച്ചതു്. അനന്തരം പത്രൊസും യോഹന്നാനും ശമര്യയിലെ ക്രിസ്ത്യാനികളെ സന്ദശിച്ചു പരിശുദ്ധാത്മവരം പ്രാപിക്കുന്നതിനായി അവരുടെ മേൽ കൈവച്ചു.

ശമര്യയിലുള്ള ജനങ്ങൾ മോശെയുടെ അഞ്ചു പുസ്തകങ്ങളിൽ വിശ്വസിച്ചിരുന്നുവെന്നും യഹൂദന്മാരോടു ചില സംഗതികളെല്ലാം ബന്ധിച്ചിരുന്നുവെന്നും കത്താവുതന്നെയും ശമര്യയിൽ ശുശ്രൂഷ ചെയ്തിരുന്നുവെന്നും ഓക്കുമ്പോൾ, സുവിശേഷത്തിനു് ഇവിടെ ലഭിച്ച ശീഘ്രപ്രവേശനം സുഗ്രാഹ്യമത്രെ.

## ജാതികളോടുള്ള സുവിശേഷഘോഷണം

ഫിലിപ്പൊസു് ഐത്യോപ്യഷണ്ഡനോടും പത്രൊസ് കൊന്നേല്യൊസിനോടും പരിശുദ്ധാത്മനിയോഗപ്ര

കാരം സുവിശേഷം പ്രസംഗിച്ചിരുന്നെങ്കിലും, പുറജാതികളിൽനിന്നു ഗണ്യമായ ഒരു സംഖ്യ ക്രിസ്തുസഭയിൽ ചേൎന്നതു്, അക്കാലത്തു ലോകത്തിലെ മൂന്നാമത്തെ പ്രധാന നഗരമായി അറിഞ്ഞിരുന്ന അന്തോഖ്യയിൽ ആണു്. യേശുവിൻെറ ശിഷ്യന്മാൎക്കു ക്രിസ്ത്യാനികൾ എന്ന പേരു് ആദ്യം നിന്ദാസൂചകമായി തങ്ങളുടെ ശത്രുക്കളിൽനിന്നു ലഭിച്ചതും ഇവിടെവച്ചുതന്നെ. പില്ക്കാലത്തു, പത്രോസ് ശ്ലീഹായുടെ പൌരസ്ത്യ സിംഹാസനമായി അന്ത്യോഖ്യാനഗരം അറിയപ്പെട്ടിരുന്നെങ്കിലും, ശ്ലീഹന്മാരിൽ ആരുടെയും പരിശ്രമഫലമായിട്ടല്ല ഇവിടെ ക്രിസ്തുമതം പ്രവേശിച്ചതു് എന്നാണു് ചരിത്രകാരന്മാരുടെ വിധി. യെരുശലേമിൽനിന്നു ഈ പട്ടണത്തിൽ വന്നുചേൎന്ന പുതു ശിഷ്യന്മാരിൽനിന്നത്രെ അന്ത്യോഖ്യയിലെ പുറജാതികൾ ആദ്യമായി ക്രിസ്തുവിനെക്കുറിച്ചു കേൾക്കാനിടയായതു്. ആദിമ സഭ പൊതുവെ ഒരു മിഷനറി സഭയായിരുന്നുവെന്നു് ഇതു് സാക്ഷ്യം വഹിക്കുന്നു. അന്ത്യോഖ്യയിലെ യവനക്രിസ്ത്യാനികളെ പുതിയവിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും ധൈൎയ്യപ്പെടുത്തുന്നതിനും ബൎന്നബാസും പൌലൊസും ചെയ്ത ശ്രമങ്ങൾ പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പത്രൊസ് എഴുതിയ ഒന്നാം ലേഖനത്തിൽനിന്നു് പുതിയനിയമകാലത്തുതന്നെ സുവിശേഷം പൊന്തോസ്, ഗലാത്യ, കപ്പദോക്യ, ആസ്യ, ബിഥുന്യ എന്നീ പ്രദേശങ്ങളിൽ ചെന്നെത്തിയതായി മനസ്സിലാകുന്നു.

യെരുശലേമിൽ പെന്തെക്കൊസ്തുദിവസം നാനാദേശങ്ങളിൽനിന്നു വന്നുകൂടിയവരും, അവിടെവച്ചു് ക്രിസ്തുമാൎഗ്ഗം സ്വീകരിച്ചവരും ആയ സാധാരണ ജനങ്ങൾവഴിയായി സുവിശേഷം റോമാസാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ ഏറെക്കുറെ പ്രചരിക്കുന്നതിനിടയായെങ്കിലും, പുറജാതികളുടെ അപ്പൊസ്തലൻ എന്ന ശ്രേഷ്ഠനാമത്തിനു സൎവ്വഥാ യോഗ്യനായിത്തീൎന്നിരിക്കുന്ന വിശുദ്ധ പൌലൊസിൻെറ ഭഗീരഥപ്രയത്നംനിമിത്തമാണു് പുറജാതികൾക്കു് സുവിശേഷത്തിൻെറ വാതിൽ വിസ്താരമായി തുറക്കപ്പെട്ടതു്. പൌലൊസ് അപ്പൊസ്തലൻെറ ജീവചരിത്രം അക്കാലത്തെ സഭക്കുണ്ടായ വളൎച്ചയുടെ ഒരു വൃത്താന്തമാ

യി ഗണിക്കാവുന്നതാകയാൽ, ആ വിഷയം പുസ്തകത്തിൽ പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

## വിശുദ്ധ പൌലൊസ്

തർസോസ് സ്വദേശിയും ഗമാലിയേലിൻെറ ശിഷ്യനും ആയ ശൌൽ പരീശന്മാരുടെ ഒരു നായകനും തന്നിമിത്തം ക്രിസ്ത്യാനികളുടെ ഒരു പീഡകനും ആയിട്ടാണ് പുതിയനിയമത്തിൽ രംഗപ്രവേശം ചെയ്യുന്നതു്. രക്തസാക്ഷിയായ സ്തേഫാനൊസിൻെറ മരണമാണ് സഭയുടെ പീഡകനായ ശൌലിനെ കർത്താവിൻെറ നാമത്തെ പുറജാതികളുടെയും രാജാക്കന്മാരുടെയും ഇടയിൽ വഹിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാക്കിത്തീർത്തു്. വി: പൌലൊസിൻെറ മാനസാന്തരം എ. ഡി. 35-ൽ ആയതായത്തു, കർത്താവിൻെറ ഉയിർത്തെഴുന്നേല്പിൻെറ ആറാമത്തെ വർഷത്തിൽ നടന്നതായി കണക്കാക്കി വരുന്നു. എ. ഡി. 47-ൽ ബർന്നബാസിനോടുകൂടെയുള്ള തൻെറ ഒന്നാമത്തെ മിഷനറിയാത്രയിൽ താൻ സന്ദർശിച്ച് സഭ സ്ഥാപിച്ച പ്രധാന സ്ഥലം ചിററാസ്യയിലുള്ള ഗലാത്യ (Galatia) ആണ്. ശീലാസിനെയും തിമൊഥെയൊസിനെയും കൂട്ടിക്കൊണ്ടു (എ.ഡി. 49—51) പുറപ്പെട്ട രണ്ടാമത്തെ യാത്രാമദ്ധ്യെയാണ് യൂറോപ്പിൽ ആദ്യമായിസുവിശേഷംപ്രസംഗിക്കുന്നതിനിടയായതു്. ഇതു്സഭാചരിത്രത്തിൽ ഒരു പുതിയഘട്ടം അവതരിപ്പിക്കുന്നുവെന്നു് മാത്രമല്ല ലോകചരിത്രത്തിൽ തന്നെയും സർവ്വപ്രധാനമായ ഒരു സംഭവമായി ഇതിനെ ഗണിച്ചിരിക്കുന്നു. മൂന്നുവർഷക്കാലത്തോളം നീണ്ടുനിന്ന ഈ യാത്രമൂലമാണ് ഫിലിപ്പി, കൊരിന്തു്, എഫെസൊസ് എന്നീ പ്രധാന നഗരങ്ങളിൽ ക്രിസ്തുസഭകൾ സ്ഥാപിക്കപ്പെട്ടതു്. മൂന്നാമത്തെ സഞ്ചാരമദ്ധ്യേ തൻെറ സഭകളുടെ കേന്ദ്രമായ എഫെസൊസിൽ വി: പൌലൊസ്മൂന്നു വർഷം താമസിക്കയും, യൂറോപ്പിൽ ഇല്ലിരിക്കം രാജ്യത്തിൻെറ അതിർത്തിവരെ ചെന്നെത്തുകയും ചെയ്തു. പക്ഷേ തിരികെ വരുന്നവഴി തന്നെ കൈസര്യ പട്ടണത്തിൽ വച്ചു് അറസ്റ്റ്ചെയ്തു് തടവുകാരനായി റോമാനഗരത്തി

ലേക്ക് ആനയിച്ചു. രണ്ടു വര്‍ഷം റോമയില്‍ ബന്ധനസ്ഥനായിരുന്ന കാലത്തുതന്നെയും വി: പൌലൊസ് പല ലേഖനങ്ങള്‍വഴിയായി തന്‍െറ ആത്മിക മക്കളെ വിശ്വാസത്തില്‍ ഉറപ്പിക്കയും, റോമാനഗരത്തില്‍തന്നെ പലരെയും കര്‍ത്താവിങ്കലേക്ക് തിരിക്കുകയുംചെയ്തു. അപ്പൊസ്തലന്‍ സ്വാതന്ത്ര്യം പ്രാപിച്ചശേഷമുള്ള ചരിത്രം ലേഖനങ്ങളില്‍നിന്നും പ്രവൃത്തികളുടെ പുസ്തകത്തില്‍നിന്നും വ്യക്തമല്ല (2തിമൊ. 4: 16-17). സ്പെയിന്‍രാജ്യം സന്ദര്‍ശിച്ച് യൂറോപ്പിന്‍െറ പടിഞ്ഞാറേ അതിര്‍ത്തിവരെ സുവിശേഷം പ്രസംഗിക്കണമെന്നുള്ള മോഹം തനിക്കുണ്ടായിരുന്നുവെന്നു നാം വായിക്കുന്നു. പക്ഷേ, നീറോ ചക്രവര്‍ത്തിയുടെ കാലത്ത് ആരംഭിച്ച പീഡനം നിമിത്തം അതു സാധിക്കാതെപോയി. ക്രിസ്താബ്ദം 64-ല്‍ നീറോചക്രവര്‍ത്തിയുടെ കാലത്തു റോമാനഗരത്തില്‍വച്ചു 30 വര്‍ഷത്തോളം വിശ്വസ്തതയോടെ കര്‍ത്താവിനുവേണ്ടി അക്ഷീണപ്രയത്നം ചെയ്തശേഷം അപ്പൊസ്തലന്‍ ഒരു രക്തസാക്ഷിയായി മരിച്ചുവെന്നു വിശ്വസിക്കപ്പെടുന്നു.

സുവിശേഷപ്രചരണം സംബന്ധിച്ച് അപ്പൊസ്തലനുണ്ടായിരുന്ന വീക്ഷണപരിധി എത്ര വിപുലവും വിശേഷതരവുമായിരുന്നു എന്ന് മനസ്സിലാക്കുന്നതിന് ഒരു ദൃഷ്ടാന്തം മതിയാകുന്നതാണ്. സാമ്രാജ്യത്തിലെ എല്ലാ പ്രവിശ്യകളിലും സുവിശേഷപ്രകാശം വ്യാപിക്കുന്നതിനുള്ള സുഗമ മാര്‍ഗ്ഗമായി ഓരോ ഡിസ്ട്രിക്ടിന്‍െറയും പ്രധാന നഗരം കേന്ദ്രമാക്കിയത്രെ താന്‍ പ്രവര്‍ത്തിച്ചിട്ടുള്ളതു്. പംഫുല്യയില്‍ പെര്‍ഗ്ഗാ, പിസിദ്യയില്‍ അന്ത്യോഖ്യാ, ഗലാത്യയില്‍ ഇക്കോന്യ, ലുസ്ത്ര, ദര്‍ബ്ബ, മക്കദോന്യയില്‍ ഫിലിപ്പി, അഖായയില്‍ കൊരിന്ത്, ഏഷ്യാമൈനറില്‍ എഫെസൊസ് ആദിയായ പരിഷ്കൃത ലോകത്തിന്‍െറ കേന്ദ്രങ്ങളിലെല്ലാം ആദ്യം സുവിശേഷക്കൊടി നാട്ടുക എന്നുള്ളതു് താന്‍ ഒരു നയമായി സ്വീകരിച്ചിരുന്നു. വിശ്വരാജ്ഞി എന്ന അപരനാമത്താല്‍ വിഖ്യാതമായിരുന്ന റോമാനഗരം സന്ദര്‍ശിക്കുന്നതിന് തനിക്ക് ഉണ്ടായിരുന്ന താല്പര്യം (റോമ. 1: 9-13) ഈ ആശയഗതിയില്‍നിന്ന് ഉല്‍ഭൂതമായതാണ്. അതിനാല്‍ പുറജാതികളുടെ അപ്പൊസ്തലനായ

പൌലൊസ് സാമ്രാജ്യതലസ്ഥാനമായ റോമാനഗരത്തിൽവച്ചു് തൻെറ ശുശ്രൂഷ അവസാനിപ്പിച്ചതിൽ ഒരു പ്രത്യേക സാംഗത്യം കാണുന്നുണ്ടു്.

പുറജാതികളുടെ അപ്പൊസ്തലനായി സ്വയം ഗണിച്ചിരുന്ന ആ മഹാൻ സന്ദർശിച്ച എല്ലാ പട്ടണങ്ങളിലും യെഹൂദന്മാരുടെ മശിഹാ ആയി യേശുവിനെ പ്രഖ്യാപനം ചെയ്യുന്നതിനു് എപ്പോഴും ശ്രമിച്ചിരുന്നു എന്നതാണു് വി. പൌലൊസിൻെറ മിഷനറി വേലയിൽ പ്രത്യേകമായി ചിന്തിപ്പാനുള്ള വേറൊരു സംഗതി. യഹൂദന്മാർ റോമാസാമ്രാജ്യത്തിൻെറ പല ഭാഗങ്ങളിൽ സ്ഥാപിച്ചിരുന്ന സുനഗോഗുകളിലാണു് സാധാരണയായി അപ്പൊസ്തലൻ തൻെറ സുവിശേഷവേല ആരംഭിച്ചതു്. സ്വജനങ്ങൾ തന്നെ ധിക്കരിക്കുമ്പോൾ പുറജാതികളുടെ അടുക്കലേക്കു തിരിയുക എന്നതു അപ്പൊസ്തലൻെറ പതിവായിരുന്നു.

## യെരൂശലേമിലെ കൌൺസിൽ (A. D. 49)

പൌലൊസ് അപ്പൊസ്തലൻ ശൈശവപ്രായത്തിലിരുന്ന ക്രിസ്തുസഭയ്ക്കു് ചെയ്ത ശാശ്വതമായ ഒരു ഉപകാരം കൂടെ ഇവിടെ രേഖപ്പെടുത്തേണ്ടതാണു്. അന്ത്യോഖ്യയിൽ പുറജാതികളുടെ മദ്ധ്യേ ഒരു സഭ സ്ഥാപിതമായതോടെ ആദിമ സഭ വിഷമമേറിയ ഒരു പതനത്തിൽ വന്നെത്തി. പുറജാതികളിൽനിന്നു ക്രിസ്ത്യാനികളാകുന്നവർ യെഹൂദമര്യാദ അനുസരിച്ചു് ജീവിക്കണമോ വേണ്ടയോ, എന്ന പ്രശ്നം സഭാ നേതാക്കന്മാരെ വിഷമിപ്പിച്ചു.. പരീശ പക്ഷത്തു നിന്നു് സഭയിൽ ചേൎന്ന ചിലർ ജന്മ സഹജമായ യെഹൂദമതാചാരപ്രതിപത്തി നിമിത്തം ക്രിസ്ത്യാനികളാകുവാൻ ഇച്ഛിക്കുന്നവരേവരും തങ്ങളെപ്പോലെ ആദ്യം യെഹൂദന്മാരാകേണ്ടതാണെന്നു് വാദിച്ചു. എന്നാൽ വിശാലഹൃദയനും ദീർഘദൃഷ്ടിയുമായ പൌലൊസ് അപ്പൊസ്തലൻ ആകട്ടെ സാമൎത്ഥ്യത്തോടും അനുഭവ സിദ്ധമായ സഹതാപത്തോടും കൂടെ എതിർവശം പിടിച്ചു

ന്യായവാദം ചെയ്തു. ഈ സംഗതിയുടെ തീരുമാനത്തിനായിട്ടാണ് എ. ഡി. 49-ൽ യെരുശലേമിൽ സഭയുടെ പൊതുവിലുള്ള ഒന്നാമത്തെ ആലോചനായോഗം കൂടിയതു്. ഈ സുന്നഹദോസിൻെറ ചരിത്രം പ്രവൃത്തികളുടെ പുസ്തകത്തിൽനിന്നു വായിച്ചു മനസ്സിലാക്കേണ്ടതാണ് (അ. പ്ര. 15). ക്രിസ്തുമതത്തിൻെറ ആത്മികവും സാർവത്രികവുമായ സ്വഭാവം നഷ്ടപ്പെടാതിരിക്കുന്നതിനു സ്തെഫാനോസിൻെറ പിൻഗാമിയായി വി. പൌലൊസ് അപ്പൊസ്തലൻ ശ്രമിച്ചതിൻെറ ഫലമായിട്ടാണ് അതു കാലദേശ ബന്ധങ്ങളിൽനിന്നു വിമുക്തമായി സാർവ്വത്രികമായ ഒരു മതമായി തീരുന്നതിനു ഇടയായതു്

ഇങ്ങനെ പല സംഗതികളുടെ വെളിച്ചത്തിൽ നാം ചിന്തിക്കുമ്പോൾ വി. പൌലൊസിനു ക്രിസ്തുസഭാ ചരിത്രത്തിൽ ലഭിച്ചിരിക്കുന്ന സ്ഥാനം എത്ര ശ്രേഷ്ഠതരമായിട്ടുള്ളതെന്നു വ്യക്തമാകുന്നതാണ്. 'അപ്പൊസ്തലൻ ജീവിച്ചിരുന്നില്ലെങ്കിൽ ക്രിസ്തുമതത്തിൻെറ ഭാവി ഏതു വിധത്തിൽ ആകുമായിരുന്നുവെന്നു് ഊഹിക്കുന്നതുതന്നെ അസാദ്ധ്യം. യൂറോപ്പിൽ ക്രസ്തുമതം പ്രവേശിക്കുമായിരുന്നുവോ എന്നുതന്നെ നമുക്കു് നിശ്ചയമില്ല' എന്നിങ്ങനെയാണ് വി. പൌലൊസിനെക്കുറിച്ചു് ഒരു ആധുനിക ചിന്തകനും പണ്ഡിതനുമായ ഡീൻ ഇങ്ങു് പ്രസ്താവിച്ചിരിക്കുന്നതു്.

വി. പത്രൊസു്, യാക്കോബു്, യോഹന്നാൻ ആദിയായ അപ്പൊസ്തലന്മാരും ആദിമ സഭയിൽ മഹത്തരമായ ഓരോ ശുശ്രൂഷകൾ നിവർത്തിച്ചിട്ടുണ്ടു്. ഇവർക്കു നേരിട്ട പീഡകളും ഇവരുടെ അനന്തര ചരിത്രവും അടുത്ത രണ്ടു അദ്ധ്യായങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നു.

അപ്പൊസ്തലിക കാലത്തെ സഭയുടെ വളർച്ച അത്ഭുത്കരമായ ഒന്നാണ്. യെരുശലേമിലെ മാളികമുറിയിൽ രഹസ്യമായി കൂടിവന്നിരുന്ന ശിഷ്യഗണങ്ങളുടെ പ്രാർത്ഥനാഫലമായി ഒരു തലമുറയ്ക്കുള്ളിലായി സഭ, യെരുശലേമിലും, യെഹൂദ്യയിലും, ശമര്യയിലും, ഭൂമിയുടെ അററത്തോളവും എത്തി. പ്രാർത്ഥനയോടുകൂടിയ പ്രവൃത്തി, പ്രവൃത്തിയോടുകൂടിയ പ്രാർത്ഥന, ക്രിസ്തുവിൻെറ സ്നേഹത്താൽ പ്രേ

രിതമായ സേവനം, ആത്മികവ്യാപാരത്തോടുകൂടിയ വചന ശുശ്രൂഷ, ത്യാഗപൂൎണ്ണമായ ജീവിതം, നിൎമ്മലമായ ദൈവഭക്തിയുടെ പ്രകാശനം എന്നിത്യാദി ലക്ഷണങ്ങളാണ് അപ്പൊസ്തലിക സഭയെ വിജയകരമായ ഒരു മിഷനറി സഭയാക്കിത്തീൎത്തതെന്നു നാം എപ്പോഴും ഓൎത്തിരിക്കേണ്ടതാണ്.

# അദ്ധ്യായം 2

## അപ്പൊസ്തലികശിഷ്യകാലം (A. D. 80—110)

ക്രിസ്താബ്ദം 60-നും 70-നും ഇടയ്ക്കാണ് വി. പൌലൊസിൻെറ മരണം. ഈ സംഭവത്തോടുകൂടെ അപ്പൊസ്തലികകാലം അവസാനിച്ചുവെന്നു പറയാവുന്നതാണ്. എ. ഡി. 70 മുതൽ 110 വരെയുള്ള നാല്പതു സംവത്സരക്കാലം സാധാരണയായി അപ്പൊസ്തലിക ശിഷ്യകാലം എന്ന പേരിൽ അറിയപ്പെട്ടു വരുന്നു. സഭാചരിത്രത്തിൽ പല കാരണങ്ങളാൽ പ്രാധാന്യം സിദ്ധിച്ചിരിക്കുന്ന ഈ കാലഘട്ടത്തെക്കുറിച്ചുള്ള അറിവ് കേവലം അപൂൎണ്ണമായിരിക്കുന്നതിനാൽ ശ്രദ്ധാൎഹങ്ങളായ രണ്ടുമൂന്നു പ്രത്യേക വിഷയങ്ങൾ എടുത്തുകാണിക്കണമെന്നു മാത്രമേ ഉദ്ദേശിക്കുന്നുള്ളു.

ഒന്നാമതായി, പൌലൊസ് ഒഴിച്ചുള്ള മററു അപ്പൊസ്തലന്മാരുടെ അന്ത്യഘട്ടത്തെക്കുറിച്ച് രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. വി. യാക്കോബ്, ഹേരോദാ അഗ്രിപ്പാ രാജാവിൻെറ വാളിന്നിരയായതായി അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകത്തിൽ നാം വായിക്കുന്നു. വി. പത്രൊസ് നീറൊ ചക്രവൎത്തിയുടെ കാലത്ത് ക്രൂശുമരണം സഹിച്ച് രക്തസാക്ഷിയായി തീൎന്നുവെന്ന് വിശ്വസിച്ചുപോരുന്നു. എന്നാൽ ഈ അഭിപ്രായം അടിസ്ഥാ

ന രഹിതമാണെന്നു വാദിക്കുന്ന പണ്ഡിതന്മാരും ഇല്ലാതില്ല. 'പ്രിയ ശിഷ്യനാ'യ യോഹന്നാൻ പത്മോസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ടശേഷം, എഫെസൊസിൽ വച്ച് നിര്യാതനായി എന്നാണ് പാരമ്പര്യ വിശ്വാസം. മററുള്ള അപ്പൊസ്തലന്മാരെക്കുറിച്ചു നമുക്ക് ഒന്നും നിശ്ചയമില്ല. സുവിശേഷ ഘോഷണത്തിനായി അവർ ഭൂമിയുടെ ഓരോ ഭാഗങ്ങൾ പങ്കിട്ട് എടുത്തെന്നും അതു സംബന്ധിച്ച് ബർത്തലോമായി ഇൻഡ്യയിലും, തോമസ് പാർത്ഥ്യയിലും, തദ്ദായി എഡസ്സാ (പേർഷ്യാ)യിലും, അന്ത്രെയാസ് സിതിയായിലും ചെന്നെത്തി, സുവിശേഷവേല ചെയ്തു രക്തസാക്ഷികളായി മരിച്ചു എന്ന പാരമ്പര്യ വിശ്വാസത്തിനു് ആധാരമായി യാതൊരു ചരിത്രരേഖയും ഇതുവരെ ലഭിച്ചിട്ടില്ല.

അപ്പൊസ്തലിക ശിഷ്യകാലത്തെ അതിപ്രധാനമായ സംഭവങ്ങളിൽ ഒന്നു് യെരുശലേം നഗരത്തിൻെറ നാശം അത്രെ. ഇതു ക്രിസ്താബ്ദം 70-ൽ ആണ് സംഭവിച്ചതു്. യെഹൂദന്മാർ റോമാ മേൽക്കോയ്മയോടു മത്സരിച്ചതിനാൽ വെസ്പേഷ്യൻ ചക്രവർത്തിയുടെ ഭരണകാലത്തു ചക്രവർത്തിയുടെ മകനായ ടൈററസിൻെറ നേതൃത്വത്തിൽ, റോമാ സൈന്യം യെരുശലേം നഗരം അക്രമിച്ച്, അഞ്ചു മാസത്തെ ഭയങ്കരമായ നിരോധനത്തിനുശേഷം, ദാവീദിൻെറ നഗരവും, മനോഹരമായ ദൈവാലയവും അഗ്നിക്കിരയാക്കി. കർത്താവിൻെറ പ്രവചനം ഇങ്ങനെ നിവൃത്തിയായി. നഗരത്തിലുണ്ടായിരുന്ന ക്രിസ്ത്യാനികളെല്ലാം, ഗലീലക്കടലിൽനിന്നു് ഇരുപതുമൈൽ തെക്കു് യോർദ്ദാൻ താഴ്‌വരയിൽ സ്ഥിതിചെയ്യുന്ന പെല്ലാ എന്ന സ്ഥലത്തു് അഭയം പ്രാപിച്ചു. എന്നാൽ യെഹൂദന്മാർ മിക്കവരും തങ്ങളുടെ വിശുദ്ധ ആലയവും നഗരവും വിട്ടുപിരിയുന്നതിനു മനസ്സുവരായ്കയാൽ, 'മരണത്തിലും അവർ വേർപിരിഞ്ഞില്ല' എന്നു പറയത്തക്ക വിധത്തിൽ തങ്ങളുടെ സ്വന്ത നഗരത്തിൽവച്ചുതന്നെ ആയിരക്കണക്കായി റോമാ സൈന്യത്തിൻെറ വാളിനും അഗ്നിക്കും ഇരയായിത്തീർന്നു. യെരുശലേം നഗരത്തിൻെറ നാശം ക്രിസ്തുസഭയുടെ സാർവ്വത്രികമായ വളർച്ചക്കു് വളരെ സഹായിച്ചിട്ടുണ്ടു്. അപ്പൊ

സ്തലിക കാലത്തു് ക്രിസ്തുസഭയുടെ കേന്ദ്രമായി യെരുശലേം നഗരം ഗണിക്കപ്പെട്ടിരുന്നു. എന്നാൽ പത്തു മുപ്പതു വർഷങ്ങൾക്കിടയിൽ, (അഥവാ, ക്രിസ്താബ്ദം 100-ൽ) റോമാസാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ സ്ഥിതിചെയ്തിരുന്ന അന്ത്യോഖ്യാ, എഫെസൊസ്, അലക്സാന്ത്രിയാ, റോമാ എന്നീ നഗരങ്ങൾ പ്രസ്തുത സ്ഥാനം കവർന്നെടുക്കയും, തന്നിമിത്തം ക്രിസ്തുമതം സാമ്രാജ്യത്തിൻെറ പ്രധാന ഭാഗങ്ങളിലെല്ലാം പ്രചരിക്കയും ചെയ്തു. യെരുശലേം നഗരത്തിൻെറ നാശത്തോടുകൂടെ സഭയിൽ യെഹൂദക്രിസ്ത്യാനികൾക്കുണ്ടായിരുന്ന പ്രാമുഖ്യവും നഷ്ടപ്പെട്ടു. എന്നാൽ ഈ നഷ്ടം ഒരു അർത്ഥത്തിൽ സഭയ്ക്കു് ഒരു ലാഭമായിട്ടത്രെ പരിണമിച്ചതു്.

പുതിയനിയമഗ്രന്ഥങ്ങളുടെ ക്രോഡീകരണം സാധിച്ചതു് ഈ (ക്രിസ്താബ്ദം 70 മുതൽ 110 വരെയുള്ള) കാലഘട്ടത്തിലാണ്. ഇതത്രെ പ്രസ്തുത കാലത്തിൻെറ പ്രാധാന്യത്തിനുള്ള വേറൊരു കാരണം. സുവിശേഷങ്ങൾക്കു് പുറമേ, പുതിയനിയമത്തിലുള്ള മിക്ക ഗ്രന്ഥങ്ങളും 110-ാമാണ്ടിടയ്ക്കു് സഭ അംഗീകരിച്ചിരുന്നു. ഏററവും പുരാതന സുവിശേഷഗ്രന്ഥമായ വി. മർക്കോസിൻെറ സുവിശേഷം ക്രിസ്താബ്ദം 75-നും 80-നും ഇടയ്ക്കും, വി. മത്തായിയുടെയും ലൂക്കൊസിൻെറയും സുവിശേഷങ്ങൾ 80-നും 95-നും ഇടയ്ക്കും, വി. യോഹന്നാൻെറ സുവിശേഷം എ. ഡി. 95-നും 110-നും ഇടയ്ക്കും എഴുതപ്പെട്ടു എന്നത്രെ പണ്ഡിതമതം. വി. പൌലൊസിൻെറ മിക്ക ലേഖനങ്ങൾക്കും പള്ളി ആരാധനയിൽ വായിക്കത്തക്ക വിധത്തിൽ പഴയനിയമങ്ങളോടും സുവിശേഷങ്ങളോടും തുല്യമായ ഒരു സ്ഥാനം ലഭിച്ചിരുന്നുവെന്നതിനും തെളിവുണ്ടു്.

സഭാഭരണം സംബന്ധിച്ചും ഇക്കാലത്തു് ഗണ്യമായ പല വ്യത്യാസങ്ങൾ സഭയിൽ നടപ്പായി. വി. പൌലൊസ് അപ്പൊസ്തലൻെറ ലേഖനങ്ങളിൽ അദ്ധ്യക്ഷൻ, മൂപ്പൻ, ശുശ്രൂഷകൻ എന്നീ പദങ്ങൾ സഭയിലെ വിവിധ ഉദ്യോഗസ്ഥന്മാർക്കു ഖണ്ഡിതമായ അർത്ഥമുള്ള സാങ്കേതിക സംജ്ഞകളായിട്ടല്ല ഉപയോഗിച്ചിരുന്നതു്. എന്നാൽ രണ്ടാം ശതാബ്ദത്തിൽ പ്രവേശിക്കുമ്പോഴേക്കു് ഈ പേ

തുകൾ എല്ലാം സഭയിലെ ഓരോ പ്രത്യേക സ്ഥാനികളെ കുറിക്കുന്നതിനു് ഉപയോഗിച്ചിരിക്കുന്നതായി വി. ഇഗ്നാത്യോസിന്റെ ലേഖനങ്ങളും മററും സാക്ഷിക്കുന്നു. പ്രസ്ബിററർമാരുടെയും ശുശ്രൂഷകന്മാരുടെയും സഹായത്തോടുകൂടെ ഓരോ സ്ഥലത്തെ സഭയും ഓരോ ബിഷോപ്പി (അദ്ധ്യക്ഷ) നാൽ ഭരിക്കപ്പെട്ടിരുന്നതായി രണ്ടാം ശതാബ്ദത്തിലെ ചരിത്രം ഘോഷിക്കുന്നു. അതിനാൽ സഭാഭരണം സംബന്ധിച്ചു ഈവിധമായ വളർച്ചയുടെ ഘട്ടമായി എ. ഡി. 70 മുതൽ 110 വരെയുള്ള കാലത്തെ ഗണിക്കാവുന്നതാണു്. ഈ വിഷയം വേറൊരദ്ധ്യായത്തിൽ വിസ്തരിച്ചു് പ്രതിപാദിച്ചിട്ടുണ്ടു്.

പ്രസ്തുത കാലത്തു് ജീവിച്ചിരുന്ന പോളിക്കാർപ്പു്, ഇഗ്നാത്യോസ് ആദിയായ അപ്പൊസ്തലികശിഷ്യന്മാർ തങ്ങളുടെ വിശ്വാസത്തിനുവേണ്ടി പീഡയേററവരുടെ മുന്നണിയിൽ നില്ക്കുന്നവരാണു്. അവരിൽ ചിലരുടെ രക്തസാക്ഷി മരണത്തിന്റെ വൃത്താന്തവും പീഡനങ്ങളുടെ പൊതുവെയുള്ള ചരിത്രവും അടുത്ത അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

---

# അദ്ധ്യായം 3

## പീഡനങ്ങൾ

വെള്ളി തീയിൽ ഊതിക്കഴിക്കുന്നതുപോലെ ക്രിസ്തീയ സഭ ഭയങ്കരമായ ഒരു അഗ്നിപരിശോധനയിൽ കൂടി അതിന്റെ ശൈശവപ്രായത്തിൽതന്നെ കടക്കേണ്ടിവന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ നാം കാണുന്നപ്രകാരം സഭയെ ദ്രോഹിക്കുന്നതിനു് ആദ്യമായി ഒരുമ്പെട്ടതു് ആദിമ ശിഷ്യന്മാരുടെ സ്വന്ത ജാതിക്കാരായ യെഹൂദന്മാരാണു്. ഇ

ക്കാലത്തെല്ലാം റോമാഗവമ്മെൻറു ക്രിസ്ത്യാനികളുടെ സഹായിയായിരുന്നു എന്ന് അപ്പൊസ്തല പ്രവൃത്തികളിൽ നിന്നും അനുമാനിക്കാം. മാത്രമല്ല, രാജകുടുംബങ്ങളിലും പ്രഭുകുടുംബങ്ങളിലും നിന്ന് ഒട്ടുവളരെ സ്ത്രീപുരുഷന്മാർ ക്രിസ്തുമതാവലംബികളായിത്തീരുകയും ചെയ്തു എന്നതിനു ചരിത്രസാക്ഷ്യം ഉണ്ട്. എന്നാൽ കാലക്രമേണ ഈ നില വിട്ട് റോമാഗവമ്മെൻറു ക്രിസ്തുമതത്തിൻെറയും ക്രിസ്ത്യാനികളുടെയും ബദ്ധശത്രു ആകുന്നതിനിടയായി. ഈ ഭാവമാററത്തിൻെറ കാരണമെന്തായിരിക്കാം?

ക്രിസ്തുമതത്തെ ഉൻമൂലനം ചെയ്യുന്നതു ഒരു സാമ്രാജ്യനയമായി സ്വീകരിച്ച ചക്രവത്തിമാർ മൂന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്നവരാണ്. എന്നാൽ ഇതിനു മുമ്പും പല സ്ഥലങ്ങളിലും സന്ദർഭങ്ങളിലും ക്രിസ്ത്യാനികൾ ഗവമ്മെൻറിൽനിന്നു പലവിധത്തിലുള്ള പീഡകൾ അനുഭവിക്കുന്നതിനിടയായിട്ടുണ്ട്. ഇങ്ങനെ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിനു ചക്രവത്തിമാരെയും അവരുടെ കീഴുദ്യോഗസ്ഥന്മാരെയും പ്രേരിപ്പിച്ച കാരണങ്ങൾ സംഗ്രഹിച്ച് പറയുന്നതിനേ നിവൃത്തിയുള്ളു.

ഒന്നാമതായി, ഗവമ്മെൻറ് നിയമവിരുദ്ധമായ ഒരു മതമായിട്ടത്രെ ക്രിസ്തുമതത്തെ ഗണിച്ചിരുന്നതു്. മതവിശ്വാസം ഒരുവൻെറ സ്വാതന്ത്ര്യത്തിലിരിക്കുന്ന ഒരു കാര്യമായിട്ട് പരിഷ്കൃതലോകം അംഗീകരിച്ചിരിക്കുന്നു. പക്ഷെ ആധുനിക കാലത്തുതന്നെയും സോവ്യററ് റഷ്യ ഈ പ്രമാണത്തിനു ഒരു വ്യത്യസ്തമാണ്. റോമാഗവമ്മെൻറിൻെറ മതസംബന്ധമായ നയത്തിന്, സോവ്യററ് റഷ്യയുടേതിൽനിന്നു ഗണ്യമായ വ്യത്യാസമുണ്ടായിരുന്നെങ്കിലും, ചില സംഗതികളിൽ ഇവ രണ്ടും യോജിച്ചിരിക്കുന്നുവെന്ന് ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. തങ്ങളുടെ അധികാരത്തിൻ കീഴിലിരിക്കുന്ന സകല ജനങ്ങൾക്കും ഒരേ രീതിയിലുള്ള മതവിശ്വാസാചാരങ്ങൾ ഉണ്ടായിരിക്കണമെന്നു റോമാസാമ്രാജ്യത്തിന് ഒരു നിർബന്ധമുണ്ടായിരുന്നു. പരസ്യമായി ഗവമ്മെൻറ് അംഗീകരിച്ചിട്ടില്ലാത്ത അന്യ ദൈവങ്ങളെ റോമാപൌരന്മാരാരും വന്ദിച്ചുകൂടെന്നു

സുപ്രസിദ്ധനായ സിസറൊ ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്. അപ്പൊസ്തലന്മാരുടെ കാലത്തോടടുത്ത് ക്രിസ്തുമതത്തെ യെഹൂദമതത്തിൻെറ ഒരു വകഭേദമായിട്ടാണ് ജനങ്ങളും ഗവമ്മെൻറും ഗണിച്ചിരുന്നതു്. എന്നാൽ ഈ സ്ഥിതി വിട്ടു് ക്രിസ്തുമതം ഒരു സ്വതന്ത്ര നില അവലംബിച്ചപ്പോൾ ഗവമ്മെൻറിൻെറ നയവും വ്യത്യാസപ്പെട്ടു. നിയമാനുസൃതമല്ലാത്തതും, അംഗീകാരം സിദ്ധിച്ചിട്ടില്ലാത്തതുമായ ഒരു മതത്തിൽ വിശ്വസിക്കുന്നതു രാജനിയമപ്രകാരം ഒരു കുററമായി ഗണിക്കപ്പെട്ടു.

ക്രിസ്ത്യാനികളുടെമേൽ ആരോപിച്ച വേറൊരു കുററം അവർ നിരീശ്വരന്മാരായിരുന്നുവെന്നതത്രെ. ഇതു വിചിത്രം തന്നെ! ഗവമ്മെൻറനുമതിയോടുകൂടെ റോമാസാമ്രാജ്യത്തിലെ പ്രജകൾ ആരാധിച്ചുവന്ന ദേവന്മാരെ വന്ദിക്കയില്ലെന്നു ക്രിസ്ത്യാനികൾ നിഷ്ഠ പാലിക്കയാലാണ് സാധാരണ ജനങ്ങൾ അവരെ നിരീശ്വരന്മാരായി ഗണിച്ചുവന്നതു്. ബിംബം വച്ചാരാധിക്കയൊ, ബലിപൂജകഴിപ്പിക്കയൊ ചെയ്യാതെ ഒരാൾക്കു ഈശ്വരഭക്തനാകാൻ സാധിക്കുമെന്നുള്ളതു് വിഗ്രഹാരാധനയിൽ ആണ്ടുകിടക്കുന്ന പുറജാതിക്കാരായ റോമർ അശേഷം ഗ്രഹിച്ചിരുന്നില്ല.

ഭൌമിക രാജ്യങ്ങളുടെ അധഃപതനത്തെക്കുറിച്ചു പ്രസംഗിക്കയും, വിഗ്രഹാരാധനാവിദ്വേഷം നിമിത്തം ഗവമ്മെൻറു് ഉദ്യോഗങ്ങളും പട്ടാളസേവനവും അവയുടെ ആദായവും അന്തസ്സും ഗൗനിക്കാതെ ത്യാജ്യകോടിയിൽ തള്ളുകയും, റോമാനഗരത്തിലെ ദേവന്മാരെ തൃണവൽഗണിക്കയും, ചക്രവത്തിയുടെ പ്രതിമയെ ആരാധിക്കണമെന്നുള്ള നിയമത്തെ ശക്തിപൂവ്വം പ്രതിഷേധിക്കയും ചെയ്തിരുന്നതുകൊണ്ടു് ക്രിസ്ത്യാനികളേവരും രാജദ്രോഹികളെന്നെ കുററത്തിനും പാത്രീഭവിച്ചു.

ദൈവാരാധനയ്ക്കും തിരുവത്താഴാനുഷ്ഠാനത്തിനും ആയുള്ള രഹസ്യക്കൂട്ടങ്ങളെ, ദുർമ്മാർഗ്ഗത്തിനും രാജദ്രോഹത്തിനും ആയി ഏൎപ്പെട്ടുത്തിയ ഗൂഢസംഘങ്ങളെന്നു ദുർവ്യാഖ്യാനം ചെയ്തുപോന്നു. അഭക്തിപരമായ സാമൂഹ്യാചാരങ്ങളിലും വിനോദങ്ങളിലും നിന്നു്പിൻമാറിയതോടെ,ക്രി

സ്ത്യാനികൾ മനുഷ്യദ്രോഹികളെന്നുള്ള പേരിനു് പാത്രരായി. ടാസിററസ് എന്ന റോമാചരിത്രകാരൻ ക്രിസ്ത്യാനികളെ 'മനുഷ്യവർഗ്ഗവിദ്വേഷികളെ'ന്നു് സംബോധന ചെയ്തിരിക്കുന്നു.

ഇത്രയും പറഞ്ഞതിൽനിന്നു് ക്രിസ്തുമതത്തെക്കുറിച്ചുള്ള തെററിധാരണയിൽനിന്നു മാത്രമാണു് പീഡനങ്ങൾ ആരംഭിച്ചതെന്നു് അർത്ഥമാക്കേണ്ടതില്ല. ക്രിസ്തുവിനുവേണ്ടി ഉത്തമ മനസ്സാക്ഷിയോടും ധൈര്യത്തോടുംകൂടെ സാക്ഷി നിന്നതിൻെറ ഫലമായിട്ടത്രെ അനേക ക്രിസ്ത്യാനികൾ ജീവനെ ബലികഴിക്കുന്നതിനു ഇടയായതു്. രക്ഷപ്രാപിക്കുന്നതിനു് യേശുവിൻെറ നാമമല്ലാതെ ആകാശത്തിൻ കീഴിൽ മറെറാരു നാമവും നല്കപ്പെട്ടിട്ടില്ലെന്നു് ക്രിസ്ത്യാനികൾ സധൈര്യം ഘോഷിച്ചുതുടങ്ങിയതു് പുറജാതികളായ റോമക്കു്കണ്ണുശൂലമായി തോന്നി. ക്രിസ്തുമതത്തിൽ സ്ത്രീകളും പുരുഷന്മാരോടൊപ്പം സ്വാതന്ത്ര്യം അനുഭവിക്കുന്നതു് അനേക ശതാബ്ദങ്ങളായി അവരെ അടിമകളായി വിചാരിച്ചുവന്ന ഒരു ജനസമൂഹത്തിനു് ദുസ്സഹമായ ഒരു കാൎയ്യമായിരുന്നു. സ്ത്രീകളുടെയും അടിമകളുടെയും സ്വാതന്ത്ര്യപ്രാപ്തി പുരാതനമായ ജനസമുദായഘടനയെ ശിഥിലീഭവിപ്പിക്കുമെന്നുള്ള ഒരു ഭയവും നാടെങ്ങും പരന്നു.

അവസാനമായി, റോമാ ഭരണസമ്പ്രദായത്തെക്കുറിച്ചും അല്പം പറയേണ്ടതുണ്ടു്. ചക്രവർത്തിമാർ സിംഹാസനത്തിലിരുന്നെങ്കിലും സാക്ഷാലുള്ള അധികാരവും ശക്തിയും ജനസാമാന്യത്തിൻെറ കൈയിലായിരുന്നു. ജനങ്ങളെ ഭയപ്പെട്ടു് പീലാത്തോസ് യേശുക്രിസ്തുവിനെ ക്രൂശിൽ തറയ്ക്കാൻ വിധിച്ചപ്പോൾ അദ്ദേഹം തൻെറ ജാതിമഹത്വം കാണിക്ക മാത്രമായിരുന്നു! എന്തെങ്കിലും അനിഷ്ടസംഭവങ്ങൾ രാജ്യത്തുണ്ടാകുമ്പോൾ ക്രിസ്ത്യാനികളെ സിംഹങ്ങൾക്കിരയാക്കണമെന്നുള്ള മുറവിളി സദാ സാമ്രാജ്യമൊട്ടുക്ക മാറെറാലിക്കൊണ്ടിരുന്നു. തെർത്തുല്യൻ എന്ന സഭാപിതാവു് താഴെക്കാണുന്ന വിധത്തിലെഴുതിയിരിക്കുന്നു:- 'വല്ല അത്യാപത്തൊ, വസന്തയൊ, ജലപ്രളയമൊ, ഭൂകമ്പമൊ, കൊടുങ്കാറെറാ, അഗ്നിബാധയൊ, കൃഷിപ്പിഴയൊ, യുദ്ധത്തിൽ തോൽവിയോ, എന്തെങ്കിലും നേരിട്ടാൽ

അവ ക്രിസ്ത്യാനികൾനിമിത്തം ഉണ്ടായതാണെന്നും അതുകൊണ്ടു നിരീശ്വരമതക്കാരായ അവരെ നശിപ്പിച്ചെങ്കിലും ദേവന്മാരെ പ്രസാദിപ്പിക്കണമെന്നും ജനങ്ങൾ സാധാരണ മുറവിളി കൂട്ടിക്കൊണ്ടിരിക്കും. 'ക്രിസ്ത്യാനികളെ സിംഹത്തിന്, ക്രിസ്ത്യാനികളെ സിംഹത്തിന്' എന്നുള്ള നിരർത്ഥകമായ മുറവിളി നാടെങ്ങും സർവ്വസാധാരണയായിത്തീൎന്നു.

ഇങ്ങനെ നാനാമുഖമായ കാരണങ്ങളാലാണ് ക്രിസ്ത്യാനികളെ ഓരോരോ കാലത്ത് നിർദ്ദയമായി പീഡിപ്പിക്കുന്നതിനിടയായിട്ടുള്ളതു്.

റോമാ ഗവൺമെൻറിൽനിന്നു് ക്രിസ്ത്യാനികൾക്കു് നേരിട്ട പീഡനങ്ങളുടെ ഒരു ലിസ്റ്റ് കുറിക്കുന്നതു അത്ര എളുപ്പമല്ല. സാധാരണയായി പത്തു പ്രധാന പീഡനങ്ങളുണ്ടായിരുന്നതായിട്ടാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. അവ താഴെ കുറിക്കുന്നു:—

| ചക്രവർത്തി | പീഡനകാലം (എ. ഡി.) | പ്രധാനസംഭവം |
|---|---|---|
| 1. നീറോ | 64—68 | വി: പത്രോസിൻെറയും പൗലോസിൻെറയും രക്തസാക്ഷി. |
| 2. ഡോമീഷ്യൻ | 95—96 | വി: യോഹന്നാൻെറ നാടുകടത്തൽ. |
| 3. ട്രേജൻ | 104—117 | ഇഗ്നാത്യോസിൻെറ രക്തസാക്ഷി. |
| 4. പീയസ് | 138—161 | പോളിക്കാപ്പിൻെറ രക്തസാക്ഷി. |
| 5. ഒറീല്യസ് | 161—180 | ജസ്റ്റിൻെറ രക്തസാക്ഷി. |
| 6. സെവറസ് | 200—211 | ആഫ്രിക്കയിലെ രക്തസാക്ഷികൾ. |
| 7. മാക്സിമിനസ് | 235—237 | |
| 8. ഡീഷ്യസ് | 250—253 | ബാബിലാസിൻെറയും ഹെബിയൻെറയും രക്തസാക്ഷി. |
| 9. വലേറ്യൻ | 257—260 | സിപ്രിയൻെറ രക്തസാക്ഷി. |

10. ഡയൊക്ലീഷ്യൻ 303-313 — വിശുദ്ധ ഗ്രന്ഥങ്ങൾക്കെതിരായുള്ള വിളംബരം.

---

നീറോ മുതൽ കോൺസ്റ്റൻടൈൻവരെ ഭരിച്ച റോമാചക്രവൎത്തിമാരുടെ പേരുകളും അവരുടെ ഭരണകാലവും താഴെ കുറിക്കുന്നു:— (History of Rome by Puller).

| പേരു് | ഭരണകാലം (എ ഡി). |
|---|---|
| നീറോ | 55—68 |
| ഗാൽബാ, ഓതോ, & വിട്ടല്യസ് | 69 (18 മാസം) |
| 18 മാസക്കാലം പൌരയുദ്ധം | |
| വെസ്പേഷ്യൻ | 70—79 |
| ടൈററസ് | 79—80 |

| പേരു് | ഭരണകാലം (എ. ഡി.) |
|---|---|
| ഡൊമീഷ്യൻ | 80—96 |
| നേർവാ | 96—97 (16 മാസം) |
| ട്രേജൻ | 97—117 |
| ഹേഡ്റിയൻ | 117—138 |
| അൻടോണിയസ്പീയസ് | 138—161 |
| മാർക്സ്ഔറീല്യസ് | 161—180 |
| കൊമ്മോഡസ് | 180—192 |
| പേർട്ടിനാക്സ് | 192—197 |
| സെപ്ററിമസ്സെവറസ് | 197—211 |
| കറക്കല്ലാ | 211—217 |
| മക്രിനസ് | 217—218 |
| എൽഗാബലസ് | 218—222 |
| അലക്സ്സാണ്ടർ സെവറസ് | 222—235 |
| മാക്സിമിനസ് | 235—238 |
| ഗോർഡ്യൻ | 238—244 |
| ഫിലിപ്പസ് | 244—248 |
| ഡീഷ്യയസ് | 248—251 |
| ഗാലസ് | 251—253 |
| എമിലിയാനസ് | 253 |
| വലേര്യൻ & ഗാലീനസ് | 253—260 |

KOTTAYAM PUBLIC LIBRARY

ഇവ ഓരോന്നും സവിസ്തരം പ്രതിപാദിക്കുന്നതിനു നിവൃത്തിയില്ലായ്കയാൽ, രണ്ടു മൂന്നു ഭാഗമായി തിരിച്ച് ചില സംഗതികൾ മാത്രം പ്രസ്താവിച്ചുകൊള്ളട്ടെ. ഒന്നാമതായി, A. D. 64 മുതൽ 98 വരെയുള്ള, അതായത് മേൽക്കൊടുത്തിരിക്കുന്ന രണ്ടു ചക്രവർത്തിമാരുടെ ചരിത്രത്തിലേക്ക് പ്രവേശിക്കാം.

## ഒന്നാം ശതാബ്ദത്തിലെ പീഡനങ്ങൾ

A. D. 64—98. (1) വിശുദ്ധ പൌലൊസപ്പൊസ്തലനെ നീറോ ചക്രവർത്തിയുടെ മുമ്പാകെ ഒരു തടവുകാരനായി കൊണ്ടുവന്നതു A. D. 59-ലൊ 60-ലൊ ആണ്. (പ്രവൃത്തികൾ 28-ാം അദ്ധ്യായം) സിംഹത്തിൻെറ വായിൽനിന്ന് വിടുവിക്കപ്പെട്ടു എന്നു തിമൊഥെയൊസിനു എഴുതിയിരിക്കുന്നതിൽനിന്നു, താൻ കൈസരുടെ മുമ്പാകെ കൊടുത്ത അപ്പീൽ നിഷ്ഫലമായില്ലെന്നു കാണുന്നു. (2തിമൊ. 4: 17) പക്ഷെ കാററു വേഗം തിരിഞ്ഞടിച്ചു. 64-ൽ റോമാ പട്ടണത്തിൻെറ ഒരു വലിയഭാഗം അഗ്നിക്കിരയായപ്പോൾ തന്നെപ്പററിയുള്ള സംശയം നീക്കുന്നതിനായി നീറൊ ചക്രവർത്തി കണ്ടുപിടിച്ച ഒരു വിദ്യ ക്രിസ്ത്യാനികളുടെമേൽ ആ കുററം ആരോപിക്കയെന്നുള്ളതായിരുന്നു. സാക്ഷിയും ന്യായാധിപതിയും ചക്രവർത്തിത

---

| | |
|---|---|
| ഒഡെനാത്തസ് & ഗാലീനസ് | 260—268 |
| ക്ലോഡിയസ് | 268—270 |
| ഒറീല്യൻ | 270—275 |
| ടാസിററസ് | 275—276 |
| ഒറീല്യസ് പ്രോബസ് | 276—282 |
| ക്യോറസ് | 282—284 |
| ഡയൊക്ലീഷ്യൻ | 284—305 |
| പൌരയുദ്ധം | 305—323 |
| കോൺസ്റ്റൻറയിൻ | 323—361 |

ന്നെ ആയിരുന്നതിനാൽ കുററത്തിനുള്ള ശിക്ഷ തീൎച്ച ചെയ്യുന്നതിനു് താമസം നേരിട്ടില്ല. ക്രിസ്ത്യാനികളെ നിഷ്ക്കരുണം വേട്ടയാടാൻ അദ്ദേഹം തീർപ്പു് എഴുതി. അമ്മയെയും ഭാൎയ്യയെയും മക്കളെയും സംഹരിച്ച നിഷ്കണ്ടകനായ ചക്രവൎത്തി ക്രിസ്ത്യാനികളോട്ടു് കരുണ കാണിക്കാഞ്ഞതിൽ അത്ഭുതപ്പെടാനില്ല. നീറോ ചക്രവൎത്തിയുടെ പീഡനത്തെ അക്രൈസ്തവ ചരിത്രകാരനായ ടാസിററസ് വിവരിച്ചിരിക്കുന്നതു് കേൾക്കുമ്പോൾതന്നെ ആൎക്കാണു് രോമാഞ്ചം കൊള്ളാത്തതു്? ക്രിസ്ത്യാനികളെ കൊല്ലുന്നതു ജനസാമാന്യത്തിൻെറ ഒരു വിനോദമായിത്തീൎന്നു. ചിലരെ കാട്ടുമൃഗങ്ങളുടെ തോൽ ധരിപ്പിച്ചു് നായാട്ടുപട്ടികൾ കടിച്ചുകീറുന്നതിനായി എറിഞ്ഞുകൊടുത്തു. ചിലരെ ക്രൂശിൽ തറച്ചു. ചിലരെ എണ്ണ ഒഴിച്ചു പന്തംകൊളുത്തി നീറോയുടെ ഉദ്യാനത്തിൽവച്ചു് രാത്രിയിൽ നടന്നിരുന്ന സൎക്കസ്കളിയിൽ ദീപക്കാഴ്ചയായി ഉപയോഗിച്ചു. നീറൊതന്നെ രഥത്തിൽ കയറി ഇതെല്ലാം കണ്ടു് രസിച്ചു നടന്നു.' *

നീറൊ ചക്രവൎത്തി എ. ഡി. 68-ൽ മരിച്ചു. ഇദ്ദേഹത്തിൻെറ കാലത്തുതന്നെ അപ്പൊസ്തലന്മാരായ പത്രൊസും പൌലൊസും രക്തസാക്ഷികളായി റോമിൽവച്ചു് മരിച്ചെന്നു വിശ്വസിക്കപ്പെട്ടുവരു.

നീറോയുടെ പിൻഗാമികളായ വെസ്പേഷ്യൻ, ഡൊമീഷ്യൻ എന്നിവരും ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിൽ ഒട്ടും പിന്നാക്കമല്ലായിരുന്നു. ഡൊമീഷ്യൻ തനിക്കു മക്കളില്ലാതിരുന്നതുകൊണ്ടു് ആരെങ്കിലും തന്നെ കൊലപ്പെടുത്തി സിംഹാസനം കരസ്ഥമാക്കുമെന്നു് സംശയമുണ്ടായിരുന്നതിനാൽ സ്വജാതിയിൽപെട്ട പ്രജകളോട്ടുതന്നെ നിഷ്ക്കരുണമായിട്ടാണു് പെരുമാറിയതു്. അപ്പോൾ ക്രിസ്ത്യാനികളോട്ടുള്ള വൎത്തനാരീതി എങ്ങനെയിരിക്കുമെന്നു് ഊഹിക്കാമല്ലൊ. ഡൊമീഷ്യൻെറ ഭരണകാലത്തായിരിക്കണം യോഹന്നാൻ അപ്പൊസ്തലൻ പത്മൊസ് ദ്വീപിലേക്കു നാടുകടത്തപ്പെട്ടതും അവിടെവച്ചു് വെളി

* Tacitus-Annals. xv. 44

പാട്ടപുസ്തകം എഴുതിയതും. അലങ്കാരഭാഷയിൽ മൃഗമെന്നും സാത്താനെന്നും വിശുദ്ധന്മാരുടെ രക്തംകുടിച്ചു ചീർത്തിരിക്കുന്ന ബാബിലോൺ എന്നും മററും ഗ്രന്ഥകാരൻ എഴുതിയിരിക്കുന്നതു്, റോമാചക്രവത്തിയെയും റോമാ സാമ്രാജ്യത്തെയും കുറിച്ചു് ആയിരിക്കണമെന്നു വിചാരിക്കാം. 'സകല ദേഹിയും മേലധികാരങ്ങൾക്കു് കീഴ്പെട്ടിരിക്കട്ടെ' എന്നു ഒരു തലമുറയ്ക്കുമുമ്പു് ക്രിസ്ത്യാനികളോട്ട ഗുണദോഷിച്ച പൌലൊസപ്പോസ്തലൻ തന്നെയും ഈ ഭയങ്കരകാലത്തു ജീവിച്ചിരുന്നെങ്കിൽ ഇങ്ങനെയുള്ള ഒരു ബുദ്ധിയുപദേശം കൊടുക്കുമായിരുന്നുവോ എന്നു് സംശയമാണു്. സാമ്രാജ്യനയം അത്രമാത്രം വ്യത്യാസപ്പെട്ടുപോയി. സഭയും സാമ്രാജ്യവും തമ്മിൽ യുദ്ധപ്രഖ്യാപനം ചെയ്തതുപോലുള്ള ഒരു നിലയാണു് വെളിപാട്ടുപുസ്തകത്തിൽ കാണുന്നതു്, ആസ്യയിലെ ഏഴു സഭകൾക്കു മാത്രമല്ല, ക്രിസ്ത്യാനികൾക്കു പൊതുവെ ആശ്വാസത്തിൻെറയും സ്ഥിരതയുടെയും ഒരു ദൂതു് ആവശ്യമായിരുന്നുവെന്നതിനു് സംശയമില്ല.

## രണ്ടാം ശതാബ്ദത്തിലെ പീഡനങ്ങൾ

ഡൊമിഷ്യൻെറ പിൻഗാമി ആയ ട്രേജൻ (എ.ഡി. 98—117) കർമ്മകുശലനും, നയശാലിയും, പരിഷ്കൃതാശയനും, ഉത്തമശീലനും ആയ ഒരു ഭരണാധിപതി ആയിരുന്നു. ക്രിസ്ത്യാനികളോട്ട അനുഷ്ഠിക്കേണ്ട നയത്തെക്കുറിച്ചു് എ.ഡി, 112-ൽ ബിഥുന്യയിലെ ഗവർണ്ണറായിരുന്ന പ്ലിനിക്കു്ഇദ്ദേഹം, അയച്ച ഒരു കത്തു്ചരിത്രപ്രസിദ്ധമായ ഒരു രേഖയാണു്. ഇതിൽനിന്നു്ഇദ്ദേഹത്തിൻെറ നയവിശേഷവും ഹൃദയവിശാലതയും ഒന്നുപോലെ വ്യക്തമാകുന്നുണ്ടു്. ഒരു ഭാഗത്തു് ഇങ്ങനെ കാണുന്നു:—'ഈ മനുഷ്യരെ (ക്രിസ്ത്യാനികളെ) തേടിപ്പിടിക്കേണ്ട ആവശ്യമില്ല; അവരുടെ പേരിൽ കുററം തെളിയുന്നപക്ഷം ശിക്ഷിച്ചാൽ മതിയാകും; എങ്കിലും നമ്മുടെ ദേവന്മാരെ ആരാധിക്കയും ക്രിസ്ത്യാനി അല്ലെന്നു് ഏററുപറകയും ചെയ്യുന്നവരെ വെറുതെ വിട്ടേക്കണം, പേരു വയ്ക്കാത്തുള്ള എഴുത്തുകളോ, ഉത്തര

വാദിത്വമില്ലാത്ത കുററാരോപണമോ അടിസ്ഥാനമാക്കി എന്തെങ്കിലും പ്രവൎത്തിക്കുന്നതു് നമ്മുടെ കാലത്തിനു യോജിച്ചതല്ല.'

ട്രേജൻ ക്രിസ്ത്യാനികളോടു വളരെ അനുഭാവമുള്ള ഒരാൾ അല്ലായിരുന്നുവെങ്കിലും നീറൊ, ഡൊമീഷ്യൻ എന്നിവരോടു താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യാനികളുടെ ശത്രുവായിരുന്നു എന്നു പറഞ്ഞുകൂടാ. എങ്കിലും ഇദ്ദേഹത്തിൻെറ കാലത്താണു് അന്ത്യോഖ്യയിലെ ബിഷപ്പായ ഇഗ്നാത്യോസ് രക്തസാക്ഷിയായി മരിക്കുന്നതിനിടയായതു്. ഇഗ്നാത്യോസ് യോഹന്നാൻ അപ്പൊസ്തലൻെറയും മററു അപ്പൊസ്തലന്മാരുടെയും സ്നേഹിതനും അവരുടെ പാദത്തിൽ അഭ്യസിച്ചവനുമാണു്. ഇദ്ദേഹം ചങ്ങല ധരിച്ചു് അന്ത്യോഖ്യാ മുതൽ റോമാ വരെ ചെയ്ത യാത്രാമദ്ധ്യേ എഴുതിയ ചില ലേഖനങ്ങൾ വായിച്ചാൽ ഏതു കഠിനമാനസനും കണ്ണുനീരു പൊഴിച്ചുപോകും. ഇഗ്നാത്യോസ് 107-ലൊ 116-ലൊ റോമാനഗരത്തിൽ ഒരു വലിയ ജനക്കൂട്ടത്തിൻെറ മദ്ധ്യേ കൎത്താവിനെ ഏററുപറഞ്ഞു്, സിംഹങ്ങൾക്കിരയായി, രക്തസാക്ഷിമരണം അടഞ്ഞു.

ഇഗ്നാത്യോസിനും പുറമെ രണ്ടാം ശതാബ്ദത്തിലെ പ്രധാന രക്തസാക്ഷികൾ, പോളിക്കാർപ്പു്, ജസ്റ്റിൻ എന്നീ വിശുദ്ധപിതാക്കന്മാരാണു്. പോളിക്കാർപ്പു് എ. ഡി. 156-ൽ പീയസ് ചക്രവൎത്തിയുടെയും (138-161), ജസ്റ്റിൻ മാക്സ്. ഒറീല്യസിൻെറയും (161-180) ഭരണകാലത്തത്രെ രക്തസാക്ഷിമരണം പ്രാപിച്ചതു്. പോളിക്കാർപ്പു് സ്മൎന്നായിലെ ബിഷോപ്പായിരുന്നു. എ. ഡി. 70-നടുത്തു് ജനിച്ച ഇദ്ദേഹം അപ്പൊസ്തലന്മാർ എല്ലാവരോടും, പ്രത്യേകം യോഹന്നാൻ അപ്പൊസ്തലനോടും ഉററബന്ധത്തിലിരുന്നു എന്നു് ഒരു ഐതിഹ്യമുണ്ടു്. സ്മൎന്നായിലെ ദൂതനായി വെളിപാടുപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു ഇദ്ദേഹത്തെ സൂചിപ്പിച്ചാണെന്നു് ചിലർ വാദിക്കുന്നു. അന്ത്യോഖ്യായിലെ തൻെറ സഭയുടെ മേൽനോട്ടം പോളിക്കാർപ്പിനെ ഭരമേല്പിച്ചിട്ടാണു് ഇഗ്നാത്യോസ് സ്മൎന്നായിൽകൂടി റോമിലേക്കു പോയതു്. എ. ഡി. 154-ൽ പോളിക്കാർപ്പു് റോമാ സന്ദർശിച്ച സമയത്തു് അവിടെവച്ചു്

No. 11310

ആദ്യത്തെ വിയോജിത സഭയുടെ സ്ഥാപകനും ഇടത്തുട്ട കാരനുമായ മാഴ്സിയനെ (Marcion) കണ്ടതായി ഒരു കഥയുണ്ട്. 'എന്നെ അറിയുമോ?' എന്നു് മാഴ്സിയൻ ചോദിച്ചതിനു 'ഉവ്വ്' അറിയും, നീ സാത്താൻെറ കടിഞ്ഞൂൽപുത്രനത്രെ' എന്നു പോളിക്കാർപ്പ് മറുപടി പറഞ്ഞു. എ. ഡി. 156-ൽ ഏഷ്യയിലെ ജനങ്ങൾ എല്ലാവരും യോജിച്ച് ഒരു ഉത്സവം സ്മർന്നയിൽവച്ചു കെങ്കേമമായി കൊണ്ടാടി. ഉത്സവസമയത്ത് ജനസാമാന്യത്തിൻെറ വിനോദത്തിനായി ക്രിസ്ത്യാനികളെ കാട്ടുമൃഗങ്ങൾക്കു ഇട്ടുകൊടുക്കുന്ന പതിവ് അനുസരിച്ച് 'പോളിക്കാർപ്പിനെ പിടിപ്പിൻ' എന്നു് ജനങ്ങൾ അട്ടഹസിച്ചു. വൃദ്ധനായ ഈ പിതാവ് സ്മർന്നായിക്കടുത്തുള്ള ഒരു ഗ്രാമത്തിൽ പാക്കയായിരുന്നു. തന്നെ പിടിക്കുന്നതിന് ആളുകൾ ചെന്നപ്പോൾ അവരോടു പ്രാൎത്ഥനയ്ക്കായി ഒരു മണിക്കൂർ സമയം അദ്ദേഹം ആവശ്യപ്പെട്ടുവാങ്ങി, സഭയ്ക്കുവേണ്ടിയും തൻെറ ആടുകൾക്കുവേണ്ടിയും പ്രാൎത്ഥിച്ച്, അവരെ ദൈവത്തിൽ ഭരമേല്പിച്ചശേഷം പ്രസന്നവദനനായി പട്ടണത്തിലേക്കു യാത്രയായി. പോളിക്കാർപ്പു മജിസ്റ്റ്രേട്ടിൻെറ മുമ്പാകെ ആനയിക്കപ്പെട്ടു. ചെന്നായ്ക്കളെപ്പോലെ അലറിക്കൊണ്ട് ഒരു വലിയ ജനസംഘം പോളിക്കാപ്പിൻെറ ശരീരം കാട്ടുമൃഗങ്ങൾ കടിച്ചുകീറുന്നതു കണ്ടു് രസിക്കുവാൻ കാത്തുനില്ക്കയായിരുന്നു. 'കൈസറിനെക്കൊണ്ട് ആണയിട്ട് ക്രിസ്തുവിനെ തള്ളിപ്പറഞ്ഞാൽ ഞാൻ നിന്നെ വിട്ടേക്കാം' എന്നു് ദാക്ഷിണ്യപൂർവ്വം മജിസ്റ്റ്രേട്ടു പറഞ്ഞ വാക്കുകൾക്കു മറുപടിയായി വൃദ്ധനായ പോളിക്കാർപ്പ് 'ഞാൻ അവനെ സേവിപ്പാൻ തുടങ്ങിയിട്ട് എൺപത്താറു സംവത്സരമായിരിക്കുന്നു; അവൻ എനിക്കു ഒരു ദോഷവും ചെയ്തിട്ടില്ല. പിന്നെ ഞാൻ എങ്ങനെ എന്നെ രക്ഷിച്ച എൻെറ രാജാവിനെ ദൂഷിക്കും?' എന്നിങ്ങനെ സധൈര്യം നല്കിയ സാക്ഷ്യപ്രസ്താവന തിരുവചനതുല്യം വിലയേറിയതായി ക്രിസ്ത്യാനികൾ എന്നും ഗണിക്കുന്നതാണ്. ഏറെത്താമസിയാതെ കൈകാലുകൾ ബന്ധിച്ച് പോളിക്കാപ്പിനെ ജീവനോടെ ദഹിപ്പിക്കുന്നതിന് ചിതയിൽ കിടത്തി തീ കൊളുത്തി. പ്രാൎത്ഥിച്ചുകൊണ്ടിരിക്കവെ ഈ സിദ്ധൻെറ

ശരീരം അഗ്നിക്കിരയാകയും ആത്മാവ് യേശുവിൻെറ മാർവ്വിൽ സ്വീകരിക്കപ്പെട്ടുകയും ചെയ്തു.

## മാർക്കസ് ഒറീല്യസ് (A. D. 161—180)

പീയൂസിൻെറ ദത്തുപുത്രനായ മാർക്കസ് ഒറീല്യസ് ഭരണസാമർത്ഥ്യംകൊണ്ടും സ്വഭാവവിശേഷാകൊണ്ടും റോമാസാമ്രാജ്യത്തിലെ വിഖ്യാതന്മാരായ രാജാക്കന്മാരുടെ മുന്നണിയിൽ നില്ക്കുന്നു. ഇദ്ദേഹം ഒരു തത്വജ്ഞാനിയും സ്റ്റോയിക്കുരുടെ വിശ്വാസ തത്വങ്ങൾ പ്രതിപാദിക്കുന്ന 'ധ്യാനങ്ങൾ' എന്ന ഗ്രന്ഥത്തിൻെറ കർത്താവുമാണ്. ഇത്ര ഉൽകൃഷ്ടാശയനായ ഒരാൾ, ക്രിസ്തുമതത്തിൻെറ ശത്രുവായിത്തീർന്നതെങ്ങനെ എന്ന് ഒരു ചോദ്യമുണ്ടായേക്കാം. ഭരണതന്ത്രജ്ഞനായ ഇദ്ദേഹം ക്രിസ്തുമതത്തെ സാമ്രാജ്യത്തിൻെറ ഐക്യത്തെയും നിലനില്പിനെയും ഹനിക്കുന്ന ഒരു ശക്തിയായിട്ടാണ് ഗണിച്ചിരുന്നതു്. ക്രിസ്ത്യാനികൾ അക്രൈസ്തവ വിശ്വാസത്തോട്ട് പ്രദശിപ്പിച്ചിരുന്ന വിദ്വേഷം തത്വജ്ഞാനിയായ ഇദ്ദേഹത്തിന് അസഹനീയമായിരുന്നു. അതുകൊണ്ട് സാമ്രാജ്യത്തെവിടെയുമുള്ള ക്രിസ്ത്യാനികളെ ഇദ്ദേഹം ഭയങ്കരമായ വിധത്തിൽ ഉപദ്രവിക്കാൻ തുടങ്ങി.

ആഫ്രിക്ക, ചിററാസ്യ, (ഏഷ്യാമൈനർ) ഗോൾ, ലീയോൻസ്, വീയെന്ന എന്നീ പ്രദേശങ്ങളിൽ പീഡകൾ അനുഭവിച്ചു രക്തസാക്ഷികളായി മരിച്ച ക്രിസ്ത്യാനികളുടെ എണ്ണം അസംഖ്യംതന്നെ. രാജകല്പനയാൽ ക്രിസ്ത്യാനികൾക്കു ചന്തസ്ഥലങ്ങളിൽ വാങ്ങുന്നതിനും വില്ക്കുന്നതിനും അവകാശമില്ലെന്നായി. തെരുവുകളിൽകൂടി നടക്കുമ്പോൾ ജനസാമാന്യം അവരെ കൂക്കുവിളിച്ച് ആക്ഷേപിച്ചു. എല്ലാവർക്കും തുല്യാവകാശമുള്ള പൊതുസ്ഥലങ്ങളിൽ നിന്ന് അവരെ അടിച്ചോടിച്ചു. ഗുഹകളിലും കാരാഗൃഹങ്ങളിലും കിടന്ന് വിശപ്പുകൊണ്ടും ദാഹംകൊണ്ടും അനേകർ മരിച്ചു. ജനങ്ങളുടെ നേരമ്പോക്കിനായി ക്രിസ്ത്യാനികളെ തീയിൽ എറിഞ്ഞു; തിളയ്ക്കുന്ന എണ്ണയിലിട്ടു വറുത്തു; പഴുപ്പിച്ച പിച്ചളക്കഷണങ്ങൾ ദേഹമാസകലം വ

ച്ചുകെട്ടി; വലസ്സുകത്താക്കി കാളകളുടെ മുമ്പിൽ എറിഞ്ഞു കൊടുത്തു; കുരിശിൽ തറച്ചു; കൂൎത്ത ആണികൾ ദേഹത്തടിച്ചുകയററി; തൊഴിച്ചും ഇടിച്ചും കൊന്നു; സ്ത്രീകളെ ലജ്ജാകരമായ വിധത്തിൽ ദണ്ഡിപ്പിച്ചു; ചുട്ടുപഴുപ്പിച്ച ഇരുമ്പു കസേരമേൽ പിടിച്ചുകെട്ടി; മാംസം വാറെടുത്തു; എന്നുവേണ്ടാ, മനുഷ്യബുദ്ധിക്ക് കണ്ടുപിടിക്കാവുന്നതും മനുഷ്യശക്തിക്കു സാദ്ധ്യവുമായ സകലവിധ ക്രൂരപ്രയോഗങ്ങളും ക്രിസ്തുസഭയുടെ നേരെ നടപ്പിലാക്കിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ബ്ളാന്തീന എന്നൊരു ക്രിസ്തീയ അടിമയുടെ മരണചരിത്രം സുപ്രസിദ്ധമായിത്തീൎന്നിട്ടുണ്ട്. ഒരു പകൽമുഴുവൻ റോമാ പടയാളികൾ അവളെ ദേഹോപദ്രവം ഏല്പിച്ചിട്ടും അവൾ മരിക്കുന്നില്ലെന്നു കണ്ടതിനാൽ അവസാനമായി ഒരു തൂണിൽ കെട്ടി കാട്ടുമൃഗങ്ങളെ അവളുടെ അടുക്കലേക്കു അഴിച്ചുവിടുകയാണ് ചെയ്തതു്. എന്നിട്ടും അവൾ 'അവസാനം വരെ ഞാനൊരു ക്രിസ്ത്യാനിയാകുന്നു' എന്നു മാത്രം പറഞ്ഞുകൊണ്ടു നിന്നു.

ഇക്കാലത്തു് റോമാനഗരത്തിൽവച്ച് രക്തസാക്ഷികളായി മരിച്ചവരിൽ പ്രധാനി ജസ്റ്റിൻ എന്ന എഴുത്തുകാരനാണ്. (എ. ഡി. 163—167) 'നീ ഉയിൎത്തെഴുനേല്ക്കുമെന്ന് ഊഹിക്കുന്നുവോ?' എന്നു വിസ്താരസമയത്തു മജിസ്ട്രേട്ടു ചോദിച്ചപ്പോൾ 'ഞാൻ ഊഹിക്കുകയല്ല, എനിക്കു നിശ്ചയമുണ്ട്' എന്നത്രെ ജസ്റ്റിനും സ്നേഹിതന്മാരും കൊടുത്ത മറുപടി. ചമ്മട്ടികൊണ്ടു് അടിച്ചശേഷം അവരെ തലവെട്ടിക്കൊല്ലുന്നതിനു് മജിസ്ട്രേട്ട് വിധിക്കയും ചെയ്തു.

സുറിയാനി പ്രാൎത്ഥനക്രമങ്ങളിൽ 'സഹദേന്മാരെ ഞങ്ങൾ ഓൎക്കുന്നു' എന്നും പാശ്ചാത്യക്രമങ്ങളിൽ 'രക്തസാക്ഷിക്കാരുടെ ശ്രേഷ്ഠസൈന്യം നിന്നെ സ്തുതിക്കുന്നു' എന്നും ചൊല്ലുമ്പോൾ ഈ വിധത്തിൽ കൎത്താവിനുവേണ്ടി സാക്ഷ്യം നിന്നവരുടെ ഓൎമ്മയെ നാം കൊണ്ടാടുകയാണ് ചെയ്യുന്നതു്.

## മൂന്നാം ശതാബ്ദത്തിലെ പീഡനങ്ങൾ

മൂന്നാം ശതാബ്ദത്തിൽ സഭയുടെ നേരെ മർദ്ദന നയം പ്രയോഗിച്ച ചക്രവത്തിമാർ സെപ്ററിമസ് സെവറസ്സ്, ഡീഷ്യസ്സ്, ഗാലസ്സ്, വലേറ്യൻ എന്നിവരാണ്. ഇവരിൽ ഒന്നാമതായി എ. ഡി. 192-211 വരെ ഭരിച്ചിരുന്ന സെപ്ററിമസ്സ് സെവറസിൻെറ നയത്തെക്കുറിച്ചാലോചിക്കാം. നയമാൻ തൻെറ അടിമയായ ഒരു എബ്രായ പെൺകുട്ടി മുഖാന്തരം കുഷ്ഠരോഗത്തിൽനിന്നു് സൌഖ്യം പ്രാപിച്ചതുപോലെ, ഇദ്ദേഹത്തിനു് ഒരു ക്രിസ്തീയ അടിമയുടെ തൈലാഭിഷേകത്താലും പ്രാത്ഥനയാലും ഭയങ്കരമായ ഒരു രോഗത്തിൽനിന്നു് സുഖം ലഭിച്ചതായി പറഞ്ഞിരിക്കുന്നു. ഇതു നിമിത്തമുള്ള നന്ദികൊണ്ടായിരിക്കാം കുറെക്കാലത്തേക്കു് ഇദ്ദേഹം ക്രിസ്ത്യാനികളുടെ നേരെ തൻെറ കൈ ഉയത്താഞ്ഞതു്. എന്നാൽ എ. ഡി. 195-ൽ ഇദ്ദേഹം പാസാക്കിയ ഒരു നിയമം ക്രിസ്തുമതത്തിൻെറ നാമ്പു നുള്ളിക്കളയുന്നതിനുള്ള ഒരു ഉദ്യമമായിരുന്നു. റോമാപൗരന്മാരാരും ക്രിസ്തുമതത്തിൽ ചേരരുതെന്നായിരുന്നു ഈ പുതിയവിളംബരത്തിൻെറ ചുരുക്കം. ആഫ്രിക്കയിലും, പ്രത്യേകിച്ചു് അലക്സാന്ത്ര്യയിലും, സിറിയായിലും കപ്പദോക്യയിലും ആണു് ഈ നിയമത്തിൻെറ കാഠിന്യം ക്രിസ്ത്യാനികൾ അനുഭവിച്ചതു്. അലക്സാന്ത്ര്യയിലെ വി: ക്ലെമന്തിൻെറ നേതൃത്വത്തിൽ നടത്തിവന്ന വൈദികാഭ്യസനശാല നിറുത്തലായതു് ഈ നിയമത്തിൻെറ ഫലമായിട്ടാണു്. വി: ഓറിജ്ജൻെറ പിതാവായ ലിയോനൈഡീസ്സ് എന്ന രക്തസാക്ഷിയുടെ മരണംനിമിത്തം ഈ ചക്രവത്തിയുടെ ഭരണകാലം ചരിത്രപ്രസിദ്ധമായിത്തീന്നിട്ടുണ്ടു്. ലിയോനൈഡീസിനെ തൂക്കിക്കൊല്ലുന്നതിനു വിധിച്ചപ്പോൾ ഇദ്ദേഹത്തിനു്ഭാൎയ്യയും ഏഴു മക്കളും കൂടിഎഴുതിയ എഴുത്തു് സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ക്രിസ്തീയ ധൈൎയ്യത്തിനു്ഒരുഉത്തമ ദൃഷ്ടാന്തമാണു്. 'ഞങ്ങളെപ്രതി അവിടുന്നു് മനസ്സു മാററാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളണം' എന്നു മാത്രമായിരുന്നു അവരുടെ അപേക്ഷ. ഈ കാലത്തു തന്നെ (എ. ഡി. 202) യാണു്, പേർപെച്ച്വാ എന്നും ഫെ

ലിസിററാ എന്നും പേരായ രണ്ടു ക്രിസ്തീയ യുവതികളുടെ രക്തസാക്ഷിമരണമുണ്ടായതു്. പേർപ്പെച്ചവാ മുലകുടിമാറാത്ത ഒരു കുഞ്ഞിനെ എടുത്തുംകൊണ്ടും ഫെലിസിററാ ഗർഭഭാരം വഹിച്ചുകൊണ്ടുമാണു് കാരാഗൃഹത്തിലെ ക്രൂരമായ ഓരോ പീഡകളനുഭവിച്ചതു്. ചക്രവർത്തിക്കു ബലി കഴിക്കുന്നതിനു് സമ്മതിച്ചിരുന്നെങ്കിൽ അടുത്തനിമിഷം അവക്കു സ്വാതന്ത്ര്യം പ്രാപിക്കാമായിരുന്നെങ്കിലും മാതാപിതാക്കന്മാരുടെയും സ്നേഹിതരുടെയും നിർബ്ബന്ധം വകവയ്ക്കാതെ, കർത്താവിനെപ്രതി മൃഗങ്ങളാൽ ചീന്തപ്പെടുന്നതിനു് അവർ മനസ്സോടെ തങ്ങളെത്തന്നെ ഏല്പിച്ചുകൊടുത്തു.

ക്രിസ്താബ്ദം 211—250 വരെ നാല്പതു വർഷത്തേക്കു സഭയ്ക്കു നാടുവാഴികളിൽനിന്നു യാതൊരുപദ്രവവും ഉണ്ടായില്ല. ഈ വർഷങ്ങളെ സഭയുടെ സമാധാനകാലമെന്നാണു് ചരിത്രകാരന്മാർ സാധാരണ പറഞ്ഞുവരുന്നതു്. എന്നാൽ ഈ സമാധാനം കാററിനും കോളിനും മുമ്പായി കാണാറുള്ള ശാന്തത മാത്രമായിരുന്നു. എ. ഡി. 249-ൽ ഡീഷ്യസ് ചക്രവർത്തി സിംഹാസനസ്ഥനായതോടെ ക്രിസ്തുമതത്തിൻെറ ശനിദശയും ആരംഭിച്ചു. റോമാസാമ്രാജ്യത്തെക്കുറിച്ചും ആചാരമര്യാദകളെപ്പററിയും അസാധാരണമായ അഭിമാനവും നിഗളവും ഈ ചക്രവർത്തിക്കുണ്ടായിരുന്നതിനാൽ സാമ്രാജ്യത്തിൻെറ പ്രശസ്തിയെ കളങ്കപ്പെടുത്തുന്ന എല്ലാററിനെയും എല്ലാവരെയും പാടേ നശിപ്പിക്കുന്നതു തൻെറ രാജകീയ ധർമ്മമായിട്ടാണു് ഡീഷ്യസ് ഗണിച്ചതു്. ക്രിസ്ത്യാനികളെല്ലാവരും റോമാദേവന്മാർക്കു ധൂപമണയ്ക്കുകയും ബലി കഴിക്കുകയും ചെയ്യണമെന്നു എ. ഡി. 249-ൽ ഒരു കല്പനമൂലം ഇദ്ദേഹം നിഷ്കർഷിക്കയും പ്രസ്തുത കല്പന നടപ്പിൽ വരുത്തുന്നതിനായി നാടൊട്ടുക്കു പോലീസുദ്യോഗസ്ഥന്മാരെ നിയമിക്കയും ചെയ്തു. കാരാഗൃഹത്തിലാക്കുക; നാടു കടത്തുക, അംഗഭംഗം ചെയ്യുക ആദിയായി, അവർ പഠിച്ച സകല പണികളും, പാവപ്പെട്ട ക്രിസ്ത്യാനികളുടെ നേരെ പ്രയോഗിച്ചു. സഭാനായകന്മാരായ ബിഷോപ്പന്മാരെയും പട്ടക്കാരെയും വധിക്കണമെന്നായിരുന്നു ചക്രവർത്തിയുടെ പ്രത്യേക നിർബ്ബന്ധം. റോ

മിലെ ഫേബിയൻ, അന്ത്യോഖ്യായിലെ ബാബിലസ്സ്, യെരുശലേമിലെ അലക്സാണ്ഡർ എന്നിങ്ങനെ അനേക ബിഷോപ്പന്മാർ അവരുടെ ജനങ്ങളുടെകൂടെ പാനീയയാഗമായി അർപ്പിക്കപ്പെട്ടു.

അന്ത്യോഖ്യായിലെ ബിഷോപ്പ് ബാബിലസിന്റെ മരണത്തെക്കുറിച്ചുള്ള കഥ എത്രയോ ഹൃദയസ്പൃക്കമായിരിക്കുന്നു! കൂടെയുണ്ടായിരുന്ന ആറു സ്നാനാർത്ഥികളുടെ കഴുത്തുകൾ, ഓരോന്നായി അരിഞ്ഞിടുന്നതു കണ്ടുനിന്ന ബിഷോപ്പ് 'കർത്താവേ, നീ എനിക്കു തന്നിരിക്കുന്ന പൈതങ്ങളോടുകൂടെ ഞാനിതാ വരുന്നു, എന്നു പറഞ്ഞു് തന്റെ കഴുത്തും ഘാതകന്മാർക്കു നീട്ടിക്കൊടുത്തു. ഇദ്ദേഹത്തിന്റെ കല്ലറ ഇന്നും റോമിൽ കാണാവുന്നതാണ്.

അലക്സാന്ത്രിയായിലെ ദീവന്നാസ്യോസ്സ്, കർത്തേജിലെ ബിഷോപ്പായ സിപ്രിയൻ എന്നീ പ്രധാനന്മാരും മററനേക ക്രിസ്ത്യാനികളും കാടുകളിലും ഗുഹകളിലും മരുഭൂമികളിലും അഭയം പ്രാപിച്ചു,

ഡീഷ്യസിന്റെ കാലത്താണ് സാമ്രാജ്യത്തെങ്ങുമുള്ള ക്രിസ്ത്യാനികൾ ഒന്നുപോലെ ഒരേസമയം പീഡിപ്പിക്കപ്പെടുന്നതിനിടയായതു്. അതുകൊണ്ടു് ഒന്നാമത്തെ സാർവ്വത്രികമായ പീഡനമെന്നു ഇതിനെക്കുറിച്ചു പറയാറുണ്ടു്.

ഡീഷ്യസിന്റെ പിൻഗാമിയായ വലേര്യൻ (എ. ഡി. 253—260) മതവിദ്വേഷത്തിന്റെയും ക്രൂരതയുടെയും ഒരവതാരമായിരുന്നു. ക്രിസ്ത്യാനി ആയിരിക്കയെന്നുള്ളതു് നിയമവിരുദ്ധമായ ഒരു സംഗതിയാണെന്നു അദ്ദേഹം കല്പനയുണ്ടാക്കി. ക്രിസ്താബ്ദം 257-ൽ വേറൊരു രാജശാസനംമൂലം ക്രിസ്ത്യാനികളുടെ ആരാധനസ്ഥലങ്ങളും, ആരാധനയും, സമ്മേളനവും ക്രമിനൽ നിയമപ്രകാരം ശിക്ഷാർഹമാക്കി. കുറെക്കൂടെ കഠിനമായ വേറൊരു വിളംബരം 258-ൽ കാലവിളംബമെന്യേ പുറപ്പെട്ടു. സഭാനേതാക്കന്മാരെയും ഉയർന്ന കുടുംബങ്ങളിലും സ്ഥാനങ്ങളിലും ഉണ്ടായിരുന്ന സ്ത്രീപുരുഷന്മാരെയും യാതൊരു ദാക്ഷിണ്യവും കൂടാതെ ഇദ്ദേഹത്തിന്റെ കിങ്കരന്മാർ വാളിന്നിരയാക്കി.

സഭാപിതാവായ ഓറിജൻെറ മരണം സംഭവിച്ചതു് 254-ൽ ആണു്. ഇദ്ദേഹം ഒരു പ്രസിദ്ധ വേദപുസ്തക വ്യാഖ്യാതാവും, തത്വജ്ഞാനിയും, വേദശാസ്ത്രപണ്ഡിതനും ആയിരുന്നു. കാർത്തേജിലെ ബിഷോപ്പായ സിപ്രിയൻ ഈ സമയത്താണു് വധിക്കപ്പെട്ടതു്. 'റോമാദേവന്മാരുടെയും റോമാസാമ്രാജ്യത്തിൻെറ പരിശുദ്ധചട്ടങ്ങളുടെയും ശത്രുവെന്നതാണു്, ദൈവഭക്തനും പുറജാതികളുടെപോലും സ്നേഹിതനുമായ ഈ ബിഷോപ്പിൻെറമേൽ ഇദ്ദേഹത്തെ വിസ്തരിച്ച ന്യായാധിപതി സ്ഥാപിച്ച കുററം. വിധി കേട്ടപ്പോൾ 'ദൈവത്തിനു സ്തോത്രം' എന്നു മാത്രം സിപ്രിയൻ പറഞ്ഞു. തൻെറ കർത്തവ്യം ഭംഗിയായി നിർവ്വഹിച്ചതിനു് തൻെറ ഘാതകനു് 25 താലന്തു സ്വർണ്ണം പ്രതിഫലമായി കൊടുക്കണമെന്നു് മഹാമനസ്കനായ ഈ ഭക്തൻ തൻെറ ചുററും നിന്നിരുന്ന സ്നേഹിതന്മാരോടു് മരിക്കുന്നതിനു മുമ്പു് ആവശ്യപ്പെടുകയുണ്ടായി. ഇദ്ദേഹം ആഫ്രിക്കയിൽ രക്തസാക്ഷിയായി മരിച്ച ആദ്യത്തെ ബിഷോപ്പാണു്.

അടുത്ത ചക്രവർത്തിയായ ഗാലീനസു് (എ. ഡി. 260—268) തൻെറ മുൻഗാമിയുടെ നയത്തിനെതിരായി പ്രവർത്തിക്കുന്നതിനുള്ള താല്പര്യംകൊണ്ടോ എന്തോ ക്രിസ്ത്യാനികളോടു വളരെ അനുഭാവംപ്രദർശിപ്പിച്ചു. ക്രിസ്ത്യാനികൾക്കു സംഘം കൂടുന്നതിനും വസ്തു സമ്പാദിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ആദ്യമായി ലഭിച്ചതു് ഇദ്ദേഹത്തിൻെറ കരുണയുടെ ഫലമാണു്. എ. ഡി. 260—303 വരെ സഭ വീണ്ടും കുറെ നാളത്തേക്കു സ്വസ്ഥത അനുഭവിച്ചു.

ക്രിസ്താബ്ദം 284-ൽ സിംഹാസനാരൂഢനായ ഡയോക്ലിഷ്യൻ ഭരണസാമർത്ഥ്യത്തിലും ബുദ്ധിവിശേഷതയിലും റോമാ ചക്രവർത്തിമാരിൽ അഗ്രഗണ്യനായിരുന്നു. ഇദ്ദേഹത്തിൻെറ ഭരണകാലത്തു്, ആദ്യം ഒരു ഇരുപതു സംവത്സരങ്ങൾക്കു് ക്രിസ്ത്യാനികൾ ചക്രവർത്തിയെ ഒരു സ്നേഹിതനായി ഗണിച്ചുവന്നു. ഭാര്യയും മക്കളും സ്നാനം ഏല്ക്കുന്നതിനുപോലും ഒരു കാലത്തു് ഇദ്ദേഹത്തിനു സമ്മതമായിരുന്നു. പ്രായാധിക്യത്തോടെ ചക്രവർത്തി മനസ്സാ

ക്ഷിയില്ലാത്ത ആലോചനക്കാരുടെ കയ്യിൽ അകപ്പെട്ട്, അവരുടെ ഒരു ആയുധമായിത്തീൎന്നു. പുറജാതി ദേവന്മാരെ വന്ദിക്കാത്ത ക്രിസ്തീയ പടയാളികളെ സൈനികനിയമപ്രകാരം കൊലശ്ശ വിധിക്കണമെന്നായിരുന്നു ഇദ്ദേഹം പുറപ്പെടുവിച്ച ഒരു നിയമത്തിൻെറ ചുരുക്കം. എ. ഡി. 303-ൽ ഇദ്ദേഹം പ്രയോഗിച്ച ഒന്നാമത്തെ പ്രധാന നിയമത്തിൻെറ ഉദ്ദേശ്യം ദൈവാലയങ്ങളും വേദപുസ്തകം ആദിയായ വിശുദ്ധ ഗ്രന്ഥങ്ങളും നശിപ്പിക്കണമെന്നുള്ളതായിരുന്നു. രക്തം ചൊരിയാതെ തന്നെ ക്രിസ്തുമതത്തെ ഉന്മൂലനം ചെയ്യുന്നതിനുള്ള ഒരു വിദ്യയായിരുന്നു ഇതു്. രണ്ടാമത്തെ നിയമപ്രകാരം ക്രിസ്തീയ പട്ടക്കാരെയെല്ലാം അറസ്റ്റു ചെയ്യുന്നതിനായി ഇദ്ദേഹം തൻെറ ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്തി. മൂന്നാമത്തെ നിയമത്തിൽ റോമാദേവന്മാൎക്കു ബലികഴിപ്പാൻ സമ്മതമുള്ളവൎക്കു സ്വാതന്ത്ര്യത്തിന് അവകാശമുണ്ടെന്നും അതിനു മനസ്സില്ലാത്തവരെ ഭേദദണ്ഡം ചെയ്തു് ശിക്ഷിക്കണമെന്നും ആജ്ഞാപിച്ചിരുന്നു. ഇദ്ദേഹത്തിൻെറ മരണക്കിടക്കയിൽനിന്നു് ഒപ്പും മുദ്രയും വച്ചു് പുറത്തിറക്കിയ നാലാമത്തെ നിയമം അതിഭയങ്കരമായ ഒന്നായിരുന്നു. ക്രിസ്ത്യാനികൾ മാത്രമല്ല, റോമരെപ്പോലെ തൻെറ പ്രജകളേവരും ബിംബങ്ങൾക്കു് ബലിപൂജകൾ കഴിക്കണമെന്നായിരുന്നു അതിൻെറ താല്പൎയ്യം. സങ്കുചിതബുദ്ധിയും ജാതിസ്പദ്ധയും അധികാരപ്രമത്തതയും ഇതുപോലെ ചരിത്രത്തിൽ വേറെ എങ്ങാനും കാണാനുണ്ടോ എന്നു സംശയമാണു്. നിഷ്ഠുരമായ ഈ നിയമങ്ങളുടെ ഫലം ഊഹിച്ചുകൊള്ളുകതന്നെ നല്ലതു്. 'ദൈവമേ: എത്രത്തോളം! എത്രത്തോളം! എന്നുള്ള നിലവിളി സഭയിൽനിന്നുയൎന്നുകൊണ്ടിരുന്നു.

## പീഡനങ്ങളുടെ അവസാനം

ദൈവം തൻെറ ജനങ്ങളുടെ നിലവിളികേട്ടു. തൻെറ സഭയെ കടാക്ഷിച്ചു. 'സൎവ്വശക്തൻ എന്നേക്കും മൌനമായിരിക്കുമോ?' കോൺസ്റ്റൻൈറൻ, മൾവിയൻ ബ്രിഡ്ജിലെ യുദ്ധത്തിൽ (എ. ഡി. 312) ജയിച്ചു് ചക്രവൎത്തി

യായതോടെ സഭയുടെ ശുക്രനും തെളിഞ്ഞു. ഇദ്ദേഹം യുദ്ധത്തിൻെറ തലേദിവസം നട്ടുച്ചയ്ക്ക് ആകാശത്ത് ഒരു ചുവന്ന കുരിശും 'ഇതിനാൽ ജയിക്ക' എന്നു കുരിശിനെ ചുററി ഒരു ലിഖിതവും കണ്ടതായും, അതനുസരിച്ചു തൻെറ പടയാളികൾ ക്രൂശടയാളം ധരിച്ച് യുദ്ധം ചെയ്യുന്നതിനാജ്ഞാപിച്ചതായും മററുമുള്ള കഥ സുപ്രസിദ്ധമാണല്ലൊ. കോൺസ്റ്റൻറൈൻ ചക്രവർത്തി എ. ഡി. 313-ൽ മിലാൻ നഗരത്തിൽവച്ചു ചെയ്ത പ്രസിദ്ധവിളംബരം സഭയുടെ സ്വാതന്ത്ര്യത്തിൻെറ തീട്ടൂരമായി വിചാരിക്കേണ്ടതാണ്. ക്രിസ്തുമതത്തിനും ക്രിസ്ത്യാനികൾക്കും റോമാസാമ്രാജ്യത്തിൽ പൂർണ്ണ സ്വാതന്ത്ര്യം ലഭിച്ചു; ഗവമ്മെൻറിൽനിന്ന് കണ്ടുകെട്ടിയ സകല കെട്ടിടങ്ങളും സാമഗ്രികളും തിരികെ കിട്ടി; സഭയ്ക്കു നേരിട്ട ദ്രവ്യനഷ്ടത്തിന് പരിഹാരമുണ്ടായി; ചുരുക്കിപ്പറഞ്ഞാൽ ക്രിസ്ത്യാനികൾ റോമാപൗരന്മാരുടെ സകല സ്വാതന്ത്ര്യങ്ങൾക്കും അവകാശികളാകുകയും, ക്രിസ്തുമതം ഗവമ്മെൻറ് അംഗീകാരം ലഭിച്ച ഒരു സ്വതന്ത്ര മതമായിത്തീരുകയും ചെയ്തു.

## പീഡനങ്ങളുടെ ഫലങ്ങൾ

നീറൊ മുതൽ ഡയൊക്ലിഷ്യൻവരെ ഏകദേശം 300 വഷത്തോളം നീണ്ടുനിന്ന മതപീഡകളുടെ ഫലത്തെക്കുറിച്ചുകൂടെ ചിന്തിച്ചശേഷം ഈ അദ്ധ്യായം അവസാനിപ്പിക്കാം.

രക്തസാക്ഷികളുടെ രക്തം സഭയുടെ വിത്താണ് എന്നല്ലോ തെർത്തുല്യൻ പറഞ്ഞിരിക്കുന്നതു്. റോമാസാമ്രാജ്യത്തിൻെറ കോണിലും മൂലയിലും ഒളിച്ചും മറഞ്ഞും കിടന്നിരുന്ന ക്രിസ്തുമതം ഈ ഭയങ്കര അഗ്നിശോധനയുടെ ഫലമായി ലോകപ്രസിദ്ധമാകുന്നതിനും, സംഖ്യാബലത്താലും, നിർമ്മലവിശ്വാസ തത്വങ്ങളുടെ പ്രകാശത്താലും ധർമ്മവീരന്മാരുടെ ധൈര്യസമ്പൂർണ്ണമായ സാക്ഷിയാലും, റോമാസാമ്രാജ്യത്തെക്കാളും അതിശയിക്കുന്ന ഒരു ശക്തിയായിത്തീരുന്നതിന് ഇടയായി. ഈ വിധത്തിൽ സഭ റോമാസാമ്രാജ്യത്തെ ജയിക്കുന്നതിനുള്ള കാരണങ്ങളായി

1. ക്രിസ്ത്യാനികളുടെ മതതീക്ഷ്ണത,
2. ഭാവിലോകത്തെക്കുറിച്ചുള്ള പ്രത്യാശ,
3. ആദിമസഭയിലെ അത്ഭുതങ്ങൾ,
4. ക്രിസ്ത്യാനികളുടെ ജീവിതവിശുദ്ധി,
5. സഭയുടെ ഐകമത്യ, ഭരണവിശേഷം,

എന്നീ അഞ്ചു സംഗതികൾ അക്രൈസ്തവ ചരിത്രകാരനായ ഗിബ്ബൻ പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. ഇതിൽനിന്നു ഡാക്ടർ ഗ്ലവർ പറയുന്നതുപോലെ, ക്രിസ്ത്യാനികൾ പുറജാതിക്കാരായ റോമരെ തോല്പിച്ചതു് ജീവിതവിശുദ്ധിയാലും, മരണത്താലും അത്രെ എന്നു് സ്പഷ്ടം. ലോകത്തെ ജയിക്കുന്നതിനുള്ള ഏക മാർഗ്ഗം ഇന്നും ഇതുതന്നെയെന്നു ക്രൈസ്തവർ ഏവരും വിചാരിച്ചു പ്രവർത്തിക്കുന്നപക്ഷം ഈ ലോകത്തിലെ രാജ്യങ്ങൾ ദൈവരാജ്യമായി രൂപാന്തരപ്പെടുന്നതിനു് കാലവിളംബമുണ്ടാകയില്ല.

പീഡനങ്ങളുടെ ഫലമായി ക്രിസ്തീയജീവിതത്തെയും വിശ്വാസത്തെയും പ്രതിപാദിക്കുന്ന ഒട്ടവളരെ ഗ്രന്ഥങ്ങൾ സഭയുടെ സ്വത്തായി ലഭിച്ചതാണു് തിന്മയിൽനിന്നുണ്ടായ വേറൊരു നന്മ. ചക്രവർത്തിമാരും ന്യായാധിപന്മാരും ജനസാമാന്യത്തിനും, ക്രിസ്തുസഭയെക്കുറിച്ചുണ്ടായിരുന്ന തെററിധാരണകൾ മാററി ക്രിസ്തുമതത്തിന്റെ സാക്ഷാലുള്ള സ്വഭാവം ചൂണ്ടിക്കാണിക്കണമെന്നുള്ളതായിരുന്നു, ഈ വക ഗ്രന്ഥങ്ങളുടെ പ്രധാന ഉദ്ദേശ്യം. ഇംഗ്ലീഷിൽ ഇവയെ അപ്പോളജീസ്സ് (Apologies) എന്നു് പറഞ്ഞുവരുന്നു. അതായതു്, മതത്തെക്കുറിച്ചുള്ള യുക്തിവാദങ്ങൾ അഥവാ വിശ്വാസപ്രതിവാദഗ്രന്ഥങ്ങൾ. ഇവയിൽ പ്രധാനമായവ, അറിസ്റ്റൈഡിസ്സ്, രക്തസാക്ഷിയായ ജസ്റ്റിൻ, ക്വാഡ്റട്ടസ്സ്, ഓറിജൻ, തെർത്തുല്യൻ, മീനുഷ്യസ്സ്, ഫീലിക്സ്, ടേഷ്യൻ, അഥനാഗൊറാസ്സ്, അലക്സന്ത്രിയായിലെ ക്ലെമന്തു് എന്നിവരെഴുതിയിട്ടുള്ളവയാണു്.

നന്മയും തിന്മയും സമ്മിശ്രമായിട്ടാണു് ലോകത്തിൽ കണ്ടുവരുന്നതു്. ദീർഘകാലത്തെ പീഡകൾ നിമിത്തം സഭയിൽ ചില ദോഷസമ്പ്രദായങ്ങൾ നുഴഞ്ഞുകയറിയതിൽ അത്ഭുതപ്പെടാനില്ല. മരണപര്യന്തം വിശ്വസ്തരായി

നിന്നു് ജീവകിരീടം പ്രാപിച്ചവരോട്ടുകൂടെ, കത്താവി നെ തള്ളിപ്പറഞ്ഞ അസംഖ്യം ബലഹീനവിശ്വാസികളും സഭയിൽ ഉണ്ടായിരുന്നു. റോമാദേവന്മാൎക്കു് ധൂപമൎപ്പിച്ച വർ (Thurificati), ബലികഴിച്ചവർ (Sacrifacati), ക്രിസ്തീയവിശ്വാസം ത്യജിച്ചെന്നു് ഗവൎമ്മെൻറിനോട്ട സട്ടിഫിക്കററു് വാങ്ങിയവർ (Libellatici) എന്നിങ്ങ നെ മൂന്നു കൂട്ടമായി വിശ്വാസത്യാഗികളെ തരംതിരിക്കാ വുന്നതാണു്. ഇവരെയെല്ലാം സഭയിൽനിന്നു് മുടക്കി എ ന്നു വിശേഷിച്ചു പറയേണ്ടല്ലോ. ഇവരുടെ സംഖ്യ വൎദ്ധി ച്ചതോടെ, സഭയിൽ പൊതുവെയും പ്രത്യേകിച്ചു് സി പ്രിയൻബിഷോപ്പിൻെറ കീഴിലുള്ള ആഫ്രിക്കയിലെ സഭയിലും, ഭരണസംബന്ധമായ പലപ്രയാസങ്ങൾ നേ രിട്ടു. രക്തസാക്ഷികൾക്കു് അക്കാലത്തു് സഭയിലുള്ള സ്ഥാ നം ഒന്നു വേറെതന്നെ ആയിരുന്നു. ബിഷോപ്പന്മാൎക്കുപോ ലും ഒരൎത്ഥത്തിൽ രക്തസാക്ഷികൾക്കുണ്ടായിരുന്നിടത്തോ ളം സ്വാധീനവും ശക്തിയും അധികാരവും ഇല്ലായിരുന്നു. വിശ്വാസത്യാഗികൾ ഈ വാസ്തവം മനസ്സിലാക്കി രക്ത സാക്ഷികളായി മരിക്കാൻ തുടങ്ങുന്നവരുടെ അടുക്കൽ ചെ ന്നു ശുപാൎശക്കത്തുകൾ വാങ്ങിക്കാൻ തുടങ്ങി. ഈ കത്തു കൾ സ്വീകരിച്ചു് ഇവരെ സഭയിൽ തിരികെ എടുക്കണ മെന്നു ഒരു കൂട്ടരും, എടുത്തുകൂടെന്നു വേറൊരു കൂട്ടരും വാ ദിച്ചു. കാൎത്തേജിലും, റോമിലും ആണു് ഈ വാദപ്രതി വാദം ശക്തിയായി നടന്നതു്. നോവേഷ്യൻ എന്ന ഒരു പ്രസ്ബിററർ സഭാനേതാക്കന്മാരെ ഇക്കാൎയ്യത്തിൽ വള രെ വിഷമിപ്പിച്ചു. എ, ഡി. 251-ൽ കാൎത്തേജിൽ സി പ്രിയൻെറ അദ്ധ്യക്ഷതയിൽ കൂടിയ ഒരു കൌൺസി ലിൽവച്ചു് സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം അനു തപിക്കുന്നവരെ തിരികെ സ്വീകരിക്കണമെന്നും,എന്നാൽ അനുതപിച്ചാൽ തന്നെയും വിശ്വാസത്യാഗികളായിത്തീ ൎന്ന പട്ടക്കാരെ വിശുദ്ധ കൎമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു് അ നുവദിച്ചുകൂടെന്നും ഒരു തീരുമാനം പാസ്സായി. ഇങ്ങനെ യാണു് സഭയിൽ കടന്നുകൂടിയ അഴിമതികൾ ഏറെക്കു റെ ശമിച്ചതു്.

മെലീഷ്യസിൻെറ ശീശ്മ, ഡൊണെററസിൻെറ ശീശ്മ എന്നു് വിളിച്ചുവരുന്ന രണ്ടു ഭിന്നതകൾ ഡയോക്ലീഷ്യൻ ചക്രവത്തിയുടെ ഭരണകാലത്തു സഭയിൽ ഉണ്ടാകുന്നതിനു് ഇടയായി. ഇതര ബിഷോപ്പന്മാരുടെ അധികാരസീമയിൽപെട്ടവക്കു് അനുവാദംകൂടാതെ പട്ടം കൊടുത്തതിനു് മുടക്കപ്പെട്ട (എ. ഡി. 306) അലക്സന്ത്ര്യയ്ക്കടുത്തുള്ള ലിക്കോപ്പൊലീസിലെ ബിഷോപ്പായ മെലീഷ്യസിൻെറ ഭാഗം ചേൎന്നുനിന്നവരെ മെലീഷ്യൻശീശ്മക്കാരെന്നു് പറഞ്ഞുവരുന്നു. ഇവർ പില്ക്കാലത്തു അറിയൂസ് കക്ഷികളോടു ചേൎന്നു അലക്സന്ത്രിയിലെ സഭയിൽ പല കുഴപ്പങ്ങൾ ഉണ്ടാക്കി. ഇതാണു് പൌരസ്ത്യസഭയിലെ ഒന്നാമത്തെ ശീശ്മ. ഇതുപോലെതന്നെ വിശുദ്ധ ഗ്രന്ഥങ്ങൾ വിട്ടുകൊട്ടത്തവരെ (ട്രാഡിറേറഴ്സ്-Traditors) സംബന്ധിച്ചു് എ. ഡി. 311 നോടടുത്തു് ആഫ്രിക്കയി (കാത്തേജി)ലെ സഭയിൽ ഒരു ഭയങ്കരമായ ഭിന്നതയും തക്കവും ഉണ്ടായി. സഭ പൊതുവെ ഇങ്ങനെയുള്ള ബലഹീനസഹോദരന്മാരോടു് ദാക്ഷിണ്യമായിട്ടാണു് പെരുമാറിയതു്. എന്നാൽ ആ നയത്തെ സ്വീകരിക്കാതെ, ഇക്കൂട്ടരെ സഭാംഗങ്ങളായി ഗണിക്കയൊ, പൌരോഹിത്യസ്ഥാനങ്ങളിൽ പ്രവേശിപ്പിക്കയൊ ചെയ്തുകൂടെന്നു് ഡോണേററസ്സ് (Donatus) എന്ന ഒരാളിൻെറ പാർശ്വവത്തികളും പില്ക്കാലങ്ങളിൽ ഡോണേററിസ്റ്റ് കക്ഷികൾ എന്ന പേരിൽ അറിയപ്പെട്ടിരുന്നവരുമായ ഒരു കൂട്ടം ഹ്രസ്വബുദ്ധികൾ ശാഠ്യം തുടങ്ങി. ഇതിൻെറ ഫലമായി കാത്തേജിലെ സഭ രണ്ടായി പിരിഞ്ഞു. കോൺസ്റ്റൻൈറൻ ചക്രവത്തി തൻെറ അധികാരം പ്രയോഗിച്ചു് ഈ ശണ്ഠ അവസാനിപ്പിക്കാൻ ശ്രമിച്ചെങ്കിലും, ക്രിസ്ത്വാബ്ദം 314-ൽ ആൾസ് (Arles) പട്ടണത്തിൽ പാശ്ചാത്യസഭയുടെ പ്രതിനിധികളായ 400 ബിഷോപ്പന്മാർ ചെയ്ത ബുദ്ധിപൂർവ്വകവും കരുണാപൂർണ്ണവുമായ ഒരു തീരുമാനത്താലാണു് സഭയിൽ സമാധാനം പുനഃസ്ഥാപിതമായതു്. എന്നാൽ ഡോണേററസ് കക്ഷികൾ മുതുകത്തെ മുള്ളുപോലെ വി. അഗസ്റ്റീനോസിൻെറ കാലംവരെ സഭയിൽ കലക്കം ഉണ്ടാക്കിക്കൊണ്ടിരുന്നു. ഇങ്ങനെ പീഡനങ്ങൾനിമിത്താം സഭയിൽ

അന്തഃഛിദ്രം ഉണ്ടാകുന്നതിന്നു് കാരണമായെന്നും നാം ഓക്കേണ്ടതാണു്.

ക്രിസ്തുസഭയ്ക്കുണ്ടായ അഗ്നിശോധനയുടെ ചരിത്രത്തിലേക്കു് തിരിഞ്ഞുനോക്കുമ്പോൾ, സന്താപത്തേക്കാൾ കൂട്ടതലായി സന്തോഷവും സ്തോത്രവുമാണു് ക്രിസ്ത്യാനികളായ നമ്മിൽനിന്നു് പുറപ്പെടേണ്ടതു്. അത്ഭുതകരമായ ദൈവനടത്തിപ്പു്, സുവിശേഷത്തിൻെറ ശക്തി, തൻെറ നാഥനോടുള്ള സഭയുടെ സ്നേഹത്തിൻെറ ആഴം, രക്തസാക്ഷികളുടെ വിശ്വാസം, പ്രത്യാശ, ധൈര്യം, ലോകത്തിന്മേൽ ദൈവരാജ്യത്തിനു് ലഭ്യമാകുന്ന അജയ്യ ശക്തിയുടെ നിശ്ചയം നിർമ്മല ക്രിസ്തീയ ജീവിതത്തിൻെറ അപ്രമേയശക്തി ആദിയായ ക്രൈസ്തവതത്വങ്ങൾ, പീഡനങ്ങളുടെചരിത്രപഠനഫലമായി, ആധുനികകാലത്തു ക്രിസ്തുവിൻെറ സാക്ഷിയായി വിളിക്കപ്പെട്ടിരിക്കുന്ന ഓരോ ക്രിസ്ത്യാനിയുടെയും മനസ്സിൽ ആഴമായിപതിയുന്നതിനും ജീവിതത്തിൽ പ്രകാശിക്കുന്നതിനും സഹായിക്കുന്നപക്ഷം, ആയിരക്കണക്കായി തങ്ങളുടെ കർത്താവിനുവേണ്ടിരക്തം ചൊരിഞ്ഞിട്ടുള്ള ഭക്തന്മാരുടെ ജീവിതവും മരണവും നിഷ്ഫലമായിട്ടില്ല എന്നു് സധൈര്യം പറയാവുന്നതാണു്.

---

# അദ്ധ്യായം 4

## ആദിമസഭയിലെ ഇടത്തുടകൾ

'ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു് ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽനിന്നും എഴുന്നേല്ക്കും' എന്നു് എഫെസൊസിലെ മൂപ്പന്മാരോടു് പൌലൊസപ്പൊസ്തലൻ പറഞ്ഞ വാക്കുകൾ പ്രവചനംപോ

ലെ നിവൃത്തിയായെന്നു ആദ്യത്തെ മൂന്നു നാലു ശതാബ്ദങ്ങളിലെ ചരിത്രം സാക്ഷിക്കുന്നുണ്ടു്. പൌലൊസിൻെറ ലേഖനങ്ങളിലും പത്രൊസിൻെറ എഴുത്തുകളിലും ദുരുപദേഷ്ടാക്കന്മാരിൽനിന്നു് സഭയ്ക്കു് വളരെ ഉപദ്രവം നേരിട്ടിരുന്നു എന്നു് സൂചിപ്പിച്ചിട്ടുണ്ടു് (2പത്രൊ. 2)

അപ്പൊസ്തലിക കാലശേഷം ദുരുപദേഷ്ടാക്കന്മാരുടെ ശക്തി വൎദ്ധിച്ചു. റോമാസാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ ചിതറിക്കിടന്ന സഭകളിൽ ഇവർ സ്ഥാനംപിടിച്ചു് സുവിശേഷത്തിനു് വിപരീതമായ ഓരോരോ ഉപദേശങ്ങൾ കൊടുത്തു് ജനങ്ങളെ വശീകരിപ്പാൻ തുടങ്ങി. ഇക്കൂട്ടരെ മൂന്നു് പ്രധാന ഭാഗമായി തരം തിരിക്കാവുന്നതാണു്:— (1) യഹൂദമതവിശ്വാസാചാരങ്ങൾ ക്രിസ്തുമതത്തിൽ കലൎത്തുന്നതിനു് ഉദ്യമിച്ചവർ; (2) പുറജാതിവിശ്വാസമൎയ്യാദകൾ പുതിയവേഷത്തിൽ ക്രിസ്തുമതത്തോടു ചേൎക്കുന്നതിനു് ശ്രമിച്ചവർ; (3) ക്രിസ്തുമതവിശ്വാസത്തിൻെറ ചില അംശങ്ങൾ മാത്രം അടിസ്ഥാനമാക്കി പ്രവൎത്തിച്ചവർ.

(1) യഹൂദമതപ്രതിപത്തിയുണ്ടായിരുന്ന ക്രിസ്ത്യാനികളാൽ സഭയ്ക്കു നേരിട്ട ദോഷങ്ങൾക്കു് പ്രതിവിധിയായി പുതുക്രിസ്ത്യാനികൾ അനുഷ്ഠിക്കേണ്ട ധൎമ്മങ്ങൾ ഏവയെന്നു് യെരുശലേം കൌൺസിലിൽ തീൎച്ചചെയ്തെങ്കിലും (അ. പ്ര. 15) ഈ ബുദ്ധിപൂൎവ്വകമായ തീരുമാനം അനുസരിച്ചു് യഹൂദക്രിസ്ത്യാനികളെല്ലാവരും പ്രവൎത്തിച്ചില്ല എന്നു ലേഖനങ്ങൾ സൂക്ഷിച്ചുവായിച്ചാൽ മനസ്സിലാകുന്നതാണു്. രക്ഷ പ്രാപിക്കുന്നതിനു് ക്രിസ്തുവിശ്വാസം മാത്രമല്ല, മോശൈക ന്യായപ്രമാണങ്ങളുടെ അനുഷ്ഠാനവും അത്യന്താപേക്ഷിതമാണെന്ന അഭിപ്രായത്തിനു് ആദ്യത്തെ രണ്ടു ശതാബ്ദങ്ങളിൽ പലസ്തീൻനാട്ടിലെ സഭയിൽ പ്രാബല്യം സിദ്ധിച്ചിരുന്നു. ഇങ്ങനെ യഹൂദമതാചാരങ്ങൾ മുറുകെപ്പിടിച്ചവരിൽ ഒരു കൂട്ടരെ (Pharisaic Ebionites) പരീശവൎഗ്ഗത്തിൽപെട്ട എബിയോന്യർ എന്നും, മറെറാരു കൂട്ടരെ എസ്സിനി എബിയോന്യർ (Essene Ebionites) എന്നും, വേറൊരു കൂട്ടരെ നസ്രാ

ണികൾ എന്നും പറഞ്ഞുവരുന്നു. ഇവർ യേശുവിനെ മശിഹാ ആയി സ്വീകരിച്ചെങ്കിലും, കർത്താവിൻെറ ദൈവത്വം സമ്മതിക്കുന്നതിനോ, വി: പൌലൊസിൻെറ ലേഖനങ്ങൾ വേദപുസ്തകാംശങ്ങളായി സ്വീകരിക്കുന്നതിന്നോ, തയ്യാറായിരുന്നില്ല. പരിച്ഛേദന, ശബ്ബത്താചാരം ആദിയായ യഹൂദമതാനുഷ്ഠാനങ്ങളാൽ രക്ഷ സമ്പാദിക്കണമെന്നായിരുന്നു ഇക്കൂട്ടരുടെ വാദം. പലസ്തീൻനാടിനു വെളിയിലെങ്ങും ഇവൎക്കധികം സ്വാധീനമില്ലാതിരുന്നതുകൊണ്ടും, പീഡനകാലത്തു ഇവരിൽ പലരും ജീവരക്ഷയ്ക്കായി സഭ വിട്ടതിനാലും ഇവരിൽനിന്നു ആദിമസഭയ്ക്കു ഗണ്യമായ ആപത്തൊന്നും ഉണ്ടായില്ലെന്നുള്ളതു ആശ്വാസകരംതന്നെ.

## നോസ്റ്റിക്കമതം (Gnosticism) ജ്ഞാനമതം

രണ്ടും മൂന്നും നാലും ശതാബ്ദങ്ങളിൽ സ്വരക്ഷാൎത്ഥം വിപരീതശക്തികളോടു ക്രിസ്തുസഭ നടത്തിയ പോരാട്ടം അതിഭയങ്കരമായിരുന്നു. ഒരു വശത്തു റോമാഗവമ്മെൻറിനോടും മറെറാരു വശത്തു വേദവിപരീതികളോടും നിരന്തരമായി യുദ്ധം ചെയ്യേണ്ട ഒരു നിലയാണു സഭയ്ക്കുണ്ടായിരുന്നതു്. വേദവിപരീതശക്തികളിൽ സൎവ്വപ്രധാനമായതാണു നോസ്റ്റിക്കു മതം. ഇതിൻെറ സ്വഭാവം വൎണ്ണിക്കാൻ അത്ര എളുപ്പമല്ല. ഇൻഡ്യയിൽ മിസ്സസ്സ് ബസൻറു പ്രചരിപ്പിച്ചിരുന്ന തിയോസഫിമതത്തോടു്ഇതിനെ സാമ്യപ്പെടുത്താവുന്നതാണു്. പൌരസ്ത്യമതങ്ങളായ പേൎഷ്യയിലെ സൊറൊവാസ്റ്ററിൻെറ മതം, ഇൻഡ്യയിലെ ബുദ്ധമതം, ഈജിപ്റ്റിലെ മതം ആദിയായ മതങ്ങളിലും യവനരുടെ തത്വജ്ഞാനസഞ്ചയത്തിലും ഉള്ള ഓരോ അഭിപ്രായങ്ങൾ എടുത്തു കൂട്ടിയിണക്കിയ ഒരു പുതിയമതമായിരുന്നു നോസ്റ്റിക്ക മതം. മിലാനിലെ വിളംബരംമൂലം പുറജാതികൾ സംഘമായി ക്രിസ്തുസഭയിൽ ചേൎന്നപ്പോൾ അവരിൽനിന്നു സഭയ്ക്കു പൊതുവെ നേരിട്ട ഒരാപത്തായി ഇതിനെ വിചാരിക്കാവുന്നതാണു" റോമാസാമ്രാജ്യത്തിൽ മുഴവൻ ഈ പുതിയ അഭിപ്രായഗതി പ്രചരിച്ചിരുന്നെ

ങ്കിലും സിറിയ, അലക്സാന്ത്ര്യാ, പൊന്തോസ്സ് ആദിയായ പ്രദേശങ്ങളിലെ സഭകളിലാണ് ഇതിൻെറ ശക്തി അധികമായി പ്രത്യക്ഷപ്പെട്ടതു്. ഏറെക്കുറെ വ്യത്യാസങ്ങളോടുകൂടെ ഈ പുതിയ മതം ഈ രാജ്യങ്ങളിൽ പ്രചരിച്ചിരുന്നു. ഇതിൻെറ പ്രധാന ഉപദേഷ്ടാക്കന്മാരായ സെറിന്തസ്സ്, ബാസിലിയിഡീസ്സ് (എ. ഡി. 120–130) വാലൻടൈനസ്സ്, ബാർദസേനസ്സ് എന്നിവരുടെ ഉപദേശങ്ങൾ തമ്മിലുള്ള അന്തരം ഗണ്യമാക്കാതെ അവരുടെ വിശ്വാസസംക്ഷേപം താഴെ ചേക്കുന്നു.

തിന്മയുടെ സ്വഭാവവും ഉത്ഭവസ്ഥാനവുമാണ് ഇവരുടെ പ്രധാന വാദവിഷയം. തിന്മ ദൈവത്തിൽനിന്നു വരുന്നുവെങ്കിൽ ദൈവം നന്മയിൽ പൂർണ്ണനല്ല; ദൈവം നന്മയിൽ പൂർണ്ണനെന്നു് സമ്മതിക്കുന്ന പക്ഷം ദോഷസംപൂർണ്ണമായ ഈ ലോകം സൃഷ്ടിച്ചതു് മറ്റാരെങ്കിലുമാണ്. ഇങ്ങനെയുള്ള ചിന്താഗതിയുടെ ഫലമായി മഹാദൈവം ലോകവുമായി യാതൊരു സംബന്ധവുമില്ലാതെ സ്ഥിതിചെയ്യുന്നുവെന്നും, എന്നാൽ ലോകത്തെ സൃഷ്ടിച്ചതും തന്നോടടുപ്പിക്കുന്നതും ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള ലഘുദൈവങ്ങളാണെന്നും, ഇവർ വാദിച്ചു. മനുഷ്യരെ, ആത്മികർ, ജഡികർ (പ്രകൃത മനുഷ്യർ), മാനസികർ (രണ്ടിനും മദ്ധ്യേയുള്ളവർ) എന്നിങ്ങനെ മൂന്നായി തരംതിരിക്കാമെന്നും, സാക്ഷാത്തായ രക്ഷ ജ്ഞാനത്താൽ പ്രാപിക്കണമെന്നും, ഇതു് ചുരുക്കം ചിലക്കു മാത്രമേ സാധ്യമാവു എന്നും യേശുക്രിസ്തു ദൈവമല്ല പ്രത്യുത ദൈവത്തിൻെറ ഒരു ശക്തി മാത്രമാണെന്നും, അവൻ യഥാത്ഥ മനുഷ്യനല്ലായിരുന്നു അവിടുന്നു് മനുഷ്യനായി പ്രത്യക്ഷമാക മാത്രമാണ് ചെയ്തതെന്നും, പാപം അജ്ഞത മാത്രമാണെന്നും, മറ്റും പല അക്രൈസ്തവ തത്വങ്ങളാണ് ഇവരുടെ വിശ്വാസത്തിൻെറ അസ്ഥിവാരമായിരുന്നിട്ടുള്ളതു്.* കൊലൊസ്സ്യലേഖനത്തിലും പുതിയനിയമത്തിലെ മറ്റു ചില പുസ്തക

* ജ്ഞാനത്താൽ രക്ഷ പ്രാപിക്കണമെന്നുള്ള ഇവരുടെ ഉപദേശംമൂലമത്രെ ഇവക്കു ജ്ഞാനമതക്കാർ (Gnosis=ജ്ഞാനം; Gnostics) അഥവാ നോസ്റ്റിക്ക മതക്കാർ എന്ന പേരു സിദ്ധിച്ചതു്.

ങ്ങളിലും ഇക്കൂട്ടരുടെ വിശ്വാസസംഗതികളെ സംബന്ധി ച്ച സൂചനകൾ കാണ്മാനുണ്ട്.† ക്രിസ്തുമതത്തിൻെറ വേഷം ധരിച്ച് അതിൻെറ ശക്തിയെ നിഷേധിച്ച ഇക്കൂട്ടരിൽനിന്നു് സഭയ്ക്കുണ്ടായ നഷ്ടം അനല്പമായിരുന്നു. ഇവരുടെ അഭിപ്രായഗതികൾ കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നതിനു് ഇവരിൽ പ്രമുഖനും പണ്ഡിതനുമായ മാഴ്സിയൻെറ ചരിത്രം നമുക്കു പരിശോധിക്കാം.

രണ്ടാം ശതാബ്ദത്തിലെ ഇടത്തൂട്ടുകാരിൽ പ്രധാനിയായി അറിയപ്പെട്ടുന്ന മാഴ്സിയൻചിററാസ്യയിൽ സൈനോപ്പ് തുറമുഖപട്ടണത്തിലെ ബിഷോപ്പിൻെറ പുത്രനും ധനികനായ ഒരു കപ്പലുടമസ്ഥനും ആയിരുന്നു. 138-നോടടുത്തു് സഭാഭ്രംശനായ ഇദ്ദേഹം റോമാനഗരത്തിൽ ചെന്നു് അവിടത്തെ സഭയുടെ അംഗമായിത്തീൎന്നു. ധൎമ്മവിഷയമായി ചെലവഴിക്കുന്നതിനു് ഏകദേശം ഇരുപതിനായിരം പവൻ ഇദ്ദേഹം റോമിലെ സഭയ്ക്കു് ദാനം ചെയ്തു. റോമാനഗരത്തിൽ താമസിച്ച കാലത്തു് മാഴ്സിയൻ തൻെറ നോസ്റ്റിക്കു് അഭിപ്രായങ്ങൾ സഭാംഗങ്ങളെ പഠിപ്പിച്ചുതുടങ്ങി. അവ സഭയ്ക്കു് സ്വീകാൎയ്യമല്ലാതെ വരികയാൽ എ. ഡി. 144-ൽ ഇദ്ദേഹത്തെ മുടക്കുകയും അതിൻെറ ശേഷം ഇദ്ദേഹം വേറൊരു സഭ സ്ഥാപിക്കയും ചെയ്തു.

വി: പോളിക്കാപ്പിൻെറ ശാസനഫലമായി മാഴ്സിയൻ തൻെറ അബദ്ധവിശ്വാസം ഉപേക്ഷിക്കുന്നതിനും, താൻ വഴിപിഴപ്പിച്ച അനേകരെ മാതൃസഭയിലേക്കു് തിരികെ കൊണ്ടുവരുന്നതിനും സന്നദ്ധനായെന്നും പ്രസ്താവയോഗ്യമാണു്. ആത്മസംയമനം, കരുണ ആദിയായ സൽഗുണങ്ങളാൽ അലംകൃതനായ മാഴ്സിയൻ ഇതരജ്ഞാനവാദികളെ അപേക്ഷിച്ച് ഉത്തമനായ ഒരു മനുഷ്യനെന്നു് ജനസമ്മതം പ്രാപിച്ചിരുന്നു.

---

† 1യോഹ: 4: 2; കൊലൊ. 2: 18; 2തിമൊ. 2: 18.

ഇദ്ദേഹത്തിന്റെ ഉപദേശം * താഴെ പറയുന്ന വിധത്തിലായിരുന്നു. വസ്തുമയമായ പ്രപഞ്ചം തിന്മയുടെ ഇരിപ്പിടമാകയാൽ നന്മയിൽ സംപൂർണ്ണനായ ദൈവത്തിന്റെ സൃഷ്ടിയെന്നു പറഞ്ഞുകൂടാ. സാക്ഷാൽ രണ്ടു ദൈവമുണ്ട്. യേശുക്രിസ്തുവിൽക്കൂടി അറിയപ്പെട്ടുന്ന 'ദൈവം' ഒന്നു്, യഹൂദന്മാരുടെ ദൈവമായ 'യഹോവ' വേറൊന്നു്യഹോവ നീതിയുള്ളവൻ; എന്നാൽ 'ദൈവം' കരുണയുള്ളവൻ. നീതിയും കരുണയും തമ്മിൽ സംബന്ധമില്ലാത്തതുപോലെ ഇവരും പരസ്പരവിരോധികളാണ്. ക്രിസ്ത്യാനികൾ പഴയനിയമം വായിക്കുകയോ വിശ്വസിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. പുതിയനിയമത്തിൽതന്നെയും പഴയനിയമവുമായിബന്ധമുള്ള ഭാഗങ്ങൾ ത്യാജ്യങ്ങളാണ്. യേശുക്രിസ്തു ശരീരിആയിത്തീർന്നെന്നു വിചാരിക്കുന്നതു്അബദ്ധമാണ്. ലോകവും മനുഷ്യശരീരവും തിന്മയുടെ ഇരിപ്പിടമാകയാൽ ദൈവം മനുഷ്യനായി അവതരിക്കുക അസാദ്ധ്യം. ക്രിസ്തുവിന്റെ മനുഷ്യാവതാരവും മരണവും ഉയിപ്പും യഥാർത്ഥമല്ല. വിവാഹത്തിൽനിന്നു് 'ആത്മികമനുഷ്യർ' ഏവരും ഒഴിഞ്ഞിരിക്കേണ്ടതാണ്. മാഴ്സിയൻ തന്റെ ശിഷ്യന്മാരുടെയും സഭയുടെയും ഉപയോഗത്തിലേക്കായി വി: പൌലൊസിന്റെ പത്തു ലേഖനങ്ങളും ലൂക്കൊസിന്റെ സുവിശേഷത്തിലെ ചില ഭാഗങ്ങളും തിരഞ്ഞെടുത്തു് ഒരു പ്രത്യേക വേദപുസ്തകമുണ്ടാക്കി. ഇതു വേദപുസ്തക കാനോന്റെ വളർച്ചയ്ക്കു് പില്ക്കാലത്തു് ഗണ്യമായ ഒരു സഹായമായിത്തീർന്നു. മാഴ്സിയന്റെ വേദവിപരീതാഭിപ്രായങ്ങളെ ഖണ്ഡിച്ചു് അഞ്ചു വാല്യങ്ങളിലായി സഭാപിതാവായ തെർത്തുല്യൻ ഒരു ഗ്രന്ഥം ചമച്ചിട്ടുണ്ട്. മാഴ്സിയന്റെ ശിഷ്യന്മാരുടെ ശക്തിയും സ്വാധീനവും ഹനിക്കുന്നതിനു സഭാനേതാക്കന്മാരും കോൺസ്റ്റന്റൈൻ ചക്ര

* മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരുടെ (പരേതനായ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ) 'മതോപദേശസാരങ്ങൾ' (നാലാം പതിപ്പ് 1914) 52 മുതൽ 58 വരെയുള്ള വാശങ്ങളിൽ പുരാതന വേദവിപരീതികളുടെ ഒരു ചുരുങ്ങിയ ചരിത്രവും ഉപദേശസാരവും കാണ്മാനുണ്ട്.

വത്തിയും കഴിയുന്നത്ര ശ്രമിച്ചെങ്കിലും, ഏഴാംശതാബ്ദം വരെ നാം കൂടെക്കൂടെ ഇവരെ സഭാചരിത്രത്തിൽ കാണുന്നുണ്ട്.

ക്രിസ്തുമതത്തെ തത്വജ്ഞാനപരമായ ഒരു മതമായി ജ്ഞാനവാദികൾ പൊതുജനങ്ങളെ ധരിപ്പിച്ചുവന്നതിനാൽ, സംസ്കാരപ്രിയരും ചിന്താശീലരും ആയ പല സഭാംഗങ്ങൾ ഇവരുടെ വലയിൽ അകപ്പെട്ടുന്നതിനിടയായി. വിശേഷിച്ച്, ചിന്താഗതിയിലും, ജീവിതനടപടികളിലും, അനുവദിച്ചിരുന്ന സ്വാതന്ത്ര്യം ജനങ്ങളെ ഈ പുതിയ പന്ഥാവിലേക്ക് ആകർഷിക്കുന്നതിനു പര്യാപ്തമായിരുന്നു. നോസ്റ്റിക്ക വിശ്വാസത്തെ ക്രിസ്തുമതത്തിൻെറ ശത്രുവായി സഭ ഗണിച്ചതു രണ്ടു പ്രധാന കാരണങ്ങളാലാണു്, ഒന്നാമതായി, അതു യേശുവിൻെറ തിരുവവതാരത്തെ നിഷേധിച്ചു; രണ്ടാമതായി അതു ആത്മികകാര്യങ്ങളിൽ ഉച്ചനീചഭാവം പുലർത്തി ക്രിസ്തുശിഷ്യന്മാരുടെ ഐക്യഭാവത്തെ ഭഞ്ജിച്ചു. സാധാരണന്മാർക്ക് ഒരു മതം; ജ്ഞാനികൾക്കു വേറൊരു മതം; ഈ വിധത്തിൽ സാർവ്വത്രികമായ ക്രിസ്തുമതത്തെ ജ്ഞാനവാദികൾ രണ്ടായി പിളൎന്നുവച്ചു: ഈ വിധത്തിലുള്ള വിഷബീജങ്ങൾ സഭാശരീരത്തിൽ കുത്തിവച്ച ഈ പാഷണ്ഡമതത്തെ ക്രിസ്തുസഭയിലെ ഒന്നാമത്തെ പ്രധാന ഇടത്തൂടെന്നും, അറിയൂസ്സ് മതത്തെ രണ്ടാമത്തെ ഇടത്തൂടെന്നും സഭാചരിത്രകാരന്മാർ വിധിച്ചിരിക്കുന്നു.

ഇനിയും നാം ചിന്തിക്കുവാൻ ആരംഭിക്കുന്ന മൊണ്ടേനമതവും നോസ്റ്റിക്ക മതവും തമ്മിൽ അജഗജാന്തരമുണ്ടു്. നോസ്റ്റിക്കമതത്തെ പുറമെനിന്നുണ്ടായി ശാഖയിൽ പടൎന്നുപിടിച്ചു വൃക്ഷത്തെ ശോഷിപ്പിക്കുന്ന ഇത്തിളിനോടും, മൊണ്ടേനമതത്തെ കോതമ്പിനോടുകൂടെ വളൎന്നുവന്നു് ഒടുവിൽ വളരെ നഷ്ടമുണ്ടാക്കുന്ന കളയോടും ഉപമിക്കാവുന്നതാണു്. മറെറാരു വിധത്തിൽ പറഞ്ഞാൽ നോസ്റ്റിക്ക്മതം പുറജാതികളിൽനിന്നു നുഴഞ്ഞുകയറിയ ഒരു പാഷണ്ഡമതമായും മൊണ്ടേനമതം ക്രിസ്ത്യാനികൾക്കു പിടിപെട്ട ഒരു വിശ്വാസത്യാഗമായും, താരതമ്യേന കരുതാവുന്നതത്രെ.

## മൊണ്ടേനമതം

വിശ്വാസസംബന്ധമായോ, ഭരണരീതി സംബന്ധമായോ, സഭയ്ക്കെതിരായി പ്രത്യക്ഷപ്പെട്ടന്ന പ്രതിഷേധങ്ങളെ സാധാരണയായി ഇടത്തുട്ടകൾ എന്നു പൊതുവെ പറഞ്ഞുവരുന്നെങ്കിലും, നിലവിലിരിക്കുന്ന ഭരണസമ്പ്രദായം, പാരമ്പര്യമായി പാലിച്ചുപോരുന്ന ആചാരമര്യാദകൾ എന്നിവകളോടുള്ള അവജ്ഞയും പ്രാതികൂല്യവും നിമിത്തം പുതിയ സമ്പ്രദായങ്ങൾ ഏറ്റെടുത്തുന്നതിനു മുതിരുന്ന മനോഭാവത്തെ ശീശ്മയെന്നു നാമകരണം ചെയ്യുന്നതാണ് ശരിയായിട്ടുള്ളത്. സഭയുടെ പാരമ്പര്യവിശ്വാസം വിട്ടുകളയാതെ, സഭയുടെ അനുവാദംകൂടാതെ പുതിയ ചില ആചാരങ്ങൾ ഏറ്റെടുത്തിയ കുററത്തിനു മൊണ്ടേനകക്ഷികൾ വിധേയരായിരിക്കുന്നതിനാൽ അവരെ ശീശ്മക്കാരായി ഗണിക്കാവുന്നതാണ്. മൊണ്ടേനുരുടെ ശീശ്മയാണ് ആദിമസഭയിലെ ഒന്നാമത്തെ പ്രധാനശീശ്മ.

മൊണ്ടേനമതത്തെ ഒരു 'നിസ്സഹകരണപ്രസ്ഥാന'മായി, അഥവാ, പ്രതിഷേധ പ്രസ്ഥാനമായി ചിന്തിക്കുന്നപക്ഷം അതിൻെറ സ്വഭാവം കൂടുതൽ വിശദമാകുന്നതാണ്. ഒരുവശത്തു ജ്ഞാനവാദികളോടും, മറുവശത്തു സഭയോടും മൊണ്ടേന്യർ നിസ്സഹകരണം അനുഷ്ഠിച്ചുപോന്നു. നോസ്റ്റിക്കു ചിന്തകന്മാർ ബുദ്ധിക്കും ജ്ഞാനത്തിനും മതകാര്യങ്ങളിൽ കല്പിച്ചിരുന്ന മഹൽസ്ഥാനത്തെ പ്രതിഷേധിക്കാനോ എന്നു തോന്നുമാറു ഹൃദയവികാരങ്ങൾക്കും ചിന്താതീതമായ വെളിപ്പാടുകൾക്കും ഈ ശീശ്മപ്രസ്ഥാനക്കാർ അസാമാന്യവില കല്പിച്ചിരുന്നു. ക്രിസ്തുമതം ജ്ഞാനികളുടെ നേട്ടമല്ല, സാധാരണ മനുഷ്യരുടെ ജന്മാവകാശമത്രെ എന്നു സ്ഥാപിക്കുന്നതിനു മൊണ്ടേനസ് ഉത്സുകനായിരുന്നു. സഭയോടു മൊണ്ടേനസിന് അവജ്ഞയുണ്ടാകുന്നതിനുള്ള കാരണം വേറൊരു വിധത്തിലുള്ളതായിരുന്നു. നോസ്റ്റിക്ക് അഭിപ്രായങ്ങളുമായുള്ള സമരത്തിൻെറ ഫലമായി സഭയുടെ ഘടന കൂടുതൽ ദൃഢീഭവിച്ചു ശക്തിപ്പെട്ടതോടുകൂടെ അതിൻെറ ആത്മികദർശനം മങ്ങിത്തുടങ്ങുകയും, കാലക്രമേണ ബിഷോപ്പന്മാർ, പ്രസ്ബിറററർമാർ

ആദിയായവരുടെ സ്ഥാനങ്ങൾ കൂട്ടിക്കൊള്ളത്തിയ ഭീമമായ ഒരു ഭരണയന്ത്രമായി സഭ രൂപാന്തരപ്പെട്ടുകയും ചെയ്തു. ഇങ്ങനെയുള്ള ഒരു ഭരണകൂടത്തെ ക്രിസ്തുമയമാക്കുന്നതിനുള്ള ശ്രമം വിഫലമെന്നു കണ്ടു് ആത്മികസ്വാതന്ത്ര്യവും തീക്ഷ്ണതയും കത്തിജ്വലിക്കുന്ന ഒരു ക്രിസ്തീയ സഹോദരസംഘം സൃഷ്ടിക്കുന്നതിനാണു് മൊണ്ടേനപ്രഭൃതികൾ ഉദ്യമിച്ചതു്. ഈ കാരണങ്ങൾകൊണ്ടത്രെ മൊണ്ടേനമതത്തെ ഒരു പ്രതിഷേധപ്രസ്ഥാനമായി ഗണിക്കാമെന്നു പറയുന്നതു്.

രണ്ടാം ശതാബ്ദത്തിന്റെ ഉത്തരാദ്ധത്തിൽ ക്രിസ്തുസഭക്കു പൊതുവെ ഒരു മാന്ദ്യം സംഭവിച്ചതായും ആദിമസഭക്കുണ്ടായിരുന്ന പല ആത്മികവരങ്ങൾ നഷ്ടപ്പെട്ടതായും സഭാംഗങ്ങളിൽ അനേകക്കു ബോധ്യമായി. ക്രിസ്തു വാഗ്ദത്തം ചെയ്തിരുന്ന (യോഹ. 15: 26) പാറക്കലീത്തായുടെ കാലത്തിൽ തങ്ങൾ പ്രവേശിച്ചിരിക്കുന്നുവെന്നും, കത്താവിന്റെ പുനരാഗമനം സമീപിച്ചിരിക്കുന്നതിനാൽ എല്ലാവരും ആത്മീക നിറവുള്ളവരാകണമെന്നും ഉള്ള അഭിപ്രായങ്ങൾ സഭയിൽ മാറെറാലിക്കൊണ്ടു. ഈ കാലത്തു് ഏഷ്യാമൈനറിലെ ഫ്രിജിയയിൽ മൊണ്ടേനസ് എന്ന ഒരു പുറജാതി പുരോഹിതൻ ക്രിസ്ത്യാനിയാകുന്നതിനിടയായി. എ. ഡി. 156-ൽ, താൻ ഒരു പ്രവാചകനാണെന്നും പാറക്കലീത്താ (പരിശുദ്ധാത്മാവു്) യുടെ വാഹനമാണെന്നും പരിശുദ്ധാത്മാവു തന്നിൽക്കൂടി പ്രവത്തിച്ചുകൊണ്ടിരിക്കുന്നുവെന്നും മററും ഈയാൾ വാദിച്ചു. ദീർഘദർശിനിമാർ എന്നു പേരെടുത്ത പ്രിസ്കായും മാക്സിമില്ലായും ഭത്താക്കന്മാരെ ഉപേക്ഷിച്ചു മൊണ്ടേനസ്സിന്റെ ശിഷ്യകളായി ഈയാളോടുകൂടെ പ്രവത്തിച്ചുപോന്നു. ലോകാവസാനവും പുതിയ യെരുശലേം ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള കാലവും സമീപിച്ചിരിക്കുന്നുവെന്നു് ഇവർ പ്രസംഗിക്കയാൽ ഫ്രിജിയായിൽ മാത്രമല്ല, ആഫ്രിക്ക, ത്രേസ്, ഫ്രാൻസ്, റോമാ എന്നീ രാജ്യങ്ങളിൽനിന്നു് ഒട്ടുവളരെ ജനങ്ങൾ ഇവരെ അനുഗമിച്ചു. വിവാഹജീവിതം, മാംസഭക്ഷണം, ആദിയായ ലോകസന്തോഷങ്ങൾ ഉപേക്ഷിക്കുന്നതിലും നോമ്പു് ആചരി

ക്കുന്നതിലും ഇവർ വളരെ നിഷ്കർഷയുള്ളവരായിരുന്നു. ഇവരിൽ ഭക്തന്മാരെല്ലാവരും രണ്ടു ഗ്രാമങ്ങൾ തിരഞ്ഞെടുത്തു് അവിടെ താമസിക്കയും സകലവും പൊതുവിൽ അനുഭവിച്ചു കർത്താവിൻെറ വരവു കാത്തിരിക്കയും ചെയ്തു എന്നുംകൂടെ പറഞ്ഞിരിക്കുന്നു. ഈ ചരിത്രം നമ്മുടെ നാട്ടിൽ സുപ്രസിദ്ധനായിത്തീൎന്ന യുസ്തൂസ് യോസേഫിൻെറ (വിദ്വാൻകുട്ടി) യുയോമയപ്രസ്ഥാനത്തെ അനുസ്മരിപ്പിക്കുന്നു. ഫ്രിജിയായിലെ ജനങ്ങൾ മലയാളി ക്രിസ്ത്യാനികളെപ്പോലെ മാൎഗ്ഗകാൎയ്യങ്ങളിൽ താല്പൎയ്യമുള്ളവരും വേഗം മനസ്സിളകി വശാകുന്നവരും ആയിരുന്നു എന്നും പ്രസ്താവയോഗ്യമാണു്.

മൊണ്ടേനമതത്തിൽ ചേൎന്നവരിൽ ബുദ്ധിശക്തികൊണ്ടും ആദൎശശുദ്ധികൊണ്ടും പ്രഥമസ്ഥാനം അർഹിക്കുന്നതു് ആഫ്രിക്കയിലെ ഒന്നാമത്തെ സഭാപിതാവായ തെൎത്തുല്യനാണു് (എ. ഡി. 160—230). സഭയ്ക്കു് അക്കാലത്തു നഷ്ടമായ ആത്മികസ്വാതന്ത്ര്യം, ജീവിതവിശുദ്ധി, ലോകവുമായുള്ള വേർപാടു് ആദിയായ ക്രൈസ്തവാദൎശങ്ങൾക്കു മൊണ്ടേനമതത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിക്കുമെന്നുദ്ദേശിച്ചാണു് ഇദ്ദേഹം ഈ പുതിയ സഭയിൽ ചേൎന്നതു് (എ. ഡി. 207). തെൎത്തുല്യൻെറ സ്വാധീനംമൂലം കാൎത്തേജിൽ മൊണ്ടേനസഭ ഒരു വലിയ ശക്തിയായിത്തീൎന്നു. സഭയെ പുറജാതി ആചാരമൎയ്യാദകളിൽനിന്നു് നിൎമ്മലീകരിച്ചു പരിശുദ്ധാത്മാവിൻെറ നിൎവ്വിഘ്നമായ വ്യാപാരത്തിനു വിധേയമാക്കണമെന്നുള്ളതായിരുന്നു തെൎത്തുല്യൻെറ അഭിവാഞ്ഛ. സഭയിൽ പുരോഹിതന്മാരെന്നും ജനങ്ങളെന്നും ഉള്ള നിലവ്യത്യാസം തന്നെ ഈ നൂതനമതാനുസാരികൾക്കു് സഹിച്ചുകൂടാഞ്ഞു. കൃപാവരം മെത്രാന്മാരിലും പട്ടക്കാരിലുംകൂടി അല്ല പ്രാപിക്കേണ്ടതെന്നു ചില സ്ഥലങ്ങളിൽ കേട്ടുവരുന്ന അഭിപ്രായം മൊണ്ടേനമതത്തിൻെറ ഒരു പ്രതിധ്വനിപോലെയിരിക്കുന്നു.

ഇങ്ങനെയുള്ള ഒരു സംഘത്തോടു സഭയുടെ പൊതുവെയുള്ള നയം എന്തായിരുന്നു എന്നുകൂടെ നോക്കാം. മൊണ്ടേന മതത്തെ അമൎത്തുന്നതിനു് ഏഷ്യാ മൈനറിൽ ഒ

ട്ടവളരെ സുന്നഹദോസുകൾ എ. ഡി. 160–ാമാണ്ടിനുശേഷം കൂട്ടുകയുണ്ടായി. ക്രിസ്താബ്ദം 180 നട്ടത്തു പാശ്ചാത്യ ദേശങ്ങളിലുള്ള സഭ മൊണ്ടേനന്യരെ വെളിക്കു തള്ളി വാതിൽ അടച്ചു. കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ രണ്ടാമത്തെ പൊതു സുന്നഹദോസ് (എ. ഡി. 381) ആകട്ടെ മൊണ്ടേനസ്സിൻെറ പിൻഗാമികളെ ക്രിസ്ത്യാനികളായി ഗണിച്ചുകൂടെന്നു വിധി പ്രസ്താവിച്ചു. ഈ പുതിയ ഇടത്തുട്ടുകാരെ സഭയിൽനിന്നു ബഹിഷ്കരിച്ചെങ്കിലും, ഇവരുടെ പല പ്രമാണങ്ങൾ സഭയെ വളരെക്കാലത്തേക്കു ശക്തിയായി ഭേമിച്ചുകൊണ്ടിരുന്നു. സഭാപിതാവായ അഗസ്തീനോസിൻെറ കാലത്തും നാം ഇവരെ അവിടവിടെയായി കാണുന്നുണ്ട്. മൊണ്ടേനമതത്തിൻെറ തോൽവിയോടുകൂടെ, ക്രിസ്തുവിൻെറ പുനരാഗമനസാമീപ്യത്തിലും സഹസ്രാബ്ദവാഴ്ചയിലും ഉണ്ടായിരുന്ന വിശ്വാസത്തിന് ഉടവുതട്ടിയെന്നു സമ്മതിക്കേണ്ടായിരിക്കുന്നു.

മൊണ്ടേനമതത്തിൻെറ ചരിത്രത്തിൽനിന്നു ഇക്കാലത്തും ക്രൈസ്തവസഭ പല സംഗതികൾ പഠിക്കേണ്ടതുണ്ട്. ദൈവാത്മവ്യാപാരം സഭാ നേതാക്കന്മാരിലും സഭാനിയമങ്ങളിലും മാത്രം അടങ്ങിയിരിക്കുന്നുവെന്നു വാദിക്കുന്നതു ശരിയല്ല. 'കാററു് ഇഷ്ടമുള്ളേടത്തു് അടിക്കുന്നു' എന്നത്രെ ക്രിസ്തു പ്രസ്താവിച്ചിരിക്കുന്നതു്. അതുപോലെതന്നെ സഭയിലെ കുഴപ്പങ്ങളും അഭക്തിയും നിമിത്തം സഹിക്കവഹിയാതായിട്ടു ഭക്തന്മാരെ മാത്രം തിരഞ്ഞെടുത്തു സ്വന്തം സഭകൾ സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നവർ മൊണ്ടേന കക്ഷികളുടെ ചരിത്രത്തിൽനിന്നു ചില പാഠങ്ങൾ മനസ്സിൽ കരുതേണ്ടതുണ്ട്. 'ദൈവം കുഴപ്പത്തിൻെറ ദൈവമല്ല; ക്രമത്തിൻെറ ദൈവമത്രെ' (1 കൊരി. 14: 33) എന്നു വി. പൌലൊസു കൊരിന്ത്യക്കു നൽകിയ ഗുണദോഷം മൊണ്ടേനകക്ഷികൾക്കു കാലാന്തരത്തിൽ മാത്രമേ മനസ്സിലാക്കുന്നതിനു കഴിഞ്ഞുള്ളു. കോതമ്പും കളയും ഇഹലോകത്തിൽ വച്ചു തരം തിരിക്കുന്നതിൻെറ വൈഷമ്യവും, ഇതര ക്രിസ്ത്യാനികളുമായുള്ള സംസർഗ്ഗത്തിൻെറ ആവശ്യവും അവർക്കു കാലക്രമേണ ബോധ്യമായി. ഇതെല്ലാം ഇക്കാലത്തും ഏവരും ധരിക്കേണ്ട സത്യങ്ങളാണു്.

വേദവിപരീതകളോട്ട് എതിരിട്ടതിൻെറ ഫലമായി പല നല്ല സംഗതികൾ ക്രിസ്തുസഭയ്ക്കു ലഭ്യമായിട്ടുണ്ടു്. മാഴ്സിയൻെറയും നോസ്റ്റിക്കു് മതത്തിൻെറയും വാദങ്ങളെ ഖണ്ഡിക്കുന്നതിനു ചെയ്ത ശ്രമങ്ങൾക്കിടയിലാണു് പുതിയനിയമ പുസ്തകങ്ങൾ ഒന്നിച്ചു ചേൎത്തു കാനോനികമായ വേദപുസ്തകമാക്കിയതു്. മാഴ്സിയൻതന്നെയും ഇതിനു് ഒരു സഹായി ആയിത്തീൎന്നു. മൊണ്ടേനമതത്തോടു നടത്തിയ സമരത്തിൻെറ ഫലമായി സഭാഭരണം പൂൎവ്വാധികം ക്രമപ്പെട്ടു ശക്തിപ്പെടുത്തുന്നതിനും ഇടയായി എന്നു മാത്രമല്ല, സഭ പൊതുവെ കൂടുതൽ നിൎമ്മലമാകുന്നതിനും സാധിച്ചു. എന്നാൽ ബിഷോപ്പന്മാരുടെ അധികാരം സഭയിൽ വളരെ വൎദ്ധിച്ചു വരുന്നതിനും ഇതു മുഖാന്തരമായിത്തീൎന്നു. ഇക്കാലത്തു് അനേക പുതിയ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. ക്രിസ്തീയ വിശ്വാസത്തിൻെറ അടിസ്ഥാനതത്വങ്ങൾ നിൎണ്ണയിക്കുന്നതിനുള്ള അന്വേഷണബുദ്ധി പ്രബലമായതോടെ, കാലക്രമേണ ഒരു വിശ്വാസപ്രമാണവും (Apostles' Creed) സഭയ്ക്കു് ലഭ്യമായി.

---

# അദ്ധ്യായം 5

## പൊതുവിലുള്ള
## ആദ്യത്തെ മൂന്നു സുന്നഹദോസുകൾ

### നിഖ്യായിലെ സുന്നഹദോസ് (എ. ഡി. 325)

'നിഖ്യായിലും കുസ്തന്തീനോസ് പോലീസിലും എഫെസൊസിലും ഉണ്ടായ മൂന്നു സുന്നഹദോസുകളേയും..... ......ഞങ്ങൾ ഓക്കുന്നു' എന്നു ആരാധനക്രമത്തിൽ കാണുന്നതിനാൽ ഈ മൂന്നു സുന്നഹദോസുകൾക്കു സഭയെ സംബന്ധിച്ചിടത്തോളം ഏതാണ്ടൊരു പ്രാധാന്യമുള്ളതായി വിചാരിക്കാവുന്നതാണല്ലോ. അതെന്തായിരിക്കാം? ഒന്നാമതായി റോമാസഭയുൾപ്പെടെയുള്ള ക്രിസ്തീയ സഭാവിഭാഗങ്ങൾ പൊതുസുന്നഹദോസുകളായി ഗണിച്ചുവരുന്ന ആദ്യത്തെ മൂന്നു സുന്നഹദോസുകളാണു് ഇവ. സഭാവിശ്വാസം രൂപവല്ക്കരിക്കുന്നതിനും പൊതുവിൽ സ്വീകരിക്കുന്നതിനും ഇടയായതു് ഈ സുന്നഹദോസുകളിൽവച്ചാണെന്നുള്ളതു വേറൊരു സംഗതിയാണു്. സാവ്വത്രികമായ ഒരു വിശ്വാസപ്രമാണം നിമ്മിച്ചതുകൂടാതെ, സഭാഭരണത്തിനു ഉപയുക്തങ്ങളായ അനവധി കാനോനാകൾ(ചട്ടങ്ങൾ)ഈ സുന്നഹദോസുകൾ ഉണ്ടാക്കീട്ടുണ്ടെന്നുള്ളതാണു് ഇവയുടെ മറെറാരു വിശേഷം. ഇങ്ങനെ പല പ്രകാരത്തിൽ പ്രാധാന്യമുള്ളതും സഭാചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചതുമായ ഈ സുന്നഹദോസുകൾ കൂടുന്നതിനുള്ള കാരണങ്ങളെയും വാദവിഷയങ്ങളെക്കുറിച്ചുള്ള സുന്നഹദോസിൻെറ തീരുമാനങ്ങളെയും പററിയാണു് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുവാൻ തുടങ്ങുന്നതു്.

ക്രിസ്ത്വാബ്ദം നാലാം ശതാബ്ദത്തെ വിശ്വാസസംബന്ധമായ വാദപ്രതിവാദങ്ങളുടെ കാലമെന്നു വിളിക്കാവുന്നതത്രെ. ക്രിസ്തുമതത്തിൻെറ കാതലായ അനേക തത്വങ്ങൾ രൂപവല്ക്കരിച്ചതും ഇവയെല്ലാം ചേത്തു വിശ്വാസപ്രമാണം ക്രോഡീകരിച്ചതും ഈ ശതാബ്ദത്തിലാണു്.

യേശുക്രിസ്തുവും ദൈവവുമായുള്ള സംബന്ധം, യേശുക്രിസ്തുവിൻെറ ആളത്വം, സ്വഭാവം എന്നിവയായിരുന്നു മേൽ പ്രസ്താവിച്ച സുന്നഹദോസുകളിലെ പ്രധാന വാദവിഷയങ്ങൾ. മുഖവുരയായി ഇത്രയും പ്രസ്താവിച്ചശേഷം ഈ വാദങ്ങൾക്ക് ആരംഭകാരണനായ അറിയൂസിൻെറ ചരിത്രത്തിലേക്കു കടക്കാം.

അറിയൂസ് (എ. ഡി. 256—336):-ലിബിയാ സ്വദേശിയും അലക്സന്ത്ര്യാ സഭയിലെ ഒരു മൂപ്പനും (പട്ടക്കാരനും) ആയിരുന്ന അറിയൂസ് ഒരു അസാമാന്യപണ്ഡിതനും, വാഗ്മിയും, കാര്യതന്ത്രജ്ഞനും കൂടെ ആയിരുന്നു. ദീർഘകായനായ ഇദ്ദേഹം ഒരു സന്യാസിയായിരുന്നതിനാൽ ജനങ്ങൾക്ക് ഇദ്ദേഹത്തോടു വളരെ ബഹുമാനം ഉണ്ടായിരുന്നു. അന്ത്യോഖ്യയിലെ വൈദികനായ ലൂസിയൻെറ ശിഷ്യനായിരുന്ന അറിയൂസിൽ അഹംഭാവം, മത്സരബുദ്ധി എന്നീ ബലഹീനവശങ്ങൾ ഉണ്ടായിരുന്നുവെങ്കിലും വേദവിപരീതികൾ ഏവരും സകല തിന്മയുടെയും ഇരിപ്പിടമാണെന്നുള്ള സാധാരണ അഭിപ്രായം ഇദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒട്ടുംതന്നെ സ്വീകാര്യമല്ല.

അലക്സാന്ത്രിയായിലെ ബിഷോപ്പായ അലക്സാണ്ഡർ, പിതാവും പുത്രനും സമന്മാരാണെന്നും, മൂവരായ ദൈവം ഒന്നാണെന്നും ഒരിക്കൽ പ്രസ്താവിച്ചപ്പോൾ, കുശാഗ്രബുദ്ധിയായ അറിയൂസ് ബിഷോപ്പിൻെറ ഉപദേശം ശരിയല്ല എന്നു വാദിച്ച് അദ്ദേഹത്തോടെതിൎത്തു. ത്രിത്വത്തിൻെറ ഏകത്വത്തിനു ശക്തികൊടുക്കുന്ന പക്ഷം, പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള വ്യത്യാസം മാഞ്ഞുപോകുമെന്നായിരുന്നു അറിയൂസിൻെറ ഭയം. ഇതിനെ തുടൎന്നു, പുത്രനായ ദൈവം പിതാവായ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനെന്നും, അതിനാൽ താൻ ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു എന്നും അറിയൂസ് ഉപദേശിച്ചു. ബിഷോപ്പും അറിയൂസും തമ്മിലുള്ള വാദപ്രതിവാദം മൂത്തിട്ട് അലക്സന്ത്ര്യാസഭയിലെ പട്ടക്കാരും ജനങ്ങളും രണ്ടു കക്ഷിയായി പിരിഞ്ഞു ജനങ്ങളെ തൻെറ

ഭാഗത്തു ചേക്കുന്നതിനും, അവരെ തൻെറ വാദന്യായങ്ങൾ മനസ്സിലാക്കുന്നതിനും ആയി അറിയൂസ് ചെയ്ത ഒരു വിദ്യ പാമരന്മാക്കുപോലും ഗ്രഹിക്കത്തക്കവിധത്തിൽ പ്രസ്തുതവിഷയത്തെക്കുറിച്ചു ലളിതമായ പാട്ടുകളും കവിതകളും എഴുതി തെരുവിൽകൂടി ചൊല്ലിക്കൊണ്ടു് നടക്കുന്നതിനു് ചന്തപ്പിള്ളാരെയും തൊഴിലാളികളെയും അഭ്യസിപ്പിക്കയും ഉത്സാഹിപ്പിക്കയും ചെയ്ത എന്നുള്ളതായിരുന്നു. അറിയൂസിൽനിന്നുള്ള ഉപദ്രവം സഹ്യമല്ലാതെവന്നപ്പോൾ അലക്സാണ്ഡർ ബിഷോപ്പു് എ. ഡി. 321-ൽ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി അറിയൂസിനെയും അവൻെറ ശിഷ്യന്മാരെയും സഭയിൽനിന്നു ബഹിഷ്കരിച്ചു.

അറിയൂസ് ഇതുകൊണ്ടു് അധൈര്യപ്പെട്ടില്ല. പലസ്തീൻനാട്ടിൽ ചെന്നു് ചരിത്രകാരനായ കൈസര്യയിലെ യൂസീബിയസിനെയും മററു ചിലരെയും സന്ദശിച്ചശേഷം സ്വപക്ഷത്തു് ചില ബിഷോപ്പന്മാരെയും വൈദികശ്രേഷ്ഠന്മാരെയും ചേക്കുന്നതിനു് നാനാസഭകളിലും എഴുത്തുകൾ അയച്ചു. തൻെറ സതീത്ഥ്യനും നിക്കോമീദിയാ ബിഷോപ്പും ആയ യൂസീബിയസ് കാലതാമസംകൂടാതെ അറിയൂസിൻെറ പക്ഷം ചേന്നു.

സഭയിൽ ഭിന്നത വദ്ധിക്കുന്നതു് സാമ്രാജ്യത്തിനുതന്നെയും ക്ഷേമകരമായ ഒരു സംഗതിയല്ലെന്നു ബുദ്ധിമാനായ കോൺസ്റ്റൻൈറൻ ചക്രവത്തി മനസ്സിലാക്കിയിട്ടു്, അറിയൂസിനെയും അലക്സാണ്ഡറിനെയും തമ്മിൽ രമ്യപ്പെടുത്തുന്നതിനു ശ്രമിച്ചു. പക്ഷെ ചക്രവത്തിയുടെ ഗുണദോഷംകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടായില്ല. എതായാലും ഈ വഴക്കു് അവസാനിപ്പിക്കുന്നതിനു് ചക്രവത്തി ഉറച്ചുംകൊണ്ടു് സഭയുടെ ഒരു സുന്നഹദോസു് വിളിച്ചുകൂട്ടി.

ചരിത്രപ്രസിദ്ധമായ പൊതുവിലുള്ള ഒന്നാമത്തെ ഈ സുന്നഹദോസ് കൂടിയതു ബിഥിന്യയിലെ ഒരു പ്രധാന നഗരവും ഒരു മദ്ധ്യസ്ഥാനവുമായ നിഖ്യാപട്ടണത്തിൽ ആയിരുന്നു (എ. ഡി. 325). പ്രസ്തുത സുന്നഹദോസിൽ ചക്രവത്തിയുടെ ക്ഷണമനുസരിച്ചു് റോമാസാമ്രാജ്യമൊ

ട്ടുക്കുള്ള സഭകളുടെ പ്രതിനിധികളായി. 318 ബിഷോപ്പന്മാർ സംബന്ധിച്ചിരുന്നുവെന്നാണ് പാരമ്പര്യവിശ്വാസം. 250 പേർ ഹാജരായിരുന്നുവെന്നു മാത്രമേ യൂസീബിയസിന്റെ ചരിത്രത്തിൽ കാണുന്നുള്ളൂ. അവിടെ വന്നിരുന്നവരിൽ ചിലർ പീഡനങ്ങളുടെ ഫലമായി അംഗവൈകല്യം പ്രാപിച്ചവരായിരുന്നു എന്നു സ്മരണീയമാണ്. ദൃഷ്ടാന്തമായി കോപ്റ്ററിക്ക് (ഏജിപ്ത്) സഭയിലെ ഒരു പ്രതിനിധിക്കു ഒരു കണ്ണും കാലും നഷ്ടപ്പെട്ടിരുന്നു.

സുന്നഹദോസിന്റെ ചരിത്രത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി അറിയൂസിന്റെ ഉപദേശങ്ങളെക്കുറിച്ച് സ്വല്പം ചിന്തിക്കേണ്ടതുണ്ട്.

പിതാവായ ദൈവത്തിനും പുത്രനായ ദൈവത്തിനും തമ്മിൽ ഗണ്യമായ സ്ഥിതിഭേദമുണ്ട്. പുത്രൻ പിതാവിനാൽ സൃഷ്ടിക്കപ്പെട്ടവനാകയാൽ പിതാവിനോടു സമനല്ല; എന്നു മാത്രമല്ല സകലത്തിനും മുമ്പായി പുത്രൻ സൃഷ്ടിക്കപ്പെട്ടെങ്കിലും, പുത്രനില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. പുത്രൻ പിതാവിൽ നിന്നു സ്വഭാവത്തിൽ വ്യത്യസ്ഥനാകയാൽ ഒരു പ്രത്യേക അർത്ഥത്തിൽ മാത്രമേ പുത്രനെ ദൈവമെന്നു പറയുന്നതിനു നിവൃത്തിയുള്ളൂ. ഒരു സൃഷ്ടിയെന്ന നിലയിൽ ക്രിസ്തു പാപത്തിനും കാലപ്പഴക്കം കൊണ്ടുള്ള മാററത്തിനും വശംവദനാണ്. ഇതായിരുന്നു അറിയൂസിന്റെ ഉപദേശം. ചുരുക്കിപ്പറഞ്ഞാൽ യേശുക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കയായിരുന്നു അറിയൂസ് ചെയ്തതു്. ഇങ്ങനെയുള്ള ഒരു ഉപദേശം സ്വീകരിക്കുന്നതിനു ആളുകൾ ഉണ്ടായല്ലോ എന്നുള്ളതു് നമുക്കു അത്ഭുതമായി തോന്നിയേക്കാം. എന്നാൽ കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ കാലത്തു് ലക്ഷക്കണക്കായി ജാതികൾ സഭയിൽ അംഗങ്ങളായി ചേർന്നുവെന്നു് ഓർക്കേണ്ടതാണ്. അവർക്കു ക്രിസ്തീയ വിശ്വാസം മനസ്സിലാക്കുന്നതിനു പ്രയാസമായിരുന്നു. പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് ഈ മൂന്നു ആളത്വങ്ങളെക്കുറിച്ചു ക്രിസ്ത്യാനികൾ സംസാരിക്കുന്നതുകേട്ടു് ദൈവം മൂന്നാണോ, ഒന്നാണോ എന്നുള്ള സംശയംമൂലം അവർ വിഷമിക്കാൻ

തുടങ്ങി. ഇങ്ങനെയുള്ളവക്ക് ദൈവത്തിൻെറ ഏകത്വത്തെ സ്ഥാപിച്ചുള്ള അറിയൂസിൻെറ വിശ്വാസം ആകർഷണീയമായി തോന്നിയതിൽ ആശ്ചര്യപ്പെടാനില്ല. അറിയൂസിൻെറ ആത്മിക സന്താനങ്ങളായി ഇംഗ്ലണ്ടിൽ, യൂണിറേററിയൻ മതക്കാരെന്നും, അമേരിക്കയിലും നമ്മുടെ നാട്ടിലും റസ്സൽ ഉപദേശക്കാരെന്നും പറയുന്ന ഓരോ കൂട്ടർ ഇപ്പോഴും ഉണ്ടെന്നു ഏവക്കും അറിയാവുന്നതാണല്ലോ.

സുന്നഹദോസിൻെറ ചരിത്രം തുടരാം. അറിയൂസും തൻെറ കക്ഷിപ്രധാനന്മാരായ തിയോന്നാസും, സെക്കണ്ടസും, നിക്കമീദ്യയിലെ യുസീബിയസും ഒരു ഭാഗം; ഭൂരിപക്ഷം ബിഷോപ്പന്മാരും വാദത്തിൽ അവരുടെ പ്രധാന വക്കീലായ അത്താനാസ്യോസ് ശെമ്മാശനും മറുഭാഗം; ഇങ്ങനെ ആയിരുന്നു സുന്നഹദോസിലെ കക്ഷി വിഭാഗം. എ. ഡി. 325 ജൂൺ 19-ാംതീയതി കൂടിയ സുന്നഹദോസ് യോഗങ്ങൾ, ആഗസ്റ്റ് 25-ാം തീയതിയാണ് അവസാനിച്ചതു്. ഇങ്ങനെ രണ്ടു മാസത്തിൽപരം അറിയൂസും എതിരു കക്ഷികളും തമ്മിൽ ഭയങ്കരമായ വാദപ്രതിവാദം നടന്നുകൊണ്ടിരുന്നു. ഒടുവിൽ ചരിത്രകാരനായ കൈസര്യയിലെ യൂസീബിയസ് മദ്ധ്യസ്ഥാനം സ്വീകരിച്ചുകൊണ്ടു് സഭയുടെ അംഗീകാരത്തിനായി തൻെറ സഭയിൽ ജ്ഞാനസ്നാനസമയത്തു് ഉപയോഗിച്ചുവന്നിരുന്ന വിശ്വാസ പ്രമാണം സമപ്പിച്ചു. പക്ഷെ ഇതു രണ്ടുകൂട്ടക്കും സ്വീകാൎയ്യമായില്ല. ഒടുവിൽ അത്താനാസ്യോസിൻെറ ശക്തിയായ വാദങ്ങളുടെ ശേഷം ഹോമോഊസിയോസ് (Homoousios) എന്നു് പിൽക്കാലത്തു് പ്രസിദ്ധി നേടിയ ഒരു വാക്കുകളുടെ ചേൎത്തും മററു ചില പരിഷ്കാരങ്ങൾ ചെയ്തും ഒരു വിശ്വാസപ്രമാണം രൂപപ്പെടുത്തുകയും ഭൂരിപക്ഷം അതു് അംഗീകരിക്കുകയും ചെയ്തു. Homoousios എന്ന വാക്കുകൊണ്ടു് സഭക്കു് പൊതുവെ സാധിക്കേണ്ടിയിരുന്നതു്, പിതാവും പുത്രനും സാരാംശത്തിൽ സമത്വമുള്ളവരാണെന്നു് സ്ഥാപിക്കയെന്നുള്ളതായിരുന്നു. അറിയൂസു കക്ഷികൾ ഇതു പക്ഷെ സമ്മതിച്ചുകൊടുത്തിരുന്നില്ല. സുന്നഹഹദോസിൽ വച്ചു സ്വീകരി

ച്ച വിശ്വാസപ്രമാണത്തിനു് ഒപ്പു വയ്ക്കുന്നതിനു് സമ്മതമില്ലാതിരുന്ന അറിയൂസിൻെറ സ്നേഹിതന്മാരായ രണ്ടു ബിഷോപ്പന്മാരെ, അറിയൂസിനോടുകൂടെ ചക്രവത്തി ഉടനെ തന്നെ നാടു കടത്തി. ഇങ്ങനെ സഭയുടെ വിശ്വാസക്കപ്പലിനെ തകക്കുമെന്നു ഭയന്നിരുന്ന പാറകളിൽ നിന്നു് രക്ഷപ്രാപിച്ച് ദൈവസഹായത്താൽ സഭ പുരോഗമിച്ചു തുടങ്ങി.

നിഖ്യാവിശ്വാസപ്രമാണമെന്നപേരിൽ പൌരസ്ത്യസഭകൾ സ്വീകരിച്ചിരിക്കുന്ന വിശ്വാസപ്രമാണത്തിൻെറ ചില ഭാഗങ്ങൾ പിന്നാലെ വരുന്ന സുന്നഹദോസുകളിൽ നിമ്മിച്ചവയാണെങ്കിലും അതിലെ പ്രധാന ഭാഗങ്ങൾ നിഖ്യായിൽ വച്ചു് രൂപവൽക്കരിക്കപ്പെട്ടതു നിമിത്തം, അതിനെ ഇന്നും നിഖ്യാവിശ്വാസപ്രമാണം എന്നു് സാധാരണ വിളിച്ചു വരുന്നു.

വിശ്വാസപ്രമാണത്തിൻെറ കടശ്ശിയിൽ താഴെക്കാണുന്ന ശാപവാചകവുംകൂടെ ചേത്തിരുന്നുവെന്നുള്ളതു് സ്മരണീയമാണ്. "അവൻ ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നുവെന്നും, അവൻ ജനിക്കുന്നതിനുമുമ്പ് അവൻ ഇല്ലായിരുന്നുവെന്നും, ഇല്ലായ്മയിൽനിന്നു് അവൻ സൃഷ്ടിക്കപ്പെട്ടുവെന്നും പറയുന്നവരെയും, ദൈവപുത്രൻ പിതാവിൽനിന്നു് വിഭിന്നമായ സ്വഭാവം ഉള്ളവനാണെന്നോ, സൃഷ്ടിയാണെന്നോ സ്വഭാവവ്യത്യാസത്തിനു വശംവദനാണെന്നോ വാദിക്കുന്നവരെയും, സാവ്വത്രികവും അപ്പൊസ്തലികവുമായ സഭ ഇതിനാൽ ശപിച്ചിരിക്കുന്നു."

## നിഖ്യാസുന്നഹദോസിൻെറ ഇതരതീരുമാനങ്ങൾ

ഉയിപ്പുപെരുനാൾ ആചരിക്കേണ്ട തീയതിയെക്കുറിച്ചു രണ്ടാം ശതാബ്ദത്തിൽ ഇഗ്നാത്യോസ്, പോളിക്കാപ്പ് ആദിയായവരും, റോമാ സഭയും തമ്മിൽ നടന്ന വാദപ്രതിവാദത്തിനു് ഒരു തീരുമാനമുണ്ടായതും ഈ കൌൺസിലിൽ വച്ചാണു്. നീസാൻ (March-April) മാസം 14-ാം തീയതികഴിഞ്ഞു വരുന്ന ഞായറാഴ്ച ഉയിപ്പു പെരു

നാളായി ആചരിക്കണമെന്നായിരുന്നു സുന്നഹദോസിൻെറ വിധി.

പ്രസ്തുത സുന്നഹദോസ് പാസ്സാക്കിയ 20 കാനോനാകൾ (ചട്ടങ്ങൾ) ഭാവികാലത്തെ സഭാഭരണത്തിനു് വളരെ സഹായിച്ചിട്ടുണ്ടു്. നാലാമത്തെ കാനോൻപ്രകാരം മൂന്നു ബിഷോപ്പന്മാർ കൂടി ഒരു എപ്പിസ്കോപ്പായെ വാഴിക്കാമെന്നും, ആറാമത്തെ ചട്ടപ്രകാരം റോമാപാത്രിയക്കീസ് ഉൾപ്പെടെയുള്ള സകല പാത്രിയക്കീസ്സന്മാക്കും ചില അതിർത്തികളിൽ മാത്രമേ ഭരണം നടത്താവു എന്നും, 17-ാം കാനോൻപ്രകാരം പുരോഹിതസ്ഥാനികൾ പണം പലിശക്കു കൊടുത്തുകൂടെന്നും, 20-ാം കാനോനിൽ ഞായറാഴ്ചയാരാധനയിൽ ജനങ്ങൾ എഴുന്നേററു നിൽക്കണമെന്നും വിധിച്ചിട്ടുണ്ടു്. ഇങ്ങനെ പല വിധത്തിലുള്ള നിയമങ്ങളാണു് സുന്നഹദോസ് നടപ്പിൽ വരുത്തിയതു്.

സഭാചരിത്രത്തിൽ നിഖ്യാസുന്നഹദോസിനുള്ള പ്രാധാന്യം ഒന്നു വേറെ തന്നെയാണു്. ക്രിസ്തുവിൻെറ ദൈവത്വത്തെ സംസ്ഥാപിക്കമൂലം ക്രിസ്തു വിശ്വാസത്തെ അറിയൂസ് കൊടുങ്കാററിൽനിന്നു് രക്ഷിച്ചു. എന്നു മാത്രമല്ല, ഏക ദൈവത്തിലുള്ള വിശ്വാസം മനുഷ്യഹൃദയത്തിൽ ഉറപ്പിച്ചതുതന്നെ നിഖ്യാ സുന്നഹദോസായിരുന്നു എന്നു ചരിത്രകാരനായ ഡോക്ടർ ബി. ജെ. കിഡ് പ്രസ്താവിക്കുന്നു. അറിയൂസ്സ് കക്ഷികൾ ജയിച്ചിരുന്നെങ്കിൽ ക്രിസ്തുമതം കാലക്രമേണ ഒരു ഐതിഹ്യമായി ശോഷിച്ചുപോകുമായിരുന്നു എന്നു തോമ്മസ് കാർലൈൽ പറഞ്ഞിരിക്കുന്നതിൽ അതിശയോക്തി ലവലേശം ഇല്ല.

## അറിയൂസ് കക്ഷികളുടെ അനന്തരചരിത്രം

അറിയൂസ് കക്ഷികൾ നിഖ്യാ സുന്നഹദോസിൽ പരാജിതരായെങ്കിലും, ഭഗ്നാശയരാകാതെ സഭാംഗങ്ങളെ നിഖ്യാ വിശ്വാസത്തിൽനിന്നു മാറിച്ചു തങ്ങളുടെ വശത്താക്കുന്നതിനു തീവ്രയത്നം ചെയ്തുതുടങ്ങി. അറിയൂസിനെ മുടക്കിയതു വകവയ്ക്കാതെ കാലവിളംബമെന്യേ ഒട്ടുവളരെ ബിഷോപ്പന്മാർ അറിയൂസിൻെറ പക്ഷത്തു ചേർന്നു. നി

ഖ്യാവിശ്വാസത്തിനുവേണ്ടി ഭയങ്കര പോരാട്ടം ചെയ്ത്, അറിയൂസ് കക്ഷികളെ വാദത്തിൽ മട്ടപ്പിച്ച്, സഭയിൽനിന്ന് ഓടിക്കുന്നതിനു പ്രയത്നിച്ചവരിൽ അഗ്രഗണ്യൻ അത്താനാസ്യോസ് ആയിരുന്നു. ഇദ്ദേഹത്തിൻെറ ഉത്സാഹത്താലാണ് നിഖ്യാവിശ്വാസപ്രമാണംതന്നെ സുന്നഹദോസിൽവച്ച് എല്ലാവരും സ്വീകരിക്കുന്നതിനിടയായത് എന്നു മേൽ പ്രസ്താവിച്ചുവല്ലോ. സുന്നഹദോസിനു് ശേഷവും ഏകദേശം 50 വൎഷക്കാലത്തേക്ക് അറിയൂസ് കക്ഷികളുമായി മല്ലുകെട്ടി ഒടുവിൽ അവൎക്കു സഭയിൽ യാതൊരു സ്ഥാനവുമില്ലെന്നുള്ള നില വരുത്തിയതും അത്താനാസ്യോസ് ആണെന്നു പറയാം. കോൺസ്റ്റൻൈറൻ ചക്രവൎത്തി സഭയുടെ സമാധാനത്തിന്നായുള്ള തൻെറ ശ്രമങ്ങൾ നിഷ്ഫലമായെന്നു കണ്ടപ്പോൾ, രണ്ടു കൂട്ടരേയും അവരവരുടെ വഴിക്കു വിടുകയാണ് ചെയ്തതു്. ചക്രവൎത്തി വാദവിഷയത്തിൻെറ സ്വഭാവം ഒരിക്കലും വേണ്ടവിധത്തിൽ ഗ്രഹിച്ചിരുന്നില്ലെന്നും, രാജ്യക്ഷേമത്തിനു എങ്ങനെയെങ്കിലും സഭയിൽ സമാധാനമുണ്ടാക്കണമെന്നു ഒരു ആഗ്രഹം മാത്രമേ തനിക്ക് ഉണ്ടായിരുന്നുള്ളു എന്നും കൂടെ ഓൎക്കുമ്പോൾ, അദ്ദേഹത്തിൻെറ അനന്തരനയം മനസ്സിലാക്കാവുന്നതാണ്. അത്താനാസ്യോസിൻെറ മൎക്കടമുഷ്ടിയാണ് ശണ്ഠ വൎദ്ധിപ്പിക്കുന്നതിനു കാരണമായിരിക്കുന്നതെന്ന് ആരോ ചക്രവൎത്തിയോട്ട്. മന്ത്രിച്ചമാത്രയിൽ, ഇതിനകം അലക്സാന്ത്രിയായിലെ ബിഷോപ്പായിത്തീൎന്ന അത്താനാസ്യോസിനെ നാടുകടത്തുകയും, അറിയൂസിനെ തിരികെ വിളിപ്പിക്കയും ചെയ്തു. കോൺസ്റ്റൻൈറൻ എ. ഡി. 337-ൽ മരിച്ചു. ഒരു വൎഷം മുൻപു്, അതായതു എ. ഡി. 336-ൽ അറിയൂസ് പരലോകപ്രാപ്തനായതിനാൽ, രാജപ്രീതി അധികകാലം അനുഭവിക്കുന്നതിനു ഭാഗ്യമുണ്ടായില്ല. കോൺസ്റ്റൻൈറൻ ചക്രവൎത്തിയിൽനിന്നു് സഭയ്ക്കു ദോഷമോ, ഗുണമോ ഏതാണ് കൂടുതൽ ഉണ്ടായിട്ടുള്ളതു് എന്നതു ചരിത്രകാരന്മാരുടെ ഇടയിൽ ഒരു വിവാദവിഷയമാണ്.

മിലാനിലെ വിളംബരംമൂലം ക്രിസ്തുമതത്തിന് ഇതര മതങ്ങളോടു തുല്യമായ ഒരു സ്ഥാനം അനുവദിക്കുക, സഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനായി ഒന്നാമത്തെ പൊതു സുന്നഹദോസ് വിളിച്ചുകൂട്ടുക, വിശ്രമത്തിനും പരസ്യാരാധനയ്ക്കും സൌകര്യമുണ്ടാക്കുന്നതിനായി ഞായറാഴ്ച ഒരു പൊതു ഒഴിവുദിവസമായി പ്രഖ്യാപനം ചെയ്ക (എ. ഡി. 321), യെരുശലേം, കോൺസ്റ്റാൻറിനോപ്പിൾ, റോം, എന്നീ പ്രധാന നഗരങ്ങളിൽ ഗവമ്മെൻറു ചെലവിന്മേൽ ക്രിസ്തീയ ദേവാലയങ്ങൾ പണിചെയ്യുക, സ്ത്രീകൾ, അടിമകൾ, നിസ്സഹായർ എന്നിവരുടെ സാമൂഹ്യനില ഉയർത്തുക ആദിയായ പല മഹല്കാര്യങ്ങൾ സാധിച്ചിട്ടുള്ള മഹാനും മഹാമനസ്കനുമായ കോൺസ്റ്റൻറൈൻ ചക്രവർത്തിയോടു ക്രിസ്തുസഭയ്ക്കുള്ള കടപ്പാട് അനല്പമത്രെ.

ചക്രവർത്തിയുടെ മക്കളുടെ കാലത്ത് അറിയൂസ് കക്ഷികളുടെ വിജയലക്ഷ്മി തെളിഞ്ഞുനിന്നിരുന്നു എന്നു പറയാവുന്നതാണ്. കോൺസ്റ്റൻറൈൻറെ പുത്രനായ കോൺസ്റ്റൻസിയസ് (എ. ഡി. 337-361) അറിയൂസ് വിശ്വാസത്തോടു ആനുകൂല്യം പ്രദർശിപ്പിച്ചിരുന്നതിനാൽ സഭ പൊതുവെ അറിയൂസ് കക്ഷികളുടെ പിടിയിൽ പെട്ടുപോയി എന്നു തോന്നുമാറു് സകല സ്ഥലങ്ങളിലും ഇടത്തുട്ടുകാർക്കു പ്രാബല്യം സിദ്ധിച്ചു. അത്താനാസ്യോസ് നിഖ്യാവിശ്വാസപ്രമാണം മുൻനിറുത്തിക്കൊണ്ടു സഭയെ അറിയൂസ് കക്ഷികളിൽനിന്നു് രക്ഷിക്കുന്നതിന് അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരുന്നു. അന്ത്യോഖ്യയിലെ സഭയും മററു ചില പൌരസ്ത്യസഭകളും അറിയൂസിൻെറ ഉപദേശം സ്വീകരിച്ചെങ്കിലും, അഫ്രിക്കയിലെയും റോമിലെയും സഭകൾ പൊതുവെ സത്യവിശ്വാസത്തിൽ വിശ്വസ്തരായി നിലനിന്നതു് അത്താനാസ്യോസിന് ചാരിതാർത്ഥ്യജനകമായിരുന്നു. ധൈര്യശാലിയായ ഇദ്ദേഹം സഹിച്ച കഷ്ടപ്പാട് സാമാന്യമല്ലായിരുന്നു. സത്യവിശ്വാസത്തിനുവേണ്ടിയുള്ള പോരാട്ടംനിമിത്തം അഞ്ചുപ്രാവശ്യം അത്താനാസ്യോസ് നാടുകടത്തപ്പെട്ടു. ഏകനായി ഇ

ദ്ദേഹം ലോകത്തെ മുഴുവൻ വെല്ലുവിളിച്ചു് സത്യവിശ്വാസത്തിനുവേണ്ടി ധീരയുദ്ധം ചെയ്തുപോന്നതിനാൽ 'അത്താനാസ്യോസ് ലോകത്തിനു് എതിരു്" (Athanasius Contra Mundum) എന്നു് ഒരു പഴഞ്ചൊല്ലുപോലും പില്ക്കാലത്തു് സാധാരണമായിത്തീൎന്നു. എ. ഡി. 373-ൽ ഇദ്ദേഹം പരലോകപ്രാപ്തനായി. ക്രിസ്തീയസഭ അത്താനാസ്യോസിൻെറ പേരു് എന്നും കൃതജ്ഞതാപൂൎവ്വം സ്മരിക്കേണ്ടതാണു്. അത്താനാസ്യോസിനെ സ്മരിക്കുന്നതു് സുകൃതത്തെ സ്തുതിക്കുന്നതിനു തുല്യമാണു് (To praise him is to praise virtue herself) എന്നത്രെ സഭാപിതാവായ നാസിയാൻസസ്സിലെ ഗ്രിഗറിയോസ് പറഞ്ഞിരിക്കുന്നതു്.

## കുസ്തന്തീനോസ് പോലീസിലെ സുന്നഹദോസ്
## (A. D. 381)

നിഖ്യാസുന്നഹദോസ് കഴിഞ്ഞശേഷം അത്താനാസ്യോസും അറിയൂസ് കക്ഷികളും തമ്മിൽ നടന്ന വാദപ്രതിവാദം പ്രധാനമായി രണ്ടുവാക്കുകളെ ആധാരമാക്കിയായിരുന്നുവെന്നു പറയാം. പിതാവും പുത്രനും തമ്മിലുള്ള സംബന്ധം ശരിയായി പ്രകാശിപ്പിക്കുന്നതിനു് Homoousion (സാരാംശത്തിൽ സമത്വം അഥവാ, തത്വത്തിൽ സമത്വം) എന്ന വാക്കാണു് യോജിച്ചതെന്നു് അത്താനാസ്യോസും, Homoiousion (സാരാംശത്തിൽ സാമ്യമുള്ള) എന്ന വാക്കാണു് യോജിച്ചതെന്നു് അറിയൂസ് കക്ഷികളും വാദിച്ചുകൊണ്ടിരുന്നു. പുത്രനു പിതാവിനോടു് സമത്വമോ, സാമ്യമോ ഏതാണെന്നായിരുന്നു വാദവിഷയം. മേൽപറഞ്ഞ പദങ്ങളെപ്പററിത്തന്നെ ദീൎഘകാലത്തേക്കു വാദപ്രതിവാദം നടന്നിരുന്നതുകൊണ്ടാണു് ഒരു അക്ഷരാംശം (Diphthong) നിമിത്തം സഭ രണ്ടായി പിരിഞ്ഞു എന്നു് ഹാസ്യഭാവത്തിൽ ചരിത്രകാരനായ ഗിബൺ പറഞ്ഞിരിക്കുന്നതു്. അറിയൂസിൻെറയും അത്താനാസ്യോസിൻെറയും മരണം കഴിഞ്ഞിട്ടും പ്രസ്തുത വിഷയം സംബന്ധിച്ചുള്ള വാദപ്രതിവാദം അവസാനിക്കുന്ന ലക്ഷണം

കാണായ്കയാൽ വേറൊരു പൊതു സൂന്നഹദോസ് കൂടേണ്ട ആവശ്യം ജനങ്ങൾക്കു ബോദ്ധ്യപ്പെട്ടു. നിഖ്യാവിശ്വാസത്തെ ഉറപ്പിക്കുന്നതിനും സഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനും ഏഷ്യാമൈനറിൽപെട്ട കപ്പദോക്യയിലെ ബിഷോപ്പന്മാരായ ബസ്സിദല്യാസും, നിസ്സായിലെ ഗ്രിഗറിയോസും, നാസ്യാൻസ്സിലെ ഗ്രിഗറിയോസും ഭഗീരഥപ്രയത്നം ചെയ്തിട്ടുണ്ടെന്നുള്ളതു് പ്രസ്താവയോഗ്യമാണ്. അറിയൂസു കക്ഷിയുടെ സ്വാധീനത്തിൽനിന്നും അനേക സഭകളെ വീണ്ടെടുക്കയും അറിയൂസുവിശ്വാസം പൗരസ്ത്യസഭകളിൽനിന്നു ദൂരീകരിക്കയും ചെയ്തതു് ഈ ത്രിമൂർത്തികളാണെന്നു് നാം ഓർത്തിരിക്കേണ്ടതാണ്.

അറിയൂസ്സ് വിശ്വാസത്തെ മാത്രമല്ല അതിൽനിന്നു ജനിച്ചു വളൎന്ന മററു രണ്ടു പാഷണ്ഡവിശ്വാങ്ങളെയും ധ്വംസിക്കുന്നതിനാണു് രണ്ടാമത്തെ സൂന്നഹദോസ് കൂടിയതു്. മക്കദോന്യമതം, അപ്പൊളിനേറിയ മതം എന്ന പേരുകളാൽ അറിയപ്പെട്ടിരുന്ന ഈ രണ്ടു വേദവിപരീതങ്ങളുടെ സ്വഭാവം ഏകദേശം താഴെക്കാണുന്നപ്രകാരമാണ്,

കോൺസ്റ്റാൻറിനോപ്പിളിലെ ഒരു ബിഷോപ്പും അറിയൂസ്സംഘനായകന്മാരിൽ ഒരാളുമായ മക്കദോന്യോസിൽ നിന്നാണു് ഇവരിൽ ഒരു അഭിപ്രായക്കാൎക്കു് മക്കദോന്യർ എന്നു പേരു കിട്ടിയതു്. ഇവർ പരിശുദ്ധാത്മാവിനെക്കുറിച്ചു് ഒരു പുതിയ ഉപദേശം പഠിപ്പിച്ചുവന്നു, പരിശുദ്ധാത്മാവിനു് ദൈവദൂതന്മാൎക്കു തുല്യമായ ഒരു സ്ഥാനം മാത്രമേയുള്ളുവെന്നും പിതാവിനോടു സമത്വമില്ലെന്നും ഇവർ വാദിച്ചിരുന്നു. ഇതു നിമിത്തം ഇവരെ 'പരിശുദ്ധാത്മ വിരോധിക'ളെന്നും വിളിക്കാറുണ്ടു്. അലക്സന്ത്രിയായിലുള്ള ഒരു സൂന്നഹദോസിൽവച്ചു് ഇവരെ സഭ നിരാകരിച്ചെങ്കിലും ഇവരുടെ ശക്തി കുറെക്കാലത്തേക്കു് വൎദ്ധിച്ചുതന്നെ വന്നു.

സുറിയായിലുള്ള ലവോദിക്യയിലെ ബിഷോപ്പായ അപ്പൊളിനേറിയസിൽ നിന്നാണു് രണ്ടാമത്തെ ഇടത്തൂട്ടു വിശ്വാസമുണ്ടായതു്. നോസ്റ്റിക്കു് മതാനുയായികളെപ്പോലെ ക്രിസ്തുവിൻെറ ദൈവത്വം സ്ഥാപിക്കുന്നതിനുവേണ്ടി

ഇദ്ദേഹം കർത്താവിൻെറ മനുഷ്യത്വത്തെ നിഷേധിച്ചു. മനുഷ്യർക്കു ദേഹം, ദേഹി, ആത്മാവ് ഈ മൂന്നു വശങ്ങളാണല്ലോ ഉള്ളതു്. എന്നാൽ യേശുക്രിസ്തുവിനു് ദേഹവും ദേഹിയും ഉണ്ടായിരുന്നുവെങ്കിലും ആത്മാവിൻെറ സ്ഥാനത്തു് വചനമായ (Logos) ദൈവം പ്രവേശിച്ചിരുന്നതിനാൽ മനുഷ്യരെപ്പോലെയുള്ള വിചാരങ്ങളോ, മനുഷ്യസഹജമായ വികാരങ്ങളോ, പരീക്ഷകളോ തനിക്കു ഇല്ലായിരുന്നു എന്നാണു് അപ്പോളിനേറിയസിൻെറ ഉപദേശച്ചുരുക്കം.

ഈ ദുരുപദേശങ്ങളെ സംബന്ധിച്ചു് ഖണ്ഡിതമായ ഒരു തീരുമാനം ചെയ്യുന്നതിനാണു് തിയഡോഷിയോസ് ചക്രവർത്തി എ. ഡി. 381-ൽ തൻെറ തലസ്ഥാന നഗരമായ കോൺസ്റ്റാൻറിനോപ്പിളിൽ വച്ചു് രണ്ടാമത്തെ പൊതുസുന്നഹദോസ് വിളിച്ചുകൂട്ടിയതു്. മെയ്മാസം മുതൽ ജൂലായിമാസംവരെ നീണ്ടുനിന്ന ഈ സുന്നഹദോസിൽ സഭാപ്രതിനിധികളായി 150 ബിഷോപ്പന്മാരും മക്കദോന്യ കക്ഷിപ്രധാനികളായ 36 ബിഷോപ്പന്മാരും ഹാജരുണ്ടായിരുന്നു. ആദ്യത്തെ സുന്നഹദോസിൽ അത്താനാസ്യോസിനുണ്ടായിരുന്ന സ്ഥാനം ഈ സുന്നഹദോസിൽ പ്രസിദ്ധ വാഗ്മിയായ നാസിയാൻസസ്സിലെ ഗ്രിഗോറിയോസിനാണു ലഭിച്ചതു്. പുതുതായി മുളച്ചുവന്ന ദുരുപദേശങ്ങളെ തട്ടുകുന്നതിനാവശ്യമായ അല്പ സ്വല്പ വ്യത്യാസങ്ങളോടുകൂടെ നിഖ്യാവിശ്വാസം വീണ്ടും സ്ഥിരപ്പെടുത്തി. ഇവിടെവച്ചു് സ്വീകരിച്ച വിശ്വാസപ്രമാണത്തിൻെറ പ്രധാന ഭാഗങ്ങൾ താഴെ ചേർക്കുന്നു:—"പിതാവായി......സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽനിന്നു പുറപ്പെട്ടു് പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും......ആയി ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായിലും......ഞങ്ങൾ വിശ്വസിക്കുന്നു." അറിയൂസ്സു കക്ഷികളെയും മക്കദോന്യരെയും അപ്പൊളിനേറിയസിൻെറ മതക്കാരെയും അതുപോലെയുള്ള മററു ഇടത്തൂട്ടുകാരെയും സുന്നഹദോസ് എന്നേക്കുമായി സഭയിൽനിന്നു് ബഹിഷ്കരിച്ചു. പക്ഷേ ദുരുപദേശങ്ങൾ ഉപേക്ഷിച്ചു് സഭയിൽ വീണ്ടും പ്രവേശിക്കുന്നതിനു

ള്ള സ്വാതന്ത്ര്യം അവൎക്കുണ്ടായിരുന്നു. വേദവിപരീതിയായ മക്കദോന്യോസിന്നു പകരം ഒരു പുതിയ ബിഷോപ്പിനെ പ്രസ്തുത സുന്നഹദോസ് കോൺസ്റ്റാൻറിനോപ്പിളിലേക്കു് നിയമിച്ചതും പ്രസ്താവയോഗ്യമാണു്. തിയഡോഷിയസ് ചക്രവൎത്തി സുന്നഹദോസിൻെറ തീരുമാനങ്ങൾ സസന്തോഷം സ്വീകരിക്കയും അറിയൂസ് മതാനുസാരികളെ നിയമാനുസരണം കുററക്കാരാക്കുകയും ചെയ്തതോടുകൂടെ നിഖ്യാവിശ്വാസത്തിന്നു സാമ്രാജ്യമെങ്ങും സ്ഥിരപ്രതിഷ്ഠ ഉണ്ടായെന്നു പറയാവുന്നതാണു്.

## എഫെസൊസിലെ സുന്നഹദോസ് (A. D. 431)

ത്രിത്വവിശ്വാസം നിൎവ്വചിച്ചു സ്ഥാപിക്കയെന്നുള്ളതാണു് ആദ്യത്തെ രണ്ടു സുന്നഹദോസുകൾകൊണ്ടു് സാധിച്ചതു്. എന്നാൽ മൂന്നാമത്തെ സുന്നഹദോസ് കൂടിയതു് കൎത്താവിൻെറ മനുഷ്യാവതാരത്തെക്കുറിച്ചുള്ള ഉപദേശം നിൎണ്ണയിക്കുന്നതിനായിരുന്നു.

കൎത്താവിൻെറ അവതാരത്തെക്കുറിച്ചു് അഞ്ചാം ശതാബ്ദത്തിൻെറ ആരംഭത്തിൽ പ്രധാനമായി മൂന്നു അഭിപ്രായങ്ങളാണു് ഉണ്ടായിരുന്നതു്: (1) അപ്പൊളിനേറിയ മതക്കാർ കൎത്താവിൻെറ മനുഷ്യത്വത്തെ നിഷേധിച്ചു. (2) അന്ത്യോഖ്യയിലെ ചില വൈദികന്മാർ കൎത്താവിൻെറ മനുഷ്യത്വത്തിൽ വിശ്വസിച്ചിരുന്നെങ്കിലും, ദൈവസ്വഭാവം നിമിത്തം കഷ്ടപ്പെടുന്നതിന്നു തനിക്കു് അസാദ്ധ്യമാണെന്നു വാദിച്ചു. (3) അലക്സന്ത്രിയായിലും, പാശ്ചാത്യ സഭയിൽ പൊതുവെയും ഉണ്ടായിരുന്ന വിശ്വാസം, അന്യോന്യം കലരാതെയുള്ള രണ്ടു വശങ്ങൾ—അതായതു് ദൈവസ്വഭാവവും മനുഷ്യ സ്വഭാവവും തുല്യനിലയിൽ കൎത്താവിന്നുണ്ടായിരുന്നുവെന്നതാണു്.

## നെസ്തോറിയസ്

ഈ കാലത്തു് അന്ത്യോഖ്യയിലെ ഒരു പ്രെസ്ബിററർ (കശ്ശീശാ) ആയിരുന്ന നെസ്തോറിയസ് കൊൺസ്റ്റാൻറിനോപ്പിളിലെ പാത്രിയൎക്കീസായി (A. D. 428—431) അവരോധിക്കപ്പെട്ടു. ഇദ്ദേഹം അറിയൂസുകക്ഷികളു

ടെ വിരോധിയും വാചാലനും പട്ടുമല്ലുന്നതിനു മുമ്പ് ഒരു സന്യാസിയുമായിരുന്നു. ജന്മസ്ഥലമായ അന്ത്യോഖ്യയിലു ള്ള വേദവിപരീതികളോട്ട് ഇദ്ദേഹത്തിനു അകമെ ധാരാളം ആനുകൂല്യമുണ്ടായിരുന്നു. നെസ്തോറിയസിൻെറ ചാപ്ലേനായിരുന്ന അനാസ്റ്റോസ്സ് എ. ഡി. 428-ൽ ഒരു പ്രസംഗമദ്ധ്യേ ഉപയോഗിച്ച താഴെക്കാണുന്ന വാചകങ്ങൾ ഇദ്ദേഹത്തിൻെറ അഭിപ്രായമായി കരുതാവുന്നതത്രെ. "മറിയാം കേവലം ഒരു സ്ത്രീ മാത്രമായിരുന്നതിനാൽ ഒരുത്തരും മറിയാമ്മിനെ ദൈവമാതാവെന്നു് വിളിച്ചുകൂടാ. ദൈവം ഒരു സ്ത്രീയിൽനിന്നു് ജനിക്കയെന്നതു് അസാദ്ധ്യമാണു്." കന്യകമറിയാമ്മിനെ ക്രിസ്തുവിൻെറ മാതാവെന്നു മാത്രമല്ലാതെ ദൈവജനനി എന്നു് വിളിച്ചുകൂടെന്നും, മശിഹായിൽ രണ്ടു സ്വഭാവങ്ങൾ (ക്നൂമാകൾ) ഉണ്ടായിരുന്നുവെന്നുമായിരുന്നു നെസ്തോറിയോസിൻെറ വാദം.

ക്രിസ്തുവിൻെറ മനുഷ്യത്വം നിഷേധിച്ച അപ്പൊളിനേറിയ വിശ്വാസത്തിൻെറ ഖണ്ഡനമായിട്ടത്രെ നെസ്തോറിയസ്സ് ഈ വിധത്തിലുള്ള അഭിപ്രായങ്ങൾ സഭയിൽ പ്രചരിപ്പിച്ചതു്. കന്യകമറിയാമ്മിൻെറ സ്ഥാനത്തിനു് ലാഘവം ഭവിച്ചാലും, യേശുക്രിസ്തുവിനെ യഥാർത്ഥ മനുഷ്യനായി എവരും ഗണിക്കണമെന്നുള്ളതായിരുന്നു ഇദ്ദേഹത്തിൻെറ ആഗ്രഹം.

വിവിധ കാരണങ്ങളാൽ നെസ്തോറിയസിനോടു മത്സരിച്ചുപോന്ന അലക്സാന്ത്രിയായിലെ ബിഷോപ്പായ കൂറിലോസ്സ് (Cyril) നെസ്തോറിയസിൻെറ പുതിയ ഉപദേശം സത്യവിശ്വാസത്തിൽ ഉറച്ചുനിന്നിരുന്ന സഭകളോടുള്ള ഒരു വെല്ലുവിളിയായി ഗണിച്ചുകൊണ്ടു് നെസ്തോറിയസ്സുമായി സമരത്തിനൊരുങ്ങി. സഭാപിതാക്കന്മാരായ ഐറീന്യസ്സ്, അത്താനാസ്യോസ്സ്, കപ്പദോക്യയിലെ മൂന്നു ബിഷോപ്പന്മാർ എന്നിവരുടെ ഉപദേശമാണു് കർത്താവിൻെറ മനുഷ്യാവതാരത്തെ സംബന്ധിച്ച് കൂറിലോസ്സ് സ്വീകരിച്ചിരുന്നതു്. വചനമായ ദൈവം മനുഷ്യസ്വഭാവം ധരിച്ചതുനിമിത്തം കന്യകമറിയം ദൈവമാതാവെന്നുള്ള സ്ഥാനം അർഹിക്കുന്നുവെന്നും, മനുഷ്യനായിത്തീർന്ന

ശേഷവും രണ്ടു സ്വഭാവങ്ങൾ അഭേദ്യമാംവണ്ണം തന്നിൽ യോജിച്ചിരുന്നുവെന്നും, മശിഹാ പാപത്തിനധീനനല്ലെന്നുമായിരുന്നു കൂറിലോസിൻെറ വാദം. നെസ്റ്റോറിയസിനെതിരായി കൂറിലോസ്, റോമിലെ ബിഷോപ്പായ സെലസ്റ്റ്യൻെറ (Caelestine) സഖ്യം സമ്പാദിച്ച് അദ്ദേഹത്തെക്കൊണ്ടു എ. ഡി. 430-ൽ റോമയിൽ കൂടിയ ഒരു സൂന്നഹദോസ് വഴിയായി, ദുരുപദേശങ്ങൾ പിൻവലിക്കാത്തപക്ഷം നെസ്റ്റോറിയസിനെ സഭാഭ്രംശം ചെയ്യുമെന്നു ഭയപ്പെടുത്തി. നെസ്റ്റോറിയസ്, ചക്രവൎത്തിയായ തീയോഡോഷ്യസ് രണ്ടാമനെ അഭയം പ്രാപിച്ചു. ഇതിനകം സഭയിൽ പൊതുവെ പ്രസ്തുത സംഗതി ഒരു വാദവിഷയമായിത്തീൎന്ന് കക്ഷിവഴക്കം ദ്വന്ദപക്ഷവും ജനിച്ചിരുന്നതിനാൽ പൊതു സൂന്നഹദോസ് വിളിച്ചുകൂട്ടി ഒരു തീരുമാനം ചെയ്യുന്നതാണ് ബുദ്ധിപൂൎവ്വമായ വഴി എന്ന് ചക്രവൎത്തിക്കു ബോധ്യമായതിനാൽ എ. ഡി. 431-ൽ എഫെസൊസിൽവച്ചു ഒരു സൂന്നഹദോസ് നടത്തുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തു.

പെന്തെക്കൊസ്ത്ദിവസമാണ് സൂന്നഹദോസ് കൂടിയതു്. കൂറിലോസിൻെറ ദുൎന്നയം നിമിത്തം അന്ത്യോഖ്യയിലെ ബിഷോപ്പു ആദിയായ പ്രതിനിധികൾ വന്നുചേരുന്നതിന് മുമ്പുതന്നെ യോഗനടപടികൾ ആരംഭിച്ചു. കൂറിലോസ്തന്നെ ആദ്ധ്യക്ഷംവഹിച്ച് നെസ്റ്റോറിയസിനെ പാത്രിയൎക്കാ സ്ഥാനത്തുനിന്നു നീക്കുകയും സഭയിൽ നിന്ന് മുടക്കുകയും, (June 22) മാത്രമല്ല, ആദ്യം അന്ത്യോഖ്യയിലെ ഒരു സന്യാസിമഠത്തിലും പിന്നീടു ചക്രവൎത്തിയുടെ ആജ്ഞയാൽ ഇതര സ്ഥലങ്ങളിലും ബന്ധനസ്ഥനായി പാൎപ്പിക്കയും ചെയ്തു. 'മറിയാമ്മിനെ ദേവമാതാവെന്നു എല്ലാവരും വിളിച്ചുകൊള്ളട്ടെ' പക്ഷേ കന്യകമറിയാമ്മിനെ ദൈവജനനി ആക്കുന്നതുമൂലം ഒരു ദേവിയായി സങ്കല്പിക്കരുതു്. എങ്ങനെയെങ്കിലും വഴക്കവസാനിക്കട്ടെ' എന്നു നെസ്റ്റോറിയസ് പിന്നീടു ഒരിക്കൽ പറഞ്ഞതിൽ നിന്നു ഇദ്ദേഹം ഒരു നിൎബ്ബന്ധബുദ്ധി അല്ലായിരുന്നുവെന്നു അനുമാനിക്കാം. നെസ്റ്റോറിയസ് എ. ഡി. 451-നടുത്തു മരിച്ചു.

നെസ്റ്റോറിയസിനോട്ടുള്ള സഹതാപം നിമിത്തമോ, എന്തോ, പേഷ്യാ, സിറിയാ എന്നീ സ്ഥലങ്ങളിൽ നെസ്റ്റോറിയ വിശ്വാസം പടൎന്നുപിടിച്ചു. പേഷ്യയിലെ പ്രസിദ്ധ പാഠശാലയായ എഡെസ്സാ (Edessa) നെസ്റ്റോറിയരുടെ ഒരു പ്രധാനകേന്ദ്രമായിത്തീൎന്നു. സുറിയാനിക്കാരുടെ ഒരു വൈദിക പണ്ഡിതനും എഴുത്തുകാരനുമായ ബാർസൌമാ നെസ്റ്റോറിയസിന്റെ ഒരു പ്രധാന ശിഷ്യനത്രെ. നെസ്റ്റോറിയ മതക്കാർ സുവിശേഷഘോഷണത്തിൽ ഇതര സഭക്കാരെ അതിശയിച്ചിരുന്നു. ഒരു കാലത്തു ഇൻഡ്യാ, ചൈനാ എന്നീ രാജ്യങ്ങളിലെല്ലാം ഇവരുടെ സഭകൾ ഉണ്ടായിരുന്നുവെന്നുള്ളതു് സ്മരണീയമാണ്. ഇപ്പോൾ കൊച്ചിയിൽ ത്രിശ്ശൂർ പട്ടണത്തിൽ മാർ തോമസ് തിമൊഥെയോസ് മെത്രാപ്പോലീത്തായുടെ അധികാരത്തിൽ ഇരിക്കുന്ന ചെറിയ സഭ നെസ്റ്റോറിയൻസഭയുടെ ഒരു ശാഖയായി നമ്മുടെ നാട്ടിൽ പരിലസിക്കുന്നുവെന്നുള്ള വിവരം എല്ലവൎക്കും അറിയാവുന്നതാണല്ലൊ.

---

# അദ്ധ്യായം 6

## ക്രിസ്തുവിന്റെ 'സ്വഭാവത്തെ'ക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ

### കല്ക്കദോന്യസുന്നഹദോസ് (എ. ഡി. 451)

ആദ്യത്തെ മൂന്നു പൊതുസുന്നഹദോസുകളും അവയിലെ തീരുമാനങ്ങളും മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. നെസ്റ്റോറിയമതം പരിശോധിച്ചു ഖണ്ഡിക്കുന്നതിനായി എ. ഡി. 431-ൽ എഫെസൊസിൽ കൂടിയ സുന്നഹദോസിൽ അലക്സാന്ത്രിയായിലെ ബിഷോപ്പായ കുറിലോസിന്റെ ഭാഗംചേൎന്നു് നെസ്റ്റോറിയസിനെതിരായി വാദിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്ന കുസ്തന്തീനോ

സ് പോലീസിലെ ഒരു സന്യാസിമഠാധിപനായ യൂത്തിക്കസ് ആണ് അടുത്ത കുറെ വർഷങ്ങളിലേക്കു ക്രിസ്തുവിൻെറ സ്വഭാവത്തെക്കുറിച്ചുള്ള വാദപ്രതിവാദത്തിലെ ഒരു പ്രധാന കക്ഷിയായിത്തീൎന്നതു്.

കൂറിലോസിൻെറ പക്ഷം ചേൎന്നു നെസ്തോറിയസിൻെറ ഇടത്തൂടിനോടു യുദ്ധംചെയ്ത ഇദ്ദേഹം തന്നെ താമസംവിനാ ഒരു ഇടത്തൂട്ടുകാരനായി ഭവിച്ചു. നമ്മുടെ കൎത്താവിൻെറ മനുഷ്യാവതാരത്തിനു മുമ്പു നമ്മുടെ കൎത്താവിനു് രണ്ടു സ്വഭാവമുണ്ടായിരുന്നെങ്കിലും, മനുഷ്യാവതാരത്തോടുകൂടെ അതു ഒന്നായിത്തീൎന്നു എന്നും ഇദ്ദേഹം പരസ്യമായി ഉപദേശിച്ചു. എ. ഡി. 443-ൽ കുസ്തന്തീനോസ് പോലീസിൽ കൂടിയ ഒരു ചെറിയ സുന്നഹദോസ് ഈ ഉപദേശത്തെ നിഷേധിച്ചു് യൂത്തിക്കസിനെ ശിക്ഷാൎഹനാക്കി: പക്ഷേ തൻെറ കീഴിലുണ്ടായിരുന്ന സന്യാസിമാരുടെ മുറവിളികൊണ്ടും, രാജസേവകരുടെ ബലം നിമിത്തവും എ. ഡി. 449-ൽ എഫെസൊസിൽ ഒരു പൊതു സുന്നഹദോസ് കൂടി യൂത്തിക്കസിൻെറ കുററങ്ങൾ പുനർവിചാരണച്ചെയ്യപ്പെട്ടു. കൂറിലോസിൻെറ പിൻഗാമി ആയ ദിയസ്ക്കോറോസാണ് ആദ്ധ്യക്ഷം വഹിച്ചതു്. കുസ്തന്തീനോസ് പോലീസിലെ സഭയോടുള്ള അസൂയ നിമിത്തമോ എന്തോ, അലക്സാന്ത്രിയായിലെ ബിഷോപ്പായ അദ്ധ്യക്ഷൻ ആദ്യംമുതൽ തന്നെ യൂത്തിക്കസിൻെറ ഭാഗം പിടിച്ചു് വാദിച്ചു. ചക്രവൎത്തിയുടെ പ്രതിനിധികളും യൂത്തിക്കസിൻെറ പാൎശ്വവൎത്തികളായിരുന്നു. ഇതുകൊണ്ടെല്ലാം പ്രസ്തുത കൌൺസിൽ പ്രബലമായ വാദപ്രതിവാദങ്ങളുടെശേഷം യൂത്തിക്കസിനെ നീതീകരിച്ചു ശിക്ഷയിൽനിന്നു വിടുൎത്തി. കുസ്തന്തീനോസ്പോലീസിലെ ബിഷോപ്പായ ഫ്ളാവിയൻ എഴുന്നേററു് യൂത്തിക്കസിനു എതിരായി വാദിച്ചുതുടങ്ങിയപ്പോൾ, അദ്ധ്യക്ഷൻെറ ആജ്ഞയനുസരിച്ചു് യൂത്തിക്കസ് കക്ഷികൾ ഇദ്ദേഹത്തെ കൈയേററം ചെയ്തു. അവിടെവച്ചു കിട്ടിയ പ്രഹരത്തിൻെറ ഫലമായി പാവപ്പെട്ട ബിഷോപ്പു കുറെ ദിവസങ്ങൾക്കുള്ളിൽ മരിച്ചു. ഈ കൗൺസിലിൽ വായിക്കുന്നതിനു റോമായിലെ ബിഷോപ്പായ ലീയോ ഒന്നാമൻ യൂത്തിക്ക

സ്മതത്തിന്റെ ഒരു ഖണ്ഡനം എഴുതി അയച്ചിരുന്നതു വായിച്ചുകേൾക്കുന്നതിനുള്ള ക്ഷമ ആക്കും ഉണ്ടായില്ല. ഈ എഴുത്തിനു 'ലിയോയുടെ പുസ്തകം' (Tome of Leo) എന്നു പറഞ്ഞുവരുന്നു. ഒരു ഇടത്തൂട്ടുകാരനെ നീതീകരിച്ച ഈ സുന്നഹദോസ് ഒരു പൊതു സുന്നഹദോസായി സ്വീകരിക്കപ്പെട്ടിട്ടില്ല. ചരിത്രത്തിൽ ഇതിനു 'കൊള്ളക്കാരുടെ സുന്നഹദോസ്' എന്ന അനുയോജ്യമായ ഒരു പേരാണു ലഭിച്ചിരിക്കുന്നതു് (The Robber Synod).

ഇതുകൊണ്ടു വാദം അവസാനിച്ചില്ല. ഏകസ്വഭാവക്കാരായ യൂത്തിക്കസ് കക്ഷികളുടെ വിജയം ക്ഷണഭംഗുരമായിരുന്നു. തിയോഡോഷിയസ് ദ്വിതീയൻ ചക്രവർത്തിയുടെ മരണത്തോടുകൂടെ യൂത്തിക്കസും കൂട്ടരും ചിറകൊടിഞ്ഞ പക്ഷിയെപ്പോലെ നിസ്സഹായരായിത്തീർന്നു. എ. ഡി. 451-ൽ ലിയോയുടെ താല്പര്യപ്രകാരം കുസ്തന്തീനോസ് പോലീസിനു എതിർക്കരെയുള്ള കൽക്കദോന്യ എന്ന സ്ഥലത്തുവച്ചു വേറൊരു പൊതുസുന്നഹദോസു് കൂടി. ഇതു് നാലാമത്തെ പൊതു സുന്നഹദോസാണു്. കുസ്തന്തീനോസ് പോലീസ്, അലക്സന്ത്ര്യ, യെരുശലേം, അന്ത്യോഖ്യ, റോം എന്നീ പാത്രിയക്കാ സ്ഥാനങ്ങളിൽ നിന്നെല്ലാം അഞ്ഞൂറോളം ബിഷോപ്പന്മാർ ഹാജരുണ്ടായിരുന്നു. ആദ്യത്തെ നാലു സുന്നഹദോസുകളിലും വച്ചു പ്രതിനിധികൾ കൂടുതൽ ഉണ്ടായിരുന്നതു കൽക്കദോന്യ സുന്നഹദോസിലാണു്. 'കൊള്ളക്കാരുടെ സുന്നഹദോസി'ലെ തീരുമാനങ്ങളെല്ലാം പ്രസ്തുത സുന്നഹദോസു് റദ്ദ് ചെയ്തു. ദിയസ്കോറോസിനെ മുടക്കി. 'ലിയോയുടെ പുസ്തക'ത്തിൽ അടങ്ങിയിരുന്ന അഭിപ്രായങ്ങളോടു അനുഭാവം പ്രദർശിപ്പിച്ചു. നിഖ്യായിലും കുസ്തന്തീനോസ് പോലീസിലും വച്ചു സ്വീകരിച്ച വിശ്വാസപ്രമാണം വീണ്ടും പൊതുവിൽ സ്വീകരിച്ചുറപ്പിച്ചു. യൂത്തിക്കസ് മതത്തെ എന്നേക്കുമായി സഭ ഉപേക്ഷിച്ചു, അഭേദ്യമായും അവിഭാജ്യമായും ഉള്ള രണ്ടു സ്വഭാവം കർത്താവിനുണ്ടായിരുന്നെന്നു സ്ഥാപിച്ചു. 'ഭേദംകൂടാതെ മനുഷ്യനായി' എന്നു വിശ്വാസപ്രമാണത്തിൽ കാണുന്നതിന്റെ താല്പര്യം ഇതാണു്. അതായതു്, കർത്താവു തന്റെ മനുഷ്യാവതാരശേഷം പൂർണ്ണദൈ

വവും പൂൎണ്ണമനുഷ്യനുമായിരുന്നു എന്നുള്ള സത്യോപദേ ശത്തെ പ്രസ്തുത സുന്നഹദോസ് രേഖാമൂലം ഉറപ്പിച്ചു. പ്രസ്തുത സുന്നഹദോസിലെ ഇരുപത്തെട്ടാമത്തേ കാനോൻ അനുസരിച്ച് കുസ്തന്തീനോസ് പോലീസിലെ സഭയ്ക്കു റോമാസഭയോടു തുല്യമായ ഒരു സ്ഥാനം കല്പിച്ചിരുന്നുവെന്നുള്ളതു് സൂക്ഷ്മമാണ്.

കൽക്കദോന്യയിലെ സുന്നഹദോസിൻെറ തീരുമാനം യൂത്തിക്കസ് കക്ഷികളെ നിരാശപ്പെടുത്തിയില്ല. പീഡയും ശിക്ഷയും മൂലം അവരുടെ നായകന്മാരുടെ സംഖ്യ കുറഞ്ഞുവന്നെങ്കിലും ജനസാമാന്യത്തിൽ ഏകസ്വഭാവവാദക്കാരായി ഒട്ടുവളരെ ആളുകൾ ഉണ്ടായിരുന്നു. ഇവരുടെ ശക്തി പ്രധാനമായി പൌരസ്ത്യ സഭകളിലാണ് പ്രബലപ്പെട്ടതു്. അന്ത്യോഖ്യ, കുസ്തന്തീനോസ് പോലീസ്, അലക്സന്ത്രിയാ എന്നീ സഭകളിലെ ചില മെത്രാന്മാരും മെത്രാപ്പോലീത്തന്മാരും ഒരു കാലത്തു ഈ എടത്തുട്ടപദേശവലയിൽ വീണിരുന്നു. സത്യോപദേശത്തിൽ ഉറച്ചു നില്ക്കുന്നവരും ഏക സ്വഭാവവാദക്കാരും തമ്മിൽ ഭിന്നതയുണ്ടാകുന്നതു് സാമ്രാജ്യ ക്ഷേമത്തിനു് ഹാനികരമാണെന്നുകണ്ടു് സീനോചക്രവൎത്തിയും, അദ്ദേഹത്തിൻെറ പിൻഗാമിയായ ജസ്റ്റിനിയൻ ചക്രവൎത്തിയും ഇരുപാട്ടുകാരെയും യോജിപ്പിക്കുന്നതിനു് ശ്രമിച്ചിട്ടുണ്ടു്. എ. ഡി. 553-ൽ ജസ്റ്റിനിയൻ ചക്രവൎത്തി കോൺസ്റ്റാൻറിനോപ്പിളിൽ വിളിച്ചുകൂട്ടിയ ഒരു സുന്നഹദോസിൽ വച്ചു് കൽക്കദോന്യയിലെ പല തീരുമാനങ്ങളും ഉടച്ചുവാക്കയും, ചിലതെല്ലാം പാടേ ഉപേക്ഷിക്കയും ചെയ്തു, ഈ സുന്നഹദോസ് പൊതുവിലുള്ള അഞ്ചാമത്തെ സുന്നഹദോസ് എന്നു വിളിക്കപ്പെടുന്നു.

ഏകസ്വഭാവ വാദക്കാരുടെ ആത്മികസന്താനങ്ങൾ ഇന്നും പല രാജ്യങ്ങളിലും കാണ്മാനുണ്ടു്. ഈജിപ്തിലെ കോപ്ടിക്ക് സഭ, അബിസ്സീനിയായിലെ സഭ, സിറിയായിലെ യാക്കോബ്യർ, അൎമ്മീനിയൻ സഭ, ലബാനോനിലെ മാറോനായക്കാർ എന്നിവരെല്ലാം ഏകസ്വഭാവവിശ്വാസമോ, അതിൻെറ ചില വകഭേദങ്ങളോ, തങ്ങളുടെ

വിശ്വാസത്തിന്റെ അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നവരാണ്. എ. ഡി. 543-ൽ എഡെസ്സായിലെ ബിഷോപ്പായും പിന്നീട് ഒരു മിഷനറിയായും വേലചെയ്ത യാക്കോബ് ബുർദാനാ*യിൽ നിന്നാണ് സിറിയായിലെ ഏകസ്വഭാവ വിശ്വാസവാദികൾക്ക് യാക്കോബായക്കാർ എന്നുള്ള പേരു ലഭിച്ചതു്. മലങ്കരെയുള്ള യാക്കോബ്യരും സുറിയായിലുള്ള യാക്കോബ്യരും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നെങ്കിലും നമ്മുടെ നാട്ടിൽ സാക്ഷാൽ ഏകസ്വഭാവവാദികൾ ഉണ്ടോ എന്നു സംശയമാണ്. കാലംചെയ്ത മലങ്കര മെത്രാപ്പോലീത്താ ആയ നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ് തിരുമേനിയാൽ വിരചിതമായ 'യാക്കോബായ സുറിയാനി സത്യവിശ്വാസസഭയിലെ †മതോപദേശസാരങ്ങൾ' എന്ന പുസ്തകത്തിൽ പുത്രനാം ദൈവത്തെക്കുറിച്ച് ചെയ്തിരിക്കുന്ന വിശ്വാസപ്രസ്താവന ഏകസ്വഭാവവാദത്തെ താങ്ങുന്നതല്ല എന്നു തോന്നുന്നു. അതാവിതു്:— (1) "ദൈവസ്വഭാവം ഭേദപ്പെട്ട് മനുഷ്യസ്വഭാവമായിത്തീരുകയോ, മനുഷ്യസ്വഭാവം ഭേദപ്പെട്ട് ദൈവസ്വഭാവമായിത്തീരുകയോ, തമ്മിൽ സമ്മിശ്രപ്പെട്ടുകയോ കൂടികലർന്നു വേറൊരു വസ്തുവായിത്തീരുകയോ,ഒന്നിനാൽ ഒന്നു നശിച്ചുപോകയോ ചെയ്യാതെ ദൈവത്വവും മനുഷ്യത്വവും എന്ന രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേർതിരിയപ്പെടാത്ത പ്രകാരം ദൈവത്വത്തിന്റെയും, പാപം ഒഴികെ മനുഷ്യത്ത്വത്തിന്റെയും, പൂർണ്ണ ലക്ഷണങ്ങളോടുകൂടെ യോജിക്കപ്പെട്ടുകയും ചെയ്തു. ഈ യോജിപ്പ് മഹാ അത്ഭുതമായിട്ടുള്ളതാകുന്നു: (2) യോജിപ്പിന്റെ ശേഷം രണ്ടു സ്വഭാവങ്ങളായോ, രണ്ടു ക്നൂമാകളായോ, (ആളുകൾ) വേർതിരിയപ്പെ

---

* ബുർദാനാ എന്ന വാക്കിന്റെ അർത്ഥം പരുക്കൻ വസ്ത്രധാരി എന്നത്രെ. ഇദ്ദേഹം പരുക്കൻവസ്ത്രം ധരിച്ച് ഭിക്ഷയാചിച്ചു നടന്നിട്ടുണ്ട്.

† മതോപദേശ സാരങ്ങൾ; മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ ഉണ്ടാക്കിയതു്, നാലാം പതിപ്പ്. 1914.

ടാവുന്നതല്ല. എന്നാലോ ഏകസ്വഭാവവും, ഏക ആളും, ഏക പർസൂപ്പായും* (മുഖം) ഏക ഇഷ്ടവും, ഏക വ്യാപാരവും അത്രെ. താൻ പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനും ആകുന്നു.'' (പുറം 4.)

ഈ ഘട്ടത്തിൽ വേറൊരു സംഗതിയും ആലോചിപ്പാനുണ്ട്. കൽക്കദോന്യ സുന്നഹദോസിനെ ആദ്യത്തെ മൂന്ന് പൊതുവിലുള്ള സുന്നഹദോസുകളോടൊപ്പം പ്രാമാണ്യമുള്ളതായി ഗണിച്ചുവരുന്ന പാശ്ചാത്യസഭ ഇടത്തുടെന്നു വിധിച്ചിരിക്കുന്ന ഒരുപദേശം കൽക്കദോന്യ സുന്നഹദോസിനെ നിഷേധിക്കുന്ന പൌരസ്ത്യ സഭകൾ അതേ അർത്ഥത്തിൽ സ്വീകരിക്കണമെന്നില്ല. നിഖ്യായിലും കുസ്തന്തീനോസ്പോലീസിലും എഫെസൊസിലും ഉണ്ടായിരുന്ന സുന്നഹദോസുകളുടെ തീരുമാനം അനുസരിച്ച് പാഷണ്ഡ വിശ്വാസം എന്ന് തെളിയിക്കപ്പെടാവുന്ന വിശ്വാസങ്ങളെ മാത്രമേ ഇടത്തുടുകളായി ഗണിക്കുന്നതിനു പൌരസ്ത്യ സഭകൾ നിർബന്ധിതരാകുന്നുള്ളു. ഈ സ്ഥിതിക്ക് ഏകസ്വഭാവവാദത്തെക്കുറിച്ചു എന്തെങ്കിലും വിധി പ്രസ്താവിക്കേണ്ട ആവശ്യം ഇല്ലതന്നെ. ഈ ഭാഗം ഇവിടെ നില്ക്കട്ടെ.

ഏഴാം ശതാബ്ദത്തിൽ വേറൊരു രൂപത്തിൽ പ്രസ്തുത വാദം വീണ്ടും പൊങ്ങിവന്നു. ക്രിസ്തുവിന് രണ്ടു സ്വഭാവമുണ്ടായിരുന്നതുപോലെ, രണ്ടു മനസ്സും തീരുമാനശക്തിയും ഉണ്ടായിരുന്നുവോ? എന്നുള്ള ചോദ്യമാണ് അപ്പോൾ വാദവിഷയമായിത്തീർന്നതു. ഈ സംഗതി തീരുമാനിക്കുന്നതിനായിട്ടാണു് ആറാമത്തെ പൊതുവിലുള്ള സുന്നഹദോസ് എന്ന് അറിയപ്പെട്ടുവരുന്ന ഒരു കൌൺസിൽ ക്രിസ്താബ്ദം 630-ൽ കുസ്തന്തീനോസ് പോലീസിൽ, കൊൺസ്റ്റൻടൈൻ നാലാമൻചക്രവർത്തി വിളിച്ചുകൂട്ടിയതു്. അന്യോന്യം വിപരീതമായി നില്ക്കാത്ത ദൈവികവും

---

* ഇവിടെ പർസൂപ്പം അല്ലെങ്കിൽ മുഖം എന്നു പറഞ്ഞിരിക്കുന്നതു ശരീരത്തിലെ മുഖത്തെക്കുറിച്ചല്ല; മനസ്സുകൊണ്ടു ചിന്തിക്കാവുന്ന ഒരു ആകൃതിയെക്കുറിച്ചത്രെ.

മാനുഷികവുമായ രണ്ടു തീരുമാനശക്തികൾ ക്രിസ്തുവിൽ വ്യാപരിച്ചിരുന്നെന്നായിരുന്നു സുന്നഹദോസിൻെറ വിധി.

ക്രിസ്തുവിൻെറ ആളത്വത്തെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചും പല കാലങ്ങളിൽ ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങൾക്കു് മേൽ കാണിച്ചിരിക്കുന്ന തീരുമാനങ്ങളാണു് സഭ ചെയ്തിട്ടുള്ളതു്. ക്രിസ്തുവിൻെറ ദൈവത്വം ആധുനികകാലത്തും പലരെയും വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണു്. ക്രിസ്തീയ അനുഭവംവഴിയായിട്ടാണു് ഈ വിഷയം സംബന്ധിച്ചുള്ള സംശയങ്ങൾ പ്രധാനമായി നീങ്ങേണ്ടതു്. എന്നാൽ അതോടുകൂടെത്തന്നെ സഭയുടെ ഉപദേശരൂപത്തിൽ നമ്മുടെ പൂർവ്വികന്മാർ ആലോചിച്ചു വച്ചിട്ടുള്ള തത്വങ്ങൾ നമുക്കു് മാർഗ്ഗദർശകം ആയിരിക്കാവുന്നതാണെന്നുള്ളതിൽ രണ്ടു പക്ഷമില്ല.

---

# അദ്ധ്യായം 7

## ആദിമസഭയുടെ ആഭ്യന്തരജീവിതം

ആദ്യത്തെ നാലു ശതാബ്ദങ്ങളിൽ ക്രിസ്തുസഭയിൽ നടപ്പിലിരുന്ന ആരാധന, വിശുദ്ധ കർമ്മങ്ങൾ (കൂദാശകൾ), ഭരണസമ്പ്രദായം, സാമൂഹ്യമര്യാദകൾ ആദിയായവ ചുരുക്കമായി വിവരിച്ചു് ആദിമസഭയുടെ ആഭ്യന്തരജീവിതത്തെക്കുറിച്ചുള്ള ഒരു സാമാന്യജ്ഞാനം വായനക്കാർക്കു് നല്കണമെന്നത്രെ ഈ അദ്ധ്യായത്തിൽ ഉദ്ദേശിക്കുന്നതു്.

പ്രസ്തുത വിഷയം സംബന്ധിച്ചു് ഏതല്ക്കാലപര്യന്തം നമുക്കു് ലഭിച്ചിരിക്കുന്ന അറിവു് ചില പ്രത്യേക സംഗതികളിൽ പരിമിതമായിരിക്കുന്നുവെങ്കിലും, പ്രകൃതോദ്ദേശ്യസാദ്ധ്യത്തിനു പര്യാപ്തമാണെന്നു് സമാധാനിക്കാം. പുതിയനിയമപുസ്തകങ്ങൾ കഴിഞ്ഞാൽ പിന്നെ, പിതാക്കന്മാരുടെ എഴുത്തുകളും ഗ്രന്ഥങ്ങളും ആണു് ഈ വിഷയ

ത്തിൽ നമ്മെ സഹായിക്കുന്ന ചരിത്രരേഖകൾ. ഈ രണ്ടാമത്തെ വർഗ്ഗത്തിൽപെട്ട ചില പുസ്തകങ്ങളുടെ കാലനിർണ്ണയം സംബന്ധിച്ചു ചരിത്രകാരന്മാർ ഏകാഭിപ്രായത്തിൽ എത്തിയിട്ടില്ലെങ്കിലും താഴെക്കാണുന്ന ലിസ്റ്റിന് ഭൂരിപക്ഷാനുകൂല്യം ഉള്ളതായി ഗണിക്കാം.

A. ഒന്നാംശതാബ്ദം—'അപ്പൊസ്തലിക പിതാക്കന്മാരുടെ കൃതികൾ'.

1. റോമിലെ ബിഷോപ്പായ ക്ലെമന്റു കൊരിന്ത്യക്ക് എഴുതിയ ലേഖനം—ഏകദേശം എ. ഡി. 95.
2. ഇഗ്നാത്യൊസിന്റെ ഏഴു ലേഖനങ്ങൾ, എ ഡി. 110—117. (ഈ ലേഖനങ്ങൾ തന്നെ ചെറുതു, വലുതു ഇങ്ങനെ രണ്ടു രൂപത്തിൽ കണ്ടുവരുന്നു).
3. പേപ്പിയസിന്റെ ലേഖനശകലങ്ങൾ—ഏകദേശം എ. ഡി. 120.
.4 പോളിക്കർപ്പ് ഫിലിപ്പ്യക്ക് എഴുതിയ ലേഖനം—എ. ഡി. 110—117.

B. രണ്ടാംശതാബ്ദം—'അപ്പോളജികൾ'.

1. 'അപ്പോളജികൾ'; അഥവാ, പീഡനകാലത്തു ക്രിസ്തുമതതത്വങ്ങളെപ്പററി പ്രതിപാദിച്ചെഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ. അപ്പോളജികളുടെ കാലം പ്രധാനമായി രണ്ടാംശതാബ്ദം. ചില പ്രധാന അപ്പോളജി ഗ്രന്ഥങ്ങളുടെ കാലം താഴെ കുറിക്കുന്നു:—

(a) രക്തസാക്ഷിയായ ജസ്റ്റിന്റെ 'ട്രൈഫോ എന്ന യഹൂദനുമായുള്ള സംഭാഷണം,' അന്റോണിയസ് പിയുസ് ചക്രവത്തിക്കു സമർപ്പിച്ച ഗ്രന്ഥം—ഏകദേശം എ. ഡി. 150.

(b) ഡയഗ്നീട്ടസിനയച്ച ലേഖനം—ഏകദേശം എ. ഡി. 140.

(c) മിനുഷ്യസ് ഫിലിക്സിന്റെ "ഒക്ടേവിയസ്" എന്ന ഗ്രന്ഥം—ഏകദേശം എ. ഡി. 180.

(d) സഭാപിതാവായ ഒറിജൻ സെൽസസിന്റെ വാദങ്ങളെ ഖണ്ഡിച്ചെഴുതിയ ഗ്രന്ഥം—3-ാം ശതാബ്ദത്തിന്റെ മദ്ധ്യം.

(e). തെർത്തുല്യന്റെ അപ്പോളജി—എ. ഡി. 197.

2. ബർന്നബാസിന്റെ ലേഖനം—പക്ഷേ എ. ഡി. 70-നും 79-നും മദ്ധ്യേ.

3. ഹെർമാസിന്റെ ഇടയൻ. എ. ഡി. 140—150.

4. ഡിഡാക്കെ (Didache), അഥവാ പന്ത്രണ്ടപ്പൊസ്തലന്മാരുടെ ഉപദേശം—എ. ഡി. 140-ന് അടുത്തു്, അല്ലെങ്കിൽ രണ്ടാം ശതാബ്ദത്തിന്റെ ആരംഭത്തിൽ.

5. ഐറേനിയൂസിന്റെ 'ദുരുപദേശങ്ങളുടെ നേരെ' എന്ന ഗ്രന്ഥം—എ. ഡി. 177-ന് അടുത്തു.

6. അലക്സന്ത്രിയയിലെ ക്ലെമന്തിന്റെ തത്വജ്ഞാനപരമായ ഗ്രന്ഥങ്ങൾ—രണ്ടാം ശതാബ്ദത്തിന്റെ അവസാനഘട്ടം.

C. മൂന്നാം ശതാബ്ദം—'സഭാപിതാക്കന്മാരുടെ കൃതികൾ'.

1. തെർത്തുല്യൻ, ഹിപ്പൊലിററസ്, ഓറിജൻ ആദിയായവരുടെ കൃതികൾ.

2. അപ്പൊസ്തലിക നിബന്ധനകൾ—മൂന്നാം ശതാബ്ദം.

3. കാർത്തേജിലെ ബിഷോപ്പായ സിപ്രിയന്റെ കൃതികൾ—മൂന്നാം ശതാബ്ദം.

## 1. ആരാധന

ക്രിസ്ത്യാനികളുടെ നേരെയുള്ള പീഡ ആരംഭിക്കുന്നതിനുമുമ്പ് യഹൂദന്മാരുടെ മര്യാദ അനുസരിച്ച് യെരുശലേമിലുണ്ടായിരുന്ന ക്രിസ്ത്യാനികളെല്ലാവരും പ്രാർത്ഥനകളും ആരാധനകളും പതിവായി ദേവാലയത്തിൽ പൊങ്ങിക്കൊണ്ടിരുന്നു. എന്നാൽ അതിനും പുറമെ പ്രാർത്ഥനകളും അപ്പം മുറിക്കുന്നതിനുമായി ദിനംപ്രതി വീടുകൾതോറും കൂടുകയും ചെയ്തുവന്നിരുന്നു. (അ. പ്ര. 2: 4-6) പക്ഷേ, പല സ്ഥലങ്ങളിൽ സഭ ഉണ്ടാകുകയും സഭാംഗങ്ങൾ വർദ്ധിക്കയും ചെയ്തപ്പോൾ ദിവസംതോറും വിശ്വാസികൾ ഒന്നിച്ചുകൂടുന്നതു് അസാദ്ധ്യമായിത്തീരുകയും ഒന്നാംശതാബ്ദത്തിന്റെ അവസാനത്തോടുകൂടെ പൊതുവിലുള്ള ആരാധനകളും അ

പ്പം മുറിക്കുന്നതിനും പ്രസംഗം കേൾക്കുന്നതിനുമായി ഉയിർപ്പുദിവസമായ ഞായറാഴ്ച കർതൃദിവസമായി ആചരിക്കയും ചെയ്തുതുടങ്ങി. ഇഗ്നാത്യോസിൻെറ എഴുത്തുകളിൽനിന്നു് എ. ഡി. 150-നോടുകൂടെ ക്രിസ്ത്യാനികളുടെ ഇടയിൽ യഹൂദന്മാരുടെ ശബ്ബതാചാരം അശേഷം ഇല്ലാതായതായും ശബ്ബതിനു പകരമായി കർതൃദിനാചരണത്തിനു് സഭയിൽ സ്ഥിരപ്രതിഷ്ഠ പ്രാപിച്ചതായും ഇഗ്നാത്യോസിൻെറ എഴുത്തുകളിൽ കാണുന്നു. സുനഗോഗിലെ രീതി അനുസരിച്ചു് ഞായറാഴ്ച ആരാധനയിൽ ക്രിസ്ത്യാനികൾ താഴെപ്പറയുന്ന സംഗതികൾ ഏൎപ്പെടുത്തി:— 1. പ്രാൎത്ഥന. 2. സ്തോത്രം. 3. വേദവായന (പഴയനിയമം). 4 പ്രസംഗം. 5. സങ്കീൎത്തനങ്ങൾ പാടുക. ഇതോടുകൂടെ 'സ്നേഹവിരുന്നും' കൎത്താവിൻെറ അത്താഴവും വിശ്വാസികൾ ആദ്യംമുതൽതന്നെ ആചരിച്ചുപോന്നു. കാലക്രമേണ പഴയനിയമത്തോടുകൂടെ പുതിയനിയമം വായിക്കുന്ന സമ്പ്രദായവും, കന്യകമറിയാമ്മിൻെറ പാട്ടു് ആദിയായ പുതിയനിയമഭാഗങ്ങൾ ഗീതമായി ഉപയോഗിക്കുന്ന രീതിയും, കൎത്താവിൻെറ പ്രാൎത്ഥന ചൊല്ലുന്നതും സഭയിൽ സാധാരണയായിത്തീൎന്നു. ഒന്നാംശതാബ്ദത്തിൽ ക്രിസ്തുസഭയിൽ ആരാധനയ്ക്കു് എഴുതിയ പ്രാൎത്ഥനകൾ. അഥവാ, ഒരു തക്സാ (പ്രാൎത്ഥനക്രമം) ഉപയോഗിച്ചിരുന്നതായി തെളിവില്ല. രണ്ടാംശതാബ്ദത്തിൻെറ ആരംഭത്തിൽ എഴുതിയതായി ഉദ്ദേശിക്കുന്ന ഡിഡാക്കെ (Didache) എന്ന ഗ്രന്ഥത്തിൽ തിരുവത്താഴസമയത്തു് ഉപയോഗിക്കുന്നതിനുള്ള മൂന്നു സ്തോത്രങ്ങൾ കാണുന്നുണ്ടു്. ഇതു് തക്സായുടെ ഉപയോഗത്തിൻെറ പ്രാരംഭമായി ഗണിക്കാവുന്നതാണു്. ഒന്നാംശതാബ്ദത്തിൻെറ അവസാനത്തോടുകൂടെ കൎത്താവിൻെറ മരണം, ഉയിൎത്തെഴുനേല്പു്, മഹത്വപ്രകാശം എന്നീ സംഭവങ്ങളെ കൊണ്ടാടുന്ന പെരുനാളുകളും സഭയുടെ ആചാരത്തിൻെറ ഒരു അംശമായിത്തീൎന്നു. ആഴ്ചതോറുമുള്ള ആരാധനയ്ക്കു് പ്രത്യേക കെട്ടിടങ്ങൾ (പള്ളിക്കെട്ടിടങ്ങൾ) നിൎമ്മിച്ചതു് രണ്ടാം ശതാബ്ദത്തിൻെറ അവസാനത്തോടുകൂടെയാണു്.

## 2. തിരുവത്താഴം

അപ്പൊസ്തലകാലം മുതലേ വിശ്വാസികളുടെ പൊതുവിലുള്ള ജീവിതത്തിൽ തിരുവത്താഴത്തിന് സർവ്വപ്രധാനമായ ഒരു സ്ഥാനം കൊടുത്തിരുന്നതായി പ്രവൃത്തികളുടെ പുസ്തകത്തിൽനിന്നും ലേഖനങ്ങളിൽനിന്നും സ്പഷ്ടമാകുന്നതാണ് (അ. പ്ര. 2: 42). അപ്പം മുറിക്കുന്ന കർമ്മം സാധാരണയായി വിശ്വാസികളൊന്നിച്ച് നടത്തിവന്ന സ്നേഹവിരുന്നിന്റെ ഒരു ഭാഗമായിരുന്നുവെന്ന് കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽനിന്നു തെളിയുന്നു. ഈ സ്നേഹവിരുന്ന്; അഥവാ, അഗപ്പെ (Agape) വിശ്വാസികൾ തമ്മിലുള്ള സഹോദര ബന്ധത്തെ പരിപാലിച്ചുകൊണ്ടു പോന്നതും, കർത്താവും ശിഷ്യന്മാരുംകൂടെ നടത്തിയ ഒടുവിലത്തെ അത്താഴത്തെ അനുസ്മരിപ്പിക്കുന്നതുമായ ഒരു കർമ്മമായിരുന്നു. ആദ്യ കാലങ്ങളിൽ ഇതു് ദിവസാപ്രതി വൈകിട്ടും പിന്നീട്ട് പ്രതിവാരം ശനിയാഴ്ച വൈകിട്ടും മാത്രം നടത്തിവന്നു: പക്ഷേ സ്നേഹവിരുന്നിൽ കടന്നുകൂടിയ ദോഷങ്ങൾ നിമിത്തം അതു് നിന്നു പോകയും ഞായറാഴ്ചദിവസം അതിരാവിലെ തിരുവത്താഴ ശുശ്രൂഷ നടത്തുന്ന പതിവ് സഭയിൽ സാധാരണയായിത്തീരുകയും ചെയ്തു.

ഡിഡാക്കെ എന്ന ഗ്രന്ഥത്തിൽ തിരുവത്താഴ ശുശ്രൂഷയിൽ ഉപയോഗിച്ചിരുന്ന അപ്പവും വീഞ്ഞും വാഴ്ത്തുന്നതിനു ഉപയോഗിച്ചിരുന്ന രണ്ടു പ്രാർത്ഥനകൾ കാണ്മാനുണ്ട്. വീഞ്ഞു് , വാഴ്ത്തുന്നതിനുള്ള പ്രാർത്ഥനയാണ് ആദ്യമായി കൊടുത്തിരിക്കുന്നതു്. ജ്ഞാനസ്നാനം സ്വീകരിച്ചവർ മാത്രമേ തിരുവത്താഴത്തിൽ സംബന്ധിക്കാവൂ എന്നും, കൈക്കൊള്ളുന്നതിനുമുമ്പായി എല്ലാവരും പാപം ഏററു പറയണമെന്നും, ഭിന്നിച്ചിരിക്കുന്നവർ തമ്മിൽ രമ്യപ്പെടേണമെന്നും ഈ പുരാതന ഗ്രന്ഥത്തിൽ നിഷ്കർഷിച്ചിരിക്കുന്നു. തിരുവത്താഴത്തിന്റെ അർത്ഥം ആചാരം മുതലായ സംഗതികളെക്കുറിച്ചു് ഇഗ്നാത്യോസ്, ജസ്റ്റിൻ, ഐറീന്യസ് എന്നിവർ വ്യവഹരിക്കുമ്പോൾ, അപ്പവീഞ്ഞുകൾ, സാക്ഷാൽ യേശുവിന്റെ ശരീരരക്തങ്ങളാണെ

ന്നും, മരണമില്ലായ്മയുടെ മരുന്നും, ജീവൻെറ ഭോജനവും ആണെന്നും പ്രസ്താവിക്കുന്നു. ചില ശതാബ്ദങ്ങൾക്കുശേഷം തിരുവത്താഴത്തിൽ ക്രിസ്തുവിൻെറ സാക്ഷാലുള്ള സാന്നിദ്ധ്യം ഉണ്ടെന്നുള്ള ഉപദേശം സഭയിൽ പ്രചരിച്ചു. സിപ്രിയൻെറ കാലത്തു് ചെറിയ കുഞ്ഞുങ്ങൾപോലും വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുന്ന പതിവുണ്ടായിരുന്നു. വിശ്വാസികൾ തമ്മിൽ തിരുവത്താഴ ശുശ്രൂഷസമയത്തു് സമാധാന ചുംബനം നല്കി വന്നതായും, ശുശ്രൂഷകന്മാർ (deacons) തിരുവത്താഴത്തിൻെറ ഒരംശം സഭായോഗത്തിൽ സന്നിഹിതരാകുന്നതിനു് സൌകര്യമില്ലാതിരുന്നവരുടെ വീട്ടുകളിൽ കൊണ്ടുചെന്നു കൊടുത്തിരുന്നതായും, അനാഥക്കും വിധവമാക്കും പരദേശികൾക്കും രോഗികൾക്കും കാരാഗൃഹവാസം അനുഭവിക്കുന്നവക്കും വേണ്ടി പ്രസ്തുത ശുശ്രൂഷയിൽ കാണിക്കശേഖരം എടുത്തു വന്നതായും 2-ാം ശതാബ്ദത്തിൻെറ മദ്ധ്യകാലത്തു് ജീവിച്ചിരുന്ന രക്തസാക്ഷിയായ ജസ്റ്റിൻ തൻെറ 'അപ്പോളജി'യിൽ എഴുതിയിരിക്കുന്നു. വിശുദ്ധ അപ്പവീഞ്ഞുകൾ വീട്ടിൽ കൊണ്ടുപോകുന്നതിനും വീട്ടിൽവച്ചു ദിവസംപ്രതി അനുഭവിക്കുന്നതിനും സൌകര്യവും കൈയിൽ വാങ്ങി ഭക്ഷിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അക്കാലത്തു ഉണ്ടായിരുന്നുവെന്നു് തെത്തുല്യൻെറ ഗ്രന്ഥങ്ങളിൽ നാം വായിക്കുന്നു. അപ്പൊസ്തലിക നിബന്ധനകൾ എന്ന പുസ്തകത്തിൽ ക്ലെമന്തിൻെറ തക്സാ എന്ന പേരാടുകൂടിയ ഒരു തക്സാ കാണ്മാനുണ്ടു്. സ്ത്രീകളും പുരുഷന്മാരും രണ്ടു വശങ്ങളിൽ മദ്ബഹായിക്കു് അഭിമുഖമായി പള്ളികളിൽ ഇരിക്കയും, കുർബ്ബാന ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പു് സ്നാനം സ്വീകരിച്ചിട്ടില്ലാത്തവരെ ഇറക്കിവിടുകയും, കിഴക്കോട്ടു തിരിഞ്ഞു് ആരാധന നടത്തുകയും, അപ്പവീഞ്ഞുകൾ ജനങ്ങൾക്കു കൊടുക്കുന്നതിനു് ശെമ്മാശ്ശന്മാർ സഹായിക്കയും, അപ്പവും വീഞ്ഞും വെവ്വേറെ ജനങ്ങൾക്കു കൊടുക്കയും, ശുശ്രൂഷയിൽ സംബന്ധിച്ച എല്ലാവരുംതന്നെ കുർബ്ബാന കൈക്കൊള്ളുകയുംചെയ്തിരുന്നതായി ഈ തക്സായിൽ വിവരിച്ചിരിക്കുന്നു,

## 3. മാമോദീസാ അഥവാ, ജ്ഞാനസ്നാനം

ആദ്യത്തെ നാലു ശതാബ്ദങ്ങളിൽ ജ്ഞാനസ്നാനത്തിനു കല്പിച്ചിരുന്ന അർത്ഥം, ജ്ഞാനസ്നാനം സംബന്ധിച്ചുണ്ടായിരുന്ന ആചാരങ്ങൾ എന്നിങ്ങനെ രണ്ടു ഭാഗമായി തിരിച്ചു ഈ വിഷയത്തെക്കുറിച്ചു ആലോചിക്കാം.

അപ്പൊസ്തലകാലം മുതൽ, സഭാംഗമാകുന്നതിന്റെ മുദ്രയായും സഭാപ്രവേശനത്തിനുള്ള മുഖാന്തരമായും, മാമോദീസായെ ഗണിച്ചിരുന്നു. ഇതു് കേവലം ബാഹ്യമായ ഒരു ആചാരമല്ല, ക്രിസ്തുവിന്റെ മരണത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും അനുഭവത്തോടു് ഒരുവനെ സംയോജിപ്പിക്കുന്ന ഒരു വിശുദ്ധ കർമ്മമാണെന്നു് പൌലൊസു് അപ്പൊസ്തലൻ വിശ്വസിച്ചിരുന്നു. വെള്ളത്തിൽ നിന്നും ആത്മാവിൽനിന്നും ജനിക്കാതെ ഒരുവനു് ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴികയില്ല എന്നു വി. യോഹന്നാൻ സാക്ഷിക്കുന്നു. കൂടാതെ, വിശ്വസിച്ചു സ്നാനമേല്ക്കുന്നതു് രക്ഷയുടെ ഏക മാർഗ്ഗമായി അപ്പൊസ്തലന്മാരുടെ പ്രസംഗങ്ങളിലും മർക്കൊസിന്റെ സുവിശേഷത്തിന്റെ അവസാനഭാഗത്തും പ്രസ്താവിച്ചിട്ടുള്ളതായി നമുക്കു കാണാം. ഇതിൽ നിന്നും ജ്ഞാനസ്നാനം ഒഴിച്ചുകൂടാത്ത ഒരു കർമ്മമായി ആദ്യ നൂററാണ്ടുകളിൽ ക്രിസ്തുസഭയിൽ പ്രബലപ്പെട്ടിരുന്നു എന്നു വിശ്വസിക്കാം. സഭ ജ്ഞാനസ്നാനം വെള്ളത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നുവെന്നു ഹെർമ്മാസും (എ. ഡി. 115—140), മാമോദീസായാൽ വീണ്ടും ജനനവും ആത്മപ്രകാശനവും സാധിക്കുന്നുവെന്നു് ജസ്റ്റിനും, വിശ്വാസിക്കു അതു നിത്യജീവന്റെ മുഖാന്തരമാണെന്നു തെർത്തുല്യനും പറഞ്ഞിരിക്കുന്നതിൽനിന്നു പുരാതന സഭാപിതാക്കന്മാർ ഈ വിശുദ്ധകൂദാശക്കു കല്പിച്ചിരുന്ന പ്രാധാന്യവും പൊരുളും എന്തെന്നു ഊഹിക്കാം.

മാമോദീസാ അനുഷ്ഠിക്കപ്പെട്ടുവന്ന രീതിയെക്കുറിച്ചു് സഭാപിതാക്കന്മാരുടെ എഴുത്തുകളിൽനിന്നു് രസാവഹമായ പല സംഗതികൾ ഗ്രഹിക്കാവുന്നതാണു്. പുതിയ നിയമകാലത്തു്, മാമോദീസാ, അഥവാ സ്നാനം ആ

വാക്കു് സൂചിപ്പിക്കുന്നതുപോലെ, ശരീരമാസകലം ഉള്ള ഒരു കുളിയും കഴുകലും ആയിരുന്നു. പക്ഷെ രോഗികൾ, കാരാഗൃഹവാസം അനുഭവിക്കുന്നവർ, വൃദ്ധന്മാർ എന്നിങ്ങനെയുള്ളവരുടെ സൌകര്യം പ്രമാണിച്ചു് അനുഷ്ഠാനത്തിൽ പല വ്യത്യാസ്തങ്ങൾ അക്കാലത്തുതന്നെ നടപ്പിൽ വന്നിരുന്നു. ശരീരാസ്വാസ്ഥ്യംമൂലം നിമജ്ജനം സ്വീകരിക്കാൻ നിവൃത്തിയില്ലാതിരുന്നവരെ വെള്ളം തളിച്ചു സ്നാനപ്പെടുത്തി സഭാംഗമായി ചേർക്കുന്ന പതിവു് അപൂർവ്വമല്ലായിരുന്നു, 'മുൻകൂട്ടി സകല സംഗതികളും ഉപദേശിച്ച ശേഷം, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ഒഴുക്കുനീററിൽ നിങ്ങൾ സ്നാനപ്പെടുത്തുവിൻ. ഒഴുക്കുനീരു് ലഭിക്കാത്തപക്ഷം മററു വെള്ളത്തിലോ, പച്ചവെള്ളം സഹ്യമല്ലാത്തപക്ഷം ചൂടുവെള്ളത്തിലോ സ്നാനപ്പെടുത്തുക. ഇതിനും നിവൃത്തിയില്ലാത്തപക്ഷം, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനാർത്ഥികളുടെ തലയിൽ വെള്ളം കോരി ഒഴിച്ചു സ്നാനപ്പെടുത്തുക', എന്നിങ്ങനെ ഡിഡാക്കെ എന്ന ഗ്രന്ഥത്തിൽ ജ്ഞാനസ്നാനത്തെക്കുറിച്ചു ചെയ്തിരിക്കുന്ന നിർദ്ദേശങ്ങൾ സഭയിൽ പൊതുവെ നടപ്പിലിരുന്നവയായി ഗണിക്കാം. സ്നാനാർത്ഥികൾ പ്രാർത്ഥനയോടും ഉപവാസത്തോടും വിശുദ്ധ മാമോദീസാക്കായി ഒരുങ്ങുകയും, സ്നാനത്തിനു മുമ്പായി പാപങ്ങൾ പരസ്യമായി ഏററു പറഞ്ഞു് സാത്താനെയും അവൻെറ പ്രതാപത്തെയും അവൻെറ സേനകളെയും ഉപേക്ഷിക്കുന്നതായി പ്രഖ്യാപനം ചെയ്കയും, വെള്ളത്തിൽ നില്ക്കുമ്പോൾ അവരുടെ വിശ്വാസത്തെ മാമോദീസാ നടത്തുന്ന ആൾ ചോദ്യങ്ങളാൽ പരിശോധിക്കയും ചെയ്തിരുന്നതായും മൂന്നു പ്രാവശ്യം വെള്ളത്തിൽ മുഴുകിയുള്ള സ്നാനത്തിനുശേഷം ബിഷോപ്പു് എണ്ണകൊണ്ടു് സ്നാനാർത്ഥികളെ അഭിഷേകം ചെയ്തു്, പരിശുദ്ധാത്മവരം പ്രാപിക്കുന്നതിനായി തലയിൽ കൈവയ്ക്കുക പതിവായിരുന്നുവെന്നും, ആഫ്രിക്കയിലെ പിതാവായ തെർത്തുല്യൻ സാക്ഷിക്കുന്നു. ആദ്യകാലം മുതൽതന്നെ ശിശുസ്നാനം സഭയിൽ നടപ്പുണ്ടായിരുന്നുവെന്നു് വിചാരിക്കാമെങ്കിലും. എ. ഡി. 185-മാണ്ടി

നട്ടത്തു് ജീവിച്ചിരുന്ന ഐറീനിയസ് എന്ന എഴുത്തുകാരനാണു് ശിശുസ്നാനത്തെക്കുറിച്ചു് ആദ്യമായി പ്രതിവാദിച്ചിട്ടുള്ളതു്. സഭാപിതാവായ ഓറിജൻ ശിശുസ്നാനം ഒരു അപ്പൊസ്തലിക നടപടിയായിരുന്നുവെന്നു് പ്രസ്താവിച്ചിരിക്കുന്നു. സിപ്രിയനും ശിശുസ്നാനത്തെ അനുകൂലിച്ചു് എഴുതിയിരിക്കുന്നു. ശിശുസ്നാനത്തിന്റെ പ്രതിയോഗിയായ തെർത്തുല്യന്റെ എഴുത്തുകളിൽനിന്നു തന്നെയും തന്റെ കാലത്തു അതു സാധാരണയായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണു്. ജ്ഞാനമാതാപിതാക്കന്മാർ സ്നാനസമയത്തു് സ്നാനാത്ഥികൾക്കുവേണ്ടി ആത്മികചുമതല കൈയേല്ക്കുന്ന പതിവു് തെർത്തുല്യന്റെ കാലംമുതൽ കാണ്മാനുണ്ടു്. പീഡനകാലത്തു് സ്നാനം ഏല്ക്കാത്ത പലരും രക്തസാക്ഷികളായി മരിക്കുന്നതിന്നിടയായപ്പോൾ രക്തം മൂലമുള്ള സ്നാനം സ്വീകരിച്ച ഈവിധ വിശ്വാസികളെ സ്നാനപ്പെട്ടവരായി സഭ ഗണിച്ചുപോന്നു. പെന്തെക്കൊസ്തു്, ഉയിർപ്പുപെരുനാൾ എന്നീ കാലങ്ങളിലാണു് സാധാരണയായി സഭയിൽ സ്നാനശുശ്രൂഷ നടത്തിവന്നതു്. ആദിമസഭയിൽ സ്നാനകർമ്മം നടത്തിയിട്ടുള്ളതു് അപ്പൊസ്തലന്മാരാണു്. പക്ഷേ സഭയിലെ ശുശ്രൂഷകന്മാരല്ലാത്തവരും ഈ കർമ്മം നടത്തുന്നതിനു ഒരുമ്പെട്ടതുകൊണ്ടായിരിക്കണം ബിഷോപ്പിനെ കൂടാതെ സ്നാനമോ സ്നേഹവിരുന്നോ നടത്തിക്കൂടായെന്നു് വി. ഇഗ്നാത്യോസ് (എ. ഡി. 110—117) ഗുണദോഷിക്കേണ്ട ആവശ്യം വന്നതു്. അയ്മേനികൾക്കു തന്നെയും സ്നാനപ്പെടുത്തുന്നതിനുള്ള അവകാശമുണ്ടെന്നു് തെർത്തുല്യൻ വാദിക്കുന്നു. അത്യാവശ്യസന്ദർഭങ്ങളിൽ സ്നാനം നടത്തുന്നതിനുള്ള സ്വാതന്ത്ര്യം അൽമായക്കാക്കു് യവന സഭയിലും റോമാസഭയിലും ഇപ്പോഴും ഉണ്ടു്.

## ഭരണസമ്പ്രദായം

ആദിമസഭയിലെ ഭരണരീതിയെക്കുറിച്ചു് പണ്ഡിതന്മാരുടെ ഇടയിൽ ഏകാഭിപ്രായമില്ലെന്നുള്ള വാസ്തവം പ്രസ്തുത വിഷയം പഠിക്കുന്നതിനു ആരംഭിക്കുന്ന ഈ

സന്ദർഭത്തിൽ നാം ഗ്രഹിക്കേണ്ടതത്രെ. ശെമ്മാശന്മാർ, പട്ടക്കാർ, ബിഷോപ്പന്മാർ ആദിയായ വിവിധ സ്ഥാനികൾ ഉള്ളതും, എപ്പിസ്കോപ്പൽ ഭരണരീതിയോട്ട അനുയോജിക്കുന്നതുമായ ഒരു ഭരണഘടനയാണ് പുതിയനിയമത്തിൽ കാണുന്നതെന്ന് എപ്പിസ്കോപ്പൽ സഭയിലെ ചില പണ്ഡിതന്മാർ വാദിക്കുമ്പോൾ പുതിയനിയമത്തിൽ ബിഷോപ്പും പ്രസ്ബിററരും തമ്മിൽ വ്യത്യാസം ഒന്നുമില്ലെന്നും, യഥാൎത്ഥത്തിൽ അധികാരം പ്രസ്ബിററർമാരുടെ കൈയിലാണ് ഇരുന്നിട്ടുള്ളതെന്നും പ്രസ്ബിററീറിയൻ സഭകൾ വാദിക്കുന്നു. എന്നാൽ ഇവ രണ്ടുമല്ല, പുതിയനിയമത്തിലെ സഭാഭരണം സാക്ഷാൽ ഒരു ജനാധിപത്യഭരണമാണെന്നു് കോൺഗ്രിഗേഷനൽ അഥവാ, സ്വതന്ത്ര (Independents) സഭകൾ ഘോഷിക്കുന്നു. അവരവർ ഉൾപ്പെട്ടു നില്ക്കുന്ന സഭയുടെ ഭരണരീതി വേദാനുസൃതമെന്നു് വിശ്വസിക്കുന്നതും, ആ വിധത്തിൽ തെളിയിക്കാൻ ശ്രമിക്കുന്നതും മനുഷ്യസഹജമായ അഭിമാനത്തിൻെറ ഒരു ലക്ഷണമായി മാത്രമേ വിചാരിക്കേണ്ടതുള്ളു. പുതിയനിയമത്തിൽ സ്പഷ്ടമായി ഏതെങ്കിലും ഒററ ഒരു രീതി മാത്രമേ കാണ്മാനുള്ളു, എന്നു് സങ്കല്പിക്കേണ്ട ആവശ്യവുമില്ല. ഓക്സ്ഫോർഡ് സർവകലാശാലയിലെ ഒരു പ്രസംഗകനായ *ഡാക്ടർ ബി. എച്ച്. സ്റ്റ്റീട്ടർ ദീർഘകാലത്തെ പഠനത്തിൻെറയും നിരീക്ഷണത്തിൻെറയും ഫലമായി 'പുരാതനസഭ' എന്ന പുസ്തകത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ചു പറഞ്ഞിരിക്കുന്ന അഭിപ്രായം സർവ്വഥാ ആദരണീയമെന്നു് നിർമ്മത്സരബുദ്ധികളായ ഏവരും സമ്മതിച്ചേതീരു. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

'ഒന്നാംശതാബ്ദത്തിൻെറ അവസാനത്തിൽ റോമാസാമ്രാജ്യത്തിൻെറ വിവിധപ്രദേശങ്ങളിൽ വിവിധരീതിയുള്ള സഭാഘടനയാണ് കണ്ടുവരുന്നതു്. എപ്പിസ്കോപ്പൽ, പ്രസ്ബിററീറിയൻ, സ്വതന്ത്രം (Independent)

---

*The Primitive Church By B. H. Steeter, D. D. Macmillan & Co 1929

എന്നീ സഭകളുടെ ഭരണക്രമത്തിൻെറ ബീജങ്ങളോ, പ്രതിച്ഛായയോ അവിടവിടെ കണ്ടുപിടിക്കാവുന്നതാണ്,'

അതുകൊണ്ട് ഏതെങ്കിലും ഒരു പ്രത്യേക ഭരണരീതി മാത്രമെ പുതിയനിയമത്തിലോ, പുരാതന സഭയിലോ ഉണ്ടായിരുന്നുള്ളു എന്ന് സ്ഥാപിക്കുന്നതിനു ഉദ്യമിക്കാതെ ആദ്യത്തെ നാലു ശതാബ്ദങ്ങളിലെ സഭയുടെ ഭരണം, ഭരണകർത്താക്കൾ സഭാസ്ഥാനികൾ എന്നിവയെക്കുറിച്ചു ചില പ്രധാന സംഗതികൾ ഗ്രഹിക്കാം.

## പുതിയനിയമകാലം

അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകവും, ലേഖനങ്ങളും സൂക്ഷ്മമായി പരിശോധിക്കുന്ന പക്ഷം. രണ്ടുവിധത്തിലുള്ള ശുശ്രൂഷകന്മാർ അപ്പൊസ്തലിക സഭയിൽ ഉണ്ടായിരുന്നതായി കാണാവുന്നതാണ്.

## 1. സഞ്ചാരശുശ്രൂഷകന്മാർ, അഥവാ കൃപാവരശുശ്രൂഷകന്മാർ

ഈ കൂട്ടത്തിൽ അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇവരെല്ലാം ഉൾപ്പെടുന്നു. സുവിശേഷവേലയും, സഭയുടെ പൊതുവെയുള്ള മേൽനോട്ടവും, ആയിരുന്നു ഇവരുടെ പ്രധാന കൃത്യം. പന്തിരുവരെ കൂടാതെ വി. പൌലൊസ് അപ്പൊസ്തലന്മാരുടെയും, യൂദായും ശീലാസും (അ. പ്ര. 15: 32) പ്രവാചകന്മാരുടെയും, ഫിലിപ്പോസ് സുവിശേഷകന്മാരുടെയും (അ. പ്ര. 21) കൂട്ടത്തിൽ എണ്ണപ്പെട്ടിരുന്നു. ബർന്നബാസിനെ പ്രവാചക മിഷനറിയായും 'തിമൊഥെയോസിനെയും. തീത്തൊസിനെയും അപ്പൊസ്തലിക പ്രതിനിധികൾ (ഡെലിഗറ്റു്) ആയും ഗണിക്കാം.

അപ്പൊസ്തലന്മാക്ക് ആദ്യകാലം മുതൽതന്നെ ശിഷ്യന്മാരുടെ കൂട്ടത്തിൽ മാന്യതയും. ചുമതലയും, അധികാരവും സമ്മേളിച്ചുള്ള ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു. പ്രസംഗത്തിനും, ഉപദേശത്തിനും, (അ. പ്ര. 2: 42) മാത്ര

മല്ല, ശുശ്രൂഷകന്മാരെ തിരഞ്ഞെടുക്കുന്നതിലും (അ. പ്ര. 6: 2) ശമര്യയിലേക്കു പ്രതിനിധികളെ അയയ്ക്കുന്നതിലും, ഓരോ വിഷമപ്രശ്നങ്ങളെക്കുറിച്ച് ആലോചന കൊടുക്കുന്നതിലും (അ. പ്ര. 15) അപ്പൊസ്തലന്മാരത്രെ മുമ്പിൽനിന്നു പ്രവൎത്തിച്ചതു്. അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ സഭ പണിയപ്പെട്ടിരിക്കുന്നുവെന്നു (എഫെ. 2: 20) പുതിയ നിയമത്തിലും, 'പ്രവാചകന്മാരുടെ ഉത്തമസംഘം നിന്നെ സ്തുതിക്കുന്നു' എന്നു ആംഗ്ലേയാ പള്ളിക്രമത്തിലെ ടീഡിയം എന്ന ഗീതത്തിലും പറഞ്ഞിരിക്കുന്നതു് അ. പ്ര. 13–ാം അദ്ധ്യയത്തിലും മററും കാണുന്ന പുതിയനിയമകാലത്തെ പ്രവാചകന്മാരെ ഉദ്ദേശിച്ചാണെന്നു് ധരിച്ചിരിക്കേണ്ടതാണു്. ദൈവത്തിൻെറ പ്രത്യേക ദൂതും കൃപാവരവും നേരിട്ടു് ലഭിച്ചിരുന്ന പ്രവാചകന്മാൎക്കു് അപ്പൊസ്തലന്മാരുടെ കൈവയ്പു കൂടാതെ തന്നെ സഭയിൽ പൊതുവെ ശുശ്രൂഷചെയ്യുന്നതിനും അപ്പം മുറിക്കുന്ന കൂട്ടങ്ങളിൽ പ്രധാന സ്ഥാനം വഹിക്കുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അപ്പൊസ്തലന്മാരും, പ്രവാചകന്മാരും, സുവിശേഷകന്മാരും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചവരായിരുന്നതിനാൽ ഓരോ സ്ഥലത്തേക്കു മാത്രം നിയുക്തരായ ശുശ്രൂഷകന്മാരിൽനിന്നു് അവരെ വ്യത്യസ്ഥപ്പെടുത്തി 'കൃപാവരശുശ്രൂഷകന്മാർ' എന്ന പേരു് ഡാക്ടർ ഹാർണാക്ക് ആദിയായ പണ്ഡിതന്മാർ ഇവൎക്കു് നൽകിയിരിക്കുന്നു. വെളിപ്പാടു പുസ്തകം എഴുതിയ കാലത്തു് പ്രവാചകന്മാർ സഭയിലുണ്ടായിരുന്നെങ്കിലും, രണ്ടാം ശതാബ്ദാരംഭത്തിൽ എഴുതിയ ഇഗ്നാത്യോസിൻെറ ലേഖനങ്ങളിൽ ഇവരുടെ കാൎയ്യം പ്രസ്താവിച്ചുകാണാത്തതിൽനിന്നു് സഭയുടെ ശൈശവദശ കഴിഞ്ഞശേഷം ഇവരുടെ പ്രാധാന്യം കുറഞ്ഞുവന്നു്, പ്രസ്ബിററർമാർ, ശുശ്രൂഷകന്മാർ ആദിയായ ഓരോ സ്ഥലത്തെ ശുശ്രൂഷകന്മാർ ഇവരുടെ സ്ഥാനോചിതമായ സഭാസേവനം നടത്തിയെന്നു് വിചാരിക്കാം.

## 2. ഓരോ സ്ഥലത്തുള്ള സഭാസ്ഥാനികൾ

സഭാഭരണത്തിനും, സഭാംഗങ്ങളുടെ ആത്മിക ശുശ്രൂഷയ്ക്കും ക്രിസ്തീയസഭ സ്ഥാപിതമായിരുന്ന സ്ഥലങ്ങളിലെല്ലാം ഓരോവിധത്തിലുള്ള ചുമതലക്കാരെ നാം കാണുന്നുണ്ട്. യെരുശലേംസഭയുടെ മേൽനോട്ടം, സഭയുടെ തൂണുകളെന്ന് ഗണിച്ചിരുന്ന പത്രൊസും, യാക്കോബും, യോഹന്നാനും നിർവ്വഹിച്ചതായി അ: പ്രവൃത്തികളുടെ പുസ്തകത്തിൽ നാം വായിക്കുന്നു. ഗലാത്യ, കോരിന്തു്, റോമ എന്നീ സഭകൾക്കയച്ച ലേഖനങ്ങളിൽ യാതൊരു വിധത്തിലുമുള്ള സഭാസ്ഥാനികളുടെയും കാര്യം അപ്പൊസ്തലൻ പറഞ്ഞിട്ടില്ലെങ്കിലും, കാലക്രമേണ ഈ സഭകളിലും ഇതര പുറജാതി സഭകളിലും മാതൃ സഭയായ യെരുശലേം സഭയിലുണ്ടായിരുന്നതുപോലെ പലവിധത്തിലുള്ള ഉദ്യോഗസ്ഥന്മാർ എഴുന്നേററുവെന്നു ചരിത്രം സാക്ഷിക്കുന്നു. ഇവക്ക് ബിഷോപ്പ് അഥവാ, അദ്ധ്യക്ഷൻ പ്രസ്ബിററർ അഥവാ, മൂപ്പൻ (കശീശാ), ശുശ്രൂഷകൻ അഥവാ, ശെമ്മാശ്ശൻ എന്നീ പേരുകളാണു് പുതിയനിയമത്തിൽ കൊടുത്തിരിക്കുന്നതു്. ഈ മൂന്നു സ്ഥാനങ്ങളെക്കുറിച്ചും ചുരുക്കമായി പ്രതിപാദിക്കാം.

### എ. ബിഷോപ്പ്

ഫിലിപ്പിയിലും, എഫെസൊസിലും ക്രേത്തദ്വീപിലും, ചിററാസ്യയിലെ ചില സഭകളിലും അദ്ധ്യക്ഷന്മാർ അഥവാ, ബിഷോപ്പന്മാർ എന്ന സ്ഥാനം വഹിച്ചിരുന്ന ചിലരുണ്ടായിരുന്നതായി ലേഖനങ്ങളിൽ കാണുന്നു. എന്നാൽ പിൽകാലത്തെ ബിഷോപ്പന്മാരും ഇവരും തമ്മിൽ സ്ഥാനത്തിലും അധികാരത്തിലും അജഗജാന്തരമുണ്ടായിരുന്നു. അപ്പൊസ്തലിക കാലത്തു നാം ഇപ്പോൾ ഉപയോഗിക്കാറുള്ളതുപോലെ ഒരു സ്ഥാനപ്പേരായും ഒരു സാങ്കേതിക ശബ്ദമായും മാത്രമല്ല 'ബിഷോപ്പ്' എന്ന വാക്കു് ഉപയോഗിച്ചിരുന്നതു്. അക്കാലത്തു് അദ്ധ്യക്ഷന്മാരെ (ബിഷോപ്പന്മാരെ) പ്രസ്ബിററർമാരെന്നും, പ്രസ്ബിററർ

മാരെ ബിഷോപ്പന്മാരെന്നും യാതൊരു ശങ്കയും കൂടാതെ വിളിച്ചുവന്നിരുന്നു. ദൃഷ്ടാന്തമായി, അ. പ്ര. 20: 17; 20: 28-നോട്ടും 1തിമൊ. 3: 1-7 വാക്യങ്ങൾ 5: 17-19 വാക്യങ്ങളോട്ടും ഒത്തുനോക്കുമ്പോൾ അദ്ധ്യക്ഷന്മാരെത്തന്നെ പ്രസ്ബിററർമാരായി ഗണിച്ചിരുന്നതായി കാണാവുന്നതാണു്. ഈ വാദത്തെ താങ്ങുന്നതായ ന്യായങ്ങൾ ഡിഡാക്കെ എന്ന പുരാതനഗ്രന്ഥത്തിലും ധാരാളം പ്രത്യക്ഷപ്പെട്ടുന്നുണ്ടു്. എ. ഡി. 55-ന് അടുത്തു് വി. പൌലൊസ് കൊരിന്ത്യക്കു് എഴുതിയ ലേഖനങ്ങളുടെ മുഖവുരയിൽ സഭാ സ്ഥാനികളെ സംബോധന ചെയ്തിട്ടില്ല. എന്നാൽ എ. ഡി. 59-നും 61-നും മദ്ധ്യേ എഴുതിയെന്നു വിചാരിക്കുന്ന ഫിലിപ്പ്യ ലേഖനത്തിൽ അദ്ധ്യക്ഷന്മാരുടെയും ശുശ്രൂഷകന്മാരുടെയും കാൎയ്യം എടുത്തുപറഞ്ഞിട്ടുണ്ടു്. ആരാധനയിലും അപ്പം മുറിക്കുന്നശുശ്രൂഷയിലും പ്രധാനഭാഗം വഹിച്ചിരുന്നതു് അദ്ധ്യക്ഷന്മാർ അഥവാ, പ്രസ്ബിററർമാരും ഇതിൽ അവരെ സഹായിച്ചിരുന്നതു് ശുശ്രൂഷകന്മാരും ആയിരുന്നു.

## ബി. പ്രസ്ബിററർമാർ അഥവാ മൂപ്പന്മാർ (കശ്ശീശന്മാർ)

യഹൂദന്മാരുടെയും പുറജാതിക്കാരായ യവനന്മാരുടെയും എജിപ്റ്റിലെ ജനങ്ങളുടെയും ഇടയിൽ, പുരോഹിതന്മാക്കും മററും സാധാരണ ഉപയോഗിച്ചിരുന്ന പ്രസ്ബിററർ എന്ന വാക്കാണു് തങ്ങളുടെ സഭാനേതാക്കന്മാരെ സംബോധന ചെയ്യുന്നതിനു് ക്രിസ്ത്യീയസഭ കടംവാങ്ങിയതു്. പുതിയനിയമത്തിൽ ബിഷോപ്പെന്നും പ്രസ്ബിററർ എന്നും ഉള്ള വാക്കുകൾ ഒരാളെത്തന്നെ സൂചിപ്പിച്ചിരിക്കുന്നതായി മേൽകാണിച്ചുവല്ലോ. ആദിമസഭയിലെ നേതാക്കന്മാർ സാധാരണയായി പ്രായംകൊണ്ടു നോക്കുന്നപക്ഷം മൂപ്പന്മാരെന്നുള്ള സ്ഥാനത്തിനു യോഗ്യന്മാരായിരുന്നുവെങ്കിലും, പ്രായമൂപ്പു മാത്രമല്ല. ഈ പദത്തിൽ വിവക്ഷിച്ചിരിക്കുന്നതു്. ഓരോ സ്ഥലത്തുമുള്ള സഭയുടെ ഭരണം അതതു സഭയിലെ മൂപ്പന്മാരാണു് നടത്തിവന്നിരുന്നതു് അ. പ്ര. 20: 18). ഇവരിൽ ചിലർ അപ്പൊസ്തലന്മാരാൽ

നിയമിക്കപ്പെട്ടവരും (അ. പ്ര. 14: 23) മററുചിലർ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരും ആയിരുന്നു. സഭാഭരണത്തിൽ ഇവരെ സഹായിക്കുന്നതിന്ന് ശുശ്രൂഷകന്മാരെ (ശെമ്മാശ്ശന്മാർ) മിക്ക സഭകളിലും നിയമിച്ചിരുന്നു.

## സി. ശുശ്രൂഷകന്മാർ

മേശകളിൽ ശുശ്രൂഷ ചെയ്യുന്നതിന്നും, അപ്പൊസ്തലന്മാരെ സഹായിക്കുന്നതിന്നുമായിട്ടത്രെ ശുശ്രൂഷകന്മാരെ ആദ്യമായി യെരുശലേംസഭയിൽ തിരഞ്ഞെടുത്തു നിയമിച്ചതു്. സാമൂഹ്യശുശ്രൂഷപോലെതന്നെ, സുവിശേഷ വേലയിലും ഇവക്കു് ഒരു പ്രധാന സ്ഥാനമുണ്ടായിരുന്നുവെന്നു് സ്തെഫാനോസിൻെറയും ഫിലിപ്പോസിൻെറയും ചരിത്രം സാക്ഷിക്കുന്നു. ഫിലിപ്പ്യലേഖനത്തിലും തിമൊഥെയൊസിൻെറ ലേഖനത്തിലും പ്രസ്ബിററർമാരോടുകൂടെ ശുശ്രൂഷകന്മാരെയും വി. പൌലൊസ് അഭിവാദ്യം ചെയ്യുന്നതിൽ നിന്നു ചില സഭകളിലെല്ലാം ആരംഭകാലം മുതൽതന്നെ ഇവക്കു് ഒരു പ്രധാനസ്ഥാനം ലഭിച്ചിരുന്നുവെന്നു് അനുമാനിക്കാം.

## ഡി. വിവിധസ്ഥാനികഠം

മേല്പറഞ്ഞവരെ കൂടാതെ ഉപദേഷ്ടാക്കന്മാരും, പ്രവചനം, ഭാഷ, വ്യാഖ്യാനം, രോഗശാന്തി ആദിയായ പല ആത്മികവരങ്ങൾ പ്രാപിച്ചവരും, സഭയിൽ ഉണ്ടായിരുന്നുവെന്നു് ലേഖനങ്ങളിൽനിന്നു സ്പഷ്ടമാകുന്നു (1കൊരി. 12: 28 മു). പുതിയനിയമകാലത്തെ ചരിത്രം അവസാനിപ്പിക്കുന്നതിന്നു മുമ്പായി സഭാഭരണത്തെക്കുറിച്ചു മേൽ സൂചിപ്പിച്ചിട്ടുള്ള തത്വം കൂടുതൽ വിശദമാക്കുന്നതിന്നു് ഡാക്ടർ എ. ജെ. മക്ലീൻ എന്ന മഹാൻെറ ചില വാക്കുകൾ ഉദ്ധരിച്ചുകൊള്ളട്ടെ. അദ്ദേഹം പറയുന്നതു് ഇങ്ങനെയാണു്:— * 'അപ്പൊസ്തലിക കാലത്തു് ക്രിസ്തീയ സഭയിലെ ശുശ്രൂഷകന്മാരുടെ പേരുകളും ഉദ്യോഗങ്ങളും

* A. J. Maclean on Ministry in the Encycopedia of Religion and Ethics. P. 661.

മററും അച്ചിലിട്ട വാൎത്തുപോലെ ഏകരീതിയിലിരുന്നില്ല എന്നു ധരിക്കേണ്ടതു സൎവ്വപ്രധാനമായ ഒരു കാൎയ്യമാണ്. സഭാശുശ്രൂഷകന്മാരിൽ വിവിധസ്ഥാനത്തിനടുത്ത കൃത്യങ്ങൾ ക്ലിപ്തപ്പെട്ടത്തിയിരുന്നുവോ എന്നുള്ളതു് സംശയഗ്രസ്ഥമാണെന്നു മാത്രമല്ല, സഭയിലെ വിവിധസ്ഥാനങ്ങളുടെ (ഉദ്യോഗങ്ങളുടെ) പേരുകൾ തന്നെയും അനിശ്ചിതാൎത്ഥത്തിൽ ഉപയോഗിച്ചുവന്നിരുന്നുവെന്നും പറയാവുന്നതാണ്.'

## സഭാസ്ഥാനികളുടെ അനന്തരചരിത്രം
## ബിഷോപ്പന്മാർ

2-ാം ശതാബ്ദത്തിന്റെ ആരംഭത്തോടുകൂടെ സഭാഭരണത്തിൽ ബിഷോപ്പിനു് പ്രസ്ബിററർമാരെക്കാൾ ഉയൎന്ന ഒരു നില ലഭിച്ചതായും, മിക്കവാറും ആധുനികകാലത്തു് കണ്ടുവരുന്ന എപ്പിസ്കോപ്പൽ ഭരണത്തോടനുരൂപമായ ഒരു ഭരണസമ്പ്രദായം സഭയിൽ വികസിച്ചുവന്നതായും, ചരിത്രരേഖകളിൽനിന്നു് തെളിയുന്നു. അന്ത്യോക്യയിലെ ബിഷോപ്പായിരുന്ന ഇഗ്നാത്യോസിന്റെ (എ. ഡി. 110-117) ലേഖനങ്ങൾ ഇതിനു മതിയായ തെളിവാണ്. 'യേശുക്രിസ്തു പിതാവിനെ അനുഗമിച്ചതുപോലെ നിങ്ങളെല്ലാവരും നിങ്ങളുടെ എപ്പിസ്കോപ്പായെയും, അപ്പൊസ്തലന്മാരെപ്പോലെ നിങ്ങളുടെ പ്രസ്ബിററന്മാരെയും അനുസരിച്ചു പിന്തുടരണമെന്നും, ശെമ്മാശന്മാരെ ബഹുമാനിക്കണമെന്നും,' അദ്ദേഹം ഏഷ്യാ മൈനറിലെ ചില സഭകളെ പ്രബോധിപ്പിക്കുന്നു. ആദ്യകാലങ്ങളിൽ ഒരു സ്ഥലത്തെ സഭയുടെ അദ്ധ്യക്ഷനായി മാത്രമാണ് എപ്പിസ്കോപ്പാ ഗണിക്കപ്പെട്ടുവന്നിരുന്നതു്. എന്നാൽ രണ്ടാം ശതാബ്ദത്തിന്റെ മദ്ധ്യകാലത്തോടുകൂടെ ഒന്നിലധികം സഭകളുടെ മേൽനോട്ടം ഒരു ബിഷോപ്പിനു ലഭിക്കയും, അപ്പൊസ്തലിക പിന്തുടൎച്ചയെക്കുറിച്ചുള്ള ഉപദേശം സഭയിൽ പൊതുവെ സ്ഥിരപ്പെട്ടുകയും ചെയ്തു. ഇങ്ങനെയാണ് ഇടവക മേലദ്ധ്യക്ഷത്വം (Diocesan Episcopate) എന്ന സ്ഥാപനയും സ്ഥാനവും സഭയിൽ ഉത്ഭവിച്ചതു്.

ആദിമ കാലങ്ങളിൽ തിരുവത്താഴം, മാമോദീസാ ആദിയായ ശുശ്രൂഷകൾ അനുഷ്ഠിച്ചുവന്നതും, സഭയിലെ ഓരോ സ്ഥാനത്തേക്കു് ശുശ്രൂഷകന്മാരെ കൈവയ്പുമൂലം നിയമിച്ചതും പ്രസ്ബിററർമാരുടെ ഭരണകൌൺസിലുകളിൽ ആദ്ധ്യക്ഷം വഹിച്ചിരുന്നതും പണമിടപാടുകൾ നടത്തിയതും എപ്പിസ്കോപ്പന്മാർ തന്നെയായിരുന്നു. സഭയുടെ അധികാരം, ഉപദേശം, ശിക്ഷണം ഇവയുടെ ഉത്ഭവസ്ഥാനമായിട്ടത്രെ ബിഷോപ്പിനെ ഗണിച്ചുവന്നതു്. ഒരുവനെ എപ്പിസ്കോപ്പാ ആയി തിരഞ്ഞെടുക്കുന്നതിനു് വിവാഹം പ്രതിബന്ധമായിരുന്നില്ലെങ്കിലും, ബിഷോപ്പായശേഷം കല്യാണം കഴിക്കുക സാധാരണമല്ലായിരുന്നു.

## പ്രസ്ബിററർമാർ

സഭാഭരണത്തിൽ തങ്ങളുടെ ആലോചനയും സഹകരണവും മൂലം എപ്പിസ്കോപ്പായെ സഹായിക്കയെന്നുള്ളതായിരുന്നു ഇവരുടെ പ്രധാന ചുമതല. ബിഷോപ്പിൻെറ സാന്നിദ്ധ്യം ഇല്ലാത്ത അവസരങ്ങളിൽ ഇവർ തിരുവത്താഴം അനുഷ്ഠിക്ക, സഭാഭരണം നടത്തുക എന്നതും സാധാരണ ആയിരുന്നു. ജ്ഞാനസ്നാനകർമ്മവും കാലക്രമേണ പ്രസ്ബിററർമാരുടെ കൈയിൽ വന്നുചേർന്നു. ചുരുക്കിപ്പറഞ്ഞാൽ ചില സംഗതികളൊഴിച്ചു് പ്രസ്ബിററിനു ഒരു എപ്പിസ്കോപ്പായ്ക്കു തുല്യമായ സ്ഥാനം ഉണ്ടായിരുന്നുവെന്നു് കാണാവുന്നതാണു്, എ. ഡി. 700–നു് മുമ്പു് മുപ്പതുവയസ്സിൽ കുറഞ്ഞവരെ പ്രസ്ബിററർ സ്ഥാനത്തു് പ്രവേശിപ്പിച്ചിരുന്നില്ല എന്നു് ചരിത്രപണ്ഡിതനായ ഡാക്ടർ ഹാച്ചു് പറഞ്ഞിരിക്കുന്നു. പ്രസ്ബിററർ സ്ഥാനത്തേക്കു നിയമിക്കുന്ന ശുശ്രൂഷയിൽ ബിഷോപ്പിനോടുകൂടെ ഇതര പ്രസ്ബിററർമാരും സ്ഥാനാർത്ഥിയുടെ തലയിൽ കൈവെയ്ക്കുക പതിവായിരുന്നു.

## ശുശ്രൂഷകന്മാർ

പരസ്യാരാധനയിലും തിരുവത്താഴം മാമോദീസാ ആദിയായ വിശുദ്ധശുശ്രൂഷകളിലും കശ്ശീശ്ശന്മാരെ സഹായിക്ക, പള്ളിയിൽ ക്രമം പാലിക്ക, രോഗികളെ സ

ന്ദർശിക്ക ആദിയായ ശുശ്രൂഷകൾ ആയിരുന്നു ശുശ്രൂഷ കന്മാരെക്കൊണ്ടു് ഉദ്ദേശിച്ചിരുന്നതു്. ശുശ്രൂഷകന്മാരിൽ തന്നെ ഉപശുശ്രൂഷകന്മാർ, വായനക്കാർ (കൊറോയ), സംഗീതക്കാർ, വ്യാഖ്യാതാക്കൾ, വാതിൽ കാവൽക്കാർ, ഭൂതമിറക്കുന്നവർ ഇങ്ങനെ പല ശാഖകൾ കാലക്രമേണ സഭയിൽ ഉണ്ടായി. ശെമ്മാശ്സ്ഥാനത്തേക്കു് ഒരാൾ 25-ാമത്തെ വയസ്സിലും. പ്രസ്ബിററർ സ്ഥാനത്തേക്കു് 30-ാം വയസ്സിലുമാണു് സാധാരണയായി നിയമിക്കപ്പെട്ടുവന്നതു്. വായനക്കാരായും മററും ചെറിയ കുട്ടികൾതന്നെ സഭയിലുണ്ടായിരുന്നുവെന്നു് 393-ൽ ഹിപ്പോയിൽവച്ചു കൂടിയ സഭായോഗത്തിൻെറ വൃത്താന്തത്തിൽ കാണുന്നുണ്ടു്.

## ശുശ്രൂഷക്കാരികൾ

കർത്താവിൻെറ ദൃഷ്ടാന്തം അനുകരിച്ചു പുതിയനിയമകാലത്തു സഭ സുവിശേഷ വേലയിൽ സ്ത്രീകൾക്കും, യോഗ്യമായ ഒരു സ്ഥാനം കല്പിച്ചിരുന്നു. റോമക്കെഴുതിയ ലേഖനത്തിൽ (1: 16) കാണുന്ന കെംക്രയസഭയിലെ ശുശ്രൂഷക്കാരിയായ ഫേബ, പക്ഷേ സഭയിൽ ഔദ്യോഗിക നിലയിൽ ഇരുന്ന ഒരു സ്ത്രീ ആയിരിക്കാം, സ്ത്രീകളുടെ ജ്ഞാനസ്നാനത്തിൽ, പ്രസ്ബിററർമാരെ സഹായിക്കുകയും. ആരാധനസമയത്തു് സ്ത്രീകളുടെ ഇടയിൽ ക്രമം പാലിക്കയും, രോഗികളെ സന്ദർശിക്കയും മററുമായിരുന്നു ഇവരുടെ പ്രധാന ജോലി. ആംഗ്ലിക്കൻ സഭയിലും, വെസ്ലിയൻ സഭയിലും പുരാതനകാലത്തെ ശുശ്രൂഷക്കാരികളെപ്പോലെയുള്ള ഡീക്കനെസ്സസ്സ് (Deaconesses) ഇപ്പോൾ ഉണ്ടെന്നുള്ളതും ഇവിടെ സ്മരണീയമാണു്.

റോമയിലെ ബിഷോപ്പായ കൊർന്നേല്യൊസ്, അന്ത്യോഖ്യയിലെ ബിഷോപ്പായ ഫേബിയനു് 251-ൽ അയച്ച ഒരു എഴുത്തിൽനിന്നു് അക്കാലത്തു് റോമയിലെ സഭയിലുണ്ടായിരുന്ന വിവിധസ്ഥാനങ്ങളും അവയുടെ സംഖ്യയും വിവരിച്ചിട്ടുണ്ടു്. ഒരു ബിഷോപ്പും 46 പ്രസ്ബിററർമാരും, 7 ശെമ്മാശന്മാരും, 7 ഉപശെമ്മാശന്മാരും, 42

അക്കൊലിത്തന്മാരും (Acolytes സഹായികൾ), 52 ഭൂതമിറക്കുന്നവരും, വായനക്കാരും, വാതിൽകാവൽക്കാരും, 1500-ൽപരം വിധവമാരും അനാഥരും സഭയുടെ ലിസ്റ്റിൽ ഉണ്ടായിരുന്നതായി കാണുന്നു. ഈ ലിസ്റ്റിൽ കാണുന്ന വിധവമാർ ദാരിദ്ര്യംമൂലം സഭയുടെ ആതിഥ്യം സ്വീകരിച്ചുകൊണ്ടു് പ്രാർത്ഥനയിലും ആതുരശുശ്രൂഷയിലും ജീവിതം കഴിച്ചുവന്നവരാണു് (1തിമൊ. 5: 5). മൂന്നാം ശതാബ്ദത്തിൻെറ ശേഷം ഈ വിധത്തിലുള്ള 'വിധവ'മാരുടെ സ്ഥാനത്തു് ശുശ്രൂഷക്കാരികളെ നാം കാണുന്നു. കന്യകമാരും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. സ്ത്രീകളുടെ ആത്മികവും ശാരിരികവുമായ ശുശ്രൂഷയ്ക്കായി മാത്രം നിയമിച്ചാക്കിയ ഈ ശുശ്രൂഷക്കാരികളെ ശെമ്മാശന്മാൎക്കു തുല്യസ്ഥാനമുള്ളവരായി വിചാരിച്ചുകൂടാ. കൈവയ്പുമൂലം ശുശ്രൂഷസ്ഥാനത്തേക്കു നിയമിച്ച ഒരു വർഗ്ഗമായി കുറെക്കാലത്തേക്കു് ഇവരെ ചരിത്രത്തിൽ കാണ്മാനുണ്ടെങ്കിലും, അഞ്ചും ആറും ശതാബ്ദങ്ങളിൽ കൂടിയ ചില സുന്നഹദോസുകൾ സ്ത്രീകളെ ഈദൃശമായ ശുശ്രൂഷസ്ഥാനത്തുനിന്നു് വിലക്കിയിരിക്കുന്നു. ഇടത്തുട്ടസഭയായ മൊണ്ടേനസഭയിൽ സ്ത്രീകൾക്കു് പ്രസംഗിക്കുന്നതിന്നു സ്വാതന്ത്ര്യം ഉണ്ടായിരുന്നെങ്കിലും സത്യവിശ്വാസം സ്വീകരിച്ചിരുന്ന സഭകളൊന്നും സ്ത്രീകൾ എന്തെങ്കിലും കൂദാശകൾ അനുഷ്ഠിക്കുന്നതിനോ, പൊതുയോഗങ്ങളിൽ ഉപദേശിക്കുന്നതിനോ, പ്രസംഗിക്കുന്നതിനോ അനുവദിച്ചിരുന്നില്ല.

4-ാം ശതാബ്ദത്തിൻെറ ആരംഭത്തോടുകൂടെ ക്രിസ്തീയസഭ വിവിധസ്ഥാനികളോടുകൂടിയ ഒരു മഹാസ്ഥാപനമായിത്തീൎന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

## സാമൂഹ്യസ്ഥിതി

ആദ്യത്തെ നാലു ശതാബ്ദങ്ങളിൽ സഭയ്ക്കുണ്ടായിരുന്ന സാമൂഹ്യനിലകൂടെ ചുരുക്കിപ്പറഞ്ഞു് ഈ അദ്ധ്യായം അവസാനിപ്പിക്കാം.

അപ്പൊ. പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്നതുപോലെ, സഹോദരത്വം സമത്വം എന്നീ തത്വങ്ങളാണു് ക്രിസ്ത്യാനികളുടെ സാമൂഹ്യജീവിതത്തിൻെറ അസ്ഥി

വാരമായിരുന്നിട്ടുള്ളതു്. വസ്തുവകകൾ പൊതുവിൽ അനുഭവിച്ചിരുന്നതും, യവനക്രിസ്ത്യാനികളുടെ വിധവമാരെ ശുശ്രൂഷിക്കുന്നതിന്നു് ശുശ്രൂഷകന്മാരെ നിയമിച്ചതും വി. പൌലൊസിൻെറ ധനശേഖരവും ഇതിനു ദൃഷ്ടാന്തങ്ങളാണു്. പുറജാതികൾക്കു തന്നെയും ക്രിസ്ത്യാനികളുടെ സാഹോദര്യ്യത്വം ആശ്ചര്യ്യകരമായി തോന്നി. 'നോക്കുവിൻ, ക്രിസ്ത്യാനികൾ തമ്മിൽ തമ്മിൽ എന്തുമാത്രം സ്നേഹിക്കുന്നു' എന്ന സംസാരം പുറജാതികളുടെ ഇടയിൽ സാധാരണമായിരുന്നുവെന്നു് തെർത്തുല്യൻ അഭിമാനപൂർവ്വം രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായിരുന്ന സ്നേഹം, സമഭാവന, സൌഹാർദ്ദം, ജീവിതശുദ്ധി, പീഡനകാലങ്ങളിൽ പ്രത്യക്ഷപ്പെടുത്തിയ ധൈര്യ്യം, സമാധാനം ആദിയായ വിശിഷ്ടഗുണങ്ങൾ അനേക പുറജാതികളെ കർത്താവിങ്കലേക്കു് ആകർഷിച്ചിട്ടുണ്ടെന്നുള്ളതിന്നു് സംശയമില്ല.

മൂന്നാംശതാബ്ദത്തിൽ ക്രിസ്തുമതത്തിന്നു് എതിരായി പ്രവർത്തിച്ച സെൽസസ്സ് എന്ന വിദ്വാൻ ക്രിസ്ത്യാനികളുടെമേൽ പ്രധാനമായി ചെയ്ത ദോഷാരോപണം, അവർ ദരിദ്രർ, പാവപ്പെട്ടവർ, മൂഢർ, അലക്കുകാർ, ചിന്തിക്കച്ചവടക്കാർ, അടിമസ്ത്രീകൾ ആദിയായി സാമൂഹ്യനിലയിൽ അധഃപതിച്ചുകിടന്നവരുടെ അടുക്കൽപോയി മൈത്രീഭാവം പ്രദർശിപ്പിച്ചു് അവരോടു ദൈവസ്നേഹത്തെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിച്ചുവന്നു എന്നുള്ളതാണു്. സ്ത്രീകളുടെ നില ഉയർത്തുന്നതിനും അടിമകൾക്കു സ്വാതന്ത്ര്യം നല്കുന്നതിനും, ക്രിസ്തുമതം എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നു് ആധുനികകാലത്തു ജീവിക്കുന്ന നമുക്കു ചരിത്രപാരായണംകൂടാതെ മനസ്സിലാകുന്നതല്ല. ടെലിമാക്കസ്സ് എന്ന സന്യാസി സ്വജീവനെ ബലികഴിച്ചാണു് റോമരുടെ ഇടയിൽ നടപ്പിലിരുന്ന, മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള മത്സരയുദ്ധങ്ങൾ അവസാനിപ്പിച്ചതു്. കുഞ്ഞുങ്ങൾക്കും അനാഥർക്കും വിധവമാർക്കും ജനസമുദായത്തിൽ ഒരു മാന്യസ്ഥാനം ലഭിച്ചതും ക്രിസ്ത്യാനികളുടെ പരിശ്രമ ഫലമാണു്,

എന്നാൽ ആദ്യകാലങ്ങളിൽ സഭയിൽ ഭിന്നതയും വഴക്കും സഭാംഗങ്ങളുടെ ഇടയിൽ അവിടവിടെയായി ലജ്ജാകരമായ നടപടികളും കണ്ടുവന്നിരുന്നുവെന്നുള്ളതും മറച്ചുവെക്കത്തക്കതല്ല. സഹോദരത്വം പ്രസംഗിക്കയും കുറെയെല്ലാം പ്രയോഗത്തിൽ വരുത്തുകയും ചെയ്ത ചില ക്രിസ്ത്യാനികൾ തന്നെ അടിമകളെ വില്ക്കയും വാങ്ങിക്കയും ചെയ്യുന്നതിന്നു മടിച്ചില്ല. എങ്കിലും ആദ്യത്തെ മൂന്നു നാലു ശതാബ്ദങ്ങളിലെ ക്രിസ്തീയസഭയുടെ സാന്മാർഗ്ഗികമായും സാമൂഹ്യമായും ഉള്ള സ്ഥിതി ആലോചിച്ചുനോക്കുമ്പോൾ പൊതുവിൽ അതു തൃപ്തികരമെന്നു മാത്രമല്ല, പുറജാതികൾക്കു മാതൃകാപരവുമായിരുന്നുവെന്നു് സധൈര്യം പ്രസ്താവിക്കാം.

രണ്ടാംശതാബ്ദത്തിലെ ഒരെഴുത്തുകാരൻ ക്രിസ്ത്യാനികളെയും ക്രിസ്തുമതത്തെയും കുറിച്ചു് ഡയോഗ്നട്ടിസിന്നു എഴുതിയ ലേഖന(എ. ഡി. 140)ത്തിൽ കൊടുത്തിരിക്കുന്ന മനോഹരമായ സാക്ഷിപത്രത്തിൻെറ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ടു് ഈ ഭാഗം അവസാനിപ്പിക്കാം.

'ദേശം, ഭാഷ, ആചാരമര്യാദകൾ എന്നീ സംഗതികളിലൊന്നിലും ക്രിസ്ത്യാനികൾക്കു് ഇതരന്മാരിൽനിന്നു യാതൊരു പ്രത്യേകതയുമില്ല. എങ്കിലും അവരുടെ നടപടി അത്ഭുതകരമായ വിധത്തിൽ മററുള്ളവരുടേതിൽനിന്നു വ്യത്യസ്തമായിരിക്കുന്നു. അവരുടെ സ്വദേശത്തുതന്നെ പരദേശികളെപ്പോലെയാണു് അവർ അധിവസിക്കുന്നതു്. പരദേശം അവക്കു സ്വദേശവും, സ്വദേശം പരദേശവുമാണു്. അവർ ജഡത്തിലിരിക്കുന്നെങ്കിലും, ജഡപ്രകാരം ജീവിക്കുന്നില്ല. അവരുടെ ജീവിതം ഭൂമിയിൽ കഴിക്കുന്നുവെങ്കിലും, അവരുടെ പൗരത്വം സ്വർഗ്ഗത്തിലത്രെ. എല്ലാമനുഷ്യരും അവരെ ഉപദ്രവിക്കുന്നെങ്കിലും അവർ എല്ലാവരെയും സ്നേഹിക്കുന്നു. അവർ അപമാനിക്കപ്പെടുന്നു, ശിക്ഷിക്കപ്പെടുന്നു, വധിക്കപ്പെടുന്നു—എന്നാൽ ഇതാ അവർ യഥാർത്ഥത്തിൽ ജീവനുള്ളവരായിരിക്കുന്നു, നന്മ ചെയ്തിട്ടും തിന്മചെയ്യുന്നവരെപ്പോലെ അവർ ശിക്ഷിക്കപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ, ആത്മാവിന്നു് ശരീരത്തിലുള്ള സ്ഥാനമാണു് ക്രിസ്ത്യാനികൾക്കു ലോകത്തിലുള്ളതു്.'

---

# അദ്ധ്യായം 8

## ചില പ്രധാന സഭാപിതാക്കന്മാർ

---

### തെർത്തുല്യൻ

ലത്തീൻ തിയോളജിയുടെ (വൈദികവിജ്ഞാന) പിതാവ് എന്ന അപരനാമത്തിനു യോഗ്യനായിത്തീൎന്ന ക്വിൻററസ് സെപ്ററിമസ് ഫ്ളോറൻസ് തെർത്തുല്യാനസ്, ആഫ്രിക്കയിലെ സഭാപിതാക്കന്മാരിൽ ഏററവും പ്രസിദ്ധനത്രെ. കാർത്തേജിലെ ബിഷോപ്പായ സിപ്രിയൻ ഇദ്ദേഹത്തെ ഒരു ഗുരുവായി ഗണിച്ച് ഇദ്ദേഹത്തിൻെറ കൃതികളോടു് അപാരമായ ഭക്തിബഹുമാനങ്ങൾ പ്രദൎശിപ്പിച്ചിരുന്നു.

ഏകദേശം ക്രിസ്താബ്ദം 150-ൽ കാർത്തേജിലെ ഒരു ഉയൎന്ന പുറജാതി കുടുംബത്തിൽ ഒരു ശതാധിപൻെറ മകനായി തെർത്തുല്യൻ ജനിച്ചു. റോമാനഗരത്തിൽപോയി ഗ്രേക്കഭാഷ, തത്വജ്ഞാനം, ചരിത്രം എന്നീ വിഷയങ്ങൾ ഇദ്ദേഹം പഠിച്ചതുകൂടാതെ, നിയമാഭ്യസനവും കഴിച്ചു. പീഡനകാലത്തു് ക്രിസ്ത്യാനികൾ പ്രദൎശിപ്പിച്ച ക്ഷമയും ധൈൎയ്യവും കണ്ടു മനസ്സുതിരിഞ്ഞു എ. ഡി. 190-നോടടുത്തു തെർത്തുല്യൻ സ്നാനമേല്ക്കുകയും, കുറെക്കാലം കഴിഞ്ഞു കാർത്തേജിലെ സഭയിൽ ഒരു പ്രസ്ബിറററായി ജോലി സ്വീകരിക്കയും ചെയ്തു. ഒരു ഗ്രന്ഥകാരൻ. താൎക്കികൻ, എന്നീ നിലകളിൽ തെർത്തുല്യൻ അസാമാന്യബുദ്ധിവൈഭവം പ്രദൎശിപ്പിച്ചിട്ടുണ്ടു്. പീഡനകാലങ്ങളിൽ ചക്രവൎത്തിമാരുടെ മുമ്പാകെ ക്രിസ്ത്യാനികളുടെ ഭാഗം പിടിച്ച് വാദിക്കുന്നതിനും, പുസ്തകങ്ങൾവഴിയായി ക്രിസ്ത്യാനികളെക്കുറിച്ചുള്ള തെററിദ്ധാരണകൾ മാററുന്നതിനും, തെർത്തുല്യൻെറ ബുദ്ധിയും നിയമപരിജ്ഞാനവും വളരെ പ്രയോജനപ്പെട്ടിട്ടുണ്ടു്. ലത്തീൻഭാഷ ഉപയോഗിച്ചു ക്രിസ്തീയമതഗ്രന്ഥങ്ങൾ ചമയ്ക്കുന്നതിനു് ഇദ്ദേഹം ആണു് ആദ്യമായി ഉദ്യമിച്ചതു്.

തൻെറ ആയുസ്സിൻെറ അവസാനഘട്ടത്തിൽ മാത്രു സഭവിട്ടു് തെർത്തുല്യൻ, മൊണ്ടേനമതം എന്ന ഇടത്തൂടിൽ ചെന്നുചാടി. സഭയിലുണ്ടായിരുന്ന ദൂഷ്യങ്ങളും മൊണ്ടേനമതത്തിൽ അനുഭവിക്കാമെന്നു വിചാരിച്ചിരുന്ന യഥാർത്ഥ ക്രിസ്തീയ അനുഭവങ്ങളും ആണു് ഇങ്ങനെയുള്ള ഒരു പരിവർത്തനം സ്വീകരിക്കുന്നതിനു ഇദ്ദേഹത്തെ പ്രേരിപ്പിച്ചതു്. ഇദ്ദേഹത്തിൻെറ അഭിപ്രായഗതിയും അസ്ഥിരതയും മനസ്സിലാക്കാൻ നിവൃത്തിയില്ലാത്തവർപോലും ഈ വിശുദ്ധ പിതാവിൻെറ തീക്ഷ്ണതയും ആന്തരശുദ്ധിയും വിലമതിച്ചേതീരു. തെർത്തുല്യൻ എ. ഡി. 222-നടുത്തു് മരിച്ചു.

സഭയെക്കുറിച്ചു മൂന്നാംശതാബ്ദത്തിൽ സിപ്രിയൻ പറഞ്ഞിരിക്കുന്ന അഭിപ്രായങ്ങൾ തെർത്തുല്യൻെറ ആദ്യകാലത്തെ അഭിപ്രായങ്ങളുമായി വളരെ യോജിക്കുന്നുണ്ടു്. സിപ്രിയൻ ഇങ്ങനെ പറയുന്നു: "ക്രിസ്തുവിൻെറ സഭയിൽ അല്ലാത്തവൻ ക്രിസ്ത്യാനി അല്ല.........സഭക്കു വെളിയിൽ രക്ഷയില്ല. സഭ ബിഷോപ്പിലും, ബിഷോപ്പു സഭയിലുമത്രെ. അതുകൊണ്ടു ബിഷോപ്പിനോടുകൂടെ നില്ക്കാത്തവൻ സഭയിലുള്ളവനല്ല."

'വിശ്വാസം ക്ഷാമത്തെ ഭയപ്പെടുന്നില്ല'; 'സത്യം പാരമ്പര്യത്തെക്കാൾ വലുതു്'; 'രക്തസാക്ഷികളുടെ രക്തം സഭയുടെ വിത്തത്രെ' ഇത്യാദി പല സരസോക്തികൾ ഇദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ കാണ്മാനുണ്ടു്. തെർത്തുല്യൻെറ മതപരിവർത്തന കാലശേഷം ചില സംഗതികളെക്കുറിച്ചു പ്രകടിപ്പിച്ചിരിക്കുന്ന അഭിപ്രായങ്ങൾ നേരമ്പോക്കായി തോന്നിയേക്കാം. പുനർവിവാഹം വ്യഭിചാരമാണെന്നും, പട്ടാളസേവ പാപമാണെന്നും മററും പ്രസ്താവിക്കുന്നതിനു ഇദ്ദേഹം മടിച്ചില്ല.

പാശ്ചാത്യസഭയുടെ വൈദിക വിജ്ഞാനത്തിൻെറ വളർച്ചയിൽ തെർത്തുല്യൻ ഒട്ടുവളരെ സഹായിച്ചിട്ടുണ്ടു്. നിഖ്യാവിശ്വാസത്തിൻെറ ആരംഭം ഇദ്ദേഹത്തിൻെറ എഴുത്തിൽ കാണ്മാനുണ്ടു്. ത്രിത്വം, "സബ്സ്റ്റൻസ്," സാക്രമെൻറു്, പുണ്യം (Merit) ആദിയായി വൈദികന്മാർ പി

ല്ലാലത്തു ഉപയോഗിച്ചിട്ടുള്ള പല പദങ്ങളും ഇദ്ദേഹ ത്തിൻെറ ഗ്രന്ഥങ്ങളിലാണു് ആദ്യമായി കാണുന്നതു്.

ചുരുക്കിപ്പറഞ്ഞാൽ, ഇദ്ദേഹം രണ്ടാംശതാബ്ദത്തിൽ ജീവിച്ചിരുന്ന വിശുദ്ധ പിതാക്കന്മാരിൽ പ്രഥമഗണനീ യനാണെന്നുള്ളതിൽ പക്ഷാന്തരമില്ല.

## അലക്സാന്ത്രിയായിലെ ക്ലെമന്തു്
## എ. ഡി. 151—212

പുരാതന സഭയിലെ പണ്ഡിതാഗ്രേസരന്മാരിൽ ഒരു വനാണു അലക്സാന്ത്രിയായിലെ വിശുദ്ധ ക്ലെമന്തു്. അ ക്രൈസ്തവനായി ജനിച്ച ഇദ്ദേഹം കാലാന്തരത്തിൽ ക്രി സ്തുമതം സ്വീകരിക്കയും, സ്നാനാത്ഥികളെ പരിശീലിപ്പി ക്കുന്നതിനുള്ള ഒരു വൈദിക സിമ്മനാരിയുടെ അദ്ധ്യക്ഷ നായിത്തീരുകയും ചെയ്തു. രണ്ടാം ശതാബ്ദത്തിൽ മല ബാർതീരം സന്ദശിച്ച പൻടീനസ് ഇദ്ദേഹത്തിൻെറ ഗു രുവും, 3-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന സുപ്രസിദ്ധ വേദഗ്രന്ഥ വ്യാഖ്യാതാവും, തത്വജ്ഞാനിയും ആയ ഓറി ജൻ ഇദ്ദേഹത്തിൻെറ ശിഷ്യനും അത്രെ.

"പുറജാതികളോടുള്ള പ്രബോധനം" "അദ്ധ്യാപ കൻ" എന്നിത്യാദി ഒട്ടുവളരെ ഗ്രന്ഥങ്ങൾ ക്ലെമന്തു ചമ ച്ചിട്ടുണ്ടു്. വിദ്വാന്മാരായ യവനജാതിക്കാരെ ആകഷിക്ക ത്തക്ക വിധത്തിൽ ക്രിസ്തുമതതത്വങ്ങൾ തത്വജ്ഞാനപര മായി പ്രതിപാദിച്ചു കാണിക്കണമെന്നുള്ളതായിരുന്നു ഇ ദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളുടെ ഉദ്ദേശ്യം. ക്രിസ്തുമതം ഏററ വും ശ്രേഷ്ഠമായ തത്വജ്ഞാനസഞ്ചയമാണെന്നും, യേശു ക്രിസ്തു സകലജ്ഞാനത്തിൻെറയും ഉറവയാണെന്നും, ഗ്രേ ക്കുതത്വചിന്തകൾ ന്യായപ്രമാണം യഹൂദന്മാക്കെന്നപോ ലെ ക്രിസ്തുമതത്തിലേക്കു വഴികാട്ടിയാണെന്നും, വി. ക്ലെ മന്തു് തൻെറ ഗ്രന്ഥങ്ങളിൽ സമത്ഥിച്ചിരുന്നു. ക്രിസ്തീയ ജീവിതത്തെക്കുറിച്ചുള്ള ഇദ്ദേഹത്തിൻെറ അഭിപ്രായങ്ങ ളിൽനിന്നു ഇദ്ദേഹത്തിനു് ഗ്രേക്കുതത്വജ്ഞാനഗതിയോടു ണ്ടായിരുന്ന ആനുകൂല്യം നല്ലതുപോലെ വെളിപ്പെടുന്നു ണ്ടു്. വിശ്വാസംമൂലം ഒരുവനു് രക്ഷപ്രാപിപ്പാൻ കഴിയു

ന്നതാണെങ്കിലും, വിശ്വാസത്തോടുകൂടെ സ്നേഹവും, സ്നേഹത്തോടുകൂടെ ദൈവപരിജ്ഞാനവും സമ്പാദിക്കുന്ന ക്രിസ്ത്യാനിയത്രെ പൂൎണ്ണതയിലെത്തുന്നതു് എന്നു് ഇദ്ദേഹം പഠിപ്പിച്ചുവന്നു. "ജ്ഞാനസമ്പാദനം," "ചിന്താശീലം," 'യുക്തിവാദം' ഇവയെല്ലാം ഒരു ക്രിസ്ത്യാനിയുടെ സൎവ്വപ്രധാനമായ ലക്ഷണങ്ങളായും, കൎത്തവ്യങ്ങളായും വി. ക്ലെമന്തു് ഗണിച്ചിരുന്നു. യവനതത്വജ്ഞാനത്തിൻെറ വില സംബന്ധിച്ചിടത്തോളം തെൎത്തുല്യനും ക്ലെമന്തും തമ്മിൽ ഗണ്യമായ അഭിപ്രായ വ്യത്യാസം കാണ്മാനുണ്ടു്. ജാതികളായ ഗ്രീക്കുകാരുടെ തത്വജ്ഞാനം മനുഷ്യരെ ദൈവത്തിൽനിന്നു അകററുന്ന ഒരു ശക്തിയായിട്ടത്രെ തെൎത്തുല്യൻ കണ്ടതു്. എന്നാൽ പുറജാതികളെ ക്രിസ്തുവിങ്കലേക്കു ആകൎഷിക്കുന്നതിനും മനുഷ്യഹൃദയത്തെ സാത്വികചിന്തയിലേക്കു് ആനയിപ്പിക്കുന്നതിനും, മതിയായ ഒരു സാന്മാൎഗ്ഗിക വഴികാട്ടിയായി ഗ്രേക്കുതത്വജ്ഞാനത്തെ ക്രിസ്ത്യാനികൾ പരിഗണിക്കണമെന്നു് വി. ക്ലെമന്തു് ഉൽബോധിപ്പിച്ചു. ആധുനികകാലത്തു് ക്രിസ്ത്യാനികൾ ഭാരതവൎഷത്തിലെ ക്രിസ്ത്യേതരന്മാരുടെ വിശ്വാസാചാരാദികളോടും മതസാഹിത്യത്തോടും അനുഷ്ഠിക്കേണ്ട നയം എന്താണെന്നു് ആലോചിക്കുമ്പോൾ ക്ലെമന്തിൻെറ ഗ്രന്ഥങ്ങളിലെ പല ആശയങ്ങളും തത്വങ്ങളും, നമുക്കു പ്രയോജനപ്പെടാതിരിക്കയില്ല.

ക്ലെമന്തും ഓറിഗനും വേദപുസ്തകം വ്യാഖ്യാനിക്കുന്നതിനു് സ്വീകരിച്ച രീതി രസാവഹമായിട്ടുള്ളതാണു്. തിരുവചനത്തിലെ ചരിത്രങ്ങളിലും ഓരോ സംഭവങ്ങളിലും വാക്യങ്ങളിലും ഓരോ വിധത്തിലുള്ള ഗൂഢാൎത്ഥമുണ്ടെന്നു അവർ വിശ്വസിച്ചിരുന്നു. ദൃഷ്ടാന്തമായിട്ടു്, അയ്യായിരംപേരെ കൎത്താവു പോഷിപ്പിച്ച ചരിത്രത്തിൽ അഞ്ചപ്പമായി സങ്കല്പിച്ചിരിക്കുന്നതു് മോശയുടെ അഞ്ചുപുസ്തകങ്ങളായ ന്യായപ്രമാണമാണെന്നും, രണ്ടു് മീൻ ഗ്രേക്കുകാരുടെ തത്വജ്ഞാനപദ്ധതികളാണെന്നും ക്ലെമന്തു് വ്യാഖ്യാനിച്ചിരുന്നു.

ക്ലെമന്തിനെ പാശ്ചാത്യസഭയിലെ ഒരു വിശുദ്ധ പിതാവായി റോമാസഭ ആദ്യം അംഗീകരിച്ചിരുന്നെങ്കിലും,

ഇദ്ദേഹത്തിൻെറ ചില അഭിപ്രായ ഗതികൾ സഭയുടെ വിശ്വാസത്തിനു് എതിരായി നില്ക്കുന്നുവെന്നുള്ള ബോധത്താൽ 18-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഒരു പാപ്പാ ഇദ്ദേഹത്തിൻെറ പേരു റോമാസഭയിലെ പുണ്യവാന്മാരുടെ പട്ടികയിൽ നിന്നു നീക്കം ചെയ്തു.

## ഓറിജൻ (എ ഡി 185—254)

ക്ലെമന്തിൻെറ അനന്തരഗാമിയായി അലക്സാന്ത്രിയായിലെ വൈദികസിമ്മനാരിയെ പൂർവ്വവൽ പരിപോഷിപ്പിച്ച പൌരസ്ത്യസഭാപണ്ഡിതാഗ്രേസരനാണു് ഓറിജൻ. ഇദ്ദേഹം അലക്സന്ത്രിയായിലെ ഒരു ക്രൈസ്തവകുടുംബത്തിൽ 185-ാമാണ്ടിടയ്ക്കു ജാതനായി. മരണത്തോളം വിശ്വസ്തനായിരുന്ന സ്വപിതാവിൽനിന്നും, നല്ല പരിശീലനവും വേദജ്ഞാനവും, ശൈശവത്തിൽതന്നെ അദ്ദേത്തിനു ലഭ്യമായി. തുടന്നുണ്ടായ ഗ്രേക്കുതത്വജ്ഞാനപഠനം തൻെറ വിശ്വാസത്തെ സ്ഥിരപ്പെടുത്തുക മാത്രമാണു് ചെയ്തതു്. പിതാവിൻെറ രക്തസാക്ഷിമരണവേളയിൽ ബാലനായ ഓറിജൻെറ അചഞ്ചലതയും സ്ഥിരവിശ്വാസവും തികച്ചും പ്രത്യക്ഷപ്പെട്ടുകയുണ്ടായി. സെപ്തമിസു് സെവിറസു് ചക്രവത്തിയാൽ കൊലയ്ക്കു വിധിയ്ക്കപ്പെട്ട പിതാവിനോടൊപ്പം വിശ്വാസം ഏററു പറഞ്ഞു രക്തസാക്ഷിമരണം വരിക്കുന്നതിനാണു് കേവലം പതിനേഴവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ആ ധീരബാലൻ നിശ്ചയിച്ചതു്. മാതൃതന്ത്രം ഒന്നുമാത്രംകൊണ്ടു ഓറിജൻെറ ആഗ്രഹം വിഫലീഭവിച്ചു. ഇങ്ങനെ പിതാവിൻെറ വിധിയിൽ അംശിയാകുവാൻ സാധിക്കാതെപോകയാൽ ദുഃഖിതനായി ഓറിജൻ അദ്ദേഹത്തിനു എഴുതിയതു്. "ഞങ്ങളുടെ കഷ്ടാവസ്ഥയോർത്തു അവിടുത്തെ മനസ്സു വ്യതിചലിച്ചു പോകാതാരിക്കാൻ പ്രത്യേകം സൂക്ഷിച്ചുകൊള്ളണമേ" എന്നാണു്.

മരണത്തെപ്പോലും ഭയപ്പെടാത്ത ഈ ഭക്തിവൈരാഗ്യം പിൽക്കാലത്തു ഓറിജൻ സ്വീകരിച്ച കഠിനന്യാസവ്രതാനുഷ്ഠാനത്തിൽ പ്രത്യക്ഷപ്പെട്ടു. ഏകവസ്ത്രധാരി

യായും, നിരന്തരോപവാസത്താൽ ശുഷ്കശരീരനായും അത്രെ ഓറിജനെ നാം പിന്നീട്ട കാണുക. വെറും തറയായിരുന്നു അദ്ദേഹത്തിൻെറ ശയ്യാതലം. ചെരിപ്പു അദ്ദേഹം വജ്ജിച്ചു. കൂടാതെ വി. മത്തായി 19-ാം അദ്ധ്യായം 12-ാം വാക്യത്തിൽ പറയുംപ്രകാരമുള്ള പരിപൂണ്ണതയ്ക്കുവേണ്ടി താൻ തന്നെത്താൻ ഷണ്ഡനാക്കുകപോലും ചെയ്തു എന്നുള്ളതും പ്രസ്താവ്യമത്രെ.

ഗുരുവായ ക്ലെമന്തു് മരിച്ചപ്പോൾ 18 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഓറിജൻ ഒരു അഗാധപണ്ഡിതനെന്നു പൊതുജന സമ്മതി സമ്പാദിച്ചിരുന്നതിനാൽ, വൈദിക സിമ്മനാരിയുടെ ചുമതല ഏൽക്കേണ്ടിവന്നു. തൻെറ അക്ഷീണയത്നംകൊണ്ടും, അനുപമപാണ്ഡിത്യംകൊണ്ടും, സിമ്മനാരിയെ അതിൻെറ അത്യുച്ചനിലയിൽ എത്തിക്കുന്നതിനു ഓറിജനു സാധിച്ചു. എങ്കിലും തൻെറ പ്രവത്തനം പ്രതിബന്ധരഹിതമായിരുന്നില്ല. 215-ൽ എല്ലാ തത്വജ്ഞാനികളും അലക്സന്ത്രിയായിൽനിന്നു ബഹിഷ്കൃതരായ വേളയിൽ ഓറിജനും ഒരു കൊല്ലത്തെ വിദേശവാസം അനുഭവിക്കേണ്ടിവന്നു. തൻെറ ജീവിതത്തിൻെറ അവസാനഘട്ടം പ്രത്യേകിച്ചും അസുഖ പൂരിതമായിരുന്നു. അക്രൈസ്തവചക്രവത്തിമാരുടെ പീഡനത്തിനും പുറമെ, തൻെറ സ്വന്തം ബിഷോപ്പായ ഡെമീട്രിയസ്സിൻെറയും ഉപദ്രവം ഈ ഘട്ടത്തിൽ അദ്ദേഹത്തിനുണ്ടായി. താൻ ഒരു പലസ്തീൻ ബിഷോപ്പിൽനിന്നും സ്ഥാനമേററു എന്നുള്ളതാണു് അതിനു കാരണം. ഒരു അന്യമേലദ്ധ്യക്ഷനിൽനിന്നും സ്ഥാനമേററതു,തൻെറസ്ഥാനത്തെ അവഹേളിക്കുന്നതായിട്ടാണു്,ഡെമീട്രിയസ്സിനു തോന്നിയതു്. ക്ഷുഭിതനായ അദ്ദേഹം സുന്നഹദോസുകൾ വിളിച്ചുകൂട്ടി,ഓറിജനിൽ ഇടത്തൂട്ടുകൾ ആരോപിച്ചു, അദ്ദേഹത്തെ പൌരോഹിത്യസ്ഥാനത്തുനിന്നും മുടക്കുകയും, അലക്സന്ത്രിയായിൽനിന്നും ബഹിഷ്കരിക്കയും ചെയ്തു. അതിനെ തുടന്നുതന്നെ ഡിസിയൻെറ മതപീഡനം ഉണ്ടായി. അതിൽപെട്ടു, ഒരു തടവിൽ കിടന്നു അനുഭവിച്ച കഠിന ദേഹോപദ്രവങ്ങളുടെ ഫലമായി, പലസ്തീൻനാട്ടിലെ സോർ പട്ടണത്തിൽവച്ചു 254-ൽ ഓറിജൻ കാലഗതിയെ പ്രാപിച്ചു.

ഓറിജൻെറ പാണ്ഡിത്യം ബഹുമുഖമായിരുന്നെങ്കിലും ഒരു വൈദികവിജ്ഞാനിയും, വേദപുസ്തക വ്യാഖ്യാതാവും, താത്വികനും എന്ന നിലയിൽ സഭാപിതാക്കന്മാരിൽ ഓറിജൻ അതുല്യനാണ്. വേദപുസ്തകവ്യാഖ്യാനത്തിൻെറ ഒക്കെയും മുന്നോടി അദ്ദേഹത്തിൻെറ 'ഹെക്സാപ്ലാ' (Hexapla) എന്ന കൃതിയാണ്. ഇതിൽ പഴയനിയമത്തിൻെറ മൂലഗ്രന്ഥവും, മൂന്നു ഗ്രീക്കു ഭാഷാന്തരങ്ങളും കൂടെ ചേർത്തു, താരതമ്യപഠനം ചെയ്തു, വ്യാഖ്യാനിച്ചു നോട്ടുകൾ ചേർത്തിരിക്കുന്നു. വേദകഥകൾക്കു ഗൂഢാർത്ഥങ്ങൾ സങ്കല്പിച്ചു വ്യാഖ്യാനിക്കുന്ന ഒരു ദൂഷ്യം ഇദ്ദേഹത്തെപ്പററി പറയാമെന്നിരുന്നാലും ഓറിജൻെറ വ്യാഖ്യാനങ്ങളിൽ പലതും, ആധുനികവ്യാഖ്യാതാക്കൾക്കു സഹായമായിത്തീർന്നിട്ടുണ്ട്. ക്രൈസ്തവ തത്വങ്ങളെ ഒന്നാകെ സമഗ്രമായി പ്രതിപാദിക്കുന്ന പ്രഥമഗ്രന്ഥം ഓറിജൻെറ 'ഡി പ്രിൻസിപ്പിസ്' (De Principis) ആണ്. ഹോമോഊസിയോൻ എന്ന പദം ആദ്യം ഉപയോഗിച്ചതു ഇദ്ദേഹമാണ്. ഗ്രീക്കുതത്വജ്ഞാനിയായ 'സെൽസസിൻെറ വിമർശനങ്ങൾക്കു മറുപടിയായി എഴുതിയ സെൽസസിൻെറ നേരെ' (Against Celcus) എന്ന പുസ്തക പരമ്പര, ക്രൈസ്തവതത്വങ്ങൾ വെറും അന്ധവിശ്വാസങ്ങളല്ലെന്നും, പ്രത്യുത, പ്ലേറേറാ തുടങ്ങിയവരുടെ തത്വജ്ഞാനത്തെയും വെല്ലുന്ന തത്വചിന്തകൾ തന്നെയാണെന്നും, താത്വികലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു. കൂടാതെയും വേദത്തിലെ ഓരോ പുസ്തകത്തെയും അധികരിച്ചു അനേക വാല്യങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്.

ഓറിജൻെറ ഈ പരിശ്രമങ്ങൾ ആരംഭകാലത്തു സഭയുടെ വെളിച്ചമായി പ്രശോഭിച്ചിരുന്നെങ്കിലും ഇവതന്നെ പില്ക്കാലത്തു സഭയിൽ ഭിന്നതകൾക്കു നിദാനമായിത്തീർന്നു. പ്രത്യേകിച്ചും ക്രിസ്തുവിൻെറ ആളത്വം, ത്രിത്വത്തിൽ ക്രിസ്തുവിനുള്ള സ്ഥാനം എന്നിവയെപ്പററിയുണ്ടായ വാദപ്രതിവാദത്തിൽ ഭിന്നാഭിപ്രായക്കാർ ഒക്കെയും ഓറിജൻെറ ഗ്രന്ഥങ്ങൾ അടിസ്ഥാനമാക്കിയിരുന്നു. ഇങ്ങനെ ഓറിജൻെറ അഭിപ്രായങ്ങളെ സംബന്ധിച്ചു പൂർവ്വാപരവിരുദ്ധങ്ങളായ വ്യാഖ്യാനങ്ങൾ ഉത്ഭൂതമാകയാൽ

പില്ക്കാലത്തു പല സുന്നഹദോസുകളും അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളെ പഴിക്കുകയും, അദ്ദേഹത്തെ ഒരു ഇടത്തുടുകാരനായി വിധിക്കയും, പുണ്യവാന്മാരുടെ പട്ടികയിൽ അദ്ദേഹത്തിനു സ്ഥാനം കൊടുക്കുന്നതിൽ വൈമനസ്യം പ്രദശിപ്പിക്കയും ഉണ്ടായി. എങ്കിലും ഓറിജനെപ്പോലെ നിഷ്കളങ്കഹൃദയവും പാവനാദൎശങ്ങളും ഉണ്ടായിരുന്ന അധികം സഭാപിതാക്കന്മാർ പൂൎവ്വികസഭാചരിത്രത്തെ അലങ്കരിച്ചിട്ടില്ല തന്നെ.

## വിശുദ്ധ ജറോം (എ. ഡി. 340—420)

പുരാതന പാശ്ചാത്യസഭയിലെ ഒരു പണ്ഡിതാഗ്രേസരനും, വി: അഗസ്റ്റീനോസിൻെറ സമകാലീനനുമായ ഇദ്ദേഹം ഗ്രീസ് രാജ്യത്തിനടുത്തുള്ള ഡാൽമേഷ്യ (Dalmatia) എന്ന സ്ഥലത്തു് ക്രിസ്താബ്ദം 340-ൽ ജനിച്ചു. യൂസിബസ്സ് ഹീരോണിമസ്സ് എന്നാണു് ജറോമിൻെറ പൂൎണ്ണമായ പേരു്. റോമാനഗരത്തിൽ ഇദ്ദേഹം വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുമ്പോഴാണു് സ്നാനമേററതു്. പിന്നീടു് പലസ്തീൻ, സിറിയ ആദിയായ പൌരസ്ത്യരാജ്യങ്ങളിലേക്കു യാത്ര ചെയ്തു. അവിടെവച്ചു ഒരു യഹൂദൻെറ ശിഷ്യത്വം സ്വീകരിച്ചു് എബ്രായഭാഷ പഠിച്ചു. ഈ കാലത്തു് അന്ത്യോഖ്യയ്ക്കു സമീപമുള്ള ഒരു സ്ഥലത്തു് ഒരു സന്യാസിയായി ഇദ്ദേഹം പാൎത്തുവന്നു. എ. ഡി. 379-ൽ അന്ത്യോഖ്യയിൽവച്ചു് പ്രസ്ബിററർ സ്ഥാനം സ്വീകരിച്ചശേഷം കോൺസ്റ്റാൻറിനോപ്പിളിൽചെന്നു പ്രസിദ്ധ വൈദികന്മാരായ നിസ്സായിലെ ഗ്രഗറി, നാസിയാൻസത്തിലെ ഗ്രഗറി എന്നീ മഹാന്മാരുമായി പരിചയപ്പെട്ടു. അതിൻെറശേഷം റോമിൽപോയി കുറെക്കാലം സന്യാസജീവിതത്തിൻെറ മാഹാത്മ്യത്തെക്കുറിച്ചു പ്രസംഗങ്ങൾ നടത്തിയശേഷം ബേത്ത്ലഹെമിലേക്കു തിരികെ പോന്നു. ഇദ്ദേഹത്തിൻെറകൂടെ പൌളാ എന്ന ധനികയായ ഒരു സ്ത്രീയും അവളുടെ മകളും സന്യാസജീവിതവൃത്തിയാൽ ആകൎഷിക്കപ്പെട്ടു ബേത്ത്ലഹെമിൽ വന്നു്, അവരുടെ സ്വന്തം ഉപയോഗത്തിനായും ജറോമിൻെറ ആവശ്യത്തിലേക്കായും രണ്ടുമൂന്നു സന്യാസമഠങ്ങൾ പണിയി

ച്ചു അവിടെ താമസിച്ചു. ബേത്ത്ലഹെമിൽ ചെലവഴിച്ച 34 സംവത്സരക്കാലം, ഒന്നിനുപുറകെ ഒന്നായി പല വാദപ്രതിവാദങ്ങളിൽ ജറോം ഭാഗഭാക്കായിട്ടുണ്ട്. വിദ്യാവൃദ്ധനും വയോവൃദ്ധനും ആയിത്തീർന്നിരുന്ന വി: ജറോം 420-ൽ പരലോകപ്രാപ്തനായി.

ഇദ്ദേഹം വേദപുസ്തകം മുഴുവൻ മൂലഭാഷയിൽനിന്നു ലത്തീൻഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയതു നിമിത്തമാണ് പാശ്ചാത്യലോകം ഇന്നും ജറോമിന്റെ നാമത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതിന് ഇടയായിട്ടുള്ളത്. പിൽക്കാലങ്ങളിൽ സാധാരണജനങ്ങളുടെ ഭാഷയിലുള്ള തർജ്ജമ എന്നർത്ഥംവരുന്ന വാൾഗെററ് തർജ്ജമ (Vulgate Version) എന്ന ഈ പരിഭാഷാഗ്രന്ഥം ഇന്നും റോമാസഭയുടെ ഒരു നിധിയായി കരുതിപ്പോരുന്നു. ജറോമിന്റെ കാലത്തിനുമുമ്പ് യവനഭാഷയിൽമാത്രമേ വേദപുസ്തകം സുലഭമായിരുന്നുള്ളു. എന്നാൽ ഇദ്ദേഹത്തിന്റെ പരിശ്രമഫലമായി ഗ്രീക്കുഭാഷാഭ്യസനം ചെയ്തിട്ടില്ലാത്ത പാമരന്മാർക്കുപോലും, തങ്ങളുടെ മാതൃഭാഷയായ ലത്തീനിൽ ദൈവവചനം വായിച്ച് മനസ്സിലാക്കുന്നതിനുള്ള സൌകര്യം ലഭിച്ചു. ഈ ഉദ്യമം പാശ്ചാത്യസഭയുടെ ഐക്യത്തിനും ആത്മികവളർച്ചയ്ക്കും എത്രകണ്ട് സഹായിച്ചിട്ടുണ്ടെന്ന് എടുത്തു പറയേണ്ട ആവശ്യം ഇല്ല.

## വിശുദ്ധ ക്രിസോസ്റ്റം (എ. ഡി. 345—407)

വാഗ്മിത്വംനിമിത്തം 'പൊൻനാവുകാരൻ' (Chrysostomos) എന്ന പേരു സമ്പാദിച്ച ഈ വിശുദ്ധ പിതാവു പൌരസ്ത്യസഭയിലെ പിതാക്കന്മാരുടെ മുന്നണിയിൽ നില്ക്കുന്നു. ജോൺ ക്രിസോസ്റ്റം എ. ഡി. 345-നടുത്തു അന്ത്യോഖ്യയിൽ ഒരു സേനാധിപന്റെ മകനായി ജനിച്ചു. ചെറുപ്പത്തിൽതന്നെ പിതാവു മരിച്ചുപോയതിനാൽ വിധവയായ തന്റെ അമ്മ അന്തൂസാ (Anthusa) യുടെ പരിചരണത്തിലാണ് ബാലൻ വളർന്നുവന്നതു്. വക്കീൽപണി സ്വീകരിക്കണമെന്നുദ്ദേശിച്ചു ജോൺ ഒരു നിയമവിദ്യാർത്ഥിയായി. പക്ഷേ അന്ത്യോഖ്യയിലെ ദുർമ്മാർഗ്ഗവും

പരിഷ്കാരഗതിയും മനസ്സിലാക്കിയതോട്ടകൂടെ വക്കീൽ പണിയോട്ടമാത്രമല്ല, ലോകജീവിതത്തോട്ടതന്നെയും പരിശുദ്ധ മാനസനായ ഈ യുവാവിനു വിരക്തി തോന്നുകയും താമസിയാതെ സന്ന്യാസജീവിതം സ്വീകരിക്കുന്നതിനു നിശ്ചയിക്കയും ചെയ്തു. പക്ഷെ അമ്മയുടെ അപേക്ഷ നിമിത്തം അവളുടെ മരണംവരെ വീട്ടിൽതന്നെ താമസിക്കേണ്ടിവന്നു. എ. ഡി. 370-നട്ടത്തു ഇദ്ദേഹം ഒരു സന്ന്യാസിമഠത്തിൽ പ്രവേശിച്ച് ആറുവഷം അവിടെ കഴിച്ചുകൂട്ടി. അവിടെവച്ചു ഭയങ്കരതരമായ പല വ്രതങ്ങൾ അനുഷ്ഠിച്ചതിൻെറ ഫലമായി ആരോഗ്യം നഷ്ടപ്പെട്ടകയും അന്ത്യോഖ്യയിലേക്കമടങ്ങിപ്പോരുകയുംചെയ്തു. 381-ൽ ശെമ്മാശ്ശ്പട്ടവും, അഞ്ചുവഷംകഴിഞ്ഞു് പുരോഹിതസ്ഥാനവും സ്വീകരിച്ചശേഷം 12 വഷക്കാലത്തേക്ക അന്ത്യോഖ്യയിൽ തൻെറ ശക്തിമത്തായ പ്രസംഗങ്ങൾകൊണ്ടു് അനേകരെ വിശ്വാസത്തിൽ ഉറപ്പിക്കയും ക്രിസ്തുവിങ്കലേക്ക ആകഷിക്കുകയും ചെയ്തു. എ. ഡി: 387-ൽ പട്ടണത്തിൽ ഉണ്ടായ ലഹളയുടെശേഷം റോമാചക്രവത്തിയുടെ കോപത്തിൽനിന്നു് അന്ത്യോഖ്യയിലെ പൌരന്മാരെ വിട്ടവിച്ചതു ഇദ്ദേഹത്തിൻെറ സ്വാധീനവും വാഗ്മിത്വവും ആണെന്നു പറയപ്പെട്ടന്നു.

എ. ഡി. 397-ൽ കുസ്തന്തീനോസ്പ്പോലീസിലെ പാത്രിയക്കീസായി ഇദ്ദേഹത്തെ നിയമിച്ചു. പക്ഷേ അവിടെ വച്ചു പല വിധത്തിലുള്ള ഉപദ്രവങ്ങൾ ക്രിസോസ്തമിനു നേരിട്ടു. കൈയിൽ കിട്ടിയിരുന്ന പണമെല്ലാം അഗതികളെ സഹായിക്കുന്നതിനും ആശുപത്രികൾ സ്ഥാപിക്കുതിനുമായി അദ്ദേഹം ചെലവിട്ടു. കീഴിലുണ്ടായിരുന്ന പട്ടക്കാരെ പല സംഗതികളിലും കശ്നമായി ശാസിച്ചും ശിക്ഷിച്ചും അവരുടെ ജീവിതരീതിയെ ക്രമപ്പെടുത്തുന്നതിനു ഇദ്ദേഹം ശ്രമിച്ചു. രാജകുടുംബാംഗങ്ങളും ഉൽകൃഷ്ടവംശജരുമായ സ്ത്രീകളെ അവരുടെ ആഡംബരജീവിതംമൂലം പ്രസംഗമദ്ധ്യേ കഠിനമായി ശാസിച്ചിട്ടുണ്ടു്. തൻെറ പ്രസംഗങ്ങൾക്കനുരൂപമായി ക്രിസോസ്തം ഏററവും ലളിതരീതിയിൽ ജീവിച്ചിരുന്നുവെന്നുംകൂടെ ഓക്കേണ്ടതാണു്. രാജകുടുംബത്തെ തന്നെയും അധിക്ഷേ

പിക്കുന്നതിനു ഈ പുതിയ യോഹന്നാൻബപ്തിസ്ത് മടിക്കുന്നില്ലെന്നു കണ്ടപ്പോൾ ചക്രവത്തിനിയുടെ സഹായത്തോടുകൂടെ ശത്രുക്കൾ ഇദ്ദേഹത്തെ കുഴിയിൽ പായിക്കുന്നതിനു ശ്രമിച്ചു. എ. ഡി. 403-ൽ കൂടിയ സുന്നഹദോസിൻെറ തീരുമാനം ചക്രവത്തിനി സ്വീകരിച്ച്, ക്രിസോസ്റ്റമിനെ അമ്മീനിയായിലുള്ള കാക്കസ് എന്ന അനാരോഗ്യകരമായ ഒരു സ്ഥലത്തേക്കു നാടുകടത്തി. ഇവിടെ ഇദ്ദേഹം താമസിച്ചിരുന്ന 3 വഷക്കാലത്തിനിടയിൽ പല പൌരസ്ത്യസഭകൾക്കും ഇടവകകൾക്കും ഗുണദോഷരൂപേണ അനേക എഴുത്തുകൾ അയച്ചിട്ടുണ്ടു്. ചക്രവത്തിനിയായ യൂഡോക്യസ്സു ഇതുകൊണ്ടൊന്നും അടക്കം വന്നില്ല. ക്രിസോസ്റ്റമിനെ കൂടുതൽ കഷ്ടപ്പെടുത്തണമെന്നുദ്ദേശിച്ച് കരിങ്കടലിനടുത്തുള്ള ഒരു കുഗ്രാമമായ പിററിയസ് എന്ന സ്ഥലത്തേക്കു അദ്ദേഹത്തെ മാററി താമസിപ്പിക്കുന്നതിനു ചക്രവത്തിനി ആജ്ഞ നല്കി. പക്ഷേ അവിടെ ചെന്നെത്തുന്നതിനുള്ള യാത്രാക്ലേശം സഹിക്കുന്നതിനു വൃദ്ധനായ ഈ പിതാവു അപ്രാപ്തനായിത്തീൎന്നു. യാത്രാമദ്ധ്യേ അറുപതാമത്തെ വയസ്സിൽ 'സകലത്തിനുവേണ്ടിയും ദൈവത്തിനു സ്തോത്രം' എന്ന അന്ത്യവാക്കുകൾ ഉച്ചരിച്ചുംകൊണ്ടു്, പരമഭക്തനും നിതിനിറഞ്ഞ പ്രസംഗകനുമായ ഈ പ്രവാചക ബിഷോപ്പ് ഈ ലോകത്തിലെ തൻെറ കഷ്ടതകളിൽനിന്നു വിമുക്തനായി. (എ. ഡി. 407)

മുപ്പതുവഷം കഴിഞ്ഞു് ഇദ്ദേഹത്തിൻെറ അസ്ഥികൾ കുസ്തന്തീനോസ് പോലീസിൽ കൊണ്ടുവന്നപ്പോൾ, അന്നത്തെ ചക്രവത്തിയായ തീയോഡോഷ്യസ് തൻെറ പിതാവിൻെറയും മാതാവിൻെറയും ഹൃദയകാഠിന്യം ഓത്തു് വിലപിച്ചതായും, പരസ്യമായി ദൈവത്തോടു് തൻെറ മാതാപിതാക്കന്മാരുടെ കുററത്തിനുവേണ്ടി ക്ഷമായാചനം ചെയ്തതായും പറയപ്പെടുന്നു. ക്രിസോസ്റ്റം അനേക പ്രസംഗങ്ങളും വേദപുസ്തകവ്യഖ്യാനങ്ങളും, ലേഖനങ്ങളും മററു പല ഗ്രന്ഥങ്ങളും ചമച്ചിട്ടുണ്ടു്. ഇവയിൽ

തൻെറ വേദപുസ്തക വ്യാഖ്യാനങ്ങൾക്ക് ഇന്നും ഒരു പ്രത്യേക നിലയും വിലയും ഉണ്ടെന്നു് അനുഭവസ്ഥന്മാർ സാക്ഷിക്കുന്നു. പൌരസ്ത്യസഭയിലെ ഭക്തന്മാരുടെയും വിദ്വാന്മാരുടെയും ഇടയിൽ ഇദ്ദേഹത്തിനുള്ള സ്ഥാനം ഒന്നു വേറെ തന്നെ ആണ്.

## വി. അംബ്രോസ് (എ. ഡി. 340-397)

മിലാനിലെ ബിഷോപ്പായിരുന്ന വി. അംബ്രോസ്സ് പുരാതന പാശ്ചാത്യ സഭയുടെ ഒരു പ്രധാന നായകൻ ആയിരുന്നു. ഇദ്ദേഹം എ. ഡി. 340-നടുത്തു്, ജമ്മനിയിൽ ട്രിവ്സ് എന്ന സ്ഥലത്തു ജനിച്ചു. അംബ്രോസിൻെറ പിതാവു് ഒരുയന്ന ഗവമ്മെൻറുദ്യോഗസ്ഥനായിരുന്നു. റോമാനഗരത്തിൽ തൻെറ അഭ്യസനം പൂത്തിയാക്കിയശേഷം ക്രിസ്താബ്ദം 372-ൽ ഇററലിയുടെ വടക്കുഭാഗത്തുള്ള ചില രാജ്യങ്ങളുടെ ഗവണ്ണരായി അംബ്രോസ് നിയമിക്കപ്പെട്ടു. ഭരണസാമത്ഥ്യവും, സ്വഭാവവിശേഷവും കൊണ്ടു് ഇദ്ദേഹം വേഗത്തിൽ ഒരു നല്ല പേരു സമ്പാദിച്ചു. എ. ഡി. 374- മിലാനിൽ മരു പുതിയ ബിഷോപ്പിനെ തിരഞ്ഞെടുക്കേണ്ട സന്ദൎഭത്തിൽ ലഹളയൊന്നും ഉണ്ടാകാതെയിരിപ്പാൻ ഉദ്യോഗമുറ അനുസരിച്ചു് ഇദ്ദേഹം സ്ഥലത്തെത്തി. ജനക്കൂട്ടത്തിൽനിന്നു് ആരോ ഒരാൾ അംബ്രോസിനെ ബിഷോപ്പാക്കണം എന്നു് മന്ത്രിച്ചതോടുകൂടെ എല്ലാവരും ഇദ്ദേഹത്തെത്തന്നെ ബിഷോപ്പായി വാഴിക്കുന്നതിനു താല്പൎയ്യപ്പെട്ടു് നിർബ്ബന്ധം തുടങ്ങി. ഇദ്ദേഹം അതിനു ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീടു വഴിപ്പെട്ടു. ഒരു ക്രിസ്തീയകുടുംബത്തിൽ ജനിച്ചിരുന്നുവെങ്കിലും അംബ്രോസ് അതുവരെ സ്നാനം സ്വീകരിച്ചിരുന്നില്ല. സ്നാനം ആദിയായ സകല ചടങ്ങുകളും നിവ്വഹിച്ചു എട്ടു ദിവസത്തിന്നിടയിൽ ഇദ്ദേഹം ബിഷോപ്പായിത്തീൎന്നു.

ഒരു എപ്പിസ്കോപ്പാ എന്ന നിലയിൽ തൻെറ ഭരണസാമത്ഥ്യം മൂലമാണു് അംബ്രോസ്സ് പ്രസിദ്ധിനേടിയിട്ടുള്ളതു്. നിഖ്യാവിശ്വാസം മുറുകെപ്പിടിച്ചിരുന്ന ഇദ്ദേഹത്തിനു് അറിയൂസ് കക്ഷികളെ സഹിച്ചുകൂടാഞ്ഞു. ജസ്റ്റി

നാ ചക്രവത്തിനി അവരെ അനുകൂലിച്ചു നിന്നിരുന്നുവെങ്കിലും. മിലാനിൽ പള്ളി വസ്സുന്നതിനോ മററു് അവകാശങ്ങൾ സ്ഥാപിക്കുന്നതിനോ, ധീരമാനസ്സനായ ഇദ്ദേഹം സമ്മതിച്ചില്ല. പക്ഷേ ഇതിൻെറ ഫലമായി ചക്രവത്തിനി ബിഷോപ്പിനെ സ്ഥാനഭ്രഷ്ടനാക്കി, എങ്കിലും ആ കല്പന നടപ്പിൽ വരുത്തുന്നതിനു സാധിച്ചില്ല. ഒരു ചക്രവത്തിയെത്തന്നെ ഇദ്ദേഹം ഒരിക്കൽ കൊമ്പുകുത്തിക്കയുണ്ടായി. ഒരു റോമാ ഗവൎണ്ണരെ വധിച്ച കുററത്തിനു, തെസ്സലോനീക്യയിലെ ജനങ്ങളെ കൂട്ടക്കൊല നടത്തി സംഹരിക്കുന്നതിനു് ചക്രവത്തിയായ തിയഡോഷ്യസ്സ് നിശ്ചയിച്ചു. ഏകദേശം 7000 പേരെ ചക്രവത്തിയുടെ ആജ്ഞയാൽ പെട്ടെന്നു് വാളിന്നിരയാക്കി. ഈ ക്രൂരകൃത്യം കഴിഞ്ഞു് ചക്രവത്തി തന്റെ പള്ളിയിൽ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനായി വരുന്നെന്നു കേട്ടപ്പോൾ, വൈരാഗ്യംപൂണ്ടു് അംബ്രോസ്സ് ചക്രവത്തിയെ ശാസിക്കയും, പള്ളിയിൽ പ്രവേശിക്കരുതെന്നു് ആജ്ഞാപിക്കയും ചെയ്തു എന്നു തന്നെയല്ല, തൻെറ കുററത്തെക്കുറിച്ചു പശ്ചാത്തപിച്ചു് പരസ്യമായി സഭായോഗത്തിൽ ക്ഷമായാചനം ചെയ്യുന്നതുവരെ സഭാസംബന്ധമായ യാതൊരു ശുശ്രൂഷയിലും ചക്രവത്തിയെ സംബന്ധിപ്പിക്കുന്നതല്ല എന്നു് ബിഷോപ്പു ചക്രവത്തിക്കു കല്പന അയക്കുയും ചെയ്തു. എട്ടുമാസം മത്സരിച്ചുനിന്നശേഷം, അവസാനമായി ക്ഷമായാചനം ചെയ്തു മഹാമനസ്കനായ ചക്രവത്തി വി. കുർബാന കൈക്കൊണ്ടു. ഇതിൽ ബിഷോപ്പിൻെറ ധീരതയും, ചക്രവത്തിയുടെ നീതിബോധവും ഒരുപോലെ സ്തുത്യർഹംതന്നെ. അംബ്രോസ്സ് ബിഷോപ്പായിരിക്കുന്ന കാലത്തു നടത്തിയ വേറൊരു ചരിത്രപ്രസിദ്ധമായ കൃത്യം വിശുദ്ധപിതാവായ അഗസ്തീനോസിനെ സ്നാനപ്പെടുത്തിയതാണു്. അഗസ്തീനോസിൻെറ മാനസ്സാന്തരത്തിനു കാരണം ഇദ്ദേഹത്തിൻെറ ഉജ്ജ്വലത്തായ ഒരു പ്രസംഗമാണെന്നുള്ളതും പ്രസ്താവയോഗ്യമാണു്. ഇദ്ദേഹം എ. ഡി. 397-ൽ മരിച്ചു്, മിലാനിലെ പള്ളിയുടെ മദ്ബഹായുടെ കീഴിൽ അടക്കപ്പെട്ടു,

വി. അംബ്രോസ് ഒട്ടവളരെ ഗ്രന്ഥങ്ങൾ എഴുതിയി ട്ടുണ്ട്. ഇദ്ദേഹത്തിൻെറ പാണ്ഡിത്യം നിമിത്തം റോമാ സഭ അംബ്രോസിനെ അവരുടെ വൈദികശ്രേഷ്ഠന്മാരു ടെ കൂട്ടത്തിൽ എണ്ണിപ്പോരുന്നു. ഇദ്ദേഹം ചമച്ചിട്ടുള്ള ചില പാട്ടുകൾ ഇന്നും ഇംഗ്ലീഷ് പാട്ടു പുസ്തകങ്ങളിൽ കാ ണ്മാനുണ്ട്.

## വിശുദ്ധ അഗസ്തീനോസ് (എ. ഡി. 354-430)

സഭാപിതാക്കന്മാരിൽ പ്രഥമഗണനീയനായ വി. അഗസ്തീനോസ് എ. ഡി. 354-ൽ വടക്കെ ആഫ്രിക്കയി ലുള്ള ടാഗ്സ്റ്റേ (Tagste) പട്ടണത്തിൽ ജാതനായി. തൻെറ പിതാവായ പടീഷ്യസ്സ് ഒരു അക്രൈസ്തവനും മാതാവായ മോണിക്ക പരമഭക്തയായ ഒരു ക്രിസ്തീ യസ്ത്രീരത്നവും ആയിരുന്നു. മോണിക്കയുടെ പ്രാർത്ഥനയും സ്വഭാവമാഹാത്മ്യവും അഗസ്തീനോസിൻെറ ജീവിത ത്തിൽ വളരെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ബാല്യകാ ലത്തുതന്നെ വിദ്യാഭ്യാസത്തിൽ അസാധാരണബുദ്ധി വൈഭവം പ്രദർശിപ്പിക്കയാൽ ഉന്നതവിദ്യാഭ്യാസാർത്ഥം മാതാപിതാക്കന്മാർ അഗസ്തീനോസിനെ കാർത്തേജ് സർവ്വ കലാശാലയിൽ അയച്ചു. ബഹുവിധ ദുർവൃത്തികളുടെ കേ ന്ദ്രമായ കാർത്തേജിലെ വശീകരണ ശക്തികൾക്കു ഇദ്ദേ ഹം അധീനനായി പരസ്യപാപത്തിൽ ജീവിതം നയിച്ചു. എങ്കിലും വിദ്യാഭ്യാസവിഷയത്തിൽ, വിശിഷ്യ, വാ ഗ്മിത്വത്തിൽ പ്രഥമസ്ഥാനം കരസ്ഥമാക്കുകയാൽ പ്ര ശംസയും പ്രശസ്തിയും ഇദ്ദേഹത്തിനു ലഭിച്ചിരുന്നു. ജഡ സുഖവും വിദ്യാസമ്പത്തും യഥാർത്ഥ ഹൃദയസംതൃപ്തിക്കു പര്യാപ്തമല്ലായിരുന്നതിനാൽ തദന്വേഷണാർത്ഥം പലതും പരിശോധിച്ചതിൻെറ ഫലമായി 'മാനിക്യമതം' 'നയോ പ്ലാറ്റോമതം' എന്നിവയിൽ തലയിട്ടു അഗസ്തീനോ സ് ഒൻപതു വർഷക്കാലം കഴിച്ചു.

അക്കാലത്തെ അദ്ധ്യയനവിഷയങ്ങളിൽ എല്ലാം പാ ണ്ഡിത്യം സമ്പാദിച്ചശേഷം ഇരുപതാമത്തെ വയസ്സിൽ ഇദ്ദേഹം കാർത്തേജിൽനിന്നും സ്വഭവനത്തിലേക്കു മടങ്ങി.

ഏതാനും നാളുകൾക്കു ശേഷം തക്ക ഒരു പ്രവൃത്തിരംഗം അന്വേഷിച്ചു റോമാനഗരിയിലേക്കു പുറപ്പെട്ടുകയും കാലതാമസമെന്ന്യേ മിലാനിലെ ഒരു പ്രഫെസറായി തീരുകയും ചെയ്തു. മിലാനിലെ പ്രസിദ്ധ ബിഷോപ്പായ അംബ്രോസുമായുള്ള പരിചയം അഗസ്തീനോസിൻെറ മതപരിവൎത്തനത്തിനു ഹേതുവായി ഭവിച്ചു. ഇദ്ദേഹം 'മാനിക്യമതം' നിഷേധിച്ചു എന്നു മാത്രമല്ല ക്രിസ്തീയ വേദപുസ്തകത്തോട്ട് ഇദ്ദേഹത്തിനു ബഹുമാനവും ഭക്തിയും വൎദ്ധിച്ചുവരുകയും ചെയ്തു. സ്വജീവിതത്തിലെ അധഃപതനാവസ്ഥയോൎത്തു അതിതീവ്രമായ ഭാരവും ദുഃഖവും അനുഭവിച്ചുപോന്നതിനാൽ ആശ്വാസത്തിനായി വി. പൌലൊസിൻെറ ലേഖനങ്ങൾ ഇദ്ദേഹം തുടരെ വായിച്ചുകൊണ്ടിരുന്നു. ഒരു ദിവസം ഒരു അത്തിവൃക്ഷത്തിൻെറ തണലിൽ ദുഃഖനിമഗ്നനായിരിക്കുമ്പോൾ 'പുസ്തകം തുറന്നു വായിക്കുക, വായിക്കുക' എന്നു ഒരു ശബ്ദം കേൾക്കയാൽ തൽക്ഷണം വിശുദ്ധവേദം തുറന്നു നോക്കുകയും, 'വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലും അല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലും അല്ല, പിണക്കത്തിലും അസൂയയിലും അല്ല, കൎത്താവായ യേശുവിനെത്തന്നെ ധരിച്ചുകൊൾവിൻ' (റോമ. 13: 13) എന്ന വേദഭാഗം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ പെട്ടുകയും ചെയ്തു.

തൽക്ഷണം സാക്ഷാത്തായ പ്രകാശം ഉദിക്കുകയും സൎവ്വ സംശയങ്ങളും നീങ്ങി ദൈവത്തിൻെറ അതിരററ സ്നേഹത്താൽ അഗസ്റ്റീനോസ്സ് വിവശനായിത്തീരുകയും ചെയ്തു. (എ. ഡി. 386) അടുത്ത വർഷം വിശുദ്ധ അംബ്രോസിൻെറ കൈയാൽ ഇദ്ദേഹം സ്നാനം ഏററു. അധികകാലതാമസംകൂടാതെ അഗസ്തീനോസ് സ്വദേശത്തേക്കു മടങ്ങി. ഹിപ്പോയിലെ ഇമ്പീരിയൽ കമ്മീഷണർ വിദ്യാഭ്യാസകാൎയ്യത്തിൽ അഗസ്തീനോസിൻെറ സഹായം ആവശ്യപ്പെട്ടുകയാൽ അവിടേക്കു പോകയും, അവിടെവെച്ച് ഹിപ്പോയിലെ ഭക്തനായ വലേറിയസ് ബിഷോപ്പ് അയാളുടെ പ്രാപ്തിയും പാണ്ഡിത്യവും കണ്ടു് അഗസ്തീനോസിനെ ശക്തിയായി നിൎബ്ബന്ധിച്ചതിനാൽ

അദ്ദേഹം പ്രസ്ബിററർസ്ഥാനം സ്വീകരിക്കുകയും എ. ഡി. 395-ൽ ഹിപ്പോയിലെ ബിഷോപ്പായി തീരുകയും ചെയ്തു.

സ്വാത്മപരിത്യാഗിയും ആർദ്രമാനസനും ആയ അഗസ്തീനോസ് തൻെറ ധനവും സമയവും ശക്തിയും ദരിദ്രന്മാരുടെയും അനാഥന്മാരുടെയും രോഗികളുടെയും ക്ഷേമത്തിനായി വിനിയോഗിച്ചു. തൻെറ സ്വത്തുക്കൾ ദാനം ചെയ്തതു കൂടാതെ സാധുജന സംരക്ഷണാത്ഥം ദേവാലയങ്ങളിലെ വിലയേറിയ പാത്രങ്ങൾതന്നെയും ഉരുക്കിവിററു ദാനംചെയ്തു. അഗസ്തീനോസ് തൻെറ നാഥൻെറ പേക്കായി ചെലവിടുന്നതിനും ചെലവായിപ്പോകുന്നതിനും മനസ്സുള്ളവനായിരുന്നു.

ദുരുപദേശത്തെ എതിക്കുന്നതിനും ഉന്മൂലനം ചെയ്യുന്നതിനും അദ്ദേഹം സദാ തയ്യാറായിരുന്നു. അസാധാരണ ബുദ്ധികൂമ്മതയും, അഗാധമായ ക്രിസ്തീയാനുഭവമുള്ള ഒരു ഹൃദയവും ഒരുമിച്ചു സമ്മേളിച്ച ഒരു ജീവിതം അത്രെ അഗസ്തീനോസിനുണ്ടായിരുന്നതു്. ഭക്തനായ ഈ ബിഷോപ്പു എ. ഡി. 430 ആഗസ്റ്റ് 28-ാം തീയതി തൻെറ 76-ാം വയസ്സിൽ നിത്യസ്വസ്ഥതയിലേക്കു പ്രവേശിച്ചു.

. ഒരു വാഗ്മി എന്ന നിലയിൽ അഗസ്തീനോസ് സുപ്രസിദ്ധനായിരുന്നു. കാർത്തേജിൽവച്ചു നടന്ന കൌൺസിലുകളിൽ തൻെറ പ്രസംഗങ്ങൾ ഏവരും ശ്രദ്ധയോടെ കേട്ടുപോന്നു. ഹിപ്പോയിൽ നടപ്പിലിരുന്ന പല ദുരാചാരങ്ങളും ബഹിഷ്കരിക്കുന്നതിനു മാത്രമല്ല അനേക ദുരുപദേശങ്ങളെ തകക്കുന്നതിനും സത്യവിശ്വാസം സ്ഥാപിക്കുന്നതിനും തൻെറ വാഗ്മിത്വം പര്യാപ്തമായിത്തീന്നു.

അഗസ്തീനോസ് അതിസമത്ഥനായ ഒരു എഴുത്തുകാരൻകൂടെയായിരുന്നു. "അഗസ്തീനോസിൻെറ ഏററുപറച്ചിൽ" (എ. ഡി. 379) എന്ന ഗ്രന്ഥം തൻെറ ആത്മീയാനുഭവങ്ങളെ ഏററം സ്പഷ്ടമായി ചിത്രീകരിക്കുന്നു. ഇതിലെ ഒരു ചിന്താരത്നം താഴെ ഉദ്ധരിക്കുന്നു;—"കത്താവേ, നീ ഞങ്ങളെ നിനക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്നു; ഞ

ങ്ങളുടെ ഹൃദയങ്ങൾ നിന്നിൽ വിശ്രമം കണ്ടെത്തുന്നതുവരെ അവയ്ക്കു യഥാർത്ഥ വിശ്രമമുണ്ടാകയില്ല.'' 'ദൈവനഗരം' എന്ന ഗ്രന്ഥം ഇദ്ദേഹത്തിൻെറ കൃതികളിൽ പ്രഥമസ്ഥാനം അർഹിക്കുന്നു. 'വിശുദ്ധത്രിത്വം' എന്ന വിസ്താരമായ ഗ്രന്ഥം മുപ്പതു വർഷക്കാലത്തെ പ്രയത്നഫലമത്രെ. 'അഗസ്തീനോസിൻെറ കത്തുകളിൽ ക്രിസ്തീയസ്നേഹവും ശ്രേഷ്ഠമായ ഉപദേശവും പ്രകാശിക്കുന്നു. തൻെറ വ്യാഖ്യാനകൃതികൾ വിശുദ്ധവേദത്തെ സദാ ആധാരമാക്കിയിരിക്കുന്നു.

ഒരു മതതത്വശാസ്ത്രജ്ഞൻ എന്ന നിലയിൽ അക്കാലത്തു അഗസ്തീനോസ് അദ്വിതീയൻ ആയിരുന്നു. ഇന്നും ഇദ്ദേഹത്തിനു് ഒരു ഉയൎന്ന സ്ഥാനം ഉണ്ടെന്നുള്ളതു നിസ്തൎക്കമാണു്.

ഒരു താൎക്കികൻ എന്ന നിലയിലാണു് തന്നെക്കുറിച്ചുള്ള ശ്രുതി അധികം പ്രചരിച്ചതു്. എതിർ കക്ഷികൾക്കു അഗസ്തീനോസിൻെറ പേരും സാന്നിദ്ധ്യവും ഭയഹേതുകമായിരുന്നു. മാനിക്യ ദുരുപദേശത്തെ ഖണ്ഡിച്ചു പല ഗ്രന്ഥങ്ങൾ ചമച്ചതിൽ 'രണ്ടു ആത്മാക്കൾ,' 'ഉല്പത്തി വ്യാഖ്യാനം' എന്നിവ പ്രസിദ്ധങ്ങളാണു്.

ക്രിസ്തീയ സഭയുടെ കാതോലികത്വം സഭയുടെ വിശുദ്ധിയെ മാത്രം ആശ്രയിച്ചിരിക്കുന്നുവെന്നു ശഠിച്ച ഡോനാററിസ് മതത്തെ എതിൎത്തു, സഭ മാററമില്ലാത്ത ദൈവഹിതമെന്ന പാറയിൽ സുസ്ഥിരമായി സ്ഥാപിതമായിരിക്കുന്നുവെന്നും, സ്ഥിരതയില്ലാത്ത മനുഷ്യമനസ്സിന്മേൽ അതിനെ ഇളക്കി പ്രതിഷ്ഠിക്കുന്നതു് വേദവിപരീതമാണെന്നും ഇദ്ദേഹം വാദിച്ചു. ഡോനാററിസ് ശീശ്മയെ അനുകൂലിക്കുന്ന ബിഷോപ്പന്മാരെ ബലം പ്രയോഗിച്ചു സഭയിലേക്കു വരുത്തണമെന്നു എ. ഡി. 410-ലെ കാൎത്തേജ് കൗൺസിലിൽ നടന്ന തീരുമാനത്തെ അഗസ്തീനോസ് ബലമായി അനുകൂലിക്കുകയും അതു പ്രായോഗികമാക്കുന്നതിനു ശ്രമിക്കുകയും ചെയ്തു. ഇതു ഇദ്ദേഹത്തിൻെറ സ്വഭാവത്തിൽ കാണുന്ന ഏക കളങ്കമാണു്.

മനുഷ്യമനസ്സിൻെറ പരിപൂൎണ്ണ സ്വാതന്ത്ര്യത്തെ പ്രഘോഷണം ചെയ്ത പെലേജിയസ്സിനെ എതിൎത്തു് ദൈ

വത്തിൻെറ സൎവ്വശക്തിയെയും സൗജന്യരക്ഷയെയും അവയോടു അനുബന്ധിച്ച വിധിയും മുൻനിശ്ചയവും എന്ന ഉപദേശത്തെയും സ്ഥാപിക്കുന്നതിനു ഇദ്ദേഹം ശ്രമിച്ചതു് സുപ്രസിദ്ധമാണു്.

മഹാനായ അഗസ്തീനോസിൻെറ ജീവിതവും എഴുത്തുകളും തൻെറ കാലത്തു മാത്രമല്ല ഏതൽക്കാലപൎയ്യന്തമുള്ള ക്രിസ്തീയ സഭയിലും ഏവരും ആദരിച്ചു വരുന്നുവെന്നുള്ളതു വിശിഷ്യ സ്മരണീയമാണു്. മനുഷ്യ പ്രകൃതിയുടെ അധഃപതനാവസ്ഥ ദൈവകൃപയുടെ സാധകശക്തി ആദിയായ ഇദ്ദേഹത്തിൻെറ ഉപദേശങ്ങൾ ലൂഥറിൻെറ വിശ്വാസ രൂപവൽക്കരണത്തിനു സഹായിച്ചിട്ടുണ്ടു്. ലൂഥർ, സ്വിംഗ്ലി ആദിയായ നവീകരണ കൎത്താക്കന്മാരുടെ വ്യാഖ്യാനരീതിയും കാൽവിൻെറ ഉപദേശാധാരവും, തോമസ് അകിനാസിൻെറ അഗാധചിന്തയും മനുഷ്യ സ്വഭാവനിരീക്ഷണത്തിനും ഉള്ള പ്രാരംഭപ്രേരണാശക്തിയും, വിശുദ്ധ ബർനാഡിൻെറ ജീവിത വിജയ രഹസ്യമായ ആഴമേറിയ ഭക്തിയും, സേവനാസക്തിയും, അഗസ്തീനോസിൽനിന്നു ലഭിച്ചതാണെന്നു അവർ സാക്ഷീകരിക്കുന്നു. ക്രിസ്തീയ ലോകത്തിൽ ഇത്ര വളരെ സ്വാധീനം പ്രയോഗിച്ച ഈ മഹാത്മാവു് സഭാപിതാക്കന്മാരുടെ കൂട്ടത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്നു.

---

# അദ്ധ്യായം 9

## ഗ്രിഗറി ഒന്നാമൻ പാപ്പായും

## പാപ്പാമാരുടെ അധികാരവൎദ്ധനവും

മദ്ധ്യകാലങ്ങളെന്നും അന്ധകാരകാലങ്ങളെന്നും യൂറോപ്പുചരിത്രത്തിൽ പറഞ്ഞുവരുന്ന 6 മുതൽ 16 വരെയുള്ള ശതാബ്ദങ്ങൾ ആരംഭിക്കുന്നതു് ഗ്രിഗറി പാപ്പായുടെ ആവിർഭാവത്തോടുകൂടെയാണു്. പല സംഗതികളിലും പ്രസ്തുത ശതാബ്ദങ്ങളിൽ ഇദ്ദേഹത്തിൻെറ ആചാരോ

പദേശങ്ങൾക്ക പ്രാധാന്യം കല്പിച്ചിരുന്നതിനാൽ മദ്ധ്യ കാലചരിത്രമാകുന്ന തോണിയുടെ ഒരു അമരക്കാരനായി ഇദ്ദേഹത്തെ ഗണിക്കാവുന്നതത്രെ. എന്നു മാത്രമല്ല, ഇദ്ദേഹം ഒന്നാമത്തെ പാപ്പായും, തന്നിമിത്തം പാപ്പാമാരുടെ പിതാവെന്ന സ്ഥാനത്തിന്ന് അർഹനുമാണെന്നു ഓക്കേണ്ടതാണ്. സഭാപിതാക്കന്മാരായ അംബ്രോസ്, അഗസ്തീനോസ്, ജറോം എന്നിവരോട്ടുകൂടെ ഇദ്ദേഹത്തിനും ലത്തീൻ സഭയിലെ പ്രസിദ്ധ വൈദികന്മാരുടെ കൂട്ടത്തിൽ ഒരു മുഖ്യാസനം ലഭിച്ചിട്ടുണ്ട്. ഇദ്ദേഹത്തെ മഹാനായഗ്രഗറി എന്നും സാധാരണ വിളിച്ചുവരുന്നു.

എ. ഡി. 540-ൽ ഒരു പ്രഭുകുടുംബത്തിൽ ജാതനായ ഗ്രഗറിയെ 30-ാമത്തെ വയസ്സിൽ ജസ്റ്റിൻ രണ്ടാമൻ ചക്രവത്തി റോമാ നഗരത്തിന്റെ ഗവണ്ണരായി (Prefect) നിയമിച്ചു. പക്ഷേ ഇദ്ദേഹത്തിനു സന്യാസവ്രതത്തിൽ താല്പയ്യം ജനിക്കയാൽ തന്റെ സ്ഥാനമാനങ്ങളും ആഡംബര ജീവിതവും ഉപേക്ഷിച്ച് എ. ഡി. 575-ൽ മോണ്ടിക്കാസ്സിനൊ എന്ന ബനിഡിക്റ്റ് സമൂഹക്കാരുടെ ഒരു സന്യാസ മഠത്തിൽ കേവലം ഒരു സന്യാസിയായി ജീവിക്കുന്നതിന്ന് നിശ്ചയിച്ചു പ്രവേശം വാങ്ങി. സ്വന്ത വസ്തുവകകൾ വിററ് പല പുതിയ മഠങ്ങൾ ഗ്രഗറിതന്നെ സ്ഥാപിച്ചിട്ടുണ്ട്. എ. ഡി. 590-ൽ ഗ്രഗറിയുടെ നിർബന്ധം വകവയ്ക്കാതെ റോമാ സഭ ഇദ്ദേഹത്തെ പിടിച്ചുവലിച്ചുകൊണ്ടുചെന്നു് പാപ്പാ ആയി വാഴിച്ചു. 14 വർഷം പ്രതാപത്തോട്ടുകൂടെ ഭരിച്ചശേഷം എ. ഡി. 604-ൽ ഗ്രഗറി കാലധമ്മം പ്രാപിച്ചു.

പാപ്പായെന്നുള്ള നിലയിൽ ഇദ്ദേഹം പല നല്ല സംഗതികൾ ചെയ്തിട്ടുണ്ട്. അവയിൽ പ്രധാനമായ ഒന്നു ഇംഗ്ലണ്ടിലെ പുറജാതികളോട്ട് സുവിശേഷം പ്രസംഗിക്കുന്നതിനായി ഇദ്ദേഹം ചെയ്ത സ്തുത്യർഹമായ പരിശ്രമങ്ങളത്രെ. ഇതു് വേറൊരു അദ്ധ്യായത്തിൽ വിവരിക്കുന്നതാണ്. ഇദ്ദേഹം സഭയുടെ നന്മയ്ക്കുവേണ്ടി ചെയ്ത വേറൊരു പ്രവൃത്തി സഭയുടെ ആരാധനക്രമം പരിഷ്കരിച്ചു ഒരു പുതിയ തക്സാ നിമ്മിക്കയും പല പുതിയ പാട്ടുകൾ ആരാധനയിൽ ഏപ്പെടുത്തുകയും ചെയ്തതാണ്. പ്രസംഗകൻ, ശ്ര

ന്ഥകാരൻ എന്നീ നിലകളിലും ഗ്രഗറി നല്ലപേരു് സമ്പാദിച്ചിട്ടുണ്ടു്.

റോമാസഭ ഇപ്പോൾ വിശ്വസിച്ചുപോരുന്ന പല ഉപദേശങ്ങളുടെയും വിത്തു വിതച്ചതു് ഇദ്ദേഹമാണു്. ജ്ഞാനസ്നാനത്താൽ നമ്മുടെ ജന്മപാപം കഴുകിക്കളയുന്നതിനു സാധിക്കുമെന്നും, ജ്ഞാനസ്നാനശേഷമുള്ള പാപങ്ങൾക്കു പ്രതിവിധിയായി സഭ കല്പിക്കുന്ന പ്രായശ്ചിത്തം കൊടുത്താൽ മതിയെന്നും, കർത്താവിന്റെ അത്താഴം യേശുക്രിസ്തുവിന്റെ ബലിയുടെ ഒരു ആവർത്തനമാണെന്നും, അതു് ജീവിക്കുന്നവർക്കും മരിച്ചവർക്കും ഒരുപോലെ പ്രയോജനകരമെന്നും, പരിശുദ്ധന്മാർക്കു് നമ്മെ പലവിധത്തിൽ സഹായിക്കുവാൻ സാധിക്കുമെന്നും മറ്റുമുള്ള റോമാരുചിയുള്ള അനേക ഉപദേശങ്ങൾ ഇദ്ദേഹത്തിന്റെ പുസ്തകങ്ങളിൽ കാണ്മാനുണ്ടു്. ബസ്പുക്കാനായെക്കുറിച്ചുള്ള ഉപദേശം ഇദ്ദേഹം സ്പഷ്ടമായി പഠിപ്പിച്ചിരുന്നു. "ന്യായവിധിക്കുമുമ്പു ലഘുതരമായ ചില പാപങ്ങളുടെ ശിക്ഷയായി ബസ്പുക്കാനായിലെ അഗ്നിയുണ്ടെന്നു് വിശ്വസിക്കേണ്ടതാണു്." (Dialogues 4. 39). വസ്തുമാറോപദേശത്തിന്റെ അടിസ്ഥാനമിട്ടതും ഇദ്ദേഹമത്രെ. റോമാസഭയിൽ നവീകരണകാലത്തിനു് മുമ്പും, അതിൽപിന്നീടും കണ്ടുവരുന്ന പരിശുദ്ധന്മാരെയുള്ള വന്ദനവും, അതുപോലെതന്നെ അവരുടെ അസ്ഥികൾക്കു സങ്കല്പിച്ചുകൊടുത്തിരിക്കുന്ന ദിവ്യശക്തിയിലുള്ള വിശ്വാസവും, ഗ്രഗറിയുടെ കാലത്താണു് റോമാസഭയിൽ പ്രബലപ്പെട്ടു തുടങ്ങിയതു്.

പാപ്പാസ്ഥാനത്തിന്റെ അധികാരത്തെ വളർത്തുന്നതിലും ഗ്രഗറി വളരെ സഹായിച്ചിട്ടുണ്ടു്. പത്രൊസിന്റെ പിൻഗാമിയെന്ന നിലയിൽ ക്രിസ്തീയസഭയുടെ പൊതുവിലുള്ള മേൽനോട്ടം റോമയിലെ ബിഷോപ്പിനുള്ളതാണെന്നു് ഇദ്ദേഹത്തിനുണ്ടായിരുന്ന വിശ്വാസംനിമിത്തമാണു് കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിന്റെ അധികാരസീമയിൽപെട്ട ചില കാര്യങ്ങളിൽ ഇടപെടുന്നതിനു ശ്രമിച്ചതു്. ഫ്രാൻസിലെ സഭാകാര്യങ്ങളിലും ഇദ്ദേഹം ആവശ്യമില്ലാതെ പ്രവേശിച്ചിട്ടുണ്ടു്.

ലോംബാർഡ്യ്ജാതികൾ, ഇററലിരാജ്യം ആക്രമിച്ച് റോമാനഗരം പിടിക്കുമെന്നായപ്പോൾ അവരോടു സന്ധിയാലോചന ചെയ്തു സാമ്രാജ്യത്തിൻെറ തലസ്ഥാനത്തെ രക്ഷിച്ചതുനിമിത്തം ചക്രവൎത്തിമാരെക്കാൾ ഉയൎന്ന ഒരു സ്ഥാനമാണു് ഈ പാപ്പാസ്ഥ കുറേക്കാലത്തേക്കു ജനസാമാന്യത്തിനിടയിൽ ലഭിച്ചിരുന്നതു്. ഇങ്ങനെ തൻെറ ഔദ്യോഗികസ്ഥാനത്തിൻെറ യശസ്സും മാഹാത്മ്യവും പലവിധത്തിൽ ഗ്രഗറി വൎദ്ധിപ്പിച്ചിരുന്നുവെങ്കിലും, രഹസ്യജീവിതത്തിൽ ഇദ്ദേഹം ഏററവും വിനയവും വിനീതബുദ്ധിയും ഉള്ള ഒരു ദേഹമായിരുന്നു. നടപടികളിൽ അധികാരപ്രമത്തത പ്രദൎശിപ്പിച്ചിട്ടുണ്ടെങ്കിലും, എഴുത്തുകളിൽ 'ദൈവത്തിൻെറ ദാസന്മാരുടെ ദാസൻ' എന്നാണു് ഗ്രഗറി തന്നെക്കുറിച്ചുതന്നെ പറഞ്ഞിരിക്കുന്നതു്.

## പാപ്പാമാരുടെ അധികാരവളർച്ച

11-ം, 12-ം ശതാബ്ദങ്ങളിൽ ജീവിച്ചിരുന്ന ഗ്രഗറി ഏഴാമൻ, ഇന്നസെൻറു്മൂന്നാമൻ എന്നീ പാപ്പാമാർ ആത്മികാധികാരവും ലൌകികാധികാരവും യോജിപ്പിച്ച് ഒരുവിധത്തിൽ യൂറോപ്പിലെ ഏകഛത്രാധിപതിമാരായി ഭരിച്ചിരുന്നുവെന്നു നാം പിന്നീടു കാണുന്നതാണു്. ഇങ്ങനെയുള്ള ഒരു സ്ഥാനത്തു് പാപ്പാമാർ എത്തിയതെങ്ങനെ എന്നു മനസ്സിലാകണമെങ്കിൽ ഒന്നാമത്തെ പാപ്പാ ആയ ഗ്രഗറിയുടെ കാലം മുതൽ (എ. ഡി. 604—1073) നാനൂറു വൎഷങ്ങൾക്കുള്ളിൽ നടന്നിട്ടുള്ള ചില പ്രധാന സംഭവങ്ങൾ ചുരുക്കമായി പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

റോമാസാമ്രാജ്യത്തിൻെറ തലസ്ഥാനമായ റോമാനഗരത്തിൽ ആസ്ഥാനം ഉറപ്പിച്ചതുനിമിത്തം ഔദ്യോഗികനിലയിൽ ഒരു പ്രത്യേക മാഹാത്മ്യം പാപ്പാമാർ അനുഭവിച്ചുപോന്നു. വി: പൌലൊസിൻെറയും പത്രൊസിൻെറയും രക്തസാക്ഷിമരണംമൂലം റോമാനഗരത്തിനു ക്രിസ്തീയസഭയിൽ പൊതുവെ മുഖ്യമായ ഒരു സ്ഥാനം ലഭിച്ചിരുന്നു. സാമ്രാജ്യത്തിൻെറ തലസ്ഥാനം കോൺസ്റ്റാൻറിനോപ്പിളിലേക്കു മാററിയതോടുകൂടെ റോമാനഗരത്തിലെ ബിഷോപ്പു പ്രസ്തുത നഗരത്തിൽ പ്രത്യേകിച്ചും, ഇററലിരാ

ജ്യത്തിൽ പൊതുവെയും ഒരു നേതാവും പ്രധാനിയും ആയിത്തീൎന്നു. ഗോത്തുജാതികളുടെ ആക്രമണസമയത്തു പാപ്പാമാരാണു് റോമാനഗരത്തെയും ഇററലിരാജ്യത്തെയും ഒന്നുരണ്ടുപ്രാവശ്യം രക്ഷിച്ചതു്. ഇററലിയിൽ ഒട്ടുവളരെ സ്ഥലങ്ങൾ പാപ്പായുടെ അധികാരത്തിൽ വന്നതോടുകൂടെ പാപ്പാ ഒരു വലിയ ജന്മിയെന്നുള്ള നിലയിൽ എത്തി. ഈ സ്ഥലങ്ങൾ സഭയ്ക്കായി ഓരോരുത്തർ ദാനം ചെയ്തിരുന്നവയാണു്. ഇവയിൽനിന്നുള്ള വരുമാനം ദാനധൎമ്മങ്ങൾക്കും, ക്ഷാമകാലത്തു റോമാപൗരന്മാരെ സന്ധിക്കുന്നതിനും വിനിയോഗിച്ചുപോന്നതിൻെറ ഫലമായി പാപ്പാമാരോടു ജനങ്ങൾക്കു ഭക്തിയും സ്നേഹവും വൎദ്ധിക്കുന്നതിനിടയായി. എ. ഡി. 369-ലും, 445-ലും ചക്രവൎത്തിമാർ റോമാബിഷോപ്പന്മാരുടെ അധികാരത്തെ സ്ഥാപിച്ചു വിളംബരം പുറപ്പെടുവിച്ചിട്ടുണ്ടു്. ക്രിസ്ത്വാബ്ദം 800 ൽ ലിയോ മൂന്നാമൻ ഫ്രാങ്കുകളുടെ രാജാവായ ഷാർളിമെയിനിനെ ചക്രവൎത്തിയായി അഭിഷേകം ചെയ്തതോടുകൂടെ പാപ്പാമാരുടെ അധികാരവും ശക്തിയും ഒട്ടുവളരെ വൎദ്ധിച്ചു. രാജാക്കന്മാരെ വാഴിക്കുന്നതിനുള്ള അവകാശവും അതിൽ അന്തർഭവിച്ചിരിക്കുന്ന അധികാരവും ആദ്യമായി പ്രയോഗിച്ചതു ഈ സന്ദൎഭത്തിലാണു്. ഫ്രാങ്കുകളുടെ രാജാക്കന്മാരായ പിപ്പിൻ, ഷാർലിമെയിൻ എന്നിവർ കൃതജ്ഞതയാൽ പ്രേരിതരായി പാപ്പാമാരുടെ അധികാരസീമയെ രാജകല്പനകളും ദാനങ്ങളുംമൂലം വളരെ വിസ്തൃതമാക്കി.

പാപ്പാമാൎക്കു് ഇല്ലാത്ത അധികാരാവകാശങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു് സഹായിച്ച വേറൊരു ശക്തി 9-ാം ശതാബ്ദത്തിൽ ക്രോഡീകരിക്കപ്പെട്ട ചില കള്ളപ്രമാണങ്ങളാണു്. ഇംഗ്ലീഷിൽ ഇവയ്ക്കു Forged Decretals എന്നും Pseudo-Isidorian Decretals എന്നും പറഞ്ഞുവരുന്നു. പാപ്പാമാരുടെ അധികാരത്തെ താങ്ങുന്ന ഏകദേശം 60 റിക്കാർട്ടുകൾ ഈ പ്രമാണസഞ്ചയത്തിൽ കാണ്മാനുണ്ടു്. സഭയുടെ കാനോൻനിയമങ്ങളെന്നും ഒന്നാം ശതാബ്ദംമുതൽ 8-ാം ശതാബ്ദംവരെ ജീവിച്ചിരുന്ന സഭാപ്രധാനികളുടെയും പാപ്പാമാരുടെയും കല്പനകൾ എ

ന്നും ഉള്ള നിലയിലാണു് ഇവയ്ക്കു സഭയിൽ ആദ്യമായി പ്രവേശനം ലഭിച്ചതു്. പക്ഷേ പാപ്പായുടെയും പുരോഹിതന്മാരുടെയും അധികാരത്തെ ബലപ്പെടുത്തുന്ന കള്ളറിക്കാർട്ടുകളാണു് ഇവയിൽ അധികവുമെന്നു് നവീകരണകാലത്തോടുകൂടെ മാത്രമെ തെളിവായുള്ളു. അതുകൊണ്ടു്, നാലഞ്ചു ശതാബ്ദകാലത്തേക്കു ജനങ്ങൾ ഇവ വേദവാക്യംപോലെ സ്വീകരിച്ചു്, പാപ്പാമാരുടെ അധികാരത്തെ യാതൊരു സംശയവുംകൂടാതെ സ്വീകരിച്ചുപോന്നു. മദ്ധ്യകാലങ്ങളിലെ കള്ളപ്രമാണങ്ങളിൽവച്ചു് ഏററവും ഭയങ്കരമായ കള്ളറിക്കാർട്ടുകളെന്നാണു് ചരിത്രകാരനായ ലോർഡ്ബ്രൈസ് ഇവയെ വിമർശനം ചെയ്തിരിക്കുന്നതു്.

പല പാപ്പാമാരുടെയും, സ്വഭാവശ്രേഷ്ഠതയും, കാര്യപ്രാപ്തിയും, ബുദ്ധിസാമർത്ഥ്യവും, നയവിശേഷവും, പാപ്പാസ്ഥാപനത്തിൻെറ അധികാരവളച്ചയുടെ ഒരു മുഖ്യകാരണമായി തീർന്നിട്ടുണ്ടെന്നുള്ള വാസ്തവം വിസ്മരിക്കത്തക്കതല്ല.

ഇങ്ങനെയുള്ള പലവിധ കാരണങ്ങൾ മൂലമാണു് കുസ്തന്തീനോസ്പോലീസ്, അന്ത്യോഖ്യാ, അലക്സന്ത്രിയാ, യെറുശലേം എന്നീ സഭാകേന്ദ്രങ്ങളിലെ പാത്രിയർക്കീസന്മാർക്കു് തുല്യമായ സ്ഥാനം മാത്രം വഹിച്ചിരുന്ന റോമായിലെ ബിഷോപ്പു്, കാലക്രമേണ പാശ്ചാത്ത്യസഭയുടെ പരമാധികാരി ആയി ഉയർന്നു പരിലസിക്കുന്നതിനിടയായതു്.

---

# അദ്ധ്യായം 10

## സഭ രണ്ടായി പിരിഞ്ഞതെങ്ങനെ?

സഭാപുനരൈക്യത്തെക്കുറിച്ചുള്ള ആലോചനകൾ പല രാജ്യങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു് പാശ്ചാത്യസഭയും പൌരസ്ത്യസഭയും തമ്മിൽ ഒരുകാലത്തു് ഭിന്നിക്കുന്നതിനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്നു സൂക്ഷ്മമായി അന്വേഷിക്കയും പഠിക്കയും ചെയ്യേണ്ട

ച്ചുമതല യോജിപ്പിന്നു് ആഗ്രഹിക്കുന്ന ഏവക്കും ഉള്ളതാണു്. 1054-ൽ ആണു് പാശ്ചാത്യസഭയും പൌരസ്ത്യസഭയും രണ്ടായി പിരിഞ്ഞതു്. എന്നാൽ ഈ ഭിന്നതയുടെ കാരണങ്ങൾ നാലഞ്ചു് ശതാബ്ദങ്ങളായി വളൎന്നു ശക്തി പ്രാപിച്ചുകൊണ്ടിരുന്നവയത്രെ. ഇവ എന്തെല്ലാമെന്നു് നമുക്കു നോക്കാം:—

രണ്ടു സഭകളും തമ്മിൽ വിശ്വാസത്തിലും ആചാരത്തിലും ഉള്ള വൈപരീത്യം, അന്യോന്യമുണ്ടായിരുന്ന അസൂയ, സൌന്ദൎയ്യപ്പിണക്കം, പാപ്പായുടെയും പാത്രിയക്കീസിൻെറയും അധികാരഭ്രമം, ഇവയാണു് സഭ രണ്ടായി ഭിന്നിക്കുന്നതിനു് കാരണമായിത്തീൎന്ന സംഗതികൾ എന്നു് പൊതുവെ പറയാം. പൌരസ്ത്യസഭ എന്ന പേരുകൊണ്ടു് യവനായ സഭയെയാണു് ഇവിടെ പ്രധാനമായി ഉദ്ദേശിക്കുന്നതെന്നു് ധരിച്ചിരിക്കണം.

ഒന്നാമതായി വിശ്വാസവൈപരീത്യം എടുക്കാം:— പാശ്ചാത്യരും പൌരസ്ത്യരും തമ്മിൽ സ്വഭാവത്തിലും ആലോചനാരീതികളിലും പ്രത്യക്ഷപ്പെട്ടിരുന്ന അന്തരം ഇരുകൂട്ടരെയും തമ്മിൽ ഒരു കാലത്തു് അകററുന്നതിനു പൎയ്യാപ്തമായിത്തീൎന്നു. പാശ്ചാത്യർ കൎമ്മകുശലന്മാരും, പൌരസ്ത്യർ ചിന്താശീലന്മാരും കലഹപ്രിയന്മാരും ആണെന്നു് ആദ്യത്തെ നാലഞ്ചു് ശതാബ്ദങ്ങൾകൊണ്ടു് വ്യക്തമായി.

ഇരുകൂട്ടരും ഉപയോഗിച്ചുവന്നിരുന്ന വിശ്വാസപ്രമാണത്തിൽ പൌരസ്ത്യസഭയുടെ അറിവോ, അനുവാദമോ കൂടാതെ എ. ഡി. 589-ൽ സ്പെയിനിൽ ട്രോളഡൊ എന്ന സ്ഥലത്തുവച്ചു കൂടിയ സുന്നഹദോസിൽ പരിശുദ്ധാത്മാവു് 'പുത്രനിൽനിന്നും' പുറപ്പെടുന്നവൻ എന്ന അൎത്ഥം വരുന്ന വാക്കുകൾ പാശ്ചാത്യസഭ കൂട്ടിച്ചേൎത്തതു് പിൽക്കാലത്തു് ഒട്ടവളരെ വാദപ്രതിവാദത്തിനു് കാരണമായിത്തീൎന്നു. പൌരസ്ത്യസഭ ഇന്നുവരെയും പിതാവിൽനിന്നു മാത്രം പുറപ്പെടുന്നവനായിട്ടാണല്ലോ പരിശുദ്ധാത്മാവിനെ ഗണിച്ചുപോരുന്നതു്. പാശ്ചാത്യസഭയുടെ അഭിപ്രായമനുസരിച്ചു് വിശ്വാസപ്രമാണത്തിൽ കുത്തിച്ചെലുത്തി

യ ഈ വാക്കുകൾ സഭയെ രണ്ടായി പിളക്കുന്നതിനുള്ള ഒരു മുഖാന്തരമായി പരിണമിച്ചു.

ആചാരവ്യത്യാസം സംബന്ധിച്ച് രണ്ടു സഭകളും തമ്മിലുണ്ടായിട്ടുള്ള വാദപ്രതിവാദം കുറെനാളത്തേക്ക് നീണ്ടു നിന്നിരുന്നതിനാലും, അന്യോന്യമുള്ള സൌഹൃദ്യ പിണക്കത്തിൻെറ മറയായി അതിനെ ഉപയോഗിച്ചുവന്നിരുന്നതിനാലും, രണ്ടുസഭകളും തമ്മിലുള്ള കലഹത്തിൻെറ ഒരു ചുരുങ്ങിയ ചരിത്രം ഗ്രഹിക്കേണ്ടതാണ്. അതു താഴെ ചേക്കുന്നു:—

എ. ഡി. 846-ൽ കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയക്കീസായ ഇഗ്നാത്യോസ്, മദ്യപാനിയായ മീഖായേൽ മൂന്നാമൻ ചക്രവത്തിയുടെ അമ്മാവനും, രഹസ്യമായി ദുമ്മാർഗ്ഗത്തിൽ ജീവിച്ചിരുന്നവനുമായ ബാർദാസിനെ വി. കുർബാനയിൽ സംബന്ധിപ്പിക്കാഞ്ഞതിൻെറ ഫലമായി ചക്രവത്തിയാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. തൽസ്ഥാനത്തു ഒരു പടയാളിയായിരുന്ന ഫോർട്ടിയസ് എന്ന ഒരാളിനെ ചക്രവത്തി ഒരാഴ്ചയ്ക്കകം പാത്രിയക്കീസായി നിയമിച്ചു; ഇഗ്നാത്യോസിനെ നാടുകടത്തി. ബഹിഷ്ക്കരിക്കപ്പെട്ട പാത്രിയക്കീസ് റോമിലെ പാപ്പായുടെ അടുക്കൽ ശരണം പ്രാപിച്ചു. എ. ഡി. 863-ൽ പാപ്പാ ഇഗ്നാത്യോസിൻെറ പിൻഗാമിയായ ഫോർട്ടിയസിനെ പാത്രിയക്കാസ്ഥാനത്തുനിന്നു് നീക്കംചെയ്തു, ഇഗ്നാത്യോസിനെ തിരികെ വിളിപ്പിക്കുന്നതിനായി ചക്രവത്തിയോടാജ്ഞാപിച്ചു, പക്ഷെ പാപ്പായെ ആരു വകവയ്ക്കുന്നു? ഫോട്ടിയസ് ഒരു കൌൺസിൽ വിളിച്ചുകൂട്ടി (എ. ഡി. 867) പാപ്പായിൽ താഴെക്കാണുന്ന കുററങ്ങൾ ആരോപിച്ച് എഴുതയച്ചു.

1. ഞായറാഴ്ച ഒരു നോമ്പു് ദിവസമായി ആചരിക്കുന്നതു്.

2. നോമ്പുദിവസങ്ങളിൽ പാലും വെണ്ണയും ഉപയോഗിക്കുന്നതു്.

3. പട്ടക്കാർ വിവാഹം ചെയ്യുന്നതിനെ നിർബന്ധിക്കുന്നതു്.

4. 'പുത്രനിൽനിന്നും' എന്നുള്ള വാക്കുകൾ (Filio-que വാചകം) വിശ്വാസപ്രമാണത്തിൽ ചേർത്തതു്.

5. ശെമ്മാശന്മാരെ വേണ്ട പരിശീലനം കൂടാതെ പെട്ടെന്നു് എപ്പിസ്കോപ്പാമാരാക്കുന്നതു്.

6. ബിഷോപ്പന്മാർ മാത്രമേ തൈലാഭിഷേകം (Chrism) ചെയ്യാവൂ എന്നു വാദിക്കുന്നതു്.

7. പട്ടക്കാർ മുഖം ക്ഷൌരം ചെയ്യുന്നതിനു് അനുവദിക്കുന്നതു്.

ഈ കുററങ്ങളെല്ലാം പാപ്പായിലും റോമാസഭയിലും സ്ഥാപിച്ചു് പാത്രിയക്കീസ് പാപ്പായുടെ മേൽ ശാപവഷം ചെയ്തുതുടങ്ങി. ഇതിനിടയിൽ മിഖായേൽ മൂന്നാമൻ വധിക്കപ്പെട്ടതോടുകൂടെ ഇഗ്നാത്യോസ് തിരികെ വന്നെങ്കിലും ഇഗ്നാത്യോസിൻെറ മരണശേഷം ഫോർട്ടിയസ് വീണ്ടും അധികാരഭ്രഷ്ടനായി തീരുകയും ചെയ്തു. ഫോർട്ടിയസ്സ് ക്രിസ്താബ്ദം 891-ൽ മരിച്ചു. ഒരു നൂററമ്പതു വഷക്കാലത്തോളം സഭകൾ തമ്മിൽ വിശേഷിച്ചു് വഴക്കൊന്നുംകൂടാതെ കഴിഞ്ഞു.

എ. ഡി. 1043-ൽ മിഖായേൽ കെറുലാറിയസ് കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയക്കീസായതോടുകൂടെ റോമാസഭയുമായുള്ള സമരം പുനജ്ജീവിച്ചു. ബൾഗേറിയായിലെ പുതിയ സഭയെ സംബന്ധിച്ചു് കുറെക്കാലത്തേക്കു് നടന്നുകൊണ്ടിരുന്ന ശക്തിമത്തായ ഒരു അവകാശത്തക്കം ഇരു സഭകളെയും പൂവ്വാധികം അകററുന്നതിനു കാരണമായിത്തീൻ. തൻെറ ഇടവകാതിത്തിക്കുള്ളിലുണ്ടായിരുന്ന ചില റോമാപള്ളികളിൽ ലത്തീൻ സഭ അനേക വഷങ്ങളായി ഉപയോഗിച്ചുവന്ന തക്സാ മേലാൽ ഉപയോഗിക്കരുതെന്നു് പാത്രിയക്കീസ് ഒരു കല്പന പുറപ്പെടുവിച്ചതോടുകൂടെ പാത്രിയക്കീസു് പാപ്പായെ സമരത്തിനു വെല്ലുവിളിക്കുന്നു എന്നു് പരക്കെ ബോദ്ധ്യമായി. ഇതുകൊണ്ടു തൃപ്തിപ്പെടാതെ ലത്തീൻ സഭക്കാർ വിശുദ്ധ കുർബാനയിൽ പുളിപ്പില്ലാത്ത അപ്പമുപയോഗിക്കുന്നതു ശരിയല്ലെന്നും, അവർ രക്തവും, ശ്വാസം മുട്ടിച്ചത്തതും തിന്നുന്നവരാണെന്നും മററും പല പുതിയ വാദങ്ങൾ പാത്രി

യക്കീസ്സ് പുറപ്പെട്ടവിച്ചു. പാപ്പാ ആയ ലീയോ ഒൻപതാമൻ പാത്രിയക്കീസിനെ മുടക്കുന്നതായി ഒരു കല്പനയെഴുതി കുസ്തന്തീനോസ്സ് പോലീസിലേക്കയച്ചു. പാപ്പായുടെ പ്രതിനിധികൾ എ. ഡി. 1054 ജൂലായ്മാസം 16-ാംനു സെൻറു് സോഫിയാപള്ളിയുടെ മദ്ബഹായിൽ പ്രവേശിച്ച് മുടക്കുകല്പന ബലിപീഠത്തിന്മേൽ വച്ചശേഷം തിരികെപ്പോന്നു. യവനായസഭയും പാത്രിയക്കീസും ഒട്ടുംതന്നെ ക്ഷമ പ്രദശിപ്പിക്കാതെ വീണ്ടും ഒരു കൌൺസിൽകൂടി പാപ്പായെ ശപിച്ചു സ്ഥാനഭ്രംശം ചെയ്തു. റോമാ ബിഷോപ്പന്മാർ മോതിരമിട്ടുമെന്നും. യുദ്ധത്തിൽ ഏപ്പെട്ടുമെന്നും, ജ്ഞാനസ്നാനസമയത്ത് സ്നാനാത്ഥികളെ മൂന്നു പ്രാവശ്യമല്ല, ഒററ ഒരു പ്രാവശ്യം മാത്രമേ വെള്ളത്തിൽ മുക്കുന്നുള്ളുവെന്നും, മററുമുള്ള ദോഷകരമായ നടപടികൾ കാണിച്ച് വേറൊരു ശാപലേഖനവും പാപ്പാക്കയച്ചു. എന്തിനു വിസ്തരിക്കുന്നു? റോമാസഭയും യവനായസഭയും രണ്ടായി പിരിഞ്ഞുമാറി. അലക്സന്ത്രിയായിലെയും, അന്ത്യോഖ്യയിലെയും. യെരുശലേമിലെയും പാത്രിയക്കീസന്മാരും യവനായ പാത്രിയക്കീസിൻെറ ഭാഗം ചേൎന്നതോടുകൂടെസാവ്വത്രികവും അപ്പൊസ്തലികവും ആയി പത്തു ശതാബ്ദങ്ങളോളം ലോകമുഖത്ത് കത്താവിൻെറ തിരുശരീരമായി വിളങ്ങി ശോഭിച്ച ക്രിസ്തീയ സഭ ജാതികൾക്കു പരിഹാസപാത്രമായി തീരത്തക്കവിധത്തിൽ രണ്ടുഭാഗമായി മുറിഞ്ഞു വീണു. ഈ ഭിന്നത തീക്കുന്നതിനായി പല ശ്രമങ്ങൾ പിൽക്കാലത്ത് ഉണ്ടായിട്ടുണ്ടെങ്കിലും അവ ഇന്നുവരെയും സഫലമായിട്ടില്ല. പക്ഷേ അതുകൊണ്ടു നിരാശപ്പെടേണ്ടതില്ലതാനും. കത്താവിൻെറ പൌരോഹിത്യ പ്രാത്ഥനയുടെ ആത്മാവിൽ ക്രിസ്ത്യാനികളേവരും പ്രാത്ഥിക്കയും പ്രവത്തിക്കയും ചെയ്തുതുടങ്ങുന്നതാണ് സഭയുടെ പുനരൈക്യത്തിനുവേണ്ടി നാമോരോരുത്തരും ചെയ്യേണ്ടതായ പ്രഥമകൃത്യം.

# അദ്ധ്യായം 11

## ആദ്യത്തെ ആയിരം വഷങ്ങൾക്കിടയിലുള്ള ക്രിസ്തീയസഭയുടെ വളർച്ച

കടുകുമണിയുടെ ഉപമയിൽ അന്തർഭവിച്ചിരിക്കുന്ന പ്രവചനം സാത്ഥകമായി തീരുന്നവിധത്തിലാണ് ഏതൽക്കാലപയ്യന്തമുള്ള സഭയുടെ വളച്ച് ഇരുന്നിട്ടുള്ളതെന്നു ചരിത്രനിരീക്ഷകന്മാരെവരും ഐകകണ്ഠ്യേന സമ്മതിക്കുന്ന ഒരു വാസ്തവമാണ്. വിസ്തൃതമായ ഈ വിഷയത്തിൻെറ ഉത്തരാദ്ധം വേറൊരദ്ധ്യായത്തിലേക്കു മാററിവച്ചിട്ട്, ആദ്യത്തെ ആയിരം വഷങ്ങളിലെ അത്ഭുതകരമായ ചരിത്രത്തിൻെറ ചില പ്രധാന ദശകൾ ഇവിടെ രേഖപ്പെട്ടത്താമെന്നുദ്ദേശിക്കുന്നു. വിഷയ വിശദീകരണത്തിനുവേണ്ടി ആദ്യത്തെ പത്തു് ശതാബ്ദങ്ങളിലെ ചരിത്രത്തെ താഴെക്കാണുന്ന വിധത്തിൽ വിഭജിക്കാവുന്നതാണ്:—

1. അപ്പൊസ്തലികകാലം (എ. ഡി. 1—100)
2. അപ്പൊസ്തലിക കാലംമുതൽ കോൺസ്റ്റൻടൈൻ ചക്രവത്തിയുടെ കാലംവരെ. (എ. ഡി. 100—313).
3. കോൺസ്റ്റൻടൈൻ ചക്രവത്തിയുടെ കാലം മുതൽ ഗ്രഗറി ഒന്നാമൻ പാപ്പായുടെ കാലംവരെ (എ. ഡി. 313—590).
4. ഗ്രഗറി ഒന്നാമൻെറ കാലം മുതൽ, ഷാർല്ലിമെയിൻ ചക്രവത്തിയുടെ കാലംവരെ (എ. ഡി. 590—800).
5. ഷാർലിമെയിൻെറ കാലംമുതൽ ഗ്രഗറി ഏഴാമൻ പാപ്പായുടെ കാലംവരെ (എ. ഡി. 800—1073).

1. എ. ഡി. 1—100. 'യെരുശലേമിലും യഹൂദ്യയിലും ശമയ്യയിലും ഭൂമിയുടെ അററത്തോളവും നിങ്ങൾ എൻെറ സാക്ഷികളാകും,' എന്നുള്ള വചനമനുസരിച്ച്, പെന്തെക്കോസ്തു് നാളിൽ യെരുശലേമിലെ മാളികമുകളിൽജനിച്ച ക്രിസ്തീയ സഭ അപ്പൊസ്തലന്മാരുടെ പ്രയത്നത്തിൻെറ ഫലമായി ഒന്നാം ശതാബ്ദത്തിൻെറ അവ

സാനത്തോട്ടകൂടെ ഏഷ്യയിലെയും യൂറോപ്പിലെയും മിക്ക പ്രധാന പട്ടണങ്ങളിലും സ്ഥാപിതമായതെങ്ങനെ എന്ന് അപ്പൊസ്ലപ്രവൃത്തികളുടെ പുസ്തകത്തിൽനിന്നും ലേഖനങ്ങളിൽനിന്നും വായിച്ചറിയേണ്ടതാണ്. യെഹൂദമതത്തിൻെറ ഒരു അവാന്തര വിഭാഗമായി അറിയപ്പെട്ടിരുന്ന ക്രിസ്തുസഭ ചില പ്രത്യേക വിശ്വാസങ്ങളോടും ആചാരങ്ങളോടും ഭരണക്രമങ്ങളോടും കൂടിയതും, എന്നാൽ സാർവ്വത്രികമായ ഒരു മതത്തെ പ്രചരിപ്പിക്കുന്നതും ആയ ശക്തിയേറിയ ഒരു സ്ഥാപനമായിത്തീൎന്നുവെന്നുള്ളതാണ് ഈ ആദ്യ ഘട്ടത്തെക്കുറിച്ച് മൊത്തമായി പറയാനുള്ളതു്.

2. എ. ഡി. 100—313. രണ്ടും മൂന്നും ശതാബ്ദങ്ങളിൽ സഭയ്ക്കു് റോമാഗവൺമെൻറിൽനിന്നു് നേരിട്ട അഗ്നിശോധന അതിൻെറ ആന്തരികമായ ശുദ്ധീകരണത്തിനെന്നപോലെ, ബാഹ്യമായ വളർച്ചയ്ക്കും സഹായിച്ചിട്ടുണ്ട്. ഇക്കാലത്തു് പുറജാതികളിൽ നിന്നു അനേകർ ക്രിസ്തുമതം സ്വീകരിക്കുന്നതിനും സഭയിൽ ചേരുന്നതിനും ഇടയായി. രണ്ടാം ശതാബ്ദത്തിലാണ് പേർഷ്യാ, മേദ്യ, പാൎത്തിയ, ബാക്ട്രിയ എന്നീ പൌരസ്ത്യരാജ്യങ്ങളിൽ സഭ സ്ഥാപിക്കപ്പെട്ടതു്. അലക്സന്ത്രിയായിലെ പ്രസിദ്ധ വൈദികപണ്ഡിതനായ ഓറിജൻ പലപ്രാവശ്യം അറേബ്യയിലെ സഭകളെ സന്ദർശിച്ചതായി പറഞ്ഞിരിക്കുന്നു (എ. ഡി. 185—254). ആഫ്രിക്കയിൽ കാർത്തേജ്, അലക്സന്ത്രിയാ എന്നീ സ്ഥലങ്ങളിലെ സഭകൾ മൂന്നാം ശതാബ്ദത്തോട്ടകൂടെ ഒരു ഉയൎന്ന നില പ്രാപിച്ചിരുന്നു. ഏഷ്യാമൈനറിൽ നിന്നാണ് ലീയോൺസ്, വിയന്ന എന്നീ സ്ഥലങ്ങളുടങ്ങിയ ഗോളിലേക്കു സുവിശേഷം പ്രചരിച്ചതു്. ക്രിസ്തുമതം ബ്രിട്ടനിൽ ചെന്നെത്തിയ വിവരം ആഫ്രിക്കയിലെ പ്രസിദ്ധ എഴുത്തുകാരനായ തെൎത്തുല്യൻ ഒരിടത്തു വിസ്തരിച്ചിട്ടുണ്ട്.

3. എ. ഡി. 313—590. ഈ കാലഘട്ടത്തിൽ സഭയുടെ വളൎച്ചയ്ക്കു് സഹായിച്ചിട്ടുള്ളതു് പ്രധാനമായി മൂന്നു സംഭവങ്ങളാണ്. ക്രിസ്താബ്ദം 313-ൽ കൊൺസ്റ്റൻറൈൻ ചക്രവൎത്തി മീലാനിലെ വിളംബരം പാസ്സാക്കിയ

തോട്ടക്കൂടെ റോമാസാമ്രാജ്യത്തിലെ അനേക പൌരന്മാർ പരസ്യമായി ക്രിസ്തുമതം സ്വീകരിച്ചുതുടങ്ങി. ചക്രവർത്തി തന്നെ ക്രിസ്ത്യാനിയായതോട്ടക്കൂടെ സഭയിലേക്കുള്ള ഒഴുക്കു ശക്തിപ്പെട്ടു. ഇതാണ് ഒന്നാമത്തെ സംഭവം. റോമാസാമ്രാജ്യം അധഃപതിക്കുന്നതിനുള്ള ഒരു പ്രധാന കാരണം അഞ്ചാം ശതാബ്ദത്തിൽ തുടരെ ഉണ്ടായിക്കൊണ്ടിരുന്ന അപരിഷ്കൃതജാതികളായ ഗോത്തു വർഗ്ഗക്കാരുടെ ആക്രമണമാണല്ലോ. ഇവരിൽ പ്രധാനപ്പെട്ട ഒരു കൂട്ടമായ വിസിഗോത്തുകാർ, അഥവാ, പാശ്ചാത്യഗോത്തുവർഗ്ഗക്കാർ എല്ലാവരുംതന്നെ, അറിയൂസിൻെറ വേദവിപരീതവിശ്വാസത്തിനധീനരായിരുന്നുവെങ്കിലും, അവരെല്ലാവരും ക്രിസ്തുമതാനുസാരികളായിരുന്നുവെന്ന് ഓർക്കേണ്ടതാണ്. ഇവരുടെ ഒരു പ്രധാന നായകനായ ഉൾഫിലാസ് ബിഷോപ്പിൻെറ (എ. ഡി. 313—383) പ്രേരണയാലാണ് ഗോത്തുവർഗ്ഗക്കാർ ക്രിസ്തുമതം സ്വീകരിച്ചതു്. ഇദ്ദേഹം പുതിയനിയമം അവരുടെ ഭാഷയിലേക്കു തർജ്ജമ ചെയ്തിട്ടുണ്ട്. ഏഷ്യാമൈനറിൽ കപ്പദോക്യയിൽനിന്നു ഇവർ യുദ്ധത്തിൽ പിടിച്ചുകൊണ്ടുപോന്ന ക്രിസ്തീയ അടിമകളുടെ ഉപദേശത്താലും ജീവിതസാക്ഷ്യത്താലുമാണ് ഈ യുദ്ധവീരന്മാർ ആദ്യമായി ക്രിസ്തുവിനെക്കുറിച്ച് കേൾക്കുന്നതിനു ഇടയായതെന്നുള്ളതു് സന്തോഷകരമായ വാസ്തവമാണ്. ഗോത്ത്‌വർഗ്ഗക്കാരായ വിസിഗോത്തുകാർ, ഓസ്ത്രോ (പൌരസ്ത്യ) ഗോത്തുകാർ, വാണ്ടലന്മാർ, ബേർഗണ്ടിവാസികൾ, ലോംബാർഡികൾ എന്നിവരെല്ലാം കാലക്രമേണ അറിയൂസ് വിശ്വാസം ഉപേക്ഷിച്ചു എ. ഡി. 589-നട്ടത്തു സ്തുതിച്ചൊവ്വായ വിശ്വാസത്തിൽ സ്ഥിരപ്പെട്ടതോട്ടക്കൂടെ, സംഖ്യാബലംനിമിത്തം സഭ യൂറോപ്പിൽ ഒരു വലിയ ശക്തിയായിത്തീൎന്നു. ശക്തിയേറിയ ഫ്രാങ്ക്ജാതിയുടെ രാജാവായ ക്ലോവിസ് എ. ഡി. 496-ൽ തൻെറ മൂവായിരം പടയാളികളോട്ടക്കൂടെ സ്നാനമേററതു് സഭയുടെ വളർച്ചയ്ക്കു് സഹായിച്ച മൂന്നാമത്തെ പ്രധാനസംഭവമാണ്. ഫ്രാൻസു രാജ്യത്തിൻെറ സ്ഥാപകൻ എന്നുള്ള പേരിന് അർഹനായിത്തീൎന്നിരിക്കുന്ന ഇദ്ദേഹം ക്രിസ്തുമതത്തിന് ചെയ്തിരിക്കുന്ന ഒത്താശകൾ നിമിത്തം ഇദ്ദേഹ

ത്തെ 'രണ്ടാമത്തെ കോൺസ്റ്റൻടൈൻ' എന്നു് പറഞ്ഞുവരാറുണ്ട്. കത്താവിൻെറ ക്രൂശുമരണത്തെക്കുറിച്ചു് ആരോ ഈ രാജാവിനോടു സംസാരിച്ചപ്പോൾ, ധൈര്യശാലിയെങ്കിലും ഉപരിപ്ലവബുദ്ധിയായ ഇദ്ദേഹം 'ഞാനും എൻെറ ഫ്രാങ്ക്പടയാളികളും അവിടെയുണ്ടായിരുന്നെങ്കിൽ, അങ്ങനെയൊന്നും സംഭവിക്കയില്ലായിരുന്നു' എന്നു വിളിച്ചു പറഞ്ഞു എന്നുള്ള കഥ പ്രസിദ്ധമായിത്തീൎന്നിട്ടുണ്ട്.

പൌരസ്ത്യസഭകളുടെ സ്ഥിതി ഈ ശതാബ്ദങ്ങളിൽ എങ്ങനെയിരുന്നവെന്നുകൂടെ അന്വേഷിക്കാം. പേർഷ്യ, ഇൻഡ്യ, അൎമ്മീനിയ എന്നീ സ്ഥലങ്ങളിൽ പുതിയ സഭകൾ സ്ഥാപിക്കപ്പെട്ടുകയും, പഴയ സഭകൾ അഭിവൃദ്ധിപ്പെട്ടുകയും ചെയ്തിട്ടുണ്ട്. അൎമ്മീനിയായിൽ സുവിശേഷം രണ്ടാം ശതാബ്ദത്തിൽതന്നെ പ്രവേശിച്ചിരുന്നെങ്കിലും, പ്രകാശകനായ ഗ്രഗറി (The Illuminator) എന്നമഹാൻെറ പരിശ്രമത്താലാണ് അവിടെ സഭ വേരുറച്ചതു്.

4. എ. ഡി. 590—800. ആറാം ശതാബ്ദത്തിൻെറ അവസാനത്തോടുകൂടെ റോമാസാമ്രാജ്യവും അതിനോടു അടുത്തു കിടന്ന ജാതികളും രാജ്യങ്ങളും ക്രിസ്തുമതം സ്വീകരിച്ചു കഴിഞ്ഞു എന്നു പറയാവുന്നതാണ്. എന്നാൽ യൂറോപ്പിൻെറ വടക്കുഭാഗത്തായി റഷ്യയുടെ ഒരറ്റം മുതൽ ഇംഗ്ലണ്ടുരാജ്യംവരെ ട്യൂട്ടൺ ജാതിക്കാരുടെ പല പ്രധാനശാഖകൾ കല്ലിനെയും മരത്തെയും സേവിച്ചു് കാട്ടാളന്മാരെപ്പോലെ ജീവിച്ചുവന്നിരുന്നു. ഇവരുടെ അക്കാലത്തെ പ്രധാന കേന്ദ്രങ്ങൾ ഇപ്പോൾ നാഗരികതത്തിൽ മുന്നിട്ടു നില്ക്കുന്ന ഇംഗ്ലണ്ടു്, ജൎമ്മനി എന്ന രാജ്യങ്ങളായിരുന്നു. ഈ ജാതിക്കാൎക്കു് സുവിശേഷവെളിച്ചം ലഭിച്ചതു് 7-ാമത്തെയും 8-ാമത്തെയും ശതാബ്ദങ്ങളിലാണ്. ഈ ഉദ്യമത്തിൻെറ സംക്ഷിപ്തചരിത്രം താഴെചേൎത്തുകൊള്ളുന്നു:—

## ഇംഗ്ലണ്ടു്

കോൺസ്റ്റൻറൈൻ ചക്രവൎത്തിയുടെ കാലത്തിനു മുമ്പുതന്നെ ക്രിസ്തുമതത്തിന് ഇംഗ്ലണ്ടിൽ പ്രവേശനം ലഭിച്ചിരുന്നു. എ. ഡി. 314-ൽ ആൾസ്സ് എന്ന സ്ഥലത്തു കൂടിയ ഒരു സുന്നഹദോസിൽ യോൎക്കിലെയും ലണ്ടനിലെയും ബിഷോപ്പന്മാർ ഹാജരായിരുന്നുവെന്നുള്ളതിനു ചരിത്രരേഖയുണ്ട്. എന്നാൽ ആറാംശതാബ്ദത്തിൽ ആംഗ്ലോസാക്സന്മാർ (Anglo-Saxons) എന്ന പുറജാതിവൎഗ്ഗം ഇംഗ്ലണ്ടിൻെറ പ്രധാന ഭാഗങ്ങളെല്ലാം കൈവശപ്പെടുത്തിയതോടുകൂടെ, ഇംഗ്ലണ്ടിലെ പൂൎവ്വക്രിസ്ത്യാനികളായ കെൽട്ടിക്ക് ജാതിക്കാരുടെ ശക്തി ക്ഷയിച്ചു രാജ്യംമുഴുവൻ ജാതികളുടെ കയ്യിലായി. എന്നാൽ കാലക്രമേണ ഇവരും ക്രിസ്തുമതം സ്വീകരിച്ചു. ഇതിനുവേണ്ടി പ്രധാനമായി പ്രവൎത്തിച്ചതു് റോമായിലെ പാപ്പാ ആയ പ്രസിദ്ധപ്പെട്ട ഗ്രഗറിഒന്നാമൻ ആയിരുന്നു. ഇദ്ദേഹം ആഗസ്റ്റീൻ എന്ന ഒരു റോമാസന്യാസിയുടെ നേതൃത്വത്തിൽ ആംഗ്ലോസാക്സൻ ജാതിക്കാരോടു സുവിശേഷം പ്രസംഗിക്കുന്നതിനായി ഒരു കൂട്ടം സന്യാസിമാരെ ഇംഗ്ലണ്ടിലേക്കു അയച്ചു. എ. ഡി. 597-ൽ ഇവർ ഇംഗ്ലണ്ടിൽ കാൻറർബറി എന്ന സ്ഥലത്തെത്തി, സുവിശേഷവേല ആരംഭിച്ചു. അന്നു കെൻറിൽ ഭരിച്ചിരുന്ന രാജാവിൻെറ ഭാൎയ്യ ഒരു ക്രിസ്ത്യാനിസ്ത്രീ ആയിരുന്നതുനിമിത്തം രാജാവും അനേകം പ്രജകളും ക്രിസ്തുമതം സ്വീകരിച്ചു. കാലക്രമേണ നോൎത്തംബ്രിയാ, മേഴ്സിയാ എന്നീ രാജ്യങ്ങളും ഈ പുതിയമതം സ്വീകരിച്ചതോടുകൂടെ ,ഇംഗ്ലണ്ടുരാജ്യം പേരിലെങ്കിലും ഒരു ക്രിസ്തീയരാജ്യമായിത്തീൎന്നുവെന്നു പറയാവുന്നതാണ് (എ. ഡി. 651). ഗ്രഗറിപാപ്പായുടെ അഭിവാഞ്ഛയും ആഗസ്റ്റീൻെറ ഉദ്യമങ്ങളും ഒന്നുപോലെ സഫലമായി. പാപ്പാ ആഗസ്റ്റീനെ കാൻറർബറിയിലെ മെത്രാപ്പോലീത്താ ആയി വാഴിച്ചു (എ. ഡി. 601). ഈ സംഭവത്തെ അടിസ്ഥാനപ്പെടുത്തി ആണ് ആംഗ്ലേയസഭയുടെ മുഖ്യാദ്ധ്യക്ഷനെ കാൻറർബറിയിലെ ആൎച്ച്ബിഷോപ്പ് എന്നു ഇന്നും പറഞ്ഞുവരുന്നതു്.

## ഐർലണ്ടു്

ഐർലണ്ടിൻെറ അപ്പൊസ്തലൻ എന്ന അഭിധാനത്തിനു് യോഗ്യനായിത്തീൎന്നിരിക്കുന്ന വി. പാട്രിക്ക മുഖാന്തരമാണു് ഈ ദ്വീപിൽ സുവിശേഷം പ്രചരിക്കുന്നതിനു ഇടയായതു്. പാട്രിക്ക എ. ഡി. 389-നോടടുത്തു വെയിൽസിൽ ഒരു പുരോഹിതകുട്ടംബത്തിൽ ജനിച്ചു. ചെറുപ്പകാലത്തു ഒരു അടിമയായി ആറു വൎഷക്കാലം ഐർലണ്ടിലും പിന്നീട്ട കുറെക്കാലം ഫ്രാൻസിൽ ഒരു സന്യാസി മഠത്തിലും താമസിച്ചശേഷം എ. ഡി. 432-ൽ ഒരു മിഷനറി ബിഷോപ്പായി സുവിശേഷപ്രചരണാൎത്ഥം ഇദ്ദേഹം ഐർലണ്ടിലേക്കു അയക്കപ്പെട്ടു. വളരെ തീക്ഷ്ണതയോടുകൂടെ എ. ഡി. 461 വരെ ഇദ്ദേഹം വേലചെയ്തതിൻെറ ഫലമായി ഐർലണ്ടു് പൊതുവെ ക്രിസ്തുമതം സ്വീകരിച്ചു. പാട്രിക്കിൻെറ കാലത്തിനു മുമ്പുതന്നെ ഐർലണ്ടിൽ സുവിശേഷം പ്രവേശിച്ചിരുന്നുവെന്നും അവിടവിടെയായി പല സഭകൾ സ്ഥാപിക്കപ്പെട്ടിരുന്നുവെന്നും വിസ്മരിച്ചുകൂടാ. എങ്കിലും ഇദ്ദേഹമാണു് ആ രാജ്യത്തിൻെറ പ്രധാന സുവിശേഷകൻ. അതിനാലത്രെ ഇന്നും വി. പാട്രിക്കിനെ ഐർലണ്ടിലെ പ്രധാന പുണ്യവാനായി ഐറിഷ്‌വൎഗ്ഗക്കാരും ഇതര പാശ്ചാത്യ ജാതികളും കരുതിപോരുന്നതു്.

## സ്കോട്ട്ലണ്ടു്

ക്രിസ്തുമതം ഏതുകാലത്താണു് സ്കോട്ട്ലണ്ടിൽ പ്രവേശിച്ചതെന്നുള്ളതിനെക്കുറിച്ചു നമുക്കു സൂക്ഷ്മമായ അറിവൊന്നുമില്ല. 4-ാം ശതാബ്ദത്തിൽ നിനിയൻ എന്ന ഒരു മിഷനറി അവിടെ സുവിശേഷവേല ചെയ്തതായി പറയപ്പെട്ടിരിക്കുന്നു. എന്നാൽ സ്കോട്ട്ലണ്ടിൻെറ പാട്രിക്ക് എന്നുള്ള പേരിനും സ്ഥാനത്തിനും യോഗ്യനായിത്തീൎന്നിരിക്കുന്നതു വി. കൊളുംബാ (എ. ഡി. 521—597) എന്ന ദേഹമാണു്. ഇദ്ദേഹം ഒരു ഐർലണ്ടു ദേശിയും, ഐർലണ്ടിലെ അനേക സന്യാസിമഠങ്ങളുടെ സ്ഥാപകനും ആണു്. സ്കോട്ട്ലണ്ടിൻെറ കടൽതീരത്തിനടുത്തു ഇ

ദ്ദേഹം സ്ഥാപിച്ച അയോണാ എന്ന സന്യാസിമഠം പിൽക്കാലത്ത് സുവിശേഷ ഘോഷണത്തിൽ ഒരു മാന്യ നില പ്രാപിച്ചിട്ടുള്ള ഒന്നാണ്. ഈ മഠത്തിൽനിന്നു സന്യാസിമാരെ അയച്ചാണു സ്കോട്ട്ലണ്ടുരാജ്യത്തെ ക്രിസ്തുവിങ്കലേക്കു കൊളംബാ ആദായപ്പെടുത്തിയത്. ഐർലണ്ട്, സ്കോട്ട്ലണ്ട്, അയോണാ, ഏയിഡൻ (Aidan) എന്നീ സ്ഥലങ്ങളിൽനിന്നു ഇററലി ജർമ്മനി ആദിയായ ദൂരദേശങ്ങളിൽപോലും സന്യാസിമാർ ചെന്നെത്തി, 6-ം 7-ം ശതാബ്ദങ്ങളിൽ സുവിശേഷം പ്രസംഗിച്ചിട്ടുള്ളത് പ്രസ്താവയോഗ്യമാണ്.

ഇംഗ്ലണ്ടിലെ പൂർവ്വികക്രിസ്ത്യാനികളായ കെൽട്ടിക്ക് ക്രിസ്ത്യാനികളും ആറാംശതാബ്ദത്തിൽ റോമാസഭയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമതം സ്വീകരിച്ചവരായ പുതുക്രിസ്ത്യാനികളും തമ്മിൽ, വിശ്വാസാചാരങ്ങൾ സംബന്ധിച്ചു ചില സംഗതികളിൽ വ്യത്യാസം ഉണ്ടായിരുന്നു. എ. ഡി. 664-ൽ വിററ്ബി എന്ന സ്ഥലത്തുകൂടിയ ഒരു സുന്നഹദോസിൻെറ തീരുമാനംമൂലം ഇരുകൂട്ടരും തമ്മിൽ കൂടുതൽ സൌഹാർദ്ദവും സഹകരണവും ഉണ്ടാകുന്നതിനിടയായി. സഭാഭരണം സംബന്ധിച്ചു റോമാസഭയും, വിദ്യാദാനം, സുവിശേഷപ്രചരണം എന്നിവയിൽ കെൽട്ടിക്ക ക്രിസ്ത്യാനികളും അന്യോന്യം സഹായിച്ചും പ്രോത്സാഹിപ്പിച്ചും പോന്നു. ഇക്കാലത്തെ ഒരു സന്യാസി ഭക്തനും പണ്ഡിതനുമാണ് ഇംഗ്ലീഷ്സഭയുടെ ഒരു പുരാതന ചരിത്രകാരനായ ബഹുമാനപ്പെട്ട ബീഡ് എന്ന മഹാൻ (എ. ഡി. 672(?)—735):

## ജർമ്മനി

ഉൾഫിലാസ് മുഖാന്തരം ജർമ്മനിയിൽ കുടിയേറിപ്പാർത്തിരുന്ന പുറജാതികൾക്കു സുവിശേഷവെളിച്ചം ലഭിച്ച വൃത്താന്തം മേൽ കാണിച്ചിട്ടുണ്ടല്ലോ. എന്നാൽ ക്രിസ്തുവിനെ അറിയാത്തവരായി ഒട്ടുവളരെ ജാതികൾ 7-ാം ശതാബ്ദത്തിൽതന്നെയും ഈ രാജ്യത്തുണ്ടായിരുന്നു. ഇവരുടെ ഇടയിൽ വേല ചെയ്ത് അനേക സഭകൾ സ്ഥാപിച്ചു ജ

മ്മനിയുടെ അപ്പൊസ്തലൻ എന്ന പേരു സമ്പാദിച്ചിരിക്കു ന്ന ആൾ ബോണിഫസ് (എ. ഡി. 680—755) എന്ന പേരോടുകൂടിയ ഇംഗ്ലീഷ്കാരനാണെന്നുള്ളതു് ഈ രണ്ടു രാജ്യങ്ങളുടെയും ആധുനിക ചരിത്രം വീക്ഷിക്കുന്നവൎക്കു അത്ഭുതമായി തോന്നിയേക്കാം. വിനിഫ്രെഡ്ഡ് എന്ന അപരനാമമുള്ള ബോണിഫസ് ഇംഗ്ലണ്ടിൽ ഡവൻഷയറിൽ ജനിച്ചു്, ഒരു സന്യാസി മഠത്തിൽ കുറെക്കാലം അഭ്യസിച്ചശേഷം തന്റെ പൂൎവ്വികന്മാരുടെ ജന്മസ്ഥലത്തുള്ള ജാതികളെ ക്രിസ്ത്യാനികളാക്കണമെന്നുള്ള അഭീഷ്ടത്താൽ പ്രേരിതനായി ഫ്രിസ്യാ (ഹോളണ്ടു്) എന്ന രാജ്യത്തേക്കു പല മിഷനറി യാത്രകൾ ചെയ്തു (എ. ഡി. 716). ബോണിഫസിന്റെ ബുദ്ധിസാമൎത്ഥ്യവും മതതീക്ഷ്ണതയും പാപ്പാ ആയ ഗ്രഗറി രണ്ടാമൻ കണ്ടു ബോധിച്ചിട്ടു, ഇദ്ദേഹത്തെ മിഷനറി ബിഷോപ്പായി അഭിഷേകം ചെയ്തു് (എ. ഡി. 722) ജൎമ്മനിയിൽ മതപ്രചരണത്തിനായി അയച്ചു. ജാതികളെ ക്രിസ്തുമതത്തിൽ ചേൎക്കുന്നതുകൊണ്ടു തൃപ്തിപ്പെടാതെ, തന്റെ ശക്തിയും സ്വാധീനവും പ്രയോഗിച്ചു പല രാജ്യങ്ങളിലുള്ള സഭകളെയും റോമാസഭയുടെ ഭരണ നുകത്തിൻകീഴ് കൊണ്ടുവരുന്നതിനു ഇദ്ദേഹം അക്ഷീണ പരിശ്രമം ചെയ്തിട്ടുണ്ടു്. ബോണിഫസ് ജൎമ്മനിയിൽ അനേക സന്യാസി മഠങ്ങളും, സഭകളും സ്ഥാപിച്ചു. എ. ഡി. 732-ൽ ബോണിഫസ് ഗ്രഗറി മൂന്നാമൻ പാപ്പായാൽ മെയിൻസിലെ (Mainz) ആൎച്ചുബിഷോപ്പായി അഭിഷേകം ചെയ്യപ്പെട്ടുകയും എ. ഡി. 754-ൽ ബോണിഫസ് വീണ്ടും ഫ്രിസ്യായിൽ സുവിശേഷവേലയ്ക്കായി പോകയും, അവിടെവച്ചു പുറജാതികളാൽ വധിക്കപ്പെട്ടുകയും ചെയ്തു. ഒരു സുവിശേഷകൻ, നേതാവു്, ഭരണാധികാരി എന്നീ നിലകളിൽ ബോണിഫസ് സഭയ്ക്കുവേണ്ടി ചെയ്തിട്ടുള്ള പ്രയത്നങ്ങൾ നിമിത്തം, ജൎമ്മൻ രാജ്യക്കാർ ഇദ്ദേഹത്തോടു എന്നേക്കുമായി കടപ്പെട്ടിരിക്കുന്നു.

## ഇസ്ലാംമതം യൂറോപ്പിൽ

എട്ടാം ശതാബ്ദത്തിലെ സഭയുടെ വളർച്ചയുടെ ചരിത്രം അവസാനിപ്പിക്കുന്നതിനു മുമ്പായി, ക്രൈസ്തവ സഭയ്ക്കു് ഇക്കാലത്തു നേരിട്ട ഒരു ഭയങ്കര വിപത്തിൽനിന്നു് അതു എങ്ങനെ രക്ഷപ്രാപിച്ചു എന്നതുംകൂടെ സൂചിപ്പിച്ചുകൊള്ളട്ടെ. ഏഴാം ശതാബ്ദത്തിൽ അറേബ്യയിൽ മുളച്ചു വളന്ന മഹമ്മദ്ദമതം എട്ടാം ശതാബ്ദത്തിൻെറ ആരംഭഘട്ടത്തോടുകൂടെ കാട്ടുതീപോലെ യൂറോപ്പിലും പടന്നുപിടിച്ചു. അഞ്ചെട്ടു വഷത്തിനകം സ്പെയിൻരാജ്യം സാരസൻജാതി കൈവശപ്പെട്ടുത്തി, യൂറോപ്പിലെ മററു രാജ്യങ്ങളെയും വിഴങ്ങുമെന്നുള്ള മട്ടായി. അപ്പോഴാണു് എ. ഡി. 732-ൽ ചാർത്സ് മാർട്ടൽ എന്ന ഫ്രാങ്ക്‌രാജാവു് പോയിറേറഴ്സ് എന്ന സ്ഥലത്തെ യുദ്ധത്തിൽ മഹമ്മദീയരെ അശേഷമായി തോല്പിച്ചു്, സ്പെയിൻരാജ്യത്തിൻെറ ഒരു കോണിലേക്കു തിരിച്ചോടിച്ചതു്. ഈ യുദ്ധത്തിൽ മഹമ്മദീയർ ജയം പ്രാപിച്ചിരുന്നെങ്കിൽ, യൂറോപ്പിൻെറ ചരിത്രം ഏതുവിധത്തിലായിരുന്നു എന്നു് ഊഹിച്ചുകൊള്ളുകതന്നെ നല്ലതു്. പോയിറേറഴ്സിലെ യുദ്ധം ലോകത്തിലെ വലിയ പതിനഞ്ചു യുദ്ധങ്ങളിൽ ഒന്നായി ചരിത്രകാരന്മാർ ഗണിച്ചുവരുന്നതിൽനിന്നു ഇതിൻെറ പ്രാധാന്യം അനുമാനിക്കാവുന്നതാണല്ലോ.

5. എ. ഡി. 800—1073.

ക്രിസ്ത്വാബ്ദം 9, 10, 11 എന്നീ ശതാബ്ദങ്ങളിലാണു്, ഡൻമാർക്ക്, നോർവെ, സ്വീഡൻ, ബൾഗേറിയാ, റഷ്യ എന്നീ പാശ്ചാത്യ രാജ്യങ്ങളിൽ ക്രിസ്തുമതത്തിനു സ്ഥിരപ്രതിഷ്ഠ ലഭിച്ചതു്. ആദ്യം പറഞ്ഞിരിക്കുന്ന മൂന്നു രാജ്യങ്ങളിൽ സുവിശേഷദൂതു് പ്രസിദ്ധം ചെയ്തു് ക്രിസ്തുസഭയ്ക്കു് അടിസ്ഥാനമിട്ടതു അൻസ്ഗാർ എന്ന ഒരു സന്യാസിയാണു്. (എ. ഡി. 801 (?) —865). എന്നാൽ ഓലാഫ് എന്ന രാജാവിൻെറ (എ. ഡി. 1015—1030) ഭരണകാലത്താണു് ക്രിസ്തുമതത്തിനു ജനങ്ങളുടെ ഇടയിൽ പൊതുവെ സമ്മതം ലഭിച്ചതു്. ബൾഗേറിയാ, മൊറേവിയാ, ബൊഹീമിയാ ആദിയായ സ്ലാവു് ജാതികളുടെ

രാജ്യങ്ങളിൽ സഭ സ്ഥാപിക്കുന്നതിനു പ്രയത്നിച്ചിട്ടുള്ളത് യവനായ സഭയിലെ രണ്ടു സന്യാസിമാരായ കുറിലോസ്, മെത്തോടിയസ് (എ. ഡി. 863) എന്നിവരാണ്. ബൊഹിമ്യയിൽനിന്ന് പോളണ്ടിലേക്ക് സുവിശേഷം പ്രവേശിച്ചു. കുറിലോസ്, വേദപുസ്തകം സ്ലാവ് ഭാഷയിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. ഹംഗേറിയിലും പോളണ്ടിലും എന്നപോലെ റഷ്യയിലും ക്രിസ്തുമതം പ്രബലപ്പെട്ടത് രാജാക്കന്മാരുടെ ആനുകൂല്യവും സഹായവും നിമിത്തമാണ്. റഷ്യയിലെ രാജാവായ വ്ളാഡിമിർ ഒന്നാമൻ (എ. ഡി. 980—1015) അക്ബർ ചക്രവർത്തിയെ പോലെ ഒരു മതാന്വേഷകനായിരുന്നു. അനേക മതങ്ങൾ പരിശോധിച്ചശേഷം എ. ഡി. 988-ൽ ഇദ്ദേഹം ക്രിസ്തുമതം സ്വീകരിച്ച് യവനായസഭയുടെ ഒരംഗമായിത്തീർന്നു. അതുവരെ റഷ്യാക്കാർ വന്ദിച്ചുവന്ന ദേവനെ ഏറെത്താമസിയാതെ രാജ കല്പനയാൽ നീപ്പർ നദിയിൽ എറിഞ്ഞുകളഞ്ഞു എന്നു മാത്രമല്ല പ്രജകൾ എവരും ക്രിസ്തുമതം സ്വീകരിക്കുന്നതിന് രാജാവ് അവരെ നിർബന്ധിക്കയും ചെയ്തു. ഇതോടുകൂടെ യവനായ സഭ പുഷ്ടിപ്പെട്ട് വളരുവാനും തുടങ്ങി.

ചുരുക്കിപ്പറഞ്ഞാൽ, ക്രിസ്താബ്ദം ആയിരത്തോടുകൂടെ, ലിഥുവേനിയാ, ബോൾട്ടിക്ക് കടൽത്തീരത്തുള്ള ചില സ്ഥലങ്ങൾ, സ്പെയിൻ രാജ്യത്തിന്റെ ചില ഭാഗങ്ങൾ, ഇവ ഒഴിച്ച് യൂറോപ്പ ഭൂഖണ്ഡം മുഴുവൻ നാമമാത്രമായിട്ടെങ്കിലും യേശുവിന്റെ കൊടിക്കീഴിൽ വന്നുചേർന്നു. 'ജയിക്കുമേ! സുവിശേഷം ലോകം ജയിക്കുമേ!' എന്നുള്ള പ്രവചനം നിവർത്തിക്കപ്പെട്ടുമെന്നുള്ളതിന്റെ ഒരു ലക്ഷ്യമായി ഈ സഹസ്രാബ്ദകാലത്തെ ചരിത്രത്തെ ഗണിക്കാവുന്നതാണെന്ന് പ്രസ്താവിച്ചുകൊണ്ടു ഈ ഭാഗം അവസാനിപ്പിക്കുന്നു.

# അദ്ധ്യായം 12

## പാപ്പാമാരുടെ പ്രതാപകാലം (1073—1303)

പതിനൊന്നാം ശതാബ്ദത്തിൽ സഭ രണ്ടായി പിരിഞ്ഞതു മുതൽ ആധുനികകാലംവരെയുള്ള പാശ്ചാത്യ സഭകളുടെ ചരിത്രമാണ് 12 മുതൽ 20 വരെയുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതു്.

പതിനൊന്നും പന്ത്രണ്ടും ശതാബ്ദങ്ങളെ പാപ്പാമാരുടെ പ്രതാപകാലം എന്നു നാമകരണം ചെയ്യാം. പത്രൊസ് ശ്ലീഹായുടെ അനന്തരഗാമികളെന്നു അഭിമാനിച്ചുവന്ന പാപ്പാമാരുടെ അഭിമാനവും അധികാരവും ശക്തിയും എന്നപോലെതന്നെ അവരിൽ ചിലരുടെ അഹംഭാവവും, മുഷ്ക്കും അത്യുച്ചനിലയിൽ എത്തിയ ഒരു കാലമായിട്ടും ഇതിനെ ഗണിക്കാവുന്നതാണ്. റോമിലെ ബിഷോപ്പെന്നോ, പാശ്ചാത്യ സഭകളുടെ മേലദ്ധ്യക്ഷനെന്നോ, ഉള്ള സ്ഥാനംകൊണ്ടു് തൃപ്തിപ്പെടാതെ ചക്രവർത്തിമാരുടെയും രാജാക്കന്മാരുടെയും മേൽ ആത്മികവും ലൌകികവുമായ സകല അധികാരങ്ങളും അവകാശം പറഞ്ഞും പ്രയോഗിച്ചും യൂറോപ്പിൻെറ എന്നു തന്നെയല്ല സർവ്വലോകത്തിൻെറയും ആധിപത്യം കരസ്ഥമാക്കണമെന്നുള്ളതായിരുന്നു തങ്ങളുടെ സ്ഥാനത്തെക്കുറിച്ചു ചില പാപ്പാമാക്കുണ്ടായിരുന്ന അഭിവാഞ്ഛ. വീരപരാക്രമന്മാരായ പല രാജാക്കന്മാരെയും പാപ്പാമാർ അവരുടെ മുമ്പിൽ കൊമ്പുകുത്തിച്ചിട്ടുള്ളതും ഇക്കാലത്താണ്. സഭയുടെ നന്മയ്ക്കുവേണ്ടി അനവരതം പ്രയത്നിക്കയും, സാന്മാർഗ്ഗികവും ആദ്ധ്യാത്മികവും ആയ പ്രമാണങ്ങളുടെ മൂർത്തീകരണമായിത്തീരുകയും തന്നിമിത്തം അധികാരസ്ഥാനങ്ങളിൽ പ്രവേശിച്ചിരുന്ന ധൂർത്തന്മാരെ സധൈര്യം ശാസിക്കയും ശിക്ഷിക്കയും ചെയ്വാൻ തക്ക സ്വഭാവദാർഢ്യവും ഉത്തമമനസ്സാക്ഷിയും ഉണ്ടായിരുന്ന ചുരുക്കം ചില പാപ്പാമാരെയും ഇക്കാലത്തു് നാം സഭാചരിത്രത്തിൽ കാണുന്നുണ്ടെന്നുള്ളതു് ആശ്വാസ ജനകമാണ്. ഇങ്ങനെ പലവിധത്തിൽ കീർത്തി സമ്പാദിച്ചിട്ടുള്ള പാപ്പാമാരിൽ ചുരുക്കം ചിലരുടെ ഭരണകാലത്തെക്കുറിച്ചുള്ള

ഒരു വിമൎശനത്തിനു മാത്രമേ തൽക്കാലം നിവൃത്തിയുള്ളു. ഒന്നാമതായി ഹിൽഡിബ്രാൻഡ്, അഥവാ ഗ്രഗറി ഏഴാമൻ, എന്നു അറിയപ്പെട്ടുവരുന്ന പാപ്പായുടെ ചരിത്രത്തിലേക്കു പ്രവേശിക്കാം:—

## ഹിൽഡിബ്രാൻഡ് എ. ഡി. (1073—1085)

ഇദ്ദേഹം ലോകചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ പ്രാപിച്ചിട്ടുള്ള ചുരുക്കം ചില പാപ്പാമാരിൽ ഒരാളാണു്. ഇദ്ദേഹത്തിൻെറ ബുദ്ധിസാമൎത്ഥ്യം, കാൎയ്യപ്രാപ്തി, സന്മാൎഗ്ഗനിഷ്ഠ എന്നീ ഗുണങ്ങൾ ഇദ്ദേഹത്തിൻെറ സ്ഥലകാലങ്ങളെ അതിശയിച്ചുള്ളതായിരുന്നു. 'അവൻ കൎത്താവിൻെറ മുമ്പാകെ വലിയവൻ ആകും' എന്നു് യോഹന്നാൻ ബപ്റ്റിസ്റ്റിനെക്കുറിച്ചെന്നപോലെ, ഒരു സന്യാസി ഇദ്ദേഹത്തെക്കുറിച്ചു പ്രവചിക്കയുണ്ടായി. ഹിൽഡിബ്രാൻഡിൻെറ ബാല്യകാലത്തെക്കുറിച്ചു അധികമൊന്നും അറിഞ്ഞുകൂടാ. ഇദ്ദേഹം ഒരു തച്ചാശാരിയുടെ മകനായിരുന്നെന്നും ഒരു സന്യാസി മഠത്തിൽ കുറെനാൾ താമസിച്ചിരുന്നെന്നും വിശ്വാസയോഗ്യമായ അറിവുണ്ടു്. ബാല്യകാലം മുതൽതന്നെ സഭയുടെ സ്വാതന്ത്ര്യത്തിനും നിൎമ്മലതയ്ക്കുംവേണ്ടി പ്രയത്നിക്കണമെന്നു് അയാൾക്കു അതിയായ മോഹമുണ്ടായിരുന്നു. ഇദ്ദേഹം പാപ്പാ ആകുന്നതിനുമുമ്പുതന്നെ, നിക്കൊളാസ്സ് രണ്ടാമൻ ആദിയായ തൻെറ മുൻഗാമികളുടെ ആലോചനക്കാരനായിത്തീൎന്നു് പല പരിഷ്കാരങ്ങൾ സഭയിൽ ഏൎപ്പെടുത്തുന്നതിനു മുഖാന്തരമായി ഭവിച്ചിട്ടുണ്ടു്.

എ. ഡി. 1073 ഏപ്രിൽ 22-ാം തീയതി ഗ്രഗറി ഏഴാമൻ എന്ന പേരോടുകൂടെ, ഹിൽഡിബ്രാൻഡ് സ്ഥാനാരൂഢനായി. തൻെറ മുൻഗാമിയുടെ ശവമടക്കത്തിനു മുമ്പുതന്നെ ഇദ്ദേഹത്തെ പാപ്പാ ആക്കുന്നതിനു് റോമിലെ ജനങ്ങൾ കാണിച്ച നിൎബന്ധം ഇദ്ദേഹത്തിൻെറ ജനരഞ്ജനയ്ക്കു് ഒരു ലക്ഷ്യമാണു്. പരിഷ്കാരപ്രിയനായ ഗ്രഗറി തൻെറ ഭരണംകൊണ്ടു് പ്രധാനമായി രണ്ടു കാൎയ്യങ്ങൾ സാധിക്കണമെന്നാണു ആഗ്രഹിച്ചതു്. ഒന്നാമതായി, സഭയെ സാമ്രാജ്യത്തിൻെറയും ചക്രവൎത്തിയുടെയും ബന്ധന

ത്തിൽനിന്നു് സ്വതന്ത്ര്യയാക്കുക; രണ്ടാമതായി, സഭയിലെ ഇടയന്മാരുടെ അസാന്മാർഗ്ഗിക നടപടികൾ നിർത്തലാക്കുക.

രണ്ടാമത്തെ ഉദ്ദേശ്യനിവൃത്തിക്കായി, ഗ്രഗറി കാലവിളംബമെന്ന്യേ പ്രവർത്തിച്ചു തുടങ്ങി. സഭയിലെ ഉദ്യോഗങ്ങൾ, ബിഷോപ്പന്മാരുടെ സ്ഥാനം ആദിയായവ പണം കൊടുത്തു കൈക്കലാക്കുന്ന ഒരേർപ്പാടു (Simony) അക്കാലത്തുണ്ടായിരുന്നു. തന്നിമിത്തം അയോഗ്യന്മാരായ അനേകർ സഭയിൽ ഓരോ ഉയൎന്ന സ്ഥാനങ്ങളിൽ ചെന്നെത്തിയിരുന്നുവെന്നും അവരിൽനിന്നു സഭക്കു് വലിയ ദോഷങ്ങൾ സംഭവിച്ചുവെന്നും വിശേഷിച്ചു പറയേണ്ടതില്ലല്ലോ. പട്ടക്കാർ അവിവാഹിതർ ആയിരിക്കണമെന്നുള്ള പ്രമാണവും റോമാസഭ ഇതിനകം സ്വീകരിച്ചിരുന്നതിനാൽ തന്നിമിത്തം ഉണ്ടാകാവുന്ന ദൂഷ്യങ്ങൾക്കു വശംവദമാകാതെയിരുന്നില്ല. പട്ടക്കാരിൽ പലരും പരസ്യമായിത്തന്നെ ദുർമ്മാൎഗ്ഗത്തിൽ ജീവിക്കുന്നവരായിരുന്നു. എ. ഡി. 1074-ൽ ഗ്രഗറിപാപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തിയ ഒരു കൌൺസിലിൽവച്ചു് പട്ടക്കാരാരും വിവാഹം ചെയ്തുകൂടായെന്നും, വിവാഹം ചെയ്തിട്ടുള്ളവർ തങ്ങളുടെ ഭാൎയ്യമാരെ ഉപേക്ഷിക്കണമെന്നും, സഭയിലെ ഉദ്യോഗങ്ങൾ ആരും വില്ക്കുകയോ വാങ്ങിക്കുകയോ ചെയ്തുകൂടാതെന്നും, ഉള്ള കർശനമായ ഒരു നിയമം പാസ്സായി; കാലക്രമേണ അതു നടപ്പിൽ വരുകയുംചെയ്തു. അനുസരിക്കാത്തവരെ മുടക്കുകയും ബഹിഷ്കരിക്കയും ചെയ്തതു നിമിത്തം ഈ നിയമങ്ങൾകൊണ്ടു മിക്ക സ്ഥലങ്ങളിലും ഉദ്ദേശ്യസാദ്ധ്യം ഉണ്ടാകാതെയിരുന്നില്ല.

സഭയെ ലൌകിക പ്രഭുക്കന്മാരുടെ അധികാരത്തിൽനിന്നു വേർപെടുത്തുന്നതിനും പാപ്പായുടെ അധികാരം ചക്രവർത്തിയുടെ അധികാരത്തെ കവിയുന്നതാണെന്നു സ്ഥാപിക്കുന്നതിനുമായിട്ടാണു് വീരകേസരിയായ ഗ്രഗറി പിന്നീടു ശ്രമിച്ചതു്. അക്കാലത്തു ബിഷോപ്പന്മാർതന്നെയും തങ്ങളുടെ സ്ഥാനചിഹ്നമായ മോതിരവും വടിയും രാജാക്കന്മാരിൽനിന്നു സ്വീകരിച്ചു അവരുടെ ആധിപത്യം സമ്മതിച്ചുകൊടുക്കുന്ന ഒരു പതിവുണ്ടായിരുന്നു. ഈ പതിവിനെ എ. ഡി. 1075-ൽ കൂടിയ ഒരു കൌൺസിലിൽ

ഗ്രഗറി ശക്തിയായി എതിൎക്കയും, സാമ്രാജ്യത്തലവനൊ, ലൌകികാധികാരികൾക്കൊ, സഭയുടെ സ്വാതന്ത്ര്യത്തെ തടയുന്നതിന്ന് അവകാശമില്ലെന്നുള്ള പ്രമാണം വാദിച്ചു സ്ഥാപിക്കയും ചെയ്തു. പക്ഷേ ഇതു് ചക്രവൎത്തിയും ഇതര രാജാക്കന്മാരും സമ്മതിച്ചു കൊടുക്കുന്നതു് എളുപ്പമുള്ള സംഗതി ആയിരുന്നില്ലെന്നു അനന്തര ചരിത്രത്തിൽനിന്നു സ്പഷ്ടമാകുന്നതാണു്. ഇംഗ്ലണ്ടിലെ രാജാവായ വില്യം ഒന്നാമനു് ഗ്രഗറി എഴുതിയ എഴുത്തിൻെറ ഒരു ഭാഗം താഴെ ചേൎക്കുന്നു. ഇതിൽനിന്നു പാപ്പായുടെ സ്ഥാനത്തെക്കുറിച്ചു ഗ്രഗറിക്കുണ്ടായിരുന്ന മതിപ്പു എത്രമാത്രമായിരുന്നുവെന്നു ഊഹിക്കാവുന്നതാണു്. 'ലോകത്തെ പ്രകാശിപ്പിക്കുന്നതിനായി രണ്ടു വെളിച്ചങ്ങൾ സ്രഷ്ടാവു ആകാശത്തിൽ സ്ഥാപിച്ചിരിക്കുന്നതുപോലെ സകലത്തെയും ഭരിക്കുന്നതിനായി രണ്ടു വലിയ ശക്തികളെ ഭൂമിയിൽ താൻ നിയമിച്ചിരിക്കുന്നു. അവയിൽ ഒന്നു പാപ്പായും മറേറതു രാജാവും അത്രെ. പാപ്പാ സൂൎയ്യനോടും, രാജാവു ചന്ദ്രനോടും തുല്യരാണു്. അപ്പൊസ്തലികമായ പാപ്പായുടെ ശക്തി രാജകീയ ശക്തിയെ ഭരിക്കണമെന്നത്രെ ദൈവനിയമം. അതിനാൽ നിൻെറ ആത്മ രക്ഷക്കായി എന്നെ അനുസരിച്ചുകൊള്ളണമെന്നു ഞാൻ ഗുണദോഷിക്കുന്നു.'

യൂറോപ്പിലെ രാജാക്കന്മാരോടെല്ലാം സഭയുടെ അധികാരത്തെക്കുറിച്ചുള്ള വാദത്തിൽ പ്രവേശിക്കുന്നതു ബുദ്ധിയല്ല എന്നു കണ്ടിട്ടു ജൎമ്മനിയിലെ ആഭ്യന്തരകലഹം നിമിത്തം അവിടെ തൻെറ ശക്തി പ്രയോഗിക്കുന്നതിനു സൌകൎയ്യമുണ്ടെന്നു ബോധ്യമായപ്പോൾ ജൎമ്മൻചക്രവൎത്തിയായ ഹെൻറി നാലാമനോടാണു് ആദ്യമായി പാപ്പാ സമരം ആരംഭിച്ചതു്. താൻ പുതുതായി പാസ്സാക്കിയ നിയമങ്ങൾ നടപ്പിൽ വരുത്തണമെന്നു ഹെൻറിയോടു് ആവശ്യപ്പെട്ടെങ്കിലും രാജാവു ഒട്ടുംതന്നെ പാപ്പായുടെ ആജ്ഞയെ ഗണ്യമാക്കിയില്ല. രാജാവും അധികാരപ്രമത്തതയിലും മത്സരബുദ്ധിയിലും ഗ്രഗറിയേക്കാൾ ഒട്ടും പിന്നോക്കമല്ലായിരുന്നു. തൻെറ ആജ്ഞാലംഘനത്തിനും മററനേക കുററങ്ങൾക്കുമായി സമാധാനം ബോധിപ്പിക്കുന്നതിനു വേഗം രാജാവു് റോമിൽ എത്തിക്കൊള്ളണമെന്നു പാപ്പാ ഒരു

ആജ്ഞ പുറപ്പെട്ടുവിച്ചു. ഇതിന്നു മറുപടിയായി, ഹെൻറി യും ധിക്കാരപൂർണ്ണമായ ഒരെഴുത്തയച്ചു. അതിൽ ഗ്രഗറിയെ 'പാപ്പായുടെ സ്ഥാനമില്ലാത്തവനും കള്ളസന്യാസിയുമായ ഹിൽഡിബ്രാണ്ടു" എന്നാണു സംബോധന ചെയ്തിരിക്കുന്ന തു്. "യേശുക്രിസ്തു എന്നെ രാജാവായി നിയമിച്ചിരിക്കുന്നു; എന്നാൽ നിന്നെ പുരോഹിത സ്ഥാനത്തേക്കു വിളിച്ചിട്ടി ല്ല. ഞാൻ ദൈവത്തിന്നു മാത്രമേ കീഴടങ്ങേണ്ട ആവശ്യമു ള്ളു. നിന്റെ സിംഹാസനത്തിൽനിന്നു താഴെ ഇറങ്ങുക! താഴെ ഇറങ്ങുക!" എന്നിങ്ങനെയാണു് എ. ഡി. 1076 ജ നുവരി 24-ൽ പാപ്പായ്ക്കു് ഹെൻറി എഴുതിയ എഴുത്തു് അ വസാനിക്കുന്നതു്. ഗ്രഗറി ഉടൻതന്നെ ഒരു കൌൺസിൽ വിളിച്ചുകൂട്ടി രാജാവിനെയും പാർശ്വക്കാരെയും സഭയിൽ നിന്നു മുടക്കുകയും ഹെൻറിയെ ചക്രവർത്തി പദത്തിൽനി ന്നു നീക്കുകയും ചെയ്തതായി പ്രസ്താവിച്ചു. ഇതിന്നിടയിൽ രാജാവിന്റെ എതിർകക്ഷികളുടെ സംഖ്യ വർദ്ധിച്ചുവന്ന തോടുകൂടെ ഹെൻറി വിഷമിച്ചു. തന്റെ പ്രജകൾ പാപ്പാ യെക്കുറിച്ചുള്ള ഭയം നിമിത്തം തന്നെ രാജാവായി സ്വീക രിക്കുന്നില്ലെന്നു കണ്ടപ്പോൾ ഹെൻറിക്കു നിൽക്കുന്നതിന്നു രാശിയില്ലെന്നായി. പാപ്പായുടെ അടുക്കൽ ചെന്നു ക്ഷമാ യാചനം ചെയ്യുന്നതത്രെ തന്റെ നില പരിപാലിക്കുന്നതി ന്നുള്ള ഏക മാർഗ്ഗമെന്നു ഹെൻറി കണ്ടിട്ടു പാപ്പായുടെ അ ടുക്കലേക്കു യാത്രതിരിച്ചു. പാപ്പാ ഈ സമയത്തു അപ്പിനി യൻപർവ്വതത്തിന്നടുത്തുള്ള കനോസ്സയിലെ കൊട്ടാരത്തിൽ മററിൽഡാ പ്രഭ്വിയുടെ അതിഥിയായി താമസിക്കയായി രുന്നു. മഞ്ഞുകാലത്തെ യാത്രമൂലമുള്ള ക്ലേശം അനുഭവിച്ചു്, ആൽപ്സ് പർവ്വതം കടന്നു, അനുതാപചിഹ്നമായ വസ്ത്രം ധരിച്ചു പാപ്പായുടെ സന്നിധിയിലേക്കു രാജാവു പ്രവേശ നം അപേക്ഷിച്ചു. എന്നാൽ ഗർവ്വിഷ്ഠനായ ഗ്രഗറി ഇതൊ ന്നുമറിയാത്ത ഭാവം കാണിച്ചതുനിമിത്തം മഞ്ഞും വിശ പ്പും തണുപ്പും സഹിച്ചുകൊണ്ടു കാലിൽ ചെരിപ്പുപോലും ധരിക്കാതെ മൂന്നുദിവസം കൊട്ടാരത്തിന്റെ വെളിയിൽ രാജാവു നില്ക്കേണ്ടിവന്നു. നാലാംദിവസം കാലത്താണു ച ക്രവർത്തിയെ പാപ്പാ അകത്തേക്കു വിളിച്ചതു്. പാപ്പായെ ക ണ്ടയുടൻതന്നെ ചക്രവർത്തി സാഷ്ടാംഗനമസ്കാരംചെയ്തു്

സകല പാപങ്ങളും ഏററുപറഞ്ഞു മേലാൽ സകലത്തിലും പാപ്പായെ അനുസരിച്ചുകൊള്ളാമെന്നു വാഗ്ദത്തം ചെയ്തു് ക്ഷമായാചനം ചെയ്തു. എ. ഡി. 1077-ൽ കനോസ്സായിൽ നടന്ന ഈ സംഭവം പാപ്പാമാരുടെ ജയസ്തംഭങ്ങളിൽ ഒന്നായി ചരിത്രത്തിൽ എന്നും പരിലസിക്കുന്നതാണു്. റോമാസാമ്രാജ്യത്തിൻെറ അധിപതിയായ ചക്രവത്തി പാപ്പായുടെ ഒരു അടിമ എന്ന നിലയിലായിത്തീന്നതു നിമിത്തം ഇക്കാലത്തെ പാപ്പാമാരുടെ, പ്രത്യേകിച്ചു ഗ്രഗറി പാപ്പായുടെ, ശക്തിയുടെ വല്യപ്പവും മഹാത്മ്യവും ലോകപ്രസിദ്ധമായിത്തീൻ. ചക്രവത്തിമാരുടെ പ്രതാപത്തിന്മേൽ പാപ്പായുടെ വിജയപതാക നാട്ടിയതായ കനോസ്സായിലെ വിജയം ലോകചരിത്രത്തിലെ പ്രധാനയുദ്ധഫലങ്ങളിൽ ഒന്നായി വിചാരിക്കാമെന്നാണു് സോമർവെൽ എന്ന ചരിത്രകാരൻ പറയുന്നതു്.

പാപ്പായോടു പ്രതികാരം ചെയ്യുന്നതിനു ഹെൻറി തരം നോക്കിത്തുടങ്ങി. താൻ ചെയ്ത പ്രതിജ്ഞയും മററും മറക്കുന്നതിനു അധികതാമസം വേണ്ടിവന്നില്ല. ഒരു വലിയ സൈന്യത്തെ ശേഖരിച്ചുകൊണ്ടു ചക്രവത്തി പാപ്പായുടെ ആസ്ഥാനമായ റോമാനഗരം വളഞ്ഞു. സ്നേഹിതന്മാരുടെ സഹായത്തോടുകൂടെ ഇററലിയുടെ തെക്കുഭാഗത്തു സ്ഥിതിചെയ്യുന്ന സാലേർണോ പട്ടണത്തിൽ ഗ്രഗറി അഭയം പ്രാപിച്ചു. ചക്രവത്തി വേറൊരാളിനെ ഗ്രഗറിയുടെ സ്ഥാനത്തു പാപ്പാ ആയി വാഴിക്കയും, പുതിയ പാപ്പാ ഹെൻറിയെ ചക്രവത്തിയായി അഭിഷേകം ചെയ്കയും ചെയ്തു. ഇങ്ങനെ നഷ്ടപ്രായമായ അഭിമാനത്തെ ചക്രവത്തി കാലാന്തരത്തിൽ വീണ്ടെടുത്തു എന്നു പറയാം.

എ. ഡി. 1085-ൽ ഗ്രഗറി സാലേർണോയിൽവച്ചു പരലോകപ്രാപ്തനായി. 'ഞാൻ നീതിയെ സ്നേഹിച്ചു. തിന്മയെ പകച്ചു, അതുകൊണ്ടു ഞാൻ ഒരു പരദേശിയായി (Exile) മരിക്കുന്നു' എന്നായിരുന്നു അദ്ദേഹത്തിൻെറ അന്ത്യവാക്കുകൾ.

ധീരാത്മാവും ശക്തിമാനുമായ ഗ്രഗറിയുടെ ഭരണകാലം പാപ്പാമാരുടെയും റോമാസഭയുടെയും പ്രതാപത്തിന്റെ പ്രഭാതകാലമായി ഗണിക്കാം. പിൽക്കാലത്തു ഇന്നസെൻറ് (Innocent) മൂന്നാമൻ പാപ്പാ മാത്രമേ ഇ പ്രകാരമുള്ള ശക്തിയും അധികാരവും പ്രയോഗിച്ചതായി നാം കാണുന്നുള്ളു. സഭാനായകന്മാരുടെ സ്വാതന്ത്ര്യത്തിനു വേണ്ടി യുദ്ധം ചെയ്തതിൽ ഗ്രഗറി അഭിനന്ദനാർഹൻതന്നെ, സംശയമില്ല. എന്നാൽ, ഇതിന്റെ ഫലമായി സ്ഥാപിതമായ സഭാനായകന്മാരും സകല ലൌകികാധികാരങ്ങളും പാപ്പായുടെ കീഴിൽ ഇരിക്കേണ്ടതാണെന്ന പ്രമാണം ഒരിക്കലും സഭക്കു അനുഗ്രഹമായി പരിണമിച്ചു എന്നു പറഞ്ഞുകൂടാ. സ്വന്ത സ്ഥാനത്തിന്റെ വലുപ്പം സ്ഥാപിക്കുന്നതിനു ഗ്രഗറി ചെയ്ത പ്രയോഗങ്ങൾ ദൈവമുമ്പാകെയോ, മനുഷ്യമുമ്പാകെയോ, നീതീകരിക്കത്തക്കവയല്ല. എന്നാൽ, ഗ്രഗറിയുടെ ഭരണകാലം സഭയുടെ ശോഭായമാനമായ ഒരു കാലമായിരുന്നുവെന്നു ആരും സമ്മതിക്കുന്നതാണ്.

ബിഷോപ്പന്മാരുടെ നിയമനത്തെക്കുറിച്ചു ഗ്രഗറിയും ഹെൻറി നാലാമനുമായി ആരംഭിച്ച സമരം, ഗ്രഗറിയുടെ മരണശേഷം ഏകദേശം 40 വഷത്തോളം നിലനിന്നിരുന്നു. ഹെൻറിയുടെ പുത്രനും പിൻഗാമിയുമായ അടുത്ത ചക്രവത്തി ഒന്നു രണ്ടു പാപ്പാമാരുമായി പ്രസ്തുത വിഷയം സംബന്ധിച്ചു മല്ലുകെട്ടുകയും രാജാവും പാപ്പാമാരും അന്യോന്യം മുടക്കു കല്പന അയയ്ക്കുകയും, മുറയ്ക്കു നടന്നുകൊണ്ടിരുന്നു. അവസാനമായി രണ്ടുകൂട്ടരുടെയും ശക്തി ഒരു വിധം ക്ഷയിക്കയും, മത്സരബുദ്ധി കുറയുകയും ചെയ്തതോടുകൂടെ എ. ഡി. 1122-ൽ (Worms) വോമ്സ് എന്ന സ്ഥലത്തുവച്ച്, ഒരു സന്ധിയുടമ്പടി, ഹെൻറി അഞ്ചാമൻ ചക്രവത്തിയും, കാലിക്സ്റ്റസ് രണ്ടാമൻ പാപ്പായും (Calixtus II) തമ്മിൽ ഉണ്ടാക്കി, പ്രസ്തുത വാദം (Investiture Controversy) തൽക്കാലത്തേക്കു അവസാനിപ്പിച്ചു. ബിഷോപ്പന്മാരെ തിരഞ്ഞെടുക്കുന്നതിനും അവരുടെ സ്ഥാനചിഹ്നങ്ങൾ നല്കുന്നതിനുമുള്ള അധികാരം പാപ്പാക്കു ചക്രവത്തി വിട്ടുകൊടുക്കയും എന്നാൽ സഭയിലെ ഉദ്യോഗസ്ഥന്മാരുടെമേൽ ചില അധികാരങ്ങളെല്ലാം, ച

ക്രവത്തികളുള്ളതായി പാപ്പാ സമ്മതിക്കയും ചെയ്യണമെന്നായിരുന്നു സന്ധിയുടെ വ്യവസ്ഥ. ഈ സന്ധിയുടെ ഫലമായി പാപ്പായുടെ അധികാരം പതിന്മടങ്ങു വദ്ധിക്കയും ചക്രവത്തിയും പാപ്പായുമായി പൂവ്വാധികം വിരസതയും മത്സരവും വളന്നുവരികയും ചെയ്തു.

## ഇന്നസെൻറ മൂന്നാമൻ (എ. ഡി. 1198—1216)

സ്വഭാവവിശേഷതയിലും കായ്യപ്രാപ്തിയിലും പാപ്പാമാരിൽവച്ചു ഏററവും ഉത്തമനും മഹാനുമായ ഒരു പാപ്പാ എന്ന നിലയിലാണ് ഇദ്ദേഹം ചരിത്രത്തിൽ അറിയപ്പെടുന്നതു്. ഇദ്ദേഹത്തിൻെറ രഹസ്യജീവിതത്തിൽ മനോവിനയവും താഴ്മയും ധാരാളം പ്രാകശിച്ചിരുന്നെങ്കിലും ഉദ്യോഗത്തിൻെറ മാഹാത്മ്യത്തെ സംബന്ധിച്ചിടത്തോളം ഗ്രഗറി ഏഴാമനുപോലും ഉണ്ടായിരുന്നതിൽ കൂടുതലായ അവകാശ ബോധവും അധികാരഭ്രമവും ആണ് ഇദ്ദേഹം പ്രദശിപ്പിച്ചിട്ടുള്ളതു്. ഇദ്ദേഹം എ. ഡി. 1198-ൽ പാപ്പാസ്ഥാനം സ്വീകരിച്ചയുടനെ ചെയ്ത ഒരു പ്രസംഗത്തിൽ സകല മനുഷ്യക്കും മേലായും എന്നാൽ ദൈവത്തിൻെറ സ്ഥാനത്തിനു കീഴായും ഇരിക്കുന്ന ഒരു സ്ഥാനമാണ് പാപ്പാക്കുള്ളതെന്നും, തൻെറ ഒരെഴുത്തിൽ സഭമാത്രമല്ല, സവ്വലോകവും ഭരിച്ചുനടത്തുന്നതിനായി പാപ്പായെ ഭരമേല്പിച്ചിരിക്കുന്നുവെന്നും പ്രസ്താവിക്കയുണ്ടായി. ചുരുക്കിപ്പറഞ്ഞാൽ, ലോകത്തിൻെറയും സഭയുടെയും ഏകഛത്രാധിപതിയായി ഭരിക്കണമെന്നുള്ളതായിരുന്നു വീരനായ ഇന്നസെൻറിൻെറ മോഹം. ഇദ്ദേഹം തന്നെക്കുറിച്ചുതന്നെ പലപ്പോഴും ഭൂമിയിൽ സ്ഥിതിചെയ്യുന്ന ദൈവപ്രതിനിധിയെന്നു് പ്രസ്താവിച്ചിരുന്നു.

ഗ്രഗറിയുടെ കാലത്തെന്നപോലെ സാമ്രാജ്യത്തിൻെറ തലസ്ഥാനരാജ്യമായ ജമ്മനിയിൽ ആഭ്യന്തരകലഹങ്ങളും സിംഹാസനത്തെക്കുറിച്ചുള്ള അവകാശവാദങ്ങളും ഇപ്പോഴും ശക്തിയായി നടന്നുകൊണ്ടിരുന്നു. അതുകൊണ്ടു ഒരു ഭാഗം പിടിച്ചു തൻെറ സ്വാധീനം ജമ്മനിയിലും സാമ്രാജ്യത്തിൽ പൊതുവെയും ഇച്ഛപോലെ പ്രയോഗിക്കുന്നതിന് പററിയ അവസരം ഇതുതന്നെ എന്നു് അദ്ദേഹം ഉറ

ച്ച. ചക്രവത്തിസ്ഥാനികളായ രണ്ടുകൂട്ടരും പാപ്പായുടെ സഹായം അപേക്ഷിച്ചു. ഇന്നസെൻറു് തരംനോക്കി ആദ്യം ഓട്ടോ എന്ന ആളിനെയും, പിന്നീട്ട് ഫ്രഡറിക്ക് രണ്ടാമനേയും (എ. ഡി. 1212—50) ചക്രവത്തിയായി അഭിഷേകം ചെയ്തു. ഇവരിരുവരും പാപ്പായുടെ ഇഷ്ടാനുസരണം രാജ്യഭാരം ചെയ്തുകൊള്ളാമെന്നും, സഭയുടെമേലും ബിഷോപ്പന്മാരുടെ മേലും ഹെൻറി നാലാമനും പിൻഗാമികളും ആവശ്യപ്പെട്ടിരുന്നതുപോലെയുള്ള യാതൊരു അവകാശങ്ങളും സ്ഥാപിക്കയില്ലെന്നും, പാപ്പായെ ഒരുവിധത്തിൽ തങ്ങളുടെ യജമാനനായി സ്വീകരിച്ചുകൊള്ളാമെന്നും മററും വാഗ്ദത്തം ചെയ്തതിൻെറ ഫലമായിട്ടാണു് കിരീടം പാപ്പായുടെ കൈയിൽ നിന്നു ലഭിച്ചതു്. ചുരുക്കിപ്പറഞ്ഞാൽ, കുറെക്കാലത്തേക്കു പാപ്പാമ്മാക്കു് യഥേഷ്ടം ചക്രവത്തിയെ നിയമിക്കുകയും നീക്കുകയും ചെയ്യുന്നതിനും ചക്രവത്തിയുടെ ചക്രവത്തിയായി വാഴുന്നതിനുമുള്ള ഭാഗ്യമുണ്ടായി. രാജകിരീടം പാപ്പാ അമ്മാനമാടുന്ന കളിപ്പാട്ടമായിത്തീന്നു.

ജമ്മൻചക്രവത്തിയെ മാത്രമല്ല, യൂറോപ്പിലെ ഇതര രാജാക്കന്മാരെയും ഇന്നസെൻറു് തൻെറ കൈയിൽവച്ചു പാവകളിപ്പിച്ചിരുന്നെന്നു താഴെ പ്രസ്താവിക്കുന്നതിൽനിന്നു് സ്പഷ്ടമാകുന്നതാണു്. ഫ്രാൻസിലെ രാജാവായ ശക്തിമാനായ ഫിലിപ്പ് രണ്ടാമനെക്കൊണ്ടു് അദ്ദേഹം ഉപേക്ഷിച്ച ഭാൎയ്യയെ തിരികെയെടുക്കുന്നതിനു് സമ്മതിപ്പിച്ചു. സ്പെയിനിൽ ആൽഫാൻസൊ രാജാവു ഭാൎയ്യയായി വച്ചിരുന്ന തൻെറ അനന്തരത്തിയെ ഭാൎയ്യാസ്ഥാനത്തുനിന്നു മോചിപ്പിച്ചു. പാപ്പായെ മേലധികാരിയായി സ്വീകരിച്ചു് രാജ്യം ഭരിച്ചുകൊള്ളാമെന്നു ആരഗോനിലെ രാജാവു് കരാർ ചെയ്തു. ഇംഗ്ലണ്ടിലാണു് ഇന്നസെൻറിനു കൂടുതൽ വിജയം സിദ്ധിച്ചതു്. ഇംഗ്ലണ്ടിലെ രാജാവായ ജോണും അദ്ദേഹത്തിൻെറ എതിരു കക്ഷികളും തമ്മിൽ കാൻറർബറി ആർച്ചു ബിഷോപ്പിൻെറ നിയമനം സംബന്ധിച്ചുണ്ടായ സമരത്തിൽ രണ്ടുകൂട്ടരും പാപ്പായുടെ മുമ്പിൽ അപ്പീൽ ബോധിപ്പിച്ചു. പാപ്പാ ഇരുകക്ഷികളുടെയും നിയമനം റദ്ദ്ചെയ്തു, സ്റ്റീഫൻ ലാങ്ങ്ററൻ എന്നയാളിനെ ആർച്ചു ബിഷോപ്പായി വാഴിച്ചു. രാജാവു ക്രുദ്ധിച്ചു പാപ്പായോടു

മത്സരം ആരംഭിച്ചു. വിജയോന്മത്തനായ പാപ്പാ ആകട്ടെ, ജോണിൻെറ വീരവാദങ്ങൾ തൃണവൽ ഗണിച്ചു യാതൊരു ക്ലേശവും കൂടാതെ അദ്ദേഹത്തെ രാജസ്ഥാനത്തുനിന്നു നീക്കി അഞ്ചുവർഷത്തേക്കു രാജാവിനെയും രാജ്യത്തെയും ഒരുപോലെ മുടക്കിൽ നിറുത്തി. ഈ തരംനോക്കി ഫ്രാൻസിലെ രാജാവു് ഇംഗ്ലണ്ടിനെ ആക്രമിക്കാൻ വരുന്നെന്നു കേട്ടപ്പോൾ ജോൺ പരുങ്ങലിലായി പാപ്പായെ അഭയം പ്രാപിച്ചു. മേലാൽ പാപ്പായുടെ വരുതിയിൻകീഴു് രാജ്യം ഭരിച്ചുകൊള്ളാമെന്നും പ്രതിവർഷം 1000 മാർക്കു് (Marks, ഒരു നാണയം) പാപ്പാക്കു കപ്പം കൊടുക്കാമെന്നും രാജാവു സമ്മതിച്ചു എഴുതിക്കൊടുത്തു. ഇതിനോടടുത്തു്, എ. ഡി. 1215 ലാണു് ഇംഗ്ലീഷ് ജാതിയുടെ സ്വാതന്ത്ര്യത്തിൻെറ അടിസ്ഥാനക്കല്ലായിത്തീർന്നിരിക്കുന്ന മാഗ്നാകാർട്ടാ (Magna Charta) എന്ന പ്രസിദ്ധ സമ്മതപത്രം ജനങ്ങൾ രാജാവിനെ ഭേമിച്ചു വാങ്ങിച്ചതെന്നുള്ളതും പ്രസ്താവയോഗ്യമാണു്.

ഇന്നസെൻറിൻെറ സഭാഭരണം ഏതുവിധത്തിലായിരുന്നെന്നാണു് അടുത്തു ആലോചിക്കേണ്ടതു്. ചക്രവർത്തിമാരെയും രാജാക്കന്മാരെയും വരച്ച വരയിൽ നിറുത്തിയ ഇന്നസെൻറു് തൻെറ കീഴിലുണ്ടായിരുന്ന ബിഷോപ്പന്മാരോടും പട്ടക്കാരോടും ജനങ്ങളോടും ഏതുവിധത്തിൽ പെരുമാറിയിരുന്നുവെന്നു് ഊഹിക്കാവുന്നതാണല്ലോ. സഭയിലെ സകല കാര്യങ്ങളും തൻെറ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കണമെന്നുള്ള ഒരു നിർബ്ബന്ധം ഇന്നസെൻറിനുണ്ടായിരുന്നു. ബിഷോപ്പന്മാരുടെ നിയമനം, സ്ഥലംമാററം, എന്നുവേണ്ടാ സഭയിലെ സകല കാര്യങ്ങളും ഇന്നസെൻറിൻെറ അഭിപ്രായപ്രകാരം മാത്രമാണു, തൻെറ ഭരണകാലമായ 28 വർഷത്തോളം നടന്നിട്ടുള്ളതു്. ഇടത്തൂട്ടുകാരെ നശിപ്പിക്കുന്നതിൽ ഇദ്ദേഹം പ്രത്യേക സാമർത്ഥ്യം പ്രദർശിപ്പിച്ചിരുന്നു. കാതാറി എന്ന പേരിൽ അറിഞ്ഞുവന്ന ഫ്രാൻസിലെ ഒരുകൂട്ടം ഇടത്തൂട്ടുകാരെ ലക്ഷക്കണക്കായിട്ടാണു് ഇദ്ദേഹം വാളിന്നിരയാക്കിയതു് (എ. ഡി. 1209—1229). ഇദ്ദേഹത്തിൻെറ ഭരണകാലത്തുണ്ടായ വറൊരു പ്രധാന സംഭവം ക്രിസ്തുവർഷം 1215-ൽ റോ

മിൽ കൂടിയ ഒരു കൌൺസിൽ അത്രെ. ബിഷോപ്പന്മാരും, ആശ്രമസ്ഥരും, രാജപ്രതിനിധികളുമായി 2,000-ൽ അധികം പ്രതിപുരുഷന്മാർ ഈ സഭയിൽ ഹാജരുണ്ടായിരുന്നു. പാപ്പായുടെ അദ്ധ്യക്ഷതയിൽകൂടിയ ഈ കൌൺസിലിൽ പൌരസ്ത്യസഭയിലെ പാത്രിയക്കീസന്മാരുംകൂടെ സന്നിഹിതരായിരുന്നുവെന്നുള്ളതു വിശേഷാൽ സ്മരണീയമാണ്. വിശുദ്ധ കുർബ്ബാനയെ സംബന്ധിച്ച റോമാസഭയുടെ 'വസ്തുമാററ' ഉപദേശം രേഖപ്പെടുത്തിയതും, പുരോഹിതന്മാരോടു പാപം ഏററുപറയുന്ന സമ്പ്രദായം നിർബ്ബന്ധമാക്കിയതും ഈ കൌൺസിലിൻെറ പ്രധാന തീരുമാനങ്ങളിൽ രണ്ടാണ്.

പാപ്പായുടെ ആത്മികാധികാരങ്ങളും ലൌകികാധികാരങ്ങളും ഒന്നുപോലെ അവയുടെ അത്യുച്ചനിലയിലെത്തിയതു ഇന്നസെൻറ് മൂന്നാമൻെറ കാലത്താണെന്നുള്ളത് മേൽപറഞ്ഞ സംഗതികൾകൊണ്ട് വ്യക്തമായിട്ടുണ്ടല്ലോ. ഇതുനിമിത്തമത്രെ ഇന്നസെൻറിൻെറ ഭരണകാലം പാപ്പാമാരുടെ പ്രതാപത്തിൻെറ മദ്ധ്യാഹ്നസമയമായി ഗണിക്കപ്പെട്ടിരിക്കുന്നതു്. സഭാചരിത്രത്തിൽ മാത്രമല്ല, ലോകചരിത്രത്തിൽ തന്നെയും ഇദ്ദേഹത്തിന് അനശ്വരമായ ഒരു സ്ഥാനം ലഭിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഇദ്ദേഹത്തെ പാപ്പാമാരുടെ ഇടയിലെ നെപ്പോളിയനെന്ന് നാമകരണം ചെയ്യുന്നതു് അസ്ഥാനത്താകയില്ല.

## ഇന്നസെൻറ് നാലാമൻ (എ.ഡി. 1243—1254)

മദ്ധ്യാഹ്നം കഴിഞ്ഞു് സൂർയ്യപ്രകാശം കുറഞ്ഞുവരുന്നതുപോലെയാണ് ഇന്നസെൻറിൻെറ പിൻഗാമികളായ ചില പാപ്പാമാരുടെ ഭരണകാലം കാണപ്പെടുന്നതു്. ഇന്നസെൻറ് നാലാമൻ തൻെറ മുൻഗാമിയെ അനുകരിച്ചു ചക്രവത്തിയെയും രാജാക്കന്മാരെയും തൻെറ അടിമകളെപ്പോലെയാണ് വിചാരിച്ചുവന്നതു്. ഇദ്ദേഹവും ഫ്രെഡറിക്ക് രണ്ടാമൻ ചക്രവത്തിയുമായി ഉണ്ടായ സമരത്തിൽ അവസാനമായി പാപ്പാ ജയിച്ചെങ്കിലും ഗ്രഗറി ഏഴാമനൊ, ഇന്നസെൻറ് മൂന്നാമനൊ ചരിത്രത്തിൽ ലഭിച്ചിട്ടു

ഒരു സ്ഥാനം ഇദ്ദേഹത്തിന് സമ്പാദിക്കുന്നതിനു സാധി ച്ചിട്ടില്ല. ഇതിൻെറ പ്രധാനകാരണം തൻെറ മുൻഗാമി കൾക്കുണ്ടായിരുന്ന നീതിനിഷ്ഠയുടെ ഒരു അംശംപോലും ഇന്നസെൻറ് നാലാമന് ഇല്ലായിരുന്നു എന്നുള്ളതാണ്. കേവലം തന്ത്രനിപുണനായ ഒരു ലോകമനുഷ്യൻ എന്ന നിലയിലാണ് ഇന്നസെൻറിൻെറ സകല പെരുമാററങ്ങ ളും കാണപ്പെട്ടുന്നതു്. സഭാഭരണത്തിലും ഇദ്ദേഹത്തിൻെറ അധികാരഭ്രമം ധാരാളം പ്രത്യക്ഷപ്പെട്ടിരുന്നു. അയ്മേനി കളുടെയും പട്ടക്കാരുടെയും കത്തവ്യകമ്മങ്ങളെക്കുറിച്ചു ഇ ദ്ദേഹം ചെയ്തിട്ടുള്ള ഉപദേശം രസാവഹംതന്നെ. 'നന്മ ചെയ്യുന്നവക്കു പ്രതിഫലം നല്കുന്ന ഒരു ദൈവമുണ്ടെന്നുമാ ത്രം അൽമായക്കാർ അറിഞ്ഞിരുന്നാൽ മതിയാകുന്നതാ ണ്. മററുള്ള സകല കാര്യങ്ങളിലും സഭ വിശ്വസിക്കുന്ന തുപോലെ അവരും ഒരു സംശയവുംകൂടാതെ വിശ്വസിക്കേ ണ്ടതാണ്. ബിഷോപ്പന്മാരും പട്ടക്കാരും അപ്പൊസ്തല ന്മാരുടെ വിശ്വാസപ്രമാണം നല്ലതുപോലെ അറിഞ്ഞിരി ക്കണം. അതുകൂടാതെ വിശുദ്ധ കുദാശയിൽകത്താവിൻെറ ശരീരം നിമ്മിക്കപ്പെട്ടുന്നെന്നുംകൂടെ ധരിച്ചിരിക്കണം; ഇ തിൽകൂട്ടതൽ അറിവു അവക്കു ഉണ്ടാകേണ്ട ആവശ്യമില്ല.'

## ബോണിഫസ് എട്ടാമൻ (എ. ഡി. 1294–1303)

'ദൈവം ഡംഭികളോടു എതിത്തുനില്ക്കുന്നു' എന്നുള്ള തിരുവചനത്തിന് ബോണിഫസ് എട്ടാമൻപാപ്പായുടെ ചരിത്രം ഒരു നല്ല സാക്ഷിയാണ്. ബോണിഫസിൻെറ അഹംഭാവത്തിനും ധിക്കാരത്തിനും കൈയുംകണക്കുമില്ല. വീരകേസരികളായ തൻെറ മുൻഗാമികളാരും തന്നെ അവ കാശപ്പെട്ടുന്നതിന് ഒരുമ്പെടാത്ത പല അധികാരങ്ങൾ സാഹസബുദ്ധിയായ ഇദ്ദേഹം പ്രയോഗത്തിലാക്കാൻ ശ്ര മിച്ചു. സ്ഥാനാരോഹണസമയം തൻെറ കുതിരയുടെ ജീ നി പിടിക്കുന്നതിന് ചേവകന്മാരായി ഉപയോഗിച്ചതു് രണ്ടു രാജാക്കന്മാരെയാണ്. എ. ഡി. 1300-ൽ റോമാന

ഗരത്തിൽ ഒരു യോവേൽ മഹോത്സവം കൊണ്ടാടിയ അവസരത്തിൽ ഒരു ദിവസം ഇദ്ദേഹം പാപ്പാസ്ഥാനത്തിൻെറ സകല ചിഹ്നങ്ങളും വേറൊരു ദിവസം വാൾ, കിരീടം, ചെങ്കോൽ ആദിയായ രാജകീയചിഹ്നങ്ങളും ധരിച്ചു ജനസമൂഹത്തിൽ പ്രത്യക്ഷനായെന്നും 'ഞാനത്രേ കൈസർ!' ഞാനത്രേ ചക്രവർത്തി!' എന്നിങ്ങനെ വിളിച്ചുപറഞ്ഞെന്നും ഇദ്ദേഹത്തെക്കുറിച്ചു ചരിത്രം ഘോഷിക്കുന്നു.

ബോണിഫസിൻെറ ഭരണകാലത്തെ ഒരു പ്രധാന സംഭവം ക്ലെറിസിസ് ലെയിക്കോസ് (Clericis Laicos) എന്നറിയപ്പെടുന്ന ഒരു സഭാനിയമം പാസ്സായതാണ്. (എ. ഡി. 1296) സഭയുടെ അധീനതയിലിരിക്കുന്ന ഭൂസ്വത്തുക്കൾക്കു പാപ്പായുടെ അനുവാദംകൂടാതെ കരം ചുമത്തുകയോ കൊടുക്കയോ ചെയ്തുകൂടായെന്നും ഈ കല്പന ലംഘിക്കുന്നവരെ സഭാഭ്രംശം ചെയ്യുന്നതാണെന്നുമായിരുന്നു വത്തിക്കാൻ അരമനയിൽനിന്നു പുറപ്പെട്ട ഈ പുതിയ 'ബൂളാ'യുടെ സാരം. ഈ സമയത്തു യൂറോപ്പിൻെറ പല ഭാഗങ്ങളിലായി റോമാസഭയ്ക്കു് ഒട്ടുവളരെ ഭൂസ്വത്തുണ്ടായിരുന്നതിനാൽ യൂറോപ്പിലെ രാജാക്കന്മാരെയെല്ലാം പാപ്പാ യുദ്ധത്തിനു് വെല്ലുവിളിക്കുന്നതുപോലെയാണു് അവരെല്ലാവരും പ്രസ്തുത ആജ്ഞയെ ഗണിച്ചതു്. ഇംഗ്ലണ്ടിലെ രാജാവായ എഡ്വേർഡ് ഒന്നാമൻ പാർലമെൻറിൻെറ സഹായത്തോടുകൂടെ പാപ്പായുടെ കല്പനയെ ശക്തിയായി എതിർത്തു വിജയം നേടി. ഫ്രാൻസിലെ രാജാവായ ഫിലിപ്പു പാപ്പായെ ഒരു പാഠം പഠിപ്പിക്കണമെന്നു നിശ്ചയിച്ചു്, പാപ്പായുടെ പ്രതിനിധിയെ കാരാഗൃഹത്തിലടയ്ക്കുകയും പാപ്പായുടെ ബൂളാ പാരീസിൽവച്ചു് പരസ്യമായി അഗ്നിക്കിരയാക്കുകയും ചെയ്തു. പാപ്പായും ഒട്ടും കുട്ടാക്കാതെ രാജാവിനെ തൻെറ സ്ഥാനത്തുനിന്നു് നീക്കം ചെയ്യുന്നതിനായി ബിഷോപ്പന്മാരുടെ ഒരു കൌൺസിൽ വിളിച്ചുകൂട്ടുകയും, രാജാവു തൻെറ സന്നിധിയിൽ വന്നു് സമാധാനം ബോധിപ്പിക്കുന്നതിനു കല്പന അയയ്ക്കുകയും ചെയ്തു. രാജാവു് കീഴടങ്ങുന്നില്ലെന്നു കണ്ടപ്പോൾ രണ്ടാമതൊരു കല്പനയും രാമബാണംപോലെ രാജാവിൻെറ നേരെ അയച്ചു. യൂണംസാങ്ടം (Unam Sanctum) എന്ന

പേരിൽ അറിയപ്പെട്ടന്ന ഈ ചരിത്രരേഖ പാപ്പാമാരുടെ അധികാരം സംബന്ധിച്ചുള്ള സകല രേഖകളിലുംവച്ച സവ്വപ്രധാനമായതാണ്. ആത്മരക്ഷയ്ക്കുവേണ്ടി എല്ലാ മനുഷ്യരും റോമായിലെ പാപ്പായ്ക്കു് കീഴടങ്ങി ഇരിക്കേണ്ടതാവശ്യമാണെന്നും, പാപ്പായുടെ ശക്തി ആത്മീയമായും ലൌകികമായും ഉള്ള ഇതരശക്തികളെ കവിയുന്നതാണെന്നും, മററും ഉള്ള അഭിപ്രായങ്ങൾ സധൈര്യം ഇതിൽ പ്രസ്താവിച്ചിരുന്നതിൽ നിന്നു് പ്രസ്തുതരേഖയുടെ സ്വഭാവം വായനക്കാക്ക് മനസ്സിലാകുന്നതാണല്ലൊ. വി. ലൂക്കൊസ് 22-ൽ 38-ാംവാക്യം അടിസ്ഥാനപ്പെടുത്തി ആത്മികവും ലൌകികവുമായ രണ്ടു വാളുകൾ സഭയുടെ അധികാരത്തിലുണ്ടെന്നും അവയിൽ ഒന്നു് പുരോഹിതന്മാർ കൈകാര്യം ചെയ്യുന്നുവെന്നും, മറേറതു് പുരോഹിതൻെറ അനുവാദത്തോടുകൂടെ രാജാക്കന്മാരുടെ കൈയിലിരിക്കുന്നുവെന്നും, ലൌകികാധികാരം ആത്മികാധികാരത്തിനു് കീഴ് പെട്ടിരിക്കണമെന്നും യൂണം സാങ്ടത്തിൽ കാണുന്നുണ്ടു്. അപ്പൊസ്തലികവും, പരിശുദ്ധവും, സാവ്വത്രികവും ആയ റോമാസഭയ്ക്കു് വെളിയിൽ പാപമോചനമോ, രക്ഷയോ ഇല്ല എന്നു് ഇപ്പോൾ നമ്മുടെ നാട്ടിൽ സർവ്വസാധാരണയായി കേട്ടുവരുന്ന റോമായുപദേശത്തിൻെറ പ്രധാന അടിസ്ഥാനവും ഈ ബൂളായത്രെ. ഫിലിപ്പുരാജാവു ഇതൊന്നും കൂട്ടാക്കാതെ, പാപ്പായെ കുഴിയിൽ പായിക്കുന്നതിനുള്ള പ്രയോഗങ്ങൾ തുടന്നുകൊണ്ടിരുന്നു. പാപ്പായെ പിടിച്ചുകെട്ടി തൻെറ മുമ്പിൽകൊണ്ടുവന്നു ഒരു കൌൺസിലിൻെറ മുമ്പാകെ വിസ്തരിക്കണമെന്നുള്ളതായിരുന്നു രാജാവിൻെറ ഉദ്ദേശ്യം. പക്ഷേ ആ വിധത്തിലുള്ള അപമാനം സഹിക്കുന്നതിനു് പാപ്പായ്ക്കു് ഇടവന്നില്ല എന്നു പറഞ്ഞാൽ മതിയല്ലൊ. എങ്കിലും അദ്ദേഹം രാജകക്ഷികളുടെ കൈയിൽ അകപ്പെട്ടുന്നതിനും കാരാഗൃഹവാസം അനുഭവിക്കുന്നതിനും സംഗതിയായി. താൻ അനുഭവിച്ച അപമാനം മൂലമുണ്ടായ ദണ്ഡംകൊണ്ടോ, എന്തോ, ഒരു മാസത്തിന്നിടയിൽ പാപ്പാ കാലഗതി പ്രാപിച്ചു. പാപ്പാമാരുടെ പ്രതാപം ബോണിഫസ്സിൻെറ മരണത്തോടുകൂടെ അസ്തമിച്ചു എന്നു പറയാവുന്നതാണ്. ക്ലെമന്തു് അഞ്ചാമൻ

എന്ന പാപ്പായുടെ കാലത്തു് (എ. ഡി. 1305) പാപ്പാമാരുടെ ആസ്ഥാനം ഫ്രാൻസിൽ അവിഗ്നോൻ എന്ന സ്ഥലത്തേക്കു മാററി പ്രതിഷ്ഠിച്ചതോടുകൂടെ, ഒരു കാലത്തു ചക്രവത്തിമാരുടെ ചക്രവത്തിയായി വാണിരുന്ന പാപ്പാമാരുടെ അനന്തരഗാമികൾ ഫ്രഞ്ച്യരാജാക്കന്മാരുടെ കളിപ്പാട്ടങ്ങളായി ചമഞ്ഞു.

ഈ അദ്ധ്യായം അവസാനിക്കുന്നതിനുമുമ്പായി പാപ്പാമാർ സഭക്കും യൂറോപ്പുരാജ്യത്തിനും ലോകത്തിനു് പൊതുവെയും ചെയ്തിട്ടുള്ള ചില നന്മകൾകൂടെ രേഖപ്പെടുത്തേണ്ടതാണു്. സ്വാത്ഥലാഭത്തിനുവേണ്ടി നിർലജ്ജം പ്രവത്തിച്ച ഒരു കൂട്ടം ആളുകൾ എന്നുമാത്രം പാപ്പാമാരെ പൊതുവെ ഗണിക്കുന്നതു ശരിയല്ല. അവരിൽ പലരും ഭക്തന്മാരും, മഹാന്മാരും. വിദ്വാന്മാരും, പരോപകാരതല്പരന്മാരും ആയിരുന്നുവെന്നു് ചരിത്രം പ്രസ്താവിക്കുന്നു, അവരെക്കൊണ്ടു ലോകത്തിൽ സാധിച്ചിട്ടുള്ള ചില നല്ല കാൎയ്യങ്ങൾ ചുവടെ ചേത്തുകൊള്ളുന്നു:—

1. യൂറോപ്പിലെ 'അന്ധകാരകാലങ്ങൾ' എന്നറിയപ്പെടുന്ന 6 മുതൽ 16 വരെയുള്ള ശതാബ്ദങ്ങളിൽ പുറജാതികളിൽനിന്നു് സഭയിൽ നുഴഞ്ഞു കയറിവന്ന പല അക്രൈസ്തവ പ്രമാണങ്ങളെയും ആചാരങ്ങളെയും ഉൻമൂലനം ചെയ്യുന്നതിനും അവയുടെ സ്ഥാനത്തു് ക്രിസ്തീയപ്രമാണങ്ങൾക്കു് യോജിച്ച ആചാരങ്ങളെ സ്ഥാപിച്ചു സ്ഥിരപ്പെടുത്തുന്നതിനും പല പാപ്പാമാരും അക്ഷീണപരിശ്രമം ചെയ്തിട്ടുണ്ടു്. ദൃഷ്ടാന്തമായി; ഇന്നസെൻറു് മൂന്നാമൻ പാപ്പായുടെ ഭരണകാലത്തു് (എ. ഡി. 1198—1216) വിവാഹം സംബന്ധിച്ചു സഭയിൽ ചില നിയമങ്ങൾ ഏൎപ്പെടുത്തിയതിൻെറ ഫലമായി പല അഴിമതികളും അനാചാരങ്ങളും സഭയിൽനിന്നു് നീങ്ങുന്നതിനിടയായി.

2. രാജകീയ കച്ചേരികളെ അപേക്ഷിച്ചു്, സഭാകോടതികൾ കൂടുതൽ ചുമതലബോധത്തോടുകൂടെ നീതിന്യായം നടത്തിയിട്ടുണ്ടു് എന്നുള്ളതു സുസമ്മതമാണു്.

3. പട്ടക്കാർ വിവാഹം ചെയ്യരുതെന്നുള്ള പ്രമാണം പാപ്പാമാർ സ്ഥാപിച്ചതിൽനിന്നു പലവിധത്തിലുള്ള ദോഷങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, അക്കാലത്തെ സ്ഥിതി ആലോചിച്ചുനോക്കുമ്പോൾ അതു സഭയ്ക്കു് ഒരു നന്മയായി പരിണമിച്ചു എന്നു സമ്മതിക്കാനേ തരമുള്ളു. പുരോഹിതസ്ഥാനം ബ്രാഹ്മണരുടെ ഇടയിലെപ്പോലെ ഒരു ജാതിക്കാരുടെ അവകാശമായി തീരാതിരിക്കുന്നതിനും, ആത്മികയോഗ്യതമാത്രം ഗണിച്ചു് പുരോഹിതസ്ഥാനങ്ങളിൽ ജനങ്ങളെ പ്രവേശിപ്പിക്കുന്നതിനും ഈ പ്രമാണം വളരെ സഹായിച്ചിട്ടുണ്ടു്.

4. ജനാധിപത്യം ക്രൈസ്തവസഭയിലെന്നപോലെ മററൊരു സ്ഥാപനത്തിലും ഇടക്കാലത്തു യൂറോപ്പിൽ നടപ്പിലായിരുന്നില്ലെന്നു് ഓർക്കേണ്ടതാണു്. രാഷ്ട്രീയസ്വാതന്ത്ര്യം കൈവളർത്തുന്നതിനു് ക്രിസ്തുസഭയിലെ പൊതുജനാവകാശബോധം പ്രായോഗികമായി.

5. സഭയുടെ സ്വാതന്ത്ര്യം, നിർമ്മലത, സഭാനായകന്മാരുടെ ത്യാഗബുദ്ധി മുതലായവ പരിപാലിക്കുന്നതിനു് അനേകം പാപ്പാമാർ ഭഗീരഥപ്രയത്നം ചെയ്തിട്ടുണ്ടു്.

6. ലൌകികാധികാരങ്ങളുമായുള്ള സമരത്തിൻെറ ഫലമായി ക്രിസ്തുമതവിശ്വാസതത്വങ്ങൾ സാധാരണ ജനങ്ങളുടെ ഇടയിൽ പുസ്തകങ്ങൾ, കല്പനകൾ ആദിയായവമൂലം പ്രചരിപ്പിക്കുന്നതിനും, സഭാനടപടികളുടെ ആധാരമായി സർവ്വതോൻമുഖമായ കാനോൻചട്ടങ്ങൾ ക്രോഡീകരിക്കുന്നതിനും പാപ്പാമാർ ഒട്ടുവളരെ പ്രയത്നിച്ചിട്ടുണ്ടു്.

ഇവയെല്ലാം ചേർത്തു ആലോചിക്കുന്നപക്ഷം, പല പാപ്പാമാരും അവരുടെ സ്ഥാനവും, ലോകചരിത്രത്തിൽ നന്മയ്ക്കായി പൊതുവെ പ്രയോജനപ്പെട്ടിട്ടുള്ള ഒരു വലിയ ശക്തിയാണെന്നു സമ്മതിക്കേണ്ടതാണു്.

# അദ്ധ്യായം 13

## കുരിശുയുദ്ധങ്ങൾ

നമ്മുടെ കർത്താവിൻെറ പാദസ്പർശനത്താൽ പരിപാവനമാക്കിച്ചെയ്യപ്പെട്ടിരിക്കുന്ന പലസ്തീൻനാട്ടും, പ്രത്യേകിച്ച് തൻെറ ക്രൂശുമരണത്തോടുള്ള സംബന്ധംനിമിത്തം ക്രൈസ്തവലോകത്തിന് ഒരു പുണ്യസ്ഥലമായിത്തീർന്നിരുന്ന യരുശലേം നഗരവും, മഹമ്മദീയശത്രുക്കളിൽനിന്ന് വീണ്ടെടുക്കുന്നതിന് 11-ാം 12-ാം 13-ാം ശതാബ്ദങ്ങളിൽ പാശ്ചാത്യക്രിസ്തീയസഭ തുടരെ നടത്തിക്കൊണ്ടുപോന്ന * കുരിശുയുദ്ധങ്ങൾക്കു പാശ്ചാത്യസഭയുടെ ചരിത്രത്തിൽ ഒരു പ്രധാനസ്ഥാനമുണ്ട്. അവയുടെ ഫലമായി സഭയിലും യൂറോപ്പിൽ പൊതുവെയും നിലനിന്ന് ഫലിച്ചിട്ടുള്ളതും ഗുണദോഷഭൂയിഷ്ഠവുമായ അനവധി ശക്തികൾ ജാതമായിട്ടുണ്ട്. ഇത്ര പ്രാധാന്യമുള്ള ഒരു പ്രസ്ഥാനത്തിൻെറ കാരണങ്ങളും ചരിത്രവും അറിയുന്നതു രസാവഹമായിരിക്കുമല്ലോ,

കുരിശുയുദ്ധങ്ങളുടെ ആരംഭകാരണമായിത്തീർന്നതു്, സെൽഇക്ക് തുർക്കികൾ എന്ന ഒരുകൂട്ടം മഹമ്മദീയർ എ.ഡി. 1076-ൽ യരുശലേം പിടിച്ചെടുത്തതാണ്. മൂന്നാംശതാബ്ദംമുതൽ യൂറോപ്പിൽനിന്ന് യരുശലേമിലേക്ക് അനേക ക്രിസ്ത്യാനികൾ തീർത്ഥയാത്ര ചെയ്തുകൊണ്ടിരുന്നു. യരുശലേംനഗരം തുർക്കികളുടെ കൈയിൽ ആയതോടുകൂടെ പുണ്യയാത്രക്കാരുടെ വിഷമങ്ങളും വർദ്ധിച്ചു. തുർക്കികൾ അവരെ പലവിധത്തിൽ ഉപദ്രവിച്ചുതുടങ്ങി. 'കന്നുകാ

---

* പ്രസ്തുതയുദ്ധത്തിൽ ഏർപ്പെട്ടിരുന്ന പടയാളികളേവരും നമ്മുടെ ഇടയിൽ കാണുന്ന ആംബുലൻസ് സംഘക്കാർ ധരിക്കാറുള്ളതുപോലെ ഒരു ചുവന്ന കുരിശു വലത്തെ തോളിലോ, നെഞ്ചത്തോ തങ്ങളുടെ വസ്ത്രത്തിൽ ചേർത്തു ധരിച്ചുവന്നിരുന്നു. അവരുടെ കൊടിയും ബാഡ്ജും കുരിശാകൃതിയിലുള്ളതായിരുന്നതുകൊണ്ടത്രെ ഈ പേരുണ്ടായത്.

ലികളെപ്പോലെ ദിവസംപ്രതി ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടുന്നു' എന്നാണ് ഗ്രഗറി പാപ്പാ, ചക്രവത്തിയായ ഹെൻറി നാലാമന്ന് എഴുതി അയച്ചതു്. ഇങ്ങനെയുള്ള മമ്മ ഭേദകമായ വാത്ത കേട്ടപ്പോൾ ക്രൈസ്തവലോകം തുക്കികളുടെ നേരെ വാളെടുത്തതിൽ ആശ്ചയ്യപ്പെടാനില്ല. എന്നാൽ ആത്മികമായും പരിശുദ്ധമായുമുള്ള ഉദ്ദേശ്യങ്ങൾ മാത്രമാണ് കുരിശുയുദ്ധങ്ങൾ നടത്തുന്നതിന്ന മനുഷ്യരെ പ്രേരിപ്പിച്ചതെന്നു പറഞ്ഞുകൂടാ. കച്ചവടം അഭിവൃദ്ധിപ്പെടുത്തുന്നതിലേക്ക് വെനീസ്, ജനോവാ ആദിയായ ഇററലിയിലെ തുറമുഖപട്ടണങ്ങൾക്ക് പൌരസ്ത്യദേശങ്ങളിൽ, പ്രത്യേകിച്ച് മെഡിററേനിയൻ കടലിൻെറ തീരപ്രദേശത്തു്, തങ്ങളുടെ സ്വാധീനത്തിൽ ചില പട്ടണങ്ങൾ കിട്ടണമെന്ന് അതിയായ മോഹമുണ്ടായിരുന്നു. അതുകൂടാതെ ഈ സമയത്തോടടുത്തു് യൂറോപ്പുരാജ്യം തുടരെ ദുർഭിക്ഷം അനുഭവിച്ചുകൊണ്ടിരുന്നു. എ. ഡി. 790 മുതൽ 1040 വരെ 48 ക്ഷാമബാധകൾ ഉണ്ടായിരുന്നതായി ഒരു ചരിത്രകാരൻ പ്രസ്താവിക്കുന്നു. ഇങ്ങനെ ക്ഷാമത്താൽ വലഞ്ഞ അനേകക്ക് ഫലപുഷ്ടിയുള്ള പലസ്തീൻ നാട്ടും, സമീപപ്രദേശങ്ങളും കുടിയേറിപ്പാക്കുന്നതിന്ന ഏററവും ആകർഷണീയമായി തോന്നിയതിൽ അത്ഭുതപ്പെടാനില്ല. കോൺസ്റ്റാൻറിനോപ്പിൾ, തലസ്ഥാനമായിരുന്ന പൌരസ്ത്യ റോമാസാമ്രാജ്യത്തിൻെറ ശക്തി ഇക്കാലത്തു ക്ഷയോൻമുഖമായിരുന്നു. അനേക ശതാബ്ദങ്ങളായി തുക്കികളുടെ ആക്രമണത്തെ യൂറോപ്പിൽനിന്നു് തടഞ്ഞുനിത്തിയിരുന്നതു് കോൺസ്റ്റാൻറിനോപ്പിളിൽ വാണിരുന്ന ചക്രവത്തിമാരുടെ പൌരുഷവും നയവിശേഷവുമായിരുന്നു. എന്നാൽ ദിനംപ്രതി വദ്ധിച്ചുവന്നിരുന്ന തുക്കികളുടെ ശക്തിയെ എതിക്കുന്നതിന്ന് ഈ രാജ്യത്തിന് നിവൃത്തിയില്ലെന്നായപ്പോൾ റോമാസാമ്രാജ്യവും, യൂറോപ്പു മുഴവനും തുക്കികളുടെ വായിൽ അകപ്പെട്ടുപോകുമെന്നുള്ള ശങ്കയും മനുഷ്യരെ വല്ലാതെ ക്ഷോഭിപ്പിച്ചു. ഈ കാരണങ്ങളെല്ലാം പറയാമെങ്കിലും മുൻപ്രസ്താവിച്ചതുപോലെ ക്രിസ്തുമതത്തിനും ക്രിസ്ത്യാനികൾക്കും മഹമ്മദീയരിൽനിന്നു് നേരിട്ട പീഢയും തന്നിമിത്തമുണ്ടായ വാ

ശിയും വൈരാഗ്യവും ആണു് കുരിശുയുദ്ധങ്ങളുടെ പ്രധാന കാരണമായി വിചാരിക്കേണ്ടതു്.

പാപ്പാമാരുടെ നയവും കുരിശുയുദ്ധങ്ങളുടെ വിജയത്തിനു വളരെ സഹായിച്ചിട്ടുണ്ടെന്നുള്ളതു് വിസ്മരിച്ചുകൂടാ. ഒരുവിധത്തിൽ നോക്കിയാൽ, പാപ്പാമാരായിരുന്നു കുരിശുയുദ്ധങ്ങളുടെ യഥാൎത്ഥ നായകന്മാർ. വാളു് കൈയിലെടുത്തില്ലെങ്കിലും രാജാക്കന്മാരെയും ജനങ്ങളെയും ഉപദേശിച്ചും, ശാസിച്ചും, ശിക്ഷിച്ചും യുദ്ധത്തിനിറക്കുന്നതിനുവേണ്ടി പാപ്പാമാർ ഭഗീരഥപ്രയത്നം ചെയ്തിട്ടുണ്ടു്. ഒന്നാമത്തെ കുരിശുയുദ്ധത്തിൽ ഏർബൻ രണ്ടാമൻ എന്ന പാപ്പായ്ക്കു് ഒരു ഒന്നാന്തരം പട്ടാളം എടുപ്പുദ്യോഗസ്ഥൻെറ സ്ഥാനമാണു് ഉണ്ടായിരുന്നതു്. യുദ്ധത്തിൽ ഏൎപ്പെട്ടിരുന്ന എല്ലാവൎക്കും ഇദ്ദേഹംതന്നെ ഉടനടി പാപമോചനവും മരണശേഷം സ്വൎഗ്ഗരാജ്യവും വാഗ്ദത്തം ചെയ്കയുണ്ടായി. ഇതിൻെറ ഫലമായി കുരിശുയുദ്ധങ്ങളിൽ ഏൎപ്പെട്ടവരിൽ ഒരു നല്ല പങ്കു് മദ്യപാനികളും വെറിയന്മാരും ദുൎമ്മാൎഗ്ഗികളും ആയിരുന്നുവെന്നുള്ള ഗിബ്ബൻെറ ആക്ഷേപം അടിസ്ഥാനരഹിതമല്ലെന്നു സമ്മതിച്ചേതീരൂ.

പ്രധാനപ്പെട്ട കുരിശുയുദ്ധങ്ങളുടെ ഒരു ചുരുങ്ങിയ ചരിത്രം ചുവടെ ചേൎക്കുന്നു:—

(1) എ. ഡി. 1095—1099. ഏർബൻരണ്ടാമൻ കഴിഞ്ഞാൽ പിന്നെ ഗോഡ്ഫ്രി എന്നയാളും, പീറർ എന്ന സന്യാസിയുമാണു് ഒന്നാമത്തെ കുരിശുയുദ്ധത്തിലെ നായകന്മാർ. ഈ സന്യാസി കഴുതപ്പുറത്തുകയറി യൂറോപ്പിലെ പല പട്ടണങ്ങൾ സന്ദൎശിച്ചു്, വിശുദ്ധനഗരം തുൎക്കികളുടെ കൈയിൽനിന്നു് വീണ്ടെടുക്കുന്നതിനായി ചെയ്ത പ്രസംഗങ്ങളും ആംഗ്യനാട്യങ്ങളും മറേറാരോ പ്രയോഗങ്ങളും യൂറോപ്പുചരിത്രം വായിച്ചിട്ടുള്ള ഒരുവൻെറ മനസ്സിൽനിന്നു് വേഗം മാഞ്ഞുപോകുന്നതല്ല. യൂറോപ്പിൻെറ മദ്ധ്യപ്രദേശത്തുകൂടി കരവഴിയായുള്ള യാത്രയിൽ കുരിശുപടയാളികൾക്കു നേരിട്ട കഷ്ടപ്പാടുകളും അകാലമരണങ്ങളും, വഴിമദ്ധ്യേ പാൎത്തിരുന്ന യഹൂദന്മാർക്കു് അവരിൽനിന്നു നേരിട്ട ഉപദ്രവങ്ങളും വിസ്തരിക്കുന്നതിനു് സ്ഥലം

അനുവദിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ എ. ഡി. 1099 ജൂലായിമാസത്തിൽ കുരിശുപടയാളികൾ യെരുശലേം തുർക്കികളിൽനിന്നു പിടിച്ചെടുക്കയും പഴയനിയമകാലത്തെന്നപോലെ അവരുടെ ശത്രുക്കളായ മഹമ്മദീയരെ വാളിന്നിരയാക്കുകയും ചെയ്തു.

സേനാനായകനായ ഗോഡ്ഫ്രിയുടെ നേതൃത്വത്തിൽ യെരുശലേം, അന്ത്യോഖ്യ, എഡസ്സാ ആദിയായ സ്ഥലങ്ങൾ ചേർത്ത് വിശുദ്ധനഗരം തലസ്ഥാനമാക്കി, കുരിശുപടയാളികൾ ഒരു പുതിയ രാജ്യം സ്ഥാപിക്കയും, പാപ്പായുടെ കീഴിൽ ബേത്തലഹേം, യെ രുശലേം ആദിയായ സ്ഥലങ്ങളിൽ ബിഷോപ്പന്മാരെ നിയമിക്കയും ചെയ്തു എന്നുള്ളതാണ് ഒന്നാമത്തെ കുരിശുയുദ്ധത്തിൻെറ ഫലമായി ഗണിക്കേണ്ടതു്.

(2) എ. ഡി. 1147. മഹമ്മദീയർ അടങ്ങിരുന്നില്ല. ക്രിസ്താബ്ദം 1144-ൽ അവർ എഡസ്സാ കൈവശപ്പെടുത്തി, യെരുശലേം ലാക്കാക്കിക്കൊണ്ടു് ആക്രമണം തുടങ്ങി. ഇതുകണ്ടു് പരിഭ്രമിച്ചു്, യൂജീനിയസ്പാപ്പാ രണ്ടാമത്തെ കുരിശുയുദ്ധത്തിനുള്ള സന്നാഹംകൂട്ടി. സന്യാസിയും ദൈവഭക്തനും ആയ സുപ്രസിദ്ധ ബന്നാർഡ്ഓഫ് ക്ലെയർവോയും ജർമ്മൻചക്രവർത്തിയായ കോൺറാഡ് രണ്ടാമനും, ഫ്രാൻസിലെ രാജാവായ ലൂയി ഏഴാമനും ആയിരുന്നു സേനാനായകന്മാർ. പക്ഷേ, ഇവക്കു മഹമ്മദീയരോടു കിടപിടിച്ചു നില്ക്കുന്നതിനു സാധിച്ചില്ല.

(3) എ. ഡി. 1189. മുസ്ലീംയോദ്ധാവായ സലാഡിൻ, 1187-ൽയെരുശലേം കൈവശപ്പെടുത്തിയതാണ്, മൂന്നാമത്തെ കുരിശുയുദ്ധത്തിൻെറ സന്ദർഭം. ഇതിൽ ചക്രവത്തിയായ ഫ്രഡറിക്ക്ബാർബറോസ, (Fredrick Barbarossa) ഫ്രാൻസിലെ രാജാവായ ഫിലിപ്പ് ഓഗസ്റ്റസ്, ഇംഗ്ലണ്ടിലെ രാജാവായ റിച്ചാർഡ് ആദിയായ പല രാജാക്കന്മാർ സംബന്ധിച്ചിരുന്നുവെങ്കിലും, ഈ ഉദ്യമവും വിജയശ്രീ നേടിയില്ല. എന്നിരുന്നാലും ഏക്കർ, യോപ്പാ, ആസ്കലോൺ ആദിയായി പലസ്തീൻനാടിൻെറ കടലോരത്തുള്ള കുറെ സ്ഥലങ്ങൾ വീണ്ടും ക്രിസ്ത്യാനികളുടെ കൈവശത്തിലായി.

(4) എ. ഡി. 1215. ഇന്നസെൻറ് മൂന്നാമൻ എന്ന പാപ്പായുടെ ആഗ്രഹപ്രകാരം ആരംഭിച്ച നാലാമത്തെ കുരിശുയുദ്ധസേനകൾ വിശുദ്ധ നാട്ടിലേക്കു യാത്രചെയ്യുന്നു എന്നുള്ള വ്യാജേന കൊൺസ്റ്റാൻറിനോപ്പിളിൽ എത്തി അവിടത്തെ ചക്രവത്തിയെ സിംഹാസനത്തിൽനിന്നുനീക്കി ലത്തീൻജാതിക്കാരുടെ ഒരു രാജ്യംസ്ഥാപിക്കയാണ് ഉണ്ടായതു്. കുരിശുപടയാളികൾ അവിടെ ചെയ്ത അക്രമങ്ങളെക്കുറിച്ചു പാപ്പാതന്നെ ലജ്ജിക്കയും സങ്കടപ്പെട്ടുകയും ചെയ്തതായി പറഞ്ഞിരിക്കുന്നു. പൌരസ്ത്യസഭയും റോമാസഭയും തമ്മിൽ ഉണ്ടായിരുന്ന ഭിന്നിപ്പു വദ്ധിപ്പിക്കുന്നതിനും പാപ്പായുടെ അധികാരം വളത്തുന്നതിനും ഇതു സഹായിച്ചിട്ടുണ്ടു് എന്നുമാത്രം പറയാവുന്നതാണ്.

ഇന്നസെൻറ് മൂന്നാമൻ പാപ്പായുടെ കാലത്താണ് 'കുട്ടികളുടെ കുരിശുയുദ്ധം' നടന്നതു്. ഏകദേശം മുപ്പതിനായിരം ബാലികാബാലന്മാർ ചേന്നു് ഭാവിയെക്കുറിച്ചു് ആലോചിക്കാതെ യെരുശലേം ലാക്കാക്കിക്കൊണ്ടു യാത്രയായി. ദൈവം അവരെ അത്ഭുതകരമായി നടത്തുമെന്നുള്ള വിശ്വാസത്തിലാണ് അവർ ഇറങ്ങിപ്പുറപ്പെട്ടതെങ്കിലും പരിതാപകരമായവിധത്തിൽ ഈ ഉദ്യമം അവസാനിച്ചു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ. വഴിമദ്ധ്യേ അനേകർ മരിക്കയും ഒരു നല്ല പങ്ക് അടിമകളായി പിടിക്കപ്പെട്ടുകയും ചെയ്തു. നമ്മുടെ കത്താവിനോട്ടും തൻെറ ക്രൂശിനോട്ടും അക്കാലത്തെ ബാലികാബാലന്മാക്ക് ഉണ്ടായിരുന്ന സ്നേഹത്തിൻെറ ഒരു ഉത്തമസ്മാരകമായി ഇതു് എന്നേക്കും നിലനില്ക്കുന്നതാണ്.

(5) എ. ഡി. 1218. അഞ്ചാമത്തെ കുരിശുയുദ്ധത്തിൽ പ്രസ്താവയോഗ്യമായി ഒന്നുംതന്നെയില്ല.

(6) എ. ഡി. 1228, 29, കുരിശുയുദ്ധങ്ങളിൽ ഏപ്പെട്ടുന്നതിനു താൻ കാണിച്ച വൈമുഖ്യവും ഉദാസീനതയും നിമിത്തം സഭയിൽനിന്നു ബഹിഷ്കരിക്കപ്പെട്ട ഫ്രഡറിക്ക് രണ്ടാമൻ ചക്രവത്തിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ആറാമത്തെ കുരിശുയുദ്ധം ഏററവും വിജയകരമായിട്ടാണ് അവസാനിച്ചതു്. യെരുശലേം, ബേത്ലേഹെം,

നസ്രേത്തു്, യോപ്പാ ആദിയായ പട്ടണങ്ങൾ ഉടമ്പടിമൂലം മുസ്ലീമങ്ങളിൽനിന്നു ഇദ്ദേഹം വീണ്ടെടുത്തു.

(7 & 8) ഏഴാമത്തെയും എട്ടാമത്തെയും കുരിശുയുദ്ധങ്ങൾ (എ. ഡി. 1248, 1270) ഫ്രാൻസിലെ രാജാവും യഥാൎത്ഥ ഭക്തനുമായിരുന്ന ലൂയി ഒമ്പതാമനാണു് നടത്തിയിട്ടുള്ളതു്. ഇദ്ദേഹത്തിൻെറ അനേക പടയാളികളെ തുൎക്കികൾ അടിമകളായി പിടിച്ചു് ഇസ്ലാംമതത്തിൽ ചേൎക്കയുണ്ടായി. രാജാവുതന്നെയും കുറേനാളത്തേക്കു മഹമ്മദീയരുടെ കീഴിൽ ഒരു അടിമയായി കാലം കഴിച്ചു (എ. ഡി. 1249). എങ്കിലും കഷ്ടപ്പെട്ടു യെരുശലേമിൽ എത്തി. തൻെറ പാപങ്ങൾക്കു പ്രായശ്ചിത്തമായി രട്ടുടുത്തുകൊണ്ടു നസ്രേത്തു് ആദിയായ പുണ്യസ്ഥലങ്ങൾ സന്ദൎശിച്ച ശേഷം യൂറോപ്പിലേക്കു തിരികെപ്പോയി, റ്റൂണിസു് എന്ന പട്ടണത്തിൽവച്ചു് 'കൎത്താവേ ഞാൻ നിൻെറ ഭവനത്തിൽ പ്രവേശിക്കും, ഞാൻ നിൻെറ ആലയത്തിൽ ആരാധിക്കും' എന്നിങ്ങനെ സങ്കീൎത്തനക്കാരനെപ്പോലെ പ്രാൎത്ഥിച്ചുംകൊണ്ടു് സ്വൎഗ്ഗീയ യരുശലേമിനെക്കുറിച്ചുള്ള പ്രത്യാശയോടുകൂടെ ഈ ഭക്തനായ രാജാവു് ഇഹലോകവാസം വെടിഞ്ഞു (എ. ഡി. 1270). കുരിശുയുദ്ധങ്ങളും ഇതോടുകൂടെ അവസാനിച്ചു.

പൊതുവെ നോക്കുന്നപക്ഷം കുരിശുയുദ്ധങ്ങൾ വിജയകരമായ ഒരു പ്രസ്ഥാനമായിരുന്നുവെന്നു പറയുന്നതിനു നിവൃത്തിയില്ല. കുറെക്കാലത്തേക്കു യെരുശലേം ക്രിസ്ത്യാനികളുടെ കൈവശത്തിൽ വന്നെങ്കിലും ഈ ഭീമപ്രയത്നത്തിനനുസരിച്ച ഒരു ഫലം ഉണ്ടായി എന്നു തോന്നുന്നില്ല. മഹമ്മദീയരുടെ ആക്രമണത്തെ കുറേക്കാലത്തേക്കു തടുത്തുനിൎത്തുന്നതിനു സാധിച്ചെന്നല്ലാതെ, കുരിശുയുദ്ധങ്ങൾക്കു അവരുടെ ശക്തി ഹനിക്കുന്നതിനു കഴിഞ്ഞില്ല.

ഗൌരവതരമായ പല സംഗതികൾ കുരിശുയുദ്ധങ്ങളുടെ അനന്തരഫലങ്ങളായി യൂറോപ്പിൽ പ്രത്യക്ഷപ്പെട്ടു. സൎവ്വപ്രധാനമായതു്, പാപ്പായുടെ ശക്തി സീമാതീതമായി വൎദ്ധിച്ചുവെന്നുള്ളതാണു്. സലാഡിൻകരം എന്ന നികുതി നിമിത്തം പാപ്പായുടെ വരുമാനവും വൎദ്ധിച്ചു. പണം വ

ദ്ധിക്കുന്നിടത്തു ശക്തി വദ്ധിക്കുന്നതു സഹജമാണല്ലൊ. രണ്ടാമതായി പറവാനുള്ളതു് യൂറോപ്പിൽ പൊതുവെ ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്ന ദൈവികബോധത്തിനു ഒരു ഉണച്ച് ഉണ്ടായി എന്നുള്ളതാണു്. വിശുദ്ധ കുർബ്ബാനയിൽ ഉള്ളടങ്ങിയിരുന്ന ഒരു കത്താവിനെയാണു് ക്രിസ്ത്യാനികൾ അക്കാലംവരെ പ്രധാനമായി ധ്യാനിച്ചുവന്നിരുന്നതു്. എന്നാൽ തന്റെ പരസ്യശുശ്രൂഷ, ജീവിതം, മരണം ആദിയായവയോടു് സംഘടിക്കപ്പെട്ട അനേക സ്ഥലങ്ങൾ തലമുറതലമുറയായി ക്രിസ്ത്യാനികൾ സന്ദശിച്ചപ്പോൾ യേശുക്രിസ്തു അവക്കു കൂടുതൽ യഥാത്ഥവാനായിത്തീരുന്നതിനു ഇടയായി. ഇതോടുകൂടെ ജനങ്ങൾക്കു മിഷനറിവേലയിൽ ഒരു പുതിയ താല്പയ്യവും ജനിച്ചു. പല സ്ഥലങ്ങളിലും പുതിയ സഭകൾ സ്ഥാപിക്കപ്പെട്ടു. കുരിശുയുദ്ധങ്ങൾ അവസാനിച്ചു 50 വഷത്തിനിടയിൽ പേഷ്യാ മുതൽ ചൈനാവരെ ക്രിസ്തീയസഭകൾ സ്ഥാപിച്ചിരുന്നതായി നാം വായിക്കുന്നു. കുരിശുയുദ്ധങ്ങൾമൂലം യൂറോപ്പിൽ ഉണ്ടായ സാമൂഹ്യമായ അഭിവൃദ്ധിക്കു ചരിത്രം സാക്ഷിയാണു്. കച്ചവടംനിമിത്തം വെനീസു് ആദിയായ പട്ടണങ്ങൾ ധനത്തിലും ഐശ്വയ്യത്തിലും മികച്ചുതുടങ്ങി. വിദ്യാഭ്യാസത്തിനു കൂടുതൽപ്രചാരം വന്നു. പൌരസ്ത്യരാജ്യങ്ങളിലെ ഭാഷകൾ, അറബികളുടെ കണക്കുശാസ്ത്രം, സാഹിത്യം ആദിയായവയിൽ പാശ്ചാത്യരുടെ ശ്രദ്ധ പതിയുന്നതിനും തന്നിമിത്തം കാലതാമസമെന്യേ യൂറോപ്പിൽ പൊതുവെ ഒരു മാനസിക ഉണച്ച് ഉണ്ടാകുന്നതിനും ഇടയായി, അനേക പുതിയ പട്ടണങ്ങൾ മുളച്ചുവന്നു. സ്വാതന്ത്ര്യത്തിന്റെ കൊടി ഉയന്നുതുടങ്ങി. എന്നു വേണ്ടാ, ഒരു പുതിയ ജീവൻ യൂറോപ്പിലെവിടെയും കണ്ടുതുടങ്ങി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

എന്നാൽ, അവസാനമായി, കുരിശുയുദ്ധങ്ങളുടെ ദോഷഫലങ്ങളെന്തെല്ലാമെന്നുകൂടെ ചിന്തിക്കേണ്ടതായിട്ടുണ്ടു്. പാപ്പാമാരുടെ അധികാരവും ശക്തിയും വർദ്ധിച്ചുവരുന്നതു് ക്രിസ്തീയ സഭയുടെയോ, യൂറോപ്യൻരാജ്യങ്ങളുടെയോ, നന്മക്കു നിദാനമായിത്തീന്നില്ല. അധികാരപ്രമത്തതയാൽ പാപ്പാമാർ അവരുടെ അധികാരം പലപ്പോ

ഴം ദുരുപയോഗപ്പെട്ടത്തിയതായി കാണുന്നു. ഏർബൻ രണ്ടാമൻ ആരംഭിച്ച പാപമോചനപ്രഖ്യാപനം പല അഴിമതികൾക്കും കാരണമായിത്തീൎന്നു. അതുനിമിത്തമത്രെ മാർട്ടിൻലൂഥർ പാപ്പാമതത്തെ അധിക്ഷേപിക്കുന്നതിനും, നവീകരണം ആരംഭിക്കുന്നതിനും ഇടയായതു്. കുരിശുയുദ്ധങ്ങൾകൊണ്ടു ജനങ്ങളുടെ ഇടയിൽ മാൎഗ്ഗസംബന്ധമായ ഒരു ഉണർച്ച ഉണ്ടായെങ്കിലും, ക്രിസ്തുമതസ്ഥാപകനെയും മതതത്വങ്ങളെയും തെററിദ്ധരിപ്പിക്കുന്നതിനും, ക്രിസ്തുമതത്തെ ജാതികളുടെ ഇടയിൽ അലംകോലപ്പെടുത്തുന്നതിനും അപമാനിക്കുന്നതിനും, കുരിശുയുദ്ധങ്ങളെപ്പോലെ മററു യാതൊന്നിനും സാധിച്ചിട്ടില്ല എന്നുള്ളതു വിസ്മരിക്കാവുന്നതല്ല. 'നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവനു മറേറതും തിരിച്ചുകാണിക്ക' എന്നുപദേശിച്ച കൎത്താവിനെ വാളും കുന്തവും കൊണ്ടാണു ക്രൈവസ്തലോകം മഹമ്മദീയരോടു പ്രസംഗിക്കുന്നതിനു ഒരുമ്പെട്ടതു് എന്നു ഓൎക്കുന്നതുതന്നെ എത്ര സങ്കടകരമായ ഒരു സംഗതിയാണു്. 'കുരിശുയുദ്ധം' എന്ന പേരുതന്നെ എത്ര അസ്ഥാനത്താണു്? കുരിശും യുദ്ധവും തമ്മിൽ എന്തു സംബന്ധമാണുള്ളതു്? എങ്കിലും യൂറോപ്പിലെ ക്രൈസ്തവസഭയുടെ അക്കാലത്തെ അജ്ഞതയും, മൂഢവിശ്വാസവും, അനാചാരങ്ങളും, അഭക്തിയും ആലോചിച്ചുനോക്കുമ്പോൾ, ഈ വിധത്തിലെങ്കിലും തങ്ങളുടെ കൎത്താവിനുവേണ്ടി സാക്ഷിനില്പാൻ അനേകായിരങ്ങൾ ഒരുമ്പെട്ടതിൽ, നാം അവരെ അഭിനന്ദിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യേണ്ടതാണു്.

# അദ്ധ്യായം 14

## ദയറാവാസക്കാർ

### അഥവാ

## സന്യാസവ്രതവും ക്രിസ്തുസഭയും

### മുഖവുര

കർത്താവിൻെറ ജീവിതത്തിലും ഉപദേശത്തിലും ത്യാഗത്തിനു് ഒരു പ്രധാന സ്ഥാനം കല്പിച്ചിരുന്നുവെന്നു് സുവിശേഷം സൂക്ഷ്മമായി വായിക്കുന്ന ഏവക്കും മനസ്സിലാകുന്നതാണു്. 'പുഴവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സമ്പാദിക്കരുതു്......വലങ്കൈ നിനക്കു ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക...... ഒരുത്തൻ എൻെറ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ അവൻ തന്നത്താൻ ത്യജിച്ചു്, തൻെറ ക്രൂശ് എടുത്തു് എന്നെ അനുഗമിക്കട്ടെ' ...... എന്നിങ്ങനെ ക്രിസ്തീയ ജീവിതത്തിൽ ത്യാഗത്തിൻെറ സ്ഥാനത്തെ കാണിക്കുന്ന ഒട്ടുവളരെ വാക്യങ്ങൾ സുവിശേഷത്തിൽ കാണ്മാനുണ്ടു്. 'കുറുനരികൾക്കു് കുഴികളും ആകാശത്തിലെ പറവജാതികൾക്കു് കൂടുകളും ഉണ്ടു്; എന്നാൽ മനുഷ്യപുത്രനോ തല ചായിപ്പാൻ ഇടം ഇല്ല' എന്നു് അരുളിച്ചെയ്ത കർത്താവു്, തൻെറ ഉപദേശം നിമിത്തം മാത്രമല്ല, അനുഭവംമൂലവും, ദൈവവചനത്തിനായും ദൈവരാജ്യത്തിനുവേണ്ടിയും തങ്ങളുടെ ജീവിത സർവ്വസ്വത്തെയും ബലികഴിച്ചിട്ടുള്ള ത്യാഗിവര്യന്മാരുടെ നായകനെന്നുള്ള സ്ഥാനത്തിനു് സർവ്വഥാ അർഹനാണെന്നുള്ളതിൻ രണ്ടുപക്ഷത്തിനു് അവകാശമില്ല. അതിനാൽ ക്രിസ്തുമതത്തിൻെറ വളർച്ചയോടുകൂടെ സുവിശേഷത്തിൽ അന്തർലീനമായി കിടന്നിരുന്ന പ്രസ്തുത തത്വവിശേഷം ക്രിസ്ത്യാനികളിൽ പലക്കും അനുഭവ ഗോചരമായിത്തീന്നു ചിലരെല്ലാം വിചാരിക്കുന്നതുപോലെ അത്ഭുതങ്ങളുടെ കൂട്ടത്തിൽ കണക്കാക്കേണ്ട ഒരു കാര്യമല്ല.

മുഖവുരയായി ഇത്രയും പറഞ്ഞുകൊണ്ടു്, ത്യാഗം ഒരു ജീവിതാദർശമായി സ്വീകരിച്ച് പല കായ്യങ്ങളിലും സ്ഥലങ്ങളിലുമായി പ്രവത്തിച്ചിട്ടുള്ള ഭക്തന്മാരായ ചില സന്യാസിമാരുടെയും സന്യാസിസമൂഹങ്ങളുടേയും സംക്ഷിപ്തമായ ഒരു ചരിത്രം രേഖപ്പെടുത്തുന്നതിനായി ഉദ്യമിച്ചുകൊള്ളുന്നു.

## സന്യാസപ്രസ്ഥാനത്തിൻെറ ഉത്ഭവത്തിനുള്ള കാരണങ്ങൾ

സന്യാസവ്രതക്കാരായി ഒട്ടുവളരെ ആളുകൾ സഭയിൽ ഉണ്ടായി വരുന്നതിനുള്ള കാരണങ്ങളാണു് ഒന്നാമതായി അന്വേഷിപ്പാനുള്ളതു്. പുതിയ നിയമത്തിലെ സഭ വിശുദ്ധന്മാരുടെ ഒരു കൂട്ടമായിരുന്നുവെന്നു് ഒരത്ഥത്തിൽ പറയാവുന്നതാണു്. എല്ലാവരും ഒരേ പടിയിൽ വന്നെത്തിയില്ലെങ്കിലും, സഭാംഗങ്ങൾക്കേവക്കും ഉണ്ടായിരുന്ന ആദശം ഒന്നുതന്നെ ആയിരുന്നു എന്നതിനു് സംശയമില്ല. എന്നാൽ രണ്ടും മൂന്നും ശതാബ്ദങ്ങളിൽ ജാതികളിൽനിന്നു് ക്രിസ്തുമതത്തിലേക്കുള്ള ഒഴുക്കു് വദ്ധിച്ചതോടുകൂടെ സഭയുടെ ജീവിതനൈർമ്മല്യവും ആദർശപ്രേരണയും മിക്കവാറും നഷ്ടപ്രായമായി. ഈ സമയത്തു് ലോകമയത്വത്തിൽനിന്നു് സഭയെയും തങ്ങളെത്തന്നെയും രക്ഷിക്കുന്നതിനു് ഇറങ്ങി പുറപ്പെട്ട ഒരു കൂട്ടം യോദ്ധാക്കളായിട്ടത്രെ പുരാതന കാലത്തെ സന്യാസവ്രതക്കാരെ നാം ഗണിക്കേണ്ടതു്. മുങ്ങുവാൻ തുടങ്ങുന്ന ഒരു കപ്പലിനെ രക്ഷിക്കുന്നതിനു് സാധിക്കാത്തപക്ഷം യാത്രക്കാരായ തങ്ങളുടെ സ്വന്ത ജീവനെങ്കിലും ഏതുവിധേനയും രക്ഷിക്കാൻ ശ്രമിക്കുന്നതു് ന്യായമാണെന്നുള്ള പ്രമാണം അനുസരിച്ചാണു് ഇവരിൽ ഭൂരിപക്ഷം ആളുകളും പ്രവത്തിച്ചിട്ടുള്ളതു്. ഇപ്പോഴത്തെ കാലത്തു് ദയറാവാസക്കാർ എന്ന ശബ്ദം കേൾക്കുന്ന മാത്രയിൽതന്നെ റമ്പാന്മാരുടേയോ, സന്യാസിപട്ടക്കാരുടെയോ ചിത്രം ആണു് നമ്മുടെ മനസ്സിൽ വരുന്നതു്. എന്നാൽ ആദ്യമായി സന്യാസവ്രതം അനുഷ്ഠിച്ചു തുടങ്ങിയവരിൽ നൂറിൽ തൊണ്ണൂററിഒൻപതും സ്വന്തം ആത്മരക്ഷ

നേടുന്നതിൽ അത്യൽക്കണ്ഠ പ്രദശിപ്പിച്ച അത്മായക്കാരാ യിരുന്നുവെന്നു് ഓക്കേണ്ടതാണു്. എന്നുതന്നെയല്ല, ആരംഭകാലത്തു് സഭാനേതാക്കന്മാരായ ബിഷോപ്പന്മാരും പട്ടക്കാരും പ്രസ്തുത പ്രസ്ഥാനത്തോട്ടു് ഒട്ടുംതന്നെ അനുഭാവം പ്രദശിപ്പിച്ചിരുന്നില്ല, സ്ത്രീകളും ബിഷോപ്പന്മാരും ആണു് ഒരു സന്യാസിയുടെ രണ്ടു പ്രധാനശത്രുക്കൾ എന്നു് കാസ്യൻ എന്ന സന്യാസി പറഞ്ഞിരിക്കുന്നതിൽനിന്നു് ഈ കൂട്ടക്കു് സഭാനേതാക്കന്മാരെക്കുറിച്ചുണ്ടായിരുന്ന അഭിപ്രായം സ്പഷ്ടമാണല്ലൊ.

സഭയുടെ നിമ്മലത, സ്വന്തം ആത്മരക്ഷ എന്നീ ഉൽകൃഷ്ടാശയങ്ങൾ മാത്രം സ്വീകരിച്ചാണു് സന്യാസവ്രതം അനുഷ്ഠിക്കാൻ ഒരുമ്പെട്ടവരെല്ലാം അങ്ങനെ ചെയ്തതു് എന്നു പറയുന്നതു ശരിയല്ല. അജ്ഞതയും അന്ധവിശ്വാസവും സന്യാസിമാരുടെ സംഖ്യ വദ്ധിപ്പിക്കുന്നതിനു സഹായിച്ചിട്ടുണ്ടെന്നുള്ള വസ്തുത മറച്ചുവക്കേണ്ടതില്ല. വസ്തുമയമായ ലോകം ദോഷസംപൂണ്ണമാണെന്നും, മനുഷ്യ ശരീരം പാപത്തിൻെറ ഇരിപ്പിടമാണെന്നും മററുമുള്ള നോസ്റ്റിക്കു് അഭിപ്രായങ്ങൾ സഭയിൽ പൊതുവെ പരന്നതോട്ടുകൂടെ അനേകർ ലോകവ്യവഹാരത്തിൽനിന്നു് വിരമിച്ചു്, ശരീരത്തെ ദണ്ഡിപ്പിച്ചു് നശിപ്പിക്കുന്നതിനും, തന്നിമിത്തം ആത്മശാന്തി പ്രാപിക്കുന്നതിനും ശ്രമിച്ചിട്ടുണ്ടെന്നു് ചരിത്രം സാക്ഷിക്കുന്നു. മനുഷ്യ ജീവിതത്തെക്കുറിച്ചു ഈ വിധത്തിലുള്ള അഭിപ്രായങ്ങൾ അബദ്ധമെന്നു മാത്രമല്ല, അക്രൈസ്തവവുമാണെന്നു് എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ.

ഇങ്ങനെ പല കാരണങ്ങളാൽ, സന്യാസജീവിതത്തിലേക്കു് മനുഷ്യർ ആകഷിക്കപ്പെട്ടുന്നതിനും, മൂന്നാം ശതാബ്ദത്തിലെ ക്രിസ്ത്രീയസഭയിൽ ആയിരക്കണക്കായി സ്ത്രീകളും പുരുഷന്മാരും സന്യാസപദം സ്വീകരിക്കുന്നതിനും ഇടയായി.

സന്യാസവ്രതപ്രസ്ഥാനത്തിൻെറ ചരിത്രം സൂക്ഷിച്ചുനോക്കുമ്പോൾ, അതിൽ മൂന്നു പ്രധാന കാലഘട്ടങ്ങൾ കാണാവുന്നതാണു്. അവ താഴെ കുറിക്കുന്നു:—

1. ഏകാന്തസന്യാസിമാരുടെ (ഈഹീദായക്കാരു ടെ) കാലം. (രണ്ടും മൂന്നും ശതാബ്ദങ്ങൾ)

2. ആശ്രമകാലം. (മൂന്നാം ശതാബ്ദം മുതൽ 12-ാാ ശതാബ്ദം വരെ)

3. സാധുക്കളുടെ കാലം. (12-ാം ശതാബ്ദംമുതൽ)

ഈ വിവിധ ദശകളെക്കുറിച്ചു് പൊതുവായും, അത തുകാലത്തു ജീവിച്ചിരുന്ന പ്രധാന സന്യാസവ്രതക്കാരെക്കു റിച്ചു് ചുരുക്കമായും ചില സംഗതികൾ പ്രസ്താവിക്കുന്നതി നു മാത്രമേ തരമുള്ളു.

## 1. ഈഹീദായക്കാർ

ക്രിസ്താബ്ദം 250-ൽ ഡീസിയസു് ചക്രവർത്തിയുടെ കാലത്തുണ്ടായ ഭയങ്കര പീഡനം നിമിത്തം ഒട്ടവളരെ ജ നങ്ങൾ റോമാസാമ്രാജ്യമൊട്ടുക്കു് നാട്ടും കൂട്ടും വിട്ടു വനാന്ത രങ്ങളിലും മരുഭൂമികളിലും അഭയം പ്രാപിക്കയും ചിലരെ ല്ലാം അവിടെത്തന്നെ തങ്ങളുടെ ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടുകയും ചെയ്തിട്ടുണ്ടു്. പീഡനങ്ങൾ ശമിച്ചിട്ടും ത്യാഗജീവിതത്തിന്റെ ആകർഷണത്താൽ അനേകർ ഏ കാന്തരായി കുടിലുകളിലും, ഗുഹകളിലും, പാറപ്പിളർപ്പു കളിലും പാർത്തു്, ലോകത്തെ പാടേ ഉപേക്ഷിച്ചു്, ദൈ വവുമായുള്ള സംസർഗ്ഗത്തിൽ നിരന്തരമായി ഏർപ്പെട്ടിരു ന്നു. ഇങ്ങനെയുള്ളവരിൽ പ്രധാനി വിശുദ്ധ അന്തോനി യോസ് എന്നു പേരുള്ള ഒരു ഭക്തനാണു്.

## വി. അന്തോനിയോസ്

ഇദ്ദേഹം സന്യാസവ്രതക്കാരുടെ ജന്മഭൂമി എന്ന പേ രു് സിദ്ധിച്ചിട്ടുള്ള ഈജിപ്തിൽ, കോമാ എന്ന ഗ്രാമ ത്തിൽ ക്രിസ്താബ്ദം 251-നടുത്തു് ജാതനായി. തന്റെ മാതാപിതാക്കന്മാരുടെ മരണം നിമിത്തം ചെറുപ്പത്തിൽ തന്നെ അന്തോനിയോസ് ഒട്ടവളരെ മുതലിനു അവകാശി യായി. 20-ാമത്തെ വയസ്സിലാണു് സന്യാസ ജീവിതത്തി ലേക്കു താൻ ദൈവത്താൽ വിളിക്കപ്പെട്ടതു്. ഒരു ദിവസം പള്ളിയിൽ ചെന്നപ്പോൾ, അന്നത്തെ സുവിശേഷഭാഗം

വായിക്കുന്ന സമയത്തു് 'സൽഗുണപൂർണ്ണനാകുവാൻ ഇച്ഛിക്കുന്നു എങ്കിൽ, നീ ചെന്നു നിനക്കുള്ളതു എല്ലാം വിററു് ദരിദ്രക്കു കൊടുക്ക; എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും' എന്നു കത്താവു് ധനവാനായ ചെറുപ്പക്കാരനുകൊടുത്ത ഗുണദോഷം അന്തോനിയോസ് കേൾക്കുന്നതിനിടയായി. ഈ വാക്കുകൾ അസ്ത്രംപോലെ അവൻെറ മനസ്സിൽ തറച്ചു. ഒട്ടും താമസിയാതെ, തൻെറ പിതൃസ്വത്തിൽ ഒരംശം സ്വന്ത സഹോദരിയുടെ സംരക്ഷണയ്ക്കായി മാററിവച്ചശേഷം ബാക്കിയുള്ളതെല്ലാം വിററു് സാധുക്കൾക്കു ധമ്മദാനം ചെയ്തു. 'നാളേക്കായി വിചാരപ്പെടരുതു്' എന്നുള്ള വാക്കുകൾ പിന്നീടൊരു സമയത്തു കേൾക്കുന്നതിനിടയായപ്പോൾ, നീക്കിവച്ചിരുന്ന മുതലും വിററു് ദരിദ്രക്കുകൊടുത്തു്, ലോകബന്ധങ്ങളിൽനിന്നു വിമുക്തനായി അന്തോനിയോസ് യാഥത്ഥ സന്യാസ ജീവിതം ആരംഭിച്ചു (എ. ഡി. 270). ഒരു കാലത്തു് ഒരു ശവക്കല്ലറയിലും, പിന്നീട്ട് ഇടിഞ്ഞുപൊളിഞ്ഞു കിടന്നിരുന്ന ഒരു കൊട്ടാരത്തിലും താമസമുറപ്പിച്ചു് തൻെറ മനസ്സിൽ വന്നുകൊണ്ടിരുന്ന പരീക്ഷകളോട്ട 35 സംവത്സരക്കാലം ഈ ഭക്തൻ പോരാടിക്കൊണ്ടിരുന്നു. പരീക്ഷകൾ വദ്ധിക്കുന്തോറും ജാഗരണം, പ്രാത്ഥന, ഉപവാസം എന്നിവകളിൽ അന്തോനിയോസ് അത്യുത്സാഹിയായിത്തീന്നു. തൻെറ ആഹാരം ദിനംപ്രതി അല്പം അപ്പവും വെള്ളവും മാത്രം ആയിരുന്നു. ചില ദിവസങ്ങൾ അതും ഇല്ലതന്നെ. അവസാനമായി ,'ഞാൻ നിന്നോട്ട തോററിരിക്കുന്നു' എന്നു പിശാചു സമ്മതിച്ചു പറഞ്ഞതായി അന്തോനിയോസ് കേട്ടു. ഇതിൻെറ ശേഷം ഇദ്ദേഹം അനേകം രോഗികളെ സൌഖ്യമാക്കിയതായും, പീഡനകാലത്തു് അനേക ബലഹീന വിശ്വാസികളെ ധൈയ്യപ്പെടുത്തിയതായും, അറിയൂസ് മതക്കാക്കെതിരായി വിശുദ്ധ അത്താനാസ്യോസിനെ പലവിധത്തിൽ സഹായിച്ചതായും പറഞ്ഞിരിക്കുന്നു. 105-ാമത്തെ വയസ്സിൽ (ക്രിസ്താബ്ദം 356) ആണു് അന്തോനിയോസ് ഇഹലോകവാസം വെടിഞ്ഞതു്. വി. അത്താനാസ്യോസ് എഴുതിയ അന്തോ

നിയോസിൻെറ ജീവചരിത്രപുസ്തകമാണ് വി. അഗസ്റ്റീനോസിൻെറ മാനസാന്തരത്തിനു കാരണമായതെന്നുള്ളതു് പ്രസ്താവയോഗ്യമാണ്.

## സന്ന്യാസിമാരുടെ ശരീരദണ്ഡനം

അന്തോനിയോസിൻെറ അനുകാരികളായി, ഈജിപ്റ്റിലെന്നു മാത്രമല്ല, ഏഷ്യാമൈനർ, സിറിയാ പലസ്തീൻ എന്നീ പ്രദേശങ്ങളിലെല്ലാം, അനേകർ സന്ന്യാസ വ്രതം അനുഷ്ഠിച്ചു തുടങ്ങി. ആത്മസംയമനത്തോടുകൂടെ, അഥവാ അതിൻെറ മുഖാന്തരമായി,ശരീര ദണ്ഡനവും ഇവരുടെ ആദർശങ്ങളിൽ ഒന്നായിരുന്നുവെന്നു ധരിച്ചെങ്കിൽ മാത്രമേ, ഇവരുടെ ചില സാഹസപ്രവൃത്തികൾ നമുക്കു മനസ്സിലാകയുള്ളൂ. ദീക്ഷ വളർത്തിവന്നവർ, കലക്കവെള്ളം കുടിച്ചുകൊണ്ടു് ഉപവസിച്ചവർ, ഈച്ചയ്ക്കും കൊതുകിനും തങ്ങളുടെ ശരീരത്തെ ഏല്പിച്ചുകൊടുത്തവർ, പൊട്ടക്കിണറുകളിലും കുളങ്ങളിലും താമസിച്ചവർ, ഇരുമ്പുചങ്ങലകളാൽ ബന്ധിക്കപ്പെട്ടവർ, ഇരുമ്പുചുമടുകൾ വഹിച്ചുകൊണ്ടു നടന്നവർ, ഇരുന്നുമാത്രം ഉറങ്ങിവന്നവർ, കന്നുകാലികളെപ്പോലെ പുല്ലു തിന്നുന്നവർ, കുരങ്ങിനെപ്പോലെ വൃക്ഷശാഖകളിൽ ചാടി നടന്നവർ, ഒരിക്കലും സ്നാനം ചെയ്കയില്ലെന്നു ശപഥം ചെയ്തവർ, എന്നുവേണ്ടാ, ആധുനിക കാലത്തെ പരിഷ്കൃതാശയന്മാൎക്കു് ഊഹിക്കാൻപോലും നിവൃത്തിയില്ലാത്ത വിധത്തിലുള്ള നിരൎത്ഥക പ്രവൃത്തികളാൽ ആത്മരക്ഷ സമ്പാദിക്കാൻ ഉദ്ദേശിച്ച ഇക്കൂട്ടരുടെ ആലോചനാ ശക്തിയെ അഭിനന്ദിക്കുന്നതിനു നിവൃത്തിയില്ലെങ്കിലും മാൎഗ്ഗകാൎയ്യങ്ങളിലുള്ള അവരുടെ താല്പൎയ്യവും ആത്മരക്ഷയെക്കുറിച്ചുള്ള അഭിവാഞ്ഛയും ആരെയും അത്ഭുതപ്പെടുത്തുമെന്നുള്ളതിനു സംശയമില്ല.*

ഇങ്ങനെയുള്ള സന്ന്യാസിമാരുടെ മനഃസ്ഥിതി ഗ്രഹിക്കുന്നതിനു പൌരസ്ത്യസഭകളിൽ ഒരു പരിശുദ്ധനെന്ന പേരിനു് യോഗ്യനായിത്തീൎന്ന 'തൂണുകാരനായ ശീമോൻ' എന്ന ആളിൻെറ ചരിത്രത്തിൽനിന്നു ചില സാ

* Lecky: History of European Morals Vol II. p. 107 *ff*.

ഗതികൾ കേൾക്കുന്നതു സഹായകരമായിരിക്കും. ഇദ്ദേഹത്തിൻെറ ദേഹത്തിനു ചുററും ഒരു കയറു് വരിഞ്ഞുകെട്ടിയിരുന്നതു നിമിത്തം തൊലിപൊട്ടി വ്രണമായി ദേഹമാസകലം പുഴുത്തു് നടക്കുമ്പോഴൊക്കെ പുഴുക്കൾ പൊഴിഞ്ഞു വീണുകൊണ്ടിരുന്നു. എന്നാൽ വി. ശീമോൻ ഈ പുഴുക്കളെ ഒന്നും എടുത്തുകളഞ്ഞിരുന്നില്ലെന്നു മാത്രമല്ല, അവയെ തൻെറ ശരീരത്തിൽ വളർത്തുന്നതു സ്വധർമ്മമെന്നു വിചാരിക്കുകകൂടെ ചെയ്തിരുന്നു. ഒന്നിനു പുറകെ ഒന്നായി ഉയരമുള്ള മൂന്നു തൂണുകൾ ഇദ്ദേഹം പണിയിച്ചു് അവയുടെ മുകളിൽ 37 സംവത്സരക്കാലം കാററിനും മഴയ്ക്കും വെയിലിനും അധീനനായി പ്രാർത്ഥനയിൽ ജീവിതം കഴിച്ചതുമൂലമാണു് 'തൂണുകാരനായശീമോനെ'ന്നു് ഇദ്ദേഹത്തെ സാധാരണയായി പറഞ്ഞു വരുന്നതു്. ലോകത്തിലെ ഒരു വലിയ അത്ഭുതമെന്നാണു അന്ത്യോഖ്യയിലെ സകലമാനപേരും ഇദ്ദേഹത്തെക്കുറിച്ചു സംസാരിച്ചുവന്നതു്. ഈ വിധത്തിലുള്ള ശരീരദണ്ഡനം ക്രിസ്തുവിൻെറ ഉപദേശത്തിനു യോജിച്ചതല്ലെന്നു് ആധുനികകാലത്തെ ക്രിസ്ത്യാനികൾ ഏവരും സമ്മതിക്കുമെന്നുള്ളതിൽ രണ്ടു പക്ഷമില്ല.

## 2. ആശ്രമവാസികൾ

അവരവക്കു ബോധിച്ചവിധത്തിൽ സന്യാസവ്രതം അനുഷ്ഠിച്ചുവന്ന ആളുകളെയെല്ലാം കൂട്ടിച്ചേർത്തു ആശ്രമങ്ങൾ സ്ഥാപിച്ചു അവരുടെ ജീവിതരീതിയെ ക്രമപ്പെടുത്തുന്നതിനും തന്നിമിത്തം ത്യാഗബുദ്ധിയെ കൂടുതൽ ക്രിസ്തുമയമാക്കിത്തീക്കുന്നതിനും ഉദ്യമിച്ചവരിൽ പാക്കോമിയസ്സു്, ബസേലിയോസ്സു്, ബനിഡിക്ടു് എന്നിവരുടെ പേരുകൾ വിശേഷാൽ പ്രസ്താവയോഗ്യമാണു്.

### ഈജിപ്തിൽ വി. പാക്കോമിയസ്സ്

ഒന്നാമത്തെ ക്രിസ്തീയ ആശ്രമം സ്ഥാപിച്ചു സന്യാസികളുടെ ആരാധന, വേഷം, ഭക്ഷണം, ജീവിതസമ്പ്രദായം മുതലായവ ക്രമപ്പെടുത്തിയതു ക്രിസ്താബ്ദം 292-നും 320-നും മദ്ധ്യേ ജീവിച്ചിരുന്ന പാക്കോമിയസ് എന്ന ദേഹമാണു്. സ്ത്രീകളുടെ പരിശീലനത്തിനായും പ്രത്യേക നിബന്ധനകളോടുകൂടെ ഇദ്ദേഹം ഒരു മഠം സ്ഥാപിച്ചു.

## വി. ബസേലിയോസ്

പാക്കോമിയസ് ഈജിപ്തിൽ ചെയ്തതുപോലെ, ഏഷ്യാമൈനറിലെ സന്യാസപ്രസ്ഥാനത്തെ പരിഷ്കരിച്ചു ഒരു സ്ഥാപനമാക്കിത്തീർത്തതു്, കൈസര്യായിലെ ബിഷോപ്പായിരുന്ന മഹാനായ ബസേലിയോസാണു് (എ. ഡി. 329—379). യവനായസഭയിലെ ആശ്രമപ്രസ്ഥാനത്തിൻെറ സ്ഥാപകനായി ബസേലിയോസിനെ ഗണിച്ചുവരുന്നു. ഇദ്ദേഹം (എ. ഡി. 357—58-ൽ) ഈജിപ്ത് സന്ദർശിച്ചു പാക്കോമിയസിൻെറ സ്ഥാപനങ്ങളുടെ പ്രമാണങ്ങൾ കണ്ടു പഠിച്ചു സ്വദേശമായ കപ്പദോകിയയിൽ വന്നു ഐറീസ് നദിയുടെ തീരത്തു ഒരു ആശ്രമം സ്ഥാപിച്ചു. പ്രാർത്ഥന, വേദവായന, കൈകൊണ്ടുള്ള പ്രയത്നം, സാധുജനശുശ്രൂഷ എന്നിവയായിരുന്നു ബസേലിയോസിൻെറ ആശ്രമാദർശങ്ങൾ. നദിയുടെ മറുകരയിൽ ബസേലിയോസിൻെറ സഹോദരി മക്രീനാ സ്ത്രീകൾക്കായി സഹോദരൻെറ പ്രമാണങ്ങൾ അടിസ്ഥാനപ്പെടുത്തി വേറൊരു ആശ്രമം സ്ഥാപിച്ചുനടത്തിവന്നിരുന്നു.

ആശ്രമപ്രസ്ഥാനം പാശ്ചാത്യസഭകളിൽ ആദ്യമായി ഏറ്റെടുത്തിയതു് അലക്സന്ത്രിയായിലെ വി. അത്താനാസ്യോസ് ആണു്. നാലാംശതാബ്ദത്തിൽ ജീവിച്ചിരുന്ന വിശുദ്ധ ജറോം, അംബ്രോസ്, അഗസ്തീനോസ് എന്നീ സഭാപിതാക്കന്മാർ സന്യാസവ്രതം സംബന്ധിച്ച ആശയങ്ങൾ ഇററലി, കാർത്തേജ് എന്നീ പാശ്ചാത്യരാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിനു വളരെ സഹായിച്ചിട്ടുണ്ടു്. ഫ്രാൻസിൽ സന്യാസവ്രതം സ്ഥാപിച്ചതു മാർട്ടിൻ എന്ന ആളാണു് (Martin of Tours). ആദ്യകാലത്തു പൌരസ്ത്യസന്യാസികളെപ്പോലെ പാശ്ചാത്യസന്യാസവ്രതക്കാരെല്ലാവരും തന്നെ സാധാരണജനങ്ങളാ (അത്മായക്കാർ)യിരുന്നു. പക്ഷേ കാലക്രമേണ സന്യാസവ്രതക്കാരെല്ലാം പട്ടമേല്ക്കുന്ന ഏർപ്പാടു രണ്ടു സഭകളിലും നടപ്പിലായി.

## നേഴ്സിയായിലെ ബനിഡിക്റ്

പാശ്ചാത്യദേശങ്ങളിലെ സന്യാസവ്രതക്കാരുടെ ജീവിതനടപടികൾ ക്രമപ്പെടുത്തി, ആശ്രമങ്ങൾ സ്ഥാപിച്ച്, നിയമംമൂലം അവയെല്ലാം ഐക്യരൂപ്യം വരുത്തിയതു നേഴ്സിയായിലെ ബനിഡിക്റ്റ് (എ. ഡി. 480–542) എന്ന ദേഹമാണ്. ക്രിസ്താബ്ദം 480-ൽ വടക്കേ ഇററലിയിലെ ഒരു ഗ്രാമമായ നേഴ്സിയായിൽ ഒരുയന്ന കുടുംബത്തിൽ ജനിച്ച ഇദ്ദേഹം, റോമാനഗരത്തിൽ വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്ന സമയത്തുതന്നെ ലോകത്തിലെ ദുഷ്ടത കണ്ടു വിഷമിച്ച് ഒരു ഗുഹയിൽപോയി ഏകാന്തവാസം ചെയ്യുന്നതിനു ഉദ്യുക്തനായി. ചിലപ്പോൾ മൃഗങ്ങളുടെ തോൽ ധരിച്ചും, ചിലപ്പോൾ നഗ്നനായും മുൾച്ചെടികളുടെ ഇടയിൽ കിടന്നുരുണ്ടും മററോരോ വിധത്തിൽ ദേഹദണ്ഡനം ചെയ്തും, തൻെറ ജഡികപരീക്ഷകളോടു ബനിഡിക്റ്റ് സമരം ചെയ്തുകൊണ്ടിരുന്നു. ഇദ്ദേഹത്തിൻെറ ജീവിതരീതി അനേകരെ ആകർഷിക്കയാൽ 12 സന്യാസിമഠങ്ങൾ ബനിഡിക്റ്റിൻെറ ഗുഹയ്ക്കുചുററും സ്ഥാപിതമായി. റോമാനഗരത്തിനും നേപ്പിൾസ് പട്ടണത്തിനും മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്നതും, പിൽക്കാലത്തു ബനിഡിക്റ്റ് സ്ഥാപിച്ച സന്യാസസമൂഹങ്ങളുടെ കേന്ദ്രസ്ഥാനമായി തീർന്നതുമായ മോണ്ടികാസ്സിനോയിലെ പ്രസിദ്ധമഠം ഇദ്ദേഹം സ്ഥാപിച്ചതു്, എ. ഡി 529-ാമാണ്ടിലാണ്. സന്യാസ സമൂഹങ്ങളെ ക്രമപ്പെടുത്തുന്നതിനുള്ള പ്രമാണങ്ങൾ ആദ്യമായി നടപ്പിലാക്കിയതും ഈ മഠത്തിലാണ്. താൻ സ്ഥാപിച്ച മഠങ്ങളുടെ മേൽനോട്ടം 15 വർഷക്കാലത്തോളം ഭംഗിയായി നടത്തിയശേഷം എ. ഡി. 543-ൽ ഈ സന്യാസിവീരൻ പരലോകപ്രാപ്തനായി. താൻ ദീർഘകാലം പാർത്തിരുന്ന സ്ഥലത്തു തൻെറ ഓർമ്മയ്ക്കായി കൊത്തിച്ചിരിക്കുന്ന ഒരു ശിലയിൽ 'അവൻ ലോകത്തെ കണ്ടു, അതിനെ ത്യജിച്ചു' എന്നീ വാചകം ഇന്നും കാണാനുണ്ട്.

തൻെറ കീഴിലുണ്ടായിരുന്ന സന്യാസമഠങ്ങളുടെ ഭരണം നിയന്ത്രിക്കുന്നതിനു് ബനിഡിക്റ്റ് നിർമ്മിച്ച പ്രമാണ

പ്രകാരമാണ് പാശ്ചാത്യരാജ്യങ്ങളിലുള്ള മിക്ക മഠങ്ങളും നാലഞ്ച് ശതാബ്ദങ്ങളോളം ക്രമപ്പെട്ടുത്തപ്പെട്ടുപോന്നത്. ഈ പ്രമാണപ്രകാരം, സ്ഥിരത, അനുസരണം, ജീവിതവിശുദ്ധി എന്നീ സംഗതികളെക്കുറിച്ച് മഠത്തിൻെറ സ്ഥിരാംഗങ്ങളായി ചേരുന്ന ഓരോ സന്യാസിയും ഒരു പ്രതിജ്ഞ ചെയ്യേണ്ടിയിരുന്നു. സന്യാസിമാരുടെ ജീവിതരീതി മഠത്തിൻെറ ഭരണസമ്പ്രദായം ഇവയെക്കുറിച്ചു പ്രസ്തുത പ്രമാണത്തിൽ പല നിബന്ധനകൾ കൊടുത്തിട്ടുണ്ട്. പല സന്ദർഭങ്ങളിലായി ദൈവാരാധനയിൽ കുറഞ്ഞപക്ഷം നാലു മണിക്കൂറും, ദേഹപ്രയത്നത്തിനായി ആറു മണിക്കൂറും, വായനക്കായി രണ്ടു മണിക്കൂറും, നിദ്രക്കും വിശ്രമത്തിനുമായി എട്ടു മണിക്കൂറും, ദിവസംപ്രതി സന്യാസിമാരേവരും ചെലവിടണമെന്ന് ഈ പ്രമാണത്തിൽ നിഷ്കർഷിച്ചിരിക്കുന്നു. ക്രിസ്താബ്ദം 800-നകമായി ബനിഡിക്ടിൻെറ പ്രമാണം പാശ്ചാത്യ സന്യാസിമഠങ്ങളെല്ലാം അംഗീകരിച്ചതോടുകൂടെ വേഷത്തിലും ഭാവത്തിലും ആദർശത്തിലും പാശ്ചാത്യ സന്യാസിമാർ സാധാരണ ജനങ്ങളിൽനിന്ന് വ്യത്യാസപ്പെട്ട് ഒരു പ്രത്യേക(ക്ലാസ്സ്) സമുദായവിഭാഗമായിത്തീർന്നു.*

ബനിഡിക്ടിൻെറ പരിഷ്കാരം സന്യാസാശ്രമങ്ങളെക്കൊണ്ട് ക്രിസ്തീയസഭക്കും പാശ്ചാത്യസഭക്കും യൂറോപ്പുരാജ്യത്തിനും നാനാമുഖങ്ങളായ നന്മകൾ ലഭിച്ചിട്ടുണ്ട്. ഉൽകൃഷ്ടകുടുംബത്തിൽ ജനിക്കുന്നതിന് ഭാഗ്യമുണ്ടായിട്ടുള്ളവരാരും പഴയകാലത്ത് കൈകൊണ്ടു യാതൊരു പണിയും ചെയ്തുവന്നിരുന്നില്ല. ദേഹപ്രയത്നം നികൃഷ്ടമെന്നായിരുന്നു അവരുടെ മതം. ഏകദേശം ഇൻഡ്യയിലെപ്പോലെ തന്നെ താണ ജാതികളെന്നും ഉയന്ന ജാതികളെന്നുമുള്ള ഒരു വ്യത്യാസവും ജനസമുദായത്തിൽ കണ്ടുവന്നിരുന്നു. ഇങ്ങനെയുള്ള ദോഷങ്ങൾ പരിഹരിച്ച് സമത്വം സാഹോദരത്ത്വം, പരസേവനം എന്നീ ക്രൈസ്തവതത്വങ്ങൾ ലോകത്തിൽ സ്ഥാപിക്കുന്നതിന് ആശ്രമസ്ഥാപനങ്ങൾ വളരെ സഹായിച്ചിട്ടുണ്ട്. കൃഷി, കൈത്തൊഴിൽ, ആദി

* Select Historical Documents of the Middle Ages. Henderson; The Rule of St. Benedict. pp. 273—314,

യായവയുടെ അഭിവൃദ്ധിയിലും വിദ്യാഭ്യാസപ്രചരണത്തിലും സന്യാസിമാരുടെ പ്രയത്നങ്ങൾ എത്രകണ്ടു് സഹായിച്ചിട്ടുണ്ടെന്നു് ലോകചരിത്രം വായിച്ചാൽ അറിയാവുന്നതാണു്. ഇങ്ങനെ പലവിധത്തിലുള്ള നന്മകൾ ബനിഡിക്ടും മററുള്ളവരും സ്ഥാപിച്ച ആശ്രമങ്ങൾകൊണ്ടു് യൂറോപ്പുരാജ്യം അനുഭവിക്കുന്നതിനിടയായെങ്കിലും, ആത്മികതീക്ഷ്ണതയും സാന്മാർഗ്ഗിക ബോധവും വിളങ്ങി ശോഭിച്ചിരുന്ന അനേക ഭക്തന്മാരെ ലോകവ്യവഹാരത്തിൽനിന്നു് മാററിതാമസിപ്പിച്ചതുമൂലം, കുടുബജീവിതത്തിനും സമുദായ വളർച്ചയ്ക്കും ഉണ്ടായ നഷ്ടം അല്പമല്ലായിരുന്നുവെന്നും സമ്മതിച്ചേ തീരു.

ബനിഡിക്ടിൻെറ കാലാനന്തരം പല വിധത്തിലുള്ള അഴിമതികൾ ആശ്രമങ്ങളിൽ കടന്നു കൂടി. സന്യാസിമാർക്കു് സ്വന്തമായി യാതൊന്നുംതന്നെ ഇല്ലായിരുന്നുവെങ്കിലും അവരുടെ പ്രയത്നത്തിൻെറ ഫലമായി പല ആശ്രമങ്ങളിലും സമ്പത്തു വർദ്ധിച്ചുവന്നു. ധ്യാനവും ദൈവാരാധനയും ഒരു ബാഹ്യാനുഷ്ഠാനമായിത്തീർന്നു, സന്യാസിമാർ സുഖാനുഭവങ്ങളിൽ ഉൽസുകരായി ഭവിച്ചു. അധികാർഭ്രമം ആശ്രമാധിപന്മാരെ ബാധിച്ചു. ചുരുക്കിപ്പറഞ്ഞാൽ, ജ്വലിച്ചു കത്തിക്കൊണ്ടിരുന്ന ആശ്രമദീപങ്ങൾ മങ്ങിക്കത്തുന്ന തിരികളായി ചമഞ്ഞു.

## പരിഷ്ക്കാരോദ്യമങ്ങൾ

ആശ്രമാദർശങ്ങൾ പരിഷ്കരിച്ചു പുതിയ മഠങ്ങൾ സ്ഥാപിക്കുന്നതിനും പഴയ ആശ്രമങ്ങൾ പുനർജ്ജീവിപ്പിക്കുന്നതിനും ഇക്കാലത്തു് ഉത്സാഹിച്ചവരിൽ, ആനിയാനിലെ ആശ്രമാധിപനായ ബനിഡിക്ടു് (എ. ഡി. 750—821), ക്ളൂനി (Clugny) മഠത്തിൻെറ സ്ഥാപകനായ അകപിറെറനിലെ പ്രഭുവായ വില്യം (എ. ഡി. 910), കാർത്തൂഷ്യൻ ഓർഡർ എന്നു പറഞ്ഞുവരുന്ന സന്യാസസമൂഹത്തിൻെറ സ്ഥാപകനായ ബ്രൂണൊ (എ. ഡി.

1054—1101) സിസ്റ്റേഷ്യൻ * സമൂഹത്തിൻെറ ആരംഭ കർത്താക്കളിലൊരാളായ സ്റ്റീഫൻ ഹാർഡിങ്ങ് എന്നിവരുടെ പേരുകൾ വിശേഷാൽ സ്മരണീയമാണ്. ബനിഡിക്ടിൻെറ പ്രമാണത്തിൽ അന്തർഭവിച്ചിരുന്ന ആദർശങ്ങൾ പുനർജീവിപ്പിക്കുന്നതിനാണ് ഇവരോരോരുത്തരും ശ്രമിച്ചിട്ടുള്ളതു്. കാർത്തൂഷ്യൻ സമൂഹക്കാർ മൌനത്തിനും ധ്യാനത്തിനും തങ്ങളുടെ ജീവിതത്തിൽ ഒരു പ്രധാന സ്ഥാനം കല്പിച്ചിരുന്നതിനാൽ ഇവരെ ചിലപ്പോൾ മൌനസന്യാസികളെന്നു് വിളിക്കാറുണ്ട്. ആരാധന, ഭക്ഷണം, വേഷം എന്നിവയെല്ലാം കേവലം ലളിതമായ രീതിയിൽ മാത്രമായിരിക്കണമെന്നും കൈകൊണ്ടു് വേല ചെയ്തു് ഉപജീവിക്കണമെന്നും സിസ്റ്റേർഷ്യൻ സമൂഹക്കാർക്കു് നിർബന്ധമുണ്ടായിരുന്നു. വെള്ളക്കുപ്പായം ധരിച്ചിരുന്ന ഇവരെ വെള്ളസന്യാസിമാർ എന്നു വിളിക്കാറുണ്ട്. ഇംഗ്ലീഷിൽ ഭക്തിരസപ്രധാനമായ പല പാട്ടുകളുടെ കർത്താവായ ക്ലേർവോയിലെ ബർനാഡ് എന്ന ഭക്തനെ, സിസ്റ്റേർഷ്യൻസമൂഹത്തിൽപെട്ട സന്യാസിമാരിൽവച്ചു് പ്രഥമഗണനീയനായി വിചാരിക്കാവുന്നതാണ് (എ. ഡി. 1090—1153).

### 3. 'സാധു'ക്കളുടെ കാലം

എ. ഡി. 13-ാംശതാബ്ദത്തോടുകൂടെ സന്യാസധർമ്മത്തിൻെറ സ്വഭാവം ആകപ്പാടെ ഒന്നു മാറി. ദയറായിൽ താമസിച്ചു് മൌനവ്രതം അനുഷ്ഠിച്ചു് ജീവിതം കഴിച്ചുവന്ന സന്യാസിമാർ, പട്ടണങ്ങളിലും ഗ്രാമങ്ങളിലും തെരുവീഥികളിലും ചന്തസ്ഥലങ്ങളിലും കൂട്ടം കൂട്ടമായി നടന്നു് സുവിശേഷം പ്രസംഗിക്കുന്ന ഒരു കാഴ്ച ലോകം കണ്ടുതുടങ്ങി. ലോകത്തെ വിട്ടോടിയ സന്യാസിവൃന്ദത്തെ ലോകത്തിലേക്കു തിരികെകൊണ്ടുവന്നു തങ്ങളുടെ ജീവിതപ്രകാശംകൊണ്ടും സാമൂഹ്യ ശുശ്രൂഷകൊണ്ടും അതിനെ ഉ

---

* Lachartreuse എന്നും Cistertium എന്നും പേരുള്ള ഫ്രാൻസിലെ രണ്ടു സ്ഥലങ്ങളിൽ സ്ഥാപിതമായ മഠങ്ങളിൽനിന്നാണ് ഈ പേരുകൾ പ്രസ്തുത സമൂഹങ്ങൾക്കു ലഭിച്ചതു്.

ധരിക്കുന്നതിനു് പ്രേരിപ്പിച്ചതെന്തായിരിക്കാം? അഥവാ, സ്വന്തം ആത്മരക്ഷയ്ക്കായി നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്ന ഇഹറീദായക്കാരും ദയറായക്കാരും ആയ സന്യാസികൾ മററുള്ളവരുടെ ആത്മരക്ഷയ്ക്കുവേണ്ടി കത്തിയെരിയുന്ന തീക്ഷ്ണതയോടും വൈരാഗ്യത്തോടുംകൂടെ സുവിശേഷം പ്രസംഗിച്ചു നടന്ന 'സാധു'ക്കളായി (സഞ്ചാരപ്രസംഗകന്മാരായി) തീൎന്നതെങ്ങനെ?

ചരിത്ര ദൃഷ്ട്യാ നോക്കുന്നപക്ഷം 12-ാം ശതാബ്ദത്തിൽ യൂറോപ്പിൽ ജീവിച്ചിരുന്ന ഡോമിനിക്കു്, ഫ്രാൻസിസ്സ് എന്നീ രണ്ടു സന്യാസിശ്രേഷ്ഠന്മാരുടെ പ്രയത്നത്തിൻെറ ഫലമായിട്ടാണു് ആശ്രമസ്ഥന്മാൎക്കു പൊതുവെ ഈ വിധത്തിലുള്ള ഒരു പുതിയ ദൎശനം ലഭിച്ചതു്. ആശ്രമപ്രസ്ഥാനം പരിഷ്കരിച്ചു് പുതിയ ക്രൈസ്തവാദൎശങ്ങളോടെ ഇവർ സ്ഥാപിച്ചിട്ടുള്ള സന്യാസസമൂഹങ്ങൾ ഇന്നു് ലോകപ്രസിദ്ധമായിത്തീൎന്നിട്ടുണ്ടു്. ഇവരുടെ സ്ഥാപനകളെക്കുറിച്ചു് പ്രതിപാദിക്കുന്നതിനു മുമ്പായി, അവയ്ക്കു് അടിസ്ഥാനമായിത്തീൎന്നിരുന്ന ഇവരുടെ ജീവിതാനുഭവങ്ങൾ എന്തെല്ലാമായിരുന്നുവെന്നു് അന്വേഷിക്കാം.

## വി. ഡോമിനിക്കു്

ഡോമിനിക്കു് 1170-ൽ സ്പെയിനിൽ കാലറോഗ എന്ന സ്ഥലത്തു ജനിച്ചു. ചെറുപ്പത്തിൽതന്നെ ഇദ്ദേഹം മഹാബുദ്ധിമാനും ഭക്തനുമായിരുന്നു. ഈ കാലത്തു് കാതാറി (Cathari) എന്ന ഒരുകൂട്ടം ഇടത്തൂട്ടുകാരായ മതവൈരാഗികൾ നിമിത്തം സഭയ്ക്കു വളരെ ഉടവു തട്ടിയിരുന്നു. കാതാറി ഉപദേശകന്മാരുടെ തീക്ഷ്ണതയും ആത്മപരിത്യാഗവും, കണ്ടു് അനേകർ സഭ വിട്ടു് അവരുടെ പിന്നാലെ പൊയ്ക്കൊണ്ടിരുന്നു. എ. ഡി. 1203-ൽ ഡോമിനിക്കു് ഇവരുമായി ഇടപെട്ടതിൻെറ ഫലമായി അവരെപ്പോലെ തന്നെ തീക്ഷ്ണതയും ആത്മപരിത്യാഗവും, എന്നാൽ അതോടുകൂടെ അവരെക്കാൾ കൂടുതൽ ജീവിതവിശുദ്ധിയും, വിദ്യാഭ്യാസവും ഉള്ള ഒരുകൂട്ടം ആളുകളെ സഭയുടെ രക്ഷയ്ക്കായി പരിശീലിപ്പിച്ചു് അയയ്ക്കണമെന്നുള്ള ഒരു ദൃഢ

നിശ്ചയം തന്റെ മനസ്സിലുദിച്ചു. പൌലൊസ് അപ്പൊസ്തലനെയാണു് ഡോമിനിക്കു് തന്റെ ആദശ്പുരുഷനായി സ്വീകരിച്ചതു്. പ്രസംഗംമൂലം മനുഷ്യരെ സത്യവിശ്വാസത്തിലേക്കു് തിരിക്കണമെന്നായിരുന്നു ഡോമിനിക്കിന്റെ ഉദ്ദേശ്യം. എ. ഡി. 1215-ൽ ട്രൂലൂസു് എന്ന സ്ഥലത്തു് ഇദ്ദേഹം ഒരു ദയറാ സ്ഥാപിച്ചു് തന്റെ ആശയങ്ങൾ പ്രയോഗത്തിൽ വരുത്തിത്തുടങ്ങി. ആദ്യം ഈ പുതിയ സന്യാസസമൂഹത്തോടു അന്നത്തെ പാപ്പാ അനുഭാവം പ്രദശിപ്പിച്ചിരുന്നില്ലെങ്കിലും എ. ഡി. 1216-ൽ ഹൊണോറിയസ് മൂന്നാമൻ പാപ്പായിൽനിന്നു ഡോമിനിക്കിന്റെ സമൂഹത്തിനു ഔദ്യോഗികമായ അംഗീകാരം സിദ്ധിച്ചു. ഡോമിനിക്കു് നാനാഭാഗങ്ങളിലേക്കും സഞ്ചാരപ്രസംഗകന്മാരായി തന്റെ സന്യാസിമാരെ അയച്ചുതുടങ്ങി. പാരീസു്, റോം, ബൊളോണ ആദിയായ പ്രധാന പട്ടണങ്ങളിൽ ഡോമിനിക്കു്സന്യാസികൾ വേല ചെയ്തതിന്റെ ഫലമായി പരിഷ്കൃതാശയന്മാരായ അനേകയൌവ്വനക്കാർ ഈ സമൂഹത്തിൽ ചേരുന്നതിനിടയായി. ഇവരുടെ പരിശ്രമത്തിന്റെ ഫലമായിട്ടാണു് കാതാറികൾ കാലക്രമേണ നാമാവശേഷമായതെന്നുള്ളതും വ്യക്തമാണു്. ഡോമിനിക്കിന്റെ ജീവിതകാലത്തുതന്നെ ഫ്രാൻസു്, ജമ്മനി, സ്പെയിൻ, ഇററലി, ഇംഗ്ലണ്ടു് എന്നീ സ്ഥലങ്ങളിലെല്ലാംകൂടെ 60 ദയറാകൾ സ്ഥാപിച്ചിരുന്നു. പ്രസംഗം, ഉപദേശം, പഠനം എന്നീ സംഗതികളിൽ ഡോമിനിക്കു് പ്രത്യേകം ശ്രദ്ധ പതിച്ചിരുന്നതിനാൽ അനേകവിദ്വാന്മാർ ഡോമിനിക്കിന്റെ സമൂഹാംഗങ്ങളായി ചേരുന്നതിനിടയായി. വൈദികശ്രേഷ്ഠനായ തോമസു് അക്വിനാസു്, ആൽബേട്ട്സു്മാഗ്നസു്, ജമ്മനിയിലെ ഭക്തന്മാരായ എക്കാട്ടു്, ട്ടൌളർ, ഫ്ളോറൻസിലെ ഒരു പ്രസിദ്ധ പ്രസംഗകനും ഭക്തനുമായ സാവനറോള എന്നീ മഹാന്മാരെല്ലാം ഡോമിനിക്കിന്റെ ആത്മിക ശിഷ്യഗണത്തിൽപെട്ടവരാണു്. ഡോമിനിക്കു് എ. ഡി. 1221-ൽ മരിച്ചു. "നിങ്ങൾക്കു് സ്നേഹമുണ്ടായിരിക്കണം, നിങ്ങളുടെ

താഴ്മ പാലിച്ചുകൊണ്ടു മററുള്ളവരുടെ ദാനങ്ങളാൽ ഉപജീവനം കഴിക്കണം'' എന്നുള്ളതായിരുന്നു സന്യാസിമാരോടുള്ള ഡോമിനിക്കിൻെറ അന്ത്യഗുണദോഷം.

## vi. ഫ്രാൻസിസ്

ഡോമിനിക്കിൻെറ സമകാലീനനും വേറൊരു സുപ്രസിദ്ധ സന്യാസസമൂഹത്തിൻെറ സ്ഥാപകനും ആയ അസ്സീസ്സിയിലെ ഫ്രാൻസിസിനെ ഇന്നുക്രിസ്തുസഭ ഒരു പരമഭക്തനായും, ലോകചരിത്രം ഒരു മഹാനായും ഗണിച്ചുവരുന്നു. ഇദ്ദേഹം എ. ഡി. 1182-ൽ ഇററലിയിൽ അസ്സീസ്സി എന്ന ഗ്രാമത്തിൽ ഒരു ജവുളിവ്യാപാരിയുടെ മകനായി ജനിച്ചു. ഇദ്ദേഹത്തിൻെറ ജ്ഞാനസ്നാനപേരു് ഗിയോവന്നി എന്നായിരുന്നുവെങ്കിലും, ഫ്രാൻസുമായുള്ള തൻെറ കച്ചവടസംബന്ധത്തെ അനുസ്മരിപ്പിക്കുന്നതിനായി തൻെറ പിതാവു നല്കിയ ഫ്രാൻസിസ് എന്ന പേരിലാണു് ഇദ്ദേഹം സാധാരണ അറിയപ്പെട്ടുവരുന്നതു്. ഫ്രാൻസിസിനു് വിദ്യാഭ്യാസത്തിൽ വലിയ അഭിരുചി ഇല്ലായിരുന്നു. അക്കാലത്തെ സാധാരണ ചെറുപ്പക്കാരെപ്പോലെ ലോകോല്ലാസങ്ങളിൽ സമയം കഴിക്കുന്നതിനായിരുന്നു തനിക്കു കൂടുതൽ താല്പര്യം. ചെറുപ്പത്തിൽ ഒരു യുദ്ധത്തിൽ ചേൎന്നു് ഒരു വൎഷക്കാലത്തോളം തടവുകാരനായി പാൎക്കേണ്ടിവന്നു. യൌവ്വനത്തിൻെറ ഉന്മേഷവും പ്രസരിപ്പും തൻേറടവും ഫ്രാൻസിസിൽ ധാരാളമുണ്ടായിരുന്നെങ്കിലും വി. അഗസ്റ്റീനെപ്പോലെ ചെറുപ്പകാലത്തു ഫ്രാൻസിസ് ഒരു ദുൎമ്മാൎഗ്ഗിയായി ജീവിച്ചു എന്നു പറഞ്ഞുകൂടാ. അനുകമ്പാശീലം ചെറുപ്പത്തിൽതന്നെ ഫ്രാൻസിസിൽ ശോഭിച്ചിരുന്നു. കുഷ്ഠരോഗികളെ കാണുന്നതു അയാൾക്കു സഹിക്കാൻ പാടില്ലാത്ത ഒരു കാഴ്ചയായിരുന്നു. ഭയങ്കരമായ ഒരു രോഗത്തിൽ അകപ്പെട്ട സമയത്താണു് ഫ്രാൻസിസിൻെറ മാനസാന്തരം ആരംഭിച്ചതു്. തൻെറ സ്വദേശത്തു് ഇടിഞ്ഞുപൊളിഞ്ഞുകിടന്ന ഒരു പള്ളി പുതുക്കുന്നതിനു ദൈവം തന്നോടു കല്പിച്ചതായി അപ്പോൾ തോന്നുകയാൽ തൻെറ പിതാവിൻെറ പണംകൊണ്ടു് ആ കൃത്യം നിറവേററുന്ന

തിനായി ശ്രമിച്ചു. കച്ചവടക്കാരനായ പിതാവിനു് ഇതത്ര രുചിച്ചില്ലെന്നു വിശേഷിച്ചു പറയേണ്ടല്ലൊ. ബിഷോപ്പിൻെറ അടുക്കൽ പിതാവു് സങ്കടം ബോധിപ്പിക്കയും, അതിൻെറ ഫലമായി ഫ്രാൻസിസ്തന്നെ തൻെറ ഗ്രാമവാസികളുടെ സാന്നിദ്ധ്യത്തിൽ പിതാവിൻെറ സമ്പത്തു സകലവും എന്നന്നേക്കുമായി ഉപേക്ഷിക്കയും ചെയ്തു. താൻ ധരിച്ചിരുന്ന വസ്ത്രംപോലും മാററിവച്ചിട്ടു, 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,' എന്നു മാത്രമേ മേലാൽ വിളിക്കുന്നതിനു താൻ ആഗ്രഹിക്കുന്നുള്ളു എന്നു പറഞ്ഞു് തൻെറ പിതാവും കുടുംബവുമായുള്ള സംബന്ധം സ്വമനസ്സാലെ ഉപേക്ഷിച്ചു. ഈ സംഭവം നടന്നതു് എ. ഡി. 1206-ലൊ 1207-ലൊ ആണു്.

അടുത്ത രണ്ടു വർഷക്കാലത്തേക്കു് അസ്സീസ്സിഗ്രാമത്തിൽ ചുററിനടന്നു സാധുക്കളെ ശുശ്രൂഷിക്കയും പള്ളികൾ നന്നാക്കുകയുമായിരുന്നു ഫ്രാൻസിസിൻെറ ജോലി. കർത്താവു പന്ത്രണ്ടു് അപ്പൊസ്തലന്മാരെ സുവിശേഷഘോഷണത്തിനായി അയച്ച സമയത്തു് അവരോടു് ആജ്ഞാപിച്ച വാക്കുകൾ (വി. മത്താ. 10: 7-14 നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ. രോഗികളെ സൌഖ്യമാക്കുവിൻ...........)തന്നോടുള്ള ഒരാജ്ഞയായി എ. ഡി. 1209-ൽ ഒരു ഞായറാഴ്ച ആരാധനയിൽവച്ചു് ഫ്രാൻസിസിനു ബോധപ്പെട്ടു. അപ്പൊസ്തലന്മാരെപ്പോലെ സുവിശേഷം പ്രസംഗിക്കുന്നതിനും, രോഗികളെ സൌഖ്യമാക്കുന്നതിനും കർത്താവു തന്നെ വിളിച്ചിരിക്കുന്നു എന്ന ബോധം ക്രമേണ ശക്തിപ്പെട്ടുവന്നു. എല്ലാ സംഗതികളിലും കർത്താവിനെ അനുകരിക്കേണമെന്നുള്ളതായിരുന്നു തൻെറ ഏക വാഞ്ഛ. അതുകൊണ്ടത്രെ വസ്തുവകകളും കുടുംബജീവിതവും ഉപേക്ഷിച്ചു, ദാരിദ്ര്യം അനുഭവിച്ചു സുവിശേഷം പ്രസംഗിക്കുന്നതിനും സാധുക്കളെ സംരക്ഷിക്കുന്നതിനും തൻെറ ജീവിതം മുഴുവനും വിനിയോഗിച്ചതു്. ഫ്രാൻസിസിൻെറ ജീവിതസൌരഭ്യംമൂലം അനേകർ ശിഷ്യന്മാരായി തൻെറ അടുക്കൽ വന്നുചേർന്നു. അവരെയെല്ലാം ചേർത്തു കഠിനമായ ചില നിബന്ധനകളോടുകൂടെ ഒരു സന്യാസസമൂഹം ഇദ്ദേഹം രൂപവ

ല്ലൂരിച്ചു. ഇന്നസെൻറ മൂന്നാമൻ പാപ്പാ സസന്തോഷം പ്രസ്തുത സമൂഹത്തെ അംഗീകരിച്ചനുഗ്രഹിച്ചു. ഫ്രാൻസിസിൻെറ ശിഷ്യന്മാൎക്ക് ആദ്യകാലത്തു 'അസ്സീസ്സിയിലെ അനുതാപികൾ' എന്നും, പിന്നീട്ട 'താണസഹോദരന്മാർ (Brothers Minor) എന്നും പേരുകൾ നല്കിയിരുന്നു. സമൂഹത്തിൻെറ സംഖ്യയും ശക്തിയും വർദ്ധിപ്പിക്കുന്നതിനു ശ്രമിക്കുന്നതിനെക്കാൾ അന്യദേശങ്ങളിൽ പോയി ജാതികളോടു സുവിശേഷം പ്രസംഗിക്കുന്നതാണ് തൻെറ പ്രധാന കൃത്യമെന്നു ഫ്രാൻസിസ് ഗണിച്ചിരുന്നതിനാൽ എ. ഡി. 1219-ൽ കുരിശുയുദ്ധത്തിൽ ചേൎന്ന് ഈജിപ്തിലെ സുൽത്താനോട്ട് ഇദ്ദേഹം സുവിശേഷം പ്രസംഗിച്ചു. സ്പെയിനിലെ മഹമ്മദീയരോടു പ്രസംഗിക്കുന്നതിന് ആഗ്രഹിച്ചെങ്കിലും സുഖക്കേടുനിമിത്തം സാധിക്കാതെവന്നു.

എരിവേറിയ ഒരു സുവിശേഷകനും, കനിവുനിറഞ്ഞ ഒരു നല്ല ശമറിയാക്കാരനുമായ ഇദ്ദേഹം സന്യാസിമാരിൽ സാധാരണ കാണ്മാനില്ലാത്ത അനേക ഗുണങ്ങളുടെ വിളനിലമായിരുന്നു. പ്രകൃതിയെ സ്നേഹിച്ചു സൂൎയ്യനെ സഹോദരനെന്നും, ചന്ദ്രനെയും പക്ഷികളെയും പുഷ്പങ്ങളെയും സഹോദരിമാരെന്നും മററാരു വിളിച്ചു കേട്ടിട്ടുണ്ടു? 'എൻെറ കൊച്ചു പെങ്ങന്മാരേ' എന്നു വിളിച്ചുകൊണ്ടു ഒരിക്കൽ പക്ഷികളോട്ട് ഫ്രാൻസിസ് ഒരു പ്രസംഗം ചെയ്തു. ഫ്രാൻസിസിൻെറ ജീവിതത്തിൽ സന്തോഷം സദാ തുളുമ്പിക്കൊണ്ടിരുന്നു. ഇദ്ദേഹം ഭംഗിയേറിയ അനേക ഗാനങ്ങൾ ചമച്ചിട്ടുണ്ടു്. പ്രാൎത്ഥനയും പാട്ടുമായിരുന്നു ഫ്രാൻസിസിൻെറ ഭക്ഷണം. ഇങ്ങനെ പല വിധത്തിൽ തൻെറ കാലത്തെ അതിശയിക്കുന്ന ഗുണങ്ങൾ ഈ ത്യാഗിവൎയ്യനിലുണ്ടായിരുന്നെങ്കിലും, വിദ്യാഭ്യാസത്തോടുള്ള വിരക്തി എന്ന ഒരു ബലഹീനവശംകൂടെ തൻെറ സ്വഭാവത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു.

കൎത്താവിനെ സകലത്തിലും അനുകരിക്കുന്നതിനുള്ള താല്പൎയ്യംനിമിത്തം 40 ദിവസം കൎത്താവിനെപ്പോലെ ഇദ്ദേഹം ഉപവാസത്തിലും പ്രാൎത്ഥനയിലും കഴിച്ചു. ഈ ഉപവാസത്തിൻെറ ഫലമായി കൎത്താവിൻെറ ആണിപ്പാടു

കൾ തൻെറ ദേഹത്തിൽ പ്രത്യക്ഷമായി എന്നു പറഞ്ഞിരിക്കുന്നു. തൻെറ കത്താവിനുവേണ്ടി ചെയ്ത കഠിനപ്രയത്നത്തിൻെറയും, ഉപവാസത്തിൻെറയും ഫലമായി ശരീരം ശോഷിച്ച 1227-ൽ 45-ാമത്തെ വയസ്സിൽ ഫ്രാൻസിസ് ഈലോകം വിട്ടുപിരിഞ്ഞു കത്താവിനോടു ചേന്നു. 'സഹോദരിയായ മരണമേ! നിനക്കു സ്വാഗതം' എന്നു പറഞ്ഞു പാടിക്കൊണ്ടാണു ഫ്രാൻസിസിൻെറ ആത്മാവു ഭൌമികമായ അതിൻെറ കൂടാരം വിട്ടതു്. 10 വഷം കഴിഞ്ഞു ഗ്രഗറിപാപ്പാ (Gregory IV) റോമാസഭയിലെ പരിശുദ്ധന്മാരുടെ കൂട്ടത്തിൽ ഫ്രാൻസിസിൻെറ പേരു ചേത്തു ഈ ഭക്തനെ ഭാവിതലമുറയുടെ ആരാധനാപാത്രമാക്കിത്തീത്തു.

## 'സാധു' സമൂഹാദർശങ്ങൾ *

ഫ്രാൻസിസ് സ്ഥാപിച്ചതും, ഇപ്പോൾ ലോകമെങ്ങും വ്യാപിച്ചിരിക്കുന്നതുമായ സമൂഹത്തിൻെറ ആദശ്ങ്ങളും നിബന്ധനകളും ചുരുക്കമായി പയ്യാലോചിച്ചശേഷം ഈ ഭാഗം അവസാനിപ്പിക്കാം. ഫ്രാൻസിസും ഡോമിനിക്കും റോമാനഗരത്തിൽവച്ചു കണ്ടുമുട്ടിയ സമയത്തു അന്യോന്യം ആലിംഗനം ചെയ്തതായി ഒരു കഥയുണ്ടു്. ഇതു വാസ്തവമാണെങ്കിലും അല്ലെങ്കിലും ഇരുവരുടേയും ആദശ്ങ്ങൾക്കു തമ്മിൽ വളരെ യോജിപ്പുണ്ടായിരുന്നുവെന്നുള്ളതിനു തക്കമില്ല. അതിനാൽ താഴെപ്പറയുന്ന സംഗതികൾ രണ്ടുകൂട്ടരുടെയും പ്രമാണങ്ങളായി സ്വീകരിക്കാവുന്നതാണു്. ഇവരുടെ ആദശ്ങ്ങൾ പ്രധാനമായി മൂന്നാണു്:-

**1. ഭിക്ഷാടനം.** ദയറാകളിലെല്ലാം മുതൽ വദ്ധിച്ചുവന്നതുകണ്ടു്, തങ്ങളുടെ ശിഷ്യന്മാരായ സന്യാസിമാരേവരും ഭിക്ഷാടനം ചെയ്തു നിത്യവൃത്തി കഴിയേണ്ടതാണെന്നു ഡോമിനിക്കും ഫ്രാൻസിസും ഉപദേശിച്ചു. ബൃ

---

* See the rule of St. Francis (1223 A. D.) in Henderson's Select Historical Documents of the Middle Ages. p. 344 ff.

ദ്ധമുനിയുടെ ശിഷ്യന്മാരെന്നപോലെ, വീട്ടതോറും ഭിക്ഷ പ്പാത്രവും കൊണ്ടുനടന്നു്, ഉപജീവനം കഴിച്ചുവന്നിരു ന്നതിനാൽ, ഈ സമൂഹത്തെ ഭിക്ഷുസന്യാസികൾ (Mendicant friars) എന്നു വിളിക്കാറുണ്ടു്. 'മടിശ്ശീലയിൽ പൊന്നും വെള്ളിയും ചെമ്പും.........കരുതരുതു്' എന്നു ള്ള കർത്താവിൻെറ ഉപദേശമാണ് ഈ ആദർശത്തിൻെറ അടിസ്ഥാനമായി ഇവർ സ്വീകരിച്ചതു്.

**2. സുവിശേഷഘോഷണം.** സുവിശേഷംപ്ര സംഗിക്കയെന്നുള്ളതു് സർവ്വപ്രധാനമായ ഒരു കാര്യമായി ഡോമിനിക്കും ഫ്രാൻസിസും ഗണിച്ചിരുന്നുവെന്നു നാം കണ്ടുവല്ലോ. ക്രിസ്ത്യാനികളെയും ക്രിസ്തേതരരെയും ഒന്നു പോലെ ദൈവത്തിനുവേണ്ടി നേട്ടുന്നതിനുള്ള ഓരോ സു വിശേഷസംഘങ്ങളായിരുന്നു പ്രസ്തുത സമൂഹങ്ങൾ. ദയ റാവാസക്കാരെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ ആദർശമായിരുന്നുവെന്നു് ഓർക്കേണ്ടതാണു്. അവരവരുടെ രക്ഷയ്ക്കുവേണ്ടി പ്രയത്നിക്കുന്നതിനല്ല, പിന്നെയോ നഷ്ട പ്പെട്ടുപോകുന്ന ആത്മാക്കളെ വീണ്ടെടുക്കുന്നതിനായുള്ള ഒരു അഭ്യസനശാലയായി ദയറാ ആക്കിത്തീർത്തതു് ഈ രണ്ടു മഹാന്മാരാണു്. വേഷത്തിൽ രണ്ടു സമൂഹക്കാരും പഴയ ദയറാവാസക്കാരെപ്പോലെയിരുന്നുവെങ്കിലും, രണ്ടു കൂട്ടരുടേയും ആത്മാവു് തുലോം വ്യത്യസ്തമായിരുന്നു. ഡോ മിനിക്കൻസമൂഹത്തിലും ഫ്റാൻസിസ്കൻ സമൂഹത്തിലും പെട്ട എല്ലാ സന്യാസിമാരും എരിവേറിയ സുവിശേഷ കന്മാരായിരുന്നു.

**3. സഭയോടുള്ള ഭക്തി.** 12-ാം ശതാബ്ദത്തിനു മുമ്പുള്ള ദയറാവാസികൾ, ലോകത്തിൽനിന്നു മാത്രമല്ല, സഭയിൽനിന്നുതന്നെയും പിന്മാറിനിന്നവരെന്നു് മൊ ത്തത്തിൽ പറയാമെങ്കിലും ഈ രണ്ടു സമൂഹക്കാരും സഭയു ടെ കെട്ടുപണിക്കും സ്ഥിരതയ്ക്കും സഭാംഗങ്ങളുടെ ഉണർച്ച യ്ക്കും വളർച്ചയ്ക്കും വേണ്ടി പ്രവർത്തിക്കയെന്നുള്ളതു് ഒരു പ്ര ധാന ലാക്കാക്കി സ്വീകരിച്ചിരുന്നു. സന്യാസവ്രതം ജീ വിതധർമ്മമായി വരിച്ചിരുന്ന സ്ത്രീപുരുഷന്മാർ മാത്രമല്ല, ലോകജ്ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന സാധാരണജനങ്ങൾ

ഏവരുംതന്നെ ദൈവത്തിനു പ്രസാദകരമായ ഒരു ജീവിതം നയിക്കേണ്ടതാണെന്നുള്ള പ്രമാണം വച്ചുകൊണ്ടത്രെ സാധാരണ ജനങ്ങൾക്കു് അനുഷ്ഠിക്കാവുന്ന ചില പ്രതിജ്ഞകൾ അടങ്ങിയ ഒരു പദ്ധതി (ഓർഡർ) ഇവർ ഏർപ്പെടുത്തിയതു്. ഓരോ ഇടവകകളിലും പട്ടക്കാരോടു സഹകരിച്ചാണു ഈസമൂഹങ്ങൾ പ്രവർത്തിച്ചിട്ടുള്ളതു്.

മേൽകാണിച്ച ആദർശങ്ങൾ രണ്ടു സമൂഹക്കാരും ഒരുപോലെ സ്വീകരിച്ചിരുന്നെങ്കിലും, ഇവർ തമ്മിൽ അല്പസ്വല്പ വ്യത്യാസങ്ങൾ ഇല്ലാതില്ല. ഡോമിനിക്കർ സാധാരണയായി സാമൂഹ്യനിലയിൽ ഉയർന്നുനിന്നവരുടെ ഇടയിലും, മറേറക്കൂട്ടർ താണക്ലാസ്സുകാരുടെ ഇടയിലും ആണു് അധികമായി പ്രവർത്തിച്ചിട്ടുള്ളതു്. അവരുടെ വസ്ത്രത്തിൻെറ നിറം അനുസരിച്ചു് ഡോമിനിക്കൻകൂട്ടരെ 'കറുത്ത സാധുക്ക'ളെന്നും (Black friars) മററവരെ 'വെളുത്ത സാധുക്ക'ളെന്നും മനുഷ്യർ വ്യത്യാസപ്പെടുത്തി വിളിച്ചുവന്നു. സമൂഹങ്ങളുടെ ഭരണരീതി മിക്കവാറും ഒന്നുതന്നെ ആയിരുന്നെങ്കിലും ഉദ്യോഗസ്ഥന്മാരുടെ സ്ഥാനപ്പേരിനു വ്യത്യാസമുണ്ടായിരുന്നു. ഡോമിനിക്കൻസമൂഹത്തിൻെറ പരമാധികാരിയെ, 'മാസ്റ്റർ ജനറൽ' എന്നും ഫ്രാൻസിസ്കൻസമൂഹത്തിൻെറ പ്രധാനിയെ 'ശുശ്രൂഷകമേധാവി' എന്നും ആണു വിളിച്ചു വന്നതു്. ഇവരുടെ ഭരണനയം ഈ പേരുകളിൽ പ്രതിബിംബിച്ചിരിക്കുന്നു എന്നു അനുമാനിക്കാവുന്നതാണു്.

പന്ത്രണ്ടും പതിമൂന്നും ശതാബ്ദങ്ങളിൽ മററുചില സന്യാസസമൂഹങ്ങളും ഉത്ഭവിച്ചിട്ടുണ്ടു്. നെതർലാണ്ടിൽ (ഹോളണ്ടു്) ഇപ്പോൾ കണ്ടുവരുന്ന സ്ത്രീകൾക്കായുള്ള ഒരു ആശ്രമം ഈ കൂട്ടത്തിൽ പെട്ടതാണു്. കുരിശുയുദ്ധങ്ങളുടെ കാലത്തു് കമ്മേൽപർവ്വതത്തിൽ സ്ഥാപിക്കപ്പെട്ടിരുന്ന ഒരു ഭിക്ഷുസന്യാസിമഠം ആണു് വേറൊന്നു്. കമ്മലീത്തർ എന്ന പേരിൽ തവിട്ടുനിറത്തിലുള്ള അങ്കിധരിച്ച ഈ കൂട്ടത്തിൽപെട്ട സന്യാസിമാരെ നമ്മുടെ നാട്ടിൽ കാണാവുന്നതാണു്. സ്പെയിനിലെ വിശുദ്ധ ത്രേസ്യാപുണ്യവതി കമ്മലീത്താ സമൂഹത്തിൻെറ മകുടമണിയായി ശോഭിക്കുന്ന ഒരു പരമഭക്തയത്രെ. ഫ്രാൻസിസ്കൻ സന്യാസിമാരും

ഡോമിനിക്കൻ സന്യാസിമാരും തമ്മിലും മറേറാരോക്കൂട്ടരും സഭാനേതാക്കന്മാരുമായും ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളും സമരങ്ങളും, ഓരോകൂട്ടരും അനുഭവിച്ച പീഡകളും ഇവരുടെ അനന്തര ചരിത്രത്തിലെ മറേറാരോ കാൎയ്യങ്ങളും പ്രതിപാദിക്കുന്നതിനു് നിവൃത്തിയില്ലാത്തതിനാൽ ആ ഭാഗം വിട്ടുകൊള്ളുന്നു.

ക്രിസ്തീയ സഭയിലെ സന്യാസാശ്രമപ്രസ്ഥാനത്തിൻെറ ചരിത്രം പരിശോധിക്കുമ്പോൾ, ആധുനികകാലത്തു് നമുക്കു് ഇതിൽനിന്നു അനേക സംഗതികൾ പഠിക്കാനും പകൎത്താനുമുണ്ടെന്നുള്ള ഒരു ബോധം ആൎക്കും ഉണ്ടാകുന്നതാണു്. ഒരു മനുഷ്യൻ സൎവ്വലോകവും നേടിയാലും തൻെറ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ, അവനു് എന്തു പ്രയോജനമുള്ളു എന്നു കൎത്താവു് പഠിപ്പിച്ചപാഠം നമുക്കു ചൊല്ലിത്തരുന്നതിനു പുരാതനകാലത്തെ സന്യാസിമാരെക്കാൾ യോഗ്യന്മാരായിട്ടാരുള്ളു? ക്രിസ്തുസഭ ക്രിസ്തീയ കൂട്ടായ്മയുടെ വിളനിലമായിരിക്കണമെന്നുള്ള തത്വം രണ്ടാം ശതാബ്ദംമുതൽ 14-ാം ശതാബ്ദംവരെയും അതിൻെറ ശേഷവും ഓരോ കാലത്തുണ്ടായിട്ടുള്ള ആശ്രമങ്ങൾ സഭയെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. ക്രിസ്തുസഭ ഈ സംഗതി വേണ്ടവിധത്തിൽ ഗ്രഹിക്കാത്തതുനിമിത്തമല്ലേ അനേകർ സഭവിട്ടു ഓരോ രഹസ്യസ്ഥാപനകളെ അഭയം പ്രാപിക്കുന്നതു്? വിശുദ്ധഫ്രാൻസിസ് ഉപദേശിച്ചതുപോലെ ക്രിസ്തീയ ജീവിതത്തിൻെറയും സഭയുടെയും ജീവൻ ശുശ്രൂഷയിൽ സ്ഥിതിചെയ്യുന്നു എന്നു നാം ഗ്രഹിച്ചിട്ടുണ്ടോ? ത്യാഗം കൂടാതെയുള്ള ശുശ്രൂഷയുടെ അൎത്ഥമില്ലായ്മ നമുക്കു ബോധപ്പെടണമെങ്കിൽ, 12-ാം ശതാബ്ദത്തിലെ ഭിക്ഷുസന്യാസികളുടെ പാദത്തിങ്കൽ നാം ഇരുന്നു അഭ്യസിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ക്രിസ്തീയ ജീവിതത്തിലും ക്രിസ്തുവിൻെറ ഉപദേശത്തിലും ഉള്ള പല അടിസ്ഥാനതത്വങ്ങൾ ചിത്രീകരിച്ചു് പ്രകാശിപ്പിച്ചു്, ക്രിസ്ത്യാനികളെ ജീവങ്കലേക്കു പോകുന്ന ഇടുക്കു വഴിയിലേക്കു ക്ഷണിച്ചുകൊണ്ടിരിക്കുന്ന ഒരു ചിത്ര പ്രദർശനശാലയായി സന്യാസധൎമ്മം സഭാചരിത്രത്തിൽ ആചന്ദ്രതാരം ശോഭിക്കുന്നതാണു്.

THE KOTTAYAM ... KOTTA...

# അദ്ധ്യായം 15

## നവീകരണത്തിൻെറ മുന്നോടികഠം

## 1. ജോൺവിക്ലിഫ് എ. ഡി. 1320 (?) — 1384)

ലൂഥറിനെയും കാൽവിനെയും നവീകരണത്തിൻെറ പിതാക്കന്മാരായും, വിക്ലിഫിനെ അതിൻെറ പിതാമഹനായും ഗണിക്കേണ്ടതാകുന്നുവെന്നത്രെ സഭാചരിത്രത്തിൽ ജോൺ വിക്ലിഫിനുള്ള സ്ഥാനത്തെ പരാമശിച്ചു ഒരു മഹാൻ (D' Aubigne) ചെയ്തിരിക്കുന്ന പ്രസ്താവന. വിക്ലിഫിനെ നവീകരണപ്രസ്ഥാനത്തിൻെറ പ്രഭാതനക്ഷത്രം എന്നും സാധാരണ പറഞ്ഞുവരുന്നു. ഈ രണ്ടു പ്രസ്താവനകളിൽനിന്നു സഭാചരിത്രത്തിൽ വിക്ലിഫിനുള്ള പ്രാധാന്യം എത്രമാത്രമെന്നു് സ്പഷ്ടമാണല്ലോ.

### വിക്ലിഫിൻെറ ജീവചരിത്രം

ജോൺ വിക്ലിഫ് എ. ഡി. 1324-നടുത്തു് ഇംഗ്ലണ്ടിൽ യോക്ക്ഷയറിലുള്ള ഒരു ഗ്രാമത്തിൽ ജനിച്ചു. ഓക്സ്ഫോർഡു് സവ്വകലാശാലയിൽ വിദ്യാഭ്യാസം പൂത്തിയാക്കിയശേഷം, അവിടെത്തന്നെ ഒരു പ്രസംഗകനായും, കുറെക്കാലത്തേക്കു് ബാലിയൽ കോളജിലെ (Balliol College) ഒരു അദ്ധ്യക്ഷനായും (Master) വിക്ലിഫ് ജോലി നോക്കി. ഒരു വൈദികപണ്ഡിതനായും വേദപുസ്തക വ്യാഖ്യാതാവായും പ്രസ്തുത സവ്വകലാശാലയിൽ ഇദ്ദേഹം അസാമാന്യമായ ഖ്യാതി സമ്പാദിച്ചു. എ. ഡി. 1360-നും 1384 നും മദ്ധ്യേ വിക്ലിഫ് മൂന്നു വലിയ ഇടവകകളുടെ പട്ടക്കാരനായി ഇരുന്നിട്ടുണ്ടു്. (Fylingham, Ludgershall & Lutterworth).

ഒരു മതപരിഷ്കാരകൻ എന്ന നിലയിൽ വിക്ലിഫിൻെറ ജീവിതകാലത്തെ രണ്ടു പ്രധാന ഭാഗമായി തിരിക്കാവുന്നതാണു്:—

(1) എ. ഡി 1365—78. തൻെറ ബുദ്ധിസാമ ൎത്ഥ്യം നിമിത്തം രാജപ്രീതി സമ്പാദിക്കുന്നതിനു വിക്ലിഫിന്നു ഭാഗ്യമുണ്ടാകയാൽ, രാഷ്ട്രീയമായ പല സംഗതികളിൽ സ്വാധീനം ചെലുത്തുന്നതിന്നു ഇദ്ദേഹത്തിനു സാധിച്ചു. എ. ഡി. 1365-ൽ ക്ലെമൻറു് അഞ്ചാമൻ പാപ്പാ ഇംഗ്ലണ്ടിൽനിന്നു് പാപ്പായിക്കു ചെല്ലേണ്ടിയിരുന്ന കപ്പം കുടിശികതീൎത്തു കൊടുക്കണമെന്നു് ആവശ്യപ്പെട്ടപ്പോൾ, രാജാവായ എഡ്വേർഡ് മൂന്നാമൻെറയും പാർലമെൻറിൻെറയും പക്ഷംചേൎന്നു് പാപ്പായ്ക്കെതിരായി സുധീരം പോരാടിയ ചുരുക്കം ചില വൈദികന്മാരിൽ ഒരാളായിരുന്നു വിക്ലിഫ്. കപ്പംകൊടുക്കുന്ന കാൎയ്യത്തിലെന്നപോലെ ഇതരവിഷയങ്ങളിലും പാപ്പായുടെ അധികാരത്തെ സ്വദേശാഭിമാനിയായ വിക്ലിഫ് ശക്തിയായി എതിൎത്തു. ഇംഗ്ലണ്ടിലെ സഭാസംബന്ധമായ നിയമനങ്ങളിൽ പാപ്പാ കൈകടത്തിക്കൂടെന്നും, പാപ്പാ മുതൽ ഏററവും നിസ്സാരനായ പട്ടക്കാരൻ വരെ സഭാനേതാക്കന്മാരേവരും ധനമോഹവും വസ്തുവകകളും ഉപേക്ഷിച്ചു് സാധുക്കളെപ്പോലെ കേവലം ലളിതമായ ജീവിതസമ്പ്രദായം സ്വീകരിച്ചു് ക്രിസ്തീയശുശ്രൂഷനിറവേററേണ്ടതാണെന്നും, മററും അദ്ദേഹം പ്രസംഗങ്ങൾ മൂലവും പുസ്തകങ്ങൾ വഴിയായും വാദിച്ചു് ജനങ്ങളുടെ അഭിപ്രായഗതി ഭേദപ്പെടുത്തിത്തുടങ്ങി. വിക്ലിഫിൻെറ അഭിപ്രായങ്ങൾ ജനസാമാന്യം സ്വീകരിക്കുന്നപക്ഷം സഭാഭരണം അസാദ്ധ്യമായി വരുമെന്നു കണ്ടിട്ടു് തന്നെ അറസ്റ്റ് ചെയ്യുന്നതിനും ഒരു വൈദിക കോടതിയുടെ മുമ്പാകെ വിസ്തരിക്കുന്നതിനുമായി എ. ഡി. 1377-ൽ പാപ്പായായ ഗ്രഗറി 11-ാമൻ ഒന്നിനു പുറകെ ഒന്നായി അഞ്ചു് ബൂളാകൾ (കല്പനകൾ) പുറപ്പെടുവിച്ചു. പക്ഷേ രാജപ്രീതിനിമിത്തം, തൽക്കാലത്തേക്കെങ്കിലും പാപ്പായുടെ കോപത്തീയിൽനിന്നു വിക്ലിഫ് രക്ഷപ്രാപിച്ചു.

(2) എ. ഡി. 1378—1384. ഇതുവരെ പാപ്പായുടെ ലൌകികാധികാരത്തെ മാത്രമാണു് വിക്ലിഫ് പ്രതിഷേധിച്ചതു്. എന്നാൽ തൻെറ ജീവിതത്തിൻെറ രണ്ടാമത്തെ ഘട്ടമായ എ. ഡി 1378 മുതൽ 1384 വരെയുള്ള കാലത്തു് സഭയുടെ ഉപദേശത്തെയും ആചാര മൎയ്യാദകളെ

യും സൂക്ഷ്മാവലോകനം ചെയ്തശേഷം അവയിൽ ചിലതെല്ലാം ഇദ്ദേഹം നിരാകരിച്ചുതുടങ്ങി. സഭ ദൈവത്താൽ മുന്നിയമിക്കപ്പെട്ട തിരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു കൂട്ടമാണെന്നും, പാപ്പാതന്നെയും സഭയുടെ ഒരംഗമോ പ്രത്യുത, സാത്താൻെറ ഒരു അവയവമോ എന്നു് ആക്കും അറിഞ്ഞുകൂടെന്നും, സഭയുടെ തല ക്രിസ്തു മാത്രമാണെന്നും, പരിശുദ്ധന്മാരോടു അപേക്ഷ കഴിക്കേണ്ട ആവശ്യമില്ലെന്നും, ദൈവത്തിനു മാത്രമേ പാപം മോചിക്കുന്നതിനു് അധികാരമുള്ളു എന്നും, പട്ടക്കാരോടു പാപം ഏററു പറയുന്നതിനെക്കാൾ ദൈവത്തോടു് ഏററു പറയുന്നതാണു് കൂടുതൽ ആവശ്യമെന്നും, അന്ത്യകൂദാശ വേദപുസ്തകത്തിൽ അടിസ്ഥാനപ്പെട്ടതല്ലെന്നും മററുമുള്ള നവീകരണോപദേശങ്ങൾ ഇദ്ദേഹമാണു് ആദ്യം പരസ്യമായി ഇംഗ്ലണ്ടിൽ പ്രചരിപ്പിച്ചതു്. 1382-നും 84-നും ഇടക്കു വേറൊരാളുടെ സഹായത്തോടുകൂടെ വേദപുസ്തകം മുഴുവൻ ലത്തീൻ ഭാഷയിൽ നിന്നു് ഇംഗ്ലീഷിലേക്കു തജ്ജമചെയ്തു് നാടെങ്ങും പ്രചരിപ്പിച്ചു എന്നു മാത്രമല്ല പാപ്പായോ കാനോൻ നിയമങ്ങളോ അല്ല ദൈവവചനം മാത്രമാണു് സഭയുടെയും സഭാംഗങ്ങളുടെയും വിശ്വാസത്തിനും നടപടിക്കും ഏക അടിസ്ഥാനമായിട്ടുള്ളതെന്നു് വിക്ലിഫ് പരസ്യമായി ഘോഷിച്ചുപോന്നു. വി. കുർബ്ബാനയെക്കുറിച്ചു റോമാസഭ പഠിപ്പിച്ചുപോന്ന 'വസ്തുമാററ' ഉപദേശം ഇദ്ദേഹം പാടേ ഉപേക്ഷിച്ചു. പക്ഷേ ചില ആധുനിക നവീകരണോപദേശക്കാർ വാദിക്കുന്നതുപോലെ വി. കുർബാന കർത്താവിനെ ഓക്കുന്നതിനുള്ള ഒരു മുഖാന്തരമായി മാത്രം വിക്ലിഫ് ഗണിച്ചിരുന്നുവെന്നു പറഞ്ഞുകൂടാ. വിശുദ്ധീകരിക്കപ്പെട്ട അപ്പവീഞ്ഞുകളിൽ ക്രിസ്തു ഒരത്ഥത്തിൽ പ്രത്യക്ഷനാകുന്നുവെന്നും, എന്നാൽ വിശ്വാസത്തിൻെറ കണ്ണുകൊണ്ടു മാത്രമേ തന്നെ നമുക്കു

കാണുന്നതിനു സാധിക്കയുള്ളു എന്നായിരുന്നു വിക്ലിഫിൻെറ അഭിപ്രായച്ചുരുക്കം.

വിക്ലിഫിൻെറ ഈ വിധത്തിലുള്ള നവീനോപദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും സുവിശേഷസത്യങ്ങൾ ജനങ്ങളെ ഗ്രഹിപ്പിക്കുന്നതിനുമായി പാവപ്പെട്ട പട്ടക്കാർ (Poor Priests) എന്ന പേരിൽ ഒട്ടുവളരെ ശിഷ്യന്മാരെ ഇംഗ്ലണ്ടിൻെറ നാനാഭാഗത്തേക്കും വിക്ലിഫ് അയച്ചു. അപ്പൊസ്തലന്മാരെപ്പോലെ ഈരണ്ടീരണ്ടായി, പണവും ഭാണ്ഡവും ഒന്നും കരുതാതെ ഒരു വടിയും എടുത്തു പരുക്കൻ കംബ്ളിയും ധരിച്ച്, ഗ്രാമംതോറും നടന്നു പ്രസംഗിച്ചുവന്ന ഈ സാധു സമൂഹത്തെ വിക്ലിഫിൻെറ വിരോധികൾ ലോല്ലാർഡ്മാർ (Lollards) എന്നു ആക്ഷേപിച്ചു വിളിച്ചിരുന്നു. ലൊല്ലാർഡ് എന്ന വാക്കിൻെറ അർത്ഥം കൊഞ്ഞപറയുന്ന ഒരാളെന്നത്രെ. വിക്ലിഫിൻെറ ശിഷ്യന്മാരിൽ പലക്കും വിദ്യാഭ്യാസമോ വാക്ചാതുര്യമോ ഇല്ലായിരുന്നതിനാലായിരിക്കാം അവക്ക് ഈ പേർ ലഭിച്ചതു്. അവരുടെ പേരും യോഗ്യതയും എങ്ങനെയിരുന്നാലും ഇംഗ്ലണ്ടിൽ അവർ നിമിത്തം മതസംബന്ധമായ ഒരു ഉണർച്ച ഉണ്ടായി എന്നുള്ളതിനു സംശയമില്ല.

വിക്ലിഫിൻെറ ഈ വിധത്തിലുള്ള ഉപദേശങ്ങളും പ്രവൃത്തികളും സഭാ നേതാക്കന്മാരുടെ ദൃഷ്ടിയിൽ പെട്ടതോടുകൂടെ അദ്ദേഹത്തെ അമർച്ചചെയ്യുന്നതിനായി അവർ വേണ്ട പരിശ്രമങ്ങൾ ചെയ്തു തുടങ്ങി. എ. ഡി. 1381-ൽ വിക്ലിഫ് ഉപദേശങ്ങൾ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ പഠിപ്പിച്ചുകൂടെന്നു്, സർവ്വകലാശാലാഭരവാഹികൾ ഒരു നിയമം പാസ്സാക്കി. എ. ഡി. 1382-ൽ ഇംഗ്ലണ്ടിലെ ബിഷോപ്പന്മാരുടെയും സാധുസമൂഹങ്ങളുടെയും ഒരു യോഗം കൂടി വിക്ലിഫിൻെറ അഭിപ്രായങ്ങളെ സഭ നിഷേധിക്കുന്നതായി തീരുമാനിച്ചു. അതേസമയത്തുതന്നെ പാർലമെൻറും തൻെറ ശിഷ്യന്മാരായ, ലോല്ലാർഡ് പ്രസംഗകന്മാരെ പീഡിപ്പിക്കയും കാരാഗൃഹത്തിലാക്കുകയും നാടുകടത്തുകയും ചെയ്തുപോന്നു. പാപ്പായായ ഏർബൻ

ആറാമൻ, വിക്‌ളിഫിനെ വിസ്താരത്തിനായി റോമിലേക്ക വിളിപ്പിച്ചു. പക്ഷേ, ഈ സമയത്തേക്ക് പക്ഷവാതരോഗബാധിതനായി വിക്ലിഫ് കിടപ്പിലാകുകയും എ. ഡി. 1384 ഡിസംബർ 31-ൽ ഇഹലോകത്തിൽനിന്നു കടന്നുപോകയും ചെയ്തു. വിക്ലിഫിൻെറ മരണംകൊണ്ടും റോമാസഭയുടെ ശത്രുത അവസാനിച്ചില്ല. 31 വർഷം കഴിഞ്ഞു് കോൺസ്റ്റൻസ്സ് പട്ടണത്തിൽ (എ. ഡി. 1415) കൂടിയ ഒരു സുന്നഹദോസിൻെറ തീരുമാനപ്രകാരം, വിക്ലിഫിൻെറ അസ്ഥികൾ മാന്തിയെടുത്തു ദഹിപ്പിച്ച ശേഷം ഭസ്മം സ്വിഫ്‌റ്റു് എന്ന ഒരു നദിയിൽ എറിഞ്ഞുകളഞ്ഞതായി കാണുന്നു. സുവിശേഷാനുസരണമായുള്ള പല പുതിയ സത്യങ്ങൾ ലൂഥറിൻെറ നവീകരണത്തിനു് ഒരു ശതാബ്ദം മുമ്പു് ഇംഗ്ലീഷ് സഭയിൽ പ്രചരിപ്പിച്ച ജോൺ വിക്ലിഫ് 'നവീകരണത്തിൻെറ ഉദയനക്ഷത്രം' എന്ന പേരിനു സർവ്വഥാ അർഹനായിരിക്കുന്നു എന്നു് വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

## 2. ജോൺ ഹസ്സ് (എ. ഡി. 1373—1415)

വിക്ലിഫിൻെറ ഉപദേശം തൻെറ സ്വദേശമായ ഇംഗ്ലണ്ടിൽ കേവലം ഒരു വനരോദനമായി പരിണമിച്ചെങ്കിലും യൂറോപ്പിൻെറ മറെറാരു ഭാഗത്തു് അതു നല്ല നിലത്തിൽ വീണ വിത്തെന്നപോലെ സമൃദ്ധിയായിഫലം പുറപ്പെടുവിച്ചു. യൂറോപ്പിൻെറ മദ്ധ്യ ഭാഗത്തു് സ്ഥിതി ചെയ്യുന്നതും ഇപ്പോൾ ചെക്കോസ്ലോവാക്യ എന്ന പേരിൽ അറിയപ്പെട്ടു വരുന്നതുമായ ചെറിയ രാജ്യം മുൻകാലത്തു ബൊഹീമ്യാ എന്നു വിളിക്കപ്പെട്ടിരുന്നു. 14-ാം ശതാബ്ദത്തിൽ ബൊഹീമ്യായിൽ, സഭയുടെ ശുദ്ധീകരണത്തിനായി പ്രയത്നിച്ച പല മഹാന്മാരിൽ അഗ്രഗണ്യനാണു് എ. ഡി. 1374 നട്ടുത്തു് ഭൂജാതനായ ജോൺ ഹസ്സ് എന്ന പ്രസിദ്ധ പ്രസംഗകൻ.

ഇദ്ദേഹം പ്രേഗ് (Prague) സർവ്വകലാശാലയിൽ ഉൽകൃഷ്ടവിദ്യാഭ്യാസം പൂർത്തിയാക്കി എം. എ. ബിരുദ്

സമ്പാദിച്ചശേഷം, എ. ഡി. 1401-ൽ പട്ടമേൽക്കുകയും, അതിനടുത്തവഷം തന്നെ സൎവ്വകലാശാലയിൽ റെക്ടർ സ്ഥാനം സ്വീകരിക്കയും ചെയ്തു.

ബൊഹീമ്യായിലെയും ഇംഗ്ലണ്ടിലെയും രാജകുടുംബങ്ങൾ തമ്മിൽ അക്കാലത്ത് അടുത്ത സംബന്ധമുണ്ടായിരുന്നതിനാൽ ജോൺ വിക്ലിഫിനെക്കുറിച്ചുള്ള കേൾവി കാലവിളംബമെന്ന്യേ ബൊഹീമ്യയിലെത്തി, വിക്ലിഫിൻെറ ആശയങ്ങളോടു ഹസ്സിനു പ്രതിപത്തി തോന്നിയിട്ട്, ഇംഗ്ലണ്ടിൽ നിന്നു വിക്ലിഫിൻെറ പുസ്തകങ്ങൾ വരുത്തി പഠിച്ചതിൻെറ ഫലമായി കാലക്രമേണ ഹസ്സ് വിക്ലിഫിൻെറ ഒരു ഉത്തമ ശിഷ്യനായിത്തീൎന്നു. തൻെറ ഗുരുവിനെ അനുകരിച്ച് എ. ഡി. 1402 മുതൽ ബൊഹീമ്യായിലെ ഒരു പ്രസിദ്ധ ദേവാലയമായ ബേത്ളേഹെം ചാപ്പലിൽ പട്ടക്കാരുടെയും പാപ്പായുടെയും അനീതിയും ദുൎമ്മാൎഗ്ഗവും പുരസ്സരിച്ചുള്ള പ്രസംഗങ്ങൾ നടത്തി ഹസ്സ് ജനങ്ങളെ സഭയുടെ യഥാൎത്ഥനില മനസ്സിലാക്കി. ബൊഹീമ്യായും ഇതര ജാതികളുമായി സഭയിൽ തന്നെ നടന്നുകൊണ്ടിരുന്ന മത്സരത്തിൽ സ്വജനങ്ങളുടെ ഭാഗം പിടിച്ചു വാദിച്ചതോടുകൂടെ ഇദ്ദേഹത്തിൻെറ ജനസ്വാധീനം അനേകമടങ്ങു വൎദ്ധിച്ചു.

എ. ഡി. 1412-ൽ പാപ്പായായ ജോൺ 23-ാമൻ, നേപ്പിൾസിലെ രാജാവിനെതിരായി യുദ്ധം നടത്തുന്നതിനായി ജനങ്ങളെ ക്ഷണിച്ചുകൊണ്ടു യുദ്ധത്തിൽ സംബന്ധിക്കുന്നവൎക്കെല്ലാം പാപമോചനം വാഗ്ദത്തം ചെയ്യുന്നതിനായി ഒരു കല്പന പുറപ്പെടുവിച്ചു. ഹസ്സ് വിക്ലിഫിൻെറ ആത്മാവിൽ കല്പനയെ ശക്തിയായി എതിൎത്ത്, തൻെറ പ്രസംഗങ്ങൾകൊണ്ടു ജനങ്ങളെ വശത്താക്കുന്നതിനും പാപ്പായുടെ ശ്രമം നിഷ്ഫലമാക്കുന്നതിനും ഉദ്യമിച്ചു. പണംകൊണ്ടു പാപമോചനം ഒരിക്കലും ലഭിക്കുന്നതല്ലെന്നും, പാപ്പാൎക്കു് ഒരുത്തരെയും ശക്തി പ്രയോഗിച്ചു കീഴടക്കുന്നതിനു് അധികാരമില്ലെന്നും മററും ഹസ്സ് പരസ്യമായി വാദിച്ചതിൻെറ ഫലമായി ഒരു ലഹളയുണ്ടാകുകയും, ജനങ്ങൾ പാപ്പായുടെ കല്പന അഗ്നിക്കിര

യാക്കുകയും ചെയ്തു. വിക്ലിഫിന്റെ അഭിപ്രായങ്ങൾ ബൊഹീമ്യയിൽ പ്രചരിച്ചു വന്നതു്, പാപ്പായ്ക്കും സഭാമേധാവികൾക്കും പൊതുവെ സുഖകരമായിരുന്നില്ല. ഹസ്സിന്റെ മത്സരപ്രവൃത്തികളെക്കുറിച്ചു കേട്ടതോടുകൂടെ അവരുടെ നീരസം വദ്ധിക്കുകയും, പാപ്പാ ഹസ്സിനെ സഭാഭ്രഷ്ടനാക്കുകയും ചെയ്തു. ഒരു സ്നേഹിതന്റെ ഗുണദോഷം സ്വീകരിച്ചു് എ. ഡി. 1412-ൽ ഹസ്സ് സ്വദേശം വിട്ടു് വേറൊരു സ്ഥലത്തുപോയി അഭയം പ്രാപിച്ചു. ഇങ്ങനെ താമസിക്കുന്ന അവസരത്തിലാണു് ഡേ എക്ലീസിയാ (De Ecclesia) എന്ന ഗ്രന്ഥം ഹസ്സ് എഴുതിയതു്.

എ. ഡി. 1415-ൽ, കോൺസ്റ്റൻസിൽ കൂടിയ സുന്നഹദോസ് ഹസ്സിനെ വിസ്തരിക്കുന്നതിനു തീരുമാനിച്ചു്, സിഗിസ്മണ്ടു് ചക്രവത്തി മുഖാന്തരം അദ്ദേഹത്തെ അവിടെ വരുത്തി സുന്നഹദോസിന്റെ പൊതുതീരുമാനത്തിനു കീഴടങ്ങി തന്റെ തെററുകളെല്ലാം ഏററു പറയണമെന്നു ഹസ്സിനോടു ആവശ്യപ്പെട്ടപ്പോൾ അവസാനംവരെ തന്റെ മനസ്സാക്ഷി അനുസരിച്ചുമാത്രമേ പ്രവത്തിക്കയുള്ളുവെന്നായിരുന്നു ധീരമാനസനായ ഹസ്സിന്റെ മറുപടി. എ. ഡി. 1415, ജൂലായി 6-ാംതീയതി ഒരു ഇടത്തുട്ടകാരൻ എന്ന നിലയിൽ പ്രസ്തുത കൌൺസിൽ ജോൺ ഹസ്സിനെ പരസ്യമായി തീ കൊളുത്തി ദഹിപ്പിച്ചു. അഗ്നിച്ചൂളയിൽ വച്ചും 'കുറിയേലായിസോൻ' 'കുറിയേലായിസോൻ' എന്നു പറഞ്ഞു് ഈ ഭക്തൻ പ്രാത്ഥിച്ചുകൊണ്ടിരുന്നു.

ഹസ്സ് വിക്ലിഫിന്റെ ഒരു ശിഷ്യനായിരുന്നുവെന്നു പറഞ്ഞുവല്ലോ. വിശ്വാസസംബന്ധമായ കാൎയ്യങ്ങളിൽ ദൈവവചനത്തിനു്,സഭക്കുള്ളതിനേക്കാൾ ഉപരിയായ ഒരു സ്ഥാനമുണ്ടെന്നു വിക്ളിഫിനോടൊപ്പം ഹസ്സും ഉപദേശിച്ചിരുന്നു. സഭാഭരണവിഷയത്തിലും ഗുരുവിന്റെയും ശിഷ്യന്റെയും അഭിപ്രായങ്ങൾ തമ്മിൽ ധാരാളം പൊരുത്തമുണ്ടായിരുന്നു. എന്നാൽ വി: കുർബ്ബാനയിലെ വസ്തുമാററം, പരിശുദ്ധന്മാരോടുള്ള അപേക്ഷ, മരിച്ചവക്കുവേണ്ടിയുള്ള കുർബ്ബാന ആദിയായവ വിക്ലിഫ് പ്രതിഷേധിച്ചിരുന്ന റോമാസഭയുടെ ചില ഉപദേശങ്ങൾ ഹ

സ്സ് ഉപേക്ഷിച്ചിരുന്നില്ല എന്നു ധരിച്ചിരിക്കേണ്ടതാണ്. എന്നിരുന്നാലും രണ്ടുപേരിലും പ്രവർത്തിച്ചതു യഥാൎത്ഥത്തിൽ നവീകരണത്തിൻെറ ആത്മാവുതന്നെ ആയിരുന്നുവെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടത്രെ ഇവരെ ഇരുവരേയും നവീകരണത്തിൻെറ മുന്നോടികൾ എന്നു വിളിച്ചുവരുന്നതു്.

---

# അദ്ധ്യായം 16

## എ. ഡി. 14-ം 15-ം ശതാബ്ദങ്ങളിൽ പാശ്ചാത്യസഭയുടെ സ്ഥിതി

വിക്ലിഫിൻെറയും ഹസ്സിൻെറയും കാലത്തു സഭയുടെ നില അശേഷം തൃപ്തികരമല്ലായിരുന്നുവെന്നു മുൻഅദ്ധ്യായത്തിൽനിന്നു സ്പഷ്ടമായിട്ടുണ്ടല്ലൊ. ഇവരുടെ ചരിത്രംതന്നെ വേണ്ടവിധത്തിൽ മനസ്സിലാക്കുന്നതിനും, ഇവരുടെ കാലംകഴിഞ്ഞു് ഉണ്ടായിട്ടുള്ള സഭാപരിഷ്കരണോദ്യമങ്ങളുടെ അടിസ്ഥാനം എന്തെന്നു ഗ്രഹിക്കുന്നതിനുമായി 14-ം 15-ം ശതാബ്ദങ്ങളിലെ സഭയുടെ ചരിത്രം ചുരുക്കമായി പ്രതിപാദിക്കേണ്ട ആവശ്യമുണ്ടു്. ഈ സുദീൎഘമായ കാലഘട്ടത്തെ മൂന്നായി വിഭജിക്കാവുന്നതാണ്:—

1. എ. ഡി. 1305—1377—പാപ്പാമാരുടെ ബാബിലോണ്യ പ്രവാസക്കാലം.

2. എ. ഡി. 1378—1409—പാപ്പാമാരുടെ മത്സരകാലം.

3. എ. ഡി. 1409—1443—സഭാകൌൺസിലുകളുടെ കാലം.

ഇനിയും ഇവ ഓരോന്നായി എടുക്കാം:—

1. എ. ഡി. 1305—1377. ക്ലെമൻററു് അഞ്ചാമൻെറ കാലത്തു (എ. ഡി. 1305—1314) ഫ്രഞ്ചുരാജാവിൻെറ പ്രേരണയാൽ പാപ്പായുടെ അരമന റോമിൽനിന്നു ഫ്റാൻസിൽ അവിഗ്നോൺ എന്ന സ്ഥലത്തേക്കു മാററിയ വിവരം 12–ാം അദ്ധ്യായത്തിൽ കാണിച്ചിട്ടുണ്ടല്ലോ. യഹൂദന്മാർ ബാബേൽരാജ്യത്തു അടിമകളായി പാൎത്തതുപോലെ ഏകദേശം 70 വൎഷക്കാലത്തേക്കു് പാപ്പാമാർ, അസ്വാതന്ത്ര്യരായി പാൎത്തിരുന്നതുകൊണ്ടാണു്, ഈ കാലത്തെ പാപ്പാമാരുടെ 'ബാബിലോൺ അടിമക്കാല'മെന്നു വിളിച്ചുവരുന്നതു്. അവിഗ്നോണിൽ ഭരിച്ചിരുന്ന പാപ്പാമാരെല്ലാം ഫ്റഞ്ചുകാരും ഫ്റാൻസിലെ രാജാവിൻെറ ആശ്രിതന്മാരും ആയിരുന്നു. കൂടാതെ അവരിൽ പലരും ഉല്ലാസപ്രിയന്മാരും സുഖഭോഗികളും ആയിത്തീൎന്നു. തന്നിമിത്തം ഒരുകാലത്തു യൂറോപ്പിലെ രാജാക്കന്മാരുടെമേൽ പ്രതാപത്തോടുകൂടെ ഭരിച്ചിരുന്ന പാപ്പാമാർ സകല മനുഷ്യരുടെയും പരിഹാസപാത്രമായി ചമഞ്ഞു. പാപ്പാമാരും രാജാക്കന്മാരും തമ്മിൽ ഈ സമയത്തു നടന്നുകൊണ്ടിരുന്ന സമരത്തിൽ ഇററലിയിലെ സുപ്രസിദ്ധ കവിയായ ഡാൻറിയും പാഡ്‌വായിലെ മാർസിലിയസ്സ എന്ന മഹാനും രാജാക്കന്മാരുടെ അധികാരത്തെ താങ്ങി ചില ഗ്രന്ഥങ്ങൾവഴിയായി വാദിച്ചിട്ടുണ്ടെന്നും, മദ്ധ്യകാലങ്ങളിലെ ഒരു പരമഭക്തയായ സീയനായിലെ കാതറൈൻ എന്ന വിശുദ്ധ, പാപ്പാമാരുടെ ആസ്ഥാനം വീണ്ടും റോമായിൽ ആക്കുന്നതിനു വളരെ പരിശ്രമം ചെയ്തുവെന്നും ഉള്ളതു് പ്രസ്താവയോഗ്യമാണു്.

2. എ. ഡി. 1378–1409. വിശുദ്ധ കാതറൈൻെറ പരിശ്രമം ഏതായാലും നിഷ്ഫലമായില്ല. എ. ഡി. 1378—ൽ ഗ്രഗറി 11–ാമൻ പാപ്പാ അവിഗ്നോൻ വിട്ടു് വീണ്ടും റോമാനഗരത്തിൽ താമസമുറപ്പിച്ചു. പക്ഷെ അദ്ദേഹത്തിൻെറ മരണത്തോടുകൂടെ സഭയ്ക്കു വേറൊരു വിപത്തു നേരിട്ടു. ഒരു പാപ്പായ്ക്കു പകരം രണ്ടു പാപ്പാമാർ സഭയിലുണ്ടായി. റോമാനഗരത്തിലും അവഗ്നോനിലും ആയി തലസ്ഥാനമുറപ്പിച്ചുകൊണ്ടു ഈ പാപ്പാമാർ അന്യോന്യം ശപിക്കാനും, മുടക്കാനും സഭയെ ഭിന്നിപ്പിപ്പാനും തു

ടങ്ങി. ഇററലിയുടെ മദ്ധ്യഭാഗം, വടക്കുഭാഗം, ജമ്മനിയുടെ ഒരു നല്ലപങ്ക്, നോവ്വെ, സ്വീഡൻ, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങൾ റോമിലെ പാപ്പായുടെ പക്ഷവും ഫ്റാൻസ്, സ്പെയിൻ, സ്കോട്ട്ലണ്ട്, നേപ്പിൾസ്, സിസിലി, ജമ്മനിയുടെ ചില ഭാഗങ്ങൾ ഇവയെല്ലാം മറെറ പാപ്പായുടെ ഭാഗവും ചേൎന്നു സൌന്ദൎയ്യപ്പിണക്കവും ശണ്ഠയും ആരംഭിച്ചു. എന്തിനു് അധികം വിസ്തരിക്കുന്നു! 'വാവിനേക്കാൾ കഷ്ടം പതിന്നായ്ക്ക്' എന്നുള്ള പഴഞ്ചൊല്ലുപോലെ സഭയുടെ സ്ഥിതി ആയിത്തീൎന്നു എന്നു പറഞ്ഞാൽ കഴിഞ്ഞതല്ലോ.

3. എ. ഡി. 1409—1443. ഏതാനും ചില ബിഷോപ്പന്മാരും, പാരീസ്സ് സൎവ്വകലാശാലയിലെ അദ്ധ്യാപകന്മാരും അത്രെ പാപ്പാമാരുടെ സൌന്ദൎയ്യപ്പിണക്കവും ജനങ്ങളുടെ മത്സരബുദ്ധിയും ഹനിപ്പിച്ചു് സഭയിൽ സമാധാനവും ഐക്യവും പുനഃസ്ഥാപിക്കുന്നതിനായി മുന്നിട്ടു പ്രവൎത്തിച്ചതു്. ഈ ഉദ്ദേശസാദ്ധ്യത്തിനായി എ. ഡി. 1409-ൽ പീസായിൽക്കൂടിയ ഒരു സഭായോഗം രണ്ടു് പാപ്പാമാരെയും സ്ഥാനഭ്രംശം ചെയ്തു് മൂന്നാമതൊരാളെ പാപ്പാ ആക്കി. പക്ഷെ ഇതിൻെറ ഫലമായിട്ടു സമാധാനമുണ്ടാകുന്നതിനുപകരം ഇതുവരെ രണ്ടു കക്ഷി ചേൎന്നുനിന്നിരുന്ന സഭ മൂന്നുഭാഗമായി പിരിഞ്ഞതുമാത്രമെയുള്ളൂ.

പീസായിലെ കൌൺസിലിൻെറ പരാജയംനിമിത്തം ഭഗ്നാശയരാകാതെ പരിഷ്കാരേച്ഛുക്കളായ ബിഷോപ്പന്മാരും ഇതരവൈദികന്മാരും സിഗിസ്മുണ്ടുചക്രവൎത്തിയുടെ സഹായത്തോടുകൂടെ പഴയ മാമൂലനുസരിച്ചു്, യൂറോപ്പിൻെറ എല്ലാ ഭാഗങ്ങളിൽനിന്നും പ്രതിനിധികളടങ്ങിയ ഒരു പൊതു സുന്നഹദോസു് വിളിച്ചുകൂട്ടുന്നതിനു തീരുമാനിച്ചു. എ. ഡി. 1415-ൽ കോൺസ്റ്റൻസിൽ കൂടിയ ഈ പൊതു കൌൺസിൽ പാശ്ചാത്യസഭാചരിത്രത്തിൽ ഒരു പ്രധാനസ്ഥാനം അൎഹിക്കുന്നുണ്ടു്. 19-ാം ശതാബ്ദത്തിനുമുമ്പു് ഇതുപോലെ പ്രാതിനിധ്യവും, പ്രാധാന്യവും ലഭിച്ചിരുന്ന ഒരു മഹായോഗം യൂറോപ്പിൽ ഉണ്ടായിട്ടില്ലെന്നാണു് ചരിത്രകാരന്മാരുടെ അഭിപ്രായം. 29 കൎദ്ദിനാ

ളന്മാരും, 33 ആർച്ചുബിഷോപ്പന്മാരും, 150 ബിഷോപ്പന്മാരും ഉൾപ്പെടെ ആകപ്പാടെ 18,000 വൈദികന്മാരും, സന്ദർശകന്മാരും, പ്രതിനിധികളുമായി ഏകദേശം ഒരു ലക്ഷത്തോളം ആളുകളും കോൺസ്റ്റൻസ് നഗരത്തിൽ വന്നുചേർന്നു എന്നു പറയുമ്പോൾ പ്രസ്തുത കൌൺസിലിൻെറ നിലയും വിലയും ഏതുവിധത്തിലിരുന്നുവെന്ന് ഊഹിക്കാമല്ലോ.

കൌൺസിലിനു് പ്രധാനമായി മൂന്നു ഉദ്ദേശ്യങ്ങൾ ആണു് ഉണ്ടായിരുന്നതു്:—

1. പാപ്പാമാരുടെ മത്സരം തീർത്തിട്ടു് സഭ ഏകഭരണത്തിൽ വരുത്തുക. 2. സഭയിൽ ചില പരിഷ്കാരങ്ങൾ നടപ്പാക്കുക. 3. ഇടത്തൂട്ടുകാരെ ശിക്ഷിച്ചു്, സഭയുടെ വിശ്വാസത്തെ നിർമ്മലമായി കാക്കുക.

ഒന്നാമത്തെ ഉദ്ദേശ്യം സാധിക്കുന്നതിനായി കൌൺസിലിൽ ധൈര്യസമേതം അവകാശത്തർക്കം ചെയ്തുകൊണ്ടിരുന്ന മൂന്നു പാപ്പാമാരെയും മാററിനിറുത്തിയശേഷം ഒരു പുതിയ ആളിനെ (മാർട്ടിൻ അഞ്ചാമനെ) പാപ്പാസ്ഥാനത്തു നിയമിച്ചു് സഭയുടെ ഏകതലവനായി വരിച്ചു. ഇങ്ങനെ പാപ്പാമാർ തമ്മിലുള്ള വഴക്കു് അവസാനിപ്പിച്ചു.

സഭാപരിഷ്കാരം സംബന്ധിച്ചു് പ്രസ്തുത കൌൺസിൽ ചെയ്ത ഒരു പ്രധാന തീരുമാനം പാപ്പാമാർതന്നെയും സഭയ്ക്കു കീഴടങ്ങിയിരിക്കണമെന്നുള്ളതായിരുന്നു. സഭയുടെ ഒരുപൊതുയോഗത്തിനു പാപ്പാമാരെ ആക്കാനും നീക്കാനും അധികാരമുണ്ടെന്നു പ്രായോഗികമായി തെളിയിച്ചുകൊടുത്തപ്പോൾ കൌൺസിലിൻെറതീരുമാനത്തിൻെറ ശക്തി ഏവർക്കും ബോധപ്പെട്ടു എന്നു വിശേഷിച്ചു പറയേണ്ടല്ലോ.

സഭയുടെ വിശ്വാസത്തെ നിർമ്മലമായി പാലിക്കുന്നതിലും കോൺസ്റ്റൻസിലെ കൌൺസിൽ അഭിനന്ദനീയമായ തീക്ഷ്ണത പ്രദർശിപ്പിച്ചു. പക്ഷേ അതിനുപയോഗിച്ച നയം, യാതൊരുവിധത്തിലും നീതീകരിക്കത്തതല്ല. ഒന്നാമതായി ഒരു ഇടത്തൂട്ടുകാരനായി സഭയാൽ ഗണിക്കപ്പെട്ടുവന്നിരുന്ന വിക്ലിഫിൻെറ ഉപദേശങ്ങൾ സൂക്ഷ്മമായി പരിശോധന ചെയ്തു്, നാല്പത്തഞ്ചു കുററങ്ങൾ ആരോ

പിച്ചു്, ശാപസഹിതം എന്നേക്കുമായി അവയെ ഉപേക്ഷിക്കയും, വിക്ലിഫിൻെറ അസ്ഥികൾതന്നെയും കുഴിച്ചു മാന്തി ദഹിപ്പിച്ചു ആററിൽ എറിഞ്ഞുകളയുന്നതിനു തീരുമാനിക്കയും ചെയ്തു. ഗുരുവിനോടു ചെയ്തതുപോലെതന്നെ ശിഷ്യനോടും പെരുമാറി. യാതൊരു വിധത്തിലുമുള്ള ദേഹോപദ്രവം ഏല്പിക്കാതെ സംരക്ഷിക്കാമെന്നുള്ള ചക്രവത്തിയുടെ വാഗ്ദത്തം അനുസരിച്ചു്, വിസ്താരത്തിനായി കൊണ്ടുവരപ്പെട്ട ജോൺ ഹസ്സിനെ ചക്രവത്തിയും സഭാനേതാക്കന്മാരും ചേന്നു് കാരാഗൃഹത്തിൽ പാപ്പിക്കുകയും, അവസാനമായി അഗ്നിക്കിരയാക്കുകയും ചെയ്തു. ഹസ്സിൻെറ ഒരു ശിഷ്യനായ ജറോമിനേയും കൌൺസിലിൻെറ ആജ്ഞപ്രകാരം ദഹിപ്പിച്ചു. സഭയുടെ വിശ്വാസത്തെ നിമ്മലമായി സൂക്ഷിക്കുന്നതിനു കൊൺസ്റ്റൻസിലെ കൌൺസിൽ ശ്രമിച്ചതു നന്മ വരുന്നതിനായിട്ടു തിന്മ ചെയ്യുയെന്നപ്രമാണം അടിസ്ഥാനമാക്കിയത്രെ എന്നു പറയാതിരിപ്പാൻ തരമില്ല.

ഹസ്സിൻെറയും ജറോമിൻെറയും ശരീരത്തിനു തീ കൊളുത്തുന്നതു നിഷ്പ്രയാസം സാധിച്ചു; എന്നാൽ ഇവരുടെ ഉപദേശങ്ങൾ സഭയിൽനിന്നു ഉൻമൂലനം ചെയ്യുന്നതിൻെറ പ്രയാസം സഭാകത്താക്കന്മാക്കു അചിരേണ ബോധപ്പെട്ടു. ഇവരുടെരക്തസാക്ഷിമരണത്തിൻെറ ഫലമായി ബോഹീമ്യായിൽ ഒരു നല്ലപങ്കു് ജനം ഹസ്സിൻെറ വിശ്വാസം പരസ്യമായി സ്വീകരിച്ചു സഭാനേതാക്കന്മാരോടു മല്ലുകെട്ടുന്നതിനു ഒരുമ്പെട്ടു. ഇരുകൂട്ടരും തമ്മിൽ യുദ്ധങ്ങൾതന്നെയും ഉണ്ടായിട്ടുണ്ടു്. ദൈവവചനം പ്രസംഗിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും. വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും പുരോഹിതന്മാരെപ്പോലെതന്നെ അനുഭവിക്കുന്നതിനു അയ്മേനികൾക്കും അവകാശമുണ്ടെന്നും പട്ടക്കാരിൽ ജീവിതനൈമ്മല്യവും, അപ്പൊസ്തലികമായ ദരിദ്രജീവിതവും പ്രായോഗികമാക്കണമെന്നും ആണു് ഹസ്സ്കക്ഷികൾ വാദിച്ചുകൊണ്ടിരുന്നതു്. ഇവരെ അമച്ച ചെയ്യുന്നതിനായിട്ടത്രെ വേറൊരു കൌൺസിൽ എ. ഡി. 1431-ൽ ബാസൽ എന്ന സ്ഥലത്തുവച്ചു കൂട്ടുന്നതിനിടയായതു്.

തിരുവത്താഴത്തിലെ വീഞ്ഞു അയ്മേനികൾക്കും കൊടുക്കേണ്ടതാണെന്ന ഹസ്സ് കക്ഷികളുടെ നിർബന്ധപ്രകാരം കൌൺസിൽ ഒരു തീരുമാനം ചെയ്തു. ഇതിൽ കൂടുതലായി ഈ യോഗത്തെക്കൊണ്ടു ഒന്നും സാധിക്കാഞ്ഞതിൻെറ പ്രധാന കാരണം പാപ്പായായ യൂജിനിയസ് നാലാമൻ കൌൺസിൽ ശിഥിലമാക്കുന്നതിനായി പല പണികൾ ചെയ്തു എന്നുള്ളതാണ്. പക്ഷേ അവസാനം പാപ്പാക്കു ദോഷമായിട്ടാണു ഭവിച്ചതു്. തന്നിഷ്ടക്കാരനായ യൂജിനിയസിനെ സ്ഥാനഭ്രംശം ചെയ്തിട്ടു ഫിലിക്സ് അഞ്ചാമനെ ആ സ്ഥാനത്തു പാപ്പാ ആയി ഈ കൌൺസിൽ വാഴിച്ചു. എ. ഡി. 1449-ൽ ചക്രവർത്തിയുടെ കല്പനപ്രകാരം കൌൺസിൽ യോഗങ്ങൾ അമംഗളമായി അവസാനിപ്പിച്ചു.

സഭയെ നന്നാക്കുന്നതിനു കേവലം ഒരു മാനുഷികശക്തിക്കോ, ബാഹ്യമായ സമ്പ്രദായങ്ങൾക്കോ കഴിവില്ല എന്നത്രെ പതിനഞ്ചാംശതാബ്ദത്തിലെ ഈ രണ്ടു കൌൺസിലുകളുടെയും ചരിത്രം വിളിച്ചുപറയുന്നതു്. സഭാംഗങ്ങളുടെയും സഭാനേതാക്കന്മാരുടെയും ജീവിതത്തിൻെറയും സഭാനടപടികളുടെയും ഏക ആധാരമായിരിക്കേണ്ടതു ദൈവവചനവും ദൈവശക്തിയും മാത്രം ആകുന്നുവെന്നു വിക്ലിഫും ഹസ്സും ഒന്നുപോലെ ഉൽബോധിപ്പിച്ചതായ പരമസത്യം, രണ്ടുമൂന്നു തലമുറകളുടെ ശേഷം നവീകരണകർത്താവായ മാർട്ടിൻ ലൂഥർ കൂടുതൽ ശക്തിയായി ഘോഷിച്ചപ്പോഴാണ് സഭ അതിൻെറ ആത്മികമാന്ദ്യത്തിൽനിന്നുണരുന്നു തുടങ്ങിയതു്. സഭയുടെ ജീവൻ മനുഷ്യബുദ്ധിയിലോ കർമ്മാനുഷ്ഠാനങ്ങളിലോ ഭരണവിശേഷത്തിലോ അല്ല സ്ഥിതിചെയ്യുന്നതു്. അന്നെന്നപോലെ ഇന്നും നമുക്കു ആവശ്യമായിരിക്കുന്ന ഒരു സത്യമാണിതു്. 'ശക്തികൊണ്ടോ ബലംകൊണ്ടോ അല്ല, എൻെറ ആത്മാവുകൊണ്ടത്രേ' എന്നുള്ളതാണ് ഏതുകാലത്തും സഭയോടുള്ള കർത്താവിൻെറ ദൂതു്.

# അദ്ധ്യായം 17

## മദ്ധ്യകാലങ്ങളിലെ ചില പ്രസിദ്ധ ഭക്തന്മാരുടെയും പണ്ഡിതന്മാരുടെയും ചരിത്രം

മദ്ധ്യകാലങ്ങളെന്നു സാധാരണ പറഞ്ഞുവരുന്ന 10 മുതൽ 16 വരെയുള്ള ശതാബ്ദങ്ങളിൽ പാശ്ചാത്യസഭയുടെ സ്ഥിതി ഏതുപ്രകാരമായിരുന്നുവെന്നു ഇതിനു മുമ്പുള്ള അദ്ധ്യായങ്ങളിൽനിന്നു വ്യക്തമായിട്ടുണ്ടല്ലൊ. എന്നാൽ ഭയങ്കര വേദവിപരീതങ്ങളും അഭക്തിയും മൌഢ്യവും ദുർമ്മാർഗ്ഗവും ആകുന്ന കാർമേഘപടലങ്ങളാൽ നിറഞ്ഞിരുന്ന സഭാനഭോമണ്ഡലത്തിൽ അവിടവിടെയായി ചില നക്ഷത്രങ്ങൾ തങ്ങളുടെ ശോഭയാൽ അന്ധകാരത്തെ ഏറെക്കുറെയെങ്കിലും നീക്കിയിട്ടു സ്വർല്ലോകപാന്ഥന്മാൎക്കു അല്പമായെങ്കിലും പ്രകാശം നൽകിയിരുന്നുവെന്നുള്ളതു ആശ്വാസജനകമായ ഒരു ചിന്തയത്രെ. ഈവിധത്തിൽ തങ്ങളുടെ ഉപദേശംകൊണ്ടും, ജീവിതംകൊണ്ടും അൎദ്ധരാത്രിയിലെ വഴിവിളക്കുകളായി ശോഭിച്ചവരിൽ, ആബെല്ലാർഡ് (എ. ഡി. 1079—1142) ക്ലേർവോയിലെ ബേർനാർഡ് (എ. ഡി. 1090—1153), അക്വിനാസ് (എ. ഡി. 1227—1274), അസ്സീസിയിലെ ഫ്റാൻസിസ് (എ. ഡി. 1181—1226), ഡോമിനിക്ക് (എ. ഡി. 1170—1221), ഹെൻറി സൂസൊ, തോമസ് എക്കെമ്പിസ് (എ. ഡി. 1380—1471), സീയനായിലെ കാതറൈൻ (എ. ഡി. 1347—1380), ജോൺവിക്ലിഫ് (എ. ഡി. 1320—1384), ജോൺ ഹസ്സ് (എ. ഡി. 1373—1415), സാവനാറൊള്ളാ (എ. ഡി. 1452—1498) എന്നീ മഹതീമഹാന്മാരുടെ പേരുകൾ പ്രത്യേകം സ്മരണീയമാണ്. ഇവരിൽ ചിലരുടെ ചരിത്രം നാം ചിന്തിച്ചുകഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ളവരിൽ രണ്ടുമൂന്നുപേരുടെ ചരിത്രംകൂടെ ചുരുക്കി ചുവടെ ചേൎക്കുന്നു;—

## തോമസ് അകച്ചിനാസ് (എ. ഡി. 1227-1274)

വി. അഗസ്ത്തീനോസ് കഴിഞ്ഞാൽ പിന്നെ പാശ്ചാത്യസഭയുടെ, പ്രത്യേകിച്ചു റോമാസഭയുടെ, ആരാധനയ്ക്കു് പാത്രമായിരിക്കുന്നതു തോമസ് അകച്ചിനാസ് അത്രെ. ഇദ്ദേഹം രൂപവല്ക്കരിച്ച വിശ്വാസത്തിലാണു അല്പസ്വല്പവ്യത്യാസങ്ങളോടെ റോമാസഭ ഇന്നും ഉറച്ചുനില്ക്കുന്നതു്. റോമാസഭയുടെ മതഗ്രന്ഥങ്ങളിൽ സർവ്വപ്രധാനമായ ഒന്നു് അകച്ചിനാസ് എഴുതിയതും വൈദികജ്ഞാനത്തിൻെറ രത്നച്ചുരുക്കം എന്നർത്ഥമുള്ളതും ആയ 'സുമ്മാ തിയളോജിയ (Summa Theologiae) എന്ന തത്വജ്ഞാനപരമായ സുപ്രസിദ്ധ ഗ്രന്ഥമാണു്. ഇററലിയിൽ അകച്ചിനോ എന്ന ചെറിയ പട്ടണത്തിലെ ഒരു പ്രഭുകുടുംബത്തിലാണു് അകച്ചിനാസ് ജനിച്ചുവളൎന്നതു്. എ. ഡി. 1243-ൽ തൻെറ മാതാപിതാക്കന്മാരുടെ സമ്മതംകൂടാതെ ഇദ്ദേഹം ഡോമിനിക്കു സമൂഹത്തിൽ ഒരു സന്യാസിയായി ചേൎന്നെങ്കിലും തൻെറ ബുദ്ധിസാമൎത്ഥ്യം കണ്ടു പാരീസിൽ ഉൽകൃഷ്ടവിദ്യാഭ്യാസത്തിനായി അകച്ചിനാസിനെ അയയ്ക്കുകയും അവിടെവച്ചു പല ഉന്നതബിരുദങ്ങൾ ഇദ്ദേഹം സമ്പാദിക്കയും ചെയ്തു. എ. ഡി. 1261-നും, 72-നും ഇടയ്ക്കു്, പാരീസ്, നേപ്പിൾസ്സ് എന്നീ സ്ഥലങ്ങളിൽ ഇദ്ദേഹം വൈദിക പ്രസംഗകനായിരുന്ന സമയത്താണു് തൻെറ പ്രസിദ്ധ ഗ്രന്ഥം ചമച്ചതു്. എ. ഡി. 1880-ൽ ലീയോ 13-ാമൻ പാപ്പായുടെ കല്പനപ്രകാരം തോമസ് അകച്ചിനാസിനെ റോമാസഭ സകല കത്തോലിക്കു് വിദ്യാലയങ്ങളുടെയും രക്ഷാധികാരിയായ ഒരു പരിശുദ്ധനായി (Parton Saint) ഗണിക്കയും, തൻെറ ഗ്രന്ഥം കത്തോലിക്കരുടെ മതസംഗതികളടങ്ങിയ ഒരു ആധാരഗ്രന്ഥമായി സ്വീകരിക്കയും ചെയ്തു.

## തോമസ് എക്കെമ്പിസ് (എ. ഡി. 1380—1471)

'ക്രിസ്ത്വാനുകരണം' എന്ന വിശിഷ്ടഗ്രന്ഥത്തിൻെറ കൎത്താവെന്ന നിലയിലാണു ഇദ്ദേഹം ക്രൈസ്തവലോകത്തിനു പരിചിതനായിരിക്കുന്നതു്. വേദപുസ്തകം കഴിഞ്ഞാൽ

പിന്നെ കൂടുതൽ പ്രചാരം സിദ്ധിച്ചിരിക്കുന്നതു്, ഭക്തിരസപ്രധാനമായ ഈ ചെറുപുസ്തകത്തിനാണു്. റോമൻകത്തോലിക്കരുടെ സംഖ്യാബലം ഇതിൻെറ ഒരു പ്രധാന കാരണമായി വിചാരിക്കാമെങ്കിലും പ്രോട്ടസ്റ്റൻറു സഭാംഗങ്ങളും ഈ പുസ്തകത്തെ വളരെ വിലമതിക്കുന്നുണ്ടു്. ഇതിൻെറ ഗ്രന്ഥകർത്താവു ജർമ്മനിയിൽ കെമ്പനെന്ന ഗ്രാമത്തിൽ ജനിച്ചു 72 വർഷക്കാലത്തോളം ഒരു സന്യാസമഠത്തിൽ ഏററവും ലളിതമായ രീതിയിൽ ജീവിതം കഴിച്ചു ദൈവശുശ്രൂഷ നിറവേററിയിട്ടുള്ള ഒരു പരമഭക്തനാണു്. അക്കാലത്തു അച്ചടി നടപ്പായിരുന്നില്ല. അതിനാൽ അനേക മഠങ്ങളിലും സന്യാസിമാർ പുരാതന ഗ്രന്ഥങ്ങൾ പകർത്തിയെഴുതുന്നതിനു ആയുസ്സു ചെലവിട്ടുവന്നു. തോമസ് എക്കെമ്പിസ് വേദപുസ്തകത്തിൻെറയും മററു ചില ഗ്രന്ഥങ്ങളുടെയും മനോഹരമായ ചില കൈയെഴുത്തു പ്രതികൾ ചമച്ചിട്ടുണ്ടു്. ഇദ്ദേഹം 1413-ൽ പട്ടമേല്ക്കുകയും 12 വർഷം കഴിഞ്ഞശേഷം ഇദ്ദേഹത്തെ തൻെറ മഠത്തിൻെറ ഉപാദ്ധ്യക്ഷനായിതിരഞ്ഞെടുക്കുകയും ചെയ്തു. എ. ഡി. 1471 ആഗസ്റ്റ് 8-ാംതീയതി എക്കെമ്പിസ് കർത്താവിൻെറ പരമസ്വസ്ഥതയിൽ പ്രവേശിച്ചു.

## സീയന്നായിലെകാതറൈൻ (എ.ഡി. 1347-1380)

14-ാം ശതാബ്ദത്തിൽ യൂറോപ്പിൽ ക്രിസ്തീയസഭയുടെ ഒരു വെളിച്ചമായി ശോഭിച്ച ഒരു സന്യാസിനിയും ഭക്തയുമാണു സീയന്നായിലെ കാതറൈൻ. 25 മക്കളുണ്ടായിരുന്ന ഒരു തൊഴിലാളിയുടെ ഇളയ സന്താനമായിട്ടാണു് കാതറൈൻ ജനിച്ചതു്. ബാല്യത്തിൽതന്നെ ഈ പെൺകുട്ടിക്കു ദൈവികദർശനങ്ങൾ ഉണ്ടായതായും, 7-ാമത്തെ വയസ്സിൽ, ആയുസ്സു മുഴുവൻ കർത്താവിനെ പ്രതി ഒരു കന്യകയായി ജീവിച്ചുകൊള്ളാമെന്നു തീരുമാനിച്ചതായും കാണുന്നു. സാധുക്കളെയും രോഗികളെയും ശുശ്രൂഷിക്കുന്നതിൽ കാതറൈൻ പ്രത്യേകം താല്പര്യം പ്രദർശിപ്പിച്ചിരുന്നു. ഇററലിയിലെ പ്രഭുക്കന്മാർ തമ്മിലുള്ള കലഹങ്ങൾ ശമിപ്പിക്കുന്നതിനു ഈ മഹിളാരത്നം വളരെ പ്രയത്നിച്ചിട്ടുണ്ടു്.

പാപ്പാമാരുടെ അടിമത്വം അവസാനിപ്പിച്ചു, അവിഗ്നോണിൽനിന്നു് റോമാനഗരത്തിലേക്കു പാപ്പാമാരുടെ ഇരിപ്പിടം മാററുന്നതിനു് ഈ സ്ത്രീരത്നം ചെയ്ത പ്രയത്നങ്ങൾ വേറൊരു സ്ഥലത്തു സൂചിപ്പിച്ചിട്ടുണ്ടല്ലോ. എ. ഡി. 1380 ഏപ്രിൽ 29-ാം തീയതി തൻെറ 33-ാമത്തെ വയസ്സിൽ ഈ വിശുദ്ധ ത്യാഗിനി കർത്താവിൽ നിദ്ര പ്രാപിച്ചു. റോമാസഭ ഈ ഭക്തയുടെ ഓർമ്മ ആണ്ടുതോറും ഏപ്രിൽമാസം 30-ാംതീയതി കൊണ്ടാടിവരുന്നു.

## സാവനാറോളാ (എ. ഡി. 1452—1498)

പതിനഞ്ചാം ശതാബ്ദത്തിൽ സഭയെ ശുദ്ധീകരിച്ചു് ലോകത്തിൽ ഒരു ശക്തിയാക്കിത്തീർക്കുന്നതിനു് ക്രൈസ്തവ ആദർശങ്ങൾ മുൻനിറുത്തി പ്രവർത്തിച്ച ഒരു മഹാശയനാണു് സാവനാറോളാ. ഇദ്ദേഹം ഒരു ശക്തിയേറിയ പ്രസംഗകനും, സന്യാസിയും, രാജ്യതന്ത്രജ്ഞനും ആയിരുന്നു. പഴയനിയമ പ്രവാചകന്മാർക്കുണ്ടായിരുന്നതുപോലെയുള്ള നീതിതൃഷ്ണയും, ആത്മികദർശനവും ഇദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നതിനാൽ, സാവനാറോളായെ ഒരു ക്രിസ്തീയപ്രവാചകനെന്നു വിളിക്കാവുന്നതാണു്. ഫ്റാഗിറോലാമാ സാവനാറോളാ എ. ഡി. 1452-ൽ ഇററലിയിൽ ഫെറാഡാ എന്ന സ്ഥലത്തു ജനിച്ചു. തൻെറ പ്രേമഭാജനമായി വിചാരിച്ചിരുന്ന ഒരു കന്യകയെ വിവാഹം ചെയ്യുന്നതിനു് സാധിക്കാതെ വന്നതുനിമിത്തം, ലോകത്തിൻെറ കെട്ടുപാടുകൾ ഉപേക്ഷിച്ചു് 22-ാമത്തെ വയസ്സിൽ സാവനാറോളാ ഒരു ഡോമിനിക്കൻ സന്യാസമഠത്തിൽ പ്രവേശിച്ചു, തൻെറ ആയുസ്സിൻെറ ഒരു പ്രധാന ഭാഗം ഇററലിയിലെ ഒരു പ്രസിദ്ധ നഗരമായ ഫ്ളോറൻസിൽ ഒരു സന്യാസമഠത്തിൻെറ അധിപനായിട്ടാണു് കഴിച്ചതു്. പട്ടണവാസികളുടെ അഭക്തിയും ദുർമ്മാർഗ്ഗവും കണ്ടിട്ടു്, നീതിവൈരാഗ്യം പൂണ്ടു പരസ്യമായി ജനങ്ങളെ തൻെറ പ്രസംഗങ്ങൾ വഴിയായി പ്രവാചകനെപ്പോലെ അദ്ദേഹം ശാസിച്ചുതുടങ്ങി. ഫ്ളോറൻസ്റിപ്പബ്ളിക്കിൻെറ ഒരു പ്രധാന നായകനായ ലോറൻസൊ ഡിമെഡിസിയെ മുഖപക്ഷംനോക്കാതെ ശക്തിയായി പല സാ

ഗതികളിലും ഇദ്ദേഹം എതിൎത്തു. തന്റെ കുററങ്ങൾ ഏററുപറഞ്ഞു് അനുതപിക്കാഞ്ഞതുനിമിത്തം ലോറൻസോയുടെ അന്ത്യക്ലേദാശയുടെ സമയത്തു പട്ടക്കാർ സാധാരണ ഉപയോഗിക്കുന്ന പാപമോചനഅറിയിപ്പുചൊല്ലാതെസാവനാറോളാ ഇറങ്ങിപ്പോകുന്നതായി കാണുന്നു. ഇദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഫലമായി ഫ്ളോറൻസിൽ ഒരു വലിയ ആത്മിക ഉണർവ്വ് ഉണ്ടാകുന്നതിനിടയായി. അനേകർ തങ്ങളുടെ ഭവനങ്ങൾവിട്ടു് ആത്മരക്ഷയ്ക്കായി സന്യാസമഠങ്ങളിൽ പ്രവേശിച്ചു. ഉല്ലാസപ്രിയന്മാരായ യൌവ്വനക്കാരെ ചേൎത്തു് ചില പ്രത്യേക നിബന്ധനകളോടുകൂടെ ഒരു പരിശുദ്ധസമൂഹം സാവനാറോളാ സ്ഥാപിച്ചു. ആബാലവൃദ്ധം മാൎഗ്ഗകാൎയ്യങ്ങളിൽ അഭൂതപൂൎവ്വമായ താല്പൎയ്യവും തീക്ഷ്ണതയും പ്രദൎശിപ്പിച്ചു. കുറെക്കാലത്തേക്കു് ഫ്ളോറൻസ് നഗരത്തിൽ പാപ്പായ്ക്കോ രാജാവിനൊ ഉണ്ടായിരുന്നതിൽ കൂടുതൽ സ്വാധീനവും ശക്തിയും ഈ സന്യാസിശ്രേഷ്ഠനു് ലഭിച്ചിരുന്നു. ഇദ്ദേഹത്തിന്റെ കല്പനപ്രകാരം എ. ഡി. 1470-ൽ, നഗരത്തിലെ ഒട്ടുവളരെ പ്രതിമകളും ചിത്രങ്ങളും അഭക്തികരമായ പുസ്തകങ്ങളും മററു വിലപിടിച്ച പല സാധനങ്ങളും അഗ്നിക്കിരയാക്കി. മനുഷ്യരെ തിന്മയിലേക്കു വശീകരിക്കുന്ന മായ സാധനങ്ങളായിട്ടത്രെ ഇദ്ദേഹം അവയെ ഗണിച്ചിരുന്നതു്. വെനീസിലെ ഒരു കച്ചവടക്കാരൻ ഈ ചിത്രങ്ങൾക്കെല്ലാംകൂടെ 22000 സ്വൎണ്ണഫ്ളോറിൻസു കൊടുക്കാമെന്നു പറഞ്ഞിട്ടും ഈ ത്യാഗവീരന്റെ മനസ്സു മാറിയില്ല. ഇങ്ങനെ കുറേക്കാലത്തേക്കെങ്കിലും ഫ്ളോറൻസു് ഒരു പുതിയ നഗരമായിത്തീൎന്നു.

പക്ഷെ ഇദ്ദേഹത്തിന്റെ പരിഷ്കാരങ്ങൾ നീണ്ടു ഫലിച്ചില്ല, തന്റെ ശത്രുക്കളായ മെഡീസികുടുംബക്കാരും, പാപ്പായുംകൂടെ സാവനാറോളായെ ഒടുക്കുന്നതിനായി തരംനോക്കിക്കൊണ്ടിരുന്നു. അക്കാലത്തെ പാപ്പായായ അലക്സാണ്ടർ ആറാമനെപ്പോലെ അഭക്തിയും ദുൎമ്മാൎഗ്ഗവും മൂൎത്തീകരിച്ച ഒരാൾ പാപ്പാമാരുടെ സിംഹാസനത്തിൽ ഇരുന്നിട്ടില്ല. ഇദ്ദേഹത്തിന്നെതിരായി സാവനാറോള പ

രസ്യമായി പ്രസംഗങ്ങൾ ചെയ്തതിൻെറ ഫലമായി പ്പാ തൻെറ ബദ്ധശത്രുവായിത്തീർന്നു, അതോടുകൂടെ സാവനാറോളായുടെ അവസാനവും അടുത്തു. ക്രുദ്ധനായ പാപ്പാ ഇദ്ദേഹത്തെ സഭാഭ്രംശം ചെയ്കയും, എ. ഡി. 1498-ൽ ഫ്ളോറൻസിലെ ഗവമ്മെൻറ് പലവിധ പീഡകളുടെ ശേഷം ഇദ്ദേഹത്തെ തൂക്കിലിട്ടു കൊല്ലുകയും, നിന്ദാസൂചകമായ വിധത്തിൽ മൃതശരീരം അഗ്നിക്കിരയാക്കുകയുംചെയ്തു. അദ്ദേഹത്തിൻെറ രക്തസാക്ഷിമരണത്തിൻെറശേഷം 19 വഷം കഴിഞ്ഞപ്പോഴാണ് മാട്ടിൻ ലൂഥറിൻെറ നവീകരണ പ്രസ്ഥാനം ആരംഭിച്ചതു്. ഇങ്ങനെ സാവനാറോളായുടെ ചിത ക്രിസ്തീയസഭയെ ശുദ്ധീകരിക്കുന്നതിനുള്ള മൂശയായി പരിണമിച്ചു എന്നു പറയാവുന്നതാണ്.

---

# അദ്ധ്യായം 18

## നവീകരണപ്രസ്ഥാനം

ക്രിസ്തുവഷം 16-ാം ശതാബ്ദത്തിൽ യൂറോപ്പിനെ കീഴ്മേൽ മറിച്ചതും മാട്ടിൻ ലൂഥർ ജമ്മനിയിൽ ആരംഭിച്ചതും ആയ മതവിപ്ളവം ലോകചരിത്രത്തിലെ സവ്വപ്രധാനമായ സംഭവങ്ങളിൽ ഒന്നാണ്. യൂറോപ്പുചരിത്രത്തിലെ നവീനഘട്ടം ആരംഭിക്കുന്നതുതന്നെ ലൂഥറിൻെറ കാലം മുതൽക്കാണ്, ഇതിൽനിന്നു പാശ്ചാത്യ ലോകചരിത്രത്തിൽ നവീകരണ പ്രസ്ഥാനത്തിനുള്ള സ്ഥാനം വ്യക്തമാണല്ലോ. ഇങ്ങനെ പലവിധത്തിൽ പ്രാധാന്യമുള്ള പ്രസ്തുത പ്രസ്ഥാനത്തിൻെറ ആരംഭകാരണങ്ങൾ, ഗതി, ഫലങ്ങൾ എന്നിവ ചുരുക്കമായി പ്രതിപാദിക്കയെന്നുള്ളതാണ് ഈ അദ്ധ്യായത്തിൽ ഉദ്ദേശിച്ചിരിക്കുന്നതു്.

### കാരണങ്ങൾ

ലൂഥറിൻെറ നവീകരണപ്രസ്ഥാനം വിജയകരമായി തീന്നതിൻെറ ഒരു കാരണം സഭയെ അതിൻെറ പരിതാപകരമായ നിലയിൽനിന്നു് ഉദ്ധരിക്കുന്നതിനുള്ള ആകാം

ക്ഷ ലൂഥറിനെപ്പോലെ തന്നെ മററനേകക്കും അക്കാലത്തു ണ്ടായിരുന്നുവെന്നുള്ളതാണ്. ഇങ്ങനെയുള്ള പരിഷ്കാരേച്ഛുക്കളുടെ നേതാവായിതീൎന്നു നിമിത്തമത്രെ ലൂഥർ യൂറോപ്പിൽ ഒരു ശക്തിയായി തീരുന്നതിനിടയായതു്. 15-ാം ശതാബ്ദത്തിൽ സഭയിലുണ്ടായിരുന്ന അഴിമതികളും, ക്രമക്കേടുകളും എന്തെല്ലാമെന്നു് നാം ചിന്തിച്ചുകഴിഞ്ഞിരിക്കുന്നു. 16-ാം ശതാബ്ദത്തിൻെറ ആരംഭകാലത്തെന്നപോലെ, മറേറതെങ്കിലും കാലഘട്ടത്തിൽ സഭ അതിൻെറ ആദശ്ങ്ങളിൽനിന്നു വ്യതിചലിച്ച്, ഇത്രയും ഭയങ്കരമായ വിധത്തിൽ അധഃപതിച്ചിട്ടുണ്ടോ എന്നു സംശയമാണു്. പതിനഞ്ചാം ശതാബ്ദത്തിൻെറ അവസാനത്തിലും പതിനാറാം ശതാബ്ദത്തിൻെറ ആരംഭകാലത്തും ജീവിച്ചിരുന്ന പാപ്പാമാരുടെ ചരിത്രത്തെ, തുറന്നു് അളിഞ്ഞിരിക്കുന്ന ഒരു വ്രണത്തോടുപമിക്കാമെന്നു് ഡീൻ ഇങ്ങ് പറഞ്ഞിരിക്കുന്നതിൽ അതിശയോക്തി ലേശംപോലുമില്ല. അക്കാലത്തെ ചില പാപ്പാമാരുടെ ജീവചരിത്രം സാന്മാൎഗ്ഗികോദ്ദീപനങ്ങളല്ലെന്നു് റോമൻ കത്തോലിക്കു് ചരിത്രകാരന്മാർ തന്നെ വിധിച്ചിരിക്കുന്നു. അവിവാഹിതനായിരുന്ന അലക്സാണ്ടർ ആറാമൻ പാപ്പാ ഏഴ മക്കളുടെ പിതാവായി പരസ്യമായി അറിയപ്പെട്ടിരുന്നു. ഇദ്ദേഹത്തിൻെറ ഒരു മകൻ പതിനാറാമത്തെ വയസ്സിൽ സഭയിലെ ഒരു പ്രധാനവൈദികസ്ഥാനമായ കദ്ദിനാൾ പദത്തിൽ അവരോധിക്കപ്പെട്ടു. ഈ പാപ്പായാണ് സാവനറോളായെ ദഹിപ്പിക്കുന്നതിനു് ഉത്സാഹിച്ചതെന്നോക്കുമ്പോൾ, സന്മാൎഗ്ഗബോധവും പാപ്പാമാരും തമ്മിലുണ്ടായിരുന്ന സംബന്ധം ഏറെക്കുറെ മനസ്സിലാകുന്നതാണു്. 'യഥാ രാജഃ തഥാ പ്രജഃ' എന്ന പ്രമാണം അനുസരിച്ചു പട്ടക്കാരുടേയും സന്യാസിമാരുടേയും ജീവിതം എങ്ങനെയിരുന്നുവെന്നു് ഊഹിച്ചുകൊള്ളുന്നതുതന്നെ നല്ലതു്. പാപ്പാമാരുടേയും പട്ടക്കാരുടെയും ആഡംബരജീവിതത്തിനാവശ്യമായിരുന്ന പണം ഉണ്ടാക്കി വന്നതു സഭാസംബന്ധമായ കരങ്ങൾ ചുമത്തിയും കൈക്കൂലി വാങ്ങിയുമായിരുന്നു, വേണ്ടിടത്തോളം പണവുംകൊണ്ടു് റോമായിൽ ഒരാൾ ചെല്ലുന്നപക്ഷം, അവിടെവച്ചുതന്നെ,

സ്വൎഗ്ഗമോ പാപ്പാസ്ഥാനമോ പാപമോചനമോ എന്നുവേണ്ടാ അയാൾക്കുലേലത്തിൽ പിടിക്കാൻ പാടില്ലാത്ത സംഗതികൾ ചുരുക്കമായിരുന്നുവെന്നത്രെ ലൂഥർതന്നെ അഭിപ്രായപ്പെട്ടിരിക്കുന്നതു്. നമ്മുടെ നാട്ടിൽ കള്ളുചെത്തുന്നതിനുള്ള കുത്തക ലേലത്തിൽ പിടിക്കുന്നതുപോലെയാണു് അനേകരും സഭയിലെ ഓരോ സ്ഥാനങ്ങളും ഉദ്യോഗങ്ങളും സമ്പാദിച്ചതു്. സന്യാസിമാർ തന്നെയും അവരുടെ പ്രതിജ്ഞകൾ മറന്നു്, സുഖഭോഗികളും അലസരും, അജ്ഞന്മാരുമായിത്തീൎന്നു. ഇടവകപ്പട്ടക്കാരുടെ അജ്ഞതകളുംമൂഢവിശ്വാസവും നമുക്കു് വിശ്വസിക്കാൻ പാടില്ലാത്തവിധത്തിൽ ഭയങ്കരമായിരുന്നു. ഇംഗ്ലണ്ടിൽ തന്നെ കൎത്താവിന്റെ പ്രാൎത്ഥന എവിടെനിന്നു കിട്ടിയെന്നോ, ഏതു പുസ്തകത്തിൽ കൊടുത്തിരിക്കുന്നുവെന്നോ, അറിഞ്ഞുകൂടാത്ത പട്ടക്കാരുണ്ടായിരുന്നു. ബിഷോപ്പന്മാരും പട്ടക്കാരും ജനങ്ങളും തമ്മിൽ ഉണ്ടായിക്കൊണ്ടിരുന്ന ദുർവ്യവഹാരങ്ങൾക്കും കലഹങ്ങൾക്കും കൈയും കണക്കുമില്ല. ധനവാന്മാരുടെ മരണശേഷം അവരുടെ ആത്മാക്കളുടെ ശാന്തിക്കായി കുൎബ്ബാന ചൊല്ലുന്നതിനുള്ള അവകാശത്തിനായി വിവിധ പുരോഹിതസംഘക്കാർ തമ്മിൽ നടന്നിട്ടുള്ള മത്സരം ചന്ത സ്ഥലത്തെ വിലപറച്ചിലിനെ അനുസ്മരിപ്പിക്കുന്നതാണു്. ദുൎമ്മാൎഗ്ഗം, ലോകസ്നേഹം, അസൂയ, മത്സരം, എന്നുവേണ്ട, ഇരുളിന്റെ സകലവിക്രിയകളിലും ലോകമനുഷ്യരെ ലജ്ജിപ്പിക്കുന്ന വിധത്തിലുള്ള സാമൎത്ഥ്യമാണു് അക്കാലത്തെ പാശ്ചാത്യ ക്രൈസ്തവസഭ സമ്പാദിച്ചിരുന്നതു്.

സഭയുടെ ഈ ശോച്യാവസ്ഥയിൽനിന്നു് അതിനെ വിടുവിക്കുന്നതിനു് വിക്ലിഫും, ഹസ്സും ചെയ്ത പരിശ്രമങ്ങളുടെ പരാജയം നാം കണ്ടുവല്ലോ. അതിന്റെ ശേഷം ഇറാസ്മസ് എന്ന ഒരു പണ്ഡിതൻ വിദ്യാഭ്യാസ പ്രകാശത്താൽ ഈ വക ദോഷങ്ങൾ മാററാമെന്നുദ്ദേശിച്ചു പ്രവൎത്തിച്ചു. ഇദ്ദേഹം എഴുതിയിട്ടുള്ള "മൂഢതയുടെ സ്തുതി"

എന്ന പുസ്തകം പാപ്പാമാരുടെയും സാധാരണ ജനങ്ങളുടെയും അന്ധവിശ്വാസത്തെ നല്ലപോലെ ആക്ഷേപിച്ചിരുന്ന ഒരു കൃതിയാണ്. പക്ഷേ, പഴകിയ രോഗങ്ങൾ സാധാരണ മരുന്നുകൊണ്ടു ഭേദപ്പെട്ടു കേട്ടിട്ടുണ്ടോ?

## മാർട്ടിൻ ലൂഥർ (എ. ഡി. 1483—1536)

ഈ കാലത്താണു നവീകരണ നായകവീരനായ മാർട്ടിൻലൂഥർ ജർമ്മനിയിൽ ഐസ്ലേബൻ എന്ന സ്ഥലത്തു ഭൂജാതനായതു്. എ. ഡി. 1483-ൽ മാർട്ടിൻ പുണ്യവാൻെറ പെരുനാളായ നവംബർ 10-ാം തീയതി ജനിച്ചതുകൊണ്ടാണ് ലൂഥറിനു മാർട്ടിൻ എന്ന പേരുകൂടെ ലഭിച്ചതു്. എർഫർട്ട് സർവ്വകലാശാലയിൽനിന്നു എം. എ. പരീക്ഷ എ. ഡി. 1505-ൽ പാസ്സായശേഷം പിതാവിൻെറ ആഗ്രഹപ്രകാരം നിയമപരിശീലനം ആരംഭിച്ചു. പക്ഷെ തൻെറ പാപങ്ങളെക്കുറിച്ചുള്ള ബോധം ലൂഥറിനെ യൌവനാരംഭത്തിൽ തന്നെ ഭേദിച്ചുകൊണ്ടിരുന്നതിനാൽ ആത്മരക്ഷയ്ക്കായി സന്യാസവ്രതം അനുഷ്ഠിക്കുന്നതിനു ഇദ്ദേഹം നിശ്ചയിച്ചു ഒരു മഠത്തിൽ പ്രവേശിച്ചു. സ്വപ്രവൃത്തികളാൽ രക്ഷ സമ്പാദിക്കാമെന്നു ധരിച്ചിരുന്ന ഈ യുവസന്യാസി മററുള്ളവരെ അത്ഭുതപ്പെടുത്തുമാറു് നോമ്പിലും ഉപവാസത്തിലും, ത്യാഗവ്രതത്തിലും കാലം കഴിച്ചുകൂട്ടി. തന്നെത്താൻ ചമ്മട്ടികൊണ്ടു അടിച്ചു ശരീരത്തെ ദണ്ഡിപ്പിക്കയും ഉപവാസംകൊണ്ടു പലപ്പോഴും ബോധരഹിതനായി വീഴുകയും ചെയ്തിട്ടുണ്ടു്. 'സന്യസവ്രതം കൊണ്ടു ആക്കെങ്കിലും സ്വർഗ്ഗം കിട്ടിയിട്ടുണ്ടെങ്കിൽ എനിക്കു അതു കിട്ടുമായിരുന്നുവെന്നുള്ളതു തീർച്ചതന്നെ' എന്നു ലൂഥർ പിന്നീടൊരിക്കൽ പ്രസ്താവിച്ചിട്ടുണ്ടു്. പക്ഷേ കർമ്മാനുഷ്ഠാനങ്ങൾകൊണ്ടോ, സ്വന്ത നീതികൊണ്ടോ, സ്വപ്രയത്നംകൊണ്ടോ ഒരിക്കലും രക്ഷപ്രാപിപ്പാൻ കഴിയുന്നതല്ല എന്നുള്ള പരമസത്യം വി. പൌലൊസ് റോമക്കെഴുതിയ ലേഖനം പഠിച്ചുകൊണ്ടിരിക്കുന്ന സമയത്തു ഒരു മിന്നൽപോലെ, മനസ്സിൽകൂടി കടന്നു തൻെറ ആത്മതമസ്സിനെ സ്വല്പനേരത്തേക്കു നീക്കി. ഈ കാലത്തെങ്ങും ഒട്ടുംതന്നെ മനസ്സമാധാനം ലൂഥർ അനുഭവിച്ചിരുന്നില്ല.

എ. ഡി. 1508-ൽ വിററൻബഗ്ഗിൽ പുതുതായിസ്ഥാപിച്ച സവ്വകലാശാലയിൽ അറിസ്റ്റോട്ടിലിൻെറ തത്വജ്ഞാനം പഠിപ്പിക്കുന്നതിനായി ലൂഥറിനെ നിയമിച്ചു. മൂന്നു വഷംകഴിഞ്ഞു തൻെറ മഠത്തിൻെറ ഏതോ ആവശ്യംപ്രമാണിച്ചു ലൂഥർ റോമാനഗരത്തിൽ പോകുന്നതിനിടയായി. ഇദ്ദേഹം സാധാരണ പുണ്യയാത്രക്കാർ ചെയ്യാറുള്ളതിലധികം ഭക്തിബഹുമാനങ്ങളോടുകൂടെ റോമിലെ വിശുദ്ധ സ്ഥലങ്ങൾ എല്ലാം സന്ദശിച്ചു പ്രാത്ഥിക്കയും, കുർബാന കാണുകയും, നേർച്ച ഇടുകയും, മറോരോ ചടങ്ങുകൾ നിറവേററുകയും ചെയ്തു. റോമാനഗരത്തിൽ സ്ഥാപിച്ചിരുന്ന വിശുദ്ധ കല്പടകൾ (Santa Scala) ഭയഭക്തിപൂവ്വം ലൂഥർ മുട്ടുകുത്തി പ്രയാസപ്പെട്ടു കയറുന്ന സമയത്തു 'നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്നുള്ള വേദവാക്യം ഒരു ചിത്രംപോലെ ലൂഥറിൻെറ മാനസിക കണ്ണുകൾക്കു പ്രത്യക്ഷമായി. ഉടൻതന്നെ എഴുന്നേററുനിന്നു് സാവധാനത്തിൽ കല്പട വിട്ടു് ഇറങ്ങിപ്പോരുകയും ചെയ്തു. ഇതു ലൂഥറിൻെറ മാനസാന്തര സന്ദഭ്മായി ഗണിക്കാവുന്നതാണു്.

എ. ഡി. 1512-ൽ ലൂഥർ വിററൻബഗ്ഗിൽ തിരികെ വന്നു്, വൈദിക ഡാക്ടർ (പണ്ഡിതൻ) എന്ന ബിരുദു് സമ്പാദിച്ചു് സവ്വകലാശാലയിൽ വേദപുസ്തകം പഠിപ്പിക്കുന്നതിനു തുടങ്ങി. സൌജന്യമായ ദൈവകൃപ മൂലമത്രെ മനുഷ്യർ രക്ഷിക്കപ്പെടുന്നതെന്നുള്ള പുതിയനിയമസത്യം പരസ്യമായി ലൂഥർ പള്ളിയിലും സവ്വകലാശാലയിലും ഉപദേശിച്ചുതുടങ്ങിയതിൻെറ ഫലമായി ജമ്മനിയിൽ പൊതുവെ ഒരു ആത്മിക ഉണവ്വുണ്ടായി. ഇങ്ങനെ ഇരിക്കുമ്പോൾ ഉണ്ടായ ഒരു സംഭവത്തെ നവീകരണപ്രസ്ഥാനത്തിൻെറ നാന്ദിയായി ഗണിക്കാവുന്നതാണു്.

## നവീകരണോദ്യമത്തിൻെറ ആരംഭവും അനന്തരഗതിയും.

എ. ഡി. 1517 ഒക്ടോബർ 31-ാംതീയതി, വടക്കെ ജമ്മനിയിൽ, വിററൻബർഗ് എന്ന സ്ഥലത്തെ പള്ളിവാതുക്കൽ പ്രസ്തുത സ്ഥലത്തെ ഒരു വൈദികപ്രസംഗകനും സന്യാസിയുമായിരുന്ന മാർട്ടിൻ ലൂഥർ പാ

പമോചനചീട്ട വില്പനയെ ഖണ്ഡിച്ചു ചില വാദങ്ങളെഴുതി പരസ്യപ്പെടുത്തിയ സന്ദർഭമാണ് നവീകരണപ്രസ്ഥാനത്തിൻെറ ജന്മമുഹൂത്തമായി സാധാരണ ഗണിച്ചുപോരുന്നതു്: റോമാനഗരത്തിലുള്ള വി. പത്രൊസിൻെറ ദേവാലയം എന്ന പ്രസിദ്ധ പള്ളിയുടെ അററകുററപ്പണികൾക്കായി പാപ്പായായ ലിയൊ പത്താമനു കുറെ പണം ആവശ്യമായി. പള്ളിപണിക്കായി അന്നും ഇന്നും പണം പിരിക്കുന്നതു എളുപ്പമല്ലല്ലോ. ഈ സന്ദർഭത്തിൽ പാപ്പാ കണ്ടുപിടിച്ച വിദ്യയാണു പാപമോചനം വില്കുന്ന സമ്പ്രദായം. പാപ്പായുടെ ഒരു ഏജൻറായ ടെട്ട്സെൽ (Tetzel) എന്ന സന്യാസി പാപമോചനചീട്ടും * വാങ്ങി വിററൻബഗ്ഗിൽ വന്നു കച്ചവടം മുറുക്കു് തുടങ്ങി. ഭൂതകാലത്തെയും ഭാവികാലത്തെയും പാപങ്ങൾ ഒന്നുപോലെ മോചിച്ചു ആരെയും ബസ്ഫുക്കാനായിലെ അഗ്നിയിൽനിന്നു രക്ഷിക്കാൻ ശക്തിയുണ്ടെന്നു സാധാരണ ജനങ്ങൾ വിശ്വസിച്ചിരുന്ന ഈ ചീട്ടുകൾക്കു നല്ല പിരിവുണ്ടായതിൽ ആശ്ചയ്യപ്പെടാനില്ല. പാപം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമാണ് പ്രസ്തുത വാണിജ്യത്തിൻെറ ഫലമെന്നു ലൂഥറിനു മനസ്സിലായപ്പോൾ സഹിക്കവഹിയാത്ത വൈരാഗ്യത്തോടുകൂടെ മേൽ വിവരിച്ചതുപോലെ പാപമോചനചീട്ടിനെതിരായുള്ള 95 ഖണ്ഡനങ്ങൾ പരസ്യം ചെയ്തു.

ലത്തീനിൽ എഴുതിപ്പതിച്ചിരുന്ന ലൂഥറിൻെറ പ്രഖ്യാപനം രണ്ടാഴ്ചയ്ക്കകം ജമ്മൻരാജ്യമാസകലവും ഒരു മാസത്തിനകം യൂറോപ്പിൽ മുഴുവനും പ്രസിദ്ധമായി. ലൂഥറിൻെറ വീരകൃത്യത്തെക്കുറിച്ചുള്ള വത്തമാനം പാപ്പായുടെ ചെവികളിൽ എത്തി. പക്ഷേ ആദ്യം അദ്ദേഹം ഇതു വകവച്ചില്ലെങ്കിലും വേഗം മട്ടുമാറി. എ.ഡി. 1518-ൽ റോമയിൽ ചെന്നു സമാധാനം ബോധിപ്പിക്കുന്നതിനായി ലൂഥറിനു കല്പന അയച്ചെങ്കിലും സാക്സനിയിലെ പ്രഭുവിൻെറ സാമത്ഥ്യത്താൽ ലൂഥറിൻെറ വിസ്താരം ജമ്മൻരാ

---

* പാപമോചനചീട്ടിൻെറ മാതൃക അനുബന്ധത്തിൽ കാണിച്ചിരിക്കുന്നു.

ജ്യത്തുവച്ചുതന്നെ ആകട്ടെ എന്നു പിന്നീട്ട പാപ്പാ സമ്മതിച്ചു. ഓഗ്സ്ബർഗ്ഗിൽവച്ചു പാപ്പായുടെ പ്രതിനിധി ലൂഥറിനെ വിസ്തരിച്ചു ഒരു ഇടത്തുട്ടകാരൻ എന്ന പേരു സ്ഥാപിച്ചു. താൻ നിർദ്ദോഷി ആണെന്നു വാദിച്ചുകൊണ്ടു ഒരു പൊതു സുന്നഹദോസിനെ തൻെറ ഭാഗം കേൾപ്പിക്കണമെന്നു ലൂഥർ താല്പര്യപ്പെട്ടു. പാപ്പായുടെ അടുക്കൽനിന്നു നീതിപരമായ ഒരു തീരുമാനം ലഭിക്കയില്ലെന്നു ബോധപ്പെട്ടപ്പോഴാണു ലൂഥർ ഈ വിധത്തിൽ ചിന്തിച്ചതു്. എ. ഡി. 1519-ൽ ലൂഥറും, പാപ്പായുടെ ഒരു പാശ്ചവത്തിയും സമത്ഥനുമായ ജോൺ എക്ക് എന്ന ആളുമായി ലീപ്പ്സിഗ് എന്ന സ്ഥലത്തുവച്ചു ഉണ്ടായ വാദപ്രതിവാദത്തിൽ തൻെറ അഭിപ്രായങ്ങൾ ജോൺഹസ്സിൻെറ അഭിപ്രായങ്ങളോടു അനുരൂപമാണെന്നും സുന്നഹദോസുകൾക്കുതന്നെയും തെററില്ലടെന്നില്ലെന്നും, മററും എക്ക് ലൂഥറിനെക്കൊണ്ടു സമ്മതിപ്പിച്ചു ലൂഥറിനെ പരസ്യമായി ഒരു വിപ്ലവകക്ഷിയും ഇടത്തുട്ടകാരനും എന്ന കുററത്തിനു വിധേയനാക്കി. ഇതിനടുത്തുതന്നെ മൂന്നു പ്രബന്ധങ്ങൾ ലൂഥർ എഴുതി പ്രസിദ്ധപ്പെടുത്തി. അവയിൽ റോമാസഭയുടെ ഉപദേശാചാരങ്ങളെ നിർദ്ദയം നിരൂപണം ചെയ്തു അവ വേദവാക്യത്തിനും, സാമാന്യബുദ്ധിക്കു തന്നെയും പ്രതികൂലമായിട്ടുള്ളവയാണെന്നു ലൂഥർ സമത്ഥിച്ചിരുന്നു. വസ്തുമാറേറാപദേശം, പുരോഹിതന്മാരുടെ അവിവാഹിത ജീവിതത്തെക്കുറിച്ചുള്ള നിഷ്കഷ, പൌരോഹിത്യ മാദ്ധ്യസ്ഥം, പാപ്പായുടെ ശ്രേഷ്ഠാധികാരം എന്നീവക റോമാഉപദേശങ്ങൾ സ്വീകരിക്കുന്നതു അബദ്ധവും അനാവശ്യവും ആണെന്നു ലൂഥർ തെളിയിച്ചു. വസ്തുമാറോപദേശം "രാക്ഷസതുല്യമായ ഒരു കാപട്യം" (Monstrous phantom) ആണെന്നാണു ഇദ്ദേഹം പറഞ്ഞിരിക്കുന്നതു്, ഇങ്ങനെ പ്രസംഗങ്ങൾവഴിയായും പുസ്തകങ്ങൾമൂലവും റോമാസഭയെ വെല്ലുവിളിച്ചിരുന്ന ലൂഥറിനെ പാപ്പാ വെറുതെ വിട്ടേക്കുമെന്നു വിചാരിക്കാനില്ലല്ലൊ. ലൂഥറിൻെറ ഉപദേശങ്ങളെ ശപിച്ചും, ഗ്രന്ഥങ്ങൾ ചുട്ടുദഹിപ്പിക്കുന്നതിനു ജനങ്ങളെ താല്പര്യപ്പെടുത്തിയും, 60 ദിവസത്തിനകം അനുതപിക്കാത്തപക്ഷം മജി

സ്റ്റേട്ടന്മാർ മുഖാന്തരം ഇടത്തുട്ടകാക്കുള്ള മരണശിക്ഷയ്ക്കേല്പിക്കുമെന്നു ഭയപ്പെട്ടുത്തിയും, പാപ്പാ ഔദ്യോഗികമായ ഒരു ബൂളാ അയച്ചു. ധീരമാനസനായ ലൂഥർ പാപ്പായുടെ ഭീഷണികല്പ്പന തൃണവൽഗണിച്ചതേയുള്ളൂ. ഡിസംബർ 10-ാംതീയതി വിററൻബർഗ്ഗിലെ ജനങ്ങളുടെ മദ്ധ്യത്തിൽവച്ചു അദ്ദേഹം പാപ്പായുടെ കല്പ്പന എഴുതിയിരുന്ന കടലാസിനു സ്വന്ത കൈകൊണ്ടു തീ കൊളുത്തി. എന്തൊരു ധൈര്യം!

പാപ്പായുടെ അധികാരത്തെ ലൂഥർ വകവയ്ക്കുന്നില്ലെന്നു കണ്ടിട്ടു ചക്രവർത്തിയെ തൻെറ വശത്താക്കി എങ്ങനെയെങ്കിലും ലൂഥറിനെ തുലയ്ക്കാമോ എന്നു ലീയോ ആലോചിച്ചു. എ. ഡി. 1521-ൽ വേംസ് (Worms) എന്ന സ്ഥലത്തു ചാറത്സ് അഞ്ചാമൻ ചക്രവർത്തി ഒരു ഡയററു് (പാർലമെൻറു) വിളിച്ചുകൂട്ടി, ലൂഥറിൻെറ കാര്യം വിചാരണയ്ക്കെടുത്തു. പാപ്പായുടെ ഭാഗത്തുനിന്നു പ്രോസിക്കുഷ്യൻ നടത്തി. ലൂഥറിൻെറമേൽ അനേക കുററങ്ങൾ ആരോപിച്ചു. ഇവയെല്ലാം അനുതപിച്ചേററുപറയുന്നതിനു ചക്രവർത്തി തന്നെ ലൂഥറിനോടു ഗുണദോഷിച്ചപ്പോൾ 'തിരുവചനംകൊണ്ടോ, യുക്തികൊണ്ടോ എന്നെ ബോധപ്പെടുത്താത്തപക്ഷം, ഞാൻ ഒന്നും പിൻവലിക്കാൻ തയ്യാറില്ല. ഞാൻ ഉറച്ചുനില്ക്കുന്നു, എനിക്കു മറിച്ചൊന്നും ചെയ്യുന്നതിനു നിവൃത്തിയില്ല. ദൈവം എനിക്കു സഹായിക്കട്ടെ' എന്നു ലൂഥർ കൊടുത്ത മറുപടി ചരിത്രപ്രസിദ്ധമായിട്ടുണ്ടു്. പാപ്പായുടെ മുടക്കിനുംപുറമെ ചക്രവർത്തിയുടെ നിരോധനാജ്ഞയും ലൂഥറിൻെറ തലയിൽ കയറി. ലൂഥറിനെ മരണശിക്ഷയ്ക്കു വിധിച്ചു. പക്ഷേ ഇതിനിടയിൽ ചില സ്നേഹിതന്മാർ ലൂഥറിനെ രഹസ്യമായി നാടുകടത്തി വാർട്ട്ബർഗ്ഗ് എന്ന സ്ഥലത്തു പത്തുമാസക്കാലം താമസിപ്പിച്ചു. ഇവിടെവച്ചാണു ലൂഥർ വേദപുസ്തകം ജർമ്മൻ ഭാഷയിലേക്കു തർജ്ജമ ചെയ്തതു്. ഡയററു് കഴിഞ്ഞു 10 വർഷക്കാലത്തേക്കു ചക്രവർത്തി ജർമ്മനിയിൽ കാലുകുത്തിയിട്ടില്ല. ജർമ്മനിയിലെ സാമന്തരാജാക്കന്മാർ ചക്രവർത്തിയുടെ അധികാരം വിലവച്ചിരുന്നുമില്ല. അതുകൊണ്ടു ലൂഥർ സാമാന്യം ക്ഷേമത്തോടുകൂടെതന്നെ കാലം കഴിച്ചുകൂട്ടി.

വേംസിലെ വിസ്താരംമൂലം ലൂഥർ ജർമ്മൻരാജ്യത്തിൻെറ പൊതുവെയുള്ള ഒരു കണ്ണിലുണ്ണിയായിത്തീൎന്നു. ജർമ്മനിയിലുള്ള പല രാജാക്കന്മാരും സംസ്ഥാനങ്ങളും നവീകരണോപദേശങ്ങൾ ഹാർദ്ദവമായി സ്വീകരിച്ചു് ലൂഥറിൻ ഭാഗം ചേൎന്നു നിന്നു. എ. ഡി. 1526-ൽ സ്പീയർ (Speier) എന്ന സ്ഥലത്തു കൂടിയ ഒരു ഡയററിൽവച്ചു് നവീകരണാനുസരണമായ വിശ്വാസങ്ങളും ആചാരങ്ങളും സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ജർമ്മനിയിലെ ജനങ്ങൾക്കു ലഭിച്ചു. എ. ഡി. 1529-ൽ പ്രസ്തുത സ്ഥലത്തു തന്നെ കൂടിയ വേറൊരു ഡയററിൽവച്ചാണു് 'പ്രോട്ടസ്റ്റൻറു്' (പ്രതിഷേധകന്മാർ) എന്ന വാക്കു് സൃഷ്ടിച്ചതു്. ജർമ്മനി രണ്ടു കക്ഷിയായി പിരിഞ്ഞു. തെക്കെജർമ്മനി റോമാ സഭയിലും വടക്കെ ജർമ്മനി ലൂഥറിൻെറ സഭയിലും നിന്നുകൊണ്ടു് അന്യോന്യം മത്സരിക്കാനും കലഹിക്കാനും തുടങ്ങി. ഇരുകൂട്ടരും തമ്മിലുള്ള മത്സരം എ. ഡി. 1555-ൽ ഓഗ്സ്ബർഗ്ഗിൽ വച്ചുണ്ടായ ഉടമ്പടി നിമിത്തമാണു് അവസാനിച്ചതു്. പക്ഷേ ഇതിനകമായി ലൂഥർ പരലോക പ്രാപ്തനായി (എ. ഡി. 1546).

ലൂഥർ എഴുതിയ പുസ്തകങ്ങളിൽ പ്രധാനപ്പെട്ടവ താഴെ കാണുന്നവയാണു്:—

(1) എ. ഡി. 1518. 'തീരുമാനങ്ങൾ'.

(2) എ. ഡി. 1520. ജർമ്മൻരാജ്യത്തെ ക്രിസ്തീയപ്രഭുക്കന്മാരോടുള്ള ഒരു അപേക്ഷ.

(3) എ.ഡി.1520. സഭയുടെ ബാബിലോന്യ അടിമ

(4) ഒരു ക്രിസ്ത്യാനിയുടെ സ്വാതന്ത്ര്യം.

(5) കൎഷകന്മാൎക്കെതിരായുള്ള ഒരു ലഘുലേഖ.

ലൂഥറിൻെറ ചരിത്രം സവിസ്തരം പ്രതിപാദിക്കുന്നതിനു് സ്ഥലം അനുവദിക്കുന്നില്ല. സന്യാസ ജീവിതം ഉപേക്ഷിച്ചശേഷം അദ്ദേഹം വിവാഹം ചെയ്തിരുന്നുവെന്നും ആറു മക്കളുടെ പിതാവായിരുന്നുവെന്നും കാണുന്നു. ജർമ്മനിയിൽ കൃഷീവലന്മാരെല്ലാവരുംകൂടെ അവരുടെ ജന്മിമാരായ പ്രഭുക്കന്മാരുടെ അധികാരത്തെ നിഷേധിച്ചു

ലഹളയുണ്ടാക്കിയപ്പോൾ ലൂഥർ പ്രഭുക്കന്മാരുടെ ഭാഗം ചേൎന്നുനിന്നു ജനസാമാന്യത്തിനെതിരായി പ്രവൎത്തിച്ചതു തന്റെ സ്വഭാവത്തിലുള്ള ഒരു കളങ്കമായി പലരും ഗണിച്ചുവരുന്നു. ലൂഥറിനു സംഗീതത്തിൽ അസാമാന്യ വാസനയുണ്ടായിരുന്നു. അദ്ദേഹം ഉണ്ടാക്കിയ പല പാട്ടുകൾ ഇന്നും ഉപയോഗത്തിലിരിക്കുന്നു. ലോക ചരിത്രത്തിലെ മഹാ പുരുഷന്മാരിൽ ഒരാളായി ഗണിക്കപ്പെടാവുന്ന മാൎട്ടിൻ ലൂഥറിനെ ക്രിസ്തീയ സഭ കൃതജ്ഞതാ പൂൎവ്വം നിത്യം സ്മരിക്കുന്നതാണ്.

## സ്വിംഗ്ലിയും (എ. ഡി. 1484-1531)
## സ്വിററ്സർലണ്ടിലെ നവീകരണപ്രസ്ഥാനവും

സ്വിററ്സർലണ്ടിലെ നവീകരണ കൎത്താവായിത്തീൎന്നതു ലൂഥറിന്റെ കാലത്തു ജീവിച്ചിരുന്ന സ്വിംഗ്ലി എന്ന മഹാനാണ്. ഹൽഡ്റിക്ക് സ്വിംഗ്ലി എ. ഡി. 1484-ൽ ജനിച്ചു. ഇദ്ദേഹം ബാസൽ, വിയന്നാ ആദിയായ സ്ഥലങ്ങളിൽ വിദ്യാഭ്യാസം ചെയ്തശേഷം എ. ഡി. 1519-ൽ പ്രസ്തുത രാജ്യത്തെ ഒരു പ്രധാന പട്ടണമായ സൂറിച്ചിലെ പട്ടക്കാരനായിത്തീൎന്നു. 1522-ൽ സൂറിച്ചിലെ ചില പൌരന്മാർ നോമ്പിൽ ഭക്ഷിക്കരുതാത്ത ചില സാധനങ്ങൾ ഭക്ഷിച്ചുവെന്നുള്ള കുററത്തെക്കുറിച്ചു അന്വേഷണം നടത്തിയപ്പോൾ അവരെല്ലാം സ്വിംഗ്ലിയുടെ ഉപദേശം അനുസരിച്ചത്രെ സഭയുടെ ഈ വിധത്തിലുള്ള ചട്ടം കെട്ടുകളെ പ്രതിഷേധിക്കുന്നതെന്നു് പ്രത്യക്ഷമായി. സ്വിംഗ്ലി അനേക നാളുകളായി വേദപുസ്തകമാണ് ക്രിസ്ത്യാനികളുടെ നടത്തയ്ക്കു് ആധാരമായിരിക്കേണ്ടതെന്നും സഭയുടെ പാരമ്പൎയ്യങ്ങൾക്കും ഉപദേശങ്ങൾക്കും തിരുവചനത്തോടു തുല്യമായ സ്ഥാനമില്ലെന്നും സൂറിച്ചിൽ ഉപദേശിച്ചുകൊണ്ടിരുന്നു. പ്രസ്തുത കേസ് സൂറിച്ചിലെ പട്ടണവാസികൾതന്നെ സ്വിംഗ്ലിയുടെ അഭിപ്രായപ്രകാരം തീരുമാനിച്ചു. ലൂഥർ പാപമോചനചീട്ടിനെതിരായി ശബ്ദം ഉയൎത്തിയ സമയംതന്നെ സ്വിംഗ്ലി റോമാസഭയുടെ വേറൊരു ദുരാചാരമായ പുണ്യയാത്രയ്ക്കെതിരായി സ്വിററ്സർല

ണ്ടിൽ പ്രസംഗിച്ചുകൊണ്ടിരുന്നു. എ.ഡി. 1522-ൽ സ്വിംഗ്ലി റോമാസഭയുമായുള്ള ബന്ധം ഉപേക്ഷിച്ച്, സൂറിച്ചിലും സ്വിററ്സർലണ്ടിൽ പൊതുവെയും നവീകരണോപദേശങ്ങൾ പ്രചരിപ്പിച്ച് പ്രസ്തുത രാജ്യത്തെ ഒരു നവീകൃതരാജ്യമാക്കിത്തീർത്തു. പരിശുദ്ധന്മാരുടെ പ്രതിമകൾ പള്ളികളിൽനിന്നുനീക്കി. മരിച്ചവർക്കുവേണ്ടിയുള്ള കുർബ്ബാന നിർത്തലാക്കി. പരിശുദ്ധന്മാരുടെ അസ്ഥികളും, സംഗീതസാമഗ്രികളും നശിപ്പിച്ചു. പട്ടക്കാർക്കു വിവാഹം കഴിക്കുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തു. കർത്താവിന്റെ അത്താഴം അനുഷ്ഠിക്കുന്ന സമ്പ്രദായം ലളിതമാക്കിത്തീർത്തു. മാമോദീസാ, ശവസംസ്കാരം മുതലായവക്ക് ഫീസ് ആവശ്യമില്ലെന്നു തീരുമാനിച്ചു. വേദപുസ്തകം എല്ലാവരും വായിച്ചുകേൾക്കുന്നതിനും ശുശ്രൂഷാസമയത്തു സുവിശേഷവിഹിതമായ പ്രസംഗങ്ങൾ ചെയ്യുന്നതിനും വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കി. ഇങ്ങനെ പല പരിഷ്കാരങ്ങൾ നടപ്പിലാക്കിയശേഷം സ്വിംഗ്ലി എ. ഡി. 1531-ൽ പരലോകപ്രാപ്തനായി.

## ജോൺ കാൽവിൻ (എ. ഡി. 1509—1564)

സ്വിററ്സർലണ്ടു് രാജ്യത്തു് അക്കാലത്തു് ഉപയോഗത്തിലിരുന്നതു് ജർമ്മൻ, ഫ്രഞ്ചു് എന്നീ രണ്ടു ഭാഷകളാണ്. ജർമ്മൻ ഭാഷാഭിജ്ഞന്മാരായ സ്വിസ്സ് ജനങ്ങളുടെ ഇടയിൽ സ്വിംഗ്ലിയും. ഫ്രഞ്ചുഭാഷ സംസാരിച്ചുവന്നവരുടെ കൂട്ടത്തിൽ ജോൺ കാൽവിനും അത്രെ നവീകരണനേതാക്കന്മാരായിത്തീർന്നതു്.

എ. ഡി. 1509-ൽ ഫ്രാൻസിൽ പിക്കാർഡി എന്ന സ്ഥലത്തു ജനിച്ച്, പാരീസ് ആദിയായ വിദ്യാസ്ഥാനങ്ങളിൽ വച്ചു് ലത്തീൻഭാഷയും നിയമപരിജ്ഞാനവും സമ്പാദിച്ചു ലോകത്തിൽ ഒരു ഉയന്ന നില പ്രാപിക്കണമെന്നുദ്ദേശിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്ന ജോൺ കാൽവിന്റെ മനസ്സ് യൗവ്വനാരംഭത്തോടുകൂടെ മാർഗ്ഗകാര്യങ്ങളിലേക്കു ശക്തിയായി ആകർഷിക്കപ്പെട്ടു. ലൂഥറിന്റെ അഭിപ്രായങ്ങൾ ഈ സമയത്തേക്കു് യൂറോപ്പിലെങ്ങും പ്രചരി

ച്ചിരുന്നു. സഭാപരിഷ്കാരം മുൻനിറുത്തി ഈ യുവാവു് എ. ഡി. 1536-ൽ പിൽക്കാലത്തു സുപ്രസിദ്ധമായി തീ ൎന്നിട്ടുള്ളതും പ്രോട്ടസ്റ്റൻറു് മതഗ്രന്ഥങ്ങളിൽ ഇന്നും ഒരു മാന്യസ്ഥാനത്തെ അലങ്കരിക്കുന്നതുമായ 'ക്രിസ്തുമാൎഗ്ഗസ്ഥാപനകൾ' എന്ന പുസ്തകം എഴുതി പ്രസിദ്ധംചെയ്തു.

ആ വൎഷംതന്നെ ഒരു യാത്രാമദ്ധ്യേ ഇദ്ദേഹം സ്വിററ്സർലണ്ടിൽ ജനീവാ എന്ന സ്ഥലത്തു ഒരു രാത്രി താമസിക്കേണ്ടിവന്നതിനാൽ ഫാറൽ എന്ന ഒരു നവീകരണപ്രസംഗകൻെറ ഭവനത്തിൽ ചെന്നെത്തുന്നതിനിടയായി. ഈ സംഭവം കാൽവിൻെറ ചരിത്രത്തിൽ ഒരു പുതിയ ഘട്ടത്തെക്കുറിക്കുന്നതാണു്. ഫാറലിൻെറ നിർബന്ധം നിമിത്തം കാൽവിൻ അന്നുരാത്രി മാത്രമല്ല തൻെറ ശിഷ്ടായുസ്സ് മുഴുവൻ തന്നെ ജനീവായിൽ കഴിക്കുന്നതിനും സ്വപാണ്ഡിത്യം, പ്രസംഗചാതുൎയ്യം, ഭരണവൈഭവം എന്നീ വിശിഷ്ട ഗുണങ്ങൾമൂലം ജനീവായിലും സ്വിററ്സർലണ്ടിൽ പൊതുവെയും, യൂറോപ്പിൻെറ പല ഭാഗങ്ങളിലും പ്രോട്ടസ്റ്റൻറു മതത്തിനു ശരിയായ അടിസ്ഥാനമിട്ടു് കെട്ടിയുറപ്പിക്കുന്നതിനും സാധിച്ചു. ജനീവായിലെ സഭ ഒരു മാതൃകാസഭയാക്കുന്നതിനാണു് കാൽവിൻ ശ്രമിച്ചതു്. 25 വൎഷക്കാലത്തോളം, മുസ്സോലിനി ഇററലി ഭരിച്ചതുപോലെ, ജനീവാ പട്ടണത്തിൻെറ ഒരു ആത്മിക സേനാനായകനായും ജനാധിപതി (Dictator) ആയും കാൽവിൻ തൻെറ സഭ ഭരിച്ചുവന്നിരുന്നു. കാൽവിൻെറ പാണ്ഡിത്യത്തെക്കുറിച്ചുള്ള കേൾവിമൂലം നെതർലണ്ട്സ്, ഇററലി, ഇംഗ്ലണ്ട്, സ്കോട്ട്ലണ്ട് ആദിയായ രാജ്യങ്ങളിൽ നിന്നു് അനേകർ ജനീവായിൽ വന്നു അഭ്യസനം ചെയ്യുന്നതിനും അവർ മുഖാന്തരം നവീകരണ വിശ്വാസം നാനാരാജ്യങ്ങളിൽ കാലതാമസമെന്ന്യേ പ്രചരിക്കുന്നതിനും ഇടയായി. കാൽവിൻെറ പ്രത്യേക ഉപദേശങ്ങൾ എല്ലാം വിസ്തരിക്കുന്നതിനു് നിവൃത്തിയില്ലെങ്കിലും ദൈവത്തിൻെറ മുൻനിയമം, വിശുദ്ധ അത്താഴത്തിലുള്ള കൎത്താവിൻെറ ആത്മികാധിവാസം, പൌരോഹിത്യ വൎഗ്ഗത്തിൽപെട്ട ഏവൎക്കും ഉള്ള തുല്യസ്ഥാനം ആദിയായവ അദ്ദേ

ഹത്തിൻെറ ഉപദേശത്തിലെ പ്രധാനതത്വങ്ങളാണെന്നു ഓൎത്തിരിക്കുന്നതു കൊള്ളാം.

എ. ഡി. 1564 മെയ് 27-ാംതീയതി ജോൺകാൽവിൻ തൻെറ വാത്സല്യ നഗരമായ ജനീവായിൽനിന്ന് സ്വൎഗ്ഗീയ യെരുശലേമിലേക്കു വിളിക്കപ്പെട്ടു. കാൽവിനെ നവീകരണപ്രസ്ഥാനത്തിൻെറ അകപിനാസ്സ് എന്നു പറഞ്ഞുവരുന്നു. പ്രസ്ബിററീറിയൻ സഭക്കാരുടെ ഉപദേശവും ഭരണസമ്പ്രദായവും കാൽവിൻെറ ബുദ്ധിസാമൎത്ഥ്യത്തിൻെറയും ഭരണവിശേഷത്തിൻെറയും ഓൎമ്മസ്തംഭങ്ങളായി ഇപ്പോഴും ലോകമാസകലം ശോഭിക്കുന്നു.

## നവീകരണപ്രസ്ഥാനത്തിൻെറ വളൎച്ച

യൂറോപ്പിൽ പൊതുവെ നവീകരണ പ്രസ്ഥാനം വ്യാപിച്ചതു്, ജൎമ്മനി, സ്വിററ്സർലണ്ടു് എന്നീ രണ്ടു പ്രധാന രാജ്യങ്ങളിൽ നിന്നാണു്. എ, ഡി, 1537-നും 40-നും ഇടയ്ക്കു തന്നേ ലൂഥറിൻെറ ഉപദേശങ്ങൾ ഡൻമാൎക്ക്, നോർവെ, സ്വീഡൻ, ഐസ്ലാണ്ടു് എന്നീ അയൽരാജ്യങ്ങളിൽ പ്രവേശിക്കുന്നതിനും പ്രബലപ്പെടുന്നതിനും ഇടയായതു് ലൂഥറിനു ചാരിതാൎത്ഥ്യ ജനകമായ ഒരു സംഗതി ആയിരുന്നു.

ഫ്രാൻസ്സ്, ഹോളണ്ടു്, സ്കോട്ട്ലണ്ടു് എന്നീ രാജ്യങ്ങളിൽ നവീകരണവെളിച്ചം പ്രവേശിച്ചതു കാൽവിൻെറ പ്രയത്നത്തിൻെറ ഫലമായിട്ടാണു്. കാൽവിൻെറ മരണത്തിനു മുമ്പുതന്നെ ഫ്രാൻസിൽ ഒരു നവീകരണസഭ സ്ഥാപിതമായി. എ. ഡി. 1459-നും 1563-നും മദ്ധ്യേയാണു ഹോളണ്ടിൽ കാൽവിൻെറ പ്രമാണങ്ങളനുസരിച്ചുള്ള ഒരു സഭ രൂപവൽക്കരിച്ചതു്. കാൽവിൻെറ ഒരു ശിഷ്യനായ ജോൺനോക്സ്സ് എന്ന മഹാനാണു് സ്കോട്ട്ലണ്ടിലെ നവീകരണകൎത്താവു്. ഇംഗ്ലണ്ടിൽ നവീകരണം ആരംഭിച്ചതു ഹെൻറി എട്ടാമൻ രാജാവിൻെറ കാലത്താണു്. സ്വന്ത ഭാൎയ്യയെ ഉപേക്ഷിച്ചു വേറൊരു സ്ത്രീയെ പരിഗ്രഹിക്കുന്നതിനു പാപ്പാ സമ്മതിക്കാഞ്ഞതു നിമിത്തം, രാജാവു പാപ്പായോടു മത്സരിക്കയും കാലക്രമേണ നവീകരണ ഉപദേശങ്ങൾ ഇംഗ്ലണ്ടിൽ വേരൂന്നു ഇംഗ്ലീ

ഷ്ക് സഭ റോമാഭരണത്തിൽനിന്നു സ്വാതന്ത്ര്യയാകയും ചെയ്തു (എ. ഡി. 1534). ഹസ്സിൻെറ ജന്മസ്ഥലമായ ബൊഹീമിയാ, പോളണ്ടു്, ഹംഗറി എന്നീ സ്ഥലങ്ങളിലെല്ലാം 1564-ൽ ഒട്ടവളരെ പ്രോട്ടസ്റ്റൻറു് മതാനുസാരികൾ ഉണ്ടായിരുന്നു, പക്ഷേ പല കാരണങ്ങളാൽ ഒരു ശതാബ്ദത്തിനകം ഈ രാജ്യത്തിലെ മിക്ക സഭകളും ക്ഷയിച്ചുപോകുന്നതിനിടയായി.

## നവീകരണ തത്വങ്ങൾ

നവീകരണകാല ചരിത്രത്തെക്കുറിച്ചു ഇംഗ്ലീഷിൽ ഒരു പ്രസിദ്ധ കൃതി ചമച്ചിട്ടുള്ള ഡോക്ടർ ലിണ്ട്സെ എന്ന മഹാൻ താഴെപ്പറയുന്നവയാണു് നവീകരണ തത്വങ്ങളായി ഗണിച്ചിരിക്കുന്നതു്:—

1. സകല വിശ്വാസികൾക്കും പൗരോഹിത്യ സ്ഥാനമുണ്ടു്. പൌരോഹിത്യ മാദ്ധ്യസ്ഥ വിശ്വാസം വേദാനുസരണമായിട്ടുള്ളതല്ല.

2. കർമ്മാനുഷ്ഠാനങ്ങളാലല്ല, വിശ്വാസത്താലത്രെ മനുഷ്യൻ ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നതു്.

3. സഭയുടെ പാരമ്പര്യവും ചട്ടംകെട്ടുകളുമല്ല, വേദപുസ്തകമത്രെ ക്രിസ്തീയ ജീവിതത്തിൻേറയും വിശ്വാസത്തിൻെറയും ആധാരമായിരിക്കേണ്ടതു്. 'മൃഗത്തിനു പുൽത്തകിടിപോലെയും, മനുഷ്യനു വീടുപോലെയും, പക്ഷിക്കു കൂടുപോലെയും, കടൽക്കോഴിക്കു പാറപ്പിളർപ്പുപോലെയും, മത്സ്യത്തിനു നദിപോലെയും ആണു വിശ്വസിക്കുന്ന ആത്മാക്കൾക്കു തിരുവചനം' എന്നു ലൂഥർ പ്രസ്താവിച്ചിരിക്കുന്നു.

4. വിശുദ്ധ കൂദാശകളിൽവച്ചു ജ്ഞാനസ്നാനവും തിരുവത്താഴവുമാണു് പ്രധാനപ്പെട്ട രണ്ടു കർമ്മങ്ങൾ. വസ്തുമാററം എന്ന ഉപദേശം ലൂഥർ ഉപേക്ഷിച്ചിരുന്നെങ്കിലും തിരുവത്താഴത്തിൽ കർത്താവു സന്നിഹിതനാകുന്നുവെന്നു വിശ്വസിച്ചിരുന്നു. ലൂഥറിൻെറ ഈ വിശ്വാസത്തിനു യഥാർത്ഥാധിവാസവാദം (Consubstantiation) എന്നു പറഞ്ഞുവരുന്നു. തൻെറ ഓർമ്മയ്ക്കായുള്ള ഒരു ചിഹ്നം എ

ന്ന അൎത്ഥത്തിലാണ കൎത്താവിൻെറ അത്താഴത്തെക്കുറിച്ചു സ്വിംഗ്ലി പഠിപ്പിച്ചുവന്നതു്. ഈ രണ്ടു വിശ്വാസങ്ങൾക്കും മദ്ധ്യേയുള്ള ഒരു നില കാൽവിൻ അവലംബിച്ചിരുന്നു.

നവീകരണ പ്രസ്ഥാനംമൂലം പാശ്ചാത്യ ക്രിസ്തീയ സഭയ്ക്കും ലോകത്തിനു പൊതുവെയും ഉണ്ടായിരിക്കുന്ന നന്മകൾ ചുരുക്കമായി രേഖപ്പെടുത്തിയശേഷം ഈ ഭാഗം അവസാനിപ്പിക്കാം.

യേശുക്രിസ്തു തൻെറ രക്തംമൂലം നമുക്കു സാധിച്ചുതന്നിരിക്കുന്ന ആത്മികസ്വാതന്ത്ര്യം, ദൈവസന്നിധിയിൽ പാപിക്കു് അനുവദിച്ചിരിക്കുന്ന നേരിട്ടുള്ള പ്രവേശനം എന്നിവയെക്കുറിച്ചുള്ള ഉപദേശം പാശ്ചാത്യസഭയിൽ പുനർജ്ജീവിപ്പിച്ചതു നവീകരണകൎത്താക്കന്മാരാണു്. പാപ്പായുടെയോ, പരിശുദ്ധന്മാരുടെയോ ശുപാർശകൂടാതെ അനുതപിക്കുന്ന ഒരു പാപിക്കു ദൈവസന്നിധിയിൽ പ്രവേശനമുണ്ടെന്നു പുരോഹിതന്മാരുടെ അടിമയിൽ കിടന്ന ക്രിസ്തീയ സഭയ്ക്കു തെളിയിച്ചു കാണിച്ചുകൊടുത്തതു തന്നെ എത്ര മഹത്തരമായ ഒരു ആത്മികശുശ്രൂഷയാണു്! ദൈവത്തെ ആത്മാവിലും സത്യത്തിലും വന്ദിക്കേണ്ടതിൻെറ ആവശ്യം പാശ്ചാത്യലോകത്തിനു നല്ലതുപോലെ ബോധപ്പെട്ടതു നവീകരണകാലത്താണു്. വേദപുസ്തകത്തെ അതിൻെറ യഥാൎത്ഥസ്ഥാനത്തു ഉയൎത്തിവച്ചു മനുഷ്യരുടെ കാലുകൾക്കു വിളക്കും വഴിക്കു പ്രകാശവുമായിത്തീരുവാൻ തക്കവണ്ണം സഹായിച്ചിട്ടുള്ളതും നവീകരണമത്രേ. ലോകജീവിതത്തിൻെറ ശ്രേഷ്ഠത സാധാരണ മനുഷ്യരെ മനസ്സിലാക്കുന്നതിൽ നവീകരണ കൎത്താക്കന്മാർ ബദ്ധശ്രദ്ധരായിരുന്നു. ചെരുപ്പുകുത്തിയും കൊല്ലനും കൃഷിക്കാരനും ഒരുപോലെ ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട പുരോഹിതന്മാരാകുന്നുവെന്നു ലൂഥർ പറഞ്ഞിട്ടുള്ളതു ഈ അവസരത്തിൽ സ്മരണീയമാണു്. ശാസ്ത്രം തത്വജ്ഞാനം, രാഷ്ട്രീയസ്വാതന്ത്ര്യം, എന്നീ വിവിധ കലകളുടെ അഭിവൃദ്ധിക്കും ലോകത്തിൻെറ പൊതുവെയുള്ള ശ്രേയസ്സിനും നവീകരണപ്രസ്ഥാനം നിദാനമായിട്ടുണ്ടെന്നുള്ളതു് നിഷ്പക്ഷബുദ്ധികളായ ഏവരും സമ്മതിക്കുന്ന ഒരു വാസ്തവമാണു്.

# അദ്ധ്യായം 19

## എതിർ നവീകരണം

### അഥവാ

## റോമാസഭയിലുണ്ടായ ഉണർവ്വ്

മാട്ടിൻ ലൂഥറും ഇതരനവീകരണകർത്താക്കന്മാരും ആരംഭിച്ച നവീകരണപ്രസ്ഥാനത്തിൻെറ വിജയത്തിനു റോമാസഭയിൽതന്നെ കാലക്രമേണ വളൎന്നുവന്ന മതപരിഷ്കാരോദ്യമങ്ങൾ സാക്ഷിനില്ക്കുന്നു. വിക്ലിഫ്, ഹസ്സ്, ഇറാസ്മസ്സ്, ലൂഥർ എന്നിവരുടെ ശ്രമങ്ങൾ തൽക്കാലത്തേക്കു നിഷ്ഫലമായി തോന്നിയെങ്കിലും കാലാന്തരത്തിൽ ഇവരുടെ ജീവിതസാക്ഷ്യംമൂലം റോമാസഭയിൽതന്നെ നവീകരണത്തിൻെറ ആത്മാവു വ്യാപിച്ചുതുടങ്ങി. ഈ വിധത്തിൽ സഭയുടെ വിശ്വാസജീവിതങ്ങളെ നിർമ്മലീകരിച്ചു ശക്തിപ്പെടുത്തുന്നതിനും, റോമാസഭയുടെ ശത്രുക്കളായ ലൂഥർ പ്രഭൃതികളുടെ നവീകരണപ്രസ്ഥാനത്തെ പ്രതിഷേധിക്കുന്നതിനുമായി16-ാംശതാബ്ദത്തിൽ റോമാസഭയിൽ പ്രത്യക്ഷപ്പെട്ട ഒരു പരിഷ്കാരഗതിയെ ആണ് 'എതിർ നവീകരണ'മെന്ന പേരിൽ സൂചിപ്പിച്ചിരിക്കുന്നതു്.

സഭയുടെ ഉപദേശങ്ങളിൽ കടന്നുകൂടിയ മൌഢ്യങ്ങൾ നീക്കണമെന്നുള്ള ആഗ്രഹമാണ് ഈ ഉണർവ്വിൻെറ ഒരു പ്രധാന ലക്ഷണമായികണ്ടുവന്നതു്. എ.ഡി.1523-ൽ 'ദൈവസ്നേഹത്തിൻെറ പ്രാൎത്ഥനാലയം' എന്ന പേരിൽ റോമാനഗരത്തിൽ സ്ഥാപിച്ച ഒരു ചെറിയ സമൂഹത്തിൻെറ അംഗങ്ങൾ വേദപുസ്തകവും വിശുദ്ധപിതാക്കന്മാരുടെ ഗ്രന്ഥങ്ങളും ആധാരമാക്കി സഭയിൽ ഉപദേശസംബന്ധമായ പല പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനു ശ്രമിച്ചു. 'വിശ്വാസത്താലുള്ള നീതീകരണം' എന്ന നവീകരണതത്വം തന്നെ അവർ സ്വീകരിച്ചിരുന്നെന്നു പറയാം. പ്രോട്ടസ്റ്റൻറുകാരുമായി യോജിക്കുന്നതിനു ഇവർ പരിശ്രമിച്ചിട്ടുണ്ടു്. പക്ഷേ അവരുടെ ശ്രമങ്ങൾ സഫലമായില്ല. സഭയുടെ വിശ്വാസപരിഷ്കാരം സംബന്ധിച്ചു ട്രെൻറ് എന്ന സ്ഥലത്തു (എ. ഡി. 1545-1564) കൂടിയ

ഒരു കൌൺസിൽ ഒരു പ്രധാന സ്ഥാനം അർഹിക്കുന്നുണ്ട്. പ്രോട്ടസ്റ്റൻറുവിശ്വാസം തകത്തുപൊടിക്കണമെന്നായിരുന്നു ഈ കൌൺസിലിൻെറ ഒരു ദൃഢനിശ്ചയം. ഈ ഉദ്ദേശ്യം മുൻനിറുത്തി, വിശ്വാസത്താലുള്ള നീതീകരണം എന്ന ഉപദേശം, വേദപുസ്തകത്തിൻെറ ശ്രേഷ്ഠാധികാരം അയ്മേനികൾക്കു വിശുദ്ധ മേശയിൽവച്ചു അപ്പത്തോട്ടുകൂടെ വീഞ്ഞും ലഭിക്കുന്നതിനുള്ള അവകാശം ആദിയായി നവീകരണ രുചിയുണ്ടായിരുന്ന പല ഉപദേശാചാരങ്ങളെ കൌൺസിൽ നിഷേധിച്ചു, സഭയേയും, സഭാദ്ധ്യക്ഷനായ പാപ്പായേയും, സഭയുടെ പാരമ്പര്യങ്ങളേയും പഴയ വിശ്വാസാനുഷ്ഠാനങ്ങളേയും അൽപ്പം ചില പരിഷ്കാരങ്ങളോട്ടുകൂടെ അവയുടെ പൂർവ്വസ്ഥാനത്തു പ്രതിഷ്ഠിച്ചു. ട്രെൻറിലെ കൌൺസിലിൻെറ ഫലമായി മതസംഗതികളടങ്ങിയ ഒരു ചോദ്യോത്തര പുസ്തകവും അയ്മേനികൾ വായിച്ചുകൂടാത്ത പുസ്തകങ്ങളെക്കുറിക്കുന്ന ഒരു നിരോധിത പുസ്തകപ്പട്ടികയും (Index Expurgatorius) റോമാസഭയുടെ സമ്പത്തായിതീന്നിട്ടുണ്ട്.

## ഇഗ്നേഷ്യസ് ലൊയോളാ (എ. ഡി. 1491–1556)

റോമാസഭയുടെ ഉണച്ച് നാനാമുഖമായിരുന്നുവെന്നു ഇക്കാലത്തെ റോമാസഭയുടെ ഒരു നായകനായിത്തീന്ന ഇഗ്നേഷ്യസ് ലൊയോളായുടെ ചരിത്രത്തിൽനിന്നു സ്പഷ്ടമാകുന്നതാണ്. സ്പെയിനിൽ ഒരു പ്രഭുകുടുംബത്തിൽ ജനിച്ചു വളന്ന ലൊയോളാ ഒരു പടയാളിയായിട്ടാണു ജീവിതം ആരംഭിച്ചതു്. 1521-ൽ ഒരു യുദ്ധത്തിൽവച്ചു ഇദ്ദേഹത്തിനു അംഗവൈകല്യം സംഭവിക്കയും, അനന്തരം ഇദ്ദേഹത്തിൻെറ സ്വദേശി ആയിരുന്ന ഡോമിനിക്കിനെപ്പോലെ കത്താവിൻെറ ഒരു പടയാളി ആയിത്തീരുന്നതിനു നിശ്ചയിക്കയും ചെയ്തു. ലൂഥറിനെപ്പോലെ ലൊയോളായും ഒരു സന്യാസിമഠത്തിൽ പ്രവേശിച്ചു. അവിടെ താമസിച്ചുകൊണ്ടിരിക്കുമ്പോഴാണ് ദൈവം ഇദ്ദേഹത്തെ ദർശിക്കുന്നതിനിടയായതു്. ഏറെത്താമസിയാതെ തുക്കികളോട്ടു കത്താവിനെക്കുറിച്ചു പ്രസംഗിക്കുന്നതിനായി ലൊയോളാ പലസ്തീൻനാട്ടിലേക്കു തിരിച്ചു. അതു് കഴിഞ്ഞശേഷം ഒ

രു സ്കൂളിൽചേൎന്നു ലത്തീൻഭാഷ അഭ്യസിച്ചു. പ്രവൃത്തിശീലം ലൊയോളായിൽ മികച്ചിരുന്നെങ്കിലും, ഇദ്ദേഹത്തിനു സ്വഭാവസ്ഥിരതയും ഉത്സാഹബുദ്ധിയും അത്രതന്നെ ഉണ്ടായിരുന്നുവെന്നു തോന്നുന്നില്ല. സാധാരണ മനുഷ്യൎക്കില്ലാത്ത പല പ്രത്യേകതകൾ ലൊയോളായിൽ കണ്ടുവന്നിരുന്നു. അത്ഭുതകരമായ ചില ദൎശനങ്ങൾക്കു് ഇദ്ദേഹം വശംവദനായിത്തീൎന്നു. ഈ സമയത്തു ലൊയോളാ എഴുതിയിട്ടുള്ള ഒരു പുസ്തകമായ 'ആത്മികവ്യായാമം' (Spiritual Exercises) ഇന്നും പലരും വിലമതിച്ചുവരുന്നു.

എ. ഡി. 1540-ൽ ലൊയോളാ ഒൻപതു ശിഷ്യന്മാരെ ചേൎത്തു ഒരു സംഘം സ്ഥാപിച്ചു പാപ്പായുടെ അടുക്കൽ അംഗീകാരത്തിനും അനുഗ്രഹത്തിനും ആയി അപേക്ഷിച്ചു. 'യേശുസമൂഹം' (Society of Jesus) എന്നായിരുന്നു ആ സംഘത്തിന്റെ പേരു്. സാധാരണ സന്യാസിസമൂഹങ്ങളെപ്പോലെ പ്രത്യേക വേഷമോ, നിബന്ധനകളോ പ്രസ്തുത സമൂഹം ഏൎപ്പെടുത്തിയിരുന്നില്ല. പാപ്പായേയും അവരുടെ തലവനേയും അനുസരിക്കുന്നതിൽ ലൊയോളാ വളരെ നിഷ്കൎഷ കാണിച്ചിരിക്കുന്നു. പാപ്പാ ഈ സമൂഹത്തെ അംഗീകരിച്ചു അനുഗ്രഹിക്കയും ചെയ്തു.

ലൊയോളായുടെ സമൂഹാംഗങ്ങൾ വിദ്യാഭ്യാസസംബന്ധമായി യൂറോപ്പിലും ലോകത്തിൽ പൊതുവെയും സ്തുത്യൎഹമായ വിധത്തിൽ പ്രയത്നിച്ചിട്ടുണ്ടു്. ജസ്വീറ്റ്സമൂഹക്കാരുടെ സ്കൂളുകൾ യൂറോപ്പിലുള്ള ഇതര വിദ്യാലയങ്ങളെ അപേക്ഷിച്ചു എണ്ണത്തിലും കാൎയ്യക്ഷമതയിലും മുൻപിട്ടു നിന്നിരുന്നതുനിമിത്തം റോമാസഭയുടെ പ്രശസ്തിതന്നെ വൎദ്ധിക്കുന്നതിനിടയായി. വിദ്യാൎത്ഥികൾക്കു 'മാൎക്ക്' കൊടുക്കുന്ന സമ്പ്രദായം കണ്ടുപിടിച്ചതു ഇവരാണത്രെ.

വിദ്യാഭ്യാസംമൂലം യൂറോപ്പിലെ ബാലികാബാലന്മാരെ സഭയിലേക്കു ആകൎഷിച്ചതുകൊണ്ടു തൃപ്തിപ്പെടാതെ, വിദേശങ്ങളിൽ സുവിശേഷവേല ചെയ്യുന്നതിനായി മിഷനറിമാരെ അയയ്ക്കുന്നതിലും അഭിനന്ദനീയമായ ദീൎഘദൃഷ്ടിയോടും മതവൈരാഗ്യത്തോടുംകൂടെ ജസ്വീറ്റ്സമൂഹക്കാർ പ്രവൎത്തിച്ചിരുന്നു. പതിനാറാംശതാബ്ദത്തിൽ തന്നെ പശ്ചിമദ്വീപുകൾ (West Indies) മെക്സി

ക്കൊ, വടക്കെ അമേരിക്ക എന്നീ ദൂരസ്ഥലങ്ങളിൽ അനേക കത്തോലിക്ക് സന്യാസിമാർ മിഷനറിവേലക്കായി ഒരുമ്പെട്ടു. നമ്മുടെ നാട്ടിലെ സമുദ്രതീരം സന്ദർശിച്ചു ആശ്ചര്യകരമായ വിധത്തിൽ സുവിശേഷവേല നടത്തിയ ഫ്രാൻസിസ് ശൌര്യാർ (Francis Xavier) എന്ന അത്ഭുതപുരുഷൻ തന്നെ ഒരു ജസ്വിററ് മിഷനറിയും ലൊയോളായുടെ സ്നേഹിതനും ആയിരുന്നു.

ഇഗ്നേഷ്യസ് ലൊയോളാ എ. ഡി. 1556-ൽ പരലോകപ്രാപ്തനായി. റോമാസഭയുടെ ഒരു ഉദ്ധാരകനായിത്തീൎന്ന ലൊയോളായുടെ നാമം റോമൻകത്തോലിക്കൎക്ക് ഒരു പരിശുദ്ധ നാമമായി തീൎന്നിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല.

റോമാസഭയിലുണ്ടായ പുതിയ ഉണൎച്ചെക്കു 'എതിർനവീകരണ'മെന്നുള്ള പേരു് സിദ്ധിക്കുന്നതിനിടയായതു അതു പ്രോട്ടസ്റ്റൻറു് മതത്തിനെതിരായുള്ള ഒരു പ്രസ്ഥാനമായിരുന്നതുകൊണ്ടത്രെ. നവീകരണപ്രസ്ഥാനം തുലക്കുന്നതിനായി റോമാസഭ അതിൻെറ പൂൎണ്ണശക്തിയും ഉപയോഗിച്ചിരുന്നു. ഈ ഭാഗംകൂടെ നമ്മുടെ ആലോചനക്കു വിഷയമാകേണ്ടതാണു്. 'ഇൻക്വിസിഷൻ' (Inquisition) എന്ന ഭയങ്കര സംപ്രദായംമൂലം എത്ര പ്രോട്ടസ്റ്റൻറു മതാനുസാരികളെ റോമാസഭ സംഹരിച്ചിരിക്കുന്നു! ഇൻക്വിസിഷൻ എന്ന വാക്കുകൊണ്ടു അൎത്ഥമാകുന്നതു സഭാസംബന്ധമായ ഒരു കോർട്ടുമാർഷൽ, അഥവാ, സൈനികനിയമപ്രകാരമുള്ള വിസ്താരസഭ എന്നാണു്. ഇററലി, സ്പെയിൻ ആദിയായ സ്ഥലങ്ങളിൽ ഇൻക്വിസിഷൻ സ്ഥാപിച്ചതുമൂലം, അനേകായിരം പ്രോട്ടസ്റ്റൻറു കക്ഷികൾക്കു് ജീവഹാനി വരുകയും, ഒട്ടവളരെ ജനങ്ങൾ റോമാസഭയിൽ ചേരുകയും ചെയ്തിട്ടുണ്ടു്. ഇൻഡ്യയിൽ ഗോവാ എന്ന സ്ഥലത്തുതന്നെയും ഒരുകാലത്തു് ഇൻക്വിസിഷൻ മൂലമുള്ള ശിക്ഷ നടപ്പായിരുന്നു. മേൽകാണിച്ച വഴികളിലെല്ലാമാണു് റോമാസഭയിൽ 16-ാം ശതാബ്ദത്തിൽ പ്രത്യക്ഷപ്പെട്ടിരുന്ന മതതീക്ഷ്ണതയും പരിഷ്കാരേച്ഛയും ബഹിർഗമിച്ചതു്.

# അദ്ധ്യായം 20

## ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും പ്രോട്ടസ്റ്റൻറസഭകൾ

ആംഗ്ലിക്കൻ, പ്രസ്ബിററീറിയൻ, വെസ്ലിയൻ, മെത്തഡിസ്റ്റ്, എപ്പിസ്കോപ്പൽ, കോൺഗ്രിഗേഷ്യനൽ, ബാപ്റ്ററിസ്റ്റ് ആദിയായി ഒട്ടുവളരെ സഭകൾ കഴിഞ്ഞ നൂറ്, നൂററൻപതു് വർഷങ്ങൾക്കിടയിൽ ഇൻഡ്യയുടെ നാനാ ഭാഗങ്ങളിലായി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നും, ഇവയുടെ മാതൃസഭകൾ എല്ലാംതന്നെ ഇംഗ്ലണ്ട്, അമേരിക്ക ആദിയായ പാശ്ചാത്യരാജ്യങ്ങളിൽ ആണെന്നും, വായനക്കാർക്കെല്ലാം അറിവുണ്ടെന്നു് വിശ്വസിക്കുന്നു. പ്രോട്ടസ്റ്റൻറു സഭയുടെ അവാന്തരവിഭാഗങ്ങളായ പ്രസ്തുത സഭകളുടെ ഒരു ചുരുങ്ങിയ വൃത്താന്തം താഴെ ചേർത്തുകൊള്ളുന്നു:—

## 1. ആംഗ്ലിക്കൻ സഭ

ഇംഗ്ലണ്ടിലെ ഏററവും പുരാതന സഭയായ ആംഗ്ലിക്കൻ സഭ അഥവാ, ചർച്ച് ഓഫ് ഇംഗ്ലണ്ട്, ഗ്രെയിററ് ബ്രിട്ടനിലെ രാഷ്ട്രീയഘടനയിൽതന്നെ ഒരു പ്രത്യേക സ്ഥാനം സമ്പാദിച്ചിരിക്കുന്ന ഒരു മഹൽസ്ഥാപനയാണ്. വളരെക്കാലമായി ഇംഗ്ലണ്ടിലെ രാജാക്കന്മാരെ വാഴിക്കുന്നതു് കാൻറർ ബറിയിലെ ആർച്ചുബിഷോപ്പിൻെറ അവകാശമായിത്തീർന്നിട്ടുണ്ട്. തെർത്തുല്യൻെറയും ഓറിജൻെറയും കാലങ്ങളിൽ ഇംഗ്ലണ്ടിൽ ഉണ്ടായിരുന്ന സഭയെ ആംഗ്ലിക്കൻ സഭ എന്നു് ഒരർത്ഥത്തിൽ വിളിക്കാമെങ്കിലും, സാധാരണയായി നവീകരണകാലത്തോടുകൂടെ പാപ്പായുടെ അധികാരം നിഷേധിച്ചു് ഇംഗ്ലണ്ടിൽ സ്ഥാപിച്ച സഭയെയാണ് പ്രസ്തുതനാമംകൊണ്ടു് നിർദ്ദേശിക്കുന്നതു്. ഇംഗ്ലണ്ടിൽ നവീകരണം ആരംഭിച്ചതു് ഹെൻറി എട്ടാമൻ രാജാവിൻെറ കാലത്താണെന്നു മേൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ രാജാവിൻെറ പ്രേരണയാലത്രെ പാ

പ്പായുടെ ആധിപത്യം ഉപേക്ഷിച്ച് രേഖാമൂലം രാജാവിനെ സഭയുടെ തലവനായിപാർലമെൻറ് എ.ഡി. 1534-ൽ സ്വീകരിച്ചതു് (Supremacy Act). ആംഗ്ലിക്കൻ സഭയിലെ വിവിധ വകുപ്പുകളെ ഇന്നും അന്യോന്യം ബന്ധിച്ചു ഏകയോഗക്ഷേമമായി നിലനിർത്തിക്കൊണ്ടു പോരുന്ന (Book of Common Prayer) ബുക്ക് ഓഫ് കോമൺ പ്രേയർ എന്ന ആരാധനക്രമപുസ്തകവും 39Articles of Faith എന്ന മതസംഗതികളും, ഹെൻറി എട്ടാമൻെറ മക്കളും പിൻഗാമികളും ആയ എഡ്വേർഡ് ആറാമൻ രാജാവിൻെറയും (1549) എലിസബേത്ത് രാജ്ഞിയുടെയും (1563) കാലത്താണ് രൂപവല്ക്കരിച്ചതു്. ഇവയെല്ലാം ആംഗ്ലിക്കൻസഭയുടെ അടിസ്ഥാനക്കല്ലുകളായി ഗണിക്കപ്പെടാവുന്നതാണ്.

ഉപദേശസംബന്ധമായി ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയിൽ, ഹൈച്ചർച്ച്, ബ്രോഡ്ചർച്ച്, ലോചർച്ച് എന്നിങ്ങനെ മൂന്നു വിഭാഗങ്ങൾ കാണ്മാനുണ്ട്. എന്നാൽ ഈ മൂന്നു കക്ഷികളും ആംഗ്ലിക്കൻസഭയുടെ അദ്ധ്യക്ഷന്മാരായി കാൻറർബറിയിലെയും യോർക്കിലെയും ആർച്ചുബിഷോപ്പന്മാരെയും വിശ്വാസാധാരമായി മേൽപറഞ്ഞ മതസംഗതികളെയും പൊതുവിൽ സ്വീകരിക്കുന്നുണ്ടെന്നു് വിശേഷാൽ പ്രസ്താവയോഗ്യമാണ്. പാർലമെൻറു് ഇംഗ്ലണ്ടിലെ ഏകസഭയായി ആംഗ്ലിക്കൻസഭയെ നിയമപ്രകാരം അംഗീകരിച്ചതു നിമിത്തമാണ് (Established Church of England) ചർച്ച്ഓഫ്ഇംഗ്ലണ്ട്എന്ന അപരനാമം ഈ സഭയ്ക്കു ലഭിച്ചിരിക്കുന്നതു്. 16-ാംശതാബ്ദംമുതൽ ഭരണസംബന്ധമായിഇംഗ്ലണ്ടിലെ ഗവണ്മെൻറിൻെറ ഒരു വകുപ്പ്എന്നപോലെ ആംഗ്ലിക്കൻസഭ ഗണിക്കപ്പെട്ടു വരുന്നു. ഒരു പുതിയ ആർച്ചുബിഷോപ്പിൻെറ നിയമനം, സഭയിലെ ഒരു നല്ലപങ്ക് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, പള്ളികളുടെ മേൽനോട്ടം ആദിയായവ ഗവണ്മെൻറുതന്നെ വഹിച്ചുവരുന്നു. പാർലമെൻറിലെ പ്രഭുസഭയിൽ ബിഷോപ്പന്മാർക്കു സാമാജികന്മാരാകുന്നതിനുള്ള അവകാശം ഉണ്ട്. ഗവണ്മെൻറും സഭയും തമ്മിലുള്ള ഔദ്യോഗി

കബാന്ധവം നിൎത്തിവയ്ക്കുന്നതിനു് ആധുനികകാലത്തു പലവിധത്തിലുള്ള ശ്രമങ്ങൾ സഭയിൽ നടന്നുവരുന്നുണ്ടു്.

കാൻററ്ബറി ആൎച്ച്ബിഷോപ്പിൻെറയും യോൎക്കിലെ ആൎച്ച്ബിഷോപ്പിൻെറയും ഭരണസീമയിൽ യഥാക്രമം നാല്പത്തിമൂന്നും പതിമൂന്നും എപ്പിസ്കോപ്പൽ ഇടവകകൾ ഉൾപ്പെട്ടിരിക്കുന്നു. ഇടവകബിഷോപ്പന്മാരും ഇതര വൈദികന്മാരുടെ പ്രതിനിധികളും അടങ്ങിയ ഒരുകൊൺവൊക്കേഷ്യൻ (Convocation) എന്നും, വൈദികാത്മായ പ്രതിപുരുഷന്മാരുൾപ്പെട്ട നാഷ്യനൽ അസ്സംബ്ളി (National Assembly) എന്നും രണ്ടു ഭരണസമിതികളാണു് സഭയ്ക്കുള്ളതു്.

ആംഗ്ലിക്കൻസഭയിലെ സുവിശേഷ സമൂഹങ്ങളായ ചൎച്ച് മിഷനറി സൊസൈററി (സി. എം. എസ്സ്), സുവിശേഷ പ്രചരണസംഘം (എസ്സ്. പി. ജി. 1701), Society of St. John the Evangelist, Oxford Mission ആദിയായ സുവിശേഷസംഘങ്ങളുടെ പ്രവൎത്തനഫലമായി ഇൻഡ്യാ, ചൈനാ, ആഫ്രിക്ക, അമേരിക്ക മുതലായ രാജ്യങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ആംഗ്ലിക്കൻ സഭകൾക്കും ചൎച്ച്ഓഫ്ഇംഗ്ലണ്ടു് എന്ന പൎയ്യായനാമം ഉപയോഗിച്ചുവരാറുണ്ടു്. ബ്രിട്ടീഷ് സാമ്രാജ്യത്തോടു് രാഷ്ട്രീയബന്ധം ഉള്ള കാനഡാ, ഓസ്ത്രേലിയാ, സിലോൺ മുതലായ രാജ്യങ്ങളിൽ ഗ്രെയിററു്ബ്രിട്ടനിൽനിന്നു ജനങ്ങൾ കുടിയേറി പാൎക്കുകയാൽ, അവിടവിടെ ചൎച്ച് ഓഫ് ഇംഗ്ലണ്ടിൻെറ ശാഖകൾ ഉണ്ടായിട്ടുണ്ടു്. ഇങ്ങനെയുള്ള സഭകൾക്കു് ഒരു വിധത്തിൽ ഈ പേരു് അന്വൎത്ഥം തന്നെ.

ഈസ്റ്റ്ഇൻഡ്യാ കമ്പനിയുടെ ചാപ്ലേന്മാരെ ഇൻഡ്യയിലെ ആംഗ്ലിക്കൻ സഭയുടെ പ്രാരംഭപ്രവൎത്തകന്മാരായി ഗണിക്കാവുന്നതാണു്. എന്നാൽ എ. ഡി. 1814-ൽ ബിഷോപ്പു് മിഡിൽട്ടൻ കല്ക്കട്ടായിലെ ഒന്നാമത്തെ ബിഷോപ്പായി നിയമിക്കപ്പെട്ടതോടുകൂടെ സഭ ക്രമപ്രവൃദ്ധമായ വളൎച്ച പ്രാപിച്ചുതുടങ്ങി. ഒരു കാലത്തു് സിലോൺ, മലയാസംസ്ഥാനം, ഓസ്ത്രേലിയാ എന്നീ രാജ്യങ്ങ

ളെല്ലാം കല്ക്കട്ടായിലെ ബിഷോപ്പിൻെറ ഇടവകാതിർത്തിയിൽ ഉള്ളടങ്ങിയിരുന്നു. കാലക്രമേണ ഭരണസൌകര്യം പ്രമാണിച്ച് ഓരോ ബിഷോപ്പന്മാരുടെ കീഴിൽ പുതിയ ഇടവകകൾ സൃഷ്ടിക്കപ്പെട്ടു. കല്ക്കട്ടായിലെ ബിഷോപ്പും ഇൻഡ്യയുടെ മെത്രാപ്പോലീത്തായും ആയിരുന്ന മോസ്റ്റ് റവ. ഡാക്ടർ വെസ്റ്റ്കൊട്ടിൻെറ ഭരണപരിധിയിൽ മദ്രാസ് (1835), ബോംബെ (1837), കൊളംബ് (1845), റംഗൂൺ, ലാഹോർ (1877), തിരുവിതാംകൂർ (1879), തിരുനെൽവേലി (1896), ചൊട്ടാനാഗപ്പൂർ (1890), ലക്ക്നൌ (1893), നാഗപ്പൂർ (1902), ആസ്സാം (1914), ഡോർണക്കൽ (1912), നാസിക്ക് (1929) എന്നിങ്ങനെ പതിമ്മൂന്ന് എപ്പിസ്കോപ്പൽ ഇടവകകൾ അടങ്ങിയിരിക്കുന്നു. * എപ്പിസ്കോപ്പൽ സുന്നഹദോസ്, ജനറൽ കൌൺസിൽ എന്നീ രണ്ടു സമാജങ്ങൾ വഴിയായിട്ടത്രെ സഭാഭരണം നടന്നുവരുന്നത്. ഇൻഡ്യയിലെ ആംഗ്ലിക്കൻ സഭ മാതൃസഭയുടെ അധികാരത്തിൽനിന്നു കാലക്രമേണ വിമുക്തയായി ഒരു സ്വതന്ത്ര ദേശീയസഭയായിതീരുന്നതിനു ചെയ്തുകൊണ്ടിരിക്കുന്ന ശ്രമങ്ങൾ സ്തുത്യർഹമത്രെ. 1930 മാർച്ചുമാസം മുതൽ ചർച്ച് ഓഫ് ഇംഗ്ലണ്ട് എന്ന പേർ ഉപേക്ഷിച്ചു 'ചർച്ച് ഓഫ് ഇൻഡ്യ, ബർമ്മ, സിലോൺ' എന്ന പുതിയ പേരു പാർലമെൻറ് അനുമതിവാങ്ങി ഉപയോഗിച്ചുവരുന്നുവെന്നുള്ളത് ഈ തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്.

---

* ഇവയിൽ മദ്രാസ്, ജാഫ്നാ, തിരുവിതാംകൂർ, തിരുനൽവേലി, ഡോർനക്കൽ എന്നീ മഹാഇടവകകൾ സി. എസ്. ഐയുടെ രൂപീകരണത്തോടുകൂടെ ആംഗ്ലിക്കൻസഭയുമായുള്ള ബന്ധത്തിൽനിന്നു വേർപെടുകയുണ്ടായി. ആംഗ്ലിക്കൻസഭയുടെ ഇപ്പോഴത്തെ മെത്രാപ്പോലീത്താ റൈററ് റവ. എ. എൻ. മുക്കർജി തിരുമനസ്സുകൊണ്ടാകുന്നു. ഇപ്പോൾ ഈ സഭയ്ക്കു 20 മെത്രാസന ഇടവകകളും 20 മെത്രാന്മാരും അത്രെ ഉള്ളൂ. (Ed)

## 2. പ്രസ്ബിററീറിയൻ സഭ

ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ ഇംഗ്ലണ്ടിൽ ആംഗ്ലിക്കൻ സഭയ്ക്കുള്ള സ്ഥാനമാണ് സ്കോട്ട്ലണ്ടിൽ പ്രസ്ബിററീറിയൻസഭയ്ക്കു് ലഭ്യമായിരിക്കുന്നതു്. ആംഗ്ലിക്കൻസഭയും പ്രസ്ബിററീറിയൻ സഭയും തമ്മിൽ വിശ്വാസം, ഭരണക്രമം എന്നീ സംഗതികളിൽ ഗണ്യമായ വ്യത്യാസം ഉണ്ടു്. ഇംഗ്ലണ്ടിൻെറ അയൽ രാജ്യമായ സ്കോട്ട്ലണ്ടിൽ ഈവിധത്തിലുള്ള ഒരു സഭ ഉണ്ടായതെങ്ങനെയെന്നു് ചിന്തിക്കാം.

ജോൺ കാൽവിൻെറ ശിഷ്യനായ ജോൺനോക്സ് (Knox) മൂലമാണ് സ്കോട്ട്ലണ്ടിൽ നവീകരണോപദേശങ്ങൾ പ്രവേശിച്ചതെന്നു് നാം കണ്ടുവല്ലോ; നവീകരണപ്രചാരകനും നായകനും ആയ ഇദ്ദേഹത്തിനു സ്കോട്ട്ലണ്ടുചരിത്രത്തിൽ ഒരു മാന്യസ്ഥാനം ലഭിച്ചിട്ടുണ്ടു്. പലവിധ പരാജയങ്ങളുടെശേഷം നോക്സിൻെറ സ്വാധീനംമൂലം സ്കോട്ട്ലണ്ടിലെ പാർലമെൻറു് റോമാമതം ഉപേക്ഷിച്ചു് നവീകരണ മതവിശ്വാസം സ്കോട്ട്ലണ്ടിൻെറ അംഗീകൃതവിശ്വാസമായി എ. ഡി. 1560-ൽ സ്വീകരിച്ചു; അതേവഷംതന്നെ സ്കോട്ട്ലണ്ടിലെ ഒന്നാമത്തെ ജനറൽ അസംബ്ളി (പൊതുസഭായോഗം) ഭരണക്രമം സംബന്ധിച്ച ചില നിബന്ധനകൾ ഉണ്ടാക്കി പാർലമെൻറിനു സമപ്പിക്കയും ചെയ്തു. എ. ഡി. 1564-ലാണ് 'നോക്സിൻെറ തക്സാ' എന്നു് ഇപ്പോൾ അറിഞ്ഞുവരുന്ന ഒരു ആരാധനക്രമം ജനറൽ അസംബ്ളി അംഗീകരിച്ചതു്. നോക്സിൻെറ കാലം കഴിഞ്ഞു് (എ. ഡി. 1572) ഇംഗ്ലണ്ടും സ്കോട്ട്ലണ്ടും ഒരു രാജാവിൻെറ ഭരണത്തിൻ കീഴ് വന്നതോടുകൂടെ, ഇംഗ്ലണ്ടിലെ ഗവമ്മെൻറു് ഇംഗ്ലീഷ് സഭാഭരണക്രമവും വിശ്വാസരീതിയും സ്കോട്ട്ലണ്ടിൽ പ്രബലപ്പെടുത്തുന്നതിന് ശ്രമിച്ചെങ്കിലും, കാൽ

വിനിൽനിന്നു് ജോൺനോക്സ് വഴിയായി ലഭിച്ച പ്രസ് ബിററീറിയൻ വിശ്വാസാചാര സമ്പ്രദായങ്ങൾ സ്കോച്ചു് ജനങ്ങൾ മുറുകെ പിടിച്ചിരുന്നു. തന്നിമിത്തം പ്രസ്ബിററീറിയൻ വിശ്വാസത്തിൻെറ അസ്ഥിവാരങ്ങളായി ഗണിക്കപ്പെടാവുന്ന Westminster Confession, Directory of Worship, Shorter and Larger Catechisms എന്നീ ചരിത്രപ്രസിദ്ധങ്ങളായ വിശ്വാസരേഖകൾ എ. ഡി. 1644-നും 1648-നും ഇടയ്ക്കു് സൃഷ്ടിക്കപ്പെടുന്നതിനും മനസ്സില്ലാമനസ്സോടെയെങ്കിലും ബ്രിട്ടീഷ് ഗവമ്മെൻറ് അവയെ സ്വീകരിക്കുന്നതിനും ഇടയായി. ക്രിസ്ത്വാബ്ദം 1661-ൽ ആണു് പാർലമെൻറു നിയമപ്രകാരം പ്രസ് ബിററീറിയൻ സഭയെ സ്കോട്ട്ലണ്ടിലെ വ്യവസ്ഥാപിത സഭയാക്കി (Established Church of Scotland) തീൎത്തതു്.

പ്രസ്ബിററീറിയൻ സഭയുടെ ചില പ്രത്യേക ലക്ഷണങ്ങൾ കൂടെ ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഒന്നാമതായി, അതു് സാധാരണ അത്ഥത്തിലുള്ള ഒരു എപ്പിസ്കോപ്പൽ സഭയല്ല. മൂപ്പന്മാരാൽ ഭരിക്കപ്പെടുന്ന ഒരു സഭയെന്നാണു് പ്രസ്ബിററീറിയൻ സഭ എന്നു കേൾക്കുമ്പോൾ ധരിക്കേണ്ടതു് (പ്രസ്ബിററർ=മൂപ്പൻ), സഭയിലെ പട്ടക്കാരുടെ സ്ഥാനത്തുള്ളവൎക്കു മാത്രമല്ല, അത്മായ പ്രതിപുരുഷന്മാൎക്കും മൂപ്പന്മാർ എന്നുള്ള പേരുണ്ടു്. സഭാഭരണം സംബന്ധിച്ചു സഭാംഗങ്ങളായ അത്മായക്കാൎക്കു ശുശ്രൂഷകന്മാരായ മൂപ്പന്മാരോടു തുല്യമായ ഒരു സ്ഥാനമുണ്ടെന്നും, സഭയുടെ തലവൻ ജനങ്ങളാൽ ഒരു നിശ്ചിത കാലത്തേക്കു തിരഞ്ഞെടുക്കപ്പെടുന്ന ഒരു മൂപ്പൻ ആണെന്നും ഉള്ളതു് വ്യക്തമാണു്. ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന ആളിനു മോഡറേററർ (Moderator) എന്ന പേരു ലഭിക്കുന്നു.

ഇംഗ്ലണ്ടു്, ഫ്രാൻസ്, സ്വിററ്സർലണ്ടു്, നെതർലണ്ട്സ്, ഹംഗറി, അമേരിക്ക എന്നീ സ്ഥലങ്ങളിലും സ്കോട്ട്ലണ്ടിലെ പോലെതന്നെ പ്രസ്ബിററീറിയൻ സഭാശാഖകൾ കാലക്രമേണ സ്ഥാപിതമായി. സുവിശേഷസമ്മ

ഹങ്ങളുടെ പ്രവൎത്തനഫലമായി ഇപ്പോൾ ഇൻഡ്യ, ചൈന, ആഫ്രിക്ക ആദിയായ പൌരസ്ത്യ രാജ്യങ്ങളിലും പ്രസ്തുത സഭയുടെ അംഗങ്ങളെ കാണ്മാനുണ്ട്.

ചർച്ച് ഓഫ് സ്കോട്ട്ലണ്ടു കൂടാതെ അടുത്തകാലം വരെ പ്രസ്ബിറററിയൻ സഭയുടെ അവാന്തരവിഭാഗങ്ങളായ പല സഭകൾകൂടെ യോജിച്ച് ഫ്രീചൎച്ച് ഓഫ് സ്കോട്ട്ലണ്ടു എന്ന പേരിൽ ഒരു സ്വതന്ത്ര്യസഭയും നിലനിന്നിരുന്നു. എന്നാൽ 1928-ൽ ഈ രണ്ടു സഭകളുംകൂടെ ഒന്നായി ചേൎന്നതു നിമിത്തം പ്രസ്ബിറററിയൻ വിശ്വാസമുള്ള ഒററ ഒരു സഭ മാത്രമേ ഇപ്പോൾ അവിടെയുള്ളു. ഇതു് സഭാപുനരൈക്യ പ്രവൎത്തകന്മാൎക്ക് ധൈൎയ്യപ്രദമായ ഒരു സംഗതിയാണ്.

## 3 മെതഡിസ്ററു സഭ

സഭാംഗങ്ങളുടെ സംഖ്യ നോക്കുന്ന പക്ഷം ഇന്നു ലോകത്തിലെ ഏററവും വലിയ പ്രോട്ടസ്റ്റൻറുസഭ എന്ന പ്രൌഢസ്ഥാനം പ്രാപിച്ചിരിക്കുന്ന മെതഡിസ്റ്റ് (വെസ്ലിയൻ) സഭ 18-ാം ശതാബ്ദത്തിൽ ഇംഗ്ലണ്ടിൽ ജോൺവെസ്ലി എന്ന മഹാപുരുഷൻെറ പ്രയത്നഫലമായി ഉണ്ടായിട്ടുള്ളതാണ്. പതിനെട്ടാം ശതാബ്ദത്തിലെ ഏററവും ശക്തിയേറിയ മനസ്സ് വെസ്ലിയുടേതായിരുന്നുവെന്നു ഇംഗ്ലീഷ് കവിയായ സത്തിയും, 'ഇംഗ്ലണ്ടിൽ മാത്രമല്ല ക്രൈസ്തവലോകത്തിൻെറ മാൎഗ്ഗസംബന്ധമായ ചരിത്രത്തിലും തൻെറ ജീവിതത്താലും പ്രവൃത്തികളാലും സ്ഥാനം പിടിച്ചിരിക്കുന്ന ഒരു അസാധാരണ മനുഷ്യൻ' എന്നു് പ്രധാനമന്ത്രിയായിരുന്ന ഗ്ലാഡ്സ്റ്റനും ജോൺവെസ്ളിയെക്കുറിച്ചു സാക്ഷിച്ചിരിക്കുന്നതിൽനിന്നു ഇദ്ദേഹത്തിൻെറ മാഹാത്മ്യം ബോധ്യപ്പെടുന്നതാണ്.

മെതഡിസ്റ്റ് സഭയുടെ പൂർവകാല ചരിത്രവും വെസ്ലിയുടെ ജീവിതവും തമ്മിൽ അവിഭാജ്യമായ ഒരു സംബന്ധം ഉള്ളതിനാൽ അദ്ദേഹത്തിൻെറ ജീവതകഥ ചുരുക്കമായി താഴെ ചേൎത്തുകൊള്ളുന്നു:—ഇംഗ്ലണ്ടിൽ ലിങ്കൻ

ഷയറില്ലുള്ള എപ്പ്വത്ത് (Epworth) എന്ന സ്ഥലത്തു എ. ഡി. 1703-ൽ ഒരു ആംഗ്ലിക്കൻ വൈദികൻെറ മക നായി ജോൺവെസ്ലി ഭൂജാതനായി. ദൈവഭക്തിയുള്ള മ നുഷ്യർക്കെല്ലാം ദൈവഭക്തിയുള്ള മാതാക്കളും ഉണ്ടായിരു ന്നു' എന്നു സാധു സുന്ദരസിംഗ് ഒരിക്കൽ പറഞ്ഞിട്ടുള്ള അഭിപ്രായത്തിനു വെസ്ലി ഒരു നല്ല ഉദാഹരണമാണു്. സ്വരാജ്യവും കുടുംബവും ബന്ധുമിത്രാദികളെയും വിട്ടുപി രിഞ്ഞു അമേരിക്കയിലെ കാട്ടുജാതികളുടെ ഇടയിലേക്കു ഒരു മിഷനറി ആയി പോകുന്നതിനുള്ള താല്പര്യം ജോൺ വെസ്ലി പ്രദർശിപ്പിച്ചപ്പോൾ, മാതാവു വിസമ്മതിച്ചില്ല. എന്നു മാത്രമല്ല, 'എനിക്കു് ഇരുപതു മക്കളുണ്ടെങ്കിൽ അ വരെല്ലാം മിഷനറിമാരാകുന്നതിൽ കൂടുതൽ സന്തോഷം എനിക്കുണ്ടാവാനില്ല' എന്നു പറഞ്ഞു മകനെ പ്രോത്സാ ഹിപ്പിക്കയും ചെയ്തു. ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം വെസ്ലി പട്ടമേററു. തൻെറ പിതാവിൻെറ ഇടവകയിൽ കുറെക്കാലം ജോലി നോക്കി. എ, ഡി. 1729-ൽ തിരികെ ഓക്സ്ഫോർഡിൽ ഒരു ട്യൂട്ടറായി വന്നു ചേർന്നപ്പോൾ കുറെ സ്നേഹിതന്മാരെ ചേർത്തു് പുതിയനിയമം പഠിക്കുന്നതിനും, പ്രാർത്ഥിക്കുന്ന തിനും, രോഗികളെ സന്ദർശിക്കുന്നതിനും മററുമായി ഒരു ചെറിയ സംഘം ആരംഭിച്ചു. ഓക്സ്ഫോർഡിലെ വിദ്യാ ർത്ഥികൾ ഇവരെ ആക്ഷേപിച്ചു വിളിച്ചുവന്ന "മെതഡി സ്റ്റ്" ("ക്രമത്തിൽ നിഷ്കൃഷ്ടയുള്ളവർ") എന്ന പേരാണു് കാലാന്തരത്തിൽ വെസ്ലിയുടെ സഭാനാമധേയമായി തീരു ന്നതിനിടയായതു്. വെസ്ലിയോടുകൂടെ പിൽക്കാലങ്ങളിൽ സുവിശേഷവേല ചെയ്തുകൊണ്ടുവന്ന സ്വസഹോദരനും- പ്രസിദ്ധ ഗായക കവിയും ആയ ചാറത്സ് വെസ്ലിയും, സു പ്രസിദ്ധ ഉണർവ്വു പ്രസംഗകനായ ജോർജ്ജ്‌വിററു് ഫീൽഡും ഈ പ്രാർത്ഥനക്കൂട്ടത്തിൻെറ അംഗങ്ങളായിരുന്നു.

സുവിശേഷവേലയിലുള്ള താല്പര്യംനിമിത്തം വെസ്ലി സഹോദരന്മാർ രണ്ടുപേരുംകൂടെ ഓക്സ്ഫോർഡ് വിട്ടു് അമേരിക്കയിലേക്കു യാത്രയായി. അമേരിക്കരെ മാനസാ ന്തരപ്പെടുത്തുന്നതിനു ഒരുങ്ങിപ്പുറപ്പെട്ട താൻതന്നെ മാന സാന്തരപ്പെട്ടിരുന്നില്ല എന്നു ജോൺവെസ്ലി പിന്നീടൊ

രിക്കൽ പറഞ്ഞിട്ടുണ്ടു്. തങ്ങളുടെ പ്രയത്നം സഫലമാകാതെ, വെസ്ലിസഹോദരന്മാർ തിരികെ ഇംഗ്ലണ്ടിൽ വന്നു ചേൎന്നു. ഈ യാത്രയിൽവച്ചു വെസ്ലി മൊറോവ്യൻ സഹോദരന്മാരെ കണ്ടുമുട്ടിയതു നിമിത്തം തനിക്കു ജീവിതത്തിൽ ഒരു പുതിയ ദൎശനം ലഭിച്ചു. വെസ്ലി ഒരു ഹൈച്ചർച്ചുകാരനായി വളൎന്നുവന്നിരുന്നു എന്നും, അദ്ദേഹത്തിൻെറ ദൈവഭക്തിക്കും ദൈവവിശ്വാസത്തിനും ഒരു ഹൈച്ചർച്ചുഗതിയുണ്ടായിരുന്നുവെന്നും, ഓൎക്കേണ്ടതാണു്. ദൈവവുമായുള്ള കൂട്ടായ്മ, പാപബോധം, രക്ഷാനിൎണ്ണയം, ഇവ കൂടുതൽ യഥാൎത്ഥമായി തീരുന്നതിനു് വെസ്ലി ആഗ്രഹിച്ചുകൊണ്ടിരുന്നു. മൊറേവ്യരുമായുള്ള സംസൎഗ്ഗ ഫലമായി തൻെറ ദൈവവിശ്വാസം കേവലം ബലഹീനമായിട്ടുള്ളതെന്നു ബോധ്യമായി. ഇങ്ങനെ ഹൃദയത്തിൽ നൊമ്പരപ്പെട്ടുകൊണ്ടിരിക്കുന്ന സമയത്തു ഒരു ആംഗ്ലിക്കൻ സഭായോഗത്തിൽ ജോൺവെസ്ലി പോകുന്നതിനും അവിടെവച്ചു റോമരുടെ ലേഖനത്തിനു ലൂഥർ എഴുതിയ വ്യഖ്യാനം വായിച്ചുകേൾക്കുന്നതിനും ഇടയായി. ക്രിസ്തുവിലുള്ള വിശ്വാസംമൂലം ലഭിക്കുന്ന രക്ഷയെക്കുറിച്ചു കേട്ട ഉടൻതന്നെ വെസ്ലി കൎത്താവിനു തൻെറ ഹൃദയംകൊടുത്തു. ദൈവം തൻെറ പാപം അശേഷമായി കഴുകിക്കളഞ്ഞിരിക്കുന്നു എന്നുള്ള ബോധവും തൽക്ഷണം അനുഭവമായി. വെസ്ലിയുടെ മാനസാന്തരദിവസമായ എ; ഡി. 1738 മെയ്24-ാം തീയതി ഇംഗ്ലീഷ് ചരിത്രത്തിൽ ഒരു പുതിയ ദശ ആരംഭിച്ചുവെന്നു പ്രസിദ്ധ ചിന്തകനായ ലക്കി (Lecky) പറഞ്ഞിരിക്കുന്നു.' മെതഡിസ്റ്റ് സഭയുടെ ജന്മദിവസവും അതുതന്നെ ആയിരുന്നു.

ജോൺ വെസ്ലി, ചാറത്സ്‌വെസ്ലി, വിററ്ഫീൽഡ് എന്നീ മൂവരുംകൂടെ ഇംഗ്ലണ്ടിൻെറ നാനാഭാഗത്തും ഉണൎവ്വു് പ്രസംഗങ്ങൾ നടത്തി അനേകരിൽ മതസംബന്ധമായ ഒരു പുതിയ തീക്ഷ്ണത ഉളവാക്കി. എ. ഡി. 1740-ൽ ലണ്ടനിൽ വെസ്ലി ഒരു മെതഡിസ്റ്റ് സമൂഹം ഏൎപ്പെടുത്തി. വീണ്ടും ജനിച്ചവരെ മാത്രമാണു് ഇതിൻെറ അംഗങ്ങളായി ചേൎത്തതു്. ഇതുപോലെയുള്ള സമൂഹങ്ങൽ അവിടവിടെയായി കാലക്രമേണ വൎദ്ധിച്ചുവന്നു. അനുഭവ

സാക്ഷി പറയുക, സുവിശേഷവേല ചെയ്ക, അന്യോന്യം ബുദ്ധിയുപദേശിക്കുക ഇവയെല്ലാമാണു് ഇങ്ങനെയുള്ള സമൂഹങ്ങളുടെ പ്രധാന ഉദ്ദേശ്യമായി ഗണിച്ചിരുന്നതു്. വെസ്ലി ആദ്യന്തം ആംഗ്ലിക്കൻസഭയുടെ അംഗമായിരിക്കുന്നതിനു ആഗ്രഹിച്ചെങ്കിലും, തൻെറ ആത്മികശുശ്രൂഷയിൽ നേരിട്ട പലവിധ പ്രയാസങ്ങൾ നിമിത്തം ഒടുവിൽ മെതഡിസ്റ്റ്സഭ എന്ന പേരോടുകൂടെ ഒരു പുതിയസഭ രൂപവല്കരിക്കേണ്ട ആവശ്യം വന്നുകൂടി. വെസ്ലിയുടെ കാലത്തു തന്നെ അമേരിക്കയിലേക്കു മിഷനറിമാരായി അയച്ചവൎക്കു പട്ടംകൊടുക്കുന്നതിനു ലണ്ടനിലെ ആംഗ്ലേയാബിഷോപ്പിനോടു ആവശ്യപ്പെട്ടതിൽ അദ്ദേഹം വഴിപ്പെടായ്കയാൽ വെസ്ലി തന്നെ വേറൊരു വൈദികൻെറ സഹായത്തോടുകൂടെ അവരിൽ ചിലരെ പ്രസ്ബിററർ സ്ഥാനത്തേക്കും ഒരാളെ സൂപ്രണ്ടു് എന്ന സ്ഥാനത്തേക്കും പ്രാൎത്ഥനാപൂർവ്വം കൈവച്ചു വേർതിരിച്ചു. ഇതോടുകൂടെ വെസ്ലി ആംഗ്ലിക്കൻസഭയുമായുള്ള ബന്ധമുപേക്ഷിച്ചു.

ആദ്യവസാനം വെസ്ലി എരിവേറിയ ഒരു സുവിശേഷ പ്രസംഗകനായിരുന്നു. രക്ഷയുടെ ദൂതു ഘോഷിക്കുന്നതിനെ കവിഞ്ഞു ഇദ്ദേഹത്തിനു യാതൊരു സന്തോഷവും ആയുസ്സിൽ ഉണ്ടായിരുന്നില്ല. മാനസ്സാന്തര വർഷംമുതൽ മരണംവരെ 52 വൎഷത്തോളം നീണ്ടുനിന്ന തൻെറ സുവിശേഷക ശുശ്രൂഷക്കാലത്തിനിടയിൽ വെസ്ലി 2,50,000 മൈൽ ദൂരം സഞ്ചരിച്ചതായും, 40,000-ൽപരം പ്രസംഗങ്ങൾ ചെയ്തതായും കണക്കാക്കിയിരിക്കുന്നു. 'ലോകം മുഴുവൻ എൻെറ ഇടവക ആയി ഞാൻ ഗണിക്കുന്നു' എന്നു ഇദ്ദേഹം ഒരിക്കൽ ചെയ്ത പ്രസ്താവന ഇദ്ദേഹത്തിൻെറ വീക്ഷണവിശാലതയ്ക്കു സാക്ഷ്യം വഹിക്കുന്നു.

ജോൺവെസ്ലി എ. ഡി. 1791-ൽ പരലോകപ്രാപ്തനായി. "ദൈവം നമ്മോടുകൂടെയുണ്ടെന്നുള്ളതാണു സകലത്തിലും ഉത്തമമായിട്ടുള്ളതു്" എന്നീ വാക്കുകൾ ജയസന്തോഷത്തോടുകൂടെ ഉച്ചരിച്ചുകൊണ്ടാണു് ഇദ്ദേഹം കൎത്താവിൻെറ നിത്യസന്തോഷത്തിലേക്കു പ്രവേശിച്ചതു്. മനക്കരുത്തു്, ആത്മപരിത്യാഗം, മററുള്ളവരുടെമേലുള്ള

സ്വാധീനം എന്നീ കാൎയ്യങ്ങളിൽ ജോൺവെസ്ലിക്കു് ഇഗ്നേഷ്യസ് ലൊയോളായോടു സാമ്യമുണ്ടു്. ദൈവത്തോടും മനുഷ്യരോടും ഉണ്ടായിരുന്ന അപാരമായ സ്നേഹംനിമിത്തം വെസ്ലിയെ 18-ാം ശതാബ്ദത്തിലെ വി. ഫ്രാൻസിസ് (അസ്സീസ്സിയിലെ ഫ്രാൻസിസ്) എന്നു വിളിച്ചുവരുന്നു.

ഇന്നു ലോകത്തിൽ മെതഡിസ്റ്റ് സഭയുടെ ശാഖകളായി അറിഞ്ഞുവരുന്ന മെതഡിസ്റ്റ് (ഇംഗ്ലണ്ടു്), മെതഡിസ്റ്റ് എപ്പിസ്കോപ്പൽ (അമേരിക്ക), പ്രിമിററിവ്മെതഡിസ്റ്റ്, യൂണൈററഡ് മെതഡിസ്റ്റ്, മെതഡിസ്റ്റ്ന്യൂ കനക്ഷൻ (Methodist New Connection) ആദിയായ സഭകളെല്ലാം വിശ്വാസസംബന്ധമായി പൊരുത്തമുള്ളവയെങ്കിലും, ഭരണസമ്പ്രദായം സംബന്ധിച്ചു വൈപരീത്യം പ്രദൎശിപ്പിച്ചുവരുന്നു. വിശ്വാസസംബന്ധമായി ഇന്നും മെതഡിസ്റ്റ് സഭയുടെ പൊതു സ്വത്തായിരിക്കുന്നതു വെസ്ലിയുടെ പ്രസംഗങ്ങളും പുതിയ നിയമക്കുറിപ്പുകളും ആണു്. വീണ്ടും ജനനം, രക്ഷാനിൎണ്ണയം, സുവിശേഷ ഘോഷണത്തിലുള്ള തീക്ഷ്ണത ക്രിസ്തീയ കൂട്ടായ്മ, വീണ്ടെടുക്കപ്പെട്ടവരുടെ സന്തോഷാനുഭവം എന്നിവയെ മെതഡിസ്റ്റ് സഭയുടെ ജീവനാഡികളായി ഗണിക്കാമെന്നു ഒരു വെസ്ലിയൻ പണ്ഡിതനായ പരേതനായ ഡാക്ടർ പീക്കു് അഭിപ്രായപ്പെട്ടിരിക്കുന്നു. തന്റെ പ്രസംഗ്മൂലം മാനസ്സാന്തരപ്പെട്ടവരുടെ ആത്മിക പരിശീലനത്തിനായി വെസ്ലി ഏൎപ്പെടുത്തിയ കൂട്ടായ്മ സംഘങ്ങൾ (Class system), സുവിശേഷ ഘോഷണത്തിനു് പ്രത്യേകം ഉദ്യുക്തരായ സഞ്ചാരപ്രസംഗകന്മാർ, ഓരോ സ്ഥലത്തുള്ള സഭയെ സഹായിക്കുന്നതിനു ചുമതലപ്പെട്ടിരുന്ന ലോക്കൽ പ്രസംഗകന്മാർ (Local Preachers)—ഇവയെല്ലാം മെതഡിസ്റ്റ് സഭയിൽ കണ്ടുവന്ന പ്രസ്ഥാനവിശേഷങ്ങളാണു്. ഗണ്യമായ വൈദികഗ്രന്ഥങ്ങളോ, ഭരണ തന്ത്രങ്ങളോ, മെതഡിസ്റ്റ് സഭ മുഖാന്തരം ക്രൈസ്തവലോകത്തിനു ലഭിച്ചിട്ടില്ല. എന്നാൽ ഇംഗ്ലീഷ്ഭാഷയുള്ള കാലത്തോളം ക്രിസ്തുമൂലമുള്ള രക്ഷയുടെ വിവിധ വശങ്ങൾ വൎണ്ണിക്കുന്നവയും ഏതു കഠിനഹൃദയത്തേയും ദൈവത്തിങ്കലേക്കു ആക

ഷിക്കുന്നവയും ആയ വെസ്ലിസഹോദരന്മാരുടെ മനോഹരഗാനങ്ങൾ വർഗ്ഗവർണ്ണഭേദമെന്യേ ക്രിസ്ത്യാനികളേവരും വിലമതിക്കുമെന്നുള്ളതിനു സംശയമില്ല.

## 4. കോൺഗ്രിഗേഷനൽ സഭ

കോൺഗ്രിഗേഷൻ എന്ന ഇംഗ്ലീഷ് വാക്കിൻെറ അർത്ഥം സഭായോഗം, ഇടവകക്കൂട്ടം എന്നാണ്. ഓരോ സ്ഥലത്തുള്ള സഭായോഗത്തിന് ഇതര ശക്തികളെ ആശ്രയിക്കാതെ സകല കാര്യങ്ങളും നടത്തുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നുള്ളതാണ് പ്രസ്തുത സഭയുടെ അടിസ്ഥാന തത്വം. സഭയുടെ പൊതുവെയുള്ള സുന്നഹദോസുകളോ, കൂട്ടങ്ങളോ. മേലധികാരികളോ, ഗവർമ്മെൻേറാ ഇവ യാതൊന്നിനും ഏതെങ്കിലും ഒരു സ്ഥലത്തു സ്ഥാപിച്ചിരിക്കുന്ന സഭയുടെമേൽ കർത്തവ്യം നടത്തുന്നതിനു അധികാരമില്ല. സഭയുടെ ഭരണത്തിൽ സഭാംഗങ്ങൾക്കേവർക്കും തുല്യസ്ഥാനമുണ്ട്. സഭ എന്നതുതന്നെ വിശ്വാസികളുടെ ആരാധനയ്ക്കും, കൂട്ടായ്മയ്ക്കും, ശുശ്രൂഷയ്ക്കുമായുള്ള ഒരു സ്ഥാപനയാണ്, അപ്പൊസ്തലിക സഭകൾ ഈ വിധത്തിലുള്ള സ്വാതന്ത്ര്യവും സമത്വവും അനുഭവിച്ചിരുന്നു. എഫെസൊസിലെ സഭയും കൊരിന്തിലെ സഭയും സാർവ്വത്രികമായ ക്രൈസ്തവസഭയുടെ ശാഖകൾ ആയിരുന്നുവെങ്കിലും, ഭരണസംബന്ധമായി ഇവയ്ക്കു് അന്യോന്യബന്ധം ഇല്ലാതെ പൂർണ്ണസ്വാതന്ത്ര്യത്തിൽ നിലനിന്നിരുന്നു. സഭയിലെ അംഗങ്ങൾ എല്ലാവരുംതന്നെ തുല്യാവകാശവും സ്ഥാനവുമുള്ളവരാണ്. ശുശ്രൂഷകന്മാർ (Ministers) എന്ന സ്ഥാനം സ്വീകരിച്ച് പട്ടത്വ ശുശ്രൂഷ നിറവേററുന്നവർ തന്നെ മററുള്ളവർക്കു ലഭിക്കാത്തതോ ലഭിക്കാൻ പാടില്ലാത്തതോ ആയ യാതൊരു കൃപാവരത്തിനും അവകാശികളല്ല. ഈ വിധത്തിലെല്ലാമാണ് കോൺഗ്രിഗേഷനൽ സഭയുടെ ഉപദേശങ്ങൾ.

കോൺഗ്രിഗേഷനൽസഭയുടെ ഉത്ഭവകാലം നിർണ്ണയിക്കുന്നതു് അത്ര എളുപ്പമല്ല. ഈ വാക്കു നടപ്പിലായതു എ. ഡി. 1640-നട്ടത്താണ്. ഇംഗ്ലണ്ടിൽ കോൺഗ്രിഗേഷനൽസഭാതത്വങ്ങൾ ആദ്യമായി ഉപദേശിച്ചു തുടങ്ങി

യതു് റോബർട്ട്ബ്രൌൺ (എ. ഡി. 1550—1633) എന്ന ആളാണു്. മാൎഗ്ഗകാൎയ്യങ്ങളിൽ അഭിപ്രായ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയതു നിമിത്തം ഈ ആൾ 32 പ്രാവശ്യം തടവിൽ പാൎക്കുന്നതിനു ഇടയായിട്ടുണ്ടു്. തന്റെ പ്രജകളേവരും സഭാസംബന്ധമായി തന്റെ അധികാരത്തിനു കീഴ്വഴങ്ങണമെന്നും, നിയമപ്രകാരം നടപ്പാക്കിയിരിക്കുന്ന ആരാധനക്രമപുസ്തകം ഉപയോഗിക്കണമെന്നും മററുമുള്ള കൎശനമായ കല്പനകൾ എലിസബേത്തു രാജ്ഞി ഇംഗ്ലണ്ടിൽ നടപ്പാക്കിയ കാലംമുതലാണു് കോൺഗ്രിഗേഷനൽസഭ ഒരു പ്രത്യേക സഭയായി നില്ക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചതു്. ഇംഗ്ലണ്ടിലെ മതപീഡനിമിത്തം ഇക്കാലത്തു് അനേകർ ഹോളണ്ടിലും യൂറോപ്പിലുള്ള മററു പ്രോട്ടസ്റ്റന്റു രാജ്യങ്ങളിലും കുടിയേറി പാൎത്തു. ഇതേസമയത്തുതന്നെയാണു് 'Pilgrim Fathers' എന്നു വിളിച്ചുവരുന്ന ഒരുകൂട്ടം ആളുകൾ May flower എന്ന കപ്പലിൽ അററ്ലാന്ററിക്ക് സമുദ്രം തരണംചെയ്തു് അമേരിക്കയിൽ എത്തി, അവിടെ ചില പുതിയ ക്രിസ്തീയസംസ്ഥാനങ്ങൾ സ്ഥാപിച്ചതു് (എ. ഡി. 1620). അമേരിക്കയിലെ സഭയുടെ ചരിത്രത്തിൽ ഇതു് ഒട്ടും അപ്രധാനമല്ലാത്ത ഒരു സംഭവമാണു്. യോദ്ധാവും രാജ്യതന്ത്രജ്ഞനും ഭരണകൎത്താവും ആയ ഓലിവർ ക്രോംവെല്ലിന്റെ കാലത്തു് സ്വതന്ത്രസഭാവാദികൾക്കു് പലവിധത്തിലുള്ള ആനുകൂല്യങ്ങൾ ലഭിച്ചിരുന്നു എങ്കിലും എ. ഡി. 1689-ന്റെ ശേഷമാണു് നിയമദൃഷ്ട്യാ കോൺഗ്രിഗേഷനൽസഭയ്ക്കു ഇംഗ്ലണ്ടിൽ ഒരു സ്ഥാനം കരസ്ഥമായതു്. ഇംഗ്ലണ്ടിലും അമേരിക്കയിലും കോൺഗ്രിഗേഷനൽ സഭയുടെ വൎദ്ധനവിന്റെ കാലമായി ഗണിക്കാവുന്നതു് 19-ാം ശതാബ്ദമാണു്. സംഗീതവിദഗ്ദ്ധനായ ഐസക്വാട്ട്സ്, ഡ്വോഡ് റിജ്ജ് പ്രസിദ്ധ വൈദിക പണ്ഡിതനായ ഡെയിൻ എന്നിവർ കോൺഗ്രിഗേഷനൽ സഭയുടെ കെട്ടുപണിക്കും പോഷണത്തിനുംവേണ്ടി അത്യധികം പ്രയത്നിച്ചിട്ടുണ്ടു്. ക്രിസ്താബ്ദം 1833-ൽ ഇംഗ്ളണ്ടിലെ കോൺഗ്രിഗേഷനൽ സഭ ഒരു വിശ്വാസ സംഗ്രഹം പ്രസിദ്ധപ്പെടുത്തി. പ്രസ്തുത സഭയുടെ ഒരു പ്രസിദ്ധ മിഷനറി

സമൂഹമായ ലണ്ടൻ മിഷനറി സൊസൈററിയുടെ ഉത്ഭവം എ. ഡി. 1795-ലാണ്.

കോൺഗ്രിഗേഷനൽസഭ വിദ്യാഭ്യാസം, പ്രത്യേകിച്ച് മതാഭ്യസനം വളരെ വിലമതിച്ചു പോരുന്ന ഒരു സഭയാണ്. മാൻചെസ്റ്റർ, ബർമിങ്ങ്ഹാം, ബ്രിസ്റ്റൾ എന്നീ സ്ഥലങ്ങളിൽ പ്രസ്തുത സഭയ്ക്കു പല നല്ല വിദ്യാലയങ്ങൾ ഉണ്ട്. ലോകപ്രസിദ്ധമായ യേൽ, ഹാർവാർഡ് എന്നീ രണ്ട് അമേരിക്കൻ സർവ്വകലാശാലകളും കോൺഗ്രിഗേഷനൽ സഭയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കപ്പെട്ടവയാണ്. എ. ഡി. 1925-ൽ അമേരിക്കൻ ഐക്യനാടുകളിൽ 6,000 സഭകളും (ഇടവകകളും) ഇംഗ്ളണ്ടിലും വെയിത്സിലുംകൂടെ 5,000 സഭകളും രണ്ടു രാജ്യങ്ങളിലുംകൂടെ 7 കോടി സണ്ടേസ്കൂൾ വിദ്യാർത്ഥികളും ഉണ്ടായിരുന്നതായി കണക്കാക്കിയിരിക്കുന്നു.

## 5. ബാപ്റ്റിസ്റ്റ്സഭ

സഭാംഗങ്ങൾ എവരും പ്രായമായശേഷം വിശ്വസിച്ചു സ്നാനം ഏല്ക്കണമെന്നുള്ള നിർബന്ധമാണ് ബാപ്ററിസ്റ്റ് സഭയും കോൺഗ്രിഗേഷനൽസഭയും തമ്മിലുള്ള പ്രധാന വ്യത്യാസം. സ്നാനം ആന്തരികമായ വീണ്ടും ജനനത്തിൻെറ പ്രത്യക്ഷചിഹ്നവും മുദ്രയും, മനുഷ്യരുടെ മുൻപാകെ ക്രിസ്തുവിനുവേണ്ടിയുള്ള ഒരു സാക്ഷിയും ആണെന്നത്രെ ബാപ്ററിസ്റ്റ് വിശ്വാസക്കാരുടെ വാദം. സ്നാനം എന്നതു്, മൂലഭാഷയിലെ ബാപ്ററിസ്മ എന്ന വാക്കിൻെറ അർത്ഥം അനുസരിച്ചു ഒരു യഥാർത്ഥസ്നാനം (തളിപ്പ് അല്ല) ആയിരിക്കണമെന്നും അവക്കു താല്പര്യമുണ്ട്. പുതിയ നിയമാനുസൃതമായ ഏക സഭ തങ്ങളുടേതെന്ന് ബാപ്ററിസ്റ്റ്കാർ പൊതുവെ അഭിമാനിച്ചുവരുന്നു.

ബാപ്ററിസ്റ്റ് സഭയിൽ 'പാസ്റ്റർ' എന്നും 'ഡീക്കൻ' എന്നും രണ്ടു സ്ഥാനങ്ങൾ ഉണ്ട്. പരസ്യാരാധനയിൽ ഇവർ തക്സാ ഉപയോഗിക്കാറില്ല. പാട്ട്, പ്രാർത്ഥന, വായന, പ്രസംഗം ഇവയാണ് ആരാധനയിലെ പ്രധാന ഭാഗങ്ങൾ. പ്രസംഗത്തിനും സംഗീതത്തിനും പ്രസ്തുതസഭ വളരെ പ്രാധാന്യം കല്പിക്കുന്നുണ്ട്. വേദപുസ്തകപാഠം, സ്ത

വിശേഷ പ്രചരണം എന്നീ സംഗതികളിലും ബാപ്'ററിസ്റ്റ്കാർ പൊതുവെ ഇതരസഭകളെ അതിശയിക്കുമാറു് പ്രവത്തിച്ചുവരുന്നു. ശിഷ്യന്മാർ (Disciples) River Brethren, മെന്നോനൈററുകാർ (Mennonites), ആഡ്'വെൻറിസ്റ്റ് സഭക്കാർ, വിന്നിബ്രന്നേറിയർ (Winne Bre--nnarians), (Particular Baptists) പ്രത്യേക ബാപ്'ററിസ്റ്റ്കാർ, (Strict Baptists) പ്ലിമത്ത് ബ്രദർകാർ എന്നിങ്ങനെ പല ഉപസമൂഹങ്ങൾ ബാപ്'ററിസ്റ്റ് സഭയിൽ കാണ്മാനുണ്ടു്. ഇവയിൽ നമ്മുടെ നാട്ടുമായി കൂട്ടതൽ ബന്ധമുള്ള ബ്രദർസംഘക്കാരെക്കുറിച്ചു മാത്രം രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ.

ജോൺ നെൽസൻ ഡാർബി (എ. ഡി. 1800—1882 എന്ന ഒരാൾ 1830-നട്ടത്തു് ഇംഗ്ളണ്ടിൽ പ്ലിമത്ത് എന്ന സ്ഥലത്തു ചില പുതിയ ഉപദേശങ്ങൾ പ്രചരിപ്പിച്ചതിൻെറ ഫലമായി ഉണ്ടായിരിക്കുന്ന ഒരു സമൂഹത്തെയാണു് പ്ലിമത്ത് സഹോദരന്മാർ എന്നു പറഞ്ഞുവരുന്നതു്. വിശ്വാസികൾ എല്ലാവരും പുരോഹിതന്മാരാകയാൽ ഇവക്കു 'പട്ടക്കാർ' എന്ന പ്രത്യേക സ്ഥാനികൾ ഇല്ല. ഇതര സഭകളിൽ ഉപയോഗത്തിലിരിക്കുന്ന വിശ്വാസമോ, സഭാസംബന്ധമായ ആചാരങ്ങളോ ഇവർ പരസ്യാരാധനയിൽ സ്വീകരിക്കുന്നില്ല. അപ്പൊസ്തലന്മാർ സഭയുടെ ആരംഭകാലത്തു ചെയ്തതുപോലെ ഭവനംതോറും അപ്പം മുറിക്കുന്നതിലും, പ്രായപൂത്തി വന്നശേഷം വിശ്വസിച്ചു് സ്നാനമേല്ക്കുന്നതിനും ഇവക്കു നിഷ്കൎഷയുണ്ടു്. ഒരു പ്രത്യേക വകുപ്പായി പിരിയരുതെന്നുള്ള ഉദ്ദേശ്യത്തോട്ടുകൂടെ ആരംഭിക്കപ്പെട്ട പ്ലിമത്ത് സഹോദരന്മാരുടെ കൂട്ടത്തിൽതന്നെ ഇപ്പോൾ ആറു ചെറിയ വകുപ്പുകൾ ഉണ്ടു്. പ്രാത്ഥനാവീരനായ ജോജ്ജ്മുള്ളർ (എ. ഡി. 1805—1898) എന്ന പ്രസിദ്ധ ഭക്തൻ ഇവരുടെ കൂട്ടത്തിൽപെട്ട ഒരാളായിരുന്നു.

ബാപ്'ററിസ്റ്റ്കാരുടെ ഇടയിൽതന്നെയുള്ള വിശ്വാസവ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുന്നതു് എളുപ്പമല്ല. മെന്നോനൈററുകാർ സ്നാന സമയത്തു മൂന്നുപ്രാവശ്യം മുങ്ങണമെന്നും, യുദ്ധത്തിൽ ഏപ്പെടരുതെന്നും ഗ്ലുണദോഷി

ക്കുന്നു. വിന്നിബ്രുന്ന്യർ വിശ്വാസികൾ തമ്മിലുള്ള കാൽകഴുകൽ വളരെ കാര്യമായി ഗണിക്കുന്നു. സമാധാന ചുംബനം, സ്നേഹവിരുന്നു്, സന്ധ്യയ്ക്കുള്ള അപ്പംമുറിക്കൽ മുതലായവ സർവ്വപ്രധാനമായി വിചാരിക്കുന്ന ഒരു കൂട്ടർ ജർമ്മനിയിൽ ഉണ്ടു്. ആഡ്‌വൻറു്മതക്കാർ കർത്താവിൻെറ രണ്ടാമത്തെ വരവിനെക്കുറിച്ചുള്ള ഉപദേശം ശക്തിപ്പെടുത്തി ഘോഷിച്ചുവരുന്നു. 'ശിഷ്യന്മാർ' ആഴ്ചതോറും തിരുവത്താഴം അനുഷ്ഠിക്കുന്നതിൽ നിഷ്കർഷിക്കുന്നു. ഇവരെല്ലാവരും സ്നാനത്തെക്കുറിച്ചു് ഏകാഭിപ്രായമുള്ളവരാകയാൽ ബാപ്റ്ററിസ്റ്റ് എന്ന പൊതുകുടുംബത്തിൻെറ അംഗങ്ങളായി ഇവരെ ഗണിക്കാവുന്നതാണു്.

ബാപ്റ്ററിസ്റ്റ് സഭയിലുള്ള പല മഹാന്മാരുടെ കൂട്ടത്തിൽ, 'പരദേശിമോക്ഷയാത്ര'യുടെ ഗ്രന്ഥകർത്താവായ ജോൺ ബനിയൻ, പ്രസിദ്ധ ഉണർവ്വു പ്രസംഗകനായ സി. എച്ചു്. സ്പർജൻ, വൈദികവിശാരദനും പ്രസംഗകനുമായ ഡാക്ടർ ക്ലിഫോർഡ്, മിഷനറി വീരനായ വില്യം കേറി, ആധുനിക പണ്ഡിതന്മാരായ ഡാക്ടർ ഗ്ളവർ, വീലർ റോബിൻസൻ, റെൻഡൽ ഹാരീസ് എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവയോഗ്യമാണു്.

അടുത്തകാലത്തു് യൂറോപ്പിൽ പല ഭാഗങ്ങളിലും ബാപ്റ്ററിസ്റ്റ് സഭക്കാർ പ്രവേശിച്ചു സുവിശേഷവേല നടത്തിവരുന്നുണ്ടു്. റഷ്യ, ബൾഗേറിയ, ഹംഗറി, അമേരിക്കയിലെ ഐക്യരാജ്യങ്ങൾ, കാനഡാ, ഓസ്ത്രേലിയാ ആദിയായ രാജ്യങ്ങളിലെ എല്ലാ ബാപ്റ്ററിസ്റ്റ് വകുപ്പുകാരെയും കൂട്ടി ഇണക്കുന്നതായ ഒരു സ്ഥാപന എ. ഡി. 1905-ൽ ഉണ്ടായിട്ടുണ്ടു്. ഇതിൻെറ പേരു് 'സമസ്തലോക ബാപ്റ്ററിസ്റ്റ്സഖ്യം' (Baptist World Alliance) എന്നാണു്. പ്രസ്തുത സഖ്യത്തിൻെറ ഒരു മഹായോഗം എ. ഡി. 1934-ൽ ബർലിൻനഗരത്തിൽവച്ചു നടക്കയുണ്ടായി.

## 6. സൊസൈററി ഓഫ് ഫ്രൻഡ്സ്

മദ്ധ്യകാലങ്ങളിൽ സാധാരണ ജനങ്ങൾ സഭയ്ക്കും പാപ്പായ്ക്കും കൊടുത്തിരുന്ന ഒരു സ്ഥാനം നവീകരണകാലം കഴിഞ്ഞു വേദപുസ്തകത്തിനു ലഭിച്ചു എന്നു പറയാവുന്ന

താണു്. തെററിക്കൂടാത്ത ഒരു സഭയ്ക്കു പകരം തെററിക്കൂടാത്ത ഒരു പുസ്തകം മനുഷ്യരുടെ വിശ്വാസത്തിനും നടത്തയ്ക്കും ആധാരമായിത്തീൎന്നു. ഇതും ആത്മികമായി ഒരു പുതിയ അടിമത്വം ആണെന്നും, സഭ, സഭയുടെ കൂദാശകൾ, വേദപുസ്തകത്തിന്റെ അക്ഷരപ്രകാരമുള്ള വ്യാഖ്യാനം എന്നിവ ഉപേക്ഷിച്ചു്, പരിശുദ്ധാത്മാവിനാൽ, അഥവാ, ആന്തരികവെളിച്ചത്താൽ ഓരോ ക്രിസ്ത്യാനിയും ജീവിക്കേണ്ടതാണെന്നും വാദിക്കുന്ന ഒരുകൂട്ടം വിശ്വാസികൾ പതിനേഴാം ശതാബ്ദത്തിൽ ഇംഗ്ളണ്ടിൽ പ്രത്യക്ഷപ്പെട്ടു. ഇവരുടെ നായകൻ ജോർജ്ജ്ഫോക്സ് എന്ന ഒരു ഭക്തനായിരുന്നു (എ. ഡി. 1624-1691). ആദ്യം ഇവർ വെളിച്ചത്തിന്റെ മക്കൾ എന്ന പേരു് സ്വീകരിച്ചിരുന്നു. കാലക്രമേണ 'ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചിരിക്കുന്നു' എന്ന വാക്യം അടിസ്ഥാനമാക്കി, ഇവർ സ്നേഹിതന്മാരുടെ സമാജം എന്നു തങ്ങളുടെ കൂട്ടത്തിനു പേരിട്ടു. ഗൽഗദശബ്ദത്തോടും ദേഹവിറയലോടുംകൂടെ ഇവർ പ്രാൎത്ഥിച്ചുവന്നിരുന്നതിനാൽ വിറയ്ക്കുന്നവർ എന്നൎത്ഥമുള്ള (Quakers) ക്വെക്കറന്മാർ എന്ന പേരും ഇവരുടെ ശത്രുക്കളിൽനിന്നു് ഇവൎക്കു ലഭ്യമായി. ആ പേരും ഇപ്പോൾ സാധാരണ ഉപയോഗത്തിലിരിക്കുന്നുണ്ടു്. 'സ്നേഹിത'ന്മാരുടെ പരസ്യാരാധനയുടെ അധികഭാഗവും മൌനത്തിലാണു് കഴിക്കുന്നതു്. ആത്മാവിന്റെ വ്യാപാരത്തിനായി തങ്ങളെത്തന്നെ വിട്ടുകൊടുക്കയെന്നുള്ളതാണു് ഇവരുടെ ഒന്നിച്ചുള്ള കൂട്ടങ്ങളുടെ ഉദ്ദേശ്യം. പ്രാൎത്ഥിക്കണമെന്നോ, പ്രബോധിപ്പിക്കണമെന്നോ, ആത്മാവു ബോധപ്പെടുത്തുന്ന ഒരാൾ അതനുസരിച്ചു അപ്പോൾപ്രവൎത്തിച്ചുകൊള്ളും. സ്ത്രീകൾക്കും പുരുഷന്മാൎക്കും ആത്മികകാൎയ്യങ്ങളിൽ തുല്യ സ്വാതന്ത്ര്യവും അവകാശവും 'സ്നേഹിതന്മാർ' കല്പിച്ചുവരുന്നു. വിശ്വാസപ്രമാണമോ, പള്ളിയോ, പട്ടക്കാരോ, കൂദാശകളോ ഇവർ സ്വീകരിക്കുന്നില്ല. യാതൊരു കാരണവശാലും യുദ്ധത്തിൽ ഏൎപ്പെടുന്നതു ശരിയല്ലെന്നത്രെ ഇവർ ദൃഢമായി വിശ്വസിച്ചു പോരുന്നതു്.

ഇവരുടെ വിശ്വാസാചാരങ്ങൾ എങ്ങനെയായിരുന്നാലും, അവരുടെ സംഖ്യയെ അതിശയിച്ചു ലോകത്തിൽ

നന്മസ്സായുള്ള ഒരു ശക്തിയായി അവർ പ്രവത്തിക്കുന്നു ണ്ടെന്നുള്ളതിനു സംശയമില്ല. യുദ്ധങ്ങൾ അവസാനിപ്പി ക്കുന്നതിനും, വിവിധ ജാതികൾ തമ്മിൽ സൌഹാർദ്ദം വദ്ധിപ്പിക്കുന്നതിനും സാമൂഹ്യ സേവനത്തിനും ആയി പ്ര വത്തിക്കുന്നവരുടെ കൂട്ടത്തിൽ 'സ്നേഹിത'സംഘത്തിനുള്ള സ്ഥാനം അദ്വിതീയമാണു്. ഇതര ക്രിസ്തീയ വകുപ്പുകളെ അപേക്ഷിച്ചു ക്രിസ്തുവിൻെറ ഉപദേശത്തിനും ദൃഷ്ടാന്ത ത്തിനും ഏററവും അടുത്തു നില്ക്കുന്നതു ക്വെക്കറന്മാരത്രെ എ ന്നു് ഡീൻഇങ്ങ് പ്രസ്താവിച്ചിരിക്കുന്നു.

എ. ഡി. 1656-ൽ 'സ്നേഹിത'ന്മാരുടെ ഒരുകൂട്ടം വി ല്യം പെൻ എന്ന ഒരാളുടെ നേതൃത്വത്തിൽ അമേരിക്ക യിൽ എത്തി പെൻസിൽവേനിയാ എന്ന ഒരു കോളനി സ്ഥാപിച്ചു് അവരുടെ പ്രമാണങ്ങൾക്കനുസരണമായ ഒരു ഭരണം ഏപ്പെടുത്തി നടത്തിവന്നു. ഗ്രെയിററു് ബ്രി ട്ടനിലും അമേരിക്കയിലും കൂടെ ഇപ്പോൾ 1,47,000 അംഗ ങ്ങൾ പ്രസ്തുത സമാജത്തിൽ ചേർന്നിട്ടുണ്ടു്. സംഖ്യാബലം കുറഞ്ഞവരെങ്കിലും ഈ സമൂഹം ലോകത്തിലെ ഭീമമായ ക്രൈസ്തവശക്തികളിൽഒന്നാണെന്നുള്ളതിനു സംശയമില്ല.

## 7. രക്ഷാസൈന്യം

സ്നാനം, തിരുവത്താഴം എന്നീ വിശുദ്ധ കമ്മങ്ങൾ രക്ഷാസൈന്യക്കാർ ഉപേക്ഷിച്ചിരിക്കുന്നതുനിമിത്തം, അ വരെ സഭാംഗങ്ങളായി ഗണിക്കുന്നതിനു് ചിലർ വൈമ നസ്യം പ്രദർശിപ്പിച്ചേക്കാമെങ്കിലും ഈ മഹൽസ്ഥാപ നയെ നാം വിസ്മരിച്ചുകൂടാ. ജനറൽ വില്യം ബൂത്താണു് (എ. ഡി. 1829—1912) പ്രസ്തുത സമൂഹത്തിൻെറ സ്ഥാ പകൻ. എ. ഡി. 1878-ലാണു് സൈന്യത്തിൻെറ ഉത്ഭ വം. ഇദ്ദേഹം എ. ഡി. 1829 ഏപ്രിൽമാസം 10-ാംതീയ തി ഇംഗ്ളണ്ടിൽ നോട്ടിങ്ങ്ഹാം എന്ന സ്ഥലത്തു ജനി ച്ചു. 'ഒരു മിനിററിൽ ഒരാത്മാവുവീതം നാശത്തിലേക്കു പോകുന്നു' എന്നു് ഒരു പ്രസംഗമദ്ധ്യേ കേട്ട വാക്കുകളാ ണു് യൌവ്വനത്തിൽ അഭക്തനായി ജീവിച്ചുപോന്ന ബൂ ത്തിൻെറ മനന്തിരിവിനു മുഖാന്തരമായതു്. കാലക്രമേണ

ഇദ്ദേഹം മെതഡിസ്റ്റ് ന്യൂകനക്ഷൻ സഭയിലെ ഒരു മിനിസ്റ്റർ (വൈദികൻ) ആയും, പിന്നീട് ഒരു ഉണർവ്വുപ്രസംഗകനായും സഫലമായ ദൈവശുശ്രൂഷയിൽ ഏർപ്പെട്ടു. തദനന്തരം ലണ്ടനിലെ അഗതികളുടെയും നിസ്സഹായരുടെയും അധഃകൃതരുടെയും സാമൂഹ്യവും ആത്മികവുമായ ഉന്നമനത്തിനുവേണ്ടി 'ഈസ്റ്റ് എൻഡ് മിഷൻ,' 'ക്രിസ്ത്യൻമിഷൻ' എന്നീ പേരുകളിൽ ചില സ്വമേധാ സുവിശേഷകന്മാരുടെ സഹകരണത്തോടുകൂടെ പ്രവർത്തിച്ചുപോന്നു. ഇങ്ങനെ തുലോം താണരീതിയിൽ ആരംഭിച്ച ഒരു പ്രസ്ഥാനമാകട്ടെ, ഇപ്പോൾ സാമൂഹ്യസേവനവും സുവിശേഷവേലയും ഒരുപോലെ ഫലകരമായി സാധിച്ചുപോരുന്നതും, ലോകം മുഴുവൻ വ്യാപിച്ച് സകലരുടെയും ബഹുമാനത്തിന് പാത്രീഭവിച്ചിരിക്കുന്നതും ആയ ഒരു മഹൽസ്ഥാപനയായി രൂപാന്തരപ്പെട്ടിരിക്കുന്നു. മരണം ആസന്നമായ സമയം, തന്റെ മകനും പിന്നീട്ട രക്ഷാസൈന്യത്തിന്റെ നായകനുമായിത്തീർന്ന ബ്രാംവെലിനോടായി ബൂത്ത് ഇപ്രകാരം പറഞ്ഞു. 'ബ്രാംവെൽ! ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നീ വിശ്വസിക്കുമെങ്കിൽ അവ നിശ്ചയം നിശ്ചയം.' ഈ അന്ത്യസന്ദേശത്തിൽ വില്യംബൂത്തിന്റെ ജീവിതപ്രമാണം അന്തർഭവിച്ചിരിക്കുന്നു. യൂറോപ്പിലും അമേരിക്കയിലും പൌരസ്ത്യരാജ്യങ്ങളിലും പ്രത്യേകിച്ചു ഇൻഡ്യയിലും പ്രസ്തുത സമൂഹം താണജാതികളുടെ ഇടയിൽ ചെയ്തിട്ടുള്ള വേലയുടെ ചരിത്രം സ്വർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്പോൾ സൈന്യത്തിന്റെ നായകസ്ഥാനം അലങ്കരിക്കുന്നതു വില്യംബൂത്തിന്റെ പുത്രിയായ ജനറൽ ഈവഞ്ചിലിൻ ബൂത്ത് എന്ന സ്ത്രീരത്നമാണ്.

ത്രിത്വവിശ്വാസം നിഷേധിക്കുന്ന യൂണിറേറിയൻ വിശ്വാസക്കാരുടെ കൂട്ടത്തിൽ എമേഴ്സൻ, ലോംഗ്ഫെല്ലോ, ലൊവൽ, ഹോംസ്, മാർട്ടിനോ ആദിയായ മഹാന്മാർ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, അവരുടെ ചരിത്രം ഇവിടെ പ്രതിപാദിക്കേണ്ട ആവശ്യം ഇല്ല. അതുപോലെതന്നെ, എല്ലാ മനുഷ്യരും രക്ഷിക്കപ്പെടുമെന്നു വാദിക്കുന്ന

Universalism എന്ന വകുപ്പുകാരെക്കുറിച്ചോ, സ്വീഡൻബർഗ്ഗ് (എ. ഡി. 1688—1772)സ്ഥാപിച്ചിരിക്കുന്ന പുതിയ യറുശലേം സഭയെക്കുറിച്ചോ, Christian Socialists, Christian Scientists എന്നീ കൂട്ടരെക്കുറിച്ചോ, എന്തെങ്കിലും പ്രാസ്താവിക്കുന്നതിനു സ്ഥലച്ചുരുക്കത്താൽ നിവൃത്തിയില്ല.

---

# അദ്ധ്യായം 21

## പൌരസ്ത്യസഭകൾ *

ക്രൈസ്തവലോകത്തിൻെറ അദ്ധാംശമായി ഗണിക്കപ്പെട്ടുവരുന്ന പൌരസ്ത്യസഭകളുടെ ചരിത്രം പൊതുവെ പ്രതിപാദിച്ചശേഷം, മലബാറിനോടു പ്രത്യേക ബന്ധമുള്ള നെസ്തോറിയൻ സഭയുടെയും സുറിയായിലെ യാക്കോബായ സഭയുടെയും ഉപദേശം, വിശ്വാസം, ചരിത്രം ആദിയായവ കൂടുതൽ വിസ്തരിച്ചു പരിശോധിക്കണമെന്നത്രെ അടുത്ത രണ്ടു് അദ്ധ്യായങ്ങളിൽ ഉദ്ദേശിക്കുന്നതു്.

'സ്തുതിചൊവ്വായ' (ഓത്തഡോക്സ്) വിശ്വാസമുള്ള സഭകൾ, 'ഇടത്തൂട്ട' വിശ്വാസം സ്വീകരിച്ചിരിക്കുന്ന സഭകൾ—ഇങ്ങനെ രണ്ടു പ്രധാന വിഭാഗങ്ങളായി പാശ്ചാത്യസഭാചരിത്രകാരന്മാർ പൌരസ്ത്യസഭകളെ തരംതിരിക്കാറുണ്ടു്. നമ്മുടെ കത്താവിൻെറ സ്വഭാവംസംബന്ധിച്ച പ്രശ്നങ്ങളിൽ കല്ക്കദോന്യസുന്നഹദോസിൻെറ തീപ്പ് സ്വീകരിച്ചിരിക്കുന്ന സഭകളെ ആണു് ഓത്തഡോക്സ് സഭ എന്നപേരിൽ വിവക്ഷിക്കുന്നതു്. ഭരണംസംബന്ധിച്ചു് ഓത്തഡോക്സ് സഭാശാഖകൾ സ്വതന്ത്രനില അവലംബിക്കുന്നവെങ്കിലും, വിശ്വാസാചാരാദികളിലുള്ള ഐക്യം പ്ര

---

* പൌരസ്ത്യസഭകളെക്കുറിച്ചുള്ള പല വിവരങ്ങളും Dr. B. J Kidd-ൻെറ Churches of Eastern Christendom എന്ന പുതിയ ഗ്രന്ഥത്തിൽനിന്നു സംഗ്രഹിച്ചതാണു്.

മാണിച്ചു ഈ ശാഖകളെല്ലാം ഉൾപ്പെട്ടത്തി 'പൌരസ്ത്യ ഓത്ത്ഡോക്സ്സഭ' എന്ന പേരു ഓത്ത്ഡോക്സ് സഭാമണ്ഡലത്തിനു പൊതുവെ കൊട്ടത്തുവരാറുണ്ട്. മേല്പറഞ്ഞ ഒന്നാമത്തെ വകുപ്പിൽപെട്ടവയും. വിശ്വാസം, ആരാധന എന്നിവകളിൽ മിക്കവാറും ഐകരൂപ്യം സിദ്ധിച്ചിരിക്കുന്നവയും ആയി യൂറോപ്പിലും ഏഷ്യായിലുംകൂടെ ഇപ്പോൾ പന്ത്രണ്ടു ഓത്ത്ഡോക്സ് സഭാശാഖകൾ ഉണ്ട്. അവയുടെ പേരു വിവരം താഴെ കുറിക്കുന്നു.

1. കുസ്തന്തീനോസ്പോലീസിലെപാത്രിയക്കാസഭ
2. അലക്സന്ത്രിയായിലെ പാത്രിയക്കാസഭ.
3. അന്ത്യോഖ്യായിലെ ,,
4. യരുശലേമിലെ ,,
5. ഒരുകാലത്തു അന്ത്യോഖ്യാസിംഹാസനത്തിൻ കീഴ് ഇരുന്ന കുപ്രോസ്ദ്വീപിലെ സഭ.
6. ഒരു കാലത്തു യരുശലേംപാത്രിയക്കാ സിംഹാസനത്തിൻകീഴിലിരുന്നതും എ. ഡി. 1782-ൽ സ്വതന്ത്രഭരണാവകാശം സിദ്ധിച്ചതുമായ സീനായിപർവ്വതത്തിലെ ഒരു സന്യാസമഠം സംബന്ധിച്ചുള്ള സഭ.
7. റഷ്യയിലെ സഭ. മോസ്കോനഗരം അഞ്ചാമത്തെ പാത്രിയക്കാസിംഹാസനാസ്ഥാനമായിത്തീന്നതു ക്രിസ്താബ്ദം 1591-ലാണ്.
8. ഗ്രീസിലെ സഭ (എ. ഡി. 1850-ൽ സ്വതന്ത്രസഭ ആയി).
9. ബൾഗേറിയയിലെ സഭ (എ. ഡി. 1870-ൽ സ്വതന്ത്രസഭ ആയി).
10. സേർവിയയിലെ അഥവാ യൂഗ്ലോസ്ലാവ്യയിലെ സഭ (എ. ഡി. 1879-ൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു).
11. റുമേനിയായിലെ സഭ എ. ഡി. 1885-ൽ സ്വാതന്ത്ര്യം പ്രാപിച്ചു.
12. ജോർജ്യായിലെ സഭ.

'ഇടത്തുട്ട്' വിശ്വാസം സ്വീകരിച്ചിരിക്കുന്ന സഭക ളിൽ പ്രധാനമായിട്ടുള്ളവ പേഷ്യയിലെ പുരാതനസഭ ആയ നെസ്തോറിയ സഭയും (424),* ഏകസ്വഭാവവിശ്വാ സം മുറുകെ പിടിച്ചിരിക്കുന്ന അർമ്മീനിയയിലെ സഭകളും (491,)* പടിഞ്ഞാറെ സുറിയായിലെ യാക്കോബായ സഭ യും (543),* ഈജിപ്തിലെ കോപ്ടിക്കുസഭയും (476),* അബിസ്സീനിയയിലെ സഭയും (357),* അത്രെ. ഇവയും ഓർത്തഡോക്സു് സഭകളും തമ്മിൽ വിശ്വാസാചാരങ്ങളിൽ ഗണ്യമായ വ്യത്യാസമുള്ളതുകൊണ്ടു അന്യോന്യസംസർഗ്ഗ മില്ലാതെയാണിരിക്കുന്നതു്. †

## ഓർത്തഡോക്സ് സഭകൾ

### 1. കുസ്തന്തീനോസ്പോലീസിലെ സഭ

പുരാതനത്വം, അപ്പൊസ്തലികബന്ധം എന്നീ സംഗ തികളിൽ കുസ്തന്തീനോസ്പോലീസിലെ സഭയ്ക്കു്. അ ന്ത്യോഖ്യാ, അലക്സന്ത്ര്യാ, യറുശലേം എന്നി സഭകളോടു തു ല്യമായ ഒരു സ്ഥാനമില്ലെങ്കിലും, കാലാന്തരത്തിൽ ഇത ര പൌരസ്ത്യസഭകളുടേതിനേക്കാൾ മെച്ചമായ ഒരു നില യാണു പ്രസ്തുത സഭയ്ക്കു ലഭിച്ചിട്ടുള്ളതു്. ഇതിനുള്ള രണ്ടു പ്രധാന കാരണങ്ങളിൽ ഒന്നു് രാജപ്രീതിയും, മറേറതു സ

---

* ബ്രാക്കററിൽ കാണുന്ന അക്കങ്ങൾ ഇവ പ്രത്യേക സഭകളാ യിത്തീന്നകാലം കുറിക്കുന്നു. 3. പേർഷ്യയിലെ സഭ എ. ഡി. 424-ലാണു് പാശ്ചാത്യസഭവിട്ടു സ്വതന്ത്രസഭയായിത്തീന്നതു്.

† എന്നാൽ മേൽപറഞ്ഞ സഭകൾ തങ്ങളെക്കുറിച്ചു് തന്നെ ഇ ടത്തുട്ടുകാരെന്നു പറയുന്നില്ല. അവരും ഓർത്തഡോക്സുകാരെന്നു അ ഭിമാനിക്കുന്നു. സുറിയാനിസഭയുടെ ചരിത്രത്തിൽ ഇക്കാലത്താണു് ഈ പേരു് വന്നതെന്നും, മലങ്കരസുറിയാനി സഭയിൽ ഈ പേരു പ്രചാരമായതു കൊല്ലവർഷം 1030-നും 1030-നും ഇടയ്ക്കു ആണെ ന്നും വാദിക്കുന്നവരുണ്ടു്. യാക്കോബു ബുർദ്ദാനാ യാക്കോബായ സ ഭയുടെ സ്ഥാപകനല്ല, അതിലെ ഒരു പ്രധാന പ്രവർത്തകൻ മാത്ര മായിരുന്നു എന്നും അഭിപ്രായപ്പെടുന്നവരുണ്ടു്.

ഭയുടെ ഭരണകർത്താക്കന്മാരുടെ സാമർത്ഥ്യവും അത്രെ. എ. ഡി. 330-ന് മുമ്പ് കുസ്തന്തീനോസ്പോലീസ് നഗരം ബൈസാൻറിയം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. റോമാസാമ്രാജ്യത്തിൻെറ കിഴക്കെ ഭാഗത്തിൻെറ തലസ്ഥാനമാക്കുന്നതിനുവേണ്ടി കോൺസ്റ്റൻൈറൻ ചക്രവർത്തിയാണ് ബൈസാൻടിയം പരിഷ്കരിച്ച് തൻെറ സ്വന്ത പേര് ആ നഗരത്തിനു കൊടുത്തു, അതിനെ ഒരു പ്രധാന പട്ടണമാക്കിത്തീർത്തതു്. അതുവരെ ബൈസാൻടിയത്തിലെ സഭ ഹിറക്ലിയായിലെ മെത്രാപ്പോലീത്തായുടെ കീഴിലുള്ള ഒരു മെത്രാനാൽ ഭരിക്കപ്പെട്ടുവന്നിരുന്ന ഒരു ചെറിയ ഇടവകമാത്രമായിരുന്നു. എന്നാൽ എ. ഡി. 330 മുതൽ പൌരസ്ത്യറോമാസാമ്രാജ്യത്തിൻെറ തലസ്ഥാനം എന്ന നിലയിൽ "പുതിയ റോമാനഗരം" എന്ന പ്രൌഢനാമം കുസ്തന്തീനോസ്പോലീസ് പട്ടണത്തിനു ലഭിച്ചതുമൂലം അവിടെയുണ്ടായിരുന്ന സഭയ്ക്കു് പേരും പെരുമയും വർദ്ധിക്കുന്നതിനിടയായി. എ. ഡി. 381-ൽ കുസ്തന്തീനോസ്പോലീസിലും 451-ൽ കുസ്തന്തീനോസ് നഗരത്തിൻെറ എതിർകരയിൽ സ്ഥിതിചെയ്തിരുന്ന കല്ക്കദോന്യയിലും വച്ചു കൂടിയിട്ടുള്ള സുന്നഹദോസുകൾ, കുസ്തന്തീനോസ് പോലീസിലെ സഭയുടേയും പാത്രിയർക്കീസിൻെറയും സ്ഥാനം ശക്തിപ്പെടുത്തുന്നതിനു സഹായിച്ചിട്ടുണ്ടു്. റോമിലെ ബിഷോപ്പും കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസും തമ്മിൽ പല സന്ദർഭങ്ങളിലായി ഉണ്ടായിട്ടുള്ള അവകാശവാദങ്ങളിൽ പൌരസ്ത്യചക്രവർത്തിമാർ പാത്രിയർക്കീസിൻെറ ഭാഗം ചേർന്നു നിന്നിട്ടുള്ളതും വിസ്മരിക്കാവുന്നതല്ല. എ. ഡി. 1453-ൽ പ്രസ്തുത നഗരം തുർക്കികൾക്കു അധീനപ്പെട്ടശേഷം പലവിധ ഉപദ്രവങ്ങൾ സഭയ്ക്കു നേരിട്ടെങ്കിലും, ചില നന്മകളെല്ലാം തുർക്കികളിൽനിന്നു സഭ അനുഭവിച്ചിട്ടുണ്ടു്. ഇങ്ങനെ പ്രസ്തുത സഭയുടെ ചരിത്രത്തിൽ പല ഘട്ടങ്ങളിലും, രാജപ്രീതി സഭയുടെ വളർച്ചയ്ക്കു ഗണ്യമായ സഹായമായിത്തീർന്നു.

ആദ്യകാലങ്ങളിൽ പ്രസ്തുത സഭയിൽ മെത്രാന്മാരായി ഭരിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ നാസ്സിയാൾസത്തിലെ ഗ്രിഗറി (എ. ഡി. 329-390), ജോൺ ക്രിസോസ്റ്റം (എ.

ഡി. 397-407) എന്നിവരുടെ പേരുകൾ പ്രത്യേകം വ്യക്തമാണ്. അലക്സാന്ത്ര്യാ, അന്ത്യോഖ്യ എന്നീ പുരാതന സഭകൾക്കുണ്ടായിരുന്ന സ്ഥാനത്തിനു തുല്യമായും, അതിനെ കവിഞ്ഞും പ്രസ്തുത സഭ ഉയൎന്നുവരുന്നതിനുള്ള ഒരു പ്രധാന കാരണം അതിൻെറ ഭരണകൎത്താക്കന്മാരുടെ സാമൎത്ഥ്യം ആണു്. 6-ാം ശതാബ്ദത്തിൽ പാത്രിയക്കീസായി വാണിരുന്ന (582-595) ജോൺ നാലാമൻ അഥവാ നോമ്പുകാരനായ ജോൺ അത്രെ 'സാൎവ്വത്രിക പാത്രിയക്കീസ്' എന്ന സ്ഥാനപ്പേരു ആദ്യമായി സ്വീകരിച്ചു് നടപ്പിൽ വരുത്തിയതു്. ഈ പേരു് ഇന്നും കുസ്തന്തീനോസ് പോലീസിലെ പാത്രിയക്കീസന്മാരുടെ ഔദ്യോഗികപ്പേരായി ഉപയോഗപ്പെട്ടുത്തിയിരിക്കുന്നു. പ്രസ്തുത സഭക്കു "വലിയ സഭ" (The great Church) എന്ന ഒരു പേരും സാധാരണയായി കൊടുക്കാറുണ്ടു്. 9-ാം ശതാബ്ദത്തിൽ ഫോട്ടിയസ് പാത്രിയക്കീസിൻെറ കാലത്തു (878 886) റോമാബിഷോപ്പും ആയി നടന്ന മത്സരവും, തൽഫലമായി എ. ഡി. 1054-ൽ പൌരസ്ത്യസഭകളും പാശ്ചാത്യസഭകളും തമ്മിൽ രണ്ടായി പിരിഞ്ഞതും, 10-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ. പാശ്ചാത്യസഭയുമായുള്ള ഭിന്നതയുടെ ശേഷം കുസ്തന്തീനോസ് പോലീസ് സഭയുടെ ചരിത്രത്തിൽ പ്രധാനമായി ഗണിക്കേണ്ട വേറൊരു സംഭവം എ. ഡി. 1453-ൽ തുൎക്കികൾ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചെട്ടുത്തശേഷം. സഭ അവരുടെ അടിമത്വത്തിൽ അകപ്പെട്ടതത്രെ. തുൎക്കികൾ ക്രിസ്ത്യാനികൾക്കു വേണ്ടവിധത്തിലുള്ള മതസ്വാതന്ത്ര്യം അനുവദിച്ചിരുന്നില്ല എന്നു വിശേഷിച്ചു പറയേണ്ടതല്ലോ. ആൾക്കരം ചുമത്തുക, പള്ളിക്കെട്ടിടങ്ങളിൽ കുരിശു പ്രതിഷ്ഠിക്കുന്നതിനും പള്ളികളിൽ മണി അടിക്കുന്നതിനും അനുവദിക്കാതിരിക്കുക, എന്നിത്യാദി ദുസ്സഹമായ പല നിയമങ്ങൾക്കു ക്രിസ്ത്യാനികൾ അഞ്ചുശതവൎഷക്കാലത്തോളം കീഴ്പെടേണ്ടിവന്നു. എന്നാൽ സ്വാൎത്ഥലാഭത്തിനുവേണ്ടി തുൎക്കിഗവൎമ്മെൻറു പാത്രിയക്കീസിൻെറ അധികാരസീമ വൎദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതും സ്മരണീയമാണു്. ഒരു കാലത്തു്, അലക്സന്ത്രിയാ, അന്ത്യോഖ്യ, യരുശലേം, ബാൾ

ക്കൻരാജ്യങ്ങൾ എന്നീ സ്ഥലങ്ങളിലുള്ള സഭകളുടെമേൽ കുസ്തന്തീനോസ്പോലീസിലെ പാത്രിയക്കീസിനു ആത്മികവും ലൌകികവും ആയ അധികാരങ്ങൾ ലഭിച്ചിരുന്നു. എന്നാൽ 19-ാംശതാബ്ദത്തിൽ ഗ്രേക്കുസഭ ഒരു സ്വതന്ത്രസഭയായി തീർന്നതോടുകൂടെ (1850) കുസ്തന്തീനോസ്പോലീസ് പാത്രിയക്കീസിൻെറ അവകാശാധികാരങ്ങൾക്ക് സാരമായ ഉടവുതട്ടുന്നതിനിടയായി. 1911-ൽ പാത്രിയക്കീസിൻെറ കീഴിൽ 79 മെത്രാപ്പോലീത്തന്മാരും, 94 മെത്രാസന ഇടവകകളും ഉണ്ടായിരുന്നെങ്കിലും, മഹായുദ്ധത്തിൻെറശേഷം 1923-ൽ ലൂസാനിൽവച്ചുണ്ടായ ഉടമ്പടിയുടെ ഫലമായി കുസ്തന്തീനോസ്പോലീസിലെ 'സാർവ്വത്രികപാത്രിയക്കീസി'ൻെറ സകല ലൌകികാധികാരങ്ങളും നഷ്ടമാകയും ചുരുക്കം ചില സഭകളുടെമേലുള്ള ആത്മികാധികാരം മാത്രം അവകാശമായി ശേഷിക്കയും ചെയ്തു. പ്രസ്തുത പാത്രിയക്കാമണ്ഡലത്തിൽ ഇപ്പോൾ മൂന്നു ലക്ഷം ആളുകൾ മാത്രമേ ഉള്ളു എന്നു ഒരു കണക്കിൽ കാണുന്നു. അവരിൽ ഭൂരിപക്ഷവും ഗ്രേക്കുജാതിക്കാരാണ്. ഇതാണു പ്രസ്തുത സഭയുടെ തൽക്കാലനില.

## 2. അലക്സന്ത്രിയായിലെ സഭ

വിശുദ്ധ മർക്കോസിനെ തങ്ങളുടെ സഭയുടെ സ്ഥാപകനായി ഗണിച്ചുപോരുന്ന അലക്സന്ത്രിയായിലെ സഭ പുരാതന സഭാചരിത്രത്തിൽ ഏററവും പ്രശസ്തമായ ഒരു സ്ഥാനം സമ്പാദിച്ചിട്ടുള്ള ഒരു ചെറിയ സഭ അത്രെ. കുസ്തന്തീനോസ്പോലീസ് സ്ഥാപിക്കുന്നതിനുമുമ്പ് റോമാസാമ്രാജ്യത്തിലെ രണ്ടാമത്തെ പ്രധാന പട്ടണം എന്നുള്ള നാമം വഹിച്ചുകൊണ്ടിരുന്നതു് കച്ചവടത്തിനും തത്വജ്ഞാനത്തിനും ഒന്നുപോലെ കേൾവികേട്ടിരുന്ന അലക്സന്ത്രിയാനഗരമായിരുന്നു. ക്ലെമന്തിൻെറയും ഓറിജൻെറയും നേതൃത്വത്തിൽ ക്രൈസ്തവലോകമൊട്ടുക്കു ഖ്യാതി നേടിയിരുന്ന വൈദികാഭ്യസനശാലയെക്കുറിച്ചും, ഈജിപ്തിലെ മരുഭൂമിയിൽ കൂട്ടമായി പാർത്തിരുന്ന സന്യാസിസമൂഹത്തെക്കുറിച്ചും അലക്സന്ത്രിയായിലെ പുരാതന മെത്രാന്മാരും പാ

ത്രിയക്കീസന്മാരുമായ മഹാനായ ദീവന്നാസ്യോസ് (എ. ഡി. 247—264), അറിയൂസിനെ സഭാഭ്രംശം ചെയ്ത ധീരനായ അലക്സാണ്ടർ (എ. ഡി. 313-328), വൈദിക വിജ്ഞാനശിരോമണിയും ധീരയോദ്ധാവും ആയ കുറിലോസ് (എ. ഡി. 412—444) എന്നിവരെക്കുറിച്ചും, സന്ദർഭം അനുസരിച്ചു പല വിവരങ്ങൾ ഈ പുസ്തകത്തിൻെറ ഓരോ ഭാഗത്തു കൊടുത്തിട്ടുണ്ട്.

അലക്സന്ത്രിയായിലെ സഭയുടെ ഐശ്വര്യം ക്ഷയോൻമുഖമായിത്തീരുന്നതിനുള്ള പ്രധാന കാരണം ഏക സ്വഭാവവാദോപദേശത്തിൻെറയും ഇസ്ലാംമതത്തിൻെറയും ആക്രമണമാണ്. സത്യവിശ്വാസത്തിനുവേണ്ടി സധൈര്യം പോരാടിയിരുന്ന കുറിലോസിൻെറ പിൻഗാമിയായി പാത്രിയക്കാസിംഹാസനാരൂഢനായ ദീയസ്കോറോസ് (എ. ഡി. 444-451) കൽക്കദോന്യയിലെ സുന്നഹദോസിൽവച്ചു ഒരു ഇടത്തൂട്ടുകാരനായി സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു എന്നു ഓക്കുമ്പോൾ വിശ്വാസം സംബന്ധിച്ച കാര്യങ്ങളിൽ അഞ്ചാംശതാബ്ദത്തിൽ പ്രസ്തുത സഭയുടെ നില ഏതുവിധത്തിലായിരുന്നുവെന്നു ഊഹിക്കാവുന്നതാണ്. ദീയസ്കോറോസിൻെറ മരണശേഷം സഭ രണ്ടായി പിരിഞ്ഞു. ചക്രവത്തിയുടെ നിർബന്ധപ്രകാരം കൽക്കദോന്യ സുന്നഹദോസിൻെറ തീരുമാനത്തിനു കീഴ്വഴങ്ങിയവർ 'മെൽക്കായിററ്' (Melkite) എന്ന പേരിലും, അതിനെ എതിത്തു് ദീയസ്കോറോസിൻെറ ഉപദേശം സ്വീകരിച്ചവർ 'കോപ്ടിക്ക്' എന്ന പേരിലും അറിയപ്പെട്ടുവന്നിരുന്നു. ഇപ്പോഴത്തെ ഈജിപ്തിലെ ദേശീയ സഭയായ കോപ്ടിക്ക്സഭ ദീയസ്കോറോസിനെയും, അദ്ദേഹത്തിൻെറ പിൻഗാമിയായ 'പൂച്ച' തിമൊഥെയൊസിനെയും തങ്ങളുടെ നായകന്മാരായി സ്വീകരിച്ചിരിക്കുന്നു. മഹമ്മദീയർ ഈജിപ്തിനെ ആക്രമിച്ചപ്പോൾ കോപ്ടിക്വർഗ്ഗക്കാർ തങ്ങളുടെ ശത്രുക്കളായ മെൽക്കായിററുകാരോടു പകവീട്ടുന്നതിനുവേണ്ടി അക്രൈസ്തവരായ അറബികളുടെകൂടെ ചേന്നു തങ്ങളുടെ ക്രിസ്തീയസഹോദരങ്ങളെ ഒററിക്കൊടുത്തതിൽ നിന്നു് ഈ രണ്ടു സഭാവിഭാഗങ്ങളും തമ്മിലുള്ള വർത്തനാ

രീതി പ്രത്യക്ഷമാണു്. പക്ഷേ ഇസ്ലാംമതത്തിൻെറ ഉയ ച്ച് സഭയിലെ രണ്ടുകക്ഷികൾക്കും ദോഷമായിട്ടാണു് അവ സാനിച്ചതു്. രണ്ടുകൂട്ടത്തിൽനിന്നും ഒട്ടുവളരെ ക്രിസ്ത്യാനി കൾ ജീവരക്ഷയ്ക്കായും മററും മഹമ്മദുമതം സ്വീകരിച്ചു, കുസ്തന്തീനോസ്പോലീസിലെ സഭ ഉയൎന്നുവന്നതോടുകൂ ടെ മെൽക്കായിററ് കക്ഷികളുടെ പാത്രിയൎക്കീസു്, പൌ രസ്ത്യചക്രവൎത്തിയുടെ കേവലം ഒരു ആശ്രിതനായിച്ചമ ഞ്ഞു. ഈജിപ്തു്, അറേബിയാ, ലിബിയാ, നൂബിയാ എ ന്നീ സ്ഥലങ്ങളെല്ലാം തൻെറ ഇടവകാതിൎത്തിയിൽപെട്ട താണെങ്കിലും എ. ഡി. 1913-ൽ അലക്സന്ത്രിയായിലെ പാ ത്രിയൎക്കീസിൻെറ കീഴിൽ 7 മെത്രാസനസ്ഥാനങ്ങളിലും 31 ഇടവകകളിലും ആയി അമ്പതിനായിരത്തിൽപരം ജ നങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പാത്രിയൎക്കീസിനു് 'സാ ൎവ്വത്രികന്യായാധിപതി', 'മഹാപരിശുദ്ധൻ' (All-Holiness) എന്ന സ്ഥാനപ്പേരുകൾ ഉണ്ടു്. 17-ം 18-ം ശതാ ബ്ദങ്ങളിൽ ഇദ്ദേഹം കൈറോനഗരത്തിൽ പാൎത്തിരു ന്നെങ്കിലും, അദ്ദേഹത്തിൻെറ ഇപ്പോഴത്തെ വാസസ്ഥലം അലക്സന്ത്രിയാപട്ടണം തന്നെ ആണു്. കോപ്ടിക്ക്കക്ഷി കളുടെ ചരിത്രം വേറൊരു ഭാഗത്തു തുടരാം.

## 3. അന്ത്യോഖ്യയിലെ സഭ

അലക്സാണ്ടർ ചക്രവൎത്തിയുടെ ഒരു സേനാനായകനും, സുറിയായിലെ സെലൂക്യരാജവംശത്തിൻെറ സ്ഥാപകനും ആയ സെലൂക്കസ്സു് നിക്കേറെറർ ബി. സി. 301-ൽ പണി കഴിപ്പിച്ചതായ അന്ത്യോഖ്യാനഗരം ട്രേജൻ, മാൎക്കസ്സു് ഒറീ ല്യസ്സു്, ഡയോക്ലീഷൻ ആദിയായ ചക്രവൎത്തിമാരുടെ കാ ലത്തു റോമാസാമ്രാജ്യത്തിലെ മൂന്നാമത്തെ പ്രധാനപട്ട ണം എന്നുള്ള പേരിനു് അൎഹയായിത്തീൎന്നിരുന്നു. വി: പത്രോസ്സു് അന്ത്യോഖ്യയിലെ ഒന്നാമത്തെ ബിഷോപ്പാ യിരുന്നുവെന്നുള്ള പാരമ്പൎയ്യവിശ്വാസം അടിസ്ഥാനരഹി തമാണെന്നു വന്നാൽതന്നെയും, പ്രസ്തുത സഭ ഇന്നു ലോക ത്തിലുള്ള ഏററവും പുരാതന സഭകളിൽ ഒന്നാണെന്നു ള്ളതിനു സംശയമില്ല. നമുക്കു ക്രിസ്ത്യാനികൾ എന്ന പേ

രു ലഭിച്ചതു അന്ത്യോഖ്യായിൽവച്ചാണല്ലോ (അ. പ്ര. 11: 26). രക്തസാക്ഷിയായി മരിച്ച വി: ഇഗ്നാത്യോസ് ആദിയായ അന്ത്യോഖ്യയിലെ ചില ബിഷോപ്പന്മാർ ചരിത്രപ്രസിദ്ധന്മാരായിത്തീൎന്നിട്ടുള്ളവരാണു്.

വി: ഇഗ്നാത്യോസിൻെറ പിൻഗാമികളിൽ ഒരുവനും അന്ത്യോഖ്യയിലെ ബിഷോപ്പുമായ സാമോസററായിലെ പൌലൊസ്, ഇതര വൈദികന്മാരായ ലൂസിയൻ (*311) മോപ്പ്സുയെസ്റ്റായിലെ തീയോഡോർ (*429) എന്നിവരുടെ ഉപദേശവികല്പങ്ങൾ നിമിത്തം അന്ത്യോഖ്യാസിംഹാസനത്തിൻെറ ഖ്യാതിക്കു ഗണ്യമായ ഉലച്ചിൽ തട്ടിയിട്ടുണ്ടു്. അതിൻെറശേഷം യറുശലേം, പേർഷ്യാ ആദിയായ സ്ഥലങ്ങളിലെ സഭകൾ അന്ത്യോഖ്യാ ബന്ധം ഉപേക്ഷിക്കയും, തുൎക്കികൾ മതപീഡ ആരംഭിക്കയും ചെയ്തതോടുകൂടെ സഭ ശോഷിച്ചുവശായി. ഒരുകാലത്തു ഏഷ്യാമൈനർ, കുപ്രോസ്ദ്വീപു്, യറുശലേം, പേർഷ്യാ (എഡസ്സാ), സൈബീറിയാ എന്നീ പ്രദേശങ്ങളിലുള്ള സഭകളുടെ മേൽഭരണം കയ്യേററു നടത്തി, മിഷനറിവേലയിലും സത്യവിശ്വാസസ്ഥാപനത്തിലും ബദ്ധശ്രദ്ധയായിരുന്ന അന്ത്യോഖ്യാ സിംഹാസനം കാലാന്തരത്തിൽ കിഴക്കെ സുറിയായിലുള്ള ചുരുക്കം ചില ഇടവകളുടെ മേൽനോട്ടംകൊണ്ടു മാത്രം തൃപ്തിപ്പെടേണ്ടതായിവന്നു. അന്ത്യോഖ്യാ സഭയെ തങ്ങളുടെ മാതൃസഭയായി ഗണിച്ചുവന്നവരിൽ നിന്നു് ഏഴുസഭകൾ ഇപ്പോൾ റോമാവിശ്വാസം സ്വീകരിച്ച് കത്തോലിക്ക് സഭാശാഖകളായിത്തീൎന്നിട്ടുണ്ടു്.

ദമസ്കോസിൽ താമസിക്കുന്ന ഓൎത്തഡോക്സ് പാത്രിയൎക്കീസ്, റോമാനഗരത്തിൽ വസിക്കുന്ന ലത്തീൻറീത്തു് പാത്രിയൎക്കീസ്, മർദ്ദീനിൽ പാൎക്കുന്ന യാക്കോബ്യപാത്രിയൎക്കീസ്, മാറോനൈററു്, ഗ്രേക്കു്, അർമ്മീനിയൻ, സുറിയാനി എന്നീ നാലു വകുപ്പിൽ പെട്ടവരും റോമാവിശ്വാസം സ്വീകരിച്ചിരിക്കുന്നവരുമായ നാലു പാത്രിയൎക്കീസ

* എ ഡി. 311-ൽ മരിച്ചു എന്നു അൎത്ഥം.

ന്മാർ—ഇങ്ങനെ ആകപ്പാടെ ഏഴ പാത്രിയക്കീസന്മാർ ഇപ്പോൾ അന്ത്യോഖ്യായിലെ പാത്രിയക്കീസ് എന്ന സ്ഥാനം ഉപയോഗിച്ചുവരുന്നുണ്ട്. പുരാതന അന്ത്യോഖ്യാസിംഹാസനത്തിൻെറ സാക്ഷാൽ അവകാശിയായി ഗണിക്കപ്പെടാവുന്ന ഓത്തഡോക്സ് പാത്രിയക്കീസിൻെറ കീഴിൽ ഇപ്പോൾ സിറിയാ, കിലിക്യാ, മെസോപ്പൊത്തേമിയാ, ഇസാറിയാ എന്നീ സ്ഥലങ്ങളിലെല്ലാംകൂടെ പന്ത്രണ്ടു മെത്രാസന ഇടവകകളും ഏകദേശം 250,000 ജനങ്ങളും ഉള്ളതായി കാണുന്നു. എ. ഡി. 1724 മുതൽ 1899 വരെ ഓത്തഡോക്സ് പാത്രിയക്കീസന്മാരായി ഭരിച്ചിട്ടുള്ളവരെല്ലാംതന്നെ യവനരായിരുന്നു. എന്നാൽ സാധാരണ ജനങ്ങളുടെ ഭാഷ അറബിയാണെന്നു വിശേഷിച്ചു പറയേണ്ടല്ലോ.

## 4. യറുശലേമിലെ സഭ

പൌരസ്ത്യ പാത്രിയക്കാമണ്ഡലങ്ങളിൽ നാലാമത്തെ സ്ഥാനം അർഹിക്കുന്നതു് യറുശലേമിലെ സഭയത്രെ. കർത്താവിൻെറ സഹോദരനായ വി; യാക്കോബായിരുന്നു പ്രസ്തുത സഭയുടെ ഒന്നാമത്തെ മെത്രാൻ എന്നത്രെ പാരമ്പര്യവിശ്വാസം. അന്ത്യോഖ്യായുടെ മേൽക്കോയ്മ ഉപേക്ഷിച്ചിട്ടു യറുശലേം ഒരു പാത്രിയക്കാസ്ഥാനമാക്കുന്നതിനെക്കുറിച്ചും, യെറുശലേമിലെ മെത്രാന്മാരുടെ അവകാശങ്ങളെക്കുറിച്ചും നിഖ്യാ, എഫെസൊസ് ആദിയായ സുന്നഹദോസുകളിലും, മററു സന്ദർഭങ്ങളിലും നടന്ന ആലോചനകളുടെ ഫലമായിട്ട് എ. ഡി. 451-ൽ കൽക്കദോന്യസുന്നഹദോസിൽവച്ചു യറുശലേം ഒരു പാത്രിയക്കാ മണ്ഡലമായി അംഗീകരിക്കപ്പെട്ടു. കോൺസ്റ്റൻൈറൻ ചക്രവത്തിയുടെ ഭരണകാലത്തും, കുരിശുയുദ്ധങ്ങളുടെ കാലത്തും, പാശ്ചാത്യരും പൗരസ്ത്യരുമായ അനേക ക്രിസ്ത്യാനികൾ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി യറുശലേമിൽ പോയിട്ടുള്ളതു നിമിത്തം പ്രസ്തുത സഭയ്ക്കു് ക്രൈസ്തവലോകത്തിൽ ഒരു പ്രത്യേക പ്രാധാന്യം ലഭിച്ചിട്ടുണ്ട്. കൈസര്യ, ബേത്ലേഹെം, നസ്രേത്തു്, ലിഡാ, ഗാസാ,

താബോർ, ഫിലാഡൽഫിയാ, എക്കർ ആദിയായി പലസ്തീൻനാട്ടിലും അയൽദേശങ്ങളിലുമുള്ള (യറുശലേം ഉൾപ്പെടെ) 14 മെത്രാസന ഇടവകകളും, ഏകദേശം 60,000 ജനങ്ങളും ഇപ്പോഴത്തെ യറുശലേം പാത്രിയക്കീസിൻെറ ഭരണത്തിൽ ഉൾപ്പെട്ടുനിൽക്കുന്നു.

വിശുദ്ധ കല്ലറയുടെ കാവലിനും സൂക്ഷിപ്പിനും പ്രത്യേകം ചുമതലപ്പെട്ടിരിക്കുന്ന ഒരു സന്യാസിസമൂഹം കൂടാതെ, കർത്താവിൻെറ പാദസ്പർശനത്താൽ പരിപാവനമായിത്തീർന്നിരിക്കുന്ന പുണ്യസ്ഥലങ്ങളിൽ പുണ്യയാത്രക്കാരുടെ സുഖസൌകര്യാദികൾ അന്വേഷിക്കുന്നതിലും, ആതുരശുശ്രൂഷ ചെയ്യുന്നതിലും മററും നിരന്തരം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന അമ്പതിൽപരം സന്യാസിമാരുങ്ങൾ യറുശലേമിലെ പാത്രിയക്കീസിൻെറ സംരക്ഷണയിൽ സ്ഥിതിചെയ്യുന്നു. സഭാംഗങ്ങളായ അറബികളും ഭരണകർത്താക്കളായ യവനരും തമ്മിൽ കൂടുതൽ സൌഹാർദ്ദം ഉളവാക്കുന്നതിനായി മഹായുദ്ധകാലത്തു് (എ. ഡി. 1917) പലസ്തീൻ രാജ്യം ബ്രിട്ടീഷധീനതയിൽ വന്നതോടുകൂടെ ചില പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടു്. അവ സഫലമായി, സഭയിലെ അന്തഃഛിദ്രങ്ങൾ മാറി, യറുശലേമിലെ സഭ പുരാതന കാലത്തെന്നപോലെ ഇതരസഭകൾക്കു് അനുകരണയോഗ്യമായ ഒരു മാതൃകാസഭയായിത്തീരുമെന്നാശിക്കാം.

## 5. കുപ്രോസ് ദ്വീപിലെ സഭ

അപ്പൊസ്തലന്മാരായ പൌലൊസും ബർന്നബാസും എ. ഡി. 46-നടുത്തു് സ്ഥാപിച്ച പ്രസ്തുത സഭ, ഏകദേശം നാലു ശതാബ്ദത്തിൽപരം അന്ത്യോഖ്യയുടെ ഭരണത്തിനു കീഴ്പെട്ടിരുന്നശേഷം 431-ലെ എഫെസൊസ്സു് സുന്നഹദോസിൻെറയും, (8-ാംകാനോൻ) കുസ്തന്തീനോസ്സ്പോലീസിലെ പാത്രിയക്കീസിൻെറയും (471—89) ചക്രവർത്തിയായ സിനോയുടെയും തീരുമാനപ്രകാരം പൂർണ്ണസ്വാതന്ത്ര്യമുള്ള (Autocephalus) ഒരു സഭയായി സംഘടിപ്പിക്കപ്പെട്ടു. സംഖ്യാബലത്തിൽ യവനജാതിക്കാർ പ്രാമുഖ്യം

വഹിക്കുന്ന ഈ സഭയുടെ അംഗങ്ങൾ ഓരോ കാലത്തു ത ങ്ങളുടെ യജമാനന്മാരായി ഭവിച്ച ലത്തീൻകാരിൽനിന്നും തുക്കികളിൽനിന്നും അവണ്ണനീയമായ കഷ്ടനഷ്ടങ്ങൾ സ ഹിച്ചിട്ടുണ്ട്. എ. ഡി. 1878-ൽ ബർലിൻനഗരത്തിൽവ ച്ച് രൂപവൽക്കരിച്ച ഉടമ്പടിപ്രകാരം കുപ്രോസ്ദ്വീപ് ബ്രിട്ടീഷുകാരുടെ കൈവശം വന്നുചേന്നു. ഇപ്പോൾ ഈ ദ്വീപിൽ ഒരു ഭദ്രാസനഇടവകയും, മൂന്നു സഫ്രഗൻ ഇട വകകളും, 900 പട്ടക്കാരും, 1,58,000 ഓത്തഡോക്സ് ക്രി സ്ത്യാനികളും ഉണ്ട്. പാത്രിയക്കീസിൻെറ സ്ഥാനപ്പേരു് 'കുപ്രോസിലെയും, നോവോജസ്റ്റിനിയായിലെയും ഏററ വും അനുഗ്രഹിക്കപ്പെട്ട ആർച്ചുബിഷോപ്പ്' എന്നാണ്. സിൽക്കും രക്താംബരവും ധരിക്കുക, ചെങ്കോൽ അംശവ ടിക്കു പകരം ഉപയോഗിക്കുക, ചുവന്ന മഷികൊണ്ട് ഒ പ്പിടുക എന്നിത്യാദി റോമാചക്രവത്തിയായ സിനോ കല്പി ച്ചുകൊടുത്തിട്ടുള്ള ചില പദവികൾ ഇവിടത്തെ പാത്രിയ ക്കീസന്മാർ ഇന്നും വിലമതിച്ചുവരുന്നു.

## 6. സീനായിപർവ്വതത്തിലെ വി: കാതറൈൻെറ സന്യാസിമഠം സംബന്ധിച്ചുള്ള സഭ

ദീർഘകാലത്തേക്കു യറുശലേമിലെ പാത്രിയക്കീ സിൻെറ കീഴിലാണ് ഈ സന്യാസിമഠം ഇരുന്നിട്ടുള്ളതു്. എന്നാൽ എ. ഡി. 1575-നും 1782-നും ഇടയ്ക്കു ഇരുകൂട്ട രും തമ്മിൽ ഉഗ്രമായി നടന്നുകൊണ്ടിരുന്ന വാദപ്രതിവാദ ങ്ങളുടെ ഫലമായി പ്രസ്തുത മഠത്തിന് ഒരു പൂണ്ണ സ്വത ന്ത്രസഭയുടെ സ്ഥാനം ലഭിക്കുന്നതിനിടയായി. മഠാധിപ ന് ആച്ചുബിഷോപ്പ് എന്നുള്ള സ്ഥാനം ഉണ്ട്. ഇദ്ദേഹം താമസിക്കുന്നതു കൈറോയിലെ ഒരു ശാഖാമഠത്തിലാണ്.

## 7. രഷ്യയിലെ സഭ

രഷ്യയുടെ അപ്പൊസ്തലൻ എന്ന പേരിനു സവ്വഥാ യോഗ്യനായിത്തീന്നിരിക്കുന്ന വ്ളാഡിമിർ ഒന്നാമൻ ച

ക്രവത്തിയുടെ കാലത്തു (എ. ഡി. 984—1015) കുസ്തന്തീനോസ്പോലീസിലെ സഭയുടെ മിഷനറിവേലയുടെ ഫലമായായി റഷ്യാരാജ്യം ക്രിസ്തുമതം സ്വീകരിക്കുന്നതിനു ഇടയായതു നിമിത്തം വളരെക്കാലത്തേക്കു റഷ്യയിലെ സഭ അതിൻെറ മാതൃസഭയെ ആശ്രയിച്ചുനിന്നിരുന്നു. റഷ്യയിലെ ചക്രവത്തിയായ ഇവാനോവിച്ചിൻെറ ഉത്സാഹത്താൽ എ. ഡി. 1589-ൽ മോസ്ക്കോനഗരത്തിലെ മെത്രാൻ റഷ്യയിലെ പൊതുവില്ലുള്ള സഭയുടെ പാത്രിയക്കീസ് എന്ന സ്ഥാനത്തേക്കു ഉയത്തപ്പെട്ടു. എ. ഡി. 1591-ൽ ഇതര പാത്രിയക്കീസന്മാർ ഈ നിശ്ചയത്തെ സ്ഥിരപ്പെടുത്തി മോസ്ക്കോനഗരത്തെ പൌരസ്ത്യസഭയിലെ അഞ്ചാമത്തെ പാത്രിയക്കാമണ്ഡലത്തിൻെറ കേന്ദ്രമായി അംഗീകരിക്കയും ചെയ്തു.

മഹാനായ പീററർ ചക്രവത്തിയുടെ ഭരണകാലം മുതലാണ് റഷ്യയുടെ രാഷ്ട്രീയ ചരിത്രത്തിലെ നവീന ഘട്ടം ആരംഭിക്കുന്നതു്. സഭാസംബന്ധമായ കാര്യങ്ങളിൽ ഇദ്ദേഹം ചെയ്തിട്ടുള്ള പരിഷ്കാരങ്ങളിൽ സർവ്വപ്രധാനമായിട്ടുള്ളതു് മോസ്ക്കോയിലെ പാത്രിയക്കാസ്ഥാനം നിത്തൽചെയ്തു് സഭാഭരണത്തിനുവേണ്ടി ചക്രവത്തിയുടെ പ്രതിനിധിയും കുറെ മെത്രാന്മാരും ഉൾപ്പെട്ട 12 അംഗങ്ങളുള്ള ഒരു 'വി: സുന്നഹദോസു്' ഏർപ്പെടുത്തിയതാണു്. ഇതു് എ. ഡി. 1721-ലായിരുന്നു. മഹായുദ്ധകാലത്തു റഷ്യയിലുണ്ടായ വിപ്ളവത്തിൻെറ ആരംഭംവരെ റഷ്യയിലെ സഭ ചക്രവത്തിയുടെ നിഴലെന്നപോലെ, വേണ്ട വിധത്തില്ലുള്ള സ്വാതന്ത്ര്യം ലഭിക്കാതെ വത്തിച്ചിരുന്നു. എങ്കിലും 18-ം 19-ം ശതാബ്ദങ്ങളിൽ സൈബീരിയ, ജപ്പാൻ, അലാസ്കാ, അമേരിക്കൻ ഐക്യനാടുകൾ, സിറിയ, പേർഷ്യ, മഞ്ചൂറിയാ എന്നീ സ്ഥലങ്ങളിൽ ഏററവും വിസ്തൃതവും അഭിനന്ദനീയവും ആയ രീതിയിൽ റഷ്യൻസഭ മിഷനറിവേല ചെയ്തിട്ടുണ്ടെന്നുള്ള വാസ്തവം വിസ്മരിച്ചുകൂടാ. റഷ്യയിലെ മിഷനറിവീരന്മാരുടെ കൂട്ടത്തിൽ ആദ്യം കംചാത്കായിലെ ബിഷോപ്പും പിന്നീട

മോസ്ക്കോയിലെ മെത്രാപ്പോലീത്തായും (എ. ഡി. 1868–†1879) ഓർത്തഡോക്സ് മിഷനറിസമൂഹത്തിൻെറ സ്ഥാപകനും ആയ ഇന്നസെൻറ് വെനിയമിനോവിൻെറയും ജപ്പാനിലെ ഓർത്തഡോക്സ് സഭാസ്ഥാപകനും, ടോക്കിയോയിലെ ബിഷോപ്പും (എ. ഡി. 1880–†1912) ആയ നിക്കൊളാസ് കൊസാട്കിനിൻെറയും പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്. റഷ്യയിലെ മെത്രാന്മാരുടെ കൂട്ടത്തിൽ, ഒരു സുപ്രസിദ്ധ പ്രസംഗകനായ പ്ളെട്ടൻെറയും (എ. ഡി. 1775-1812) ഗ്രന്ഥകാരനും പണ്ഡിതനുമായ ഫിലാററ്റിൻെറയും (എ. ഡി. 1821–1867) സഭാചരിത്രകാരനായ മക്കാറിയുടെയും പേരുകൾ ചിരസ്മരണീയമാണ്. ഫിലാററ്റ വേദപുസ്തകം റഷ്യരുടെ മാതൃഭാഷയായ സ്ലാവോണിക്ക ഭാഷയിലേക്ക പരിഭാഷപ്പെടുത്തുകയും, മതസംബന്ധമായ ചില 'ചോദ്യോത്തര'പുസ്തകങ്ങൾ നിർമ്മിക്കയും ചെയ്തിട്ടുണ്ട്.

എ. ഡി. 1917–ൽ റഷ്യയിലെ വിപ്ലവത്തിൻെറ ഫലമായി ഗവമ്മെൻറു ബോൾഷവിക്ക കക്ഷികളുടെ പിടിയിൽ വന്നതോടുകൂടെ, റഷ്യയിൽ ഉണ്ടായ ഭയങ്കരമായ മതപീഡ പരിഷ്കൃത ലോകത്തെ ആകമാനം ക്ഷോഭിപ്പിക്കയും ലജ്ജിപ്പിക്കയും ചെയ്തു. 1917–ൽ സഭയുടെ ഒരു കൌൺസിൽ കൂടി പാത്രിയക്കാസ്ഥാനത്തെ പുനജ്ജീവിപ്പിച്ചു സഭയെ രക്ഷിക്കുന്നതിനു ശ്രമിച്ചു. പക്ഷേ ലനിൻ കക്ഷികളുടെ കുനയത്തെ എതിക്കുന്നതിനു ഇവക്കു സാധിച്ചില്ല. എ. ഡി. 1918 (ജനുവരി 23)–ൽ ബോൾഷവിക്കു ഗവമ്മെൻറു പാസ്സാക്കിയ ഒരു നിയമപ്രകാരം സഭാവസ്തുക്കൾ സക്കാരിലേക്കു കണ്ടുകെട്ടുകയും, മതാഭ്യസനം കുററകരമാക്കയും ചെയ്തു. ഈ വിപ്ലവകാലത്തു 28 ബിഷോപ്പന്മാരും 1215 പട്ടക്കാരും ബോൾഷവിക്ക ഗവമ്മെൻറിനാൽ നീചവും ക്രൂരവും ആയ വിധത്തിൽ ദണ്ഡിപ്പിക്കപ്പെട്ടശേഷം വധിക്കപ്പെട്ടു. അനേകർ ഫ്രാൻസിൽ–പാരീസ് ആദിയായ സ്ഥലങ്ങളിൽ–അഭയം പ്രാപിച്ചു. സംഖ്യാബലം നിമിത്തം പൌരസ്ത്യസഭയുടെ ഏററവും പ്രധാ

† 1879-ൽ മരിച്ചു എന്നർത്ഥം. 1891

നഭാഗമായിരുന്ന റഷ്യൻ സഭ തൽക്കാലം നാമാവശേഷമായതുപോലെ തോന്നുന്നെങ്കിലും, വിദേശങ്ങളിൽ അഭയം പ്രാപിച്ചിരിക്കുന്ന റഷ്യയിലെ യുവജനങ്ങൾ മൂലം ചരിത്രപ്രസിദ്ധമായ ഈ സഭ പുനർ ജീവിച്ച്, യൂറോപ്പിൽ ഒരു വെളിച്ചമായിത്തീരുമെന്നു പ്രതീക്ഷിക്കാൻ ന്യായമുണ്ട്.

## 8. ഗ്രീക്കുസഭ (യവനായ സഭ)

ബൾഗേറിയാ, യുഗോസ്ലാവിയാ, റുമേനിയാ ഗ്രീസ് എന്നീ നാലുരാജ്യങ്ങളിലെ സഭകളും ഒരു കാലത്തു കുസ്തന്തീനോസ്പോലീസിലെ സഭയുടെ അധീനതയിൽ ഇരുന്നെങ്കിലും, 15-ാം ശതാബ്ദത്തിൽ (1453) കുസ്തന്തീനോപോലീസിലെ സഭ മഹമ്മദീയ മേധാവിത്വത്തിനു വിധേയമായതോടുകൂടെ, ഇവ ഓരോന്നും തങ്ങളുടെ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി അക്ഷീണ പരിശ്രമം ചെയ്കയും പല ഘട്ടങ്ങളിലായി തങ്ങളുടെ അഭീഷ്ടനിവൃത്തി വരുത്തുകയും ചെയ്തു. ആൾക്കരം ചുമത്തുക, ആൺകുട്ടികളെ സൈന്യത്തിൽ ചേർക്കുന്നതിനായി പിടിച്ചുകൊണ്ടുപോക, ദാസ്യവേല ചെയ്യിക്ക, എന്നിങ്ങനെ പല വഴികളിൽകൂടി തുർക്കി ഗവമ്മെൻറ് തങ്ങളുടെ ക്രിസ്തീയ പ്രജകളായ ഓത്തഡോക്സ് ഗ്രീക്ക് സഭാംഗങ്ങളെ ഉപദ്രവിച്ചുകൊണ്ടിരുന്നു.

19-ാംശതാബ്ദത്തിൻെറ ആരംഭ ഘട്ടത്തിൽ ഗ്രീസ് രാജ്യം തുർക്കികളുടെ മേൽക്കോയ്മയിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചതോടുകൂടെ, സഭയ്ക്കു് ഒരു നവജീവൻ ലഭിച്ചു എന്നു പറയാവുന്നതാണ്. എ. ഡി. 1933-ൽ നൊപ്ലിയായിലെ സുന്നഹദോസിൽവച്ചു 34 യവനായ മെത്രാന്മാർ കൂടി തങ്ങളുടെ സഭയുടെ സ്വാതന്ത്ര്യപ്രഖ്യാപനം ചെയ്തു. ആദ്യം കുസ്തന്തീനോസ് പോലീസിലെ പാത്രിയക്കാ സിംഹാസനം ഈ സംഭവത്തെ ഗണ്യമാക്കിയില്ലെങ്കിലും എ. ഡി. 1850-ൽ ഒരു പത്രിയക്കാശാസനംമൂലം യവനായ സഭയുടെ സ്വാതന്ത്ര്യനില അംഗീകരിക്കേണ്ടതായിവന്നു. പഴയ അധികാരങ്ങളുടെയും അവകാശങ്ങളുടെയും സ്മാരകമായി കുസ്തന്തീനോസ് പോലീസിലെ പാത്രിയക്കീസ് മൂറോൻ തൈലം വാഴ്ത്തി യവനായസഭയ്ക്കു അയച്ചുകൊടുക്കുന്ന പ

തിവു ഇന്നും നടപ്പിലിരിക്കുന്നു. സഭാഭരണം നടത്തുന്നതു ആതൻസിലെ മെത്രാപ്പോലീത്തായുൾപ്പെട്ട മെത്രാന്മാരുടെ ഒരു കമ്മട്ടി('വിശുദ്ധ സുന്നഹദോസു'') അത്രെ. രാജകീയ കമ്മീഷ്ണർഎന്നനിലയിൽ പാർലമെൻറിൻെറ പ്രതിനിധിയായി ഒരു അൽമായക്കാരനുംപ്രസ്തുത സുന്നഹദോസിൻെറ അംഗമാണു്. ഇതു റഷ്യൻ സഭാഭരണത്തിൻെറ ഒരു പകപ്പുപോലെ തോന്നുന്നു. യവനായ സഭയുടെ അധീശനായ ആതൻസിലെ മെത്രാപ്പോലീത്തായുടെകീഴിൽ ഇപ്പോൾ 33 മെത്രാസന ഇടവകകളുണ്ടു്. ഇവ കൂടാതെ കുസ്തന്തീനോസ് പോലീസ് പാത്രിയക്കാ മണ്ഡലവുമായുള്ള ബന്ധം ഉപേക്ഷിച്ചിട്ടില്ലാത്ത 49 മെത്രാസന ഇടവകകളും ഗ്രീസ് രാജ്യാതിത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്നുവെന്നു ഓത്തിരിക്കേണ്ടതാണു്. 1905-ൽ ഗ്രേക്കു് സഭയുടെ വകയായി പുരുഷന്മാക്കായുള്ള 171 സന്യാസമഠങ്ങളും ഒൻപതു കന്യാസ്ത്രീമഠങ്ങളും 34 ഇതര സന്യാസാശ്രമങ്ങളും ഉണ്ടായിരുന്നതായി കാണുന്നു. അടുത്ത കാലത്തു ജനാധിപത്യ പ്രമാണങ്ങളനുസരിച്ചു ഗ്രേക്കു സഭകളിലെ ഭരണസമ്പ്രദായം പരിഷ്കരിക്കപ്പെട്ടുമെന്നു പ്രതീക്ഷിക്കുന്നു.

ബിഷോപ്പന്മാരുടെ തിരഞ്ഞെടുപ്പു സംബന്ധിച്ചു് വിശുദ്ധ സുന്നഹദോസിനു അഭിപ്രായം പറയുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടെങ്കിലും, അവരെ നിയമിച്ചു ശമ്പളം കൊടുക്കുന്നതു ഗവമ്മെൻറാണു്. ബിഷോപ്പു് വിഭാര്യനായിരിക്കണമെന്നല്ലാതെ അവിവാഹിതനായിരിക്കണമെന്നു നിർബന്ധമില്ല. സാധാരണയായി സന്യാസിമാരെയാണു് എപ്പിസ്ക്കോപ്പൽ സ്ഥാനത്തുവാഴിക്കുന്നതെങ്കിലും, വിവാഹശേഷം ഭാര്യ മരിച്ച ഒരാൾക്കു ബിഷോപ്പ്സ്ഥാനത്തു പ്രവേശിക്കാവുന്നതാണു്. പട്ടക്കാർ മുപ്പതും ശെമ്മാശന്മാർ ഇരുപത്തഞ്ചും വയസ്സിൽ കുറയാതെ പ്രായമുള്ളവരായിരിക്കണമെന്നു പ്രസ്തുത സഭ നിഷ്കൎഷിക്കുന്നു. യവനായസഭ സന്യാസസമൂഹങ്ങൾക്കും, സന്യാസപരമായ അനുഷ്ഠാനങ്ങൾക്കും അസാമാന്യമായ പ്രാധാന്യം കല്പിച്ചു വരുന്നു. എ. ഡി. 1905-ൽ 200-ൽ പരം സന്യാസാശ്രമങ്ങളിലായി 2000-ൽ അധികം സന്യാസവ്രതക്കാർ യവനായ സഭയുടെ അംഗങ്ങളായി കണക്കിൽ ചേർന്നിരുന്നു.

ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉള്ള പ്രതിവാരനോമ്പുകൾ കൂടാതെ, ക്രിസ്തുമസ്സിനുമുമ്പു 40 ദിവസവും, ഈസ്റ്ററിനു മുമ്പു 48 ദിവസവും, പെന്തിക്കുസ്തിപെരുനാളിന്റെശേഷം ശ്ലീഹന്മാരുടെ ഓർമ്മയ്ക്കായുള്ള ചില ദിവസങ്ങളും, വിശുദ്ധ കന്യകമറിയാമിന്റെ ഓർമ്മയ്ക്കായിരണ്ടാഴ്ചയും മററു ചുരുക്കം ചില ദിവസങ്ങളും നോമ്പുകാലമായി യവനായ സഭാംഗങ്ങൾ ആചരിച്ചുവരുന്നു.

## 9. ബൾഗേറിയയിലെ സഭ

പൌരസ്ത്യ ഓർത്തഡോക്സ് സഭാമദ്ധ്യത്തിൽ ബൾഗേറിയയിലെ സഭയുടെ നില പ്രത്യേകമായിട്ടുള്ള ഒന്നാണ്. ചില ഓർത്തഡോക്സ് സഭകളുമായി അതിനു സംസർഗ്ഗം ഉണ്ടെങ്കിലും, അതിന്റെ മാതൃസഭയായ കുസ്തന്തീനോസ്പോലീസിലെ സഭയുടെ ദൃഷ്ടിയിൽ അതു ശീശ്മയിലിരിക്കുന്ന ഒരു സഭയത്രെ. ഈവിധത്തിലുള്ള ഒരു പതനത്തിൽ ഈ സഭ വന്നുകൂടിയതെങ്ങനെ എന്നു അന്വേഷിക്കാം:—

കോൺസ്റ്റാൻറിനോപ്പിളിലെ ചക്രവർത്തി ആയ മിഖായേൽ മൂന്നാമന്റെ സ്നേഹിതനും (എ. ഡി. 842—67) തങ്ങളുടെ രാജാവും ആയ ബോറീസ് ഒന്നാമന്റെ (882-88) പ്രേരണനിമിത്തമത്രെ ബൾഗേറിയ വർഗ്ഗക്കാർ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചതു്. ബൾഗേറിയ രാജ്യത്തിന്റെ രാഷ്ട്രീയ ബന്ധം അനുസരിച്ചു അവിടത്തെ സഭ വളരെക്കാലത്തേക്കു കുസ്തന്തീനോസ്പോലീസിലെ സഭയെ ആശ്രയിച്ചുനിന്നിരുന്നു. ഗ്രീക്കു മെത്രാന്മാരാണ് ബൾഗേറിയൻ സഭ ഭരിച്ചു വന്നിരുന്നതു്. ബൾഗേറിയരും ഗ്രേക്കരും, കീരിയും പാമ്പും പോലെയാണ് അന്യോന്യം വർത്തിച്ചു വന്നിട്ടുള്ളതെന്നും വ്യക്തമാണ്. അതിനാൽ സഭയ്ക്കു സ്വാതന്ത്ര്യം ലഭിക്കണമെന്നുള്ള മോഹം ബൾഗേറിയ ജാതിക്കാരുടെ ഇടയിൽ വളരെ ശക്തിയായി പ്രത്യക്ഷപ്പെട്ടിരുന്നു. ഗ്രേക്കരോ, കുസ്തന്തീനോസ്പോലീസിലെ സഭയോ, ഈ അഭിപ്രായത്തോടു അനുകൂലിക്കുന്നില്ല എന്നു കണ്ടപ്പോൾ, അക്കാലത്തു തൽഭരണകർത്താക്കന്മാരായിരുന്ന തുർക്കികളോടു ചേർന്നു ബൾഗേറിയർ ഒരു സ്വതന്ത്രസഭ സ്ഥാപിക്കുന്നതിനുള്ള അവകാശം കരസ്ഥമാക്കി. സഭയു

ടെ തലവനു എക്സാർക്ക് (Exarch=ഭരണാധിപൻ) എന്ന സ്ഥാനമാണ് തുക്കിസുൽത്താൻ കല്പിച്ചു നല്കിയതു്. ഇതു് 1870-ാമാണ്ടിലായിരുന്നു. കുസ്തന്തീനോസ്പോലീസിലെ പാത്രിയക്കീസ് ഉടൻതന്നെ ഒരു സുന്നഹദോസു് വിളിച്ചുകൂട്ടി, എക്സാക്കിനെയും കൂട്ടരെയും മുടക്കി (1872). എന്നാൽ ഈ സുന്നഹദോസിന്റെ തീരുമാനം യറുശലേമിലേയും റഷ്യയിലെയും റൂമേനിയയിലെയും സേവ്വ്യയിലെയും സഭകൾ വകവച്ചില്ല. അതിനാൽ കുസ്തന്തീനോസ്പോലീസിലെ സഭ ശീശ്മക്കാരായി ഗണിച്ചുവരുന്ന ബൽഗേറിയൻസഭ റഷ്യയിലെയും യറുശലേമിലെയും മറെറല്ലാസ്ഥലങ്ങളിലെയും ഓത്തഡോക്സ്സഭകളുമായി സംസഗ്ഗത്തിൽ ഇരിക്കുന്നുവെന്നുള്ളതു് രസാവഹമായ ഒരു സംഗതി ആണു്.

ബൽഗേറിയ, ത്രേസ്യ്, മാസിഡോണിയ എന്നീ സ്ഥലങ്ങളിലെല്ലാംകൂടെ 32 മെത്രാസനയിടവകകൾ എക്സാക്കിന്റെ ഭരണാധികാരത്തിൽ നില്ക്കുന്നുണ്ടു്. ഇവയിൽ 11 ബൽഗേറിയയിൽതന്നെ ഉള്ള ഇടവകകളാണു്. ബോസ്പറസ്യ് ഉൾക്കടലിന്റെ തീരത്തു സ്ഥിതിചെയ്യുന്ന ഓട്ടക്കേക്കി (Ortakeki) എന്ന സ്ഥലത്താണു് എക്സാക്കിന്റെ അരമന. ഗവമ്മെൻറു്ഗ്രാൻറു്, കൂദാശകളുടെ കമ്മഫീസ്യ്, എന്നീ രണ്ടിനത്തിലുള്ള വരുമാനമാണു് പട്ടക്കാരുടെ സന്ധാരണത്തിനു ഉപയോഗിച്ചുവരുന്നതു്.

## 10. യുഗോസ്ലാവിയായിലെ സഭ

മഹായുദ്ധത്തിനു മുമ്പു് സേവ്വിയാ, മോണ്ടിനിഗ്രോ, ബോസ്നിയ, ഹെർസ്ഗോവിനിയാ എന്നിങ്ങനെ ഓസ്ത്രിയാ-ഹംഗറിയിലുണ്ടായിരുന്ന പല ചെറിയ രാജ്യങ്ങൾ ഒന്നിച്ചുചേന്ന ഒരു സംസ്ഥാനമാണു് ഇപ്പോൾ യുഗോസ്ലാവിയാ എന്ന പേരിൽ അറിയപ്പെട്ടുന്നതു്. സ്ലാവു് വഗ്ഗക്കാരുടെ രാജ്യമായതുകൊണ്ടു് ഇതിനു യുഗോസ്ലാവിയ എന്ന പേർ ലഭിച്ചു. സ്ലാവുകാരുടെ അപ്പൊസ്തലന്മാരായി ഗണിക്കപ്പെട്ടുവരുന്ന കോൺസ്റ്റൻറിനോപ്പിളിലെ മിഷനറിമാരായ മെതോഡിയസും, കുറിലോസും അത്രെ ഈ ജാ

തിക്കാരുടെ പൂർവ്വികന്മാരോട്ട ഒൻപതാംശതാബ്ദത്തിൽ സുവിശേഷം അറിയിച്ചതു്. അന്നുമുതൽ കുസ്തന്തീനോസ്പോലീസിലെ സഭ സ്ലാവു് രാജ്യത്തെ സഭയുടെ മാതൃസഭയായി ഗണിക്കപ്പെട്ടുപോന്നു. എന്നാൽ ദേശീയബോധം വർദ്ധിച്ചുവന്നതോടുകൂടെ കുസ്തന്തീനോസ്പോലീസിലെ സഭയുമായുള്ള ബന്ധവം അവസാനിപ്പിക്കണമെന്നു സ്ലാവുകാരിൽ ഒരുകൂട്ടർ നിശ്ചയിച്ചു. ഇങ്ങനെയാണു എ. ഡി. 1351-ൽ സേർവിയായിലെ പാത്രിയക്കാമണ്ഡലം സൃഷ്ടിക്കപ്പെട്ടതു്. എന്നാൽ മാതൃസഭയ്ക്കു് ഈ സാരംഭം ആദ്യകാലത്തു അത്ര രുചിച്ചില്ലെങ്കിലും എ. ഡി. 1375-ൽ സേർവിയായിലെ പാത്രിയക്കീസിനെ അംഗീകരിക്കുന്നതിനു നിർബന്ധിതയായി. തുർക്കികളുടെ ആക്രമണത്തോടുകൂടെ സേർവിയയിലെ സഭയുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു് വീണ്ടും ഗ്രേക്കുകാരുടെയും കുസ്തന്തീനോസ്പോലീസിലെ സഭയുടെയും കീഴിൽ സ്ലാവു്ജാതിക്കാർ വന്നുചേന്നു. പല ശതാബ്ദങ്ങൾ ഇങ്ങനെ കഴിഞ്ഞു. ഒടുവിൽ സാർവ്വത്രികപാത്രിയക്കീസു് തന്നെ 1879-ൽ സേർവ്വിയായിലെ സഭയുടെ സ്വാതന്ത്ര്യം സുസ്ഥിരമാക്കിക്കൊടുത്തു. മഹായുദ്ധത്തിൻെറശേഷം സേർവ്വിയായിലെ രാജാവിൻെറ അധികാരസീമ വർദ്ധിച്ചതോടുകൂടെ തന്നെ ബൽഗ്രേഡ് പട്ടണം യുഗോസ്ലാവ്യായിലെ പാത്രിയക്കാമണ്ഡലത്തിൻെറ തലസ്ഥാനമായി രൂപാന്തരപ്പെട്ടു (എ. ഡി. 1920). പ്രസ്തുത പാത്രിയക്കാസിംഹാസനത്തെ ആദരിക്കയും അനുസരിക്കയും ചെയ്യുന്നവരായി നാലു മെത്രാപ്പോലീത്തന്മാരും ഇരുപത്തിരണ്ടു മെത്രാന്മാരും ഉണ്ടു്. ഈ സഭയ്ക്കു് രണ്ടു വൈദികസെമ്മനാരികൾ ഉണ്ടു്.

## 11. രുമേനിയായിലെ സഭ

ബാൽക്കൻരാജ്യങ്ങളെല്ലാം രാഷ്ട്രീയസ്വാതന്ത്ര്യത്തോടുകൂടെ തന്നെ സഭയുടെ സ്വാതന്ത്ര്യവും നേടിയതായി ചരിത്രം സാക്ഷിക്കുന്നു. രുമേനിയായും ഈ പ്രമാണത്തിനു വ്യത്യസ്തമല്ല. രുമേനിയായുടെ രാഷ്ട്രീയനില ശക്തിപ്പെട്ടതോടുകൂടെ സഭയുടെ സ്വാതന്ത്ര്യനിലയും സുസ്ഥിരമായിത്തീന്നു.

എ. ഡി. 1885-ൽ സാർവ്വത്രിക പാത്രിയക്കീസ് (കുസ്തന്തീനോസ് പോലീസിലെ പാത്രിയക്കീസ്) റൂമേനിയായിലെ സഭയെ ഒരു സ്വതന്ത്രസഭയായി ആംഗീകരിച്ചു. റൂമേനിയായിൽ രണ്ടു മെത്രാസന ഇടവകകളും (ബുക്കാറസ്റ്റ്, ജാസ്സി) പതിനൊന്നു സഫ്രഗൻ ഇടവകകളും ഉണ്ടു്. പട്ടക്കാരും ജനങ്ങളും ഒന്നുപോലെ വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്നവരാണു്. ഈ സഭയിൽ ഏകദേശം ഒന്നേകാൽകോടി അംഗങ്ങളുള്ളതിൽ എട്ടു ലക്ഷം റഷ്യരും നാലുലക്ഷം ബൾഗേറിയരും ഉൾപ്പെട്ടിട്ടുണ്ടു്.

## 12. ജോർജ്ജ്യായിലെ സഭ

ഒരുകാലത്തു റഷ്യൻസഭയോടു യോജിച്ചു നിന്നിരുന്ന ജോർജ്ജ്യായിലെ സഭ എ. ഡി. 1919-ൽ ഒരു പുതിയ ഭരണ സംഘടന ഏർപ്പെടുത്തി പൂർണ്ണ സ്വാതന്ത്ര്യമുള്ള ഒരു സഭയായി തീർന്നിരിക്കുന്നു. എന്നാൽ റഷ്യയിലെ ഇപ്പോഴത്തെ കലാപങ്ങൾ നിമിത്തം റഷ്യൻ സഭയ്ക്കു് സുന്നഹദോസ് വഴിയായി ഈ തീരുമാനത്തെ സ്ഥിരപ്പെടുത്തുവാൻ സൌകര്യമുണ്ടായിട്ടില്ല. എന്നിരുന്നാലും ഇതിനെ പന്ത്രണ്ടാമത്തെ സ്വതന്ത്ര ഓർത്തഡോക്സ് സഭയായി ഒരർത്ഥത്തിൽ വകവയ്ക്കുന്നതിൽ അബദ്ധമില്ല. ഈ സഭയിൽ ഏകദേശം മൂന്നുലക്ഷം അംഗങ്ങൾ ഉണ്ടത്രെ.

ബൾഗേറിയായിലെ സഭ ഒഴിച്ചു് മേൽ വിവരിച്ച പൌരസ്ത്യ ഓർത്തഡോക്സ് സഭാശാഖകളായ പന്ത്രണ്ടു സഭകളും അന്യോന്യ സംസർഗ്ഗത്തിലിരിക്കുന്നവയാണു്. വിശ്വാസം, ആചാരങ്ങൾ, ആരാധന, ഭരണസമ്പ്രദായം മുതലായവയിൽ ഇവയെല്ലാം മിക്കവാറും ഐകരൂപ്യം ഉള്ളതുകൊണ്ടാണു് അന്യോന്യ സാംസർഗ്ഗം സാധിച്ചിരിക്കുന്നതു്. ഈ സഭകൾ പൊതുവിൽ സ്വീകരിച്ചിരിക്കുന്ന വിശ്വാസാചാരാദികളെക്കുറിച്ചു ദീർഘമായി പ്രതിപാദിക്കുന്നതിനു നിവൃത്തിയില്ലെങ്കിലും, ചില പ്രധാനസംഗതികൾ താഴെ ചേർത്തുകൊള്ളുന്നു:—

**വിശ്വാസം.** വിശുദ്ധ വേദപുസ്തകം, ആദ്യത്തെ ഏഴു സാർവ്വത്രിക സുന്നഹദോസുകളുടെ * തീരുമാനങ്ങൾ, വിശുദ്ധ പിതാക്കന്മാരുടെ ഉപദേശം (പ്രത്യേകിച്ചു ജോൺ ഡമാസിൻെറ ഓൎത്തഡോക്സ് വിശ്വാസം എന്ന ഗ്രന്ഥം)† എന്നിവയിന്മേൽ അടിസ്ഥാനപ്പെട്ട ഒരു പൊതു വിശ്വാസ തത്വസഞ്ചയമാണ് ഈ സഭകൾക്കെല്ലാം ഉള്ളതു്. വിശ്വാസരേഖകളിൽ സർവ്വപ്രധാനമായി കരുതിപ്പോരുന്നതു് നിഖ്യായിലെ വിശ്വാസപ്രമാണമാണ്. ഈ സഭകൾക്കെല്ലാം ഏഴു കൂദാശകളും പരിശുദ്ധന്മാരോടുള്ള അപേക്ഷയും. മരിച്ചവൎക്കുവേണ്ടിയുള്ള പ്രാൎത്ഥനയും ഉണ്ടു്.

**ആരാധന.** പ്രത്യേക റീത്തുകാരൊഴിച്ചുള്ള റോമൻകത്തോലിക്കരെല്ലാം ലത്തീൻഭാഷ ഉപയോഗിക്കുന്നതുപോലെ, സഭയുടെ ആരാധനാഭാഷ ആയിട്ടു പൌരസ്ത്യ ഓൎത്തഡോക്സ്സഭ ഏതെങ്കിലും ഒരു ഭാഷ സ്വീകരിച്ചിട്ടില്ല. ഓരോ ജാതിയും അവരവരുടെ മാതൃഭാഷയിലോ, ഇതരഭാഷയിലോ ആരാധന നടത്തിവരുന്നു. തക്സാകൾ സംബന്ധിച്ചും ഐകരൂപ്യം ഇല്ലതന്നെ. എന്നാൽ പ്രസ്തുത സഭകളിലെല്ലാം ഉപയോഗത്തിലിരിക്കുന്ന തക്സാകളുടെ പ്രധാന ഭാഗങ്ങൾ അന്യോന്യം അടുത്ത സംബന്ധമുള്ളവയാണ്. മാറാനായ (നമ്മുടെ കൎത്താവിനെ സംബന്ധിച്ചവ) ദൈവമാതാവിനെ സംബന്ധിച്ചവ, വിശുദ്ധന്മാരെ സംബന്ധിച്ചവ, ഇങ്ങനെ പെരുനാളുകളെ മൂന്നായി തരംതിരിച്ചു ഈ സഭകളെല്ലാം ആചരിച്ചുവരുന്നു. നോമ്പു

---

* ഏഴു് സുന്നഹദോസുകൾ (I) നിഖ്യാ 325; (II) കു. പോ. 381; (III) എഫെസൂസ്, 431; (IV) കൽക്കദോന്യ, 451; (V) കു. പോ. (2) 553: (VI) കു. പോ. (3) 680; (VII) നിഖ്യാ (2) 787.

† റഷ്യയിലെ ഒരു മെത്രാപ്പോലീത്താ ആയിരുന്ന മോഗിലായുടെ 'ഓൎത്തഡോക്സ് വിശ്വാസം' (Orthodox Confession) എ. ഡി. 1638, യരുശലേമിലെ പാത്രിയൎക്കീസായിരുന്ന ഡോസിത്തീയൂസിൻെറ 'ഏററുപറച്ചിൽ' (The Confession) എന്നീ പുസ്തകങ്ങളും ഓൎത്തഡോക്സ് സഭകളിൽ പൊതുവെ പ്രാമാണ്യം സിദ്ധിച്ചിട്ടുള്ളവയാണ്.

കളുടെ സംഖ്യയും ആചരണരീതിയും മിക്കവാറും ഒന്നുതന്നെ. ജനനപ്പെരുനാൾ, ഉയിർപ്പുപെരുനാൾ ആദിയായവയുടെ തീയതി സംബന്ധിച്ചു പാശ്ചാത്യ പൌരസ്ത്യ സഭകൾ തമ്മിൽ കണ്ടുവരുന്ന വ്യത്യാസത്തിൻെറ കാരണം പൌരസ്ത്യസഭകൾ ജൂലിയൻ പഞ്ചാംഗവും (Julian Calendar—old Style) പാശ്ചാത്യസഭകൾ ഗ്രിഗോറിയൻ പഞ്ചാംഗവും അനുസരിച്ചു പെരുനാളുകളുടെ തീയതി നിശ്ചയിച്ചുവരുന്നു എന്നുള്ളതാണ്.* ആരാധനയിൽ പ്രസംഗത്തിനു വലിയ സ്ഥാനമില്ല. ഓത്തഡോക്സ് സഭ ആരാധനയ്ക്കുള്ള ഒരു സമൂഹമത്രെ എന്നു ഡാക്ടർ ബി. ജെ. കിഡ് പറഞ്ഞിരിക്കുന്നു.

**ഭരണരീതി.** പൌരസ്ത്യഓത്തഡോക്സ് സഭകളെ ഏകയോഗമായി ബന്ധിച്ചുനിൎത്തിയിരിക്കുന്ന വേറൊരു സംഗതി അവയുടെ ഭരണരീതിയിലുള്ള യോജിപ്പ് അത്രെ. പ്രസ്തുത സഭകൾ എല്ലാംതന്നെ എപ്പിസ്കോപ്പൽ ഭരണസമ്പ്രദായം സ്വീകരിച്ചിരിക്കുന്നവയാണെന്നു എടുത്തുപറയേണ്ട ആവശ്യം ഇല്ല. പുരാതന സുന്നഹദോസിൻെറ തീരുമാനസഞ്ചയമാകുന്ന കാനോൻ പ്രമാണങ്ങളനുസരിച്ചാണു സഭാഭരണം പാത്രിയക്കീസന്മാരും മെത്രാപ്പോലീത്തന്മാരും നടത്തിവരുന്നതു്. അൽമായക്കാൎക്കു സഭാഭരണത്തിൽ സ്ഥാനമില്ല. പൌരസ്ത്യസഭകളിൽ പട്ടക്കാരെപ്പോലെ തന്നെ സന്യാസിമാരെയും സന്യാസിസമൂഹങ്ങളെയും ജനങ്ങൾ ബഹുമാനിച്ചുവരുന്നു. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ ദയറാകൾ പരിപൂൎണ്ണ സ്വാതന്ത്ര്യഭരണം സ്വീകരിച്ചിട്ടില്ല. മിക്ക ദയറാകളും മെത്രാന്മാരുടെ മേൽനോട്ടത്തിലിരിക്കുന്നവയാണ്. സഭാഭരണം സംബന്ധിച്ചും കാലദേശസ്ഥിതി അനുസരിച്ചും ആവശ്യമായിരിക്കുന്ന ഭേദഗതികൾ ഉണ്ടാക്കുന്നതിനു പൌരസ്ത്യസഭകൾ മടിക്കുന്നില്ല എന്നുകൂടെ പ്രസ്താവിച്ചുകൊണ്ടു ഈ ഭാഗം അവസാനിപ്പിച്ചുകൊള്ളുന്നു.

---

* നമ്മുടെ കൎത്താവിൻെറ ജനനം, മരണം, ഉയിൎത്തെഴുന്നേല്പ് എന്നീ ദിവസങ്ങളെ കൊണ്ടാടേണ്ടുന്ന തീയതികളെക്കുറിച്ചു സഭയിൽ വളരെ അഭിപ്രായവ്യത്യാസമുണ്ട്. അതിനു മൂന്നു പ്രധാന കാരണങ്ങൾ ഇവിടെ പറഞ്ഞുകൊള്ളട്ടെ:—

(1) ജൂലിയസ് സീസറിൻെറ (Julias Caesar) കാലംമുതൽ റോമാരാജ്യത്തിൽ ആണ്ടു നിശ്ചയിച്ചുകൊണ്ടിരുന്നതു സൂൎയ്യൻെറ ഗതിഭേദത്തെ ആശ്രയിച്ചായിരുന്നു. ഇതനുസരിച്ചു് ഒരാണ്ടിനു സാധാരണ 365-ം ചിലപ്പോൾ 366-ം ദിവസങ്ങളുണ്ടു്.

(2) യഹൂദന്മാരും മഹമ്മദീയരും അവരുടെ മാസങ്ങളും ആണ്ടുകളും കണക്കാക്കുന്നതു ചന്ദ്രൻെറ ഗതിഭേദം അടിസ്ഥാനപ്പെടുത്തിയത്രേ. ഇതനുസരിച്ചു് ആണ്ടിനു 354-ം മാസത്തിനു 29½യും ദിവസങ്ങൾ മാത്രമാണുള്ളതു്. ഇതു തമ്മിൽ 11 ദിവസങ്ങളുടെ വ്യത്യാസമുണ്ടു്.

(3) ഇതിനും പുറമെ മൂന്നാമതു് ഒരു വിഷമംകൂടെ വന്നു. കൎത്താവു് ഉയിൎത്തെഴുന്നേററ ദിവസം ഞായറാഴ്ച ആയിരുന്നതുകൊണ്ടു് ആ ദിവസം പ്രധാനമായി കരുതണമെന്നു ചിലരും, അല്ല തീയതിക്കാണു പ്രാധാന്യം കല്പിക്കേണ്ടതെന്നു മററുചിലരും വാദിച്ചു. തീയതിയും ആഴ്ചയുംഎല്ലായിപ്പോഴും ഒന്നായി വരണമെന്നില്ലല്ലോ.

ഇതിനൊരു നിവാരണമായി എല്ലാ അഭിപ്രായങ്ങളെയും യോജിപ്പിക്കാവുന്നിടത്തോളം യോജിപ്പിച്ചു ജോസഫ് സ്കാലിഗർ (Joseph Scaliger) എന്നൊരു ദേഹം ഒരു കലണ്ടർ ഉണ്ടാക്കി. ഇതിനെ ആണു് സാധാരണയായി ജൂലിയൻ കലണ്ടർ (Julian Calendar) എന്നു പറയുന്നതു്. ആ കാലത്തുള്ള ക്രൈസ്തവസഭ ഇതിനെ സ്വീകരിക്കയും ചെയ്തു. ഇതിൽ ഉണ്ടായിരുന്ന ചില പിശകുകളെ തീൎക്കുന്നതിനു ഗ്രഗറി പതിമ്മൂന്നാമൻ പരിശ്രമിച്ചതിൻെറ ഫലമായി പരിഷ്ക്കരിച്ച ഒരു കലണ്ടർ ഉണ്ടായി. ഇതു പാശ്ചാത്യസഭകൾ സ്വീകരിച്ചു, എങ്കിലും പൌരസ്ത്യസഭകൾ ജൂലിയൻകലണ്ടർ തന്നെ മുറുകെ പിടിക്കുന്നു. ഇതുകൊണ്ടത്രെ പാശ്ചാത്യപൌരസ്ത്യസഭകൾ തമ്മിൽ ദിവസങ്ങൾ സംബന്ധിച്ചു വ്യത്യാസം നേരിട്ടിരിക്കുന്നതു്. ഈ അഭിപ്രായവ്യത്യാസങ്ങൾ തീൎത്തു സഭകളെല്ലാം ഒരേസമയത്തുതന്നെ വിശുദ്ധ ദിവസങ്ങൾ കൊണ്ടാടുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

അഖിലലോക സഭാകൌൺസിലിൻെറ ഈ ശ്രമഫലമായി 1953-ൽ പൌരസ്ത്യസഭകളും ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചു എന്നുള്ളതു് സന്തോഷകരമത്രെ.

---

# അദ്ധ്യായം 22

## പൌരസ്ത്യസഭകഠം (തുടർച്ച)

ഓത്ത്ഡോക്സ് സഭയൊഴിച്ചുള്ള പൌരസ്ത്യസഭകളെ നെസ്തോറിയസഭ, ഏകസ്വഭാവവിശ്വാസം സ്വീകരിക്കുന്ന സഭകൾ, എന്നിങ്ങനെ രണ്ടു പ്രധാന ഭാഗങ്ങളായി വിഭജിക്കാവുന്നതാണ്. ആദ്യത്തെ ശാഖയിൽ പേർഷ്യയിലെ സഭയും തുശ്ശൂരുള്ള കൽദായസഭയും, രണ്ടാമത്തേതിൽ, അർമ്മീനിയാസഭ, സുറിയായിലും മലങ്കരയും ഉള്ള യാക്കോബായ സഭ, കോപ്ടിക്ക്സഭ, അബിസ്സീനിയായിലെ സഭ എന്നിവയും ഉൾപ്പെടുന്നതാണ്. ഈ സഭകളുടെ ചരിത്രസംക്ഷേപം താഴെ ചേർത്തുകൊള്ളുന്നു.

## നെസ്തോറിയ സഭ

നെസ്തോറിയസ്സിൻെറ ചരിത്രത്തെക്കുറിച്ചും, നെസ്തോറിയവിശ്വാസത്തിൻെറ ഉത്ഭവം, സ്വഭാവം, നിഷ്കാസനം, എന്നിവയെക്കുറിച്ചും അഞ്ചാംഅദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. മൂന്നാമത്തെ പൊതുസുന്നഹദോസായ എഫെസൊസ്സിലെ സുന്നഹദോസിൽവച്ചാണ് നെസ്തോറിയസ് ബഹിഷ്കരിക്കപ്പെട്ടുകയും നെസ്തോറിയവിശ്വാസം ക്രൈസ്തവസഭയാൽ തിരസ്കരിക്കപ്പെട്ടുകയും ചെയ്തതു്. നെസ്തോറിയസഭയുടെ ഏതൽക്കാലപര്യന്തമുള്ള പതിനഞ്ചു ശതാബ്ദങ്ങളിലെ ചരിത്രം മൂന്നു പ്രധാന ഘട്ടങ്ങളായി തിരിക്കാവുന്നതാണ്.

### 1. പേർഷ്യൻ രാജാക്കന്മാരുടെ കാലം

നെസ്തോറിയസ്സിൻെറ കാലത്തുതന്നെ അന്ത്യോഖ്യാ ആദിയായി സുറിയായുടെ പല ഭാഗങ്ങളിലും നെസ്തോറിയ വിശ്വാസം പടർന്നുപിടിച്ചിരുന്നു. ക്രമേണ ഇതു കിഴക്കൻ പ്രദേശങ്ങളിലേക്കു വ്യാപിച്ചിട്ടു ബാർസൌമായുടെ പ്രയത്നംമൂലം പേർഷ്യരാജ്യത്തു പ്രവേശിച്ചു. എ. ഡി. 489-ൽ റോമാ ചക്രവത്തിയായ സീനോ (Zeno എ. ഡി.

474—491) സത്യവിശ്വാസസ്ഥാപനത്തിലുള്ള പ്രതിപ ത്തിമൂലം നെസ്റ്റോറിയരെ റോമാസാമ്രാജ്യത്തിൻെറ അതി ത്തിക്കുള്ളിൽനിന്നു വെളിക്കു ചാടിച്ചതു കാലാന്തരത്തിൽ അവക്കു ഒരു അനുഗ്രഹമായി പരിണമിച്ചു. പേർഷ്യയി ലെ രാജാവും റോമാചക്രവത്തിയും ബദ്ധവൈരികളായി രുന്നതിനാൽ, ചക്രവത്തി ഉപേക്ഷിച്ച വിശ്വാസം സ്വന്ത രാജ്യത്തിൽ പ്രബലപ്പെടുത്തി, തന്നെ അഭയംപ്രാപിച്ച ക്രിസ്ത്യാനികളുടെ സ്നേഹം സമ്പാദിക്കണമെന്നു് അക്രൈ സ്തവനായ പേർഷ്യയിലെ രാജാവു നിശ്ചയിച്ചു. പേർഷ്യ യിൽ ആദ്യകാലംമുതൽ തന്നെ ഉണ്ടായിരുന്ന ക്രിസ്ത്യാനി കളും ഈ പുതിയ ഉപദേശവലയിൽപെട്ടു ഏഴാംശതാ ബ്ദത്തിൻെറ ആരംഭത്തോടുകൂടി ശക്തിമത്തായ ഒരു നെ സ്റ്റോറിയസഭ പേർഷ്യാരാജ്യത്തു് ആവിർഭവിച്ചു.

നെസ്റ്റോറിയസിനെ കൂടാതെ, തർസീസിലെ ദിയോ ദോർ, മോപ്സുവെസ്റ്റായിലെ തീയോഡോർ എന്നീ പ ണ്ഡിതന്മാർ ആണു് സഭയുടെ പ്രത്യേക വിശുദ്ധന്മാരും ഗുരുക്കന്മാരും ആയി ഗണിക്കപ്പെട്ടുപോരുന്നതു്. നിസി ബീസു് എന്ന സ്ഥലത്തു ഈ സഭക്കുണ്ടായിരുന്ന ഒരു വൈ ദികസെമ്മനാരി പുരാതനചരിത്രത്തിൽ പ്രസിദ്ധമായി തീന്നിട്ടുള്ളതാണു്.

## 2. അറബി (മുസ്ലീം)കളുടെ ഭരണകാലം

അറബികളുടെ ആക്രമണത്തോടുകൂടെ പേർഷ്യായി ലെ രാജാവു വധിക്കപ്പെട്ടുകയും രാജ്യം അവരുടെ കയ്യിൽ വന്നുചേരുകയും ചെയ്തു (652). 7 മുതൽ 14 വരെയുള്ള ശ താബ്ദങ്ങളിൽ അറബികളാണു് നെസ്റ്റോറിയസഭയുടെ രക്ഷാധികാരസ്ഥാനം സ്വീകരിച്ചിരുന്നതു്. ഇക്കാലത്തും പേർഷ്യാരാജാക്കന്മാരുടെ കാലത്തും ഉണ്ടായിട്ടുള്ള മത പീഡ നിമിത്തവും മററു കാരണങ്ങളാലും നെസ്തോറി യവിശ്വാസം ഏഷ്യയുടെ പല ഭാഗങ്ങളിൽ പ്രചരിച്ചു തു ടങ്ങി. വീടും കുടും ഉപേക്ഷിച്ചു കച്ചവടത്തിനായും, ജീവ രക്ഷക്കായും ഇൻഡ്യാ, ചൈനാ എന്നീ രാജ്യങ്ങളിലെല്ലാം അനേക നെസ്റ്റോറിയക്രിസ്ത്യാനികൾ കുടിയേറി പാത്തുതു ടങ്ങി. ഓരോ ക്രിസ്ത്യാനിയും മിഷനറി ആയിരിക്കേണ്ട

താണെന്നുള്ള തത്വം അനുസരിച്ചു അവരെല്ലാം പ്രവൎത്തിച്ചിരുന്നതു നിമിത്തം നെസ്തോറിയരുടെ സംഖ്യ അത്ഭുതകരമായ വിധത്തിൽ വർദ്ധിച്ചുവന്നു. ഈ കാലത്തു മലയാളദേശം അവരുടെ മിഷനറിവേലയുടെ രംഗമായിത്തീൎന്നു. ഇപ്പോൾ തൃശ്ശൂർ പട്ടണത്തിൽ നെസ്തോറിയൻസഭയുടെ ഒരു ശാഖ കാണ്മാനുണ്ട്. 'ഒരു വടിയും ഭാണ്ഡവും മാത്രം സ്വന്ത സമ്പത്തായി കരുതിക്കൊണ്ടു മഹാസമുദ്രം തരണം ചെയ്തു അനേക സന്യാസിമാർ ഇൻഡ്യാക്കാരോടും ചൈനാക്കാരോടും സുവിശേഷം അറിയിക്കുന്നതിനായി പുറപ്പെട്ടിരിക്കുന്നു' എന്ന പ്രസ്താവന ബാഗ്ദാദിലെ ഒരു നെസ്തോറിയ പാത്രിയൎക്കീസിൻെറ എഴുത്തുകളിൽ കാണുന്നു (എ. ഡി. 778— +820). ഇരുപതിനായിരം തുൎക്കികളും മൊംഗോൾ വൎഗ്ഗക്കാരും ക്രിസ്തുമതം സ്വീകരിച്ചിരിക്കുന്നുവെന്നു വേറൊരു ചരിത്രരേഖയിൽ കാണുന്നതിൽനിന്നു് മദ്ധ്യഏഷ്യയിലെ പല സ്ഥലങ്ങളിലും നെസ്തോറിയൻ മിഷനറിമാർ പ്രവൎത്തിച്ചുകൊണ്ടിരുന്നുവെന്നു തെളിയുന്നു. ചൈനായിലെ സുവിശേഷപ്രയത്നങ്ങളെക്കുറിച്ചു മാർക്കോപോളോ (എ.ഡി.1256—+1323) എന്ന വെനീസുകാരനായ ലോകസഞ്ചാരി സാക്ഷിക്കുന്നു. ഒരു കാലത്തു (1340) ചീനരാജ്യത്തു 12-ം ഇൻഡ്യയിൽ 13-ം സമാർക്കാണ്ടിൽ 18-ം തുൎക്കിസ്ഥാനിൽ 19-ം ഉൾപ്പെടെ ഏകദേശം 80 മെത്രാസന ഇടവകകൾ ബാഗ്ദാദിലെ പാത്രിയൎക്കീസിൻെറ കീഴിൽ ഉണ്ടായിരുവെന്നു കേൾക്കുമ്പോൾ ഇവരുടെ വിശ്വാസപ്രചരണവേല എത്ര വിസ്തൃതമായിരുന്നുവെന്നു ഊഹിക്കാവുന്നതാണ്. പക്ഷേ മൊംഗോൾജാതിക്കാരുടെ, പ്രത്യേകിച്ചുടൈമൂറിൻെറ (എ. ഡി. 1336— +1405) ഭയങ്കരമായ ആക്രമണത്തോടുകൂടെ മദ്ധ്യഏഷ്യയിലെ മിക്ക ക്രിസ്തീയസഭകളും നാമാവശേഷമാക്കിച്ചെയ്യപ്പെട്ടു. അവിടവിടെയായി ശേഷിച്ചവർ കുർഡിസ്റ്റാൻ പൎവ്വതത്തിൽ അഭയം പ്രാപിച്ചു.

### 3. അനന്തരചരിത്രം

പതിനാറാംശതാബ്ദത്തിൽ മാതൃസഭയായ നെസ്തോറിയൻസഭയിൽ ഉണ്ടായ ഒരു ഛിദ്രത്തിൻെറ ഫല

മായി ഒരുകൂട്ടർ റോമൻകത്തോലിക്ക വിശ്വാസം സ്വീകരിച്ച് ഒരു പ്രത്യേക റീത്തോടുകൂടെ മാറിനിൽക്കുന്നു. പ്രസ്ബിററീയ്യൻ, ആംഗ്ലിക്കൻ ലൂഥറൻ ആദിയായ പല പാശ്ചാത്യസഭാവിഭാഗങ്ങൾ പ്രസ്തുത സഭയിൽ ഇപ്പോൾ പലതരത്തിലുള്ള വേലകൾ നടത്തിവരുന്നു. 'മാർ ശിമൂൻ* എന്ന സ്ഥാനപ്പേരു പാരമ്പര്യമായി സ്വീകരിച്ചിരിക്കുന്ന കല്ദായപാത്രിയർക്കീസിൻെറ ആസ്ഥാനം പതിനെട്ടാം ശതാബ്ദംമുതൽ ഖദ്ഷാനീസ് എന്ന ഒരു ഗ്രാമത്തിലാണ്. പേർഷ്യയിലും തുർക്കിരാജ്യത്തും ഈ സമൂഹത്തിനു പല ഇടവകകൾ ഉണ്ട്. അനന്തിരവന്മാരാണ് സാധാരണ പാത്രിയർക്കാസ്ഥാനത്തിനും മെത്രാൻ സ്ഥാനത്തിനും അവകാശികളായി തീരുന്നതു്. സന്യാസവ്രതത്തിന് തൽക്കാലം കല്ദായസഭ പ്രാധാന്യം കല്പിച്ചുകാണുന്നില്ല. പ്രസ്തുത സഭയിലെ തക്സായും പല ആചാരങ്ങളും വളരെ പുരാതനത്വമുള്ളവയാണ്. നെസ്തോറിയ സഭയ്ക്കു്, അസ്സിറിയൻസഭ, കല്ദായസഭ, കിഴക്കെസഭ, പേർഷ്യൻസഭ എന്നിങ്ങനെ പല പേരുകൾ ലഭിച്ചിട്ടുണ്ട്. മഹായുദ്ധത്തിനുശേഷം ഇവരുടെ ശക്തി വളരെ ക്ഷയിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പാത്രിയർക്കീസായ ഈശായി മാർ ശിമൂൻ XXI-ാമൻെറ കീഴിൽ ഏകദേശം 35,000 സഭാംഗങ്ങൾ ഉണ്ട്. സ്വരാജ്യമായ ഇറാക്കിലെ മുസ്ലീംഗവമ്മെൻറിൻെറ മതപീഡ നിമിത്തം ഇവരിൽ ഭൂരിപക്ഷവും സ്വരാജ്യസഖ്യത്തിൻെറ സഹായത്തോടുകൂടെ ബ്രിട്ടീഷ്ഗിനിയായിലോ, മററെവിടെയെങ്കിലുമോ, കുടിയേറിപ്പാർക്കുന്നതിന് ആലോചിച്ചുവരുന്നു. മാർ ശിമൂനെ തന്നെ ഗവമ്മെൻറു് കുപ്രോസ്ദ്വീപിലേക്കു നാടുകടത്തിയിരിക്കയാണ്. ഇത്ര പരിതാപകരമായ ഒരു നിലയിലാണ് പേർഷ്യയിലെ പുരാതന സഭയായ നെസ്തോറിയ സഭ വന്നെത്തിയിരിക്കുന്നതു്.

---

* Full title: 'The Reverend and honoured father of fathers and great shepherd Mar Shimun, Patriarch and Catholikos of the East'. A. Fortesque. *The Lesser Eastern Churches*. P. 131.

## സുറിയായിലെ യാക്കോബായ സഭ

ഏക സ്വഭാവവിശ്വാസം സ്വീകരിച്ചിരിക്കുന്ന പൗരസ്ത്യസഭകളിൽവച്ച് പല കാരണങ്ങളാൽ പ്രാധാന്യമുള്ളതും മലങ്കരസഭയോടു പ്രത്യേക ബന്ധമുള്ളതുമായ ഒരു സഭയാണ് സുറിയായിലെ യാക്കോബായ സഭ. അഞ്ചാം ശതാബ്ദത്തിൽ കൽക്കദോന്യവിശ്വാസത്തിനെതിരായി ഈജിപ്റ്റ്, പലസ്തീൻ, സുറിയാ എന്നീ പ്രദേശങ്ങളിൽ പ്രബലപ്പെട്ടുവന്ന ഒരു കക്ഷി കാലാന്തരത്തിൽ ഏകസ്വഭാവവിശ്വാസമണ്ഡലത്തിന്റെ നാലു തുണുകളായി ഗണിക്കപ്പെടാവുന്ന കോപ്ടിക്ക്, അബിസ്സീനിയൻ, അർമ്മീനിയൻ, യാക്കോബായ എന്നീ സഭകളായി രൂപാന്തരപ്പെട്ടു. ഇവയിൽ സുറിയായിലെ യാക്കോബായ സഭയാണ് നമ്മുടെ തൽക്കാല ചിന്താവിഷയം.

ഒരർത്ഥത്തിൽ സുറിയായിലെ യാക്കോബായസഭയുടെ സ്ഥാപകനായി ഗണിക്കപ്പെടാവുന്ന യാക്കോബ്ബുർദ്ദാന എന്ന ഒരു സന്യാസിമെത്രാനിൽനിന്നാണ് പ്രസ്തുത സഭയ്ക്കു് 'യാക്കോബായ' സഭ എന്ന പേരു ലഭിച്ചതു്. * ഇദ്ദേഹത്തിന്റെ ചരിത്രം രസാവഹമായിട്ടുള്ളതാണ്. അഞ്ചാംശതാബ്ദത്തിൽ ഏകസ്വഭാവവാദികളുടെ ശക്തി വർദ്ധിച്ചുവന്ന കാലത്തു് അവർ യെറുശലേമിലെയും അന്ത്യോഖ്യായിലെയും പാത്രിയർക്കാസ്ഥാനങ്ങൾ കരസ്ഥമാക്കി. ഒരു വേദശാസ്ത്രി എന്ന നിലയിൽ ഏകസ്വഭാവവാദികൾ ബഹുമാനിച്ചുവരുന്ന അന്ത്യോഖ്യാ പാത്രിയർക്കീസായ സെവേറസ് (എ, ഡി. 512) ഈ സമയത്തു് സ്ഥാനമേററിട്ടുള്ള ഒരാളാണ്. എന്നാൽ സാമ്രാജ്യക്ഷേമം കരുതി, കൽക്കദോന്യവിശ്വാസം പ്രചരിപ്പിക്കുന്ന വിഷയത്തിൽ ബൈസൻറൈൻ ചക്രവർത്തിയായ ജസ്റ്റിനിയൻ ഒന്നാമൻ (എ. ഡി. 527—565) മർദ്ദനനയം സ്വീകരിച്ചതോടുകൂടെ സുറിയായിലുള്ള ഏകസ്വഭാവവാദികളുടെ

---

* 186-ാം പേജിലെ നോട്ടു് നോക്കുക.

ശനിദശ ആരംഭിച്ചു. ഈ കാലത്താണ് അവരിൽ അനേകർ പേർഷ്യയിലെ രാജാവിനെ അഭയം പ്രാപിച്ചത്. **എന്നാൽ ദീനദയാലുവായ തിയോഡോറാചക്രവത്തിനി** ഏകസ്വഭാവവിശ്വാസം സ്വീകരിച്ചിരുന്ന ക്രിസ്ത്യാനികളോടുള്ള അസാമാന്യമായ പ്രതിപത്തി നിമിത്തം, ഏകസ്വഭാവവിശ്വാസത്തെ രക്ഷിക്കുന്നതിനു് ചക്രവത്തിയുടെ ആജ്ഞയെ ഗണ്യമാക്കാതെ പലതും പ്രവത്തിച്ചുതുടങ്ങി, ചക്രവത്തിനിയുടെ ഈദൃശശ്രമങ്ങളിൽ ഒന്നാണു് യാക്കോബ്ബ്ബുർദ്ദാനായെ സുറിയായിലേക്കു് ഒരു മിഷനറിയായി അയച്ചതു്. 490-ാമാണ്ടു് സുറിയായിൽ ടെല്ലാ എന്ന സ്ഥലത്തു ജനിച്ച ഇദ്ദേഹം എഡസ്സാക്കടുത്തുള്ള ഒരു ദയറായിൽ കുറെക്കാലം സന്യാസവ്രതം അനുഷ്ഠിച്ചു പാത്തിട്ടുണ്ടു്. ഗ്രീക്കു്, സുറിയാനി, അറബി എന്നീ ഭാഷകളിൽ ഇദ്ദേഹത്തിനു് അസാമാന്യപാണ്ഡിത്യം ഉണ്ടായിരുന്നു. ഏതോ കാര്യവശാൽ യാക്കോബ്ബ്ബുർദ്ദാനാ കുസ്തന്തീനോസ്പോലീസ് സന്ദർശിച്ച അവസരത്തിൽ തീയോഡോറാ ചക്രവത്തിനിയുടെ നിർദ്ദേശം അനുസരിച്ചു് സ്വദേശത്തുനിന്നു് ബഹിഷ്കരിക്കപ്പെട്ടു് സ്ഥലത്തു താമസിച്ചിരുന്ന അലക്സന്ത്രിയായിലെ പാത്രിയക്കീസിൽനിന്നു് മെത്രാൻപട്ടം സ്വീകരിച്ചശേഷം സുറിയായിൽ ഏകസ്വഭാവവിശ്വാസം സംബന്ധിച്ചുള്ള പ്രചരണവേല ആരംഭിക്കുന്നതിനു നിയുക്തനായി. സ്ഥിരോത്സാഹിയും, മതതല്പരനും, വിശ്വാസസ്ഥാപനാത്ഥം എല്ലാവിധത്തിലുമുള്ള കഷ്ടനഷ്ടങ്ങൾ സഹിക്കുന്നതിനു് സന്നദ്ധനും ആയ യാക്കോബ്ബ്ബുർദ്ദാനാ മെത്രാൻ സ്ഥാനത്തിനടുത്ത യാതൊരു ആഡംബരങ്ങളും കൂടാതെ, കാൽനടയായി സുറിയായിലെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുററിസഞ്ചരിച്ചു് മുപ്പത്തഞ്ച്യ സംവത്സരക്കാലം അക്ഷീണപരിശ്രമം ചെയ്തതിൻെറ ഫലമായി സുറിയായിൽ ഏകസ്വഭാവവിശ്വാസം ദൃഢമൂലമായിത്തീന്നു. ഇങ്ങനെയാണു് യാക്കോബായസഭയുടെ ഉത്ഭവം. യാക്കോബ്ബ്ബുർദ്ദാനാ ഒട്ടുവളരെ സഭകൾ സ്ഥാപിക്കയും, അന്ത്യോഖ്യാസിംഹാസനത്തിലേക്കു രണ്ടു പാത്രിയക്കീസന്മാരെ വാഴിക്കയും, [ടെല്ലായിലെ സേർഗ്ഗിയസു് (എ. ഡി. 543-6) 'കറുത്ത' പൌലൊ

സ്സ് (542—+78)] 88 മെത്രാന്മാർക്കും ഒരു ലക്ഷത്തിൽപരം കത്തനാരന്മാർക്കും പട്ടം കൊടുക്കയും ചെയ്തിട്ടുണ്ട്. അന്ത്യോഖ്യായിലെ യാക്കോബായ പാത്രിയർക്കീസന്മാർ ഇദ്ദേഹം വാഴിച്ചിട്ടുള്ളവരുടെ പിൻഗാമികളാണ്. പതിമൂന്നാംശതാബ്ദം മുതലാണ് ഇവരെല്ലാം ഇഗ്നാത്യോസ്സ് എന്ന സ്ഥാനപ്പേര് സ്വീകരിച്ചതു്. യാക്കോബ്ബുർദ്ദാനാ എ. ഡി. 577-ൽ പരലോകപ്രാപ്തനായി. കോവർകഴുതയെ പുതപ്പിക്കുന്ന ഒരു മാതിരി പരുക്കൻചാക്കു (തുണി) ഇദ്ദേഹം ധരിച്ചിരുന്നതുകൊണ്ടാണ് ബുർദ്ദാനാ എന്ന പേരു കിട്ടുന്നതിനിടയായതു്. ഇദ്ദേഹത്തിൻെറ മതതീക്ഷ്ണത, ലളിതജീവിതം, സഹനശീലം ആദിയായ പല ഗുണങ്ങൾ പതിനാറാംശതാബ്ദത്തിൽ ഇൻഡ്യയിൽ വേല ചെയ്തിരുന്ന ഫ്രാൻസിസ്സ് ശൌര്യാരുടെ നാമത്തെ അനുസ്മരിപ്പിക്കുന്നവയാണ്. യാക്കോബായസഭയുടെ ചരിത്രം തുടരാം.

* ആറാംശതാബ്ദത്തിൻെറ അവസാനത്തോടുകൂടെ യാക്കോബായസഭയ്ക്കു പേർഷ്യയിലും ഒരു സുസ്ഥിരമായ സ്ഥാനമുണ്ടായി. എ. ഡി. 590-നും 628-നും മദ്ധ്യേ പേർഷ്യയിലെ രാജാവായിരുന്ന കോസ്റീസ്സ് രണ്ടാമൻെറ റാണി ഒരു യാക്കോബായക്രിസ്ത്യാനി സ്ത്രീ ആയിരുന്നു. മൂസലിനു വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന സുപ്രസിദ്ധ മാർ മത്തായിദയറായിൽനിന്നും, ടൈഗ്രീസ് നദീതീരത്തുള്ള താഗ്രീത്ത് എന്ന ദയറായിൽനിന്നും ഇക്കാലത്തു് അനേക മിഷനറിമാർ തങ്ങളുടെ വിശ്വാസം പ്രചരിപ്പിക്കുന്നതിനായി വിദേശങ്ങളിലേക്കു പോയിട്ടുണ്ട്. * ഏഴാം ശതാബ്ദത്തിൽ തഗ്രീത്തിലെ മെത്രാ

---

* 498-ൽ സെല്യൂക്യസിംഹാസനം നെസ്തോറിയവിശ്വാസം സ്വീകരിച്ചു.

* എ. ഡി. 629-ൽ ആണ് പൌരസ്ത്യതലവനായ മെത്രാപ്പോലീത്താ കാതോലിക്ക അല്ലെങ്കിൽ മപ്രിയാനാ എന്ന പേരു സ്വീകരിച്ചതു്. അപ്പോൾ തിഗ്രീസിനെ കാതോലിക്കാസിംഹാസനത്തിൻെറ തലസ്ഥാനമാക്കിത്തീർത്തു. പ്രസ്തുത കാതോലിക്ക അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ പ്രതിപുരുഷനല്ല.

പ്പോലീത്തായുടെ കീഴിൽ പേർഷ്യയിൽ 12 സഫ്രഗമണ്ഡലങ്ങൾ ഉണ്ടായിരുന്നതായി കാണുന്നു. പന്ത്രണ്ടാംശതാബ്ദത്തിൽ സുറിയാ, ഏഷ്യാമൈനർ, സൈപ്രസ്സ് (കുപ്രോസ്സ്) എന്നീ സ്ഥലങ്ങളിലെല്ലാംകൂടെ അന്ത്യോഖ്യായിലെ പാത്രിയക്കീസിൻെറ കീഴിൽ ഇടവകഭരണം നടത്തിവന്ന ഇരുപതു മെത്രാപ്പോലീത്തന്മാരും, ഒരുനൂറ് മെത്രാന്മാരും പാത്രിയക്കീസിൻെറ പ്രതിപുരുഷനായ പൗരസ്ത്യസഭകളുടെ മപ്രിയാനായുടെ കീഴിൽ പതിനെട്ടു മെത്രാപ്പോലീത്താ ആസ്ഥാനങ്ങളും ഉണ്ടായിരുന്നു. സുറിയാനിസഭയിൽ വൈദികപണ്ഡിതന്മാരും ദുർല്ലഭമല്ലായിരുന്നു. പ്രസ്തുത സഭയിലെ വേദശാസ്ത്രികളുടെ കൂട്ടത്തിൽ, വിശുദ്ധ യാക്കോബിൻെറ തക്സാ സംബന്ധിച്ച് ഒരു പ്രബന്ധം എഴുതി പ്രസിദ്ധനായിത്തീർന്നിരിക്കുന്ന 'ദീവന്ന്യാസ്യോസ്സ് ബാർസലിബി' (അമീദായിലെ ബിഷോപ്പ്) യുടെയും, നെസ്തോറിയരുടെയും യാക്കോബ്യരുടെയും ഒരു പുരാതന ചരിത്രഗ്രന്ഥമായ 'നാളാഗമ'ത്തിൻെറ കർത്താവും അന്ത്യോഖ്യായിലെ പാത്രിയക്കീസും ആയ മിഖായേൽ ഒന്നാമൻെറയും (എ. ഡി. 1166—+99) സുറിയാനിസാഹിത്യസാമ്രാട്ടായി തീർന്നിരിക്കുന്ന ഗ്രഗറി ബാർ ഹെബ്രയസിൻെറയും (എ.ഡി.1226—+86)പേരുകൾ സുവർണ്ണലിപികളിൽ എഴുതിയിട്ടിരിക്കുന്നവയാണ്. എന്നാൽ ഈ മഹാന്മാരുടെ തിരോധാനത്തോടുകൂടെ സുറിയാനിക്കാരുടെ ഐശ്വര്യകാലം അവസാനിച്ചതുപോലെ തോന്നുന്നു. 14-ം 15-ം ശതാബ്ദങ്ങളിൽ അന്തഃഛിദ്രം നിമിത്തവും, മഹമ്മദീയരിൽനിന്നുള്ള പീഡ കൊണ്ടും സുറിയാനി സഭാംഗങ്ങളുടെ ശക്തിയും സംഖ്യയും ഒരുപോലെ കുറഞ്ഞു തുടങ്ങി. 16-ാംശതാബ്ദത്തിൽ അൻപതിനായിരം പാവപ്പെട്ട കുടുംബങ്ങൾ മാത്രമേ സുറിയാനിസഭയുടെ സമ്പത്തായി ഉണ്ടായിരുന്നുള്ളു. 17-ാംശതാബ്ദത്തിലെ രണ്ടു പ്രധാന സംഭവങ്ങളിൽ ഒന്നു, സുറിയാനിസഭയിൽനിന്നു ഒരു കൂട്ടം ജനങ്ങൾ റോമാവഴക്കത്തിൽ ചേർന്നുനിന്നതും, മറേറതു, യാക്കോബായസുറിയാനിസഭയും മലങ്കരസഭയുമായി ഒരു ഗാഢബന്ധം ഉണ്ടായതും ആണ്. ആറാംശതാബ്ദത്തിൽ തന്നെ ഏകസ്വഭാവവിശ്വാസം മലങ്കരെ എ

ത്തികഴിഞ്ഞുവെന്നു് പരേതനായ ഇ. എം. പിലിപ്പോസ്സ് അവർകൾ വാദിക്കുന്നു. *

ഇനിയും സുറിയായിലെ യാക്കോബായ സഭയുടെ തൽക്കാലസ്ഥിതി എങ്ങനെയിരിക്കുന്നുവെന്നു് അന്വേഷിക്കാം: അന്ത്യോഖ്യായിലെ ഇപ്പോഴത്തെ പാത്രിയക്കീസിൻെറ കീഴിൽ മലങ്കരസഭ ഒഴിച്ചു യറുശലേം, മൂസൽ, മാർ മത്തായിദയറാ, മർദ്ദീൻ ഉർഫാ (എഡസാ) ആദിയായ എട്ടു മെത്രാപ്പോലീത്താ ആസ്ഥാനങ്ങളും, വേറെ മൂന്നു് മെത്രാന്മാരും, ഏകദേശം 150,000 ജനങ്ങളും ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. പാത്രിയക്കീസ്സ് പാക്കുന്നതു മർദ്ദീനിലത്രെ. ഇദ്ദേഹത്തിൻെറ കീഴിലുള്ള ജനങ്ങളുടെ ഭാഷ അറബിയും, വൈദികഭാഷ സുറിയാനിയും ആണു്. യാക്കോബായസുറിയാനിക്കാരും യവനായസഭക്കാരും ഉപയോഗിക്കുന്ന തക്സാകളുടെ മൂലമായ യാക്കോബിൻെറ തക്സാ അന്ത്യോഖ്യാശാഖയിൽപെട്ട പുരാതന തക്സാകളിൽ ഒന്നാണെന്നു പണ്ഡിതന്മാർ ഉൽഘോഷിക്കുന്നു. മലങ്കരയുള്ള യാക്കോബ്യരുടെ വിശ്വാസാചാരങ്ങളുടെ ഒരു സാമാന്യവിവരണം മിസ്റ്റർ ഇ. എം. പിലപ്പോസിൻെറ ഗ്രന്ഥത്തിൽനിന്നു ലഭിക്കുന്നതാണു്. (ഇരുപത്തഞ്ചാം അദ്ധ്യായം).

## അർമ്മീനിയൻ സഭ

അന്ത്യോഖ്യാപാത്രിയക്കാമണ്ഡലത്തിൽപെട്ട കപ്പദോക്യയിലെ കൈസര്യാനഗരത്തിൽവച്ചു മതപരിവത്തനം ചെയ്തശേഷം ഒരു എപ്പിസ്ക്കോപ്പ ആയി വാഴിക്കപ്പെട്ട അർമ്മീനിയായുടെ അപ്പൊസ്തലൻ എന്നു ഇപ്പോൾ അറിയപ്പെടുന്ന പ്രകാശകനായ ഗ്രഗറി (Gregory the Illuminator + 324) യുടെ മിഷനറി പ്രയത്നത്തിൻെറയും അർമ്മീനിയാ ഒരു സ്വതന്ത്രരാജ്യമായിരുന്നപ്പോൾ അവിടെ ഭരിച്ചിരുന്ന തിരിഡാട്ടസ് മൂന്നാമൻ (എ. ഡി. 261—+

* മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ, കോട്ടയം, 1929. പുറം 72.

317) രാജാവിന്റെ നയവിശേഷത്തിന്റെയും ഫലമായി ട്ടാണു്, റോമാസാമ്രാജ്യം ക്രിസ്തുമതം സ്വീകരിക്കുന്നതിനു പത്തിരുപതു് വർഷങ്ങൾക്കു മുമ്പുതന്നെ, അതായതു, മൂന്നാം ശതാബ്ദത്തിന്റെ അവസാനത്തോടുകൂടെ, അർമ്മീനിയാരാജ്യം ആസകലം ക്രിസ്തുവിശ്വാസം അവലംബിക്കുന്നതിനിടയായതു്. നാലാം ശതാബ്ദത്തിൽ അർമ്മീനിയൻ സഭാചരിത്രത്തിലെ പ്രധാന സംഭവം അതിന്റെ മാതൃസഭയായ കൈസര്യയിലെ സഭയുമായി മത്സരിച്ചു് സ്വന്തം കാതോലിക്കായെ വാഴിച്ചു എന്നുള്ളതാണു്. *അഞ്ചാം ശതാബ്ദംമുതൽ ഒൻപതാംശതാബ്ദത്തിന്റെ അവസാനംവരെ അർമ്മീനിയാ പേർഷ്യൻരാജാക്കന്മാരുടെ മേൽക്കോയ്മയിൽ സ്ഥിതിചെയ്തിരുന്നു. ഈ കാലത്താണു അർമ്മീനിയൻസഭ ഒന്നാകെ ഏകസ്വഭാവവിശ്വാസത്തിന്റെ ഒഴുക്കിൽ അകപ്പെട്ടതു്. (എ. ഡി. 554) ഇന്നുവരെയും അർമ്മീനിയൻസഭ പ്രസ്തുത വിശ്വാസത്തിൽതന്നെ സ്ഥിരപ്പെട്ടു നിൽക്കുന്നു. തങ്ങളുടെ ഭരണകർത്താക്കളായ പേർഷ്യൻരാജാക്കന്മാരുടെ സഖ്യം സമ്പാദിക്കുന്നതിനു മാത്രമാണു് കൽക്കദ്രോന്യസുന്നഹദോസും റോമാചക്രവർത്തിയും ഇടത്തുടായി നിഷേധിച്ചിരുന്ന യൂതിക്കസ്സ്‌വിശ്വാസത്തിന്റെ പിൻതലമുറയായ ഈ വിശ്വാസം അർമ്മീനിയർ സ്വീകരിക്കുന്നതിനിടയായതെന്നത്രെ ചില ചരിത്രകാരന്മാരുടെ അഭിപ്രായം * തുർക്കികളുടെ ഭരണകാലത്തു സഭയിലുണ്ടായ കുഴപ്പത്തിന്റെ ഫലമായും മററും സഭ ഛിന്നഭിന്നമാകയും, എററു്സ്മിയാഡ്സിൻ, കുസ്തന്തീനോസ്‌പോലീസു്, സിസു്, ആഗത്‌ആമാർ, യറുശലേം എന്നീ സ്ഥലങ്ങളിലുള്ള ബിഷോപ്പന്മാരെല്ലാം അർമ്മീനിയൻപാത്രിയർക്കീസു് എന്ന സ്ഥാനം സ്വീകരിക്കയും അവകാശതർക്കങ്ങൾ പുറപ്പെട്ടുവിക്കയും ചെയ്തിട്ടുണ്ടു്. എ

---

* എ. ഡി. 404-നും 433-നും ഇടയ്ക്കു വേദപുസ്തകവും, തർക്കശാസ്ത്രവും അർമ്മീനിയൻഭാഷയിൽ ലഭ്യമായി.

* ക്രിസ്തുവിന്റെ ഏകസ്വഭാവവിശ്വാസം സഭയ്ക്കുണ്ടായിരുന്നെങ്കിലും, യൂത്തിക്കസിന്റെ വിശ്വാസം അവർ സ്വീകരിച്ചില്ല എന്നു തോന്നുന്നു.

ന്നാൽ എററു്സ്മിയാഡ്സിൻ എന്ന സ്ഥലം ആസ്ഥാന മാക്കിയിരിക്കുന്ന മെത്രാച്ചനെയാണു സാക്ഷാൽ കാതോലിക്കോസ്സ് ആയി മിക്കവാറും എല്ലാവരും ഇപ്പോൾ സ്വീകരിച്ചുവരുന്നതു്. മഹായുദ്ധകാലത്തും അതിനുമുമ്പും തുക്കിഗവമ്മെൻറു് അമ്മീനിയരുടെ ഇടയിൽ ഒന്നിനു പുറകെ ഒന്നായി അനേക കൂട്ടക്കൊല നടത്തി അവരെ ഒടുക്കുന്നതിന് ശ്രമിച്ചിട്ടുണ്ടു്. അതിനാൽ അമ്മീനിയായിൽ ഇപ്പോൾ ക്രിസ്ത്യാനികളുടെ സംഖ്യ ഏററവും തുച്ഛമാണു്. യഹൂദന്മാരെപ്പോലെ യൂറോപ്പിലെയും ഏഷ്യയിലെയും പല പ്രധാന പട്ടണങ്ങളിൽ അമ്മീനിയർ കുടിയേറിപ്പാക്കുന്നുണ്ടു്. ഇൻഡ്യയിലെ കച്ചവടകേന്ദ്രങ്ങളിൽ അമ്മീനിയൻ വ്യാപാരികളെ കാണ്മാനുണ്ടു്. കൽക്കത്താനഗരത്തിൽ അമ്മീനിയൻസഭ രണ്ടു പള്ളികളും ഒരു കോളജും സ്ഥാപിച്ചിരിക്കുന്നു.

## കോപ്ടിക്കു് സഭ

അലക്സന്ത്രിയായിലെ ഓത്തഡോക്സു് സഭയുടെ ചരിത്രത്തോടു അനുബന്ധിച്ച ഏകസ്വഭാവ വിശ്വാസത്തിൽ ലയിച്ച ഈജിപ്തിലെ കോപ്ടിക്കുസഭയുടെ ഉത്ഭവം മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. തുക്കികളുടെ ഭരണകാലത്തു കോപ്ടിക്കു്സഭ അനുഭവിച്ചിട്ടുള്ള അസ്വാതന്ത്ര്യവും കഷ്ടനഷ്ടങ്ങളും അവർണ്ണ്യമാണു്. തുക്കികളുടെ മതപീഡയുടെ സമയത്തു അനേകായിരം കോപ്ടിക്കു ക്രിസ്ത്യാനികൾ രക്തസാക്ഷികളായി മരിച്ചിട്ടുണ്ടെന്നു ഓക്കുമ്പോൾ, ഉപദേശപ്പിശകുകളെക്കുറിച്ചു ചിന്തിക്കാതെ, അവരുടെ വിശ്വാസ ദാർഢ്യത്തെയും, കത്താവിനോടുള്ള സ്നേഹത്തെയും കുറിച്ചു ദൈവത്തിനു സ്തോത്രം ചെയ്യുന്നതിനു നാം കടപ്പെട്ടിരിക്കുന്നു.

കോപ്ടിക്കുസഭയുടെ തല്ക്കാലസ്ഥിതി ഏററവും ശോചനീയമായിട്ടുള്ളതാണു്. പട്ടക്കാർ വേണ്ടവിധത്തിൽ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരല്ല എന്നുള്ളതാണു സഭയുടെ ഒരു പ്രധാന ന്യൂനത. ദേശീയഭാഷ അറബിയാണെങ്കിലും, ആരാധനഭാഷ കോപ്ടിക്കു തന്നെ. പട്ടക്കാക്കുതന്നെ ഈ

ഭാഷ നല്ല പരിചയമില്ല. അതിനാൽ അറബിയും ആരാധനയിൽ സ്ഥലംപിടിച്ചു തുടങ്ങിയിരിക്കുന്നു. പ്രസ്തുത സഭയുടെ വകയായി അനേക സന്യാസ മഠങ്ങൾ ഈജിപ്തിലുണ്ട്. വിശുദ്ധ മക്കാസിൻെറ തക്സാ എന്നു പറഞ്ഞുവരുന്ന പുരാതന തക്സാ ചില പരിഷ്കാരങ്ങളോടുകൂടെ പ്രസ്തുത സഭ ഉപയോഗിച്ചുവരുന്നു. ഏകസ്വഭാവവിശ്വാസം സ്വീകരിച്ചിരിക്കുന്ന സഭകളിൽവച്ചു ഏററവും പുരാതനവും പ്രാധാന്യമുള്ളതും ആയ സഭ എന്ന സ്ഥാനത്തിൽ ഈ ചെറിയസഭ അഭിമാനിച്ചുവരുന്നു.

## അബിസ്സീനിയയിലെ സഭ

ചെങ്കടലിൻെറ പശ്ചിമതീരത്തായി ആഫ്രിക്കയിൽ സ്ഥിതിചെയ്യുന്ന ഒരു രാജ്യമാണ് അബിസ്സീനിയ. പഴയ കാലത്തു ഐത്ത്യോപ്യ എന്ന പേരിൽ അറിയപ്പെട്ടിരുന്നതു് ഈ രാജ്യം തന്നെ ആയിരുന്നു. കോൺസ്റ്റൻറൈൻ ചക്രവത്തിയുടെ കാലത്തു ഫ്രൂമെൻടിയസ് എന്നും എടേസിയസ് എന്നും പേരുള്ള രണ്ടാളുകൾ വഴിയായിട്ടാണു സുവിശേഷത്തിനു അബിസ്സീനിയായിൽ പ്രവേശനം ലഭിച്ചതു്. വി. അത്താനാസ്യോസും അലക്സാന്ത്രിയായിലെ സഭയും ഈ കാര്യത്തിൽ വളരെ സഹായിച്ചിട്ടുണ്ട്. കോപ്ടിക്കുസഭ ഏക സ്വഭാവവിശ്വാസം സ്വീകരിച്ചപ്പോൾ, കോപ്ടിക്കു സന്യാസിമാർ വഴിയായും മററും അബിസ്സീനിയായിലും പ്രസ്തുത വിശ്വാസം പ്രബലപ്പെട്ടുവന്നു. കാലാന്തരത്തിൽ സഭ ഏകസ്വഭാവവാദി ആയിത്തീരുകയുംചെയ്തു. കോപ്ടിക്കു പാത്രിയക്കീസിൻെറ കീഴിലുള്ള ഒരു മെത്രാപ്പോലീത്താ ആണ് സഭയുടെ ഭരണം നടത്തുന്നതു്. മെത്രാന്മാരുടെ സംഖ്യ ഏഴിൽ കൂടരുതെന്നു സഭയ്ക്കു ചട്ടംകെട്ടുണ്ട്. ഉഭയസമ്മതത്തിൻെറ പെട്ടകത്തിനു തുല്യമായ ഒരു പെട്ടകം ഓരോ പള്ളിയിലും സൂക്ഷിച്ചു വയ്ക്കുക, കുഞ്ഞുങ്ങളെ ചേലാകമ്മം ചെയ്ക, ഞായറാഴ്ചയ്ക്കും പുറമെ യഹൂദശാബതു ആചരിക്കുക എന്നിങ്ങനെ ചില യഹൂദമതാചാരങ്ങളുടെ അവശിഷ്ടങ്ങൾ ഈ സഭയിൽ കാണ്മാനുണ്ട്. കുറിലോസിൻെറ കോപ്ടിക്ക്തക്സായോടു സാമ്യമുള്ള 'പന്ത്രണ്ടു

ശ്ലീഹന്മാരുടെ തക്സാ' എന്നറിഞ്ഞു വരുന്ന ഐത്ത്യോപ്യ തക്സായയാണ് പ്രസ്തുത സഭ ഉപയോഗിച്ചുവരുന്നതു്. നോമ്പാചാരം, സ്നേഹവിരുന്നു്, ശിശുക്കളെ വിശുദ്ധ കുർബാനയിൽ സംബന്ധിപ്പിക്കുക, ആദിയായവയിൽ അബിസ്സീനിയൻസഭ പ്രത്യേക താല്പര്യം പ്രദർശിപ്പിച്ചു വരുന്നു. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിറഞ്ഞ ഈ സഭ മങ്ങിക്കത്തുന്ന തിരിയെപ്പോലെയെങ്കിലും ചുററുപാടും പാക്കുന്ന പുറജാതികളായ മഹമ്മദീയരുടെ ഇടയിൽ 16 ശതാബ്ദക്കാലത്തോളം ക്രിസ്തീയ വെളിച്ചം അബിസീനിയായിൽ ഉയത്തിപ്പിടിച്ചിട്ടുണ്ടെന്നുള്ളതു നാം കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണ്.

# അദ്ധ്യായം 23

## ഭാരതഭൂമിയിലെ ക്രിസ്തീയ സഭ

ഹിന്ദുമതം, ബുദ്ധമതം, ജൈനമതം എന്നീ ജഗൽ പ്രസിദ്ധങ്ങളായ മതങ്ങളുടെ ജന്മഭൂമി ആയിത്തീന്നിരിക്കുന്ന ഭാരതഭൂഖണ്ഡത്തിൽ പ്രവേശിച്ചു പലവിധത്തിലുള്ള ഗതിഭേദങ്ങളുടെയും അവസ്ഥാന്തരങ്ങളുടെയും ശേഷം, നവീന ഭാരതത്തിലെ ഒരു ഗണ്യമായ ശക്തി ആയിത്തീന്നിരിക്കുന്ന ക്രിസ്തുമതത്തിൻെറ ചരിത്രം സൂക്ഷ്മാവലോകനം ചെയ്യുന്ന ഒരു ക്രിസ്ത്യാനിക്കു ദൈവത്തിൻെറ അത്ഭുതകരമായ നടത്തിപ്പു, സുവിശേഷ സത്യങ്ങളുടെ അമർത്യത, യേശുക്രിസ്തുവിൻെറ അപരിമേയമായ സ്നേഹശക്തി എന്നിവയെക്കുറിച്ചുള്ള അഗാധചിന്തയും ദൈവത്തോടു കൃതജ്ഞതാപുരസ്സരമായ ഭക്തിയും ആണ് സർവ്വപ്രധാനമായി മനസ്സിൽ ജനിക്കുന്നതു്.

ഭാരതത്തിലെ ക്രിസ്തീയ സഭയുടെ ചരിത്രം (1) ആദ്യകാലം, (2) മദ്ധ്യകാലം, (3) ആധുനികകാലം എന്നിങ്ങനെ മൂന്നു പ്രധാന കാലഘട്ടങ്ങളായി തിരിച്ചു പര്യാലോ

ചിക്കുന്നതിനാണു ഉദ്ദേശിക്കുന്നതു്. ഒന്നാമത്തെ വിഭാഗത്തിൽ ആദ്യത്തെ പതിന്നാലു ശതാബ്ദങ്ങളും, രണ്ടാമത്തേതിൽ പതിനഞ്ചുമുതൽ പതിനെട്ടുവരെയുള്ള ശതാബ്ദങ്ങളും അവസാനദശയിൽ പത്തൊൻപതാം ശതാബ്ദം മുതലുള്ള കാലവും ഉൾപ്പെട്ടിരിക്കുന്നു.

## ആദ്യകാലം

മലയാളത്തുള്ള സുറിയാനിസഭ നമ്മുടെ കർത്താവിൻെറ അപ്പൊസ്തലന്മാരിൽ ഒരാളായ തോമ്മസ്ശ്ലീഹാ സ്ഥാപിച്ചതെന്നാണു് സുറിയാനിക്കാരുടെ ഇടയിലുള്ള പ്രബലമായ വിശ്വാസം. എന്നാൽ പ്രസ്തുത പാരമ്പര്യവിശ്വാസം ഇന്നും ചരിത്രകാരന്മാരുടെ ഇടയിൽ വാദവിഷയമായിട്ടു മാത്രമേ ഇരിക്കുന്നുള്ളു. സുറിയാനിക്കാരുടെ ഇടയിലുള്ള ചരിത്രാന്വേഷികൾ തന്നെ ഈ സംഗതിയിൽ ഏകാഭിപ്രായം സ്വീകരിച്ചിട്ടില്ല. തോമസ്ശ്ലീഹായും മലങ്കരയുമായുള്ള ബന്ധം വിശ്വാസയോഗ്യമാണെന്നു ഡോക്ടർ പി. ജെ. തോമസ്, മെസ്സേഴ്സ് ഇ. എം. പീലിപ്പോസ്*, കെ. എൻ. ദാനിയേൽ എന്നിവരും, അങ്ങനെ അല്ലെന്നു മിസ്റ്റർ ടി. കെ. ജോസഫ് ആദിയായവരും വാദിക്കുന്നു. അനിഷേധ്യമായി ചരിത്രരേഖകൾമൂലം ഈ പാരമ്പര്യവിശ്വാസം ചരിത്രപംക്തികളിൽ ഉറയ്ക്കുന്നതുവരെ ഇതു കേവലം അസംഭാവ്യമല്ലാത്ത ഒരു കാര്യം എന്നു മാത്രം നാം വിചാരിച്ചാൽ മതിയാവുന്നതാണു്.

വിശുദ്ധ തോമസ് അപ്പൊസ്തലൻ മലയാളദേശത്തു കാലുകുത്തിയിട്ടില്ല എന്നു വാദിക്കുന്ന ചരിത്രകാരന്മാരെല്ലാം മലങ്കരസഭയുടെ പുരാതനത്വത്തെ നിഷേധിക്കുന്നവ

---

* തോമസ്ശ്ലീഹാ മലങ്കര സന്ദർശിച്ചിട്ടില്ലെന്നുള്ള പ്രൊഫസർ മിൽനി റെയുടെ വാദത്തെ ഖണ്ഡിക്കുന്നതിനു ചില ന്യായങ്ങൾ മിസ്റ്റർ ഇ. എം. പിലിപ്പോസിൻെറ 'മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ' എന്ന ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. (അദ്ധ്യായങ്ങൾ 2 മുതൽ 5 വരെ).

രാണെന്നു അത്ഥമാക്കേണ്ടതില്ല. മലങ്കരസഭ ശ്ലൈഹികമാണെങ്കിലും, അല്ലെങ്കിലും, രണ്ടുമുതൽ അഞ്ചുവരെയുള്ള ശതാബ്ദങ്ങളിൽ കേരളത്തിൽ ഒരു ക്രൈസ്തവസഭ സ്ഥിതിചെയ്തിരുന്നു എന്നു പല പണ്ഡിതന്മാരും ഇപ്പോൾ സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ഈ അഭിപ്രായത്തിനു അടിസ്ഥാനമായിരിക്കുന്ന രണ്ടു പ്രധാന സംഗതികൾ താഴെ കുറിക്കുന്നു.

(1) ഇൻഡ്യയിലെ ക്രിസ്ത്യാനികളുടെ അപേക്ഷാനുസരണം അലക്സന്ത്രിയായിലെ ബിഷോപ്പായിരുന്ന ഡിമിടിയസ്, ബ്രാഹ്മണരോടു സുവിശേഷം അറിയിക്കുന്നതിനായും മററും ക്രിസ്താബ്ദം 190-ൽ പാൻടീനസ് എന്ന ഒരു മിഷനറിയെ ഇൻഡ്യയിലേക്കു അയച്ചതായും, ഇദ്ദേഹം പ്രസ്തുത ക്രിസ്ത്യാനികളുടെ കൈവശം എബ്രായ (അറമേയിക്കു്?) ഭാഷയിലുള്ള വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൻെറ ഒരു പ്രതി കണ്ടതായും, യൂസിബിയസ്, ജറോം ആദിയായ പുരാതന ചരിത്രകാരന്മാർ പ്രസ്താവിച്ചിരിക്കുന്നു. പാൻടീനസ് സന്ദർശിച്ച ഇൻഡ്യ സിന്ധുനദീതീരത്തുള്ള ഉത്തര ഇൻഡ്യയുടെ ഒരു ഭാഗമാണെന്നത്രെ പ്രൊഫസ്സർ മിൽനി റേയ് വാദിക്കുന്നതു്. എന്നാൽ ഇതു ദക്ഷിണ ഭാരതമോ, മലബാർ തീരമോ, ആയിക്കൂടാ എന്നില്ലെന്നു മററുചിലർ സമത്ഥിക്കുന്നു.

(2) ക്രിസ്താബ്ദം 345-ൽ എഡസ്സായിൽനിന്നു ഒരു മെത്രാനും കുറെ പട്ടക്കാരും ക്നായിത്തൊമ്മൻ എന്ന ഒരു കച്ചവടക്കാരൻെറ കൂടെ കൊടുങ്ങല്ലൂർ തുറമുഖത്തു വന്നിറങ്ങി മലയാളരാജ്യത്തു കുടിയേറി പാത്തെന്നും, അന്നത്തെ ചേരമാൻ പെരുമാളിൽനിന്നു് ഇപ്പോൾ നഷ്ടപ്പെട്ടുപോയിരിക്കുന്ന ഒരു ചെമ്പു തകിടിൽ എഴുപത്തിരണ്ടു പദവികൾ അവക്കു തുല്യംചാത്തി കിട്ടിയെന്നും സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പ്രബലമായ ഒരു വിശ്വാസം ഉണ്ടു്. എ. ഡി. 343-ൽ പേഷ്യൻ രാജ്യത്തു ഏകദേശം നാല്പതുവഷക്കാലം നിലനിന്നിരുന്ന ഒരു ഭയങ്കരമായ മതപീഡ ഉണ്ടായതിനാൽ, പേഷ്യയിൽനിന്നു കുറെ ക്രി

സ്ത്യാനികൾ മലങ്കരെ വന്നു് അഭയം പ്രാപിച്ചുവെന്നു വിശ്വസിപ്പാൻ ന്യായമുണ്ടു്.

ആറാംശതാബ്ദത്തിൻെറ ആരംഭത്തിങ്കൽ മലങ്കരെ ഒരു ക്രിസ്തീയസഭ ഉണ്ടായിരുന്നുവെന്നു കോസ്മോസ് എന്ന ഒരു നെസ്തോറിയൻസഞ്ചാരി യവനഭാഷയിൽ എഴുതിയിരിക്കുന്ന ഗ്രന്ഥത്തിൻെറ ഒരു ഭാഗമാണു് സുറിയാനിസഭയെ സംബന്ധിച്ചിടത്തോളം ഇതുവരെ കണ്ടുപിടിച്ചിട്ടുള്ള അവിതർക്കിതമായ ഒന്നാമത്തെ ചരിത്രരേഖ. കുരുമുളകു വളരുന്നതായ മലിയിൽ (മലി=മലങ്കര) ഒരു ക്രിസ്തീയ സഭയും പട്ടക്കാരും ഉണ്ടായിരുന്നതായി കോസ്മോസ്സ് എഴുതിയിരിക്കുന്നു.* എ. ഡി. 552-നടുത്താണു് കോസ്മോസ്സ് മലബാർ സന്ദർശിച്ചതു്.

വേറൊരു പ്രധാന ചരിത്രരേഖ മദ്രാസിനടുത്തു് മൈലാപ്പൂരിലും കോട്ടയം വലിയ പള്ളിയിലും കണ്ടുവരുന്ന പേർഷ്യൻ കുരിശുകളാണു്. ഈ കുരിശുകളിന്മേൽ പാലവി ഭാഷയിൽ കാണപ്പെടുന്ന ലിഖിതത്തിൻെറ അത്ഥവും സ്വഭാവവുംകൊണ്ടു എട്ടാം ശതാബ്ദത്തിനും പത്താംശതാബ്ദത്തിനും ഇടക്കുള്ള കാലത്താണു് അവ നിമ്മിക്കപ്പെട്ടതെന്നു ഡാക്ടർ ബർണ്ണൽ ആദിയായ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പേഷ്യയിലെ സഭയും മലബാറിലെ പുരാതന സഭയും തമ്മിലുണ്ടായിരുന്ന സംബന്ധത്തിൻെറ ഒരു ലക്ഷ്യമായിട്ടു ഈ കുരിശുകളെ വിചാരിക്കാവുന്നതാണു്.

നെസ്തോറിയൻസഭ ആറാം ശതാബ്ദത്തിൽ പേഷ്യയിൽ വ്യാപിച്ചു അവിടെ ഒരു ഉയന്നനില പ്രാപിച്ചതായി നാം കണ്ടുവല്ലോ. ആറാംശതാബ്ദം മുതൽ പതിനൊന്നാം ശതാബ്ദംവരെ പേഷ്യയിലെ നെസ്തോറിയൻ സഭ അഥവാ, കൽദയാ സഭ,ററിബററു്, ചൈന, പഞ്ചാബു്, ദക്ഷിണ ഭാരതം എന്നീ സ്ഥലങ്ങളിലെല്ലാം വിസ്തൃതമാ

---

* മിസ്റ്റർ ററി. കെ. ജോസഫിൻെറ 'Malabar Christian & Their Ancient Documents' എന്ന പുസ്തകം കാണുക. 1929 Trivandrum. വില 1 രൂപ.

യ മിഷനറിവേലയിൽ ഏൎപ്പെട്ടിരുന്നതായും ചരിത്രം സാക്ഷിക്കുന്നു. ഇക്കാലത്തായിരിക്കണം മലങ്കരയിലും അവൎക്കു പ്രവേശനം ലഭിക്കുന്നതിനും മലങ്കരസഭയുമായി പലവിധത്തിലുള്ള ബാന്ധവം ഉണ്ടാകുന്നതിനും ഇടയായിട്ടുള്ളതു്. സുറിയാനിക്രിസ്ത്യാനികൾ പൊതുവെ ഒരു കാലത്തു നെസ്തോറിയന്മാർ ആയിരുന്നുവെന്നു തന്നെ വാദിക്കുന്നവർ ഉണ്ടു്. സുറിയാനിസഭ പൊതുവെയോ ആദ്യകാലംമുതൽ തന്നെയോ ഈ വിശ്വാസം സ്വീകരിച്ചിരുന്നുവോ എന്നുള്ളതു സംശയാസ്പദമാണെങ്കിലും, നെസ്തോറിയൻ പാത്രിയൎക്കീസിനാൽ സുറിയാനി സഭയിൽ മെത്രാന്മാർ വാഴിക്കപ്പെട്ടിട്ടുണ്ടു് എന്നുള്ളതിനു രണ്ടു പക്ഷമില്ല.

മലയാളത്തുള്ള പുരാതന ക്രിസ്ത്യാനികൾക്കു് സുറിയാനിക്കാർ എന്ന പേരു ലഭിക്കുന്നതിനുതന്നെ കാരണമായതു പേർഷ്യയിലെ സഭയിൽ ഉപയോഗത്തിലിരുന്ന സുറിയാനിഭാഷ മലങ്കരസഭയിലും നടപ്പായതുനിമിത്തമാണെന്നു ചരിത്രകാരനായ മിൽനി റേയും, കൊടുങ്ങല്ലൂർ, കൊല്ലം ആദിയായ തുറമുഖപട്ടണങ്ങളിൽ നാലാംശതാബ്ദം മുതൽ സുറിയായിൽനിന്നു് ക്രിസ്ത്യാനികൾ കുടിയേറിപ്പാൎത്തുവന്നിരുന്നതിനാൽ അവരുടെ സന്താനങ്ങൾക്കു സുറിയാനിക്കാർ എന്ന പേരു സാധാരണ ഗതിയിൽ കിട്ടിയെന്നു വിചാരിക്കുന്നതിനു് ന്യായമുണ്ടെന്നു മററുചിലരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നാൽ ഈ അഭിപ്രായം സാധുവല്ല. 18-ാംശതകത്തിൽ ഡച്ചുഗവൎണ്ണരായ മോയൻസ് (Moens) ആണു് ആദ്യമായി സുറിയാനിക്കാർ എന്ന പേരു് മലങ്കരയുള്ള ക്രിസ്ത്യാനികളെ സംബന്ധിച്ചു് ഉപയോഗിച്ചിട്ടുള്ളതു്. അതിനുമുമ്പുള്ള സകല റിക്കാർട്ടുകളിലും സെന്തോമ്മസ് ക്രിസ്ത്യാനികളെന്നും മലനാട്ടിലെ ക്രിസ്ത്യാനികളെന്നും ഉള്ള പേരുകളാണു് നടപ്പിലിരുന്നതു്.

എട്ടാംശതാബ്ദത്തിലും ഒൻപതാംശതാബ്ദത്തിലും സുറിയാനിക്കാർ രാജപ്രീതി നിമിത്തം സാമൂഹ്യമായി കേരളത്തിൽ ഒരു ഉയൎന്നനില പ്രാപിച്ചിരുന്നുവെന്നുള്ളതു അവരുടെ പദവികളും സ്ഥാനമാനങ്ങളും രേഖപ്പെ

ട്ടത്തിയിരിക്കുന്ന ചെപ്പേട്ടുകളിൽനിന്നും മററും വ്യക്തമാകുന്നതാണ്. ഈവിധത്തിലുള്ള രാജസമ്മാനങ്ങൾ ആയിരിക്കാം മതപ്രചരണത്തിൽ സുറിയാനിക്കാർ വിമുഖത കാണിക്കുന്നതിനു ഇടയാക്കിയ ഒരു കാരണം എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

പോർട്ടുഗീസുകാർ കേരളം സന്ദർശിക്കുന്നതിനുമുമ്പായി സുറിയാനിക്രിസ്ത്യാനികളുടെ വിശ്വാസാചാരങ്ങൾ എങ്ങനെയിരുന്നുവെന്നും മററുമുള്ളതിനെക്കുറിച്ചു നമുക്കു പൂർണ്ണമായ അറിവില്ല. എന്നിരുന്നാലും അഞ്ചാംശതാബ്ദത്തിനുമുമ്പ് പ്രസ്തുത സഭ ഇതര പൌരസ്ത്യ ഓർത്തഡോക്സ് സഭകളോടൊപ്പം സ്തുതിചൊവ്വായ വിശ്വാസത്തിൽ സ്ഥിരപ്പെട്ടിരുന്നതായും, ആറാംശതാബ്ദം മുതൽ 15-ാംശതാബ്ദംവരെ നെസ്തോറിയരുമായി സംസർഗ്ഗത്തിലിരുന്നതായും അനുമാനിക്കാമെന്നു തോന്നുന്നു. പട്ടത്വം സംബന്ധിച്ച് മലങ്കരസഭ വിദേശപാത്രിയർക്കീസന്മാരുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും, സഭയുടെ ആഭ്യന്തരഭരണം സംബന്ധിച്ചു പൂർണ്ണസ്വാതന്ത്ര്യം അനുഭവിച്ചിരുന്നു എന്നു വിചാരിപ്പാൻ ന്യായമുണ്ട്.

## 2. മദ്ധ്യകാലം

### (*a*) റോമൻകത്തോലിക്കരുടെ മിഷനറിപ്രയത്നങ്ങൾ.

പ്രോട്ടസ്റ്റൻറു മിഷനറിമാർ ഇൻഡ്യയിൽ കാലുകുത്തുന്നതിനു മുമ്പായിത്തന്നെ സുവിശേഷവേലയുടെ മാഹാത്മ്യത്തെക്കുറിച്ചും ആവശ്യത്തെക്കുറിച്ചും ഉള്ള ഒരു ദർശനം ലഭിച്ചു അതനുസരിച്ചു പ്രവത്തിച്ചിട്ടുള്ളതു് റോമൻകത്തോലിക്കസഭ ആണെന്നുള്ളതു് അവർക്കു അഭിമാനകരമായ ഒരു സംഗതിയായി ചരിത്രം ഘോഷിക്കുന്നതാണ്. ഡോമിനിക്കൻ, ഫ്രാൻസിസ്കൻ, കർമ്മലീത്തർ, ജസ്യൂട്ട് ആദിയായ സന്യാസസമൂഹങ്ങൾ വഴിയായി പതിനാറാം ശതാബ്ദത്തിൽ വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ആഫ്റിക്കാ, ഇൻഡ്യാ, ചൈനാ എന്നിങ്ങനെ ലോകത്തിൻെറ നാനാഭാഗങ്ങളിലും റോമാസഭയുടെ നാമത്തിൽ മിഷനറിവേല ചെയ്യുന്നവരുടെ സംഖ്യ ചുരുക്കമല്ലായിരുന്നു.

ഇക്കാലത്തു ഇൻഡ്യയിൽ റോമൻകത്തോലിക്കർ ആരംഭിച്ചു നടത്തിവന്ന മിഷനറിപ്രയത്നങ്ങൾ പ്രധാനമായി രണ്ടു് ഉദ്ദേശങ്ങൾ മുൻനിറുത്തി ചെയ്തിട്ടുള്ളവയാണു്. (a) പുറജാതികളെ ക്രിസ്തുമതത്തിൽ ചേർക്കുക. (b) ക്രിസ്ത്യാനികളെ റോമാമതാനുസാരികളാക്കുക. ഈ രണ്ടുവഴികളിലും കൂടി റോമൻകത്തോലിക്കാ മിഷനറിമാർ ചെയ്തിട്ടുള്ള വേലകളെ നമുക്കു ഓരോന്നായി ചിന്തിക്കാം.

## 1. ഫ്രാൻസിസ് സേവിയർ

## (എ. ഡി. 1506—1552)

പതിനാറാംശതാബ്ദത്തിൽ ക്രിസ്തുമതം പ്രസംഗിക്കുന്നതിനായി ഇൻഡ്യയിൽ വന്നിട്ടുള്ളവരിൽ ഫ്റാൻസിസ് സേവിയർ സകല വിധത്തിലും പ്രഥമസ്ഥാനം അർഹിക്കുന്ന ഒരാളാണെന്നുള്ളതിനു സംശയമില്ല. ഒരു ഉൽകൃഷ്ടവംശജനും ജസ്യൂട്ട സംഘസ്ഥാപകനുമായ ഇഗ്നേഷ്യസ് ലൊയോളായുടെ സ്നേഹിതനും, ആത്മപരിത്യാഗം, മതതീക്ഷ്ണത, സ്ഥിരോത്സാഹം, ദൈവഭക്തി എന്നീ ഗുണങ്ങളുടെ വിളനിലവും ആയിരുന്ന സേവിയർ ഒരു മിഷനറിയായി എ. ഡി. 1542-ൽ പോർട്ടുഗീസുകാരുടെ തലസ്ഥാനമായ ഗോവായിൽ എത്തി. ഇൻഡ്യയിൽ ചെലവഴിച്ച നാലരവർഷം ഉൾപ്പെടെ പത്തുവർഷം മാത്രമേ ഒരു മിഷനറിയായി വേല ചെയ്യുന്നതിനു ഇദ്ദേഹത്തിനു സാധിച്ചുള്ളു. എ. ഡി. 1552-ൽ ചൈനായ്ക്കു അടുത്തുള്ള ഒരു ദ്വീപിൽവച്ചു ശൌര്യാർ നിര്യാതനായി. എന്നാൽ ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ ഇൻഡ്യാ, ഇൻഡോചൈനാ, ജപ്പാൻ, ചൈനാ ആദിയായ ഏഷ്യയിലെ പ്രധാന രാജ്യങ്ങളിലെല്ലാം അദ്ദേഹം സഞ്ചരിച്ചു, അത്ഭുതകരമായ വിധത്തിൽ മിഷനറിവേല നടത്തി, അനേകായിരം പുറജാതികളെ ക്രിസ്തുമതത്തിൽ ചേർത്തു. ഇൻഡ്യയിൽ ഇദ്ദേഹം മുഖ്യമായി പ്രവർത്തിച്ചിട്ടുള്ളതു കൊല്ലം മുതൽ കന്യാകുമാരിവരെയും, കന്യാകുമാരിമുതൽ രാമനാടുവരെയും നീണ്ടുകിടക്കുന്ന കടൽതീരത്തെ പരവരുടെയും മുക്കുവരുടെയും ഇടയിലാണു്. തിരുവിതാംകൂറിൽവച്ചു്

ഒരു മാസത്തിൽ ഇദ്ദേഹം 10,000 ജനങ്ങളെ മാൎഗ്ഗത്തിൽ ചേൎത്തതായി ഇദ്ദേഹത്തിൻെറ ഒരെഴുത്തിൽ പ്രസ്താവിച്ചു കാണുന്നു. ശൌൎയ്യാർ മാൎഗ്ഗം ചേൎത്തവരുടെ സന്താനങ്ങളാണു് ഇപ്പോൾ തെക്കൻതിരുവിതാംകൂറിൽ കാണുന്ന ലത്തീൻകത്തോലിക്കരിൽ ഒരു ഭാഗം. കേവലം ഒരു മിഷനറിയായിട്ടു മാത്രമല്ല, പൌരസ്ത്യദേശങ്ങളിലെ ജസ്യൂട്ടു മിഷൻെറ ഡയറക്ടർ എന്ന നിലയിലും സ്തുത്യൎഹമായ പല കാൎയ്യങ്ങൾ ഇദ്ദേഹം സാധിച്ചിട്ടുണ്ടു്. എന്നിരുന്നാലും ശൌൎയ്യാരുടെ പ്രയത്നങ്ങളുടെ ഫലം ഏറെക്കുറെ താല്ക്കാലികമായിരുന്നുവെന്നു മലയാളരാജ്യത്തുള്ളവരോടു വിസ്തരിച്ചു വാദിക്കേണ്ട ആവശ്യം ഇല്ല. അതിൻെറ കാരണം എന്തായിരിക്കാം?

ക്രിസ്തുമതപ്രചരണത്തിൽ ഇദ്ദേഹം ഉപയോഗിച്ചിരുന്ന നയം കാൎയ്യക്ഷമതയ്ക്കു ഉപയുക്തമായ ഒന്നല്ലായിരുന്നുവെന്നു് ആധുനിക ലോകം വിധിച്ചു കഴിഞ്ഞിരിക്കുന്നു. എത്രയും കൂടുതൽ ജനങ്ങളെ സഭയിൽ ചേൎക്കണമെന്നുള്ള ഒരു ഉദ്ദേശ്യമാണു് ഇദ്ദേഹത്തിനുണ്ടായിരുന്നതു്. ഒരിടത്തു സ്ഥിരമായി താമസിച്ചു സ്നാനമേൽക്കുന്നവരുടെ അഭ്യസനം, ക്രിസ്തീയജീവിതത്തിലുള്ള വളർച്ച, ഇവയെല്ലാം അന്വേഷിക്കുന്നതിനെക്കാൾ കൂടുതൽ ആവശ്യമായി സേവ്യറിനു തോന്നിയതു് തന്നാൽ കഴിയുന്നിടത്തോളം കാലം പുതിയ പുതിയ ജനക്കൂട്ടങ്ങളുടെമേൽ മാമോദീസാവെള്ളം തളിക്കയെന്നുള്ളതായിരുന്നു. സന്ദർശിച്ച സ്ഥലങ്ങളിലെ ഭാഷ പഠിക്കുന്നതിനോ, ആളുകളുടെ ആചാരമൎയ്യാദകൾ മനസ്സിലാക്കുന്നതിനോ ശൌര്യാർ ശ്രമിച്ചില്ല. ആംഗ്യം കാണിച്ചും ദ്വിഭാഷി മൂലവുമാണു് അദ്ദേഹം പ്രസംഗിച്ചുവന്നതു്. സ്വപ്രയത്നങ്ങൾക്കു ഫലസിദ്ധിയുണ്ടാകുന്നതിനായി ജ്ഞധത്തിൻെറ ഭുജത്തിന്മേൽ പലപ്പോഴും ചാരിയിട്ടുണ്ടു്. രാജകീയ അധികാരവും സഹായവും നിമിത്തമത്രെ ശൌൎയ്യാരുടെ വേല തൽക്കാലത്തേക്കെങ്കിലും വിജയകരമാക്കിത്തീൎക്കുന്നതിനു സാധിച്ചതു്. വിഗ്രഹം ഉണ്ടാക്കുന്നവരെ മരണശിക്ഷയ്ക്കു വിധിക്കുന്നതിനുള്ള അധികാരം പോർട്ടുഗലിലെ രാജാവിനോടു് ഇദ്ദേഹം ആവശ്യപ്പെട്ടു വാങ്ങി. എ. ഡി. 1545-ൽ ശൌൎയ്യാർ പോർട്ടുഗലിലെ

രാജാവിൻെറ പേക്കു് എഴുതി അയച്ച അഭിപ്രായം ഇദ്ദേഹത്തിൻെറ നയത്തിനു ഒരു നല്ല ദൃഷ്ടാന്തമാണു്. പോർട്ടുഗലിൽനിന്നു ഇൻഡ്യയിലെ ഭരണകത്താക്കളായി അയക്കപ്പെടുന്ന ഗവൎണ്ണർമാരും വൈസ്രോയിമാരും തങ്ങളുടെ ഭരണകാലത്തു സ്വാധീനം പ്രയോഗിച്ചു് മതപ്രചരണം നടത്താതിരിക്കുന്നപക്ഷം തിരികെ സ്വദേശത്തു് എത്തുന്ന ഉടനെതന്നെ അവരെ കാരാഗൃഹത്തിൽ ഇട്ടു പൂട്ടണമെന്നായിരുന്നു ഇദ്ദേഹം രാജാവിനു കൊടുത്ത ആലോചന. ഇങ്ങനെയുള്ള ലൌകികസമ്പ്രദായങ്ങളും നയങ്ങളും ഉപയോഗിച്ചതിൻെറ ശിക്ഷയായിട്ടായിരിക്കാം ഇദ്ദേഹത്തിൻെറ വേലയുടെ ഫലം കാലാന്തരത്തിൽ തേഞ്ഞുമാഞ്ഞു് പോകുന്നതിനു ദൈവം പക്ഷേ അനുവദിച്ചതു്. നന്മവരേണ്ടതിനു നാം തിന്മ ചെയ്കയെന്നോ? ഒരുനാളും അരുതേ? ഈവക ദോഷങ്ങൾ വിസ്മരിച്ചിട്ടു് ഇദ്ദേഹത്തിൻെറ മിഷനറി വേലയിലുള്ള താല്പൎയ്യം നാം അഭിനന്ദിക്കയും അനുകരിക്കയും ചെയ്യേണ്ടതാണു്.

മിഷനറിജീവിതത്തിൽ നേരിട്ട കഷ്ടപ്പാടുകളെക്കുറിച്ചു് ശൌയ്യാർ താഴെ കാണുന്ന വിധത്തിൽ ഒരെഴുത്തിൽ * പ്രസ്താവിച്ചിരിക്കുന്നതിൽനിന്നു് ഇദ്ദേഹത്തിൻെറ ത്യാഗബുദ്ധിയും ക്രിസ്തുഭക്തിയും ഒരുപോലെ പ്രത്യക്ഷമാകുന്നതാണു്. 'ദൈവത്തിനുവേണ്ടി സഹിക്കുന്ന കഷ്ടപ്പാടുകൾ വലിയ ആശ്വാസങ്ങളായും, സ്വൎഗ്ഗീയസന്തോഷങ്ങളുടെ ഉറവയായും രൂപാന്തരപ്പെടുന്നു. ക്രിസ്തുവിൻെറ കുരിശിനെ യഥാൎത്ഥമായി സ്നേഹിക്കുന്നവർ കഷ്ടതനിറഞ്ഞ ജീവിതത്തെ സൌഭാഗ്യകരമായും, കുരിശില്ലാത്ത ജീവിതത്തെ മരണസമാനമായും കരുതുമെന്നാണു് എൻെറ വിശ്വാസം. ക്രിസ്തുവിൻെറ മാധുൎയ്യത്തെ ആസ്വദിച്ചശേഷം തന്നെ കൂടാതെ ജീവിക്കുന്നതിൽപരമായി ദുസ്സഹമായ മരണം മറെറന്തുള്ളു? ദിവസംപ്രതി മരിച്ചുകൊണ്ടു ജീവിക്കുക, സ്വന്തഇഷ്ടത്തെ നിത്യം ചവിട്ടിക്കൊല്ലുക, നമ്മുടെ കാൎയ്യങ്ങൾ അല്ല; യേശുക്രിസ്തുവിൻെറ കാൎയ്യങ്ങൾ നിരന്ത

---

× Quoted in *The Apostles of India* by J. N. Ogilvie, P. 96.

രം അന്വേഷിച്ചുകൊണ്ടിരിക്കുക—ഇങ്ങനെയുള്ള ജീവിതം എത്ര സൌഭാഗ്യപൂൎണ്ണമായതു്!'

മതപ്രചരണവിഷയത്തിൽ ഫ്രാൻസിസ്സേവ്യർ അപ്പൊസ്തലികമായ തീക്ഷ്ണതയും ത്യാഗവും പ്രദർശിപ്പിച്ചിരുന്നതിനാൽ 'പൌരസ്ത്യദ്വീപുകളുടെ അപ്പൊസ്തലൻ' എന്നുള്ള പേരു് ഇദ്ദേഹത്തിനു സൎവ്വഥാ യോജിക്കുന്നുണ്ടു്. റോമാസഭയിലെ പൌരസ്ത്യമിഷനറിമാരിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഇദ്ദേഹത്തെ റോമാസഭ ഒരു വിശുദ്ധനായി ഗണിച്ചിരിക്കുന്നതും എത്രയും ഉചിതമായിരിക്കുന്നു.

## 2. റോബർട്ടു് ഡി നോബിലി

ഫ്റാൻസിസ്സേവിയറിൻെറ പിൻഗാമി ആയ റോബർട്ടു് ഡി നോബിലിക്കും റോമൻകത്തോലിക്കു് മിഷനറിമാരുടെ കൂട്ടത്തിൽ ഒരു പ്രധാന സ്ഥാനമുണ്ടു്.

എ. ഡി. 1605-ൽ ഇൻഡ്യയിൽ എത്തി മധുരയിലും പരിസരപ്രദേശങ്ങളിലും അതിതീക്ഷ്ണതയോടുകൂടെ മതപ്രചരണം നടത്തിയ നോബിലി മിഷനറിവേലയിൽ ഒരു പുതിയ ആദർശത്തോടുകൂടെ പ്രവൎത്തിച്ചതു നിമിത്തമാണു് അനന്തരകാലങ്ങളിൽ പ്രത്യേകം പ്രശംസാർഹനായിരിക്കുന്നതു്. പക്ഷേ ആ ആദർശം കേവലം നവീനമായിട്ടുള്ളതല്ലതാനും. എല്ലാവൎക്കും എല്ലാം ആകണമെന്നു് പൌലൊസ് അപ്പൊസ്തലൻ സ്വീകരിച്ചിരുന്ന നയം തന്നെ നോബിലിയും പ്രയോഗത്തിൽ വരുത്തുന്നതിനു ശ്രമിച്ചു. ബ്രാഹ്മണരുടെ ഇടയിൽ സഫലമായി പ്രയത്നിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടെ അദ്ദേഹം തൻെറ ഭവനം ഒരു ബ്രാഹ്മണമഠമാക്കിച്ചമച്ചു്, കാഷായവസ്ത്രം, പൂണൂൽ, നെററിപ്പൊട്ടു് ആദിയായവ ധരിക്കയും സസ്യഭക്ഷണം മാത്രം ഉപയോഗിക്കയും ചെയ്തുവന്നു. എന്നു മാത്രമല്ല, ബ്രാഹ്മണരെപ്പോലെ താണജാതികളെ അകററിനിൎത്തുകയും അദ്ദേഹം സ്ഥാപിച്ച പള്ളികളിൽ അവൎക്കു് പ്രവേശനം നൽകാതിരിക്കയും റോമാനഗരത്തിൽനിന്നു് വന്ന ഒരു രാജാവെന്നും, ചിലപ്പോൾ ഒരു ക്ഷത്രിയനെ

ന്നും, ഒരു പുതിയ വേദം ബ്രാഹ്മണരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനായി അയയ്ക്കപ്പെട്ട ഒരു ദൂതനെന്നും തന്നെക്കുറിച്ചുതന്നെ പ്രസ്താവിക്കയും പതിവായിരുന്നു. സംസ്കൃതം, തമിഴ്, തെലുങ്ക് എന്നീ ഭാഷകളിൽ നോബിലി അസാമാന്യ വ്യുല്പത്തി സമ്പാദിച്ചിരുന്നുവെന്നുള്ളതു് നോബിലിക്കു് ഏതായാലും അഭിമാനകരമായ ഒരു സംഗതിയാണു്. ഇദ്ദേഹത്തിന്റെ പ്രസംഗംമൂലം സഭയിൽ ചേന്ന പുതുക്രിസ്ത്യാനികൾ കുടുമ വെച്ചുകൊള്ളുന്നതിനും, പൂണുൽ ധരിക്കുന്നതിനും, നെററിപ്പൊട്ടു് ആദിയായ അവരുടെ ജാതിചിഹ്നങ്ങൾ അണിയുന്നതിനും, പാപ്പാതന്നെ ഒരു പ്രത്യേക കല്പനമൂലം അനുവദിച്ചിരുവെന്നും പ്രസ്താവയോഗ്യമാണു്. അൻപതു ദീർഘവർഷങ്ങൾ മേൽകാണിച്ച വിധത്തിൽ റോമാസഭയ്ക്കുവേണ്ടി പ്രയത്നിച്ചശേഷം നോബിലി എ. ഡി. 1656-ൽ മൈലാപ്പൂരിൽവച്ചു കാലധമ്മം പ്രാപിച്ചു.

നോബിലിയുടെ ജസ്യൂട്ട്സമ്പ്രദായങ്ങൾ വിസ്തരിച്ചിട്ടോ, വിമർശിച്ചിട്ടോ കാര്യമില്ല. അദ്ദേഹത്തിന്റെ ഉദ്ദേശങ്ങൾക്കും പ്രയോഗങ്ങൾക്കും ഒരു നല്ല വശമുണ്ടെന്നു് നാം ധരിച്ചിരിക്കേണ്ടതാണു്. 'യഹൂദന്മാരെ നേടേണ്ടതിന്നു് ഞാൻ യഹൂദനായി' എന്നു വി: പൌലൊസ് അപ്പൊസ്തലൻ തന്റെ ജീവിതംകൊണ്ടു പ്രകാശിപ്പിച്ചിരിക്കുന്ന ആദർശം സുവിശേഷവേലയിൽ ഏർപ്പെട്ടിരിക്കുന്ന ഏവരും സ്വീകരിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചു ഇവിടെ വിസ്തരിക്കേണ്ട ആവശ്യം ഇല്ല. പക്ഷേ ആ ആദർശം പ്രയോഗത്തിൽ വരുത്തുമ്പോൾ നോബിലിക്കു പററിയ അബദ്ധങ്ങൾ നമുക്കു വരാതെ സൂക്ഷിച്ചിരിക്കേണ്ടതാണു്. ക്രിസ്ത്യാനികളെ ഉയന്ന ജാതികളെന്നും താണ ജാതികളെന്നും തരംതിരിച്ചു, പ്രത്യേക ദേവാലയങ്ങൾ അവക്കായി പണിയിച്ചുകൊടുത്തു ജാതിസ്പർദ്ധയും കുലശ്രേഷ്ഠതയിൽനിന്നു ജനിക്കുന്ന നിഗളവുംമററോരോ തിന്മകളും ക്രിസ്തുസഭയിൽ വർദ്ധിപ്പിക്കുന്നതു് ശത്രുതയുടെ നടുച്ചുവരിനെ ഇടിച്ചുകളഞ്ഞു് ഇരുപാട്ടുകാരെയും യോജിപ്പിച്ച സമാധാനത്തിന്റെ സുവിശേഷത്തെയും

കത്താവിനെയും പരസ്യമായി അപമാനിക്കയാണെന്നുള്ളതു് നാം എപ്പോഴും ഓത്തിരിക്കേണ്ടതാണു്. ശൌര്യാരുടെയും നോബിലിയുടെയും ചരിത്രം ക്രിസ്തീയപ്രവത്തകന്മാരെ പലവിധമായ അപകടങ്ങളിൽനിന്നു രക്ഷിക്കുന്നതിനും അതേസമയം അവരെ ക്രിസ്തീയ ശുശ്രൂഷയിൽ പ്രോത്സാഹിപ്പിക്കുന്നതിനും മുഖാന്തരമായി ഭവിക്കട്ടെ.

## 3. ഫാദർ ബ്രിട്ടോയും ഫാദർ ബെസ്കിയും

നോബിലിയുടെ പിൻഗാമിയായി മധുരമിഷനിൽ പ്രവത്തിച്ചിരുന്ന ഫാദർ ജോൺ ഡി ബ്രിട്ടോയെ റോമാസഭയിലെ ഒരു പുണ്യവാനായും, സാർവ്വത്രികമായ ക്രിസ്തുസഭയിലെ മിഷനറിവീരന്മാരുടെ മുന്നണിയിൽ നിൽക്കുന്ന ഒരു മഹാത്മാവായും ഗണിക്കേണ്ടതാണെന്നു പ്രോട്ടസ്റ്റൻറു മിഷനറിയായ വില്യം റോബിൻസൺ അഭിപ്രായപ്പെട്ടിരിക്കുന്നതിൽനിന്നു ഇദ്ദേഹത്തിനു നിമ്മത്സരബുദ്ധികളായ ക്രൈസ്തവജനതാമദ്ധ്യത്തിൽ ലഭിച്ചിരിക്കുന്ന സ്ഥിരപ്രതിഷ്ഠ ഏതാണ്ടു വ്യക്തമാകുന്നതാണു്. ഇദ്ദേഹം ഒരു യഥാത്ഥ ദൈവഭക്തനായിരുന്നു. ഒരു പോർട്ടുഗീസ് പ്രഭുകുടുംബത്തിൽ ജനിച്ചുവളന്ന ബ്രിട്ടോ ഇൻഡ്യയിൽ ഒരു മിഷനറി ആയിത്തീരണമെന്നുള്ള ആഗ്രഹത്തോടുകൂടെ എ. ഡി. 1662-ൽ 16-ാമത്തെ വയസ്സിൽ ജസ്യൂട്ടു് സമൂഹത്തിൽ ചേന്നു 11 വർഷത്തെ പരിശീലനശേഷം മധുരയിൽ വന്നെത്തി. പ്രയാസങ്ങളും പീഡനങ്ങളും നിറഞ്ഞ ഇരുപതു വർഷക്കാലത്തെ മിഷനറിശുശ്രൂഷയുടെ ഫലമായി അനേക കുലീന ഹിന്ദുക്കളെ ഇദ്ദേഹം ക്രിസ്തുശിഷ്യന്മാരാക്കിയശേഷം എ. ഡി. 1693 ഫെബ്രുവരി 4-ാംതീയതി രക്തസാക്ഷിയായി മരണം അടഞ്ഞു. കൈകാലുകൾ ബന്ധിച്ചു മരത്തിൽ കെട്ടിത്തൂക്കി ആട്ടുക, വെള്ളത്തിൽ മുക്കി ശ്വാസംമുട്ടിക്ക, കാരാഗൃഹത്തിൽ ഇട്ടടയ്ക്കുക ഇത്യാദി പലവിധ പീഡനങ്ങൾ മധുരയിലെ ഹൈന്ദവരാജാക്കന്മാരിൽനിന്നു സഹിച്ചശേഷം രാമനാട്ടിലെ സേതുപതിയാൽ ശിരഃഛേദം ചെയ്യപ്പെട്ടു. മൃതശരീരത്തിൻെറ കണ്ടുകിട്ടിയ ഭാഗങ്ങൾ ഗോവായിൽ ഫ്റാൻസിസ്സ് ശൌര്യാറിൻെറ കല്ലറയ്ക്കടുത്തു സംസ്കരിച്ചിരിക്കുന്നു. മിഷനറി

ആത്മാവു് ബ്രിട്ടോയുടെ ഉള്ളിൽ എപ്പോഴും കത്തിജ്വലിച്ചുകൊണ്ടിരുന്നു. സ്വന്തരാജ്യത്തു തന്നെ ജീവിച്ചു സഭയെ സഹായിച്ചാൽ മതിയാകും എന്നു മാർപാപ്പാ, പോർട്ടുഗലിലെ രാജാവു് ആദിയായ മഹൽസ്ഥാനികൾ ചെറുപ്പകാലത്തു ഗുണദോഷിച്ചപ്പോൾ ബ്രിട്ടോ അവക്കു കൊടുത്ത മറുപടി ശ്രദ്ധാർഹമാണു്. 'ദൈവം എന്നെ വിളിക്കുന്നിടത്തു ഞാൻ പോകുന്നു; ദൈവം എന്നോടു സംസാരിക്കുമ്പോൾ മനുഷ്യാലോചനക്കു ചെവിതരുന്നതിനു കഴിയുന്നതല്ല. ഇൻഡ്യയിലേക്കു പോകുന്നതു എനിക്കു സ്വർഗ്ഗത്തിലേക്കുള്ള വഴി ആയിരിക്കാം.' ഇതുപോലെതന്നെ 'ഹിന്ദുക്കളുടെ രക്ഷക്കായി എന്നെത്തന്നെ പ്രതിഷ്ഠിക്കുന്നതിനുള്ള ആഗ്രഹംകൊണ്ടു പകലും രാവും ഞാൻ കത്തി എരിയുന്നു' എന്നു ബ്രിട്ടോ തൻെറ പരിശീലനകാലത്തു മതാദ്ധ്യക്ഷനു എഴുതുകയുണ്ടായി.

ഡി ബ്രിട്ടോയുടെ കാലശേഷം എ. ഡി. 1707-ൽ ഫാദർ ജോസഫ് ബെസ്കി എന്ന ഇററാലിയൻ മിഷനറി മധുരയിൽ എത്തി. ഡി നോബിലിയെപ്പോലെ ബ്രാഹ്മണവേഷവും ഭാവവും സ്വീകരിച്ചു മതപ്രചരണവേല നടത്തിവന്നു. വെല്ലൂരിലെ നവാബായ ചണ്ടാസാഹിബു് ഇദ്ദേഹത്തിൻെറ തമിഴഭാഷാപാണ്ഡിത്യത്തെ അഭിനന്ദിച്ചു ഒരു ഉയന്ന ഉദ്യോഗത്തിൽ നിയമിക്കയും തൃശ്ശിനാപ്പള്ളിയിലെ നാലു ഗ്രാമങ്ങൾ ദാനമായി കൊടുക്കയുംചെയ്തു. ഫാദർ ബെസ്കി മധുരമിഷൻെറ അഭ്യുന്നതിക്കുവേണ്ടി അക്ഷീണപരിശ്രമം ചെയ്തുവെങ്കിലും പ്രോട്ടസ്റ്റൻറു മിഷനറിമാർ ട്രാൻകിബാറിൽ ആരംഭിച്ച വേല തടസ്സപ്പെടുത്തുന്നതിനു മടിച്ചില്ല.

എ. ഡി. 1742-ൽ ഫാദർ ബെസ്കി മരിച്ചു. അധിക കാലം കഴിയുന്നതിനു മുമ്പുതന്നെ മധുരമിഷൻെറ അധഃപതനവും ആരംഭിച്ചു. ജസ്യൂട്ട് മിഷനറിമാരുടെ വഞ്ചനസമ്പ്രദായങ്ങൾ പാപ്പാക്കു് ബോധ്യമായപ്പോൾ അവരെ തജ്ജനം ചെയ്കയും, കാലക്രമേണ ജസ്യൂട്ടസമൂഹത്തിനു നൽകിയിരുന്ന ആനുകൂല്യങ്ങൾ പിൻവലിച്ചു അവരുടെ ശക്തി ഹനിപ്പിക്കയുംചെയ്തു. എ. ഡി. 1759-ൽ പോർട്ടുഗലിലെ ജസ്യൂട്ടസംഘം പാപ്പായുടെ നിരോധനാ

ജ്ഞയ്ക്കു വിധേയമായി ശിഥിലീഭവിച്ചതോടെ ഇൻഡ്യയിലെ ജസ്യൂട്ടമിഷനറിമാരും കെട്ടും ഭാണ്ഡവും മുറുക്കി ഈ നാട്ടു വിടേണ്ടിവന്നു.

## 4. റോമാസഭയിലെ ഇതരമിഷനറിസമൂഹങ്ങൾ

ശൌര്യ്യാരും നോബിലിയും ചേൎന്നുനിന്ന മധുരമിഷൻ ജസ്യൂട്ടസമൂഹത്തിൻെറ ഒരു പ്രധാന പ്രവൎത്തനരംഗമായിരുന്നു. എന്നാൽ ജസ്യൂട്ടകാരുടെ വരവിനു മുമ്പുതന്നെ ഫ്രാൻസിസ്കൻ സമൂഹക്കാരും എ. ഡി. 1548 മുതൽ ഡോമിനിക്കൻ സമൂഹക്കാരും ഇൻഡ്യയുടെ പശ്ചിമദക്ഷിണതീരങ്ങളിലുള്ള പോൎട്ടുഗീസ് സങ്കേതങ്ങളായ ഗോവാ, ഡ്യൂയ, ബസീൻ, കൊച്ചി, നാഗപട്ടണം എന്നീ സ്ഥലങ്ങൾ കേന്ദ്രങ്ങളാക്കി മതപ്രചരണവേല ചെയ്തുകൊണ്ടിരുന്നു. 17-ാംശതകത്തിൻെറ ആദ്യത്തെ 30 വൎഷക്കാലം ബംഗാളിൽ ഹൂഗ്ലിപട്ടണം തലസ്ഥാനമാക്കിയിരുന്ന ആഗസ്റ്റിനിയൻ സമൂഹക്കാരുടെ മേൽനോട്ടത്തിൽ ഒറീസ്സാ മുതൽ ചിററാഗോങ്ങുവരെയുള്ള സമുദ്രതീരത്തു പല വലിയ ഇടവകകൾ ഉൾപ്പെട്ടിരുന്നു. പാററ്നായിലും ഫ്രഞ്ചു ചന്ദർനഗരിലും സ്ഥാനമുറപ്പിച്ചിരുന്ന ക്യാപ്പൂസിൻസ് (Capucins) എന്ന ഇററാല്യൻ സന്യാസസമൂഹം എ.ഡി. 1707-ൽ നീപ്പാൾ, ടിബററു് എന്നീ വിദൂരരാജ്യങ്ങളിൽ സുവിശേഷം പ്രസംഗിക്കുന്നതിനു് ഉദ്യമിച്ചുകൊണ്ടിരുന്നു. എ. ഡി. 1580-ൽ മഹാനായ അക്ബർചക്രവൎത്തി ചില ജസ്യൂട്ടമിഷനറിമാരെ കൊട്ടാരത്തിൽ പാൎപ്പിച്ചു അവരിൽനിന്നു ക്രിസ്തുമതതത്വങ്ങൾ ഗ്രഹിച്ചതായി ഇൻഡ്യാചരിത്രം ഘോഷിക്കുന്നു. അക്ബറിനു ഒരു ക്രിസ്ത്യൻ ഭാൎയ്യപോലും ഉണ്ടായിരുന്നതായി പറഞ്ഞിരിക്കുന്നു.

17-ാംശതാബ്ദത്തിൻെറ മദ്ധ്യകാലത്തു പോൎട്ടുഗീസുകാൎക്കും അവരെ ആശ്രയിച്ചുനിന്നിരുന്ന കത്തോലിക്കു് മിഷനറിമാൎക്കും ഉലച്ചിൽ തട്ടിത്തുടങ്ങി. ക്ലെമൻറു് പതിന്നാലാമൻ പാപ്പാ എ. ഡി. 1759-ൽ പോൎട്ടുഗലിൽനിന്നും, 1762-ൽ ഫ്രാൻസിൽനിന്നും, 1773-ൽ മറെറല്ലാ രാജ്യങ്ങളിൽനിന്നും ജസ്യൂട്ടസംഘത്തെ ബഹിഷ്കരിച്ചപ്പോൾ അവരുടെ മിഷനറിവേലയ്ക്കു് മുമ്പൊരിക്കലും ഉ

ണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ഉടവുതട്ടി; കാലാന്തര ത്തിൽ നാമാവശേഷമായിത്തീൎന്നു. എന്നാൽ 19-ാംശതാബ്ദത്തിൽ ജസ്യൂട്ട മിഷനറിപ്രയത്നങ്ങൾ പുനർജ്ജീവിക്കുന്നതിനിടയായി എന്നുള്ളതു സ്മരണീയമാണു്.

## (b) സുറിയാനിക്കാരും റോമാസഭയും തമ്മിലുള്ള സമരം

പുറജാതികളെ ക്രിസ്തുമതത്തിൽ ചേൎക്കുന്നതിനു ശൌര്യാരും നോബിലിയും മററനേക മിഷനറിമാരും പ്രദൎശിപ്പിച്ചിരുന്നതിൽ അധികം തീക്ഷ്ണതയോടും ഭക്തിവൈരാഗ്യത്തോടും കൂടെയാണു മലങ്കരെയുണ്ടായിരുന്ന സുറിയാനിക്കാരെ റോമാസഭയിൽ ചേൎക്കുന്നതിനു പതിനാറും പതിനേഴും ശതാബ്ദങ്ങളിൽ കത്തോലിക്കരായ പോർട്ടുഗീസുകാർ (പറങ്കികൾ) പ്രയത്നിച്ചിട്ടുള്ളതു്. വാസ്കോഡിഗാമാ എ. ഡി. 1498 മെയ് 20-ൽ കോഴിക്കോട്ട് എത്തി. കൊച്ചി, കൊടുങ്ങല്ലൂർ, കൊല്ലം മുതലായ തുറമുഖ പട്ടണങ്ങളിൽ പാൎത്തിരുന്ന നാട്ടുക്രിസ്ത്യാനികളോടു പത്തൻപതു വർഷത്തേക്കു സഖ്യം ഭാവിച്ചിരുന്ന പറങ്കികൾ എ. ഡി. 1550നടുത്തു അവരുടെ കാലു് മലയാളരാജ്യത്തു ഉറച്ചെന്നു കണ്ടപ്പോൾ മാൎഗ്ഗപ്രചരണം സംബന്ധിച്ചുള്ള നയം വ്യത്യാസപ്പെടുത്തിത്തുടങ്ങി. സാമം, ദാനം ഭേദം, ദണ്ഡം എന്ന ചതുരുപായങ്ങൾ സുറിയാനിക്കാരുടെ നേരെ ഒന്നിനു പുറകെ ഒന്നായി അവർ പ്രയോഗിച്ചു. അവരുടെ വിജയത്തിൻെറ രഹസ്യം പ്രധാനമായി അവരുടെ വാളിൻെറയും പണത്തിൻെറയും ശക്തി മാത്രമായിരുന്നുവെന്നു പറയാതിരിപ്പാൻ തരമില്ല.

സുറിയാനിക്കാരെ റോമാസഭയിലേക്കു തിരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടെ എ. ഡി. 1546-ൽ പ്രാൻസിസ്കൻ സമൂഹക്കാർ കൊടുങ്ങല്ലൂരിൽ ഒരു വൈദികാഭ്യസനശാല ഏർപ്പെടുത്തി. ഈ സ്ഥാപനംമൂലമുള്ള വേല വിജയപ്രദമല്ലെന്നു ബോധപ്പെട്ടപ്പോൾ ജസ്യൂട്ടമിഷനറിസമൂഹം എ ഡി. 1587-ൽ വയ്പിക്കോട്ട എന്ന സ്ഥലത്തു സുറിയാനിഭാഷ പഠിപ്പിക്കുന്നതിനും മററുമായി ഒരു കോളജ് സ്ഥാപിച്ചു. 1579-ൽ കൊച്ചിയിൽ ഒരു അച്ചുകൂടം

ഏർപ്പെട്ടത്തി റോമാ വിശ്വാസപ്രചരണം മുറയ്ക്കു നടത്തി ത്തുടങ്ങി. ഒരു മെത്രാസനം 1557-ൽ തന്നെ കൊച്ചിയിൽ അനുവദിച്ചിരുന്നു. ഈ വിദ്യകളൊന്നും സുറിയാനിക്കാരുടെ നേരെ ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ റോമാക്കാരുടെ മട്ടു മാറുകയും ദണ്ഡനനയം തന്നെ മലയാളത്തുള്ള സഭയുടെ നേരെ പ്രയോഗിക്കുന്നതിനു തീരുമാനിക്കയും ചെയ്തു.

ആചാരമര്യാദകളിലും വിശ്വാസോപദേശങ്ങളിലും റോമാക്കാരും സുറിയാനിക്കാരും തമ്മിൽ ഗണ്യമായ വ്യത്യാസം ഉണ്ടായിരുന്നുവെന്നു വിചാരിക്കാവുന്നതാണ്. സുറിയാനിക്കാരുടെ വേദപുസ്തകം തന്നെ റോമാക്കാരുടെ ലത്തീൻ ബൈബിളിൽനിന്നു വ്യത്യാസപ്പെട്ട ഒന്നായിരുന്നു. റോമാക്കാരെപ്പോലെ പരിശുദ്ധന്മാരെ വന്ദിക്ക, പട്ടക്കാരോടു പാപം ഏററുപറയുക, സ്ഥിരീകരണം, (Confirmation), അന്ത്യകൂദാശ (Extreme Unction) സന്യാസവ്രതം, പട്ടക്കാർ വിവാഹം കഴിക്കരുതെന്നുള്ള നിർബന്ധം ആദിയായവ സുറിയാനിക്കാരുടെ ഇടയിൽ നടപ്പില്ലായിരുന്നു. റോമാസഭ ശീശ്മക്കാരായി ഗണിച്ചിരുന്ന സുറിയാനിക്കാരെ ഏതുവിധത്തിലെങ്കിലും സത്യസഭയിലേക്കു കൊണ്ടുവരണമെന്നുദ്ദേശിച്ചു പ്രവർത്തിച്ച റോമാമിഷനറിമാരുടെ പ്രയത്നങ്ങളെ അഭിനന്ദിക്കയൊ അപലപിക്കയൊ ഏതാണു ചെയ്യേണ്ടതെന്നു വായനക്കാർ വിധിക്കട്ടെ.

ആവശ്യപ്പെട്ടാൽ ബലം പ്രയോഗിച്ചു സുറിയാനിക്കാരെ റോമൻകത്തോലിക്കരാക്കുന്നതിനുള്ള അധികാരം പാപ്പായായ ക്ലെമൻറു് എട്ടാമനിൽനിന്നു വാങ്ങി, ഗോവായിലെ ആർച്ചുബിഷോപ്പായും, ഇൻഡ്യയുടെ മെത്രാപ്പോലീത്തായായും, നിയമിക്കപ്പെട്ട ഊർജ്ജസ്വലനും, ചാണക്യബുദ്ധിയും, ധീരപുരുഷനുമായ അലക്സിയോ ഡി മെനസീസു് എ. ഡി 1599 ജനുവരിമാസം 26-ാം തീയതി കൊച്ചിയിൽ വന്നുചേന്നു. ഇദ്ദേഹത്തിൻെറ സ്വഭാവത്തെക്കുറിച്ചു ഒരു അക്രൈസ്തവ ചരിത്രകാരനായ മിസ്റ്റർ കെ. എം. പണിക്കർ ബി എ. (ഓക്സൻ) 'മലങ്കരയും പോ

... AYAM ... KOTTAYAM ...

ത്തുഗീസുകാരും' എന്ന പുസ്തകത്തിൽ കൊടുത്തിരിക്കുന്ന അഭിപ്രായം ശ്രദ്ധേയമാണ്. മിസ്റ്റർ പണിക്കർ എഴുതിയിരിക്കുന്നതിൽനിന്നു രണ്ടു വാചകങ്ങൾ തർജ്ജമചെയ്തു താഴെ ഉദ്ധരിച്ചുകൊള്ളുന്നു:—

'രാഷ്ട്രീയമായും സഭാസംബന്ധമായും വലിയ കാര്യങ്ങൾ സാധിക്കുന്നതിനു എല്ലാവിധത്തിലും പററിയ ഒരു ഏജൻറിനെയാണ് ഗോവായിലെ ആർച്ചുബിഷോപ്പായ അലക്സിയോ ഡി മെനസീസിൽ റോമാസഭയ്ക്കു ലഭിച്ചതു്. ഒരു ഉയന്ന പ്രഭുകുടുംബത്തിൽ ജാതനാകുകയും രാജാക്കന്മാരോടു സംബന്ധപ്പെട്ടിരിക്കയും ചെയ്തതുനിമിത്തം ഗവമ്മെൻറുകളെ ആവശ്യപ്പെട്ടപ്പോൾ വെല്ലുവിളിക്കുന്നതിനും, തരംപോലെ അവയുടെ ശക്തി ഉപയോഗപ്പെടുത്തുന്നതിനും പ്രാപ്തിയുള്ളവനും, നയവും ബലവും യഥാവിധി ഉപയോഗിക്കുന്നതിനു പരിശീലിച്ചിരുന്നവനും, ആയ ഡി മെനസീസ്, ഹിൽഡിബ്രാണ്ടു് മുതൽ അൻറോണിലി വരെ റോമാസഭയിൽ കണ്ടുവരാറുള്ള പുരോഹിതരാഷ്ട്രീയതന്ത്രജ്ഞന്മാരുടെ ഒരു നല്ല മാതൃകയായിരുന്നു.'

ഈ സമയത്തു സുറിയാനിക്കാരുടെ നായകൻ ഗീവറുഗീസ് അക്കദിയാക്കോൻ എന്ന ദേഹമായിരുന്നു. സുറിയാനിക്കാർ പൊതുവെ മെനസീസിനോടു ധീരധീരം പോരാടുന്നതിനു തീരുമാനിച്ചു. അങ്കമാലിയിൽവച്ചു കൂടിയ ഒരു സുന്നഹദോസിൽ റോമാസഭയുടെ ഉപദേശങ്ങൾ സ്വീകരിക്കയൊ, പാപ്പായുടെ അധികാരം സമ്മതിച്ചുകൊടുക്കയൊ ചെയ്യുന്നതല്ലെന്നു സുറിയാനിസഭ ഐകകണ്ഠ്യേന ഒരു തീരുമാനം പാസ്സാക്കി. മെനസീസ് ഇതൊട്ടും വകവച്ചില്ല. കൊച്ചിയിലെ രാജാവിനെ ഭീഷണിനിമിത്തം തൻെറ വശത്താക്കി, ഗീവറുഗീസ് അക്കദിയാക്കോനെ അറസ്റ്റ്ചെയ്യുന്നതിനു ഇദ്ദേഹം രാജാവിനെക്കൊണ്ടു കല്പന പുറപ്പെടുവിച്ചു. അതിൻെറശേഷം രാജാവിൻെറ അനുവാദം വാങ്ങി, പള്ളികൾതോറും സഞ്ചരിച്ചു്, സമ്മാനങ്ങൾ, വശീകരണവാക്കുകൾ, ഭീഷണി എന്നീ വിദ്യകൾ യഥാവസരം പ്രയോഗിച്ചു ഒട്ടുവളരെ പട്ടക്കാരെയും ജനങ്ങളെയും റോമാപക്ഷത്താക്കി,

1599-ന് കൊല്ലവർഷം 774 മിഥുനം 21-ാംതീയതി അല്ലേശ് പറുങ്കിമെത്രാനും അക്ദെിയാക്കോനുംകൂടെ ചരിത്രപ്രസിദ്ധമായ ഉദിയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടി. 153 കത്തനാരന്മാരും 660 അത്മായപ്രതിപുരുഷന്മാരും ഹാജരുണ്ടായിരുന്നു. മെനസീസിൻെറ ഇഷ്ടം അനുസരിച്ച് സുന്നഹദോസ് തുള്ളി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. സുറിയാനിസഭയുടെ ഉപദേശങ്ങളും ആചാരങ്ങളും റോമാസമ്പ്രദായത്തിലാക്കി പാപ്പായുടെ നുകം മലങ്കരസഭയുടെ കഴുത്തിൽ പറുങ്കിമെത്രാൻ കെട്ടിവച്ചു. ഉദിയംപേരൂർ സുന്നഹദോസിൻെറ ചരിത്രം മിസ്റ്റർ ഇ. എം. പീലിപ്പോസിൻെറ മുൻഉദ്ധരിച്ച പുസ്തക (12-ാം അദ്ധ്യായം) ത്തിലും മിസ്റ്റർ കെ. എൻ. ഡാനിയേലിൻെറ 'മലങ്കര സഭാചരിത്രവും ഉപദേശങ്ങളും' എന്ന ഗ്രന്ഥത്തിലും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഇട്ടൂപ്പൂറൈട്ടരുടെ സഭാചരിത്രം വായിച്ചാലും റോമാക്കാരുടെ മതപ്രചരണസമ്പ്രദായങ്ങളെക്കുറിച്ചു ഏകദേശമായ ഒരു ജ്ഞാനം ലഭിക്കുന്നതാണ്. സുറിയാനിസഭയുടെ വിലതീരാത്ത അനേക പുരാതന റിക്കാർട്ടുകളും ചരിത്രഗ്രന്ഥങ്ങളും തക്സാകളും തീയിലിട്ടു ദഹിപ്പിക്കയും, അല്ലെങ്കിൽ റോമായുപദേശം കുത്തിച്ചെലുത്തി തിരുത്തുകയും, മലങ്കര ക്രിസ്ത്യാനികളെ വാളിൻെറ ബലത്താൽ റോമാസഭാംഗങ്ങളാക്കിത്തീക്കയും ചെയ്ത പാതകം റോമാസഭയുടെ മിഷനറിവേലയുടെ വൃത്താന്തത്തിൽ മായാത്ത ഒരു കളങ്കമായി സ്ഥിതി ചെയ്യുന്നതാണ്.

ഉദിയംപേരൂർ സുന്നഹദോസിൽവച്ച് കരഗതമായ വിജയലക്ഷ്മി റോമാസഭയിൽ ഏറെനാൾ വാണില്ല. അൻപത്തിനാലു സംവത്സരക്കാലം മലങ്കരസഭ റോമാമെത്രാന്മാരുടെ ഭരണത്തിലിരുന്നുവെന്നു പറയാം. യൂറോപ്പിലെ വേറൊരു ശക്തിയായ ഡച്ചുകാർ എ. ഡി. 1661-ൽ കൊല്ലം പട്ടണവും കൊടുങ്ങല്ലൂരും 1663-ൽ കൊച്ചിയും പോർട്ടുഗീസുകാരിൽനിന്നു് പിടിച്ചെടുത്തതോടുകൂടെ മലങ്കരസഭയിൽ റോമൻകത്തോലിക്കരുടെ ശക്തി ക്ഷയിക്കയും സഭയുടെ സ്വാതന്ത്ര്യമാകുന്ന അരുണോദയരശ്മികൾ

അവിടവിടെയായി കണ്ടു തുടങ്ങുകയും ചെയ്തു. ഡച്ചുകാർ പ്രോട്ടസ്റ്റൻറുമതാനുസാരികളായിരുന്നുവെന്നും തന്നിമിത്തം പോർട്ടുഗീസുകാരുടെ ബദ്ധവൈരികളായിരുന്നുവെന്നും ഓർക്കേണ്ടതാണ്.

ഇതിനിടയിൽ (എ. ഡി. 1653-ൽ) നെസ്തോറിയൻ പാത്രിയർക്കീസ് മലങ്കര മെത്രാനായി വാഴിച്ച് അയച്ചിരുന്ന ഒരാളിനെ പറുങ്കികൾ പിടിച്ചു ഗോവായിൽ കൊണ്ടുപോയി അവിടെവച്ചു ദഹിപ്പിച്ചു എന്നുള്ള വർത്തമാനം നാട്ടിൽ പരന്നതോടുകൂടെ വാശിമുഴുത്ത് എന്തുവന്നാലും പറുങ്കികളോട്ട് എതിർക്കുന്നതിനും സുറിയാനിസഭയെ അവരുടെ നുകത്തിൽനിന്നു വിടുവിക്കുന്നതിനും മലങ്കരെയുള്ള ക്രിസ്ത്യാനികൾ നിശ്ചയിച്ചു. അതിൻെറ ഫലം കൂനൻകുരിശിങ്കലെ സത്യപ്രതിജ്ഞ ആയിരുന്നു. ഇട്ടൂപ്പുറൈട്ടരുടെ പഴയ മലയാളത്തിൽ ഈ സംഭവത്തിൻെറ ചരിത്രം വായിക്കുമ്പോൾ സമുദായബോധവും സ്വാതന്ത്ര്യേച്ഛയും ഉള്ള യാതൊരുവനും രോമാഞ്ചം കൊള്ളാതിരിക്കയില്ല.

'ഇതൊക്കെയും കണ്ടു ബോധിച്ചാറെ കൂടപ്പെട്ട സുറിയാനിക്കാർ അശേഷവും മട്ടാഞ്ചെരിപള്ളിയിലും കമ്പൊളത്തിലുമായി സ്വരുവിച്ചുകൂടി ശുദ്ധ. പാത്രിയർക്കീസിനെയും ഒട്ടും സംശയവും ദൈവഭയവുംകൂടാതെ അറുകുല ചെയ്തു എന്ന ഈ പറങ്കികളൊടു ഇനി നാം ചേരരുതെന്നും നമ്മുടെ അനന്തരവരകാലത്തിലും ഇവരുമായി ഇനി ചെർച്ചയും ഉപവവിയും വെണ്ടാ എന്നും അപ്പൊൾ റൊമ്മാ വഴക്കം പ്രാൻസീസ്സുമെത്രാനെ ഒരു നാളും യജമാനൻ എന്നു വിചാരിക്കുന്നതല്ലെന്നും മെലിൽ ഇവരുടെ മെല്പട്ടക്കാരെ ആരെയും അനുസരിക്കുന്നതല്ലെന്നും മാർ ഇഗ്നാത്യൊസപാത്രിയർക്കീസബാവായുടെ സ്താത്തിക്കൊൻപ്രകാരം തൊമ്മാഅർക്കദെയാക്കൊയെ എപ്പിസ്ക്കോപ്പാസ്ഥാനത്തിൽ വാഴിച്ച നമ്മുടെ പുരാതനമായും കറകൂടാതെയുമുള്ള ക്രമങ്ങൾപ്രകാരം നടക്കണമെന്നും നിശ്ചയിച്ച ആ വിവരത്തിന ഒരു പടിയൊലയും എഴുതി പിടിച്ചുകൊണ്ടു എല്ലാവരുംകൂടെ ഏകമനസ്സൊടും ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടും മെലെഴുതിയ (1653 എ. ഡി.) ആണ്ടു മകരമാ

സം 3-ാംതീയതി വെള്ളിയാഴ്ചനാൾ മട്ടാഞ്ചെരിയിൽ കൂനൻകുരിശിങ്കൽ വല്യതിൽ ഒരു ആലാത്തുകെട്ടി കമ്പെളത്തിൽ ഇരുപുറത്തൊട്ടും നീട്ടി കൂടപ്പെട്ട ജനങ്ങൾ അത്രപെരും (25000) ംരം കയറുമ്മെൽ പിടിച്ചുകൊണ്ട ഒന്നായിട്ടും ഏകസ്വരത്തോട്ടുംകൂടി മേൽപ്രകാരം വാചകം പറഞ്ഞു സത്യം ചെയ്തു പിരിഞ്ഞു.' (പുറ. 116).

ഉദിയംപേരൂർ സുന്നഹദോസിൽവച്ച് ലജ്ജാകരമായ വിധത്തിൽ നഷ്ടപ്പെട്ട ജന്മാവകാശം സുറിയാനിസഭ വീണ്ടെടുത്തതു് കൂനൻകുരിശിങ്കലെ പ്രതിജ്ഞമൂലമാണ്. പൂർവ്വികന്മാർ ചെയ്ത ഈ സത്യത്തിൻെറ സ്മരണ സുറിയാനിക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽനിന്നു വേഗം മാഞ്ഞുപോകുമെന്നു വിചാരിക്കുന്നതിനു നിവൃത്തിയില്ല.

ഡച്ചുകാരുടെ കാലമെന്നു വിളിക്കപ്പെടാവുന്ന എ. ഡി. 1663 മുതൽ 1795 വരെയുള്ള കാലഘട്ടത്തിൽ മലങ്കരയുള്ള റോമാസഭയുടെ ചരിത്രംകൂടെ ചുരുക്കമായി പരിശോധിക്കാം:— കേരളം ഡച്ചുകാർ കരസ്ഥമാക്കിയതോടുകൂടെ പറങ്കികൾ ആസകലം രാജ്യം വിട്ടു പൊയ്ക്കൊള്ളണമെന്നു ഗവർണർ ആജ്ഞാപിച്ചതുനിമിത്തം കെട്ടുംഭാണ്ഡവുമായി സകല പറങ്കി മിഷനറിമാരും സ്ഥലം വിടുന്നതിനിടയായി. കുറേക്കാലം കഴിഞ്ഞശേഷം കർമ്മലീത്തർ എന്ന സന്യാസസമൂഹം മാത്രം എങ്ങനെയോ ഗവർമ്മെൻറിൻെറ പ്രീതി സമ്പാദിച്ചു വരാപ്പുഴ എന്ന സ്ഥലത്തു താമസിച്ചുകൊണ്ടു വേലചെയ്തുവന്നു. ക്രാലക്രമേണ ഒരിക്കൽ ബഹിഷ്കരിക്കപ്പെട്ട ജസ്യൂട്ടുസമൂഹക്കാരും വീണ്ടും മലങ്കര എത്തി അമ്പലക്കാട്ടു ഒരു സിമ്മനാരി സ്ഥാപിച്ച് കർമ്മലീത്തരുമായി മലങ്കരസഭയിലെ അവകാശങ്ങൾക്കായി പിടിച്ചു പിണക്കം തുടങ്ങി. എഴുപത്തഞ്ചു വർഷക്കാലത്തോളം ഈ മത്സരം നടന്നുകൊണ്ടിരുന്നു. ഒടുവിൽ പാപ്പായുടെ ആജ്ഞയാൽ ജസ്യൂട്ടുകാർ സ്ഥലം വിടേണ്ടിവന്നു. കർമ്മലീത്ത സന്യാസിമാർ ഇന്നും കേരളത്തിൽ പല സ്ഥലങ്ങളിലും സ്ഥാനം ഉറപ്പിച്ചിട്ടുണ്ടു്. വിദ്യാഭ്യാസസംബന്ധമായും ആദ്ധ്യാത്മികവിഷയമായും പ്രസ്തുത സമൂഹക്കാർ അഭിനന്ദനീയമായ പല സ്ഥാപനകൾ ഏർപ്പെ

ട്ടത്തി നടത്തിവരുന്നു. റോമാസഭാംഗങ്ങളായ കേരളീയർ തങ്ങ്ലാ ഭാഷ അനുസരിച്ചു ലത്തീൻകാരെന്നും, സുറിയാനിക്കാരെന്നും രണ്ടായി പിരിഞ്ഞു. ഇരുകൂട്ടർക്കും പ്രത്യേകം പ്രത്യേകം മെത്രാന്മാരും പള്ളികളും ഭരണസമ്പ്രദായങ്ങളും മലയാളദേശത്തിൻെറ നാനാഭാഗത്തും ഇപ്പോഴും ഉണ്ടു്.

കൂനൻകുരിശിങ്കലെ സത്യം മുതൽ 150 വർഷത്തേക്കുള്ള സുറിയാനിസഭയുടെ ചരിത്രവും പല കാരണങ്ങളാൽ നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ട ഒന്നാണു്. ഈ കാലത്താണു യാക്കോബായവിശ്വാസം, അതായതു്, നമ്മുടെ കർത്താവിനെക്കുറിച്ചുള്ള ഏകസ്വഭാവവിശ്വാസം മലങ്കരെ പ്രബലപ്പെട്ടുന്നതിനിടയായതു്. ഇതിൻെറ സന്ദർഭം താഴെ വിവരിച്ചുകൊള്ളുന്നു:— ഗീവറുഗീസ് അർക്കദിയാക്കോൻെറ പിൻഗാമിയായ തോമാ അർക്കദിയാക്കോൻ ആയിരുന്നല്ലോ കൂനൻകുരിശിങ്കലെ സത്യത്തിങ്കൽ സുറിയാനിസഭയുടെ പ്രധാന നായകത്വം വഹിച്ചിരുന്നതു്. ഇദ്ദേഹം കുറവെലങ്ങാട്ടുള്ള പ്രസിദ്ധ പകലോമററം കുടുംബത്തിലെ ഒരംഗമായിരുന്നു. മട്ടാഞ്ചേരിയിൽ കൂടിയവർ എല്ലാവരുംകൂടെ ആലെങ്ങാട്ടുപള്ളിയിൽ ചെന്നു പന്ത്രണ്ടു പട്ടക്കാർ ഒന്നിച്ചുചേർന്നു തോമ്മാ അർക്കദിയാക്കോനെ മെത്രനായി വാഴിച്ചു. ഇദ്ദേഹം മാർത്തോമ്മാ (ഒന്നാമൻ) എന്ന പേരിനാൽ അറിയപ്പെട്ടുന്നു. എന്നാൽ ഇതു പാത്രിയർക്കീസിൻെറയോ, ഇതരമെത്രാന്മാരുടെയോ കൈവയ്പു് കൂടാതെയുള്ള ഒരു അഭിഷേകമായിരുന്നു. അതിനാൽ മാർഗ്രീഗോറിയോസ് എന്ന പേരിൽ ഒരു പരദേശമെത്രാൻ മലങ്കരെ വന്നപ്പോൾ അദ്ദേഹത്തിൽനിന്നു മാർ തോമ്മാ മെത്രാൻ കൈവയ്പു് സ്വീകരിച്ചു. മാർ ഗ്രീഗോറിയോസ് യാക്കോബു്ബുർദാനായുടെ വിശ്വാസം സ്വീകരിച്ചിരുന്ന സഭയുടെ അംഗമായിരുന്നതിനാൽ അദ്ദേഹത്തിൻെറ കൈവയ്പുമൂലം മലങ്കരസഭ യാക്കോബ്യവിശ്വാസം സ്വീകരിച്ച ഒരു സഭയായി ഗണിക്കപ്പെട്ടുന്നതിനിടയായി.

എ. ഡി. 1653 മുതൽ 1877 വരെ മലങ്കരസഭയിൽ ഭരിച്ചിരുന്ന മെത്രാന്മാരുടെ ഒരു പട്ടിക താഴെ ചേർത്തുകൊള്ളുന്നു:—

| പേരു് | ഭരണകാലം | | |
|---|---|---|---|
| | സ്ഥാനാരോഹണവർഷം | | മരണവർഷം |
| 1-ാം മാർത്തോമ്മ | 1653 | — | 1685 |
| 2-ാം ” | 1685 | — | 1686 |
| 3-ാം ” | 1686 | — | 1688 |
| 4-ാം ” | 1688 | — | 1728 |
| 5-ാം ” | 1728 | — | 1765 |
| 6-ാം ” | 1765 | — | 1808 |
| 7-ാം ” | 1808 | — | 1809 |
| 8-ാം ” | 1809 | — | 1816 |
| 9-ാം ” | 1816 | — | 1817 |
| പുലിക്കോട്ടുമാർദീവന്ന്യാസ്യോസ് | 1817 | — | 1818 |
| പുന്നത്ര മാർദീവന്ന്യാസ്യോസ് | 1818 | — | 1827 |
| ചേപ്പാട്ടു മാർദീവന്നാസ്യോസ് | 1827 | — | 1852 |
| മാത്യൂസ് മാർഅത്തനാസ്യോസ് | 1852 | — | 1877 |

ഇവരിൽ മാത്യൂസ് മാർ അത്താനാസ്യോസ് യാക്കോബായ പാത്രിയക്കീസിൽനിന്നു നേരിട്ടും, ചിലർ പരദേശമെത്രാന്മാരിൽനിന്നും ഭൂരിപക്ഷം തങ്ങളുടെ മുൻഗാമികളിൽനിന്നും കൈവയ്പു് സ്വീകരിച്ചു അഭിഷേകം ചെയ്യപ്പെട്ടിട്ടുള്ളവരാണു്. എന്നാൽ ഒന്നാംമാർത്തോമ്മായുടെ കാലംമുതൽ ആറാം മാർത്തോമ്മാ ആയ വലിയ മാർ ദീവന്ന്യാസ്യോസിൻെറ കാലംവരെയുള്ള മെത്രാന്മാരുടെ അഭിഷേകം സംബന്ധിച്ചു പല ന്യൂനതകൾ ഉണ്ടായിരുന്നതു നിമിത്തം അപ്പൊസ്തലിക പിന്തുടർച്ചാവകാശം നഷ്ടപ്പെട്ടുപോയി എന്നു വാദിക്കുന്നവരും ഇല്ലാതില്ല. ഈ കൂട്ടത്തിലുൾപ്പെട്ട ഒരു ചരിത്രകാരനാണു പ്രൊഫസർ മിൽനി റേ.

പതിനഞ്ചുമുതൽ പതിനെട്ടുവരെയുള്ള ശതാബ്ദങ്ങളിലെ ചരിത്രം മാത്രം തൽക്കാലം നമ്മുടെ പ്രതിപാദ്യവിഷയമായിരിക്കുന്നതിനാൽ ആ കാലപരിധിയിൽപെട്ട ഒരു പ്രധാന മെത്രാൻെറ ഭരണകാലത്തെ ചില സംഭവ

ങ്ങൾ മാത്രം രേഖപ്പെടുത്തിക്കൊണ്ടു ഈ ഭാഗം അവസാനിപ്പിക്കാം. വലിയ മാർ ദീവന്ന്യാസ്യോസ് എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്ന ആറാംമാർത്തോമ്മാ പകലോമററം തറവാട്ടിലെ മെത്രാന്മാരിൽവച്ചു കാൎയ്യശേഷികൊണ്ടും സ്വഭാവനൈർമ്മല്യംകൊണ്ടും അദ്വിതീയനായി ഗണിക്കപ്പെടാവുന്ന ഒരാളാണു്. ഇദ്ദേഹത്തിൻെറ കാലത്താണു ക്ലോഡിയസ്ബ്യുക്കാനാൻ എന്ന പ്രസിദ്ധ ആംഗ്ലിക്കൻ ചാപ്ളേൻ മലബാർ സന്ദർശിച്ചതും മെത്രാപ്പോലീത്തായുടെ സഹായത്തോടുകൂടെ മലയാളത്തിൽ തൎജ്ജിമ ചെയ്യപ്പെട്ട നാലു സുവിശേഷങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതും എന്നുള്ളതു പ്രസ്താവയോഗ്യമാണു്. മാർ ദീവന്ന്യാസ്യോസിൻെറ കാലത്തു നടന്ന വേറൊരു പ്രധാന സംഭവം 'ധർമ്മകാൎയ്യങ്ങൾക്കു' വിനിയോഗിക്കുന്നതിനു വേണ്ടി 10,500 രൂപാ വില വരുന്നതായ മൂവായിരം പൂവരാഹൻ ബ്രിട്ടീഷ് റസിഡണ്ടു് കൎണ്ണൽമക്കോളിയുടെ ഉത്സാഹഫലമായി മദ്രാസ് ഗവൺമെൻറു ഖജനാവിൽ വട്ടിക്കിട്ടതായിരുന്നു. ഈ നിക്ഷേപമാണു് വട്ടിപ്പണമെന്ന പേരിൽ അടുത്ത കാലത്തു സുപരിചിതമായിട്ടുള്ളതു്. തോഴിയൂർ ഇടവകയുടെ ഉത്ഭവവും വലിയ മാർ ദീവന്നാസ്യോസിൻെറ കാലത്താണു്. വിശ്വാസാചാരങ്ങളിൽ യാക്കോബായ സഭയോടും കൈവെപ്പു്, സ്വതന്ത്രഭരണം ആദിയായ സംഗതികളിൽ മാർത്തോമ്മാസഭയോടും ബന്ധിച്ചു നിൽക്കുന്നതും ബ്രിട്ടീഷ് മലബാറിൽ അഞ്ഞൂർ എന്ന ഗ്രാമത്തിലും സമീപസ്ഥലങ്ങളിലും സ്ഥിതിചെയ്യുന്നതും ആയ ഒരു ചെറിയ സഭയാണു് തോഴിയൂർസഭ.

പത്തൊൻപതാംശതാബ്ദത്തിൻെറ ആരംഭത്തോടുകൂടെ ലത്തീൻകാരും റോമാസുറിയാനിക്കാരുമായി മലബാറിൽ 80,000 സഭാംഗങ്ങൾ ഉണ്ടായിരുന്നുവെന്നു ആംഗ്ലിക്കൻ ബിഷോപ്പായ മിഡിൽററൻ ബിഷോപ്പും യാക്കോബായ സുറിയാനിക്കാരായി 70,000 ജനങ്ങൾ ഉണ്ടായിരുന്നുവെന്നു മിഷനറിയായ ഫെൻ അവർകളും പ്രസ്താവിച്ചു കാണുന്നു. സുറിയാനിസഭയുടെ പത്തൊൻപതാംശതാബ്ദത്തിലെ ചരിത്രം വേറൊരു ഭാഗത്തു തുടൎന്നുകൊള്ളാം:

## 3. ആധുനികകാലം

### A. പ്രോട്ടസ്റ്റൻറു സുവിശേഷയത്നങ്ങൾ

വിദേശമിഷനറിപ്രയത്നം സംബന്ധിച്ചിടത്തോളം പ്രോട്ടസ്റ്റൻറുസഭകളെ ലജ്ജിപ്പിക്കത്തക്ക വിധത്തിലുള്ള തീക്ഷ്ണതയും താല്പയ്യവും റോമൻകത്തോലിക്കർ പ്രദർശിപ്പിച്ചിട്ടുള്ളതായി നാം കണ്ടുവല്ലോ. നവീകരണകാലത്തു പ്രോട്ടസ്റ്റൻറുസഭകൾ സുവിശേഷവേലയിൽ അന്യാദൃശമായ പ്രതിപത്തി പ്രത്യക്ഷപ്പെടുത്തിയിരുന്നു. എന്നാൽ അതു കേവലം ആരംഭശൂരത്വമായി പരിണമിച്ചു. പതിനേഴും പതിനെട്ടും ശതാബ്ദങ്ങളിൽ ഇംഗ്ലണ്ടിലും പല പാശ്ചാത്യരാജ്യങ്ങളിലും സഭയ്ക്കു ഒരു ഭയങ്കരമായ ആത്മികമാന്ദ്യം ബാധിച്ചിരുന്നു. ഈ ഗാഢനിദ്രയിൽനിന്നു ഇംഗ്ലണ്ടിലെ സഭകളെ തട്ടിയുണർത്തി സുവിശേഷഘോഷണത്തെക്കുറിച്ചുള്ള ഒരു പുതിയ ബോധം നൽകിയതു വെസ്ലിയുടെ കാലത്തു് ആരംഭിച്ച ആത്മികയുണർവ്വാണു് (Evangelical Revival). പതിനെട്ടാംശതാബ്ദത്തിൽ സുവിശേഷവേലയെക്കുറിച്ചു പാശ്ചാത്യസഭകൾ സ്വീകരിച്ചിരുന്ന നയം എ. ഡി. 1796-ൽ ചർച്ച് ഓഫ് സ്കോട്ട്ലണ്ടിൻെറ ജനറൽ അസംബ്ളി പാസ്സാക്കിയ ഒരു തീരുമാനത്തിൽനിന്നു സ്പഷ്ടമാകുന്നതാണു്. അതു ഒരു ദൃഷ്ടാന്തമായി താഴെ ചേർത്തുകൊള്ളുന്നു. 'സ്വദേശത്തുള്ള ഒററ ക്രിസ്ത്യാനിയെങ്കിലും മാർഗ്ഗസംബന്ധമായ അറിവില്ലാതിരിക്കുന്ന കാലത്തോളം അപരിഷ്കൃതരും പുറജാതികളും ആയ ജനങ്ങളുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നതു അത്യന്തം സാഹസമായി ഞങ്ങൾക്കു തോന്നുന്നു.' ദൈവകൃപയാലും പല ഭക്തന്മാരുടെ പരിശ്രമത്താലും പതിനെട്ടാം ശതാബ്ദത്തിൻെറ അവസാനകാലത്തോടുകൂടെ ഈ വിധത്തിലുള്ള അഭിപ്രായങ്ങൾ സഭയിൽനിന്നു മാറി സുവിശേഷപ്രയത്നത്തിനായി ഒട്ടുവളരെ സമൂഹങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽ സ്ഥാപിക്കപ്പെട്ടു. തന്നിമിത്തം പത്തൊൻപതാം ശതാബ്ദത്തെ സുവിശേഷപ്രയത്നത്തിൻെറ കാലമായി ചരിത്രകാരന്മാർ ഗണിച്ചുവരുന്നു. ഈ സമയത്തു സ്ഥാപിച്ചിട്ടുള്ള സമൂഹങ്ങളുടെ പ്രവൃത്തി

പദ്ധതി സവിസ്തരം പ്രതിപാദിക്കുന്നതിനു തൽക്കാലം നിവൃത്തിയില്ലായ്കയാൽ അവയുടെ പേരുകൾ മാത്രം ചുവടെ ചേർത്തുകൊണ്ടു്, ഇൻഡ്യാമഹാരാജ്യത്തു സുവിശേഷവേല ആരംഭിച്ച ചുരുക്കം ചില സ്ഥാപനകളുടെ ചരിത്രത്തിലേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

| സമൂഹം | സ്ഥാപനകാലം എ. ഡി |
|---|---|
| 1. ന്യൂഇംഗ്ലണ്ടിൽ (അമേരിക്ക) സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള സമൂഹം (S. P. C. K.) | 1649. |
| | 1698. |
| 2. വിദേശങ്ങളിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള സമൂഹം (എസ്സ്. പി. ജി.) | 1701. |
| 3. ഡേനിഷ് (Danish) മിഷൻ. | 1705. |
| 4. ബാപ്‌റ്ററിസ്റ്റ് മിഷനറി സൊസൈററി. | 1792. |
| 5. ലണ്ടൻ മിഷനറി സൊസൈററി. | 1795. |
| 6. ചർച്ച് മിഷനറി സൊസൈററി. | 1799. |
| 7. അമേരിക്കൻ ബോർഡ് ഓഫ് ഫോറിൻ മിഷൻസ് | 1810. |
| 8. അമേരിക്കൻ ബാപ്‌റ്ററിസ്റ്റ് മിഷനറി യൂണിയൻ | 1814. |
| 9. വെസ്ലിയൻ മിഷനറി സമൂഹം. | 1813. |
| 10. ചർച്ച്ഓഫ് സ്കോട്ട്ലണ്ടു് മിഷൻബോർഡ് | 1825. |
| 11. ബാസൽ ഇവാൻജലിക്കൽ മിഷനറി സൊസൈററി. | 1821. |
| 12. ഡാനിഷ്(Danish)മിഷനറി സൊസൈററി. | 1821. |
| 13. ബെർലിൻ മിഷനറി സൊസൈററി. | 1824. |
| 14. പാരീസ് മിഷനറി സൊസൈററി. | 1824. |
| 15. ബൈബിൾ സൊസൈററി. | 1804. |
| 16. ചർച്ച് ഓഫ് ഇംഗ്ലണ്ടു് സെനാനാ മിഷൻ (C. E. Z. M.) | 1880. |
| 17. ചൈനാ ഉൾനാട്ട (Inland) മിഷൻ. | 1865. |

## 1. ഡേനിഷ് മിഷൻ

തെക്കെഇൻഡ്യയിൽ തഞ്ചാവൂർ താലൂക്കിൽ കടൽതീരത്തായി സ്ഥിതിചെയ്യുന്ന തരംഗംപാടി എന്നൊരു ചെറിയ പട്ടണമുണ്ട്. ജനസംഖ്യകൊണ്ടോ, കച്ചവടസൌകര്യങ്ങൾ കൊണ്ടോ, പരിഷ്കാരാഭിവൃദ്ധി നിമിത്തമോ ഇപ്പോൾ മനുഷ്യരുടെ ശ്രദ്ധയെ ആകർഷിക്കുന്ന ഒരു സ്ഥലമല്ല അതു്. ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന ഒരു കോട്ടയും കുറെ കെട്ടിടങ്ങളും ശൂന്യമായി കിടക്കുന്ന സ്ഥലങ്ങളും മാത്രമാണു് ഒരു സന്ദർശകനു് അവിടെ കാണായ് വരുന്നതു്. പ്രസ്തുത പട്ടണത്തിൻെറ തൽക്കാലസ്ഥിതി ഇങ്ങനെ ഇരുന്നാലും ഇൻഡ്യയിലെ ക്രിസ്തീയസഭാചരിത്രത്തിൽ ഈ ചെറിയ പട്ടണത്തിൻെറ സ്ഥാനം അദ്വിതീയമാണു്. അതിൻെറ കാരണം അറിയണമെങ്കിൽ, അവിടെ കടൽതീരത്തായി സ്ഥാപിക്കപ്പെട്ടിരുന്ന ഒരു സ്മാരകസ്തംഭത്തിൽ എഴുതിയിരിക്കുന്നതു വായിച്ചുനോക്കിയാൽ മതി. "ഇവിടെയാണു 1706 ജൂലായിമാസം ഒൻപതാംതീയതി ഇൻഡ്യയിലെ ഒന്നാമത്തെ പ്രോട്ടസ്റ്റൻറുമിഷനറിമാരായ ബാത്തലോമിയസ് സീഗൻബാൾഗും ഹൈൻറിക്കു് പ്ളൂഷോയും കരസ്ക്കിറങ്ങിയതു്." അതെ, തരംഗംപാടി പ്രോട്ടസ്റ്റൻറു സുവിശേഷയത്നത്തിൻെറ ജന്മസ്ഥലമാകയാൽ, ഇൻഡ്യയിലെ ക്രിസ്തീയസഭയ്ക്കു അതൊരു പുണ്യസ്ഥലം ആയിത്തീന്നിരിക്കുന്നു.

ഡൻമാക്കിലെ രാജാവായ ഫ്രഡറിക്കു് നാലാമൻ അശോകചക്രവത്തിയെപ്പോലെ മതപ്രചരണത്തിൽ താല്പര്യമുള്ള ഒരാളായിരുന്നു. ഇദ്ദേഹത്തിൻെറ ശ്രമഫലമായിട്ടത്രെ, തൻെറ കീഴിലുണ്ടായിരുന്ന ജനങ്ങളോടു സുവിശേഷം പ്രസംഗിക്കുന്നതിനായി മേല്പറഞ്ഞ രണ്ടു മിഷനറിമാർ അയയ്ക്കപ്പെട്ടതു്. പക്ഷേ ഇദ്ദേഹത്തിൻെറ പ്രതിനിധിയായി ഇൻഡ്യയിൽ തരംഗംപാടിയിൽ ഭരിച്ചുവന്ന ഗവർണർ ദൈവഭക്തിയോ മനുഷ്യഭയമോ തൊട്ടുതേച്ചിട്ടുപോലുമില്ലാത്ത ഒരുവനായിരുന്നു. അതിനാൽ മിഷനറിമാക്കു ആദ്യകാലത്തു പലവിധ പ്രയാസങ്ങൾ നേരിട്ടു. ഇപ്പോൾ രണ്ടാഴ്ചയ്ക്കിടയിൽ സാധിക്കാവുന്ന കപ്പൽയാത്രയ്ക്കു

തന്നെ, അക്കാലത്തു ഏകദേശം ഒരുവർഷക്കാലം ആവശ്യമായിരുന്നു. സുവിശേഷവേല തങ്ങളുടെ കച്ചവടത്തിനു പ്രതിബന്ധമായി വന്നേക്കുമെന്നു ഭയപ്പെട്ട തരംഗാപാടിയിലെ ഭരണകർത്താവായ ഹാസ്സിയസ് മിഷനറിമാരെ ഭീഷണിപ്പെടുത്തുകയും, കാരാഗൃഹത്തിൽ ഇടുകയും, മററു പലവിധത്തിൽ ഉപദ്രവിക്കയും ചെയ്തുകൊണ്ടിരുന്നു.

അഞ്ചുവർഷം കഴിഞ്ഞു പ്ളൂഷോ തിരികെപ്പോയെങ്കിലും സീഗൻബാൾഗ് തമിഴഭാഷ പഠിച്ച് പട്ടണത്തിൻെറ നാനാഭാഗങ്ങളിലും അടുത്തുള്ള ഗ്രാമങ്ങളിലും സുവിശേഷവേല ആരംഭിച്ചു. എ. ഡി. 1713-ൽ ഒരു തമിഴ് അച്ചുകൂടം അദ്ദേഹം സ്ഥാപിച്ച് പല പുസ്തകങ്ങൾ തമിഴിൽ അച്ചടിച്ചു വിതരണം ചെയ്തു. കുറെക്കാലം കഴിഞ്ഞു പുതിയനിയമം മുഴവനും, പഴയനിയമം രൂത്തിൻെറ പുസ്തകംവരെയും തമിഴിലേക്കു് വിവർത്തനം ചെയ്ത് അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അദ്ദേഹത്തിൻെറ തമിഴ് ഭാഷാന്തരത്തിൽ പല തെററുകൾ ഉണ്ടായിരുന്നെങ്കിലും, പ്രസ്തുത ഭാഷയിലേക്കുള്ള വേദപുസ്തകത്തിൻെറ ഒന്നാമത്തെ തർജ്ജമ അതായിരുന്നുവെന്നു് ഓർക്കേണ്ടതാണ്. എ. ഡി. 1716-ൽ സീഗൻബാൾഗും അദ്ദേഹത്തിൻെറ സഹായികളായി ഡന്മാർക്കിൽനിന്നു് വന്നുചേർന്ന മിഷനറിമാരുംകൂടെ തമിഴ്കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഒരു സ്കൂൾ സ്ഥാപിച്ചു. തൻെറ പ്രസംഗത്തിൻെറ ഫലമായി ക്രിസ്തുമതം സ്വീകരിച്ചവരെ ഉദ്ദേശിച്ചു എ. ഡി. 1718-ൽ 'യറുശലേം' പള്ളി എന്ന പേരിൽ മനോഹരമായ ഒരു ദേവാലയം അദ്ദേഹം പണിയിച്ചു. അതു ഇപ്പോഴും തരംഗപാടിയിൽ ഉപയോഗത്തിലിരിക്കുന്നുവെന്നുള്ളതു പ്രസ്താവ്യമാണ്.

ജന്മനാ അനാരോഗ്യവാനായിരുന്ന സീഗൻബാൾഗ് പത്തുപന്ത്രണ്ടുവർഷം ഇൻഡ്യയിലെ ചൂടും മററുവിധത്തിലുള്ള ബുദ്ധിമുട്ടും സഹിച്ചപ്പോഴേക്കു് രോഗബാധിതനായിത്തീരുകയും, എ. ഡി. 1719 ഫെബ്രുവരി ഇരുപത്തിമൂന്നാം തീയതി നിത്യസ്വസ്ഥതയിലേക്കു പ്രവേശിക്കയും ചെയ്തു. ഒരു ജർമ്മൻകാരനായിരുന്ന സീഗൻബാൾഗിനു

ണു് ഡേനിഷ്മിഷൻെറ ഒന്നാമത്തെ മിഷനറിയായിത്തീരുന്നതിനുള്ള ഭാഗ്യമുണ്ടായതു്.

സീഗൻബാൾഗിൻെറ പിൻഗാമികളായി വന്നുചേന്ന ബെഞ്ചമിൻ ഷൂൾട്ടസ് (1726—1741), ഫിലിപ്പ് ഫാബ്രീഷിയസ് (1742—1791) എന്നിവരുടെ കാലത്താണു് മദ്രാസ്, കടലൂർ, വെല്ലൂർ, ചിങ്കൽപേട്ട ആദിയായ സ്ഥലങ്ങളിൽ സുവിശേഷം പ്രചരിക്കുന്നതിനിടയായതു്. ഫാബ്രീഷിയസ് വേദപുസ്തകം അച്ചടിപ്പിച്ചതു കൂടാതെ, ഒരു പാട്ടുപുസ്തകവും ഒരു തമിഴ വ്യാകരണവും ഒരു ഇംഗ്ലീഷ്—തമിഴ് ശബ്ദകോശവും ചമച്ചിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ മരണത്തിനുമുമ്പു് നാലായിരത്തിൽപരം ജനങ്ങൾ ക്രിസ്തുമതം സ്വീകരിച്ചിരുന്നു.

പതിനെട്ടാം ശതാബ്ദത്തിൽ ഇൻഡ്യയിൽ വേല ചെയ്തിട്ടുള്ള ഡേനീഷ്മിഷനറിമാരുടെ നട്ടനായകത്വം വഹിക്കുന്നതു് എ. ഡി. 1750-ൽ കടലൂർ പട്ടണത്തിൽ വന്നുചേന്ന ക്രിസ്ത്യൻ ഫ്രഡറിക്ക്ഷ്വാർട്ട്സ് എന്ന മഹാനാണു്. ഇദ്ദേഹം അൻപതു വർഷത്തോളം തുടരെ തെക്കെഇൻഡ്യയിൽ പല സ്ഥലങ്ങളിലായി പ്രവത്തിച്ചുകൊണ്ടിരുന്നു. തരംഗംപാടി, ത്രിശ്ശിനാപ്പള്ളി, തഞ്ചാവൂർ എന്നീ പട്ടണങ്ങളായിരുന്നു ഇദ്ദേഹത്തിൻെറ പ്രധാന പ്രവത്തനരംഗങ്ങൾ. ഇംഗ്ലീഷുകാരുടെ സൈനിക ചാപ്ളെൻ എന്ന നിലയിൽ ഇദ്ദേഹം ദൂരസ്ഥിതമായ മധുര, തിരുനെൽവേലി എന്നീ സ്ഥലങ്ങൾപോലും സന്ദർശിച്ചു സുവിശേഷം പ്രസംഗിച്ചിട്ടുണ്ടു്. തമിഴ്ഭാഷയിലുള്ള പരിജ്ഞാനം നിമിത്തം ഹിന്തുക്കളും മഹമ്മദീയരും ഷ്വാർട്ട്സിൻെറ പ്രസംഗം കേൾക്കുന്നതിൽ താല്പര്യം കാണിച്ചിരുന്നു. മോഷണം ഒരു ജാതിധമ്മമായി സ്വീകരിച്ചിരുന്ന കള്ളർ ജാതിയിൽനിന്നു അനേകർ ഷ്വാർട്ട്സിൻെറ പ്രസംഗം മൂലം ക്രിസ്തുവിനെ സ്വീകരിച്ചു. തഞ്ചാവൂരിലെ രാജാവിൻെറ സഖ്യം സമ്പാദിക്കുന്നതിനും, ഹൈദരാലിയുമായുള്ള സന്ധിയാലോചനയിൽ ഇംഗ്ലീഷുകാരുടെ ഒരു പ്രതിനിധി ആയിത്തീരുന്നതിനും, തന്നിമിത്തം പല പുതിയ മാർഗ്ഗങ്ങളിൽ തൻെറ ക്രിസ്തീയ സ്വാധീനം പ്രയോ

ഗിക്കുന്നതിനു ഷ്വാർട്ട്സിനു സാധിച്ചു. തഞ്ചാവൂർ, ത്രിശ്ശിനാപ്പള്ളി, റാംനാട്ട് എന്നീ സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിലും ഇദ്ദേഹം വളരെ പ്രയത്നിച്ചിട്ടുണ്ട്.

ഷ്വാർട്ട്സ് 1798-ൽ, തൻെറ 72-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായി. തഞ്ചാവൂരിലെ രാജാവു ഇദ്ദേഹത്തിൻെറ ഓർമ്മയ്ക്കായി സ്ഥാപിച്ചിരിക്കുന്ന ഒരു കല്ലിൽ ഏലീശാ ഏലിയാവിനെ എന്നപോലെ 'എൻെറ പിതാവേ,' എന്നു സംബോധന ചെയ്തിരിക്കുന്നതിൽനിന്നു ഹിന്ദുക്കളുടെ ഇടയിൽതന്നെ ഈ ഭക്തനായ മിഷനറിക്കുണ്ടായിരുന്ന സ്വാധീനശക്തി എന്തുമാത്രമെന്നു ഊഹിക്കാവുന്നതാണല്ലോ. ഈ സ്മാരകം തഞ്ചാവൂരെ എസ്. പി. ജി. പള്ളിക്കു ഒരു അലങ്കാരമായിത്തീർന്നിരിക്കുന്നു.

തെക്കെ ആർക്കോട്ട്, വടക്കെ ആർക്കോട്ട്, മദ്രാസ് നഗരം ആദിയായ സ്ഥലങ്ങളിലെല്ലാംകൂടെ ഇപ്പോൾ മദ്രാസ് സംസ്ഥാനത്തു ഡേനിഷ്മിഷനു 24 വേലസ്ഥലങ്ങൾ ഉണ്ട്. ഡേനിഷ്മിഷനിലുൾപ്പെട്ടു നിൽക്കുന്നവരെല്ലാം ലൂതറൻ സഭാവിശ്വാസം സ്വീകരിച്ചിരിക്കുന്നവരാണു്. മലയാളികൾക്കു സുപരിചിതനായിരുന്ന ഡാക്ടർ എൽ. പി. ലാഴ്സൻ അവർകൾ ഒരു ഡേനിഷ്മിഷനറിയായിരുന്നു എന്നു പ്രസ്താവയോഗ്യമാണു്.

ഡേനിഷ്മിഷൻ വിദ്യാഭ്യാസകാര്യത്തിലും, സ്ത്രീകളുടെ ഇടയിലെ വേല, ആശുപത്രി മുഖേനയുള്ള വേലകൾ, വ്യവസായങ്ങൾ ആദിയായ സംഗതികളിലും പ്രവർത്തിച്ചുവരുന്നു. 1939-ൽ 49 മിഷനറിമാരും, 101 ഇൻഡ്യൻ വേലക്കാരും പ്രവർത്തിച്ചിരുന്നതായി റിപ്പോർട്ടിൽനിന്നും മനസ്സിലാകുന്നു. 16 വലിയ കേന്ദ്രങ്ങളും 96 ഇടവകകളും ഉള്ളതായി റിപ്പോർട്ട് സൂചിപ്പിക്കുന്നു. 1940-ൽ ജർമ്മൻകാർ ഡച്ചുരാജ്യം കീഴ്പ്പെടുത്തിയതു്, ഇൻഡ്യയിലെ സുവിശേഷവേലയ്ക്കു് തടസ്സമായിത്തീർന്നു. ആ ആപൽസന്ധിയിൽ ഇൻഡ്യയിലെ ഇതരസഭകളും, നാഷനൽ ക്രിസ്ത്യൻ കൗൺസിലും വേണ്ട സഹായസഹകരണങ്ങൾ, മി

ഷനു ചെയ്തുകൊടുത്തു. 1946-ലെ കണക്കനുസരിച്ചു 9,231 അംഗങ്ങൾ ഈ സമൂഹത്തിലുള്ളതായിട്ടാണു് മനസ്സിലാകുന്നതു്. ഇപ്പോൾ ദക്ഷിണേന്ത്യ ഐക്യസഭയുമായി ചേരുന്നതിനുള്ള സാദ്ധ്യതകളെപ്പററി ആരാഞ്ഞുകൊണ്ടിരിക്കുകയാണു്. താമസിയാതെ യോജിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണു്.

ഡേനിഷ്‌മിഷൻ കൂടാതെ ലീപ്‌സിഗ്‌മിഷൻ, ഗോസ്‌നർ ഇവാൻജലിക്കൽ ലൂഥറൻ മിഷൻ, അമേരിക്കൻ ലൂഥറൻ ആദിയായ ലൂഥറൻ സമൂഹങ്ങളും ഇൻഡ്യയിൽ പലയിടങ്ങളിലായി പ്രവർത്തിക്കുന്നുണ്ടു്. 1836 ആഗസ്റ്റ് 17-ാംതീയതി ലീപ്‌സിഗ്‌മിഷൻ സ്ഥാപിതമായെങ്കിലും 1840-ലാണു് ആദ്യമിഷനറിയായ സി. എച്ച്. സി. കോർഡസ് മദ്രാസിൽ വരുന്നതു്. 1935-ൽ തങ്ങളുടെ വൈദിക സെമ്മിനാരി ട്രാങ്കബാറിൽനിന്നും തൃശ്ശിനാപ്പള്ളിയിലേക്കു മാററി. രണ്ടാം മഹായുദ്ധകാലത്തു് ജർമ്മൻ മിഷനറിമാർ തിരിച്ചുപോകുന്നതിനു് നിർബന്ധിതരായി. 1950-ൽ 48591 ആത്മാക്കൾ സ്നാനപ്പെട്ടു് സഭയോടു ചേർന്നതായി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1951-ൽ ഗവ: അംഗീകാരത്തോടുകൂടെ, നിർജ്ജീവമായിരുന്ന മിഷനറിസമൂഹം പുനർജീവിപ്പിച്ചു് പ്രവർത്തനം ആരംഭിച്ചു. മിഷനറിമാർ ജർമ്മനിയിൽനിന്നും തിരികെവന്നു് സഭയെ സഹായിച്ചുതുടങ്ങുകയും ചെയ്തു.

## 2. ബാപ്‌ററിസ്റ്റ് മിഷൻ

### വില്യം ക്യേറിയുടെ കാലം.

തെക്കെഇൻഡ്യയിലെ പ്രസിദ്ധ മിഷനറി ആയ ഷ്വാർട്ട്സ് മരിക്കുന്നതിനു ആറുവർഷം മുമ്പു്, അതായതു് എ. ഡി. 1793 നവംബർ 11-ാംതീയതി, വടക്കെഇൻഡ്യയിലെ ഒന്നാമത്തെ മിഷനറിയും, ആധുനിക സുവിശേഷയത്നങ്ങളുടെ പിതാവും, ഇൻഡ്യയിലെ പ്രോട്ടസ്റ്റൻറു് മിഷനറിമാരുടെ രാജാവും ആയിത്തീർന്നിരിക്കുന്ന വില്യം ക്യേറി കൽക്കത്തായിൽ എത്തി. ദൈവത്തെക്കാൾ കൂടുത

ലായി മാമോനെ സ്നേഹിച്ചിരുന്ന വാണിജ്യസംഘമായ ഈസ്റ്റ്ഇൻഡ്യാ കമ്പനിയുടെ വിരോധം നിമിത്തം ഇംഗ്ലീഷ് തുറമുഖസ്ഥാനങ്ങൾ വിട്ട് ഡൻമാക്കിലെ രാജാവിൻെറ അധികാരത്തിൽപെട്ട സെറാംപൂർ എന്ന ഒരു ചെറിയ പട്ടണത്തിൽ ക്യേറി തൻെറ ശ്രേഷ്ഠമായ വേല ആരംഭിച്ചു. ഒരു സ്കൂൾമാസ്റ്ററായിരുന്ന യോശുവാ മാർഷ്മാൻെറയും, അച്ചടിജോലി ശീലിച്ചിരുന്ന വില്യം വാർഡിൻെറയും സഹായത്തോടുകൂടെ അനേക പ്രയാസങ്ങളുടെ മദ്ധ്യേ വില്യം ക്യേറി ഇൻഡ്യയിൽ ദൈവരാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ള മഹായത്നങ്ങൾ ഒരു ക്രിസ്തീയ കാവ്യത്തിനു വിഷയമാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതൊന്നും ഇവിടെ വിസ്തരിക്കുന്നതിനു തുനിയുന്നില്ല. വേദപുസ്തകതർജ്ജമ, സുവിശേഷ പ്രസംഗം, വിദ്യാഭ്യാസം എന്നീ മൂന്നു വിഷയങ്ങളിലാണ് ക്യേറിയുടെ ശ്രദ്ധ പതിഞ്ഞതു്. വേദപുസ്തകം മുഴുവനായോ, ഭാഗങ്ങളായോ, അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ ഉദ്ദേശം 40 ഭാഷകളിൽ തർജ്ജമചെയ്തു. സെറാംപൂരിലെ മിഷൻ അച്ചുകൂടത്തിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തു. രണ്ടാമത്തെ ഉദ്ദേശ്യസാദ്ധ്യത്തിനായി സ്വന്തമായി സെറാംപൂരിലും കൽക്കട്ടായിലും നിരന്തരമായി സുവിശേഷവേലയിൽ ഏർപ്പെട്ടിരുന്നതുകൂടാതെ കാശി, ആഗ്ര, ഡൽഹി, ജസൂർ, ബാരിസാൽ, ഡാക്ക, ചിററാഗോങ്ങ്, ദീനാജ്പൂർ, ആസാം, ഒറീസ്സാ. നാഗപ്പൂർ, ബോംബെ, ബമ്മാ, ജാവാ എന്നീ സ്ഥലങ്ങളിലെല്ലാം ക്യേറി മിഷനറിമാരെ അയച്ചുകൊണ്ടിരുന്നു. സ്വാദ്ദേശ്യന്മാരുടെ കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി മാർഷ്മാൻ ആരംഭിച്ച ഒരു സ്കൂൾ ഇന്ന് ദൈവസഹായത്താൽ ഇൻഡ്യയിലെ എന്നല്ല, ഏഷ്യാഭൂഖണ്ഡത്തിലെ ഒന്നാമത്തെ ക്രിസ്തീയ സർവ്വകലാശാലയായി സെറാംപൂരിൽ പരിലസിക്കുന്നു.

ക്യേറിയും സഹപ്രവത്തകന്മാരും അനുഷ്ഠിച്ചുപോന്ന ജീവിതരീതി, ക്യേറിയുടെ ഭാഷാവ്യുല്പത്തി, ഹിന്ദുസമുദായത്തിലെ സതി മുതലായ ദുഷ്യാചാരങ്ങൾ നിത്തലാക്കുന്നതിനു ചെയ്ത പരിശ്രമങ്ങൾ, തനിക്കു നേരിട്ട കഷ്ടതകൾ,

കത്താവിൻെറ വേലയ്ക്കുവേണ്ടി ചെയ്തിട്ടുള്ള ത്യാഗങ്ങൾ ഇവയെല്ലാം അദ്ദേഹത്തിൻെറ ജീവചരിത്രം വായിച്ചു മനസ്സിലാക്കേണ്ടതാണ്. ഒരു ചെരിപ്പുകുത്തിയായി ജനിച്ചുവളൎന്ന ഒരാളാണു വില്യംക്യേറി എന്നു ഓൎക്കുമ്പോൾ, ദൈവത്തിൻെറ ഇഷ്ടത്തിനു പൂൎണ്ണമായി വിട്ടുകൊടുക്കുന്ന ഒരാളിനെക്കൊണ്ടു ലോകത്തിൽ സാധിക്കാവുന്ന അത്ഭുതകാൎയ്യങ്ങളെക്കുറിച്ചുള്ള ചിന്തയാണു മനസ്സിൽ വരുന്നത്.

വില്യം വാർഡ് 1823-ലും, ക്യേറി 1834-ലും, മാർഷ്മാൻ 1837-ലും പരലോകപ്രാപ്തരായി. അവരുടെ കല്ലറകൾ സെറാംപൂരിലെ ബാപ്ററിസ്റ്റ്മിഷൻെറ അമൂല്യനിധികളായി സ്ഥിതിചെയ്യുന്നു 'അരിഷ്ടനും അഗതിയും നിസ്സഹായനും ആയ ഒരു പുഴവ്:താ, നിൻെറ ദയയുള്ള കൈകളിലേക്കു വീഴുന്നു' എന്നുള്ള വാചകമാണു ക്യേറിയുടെ അപേക്ഷപ്രകാരം കല്ലറമേൽ എഴുതിയിരിക്കുന്നത്. വില്യംക്യേറിയുടെ മരണം കഴിഞ്ഞു ഒരു നൂറുവർഷം പൂൎത്തിയായതു് 1934 ജൂൺ 9-ാംതീയതി ആണ്. ഇതു സംബന്ധിച്ചു ക്യേറിയുടെ ജന്മഗ്രാമത്തിലും ലണ്ടൻപട്ടണത്തിലും, സെറാംപൂരിലും, അമേരിക്കയിൽ പല ഭാഗങ്ങളിലും ശതവത്സരാഘോഷങ്ങൾ ഉണ്ടായിരുന്നു. നവീനഭാരതത്തിൻെറയും ഭാരതത്തിലെ ക്രിസ്തുസഭയുടെയും ജനയിതാക്കളിൽ ഒരാളായി ക്യേറിയെ ഭാരതീയർ ആദരിച്ചുതുടങ്ങിയിരിക്കുന്നു.

ലണ്ടൻ ബാപ്ററിസ്റ്റ് മിഷനറിസമൂഹത്തിൻെറ ആഭിമുഖ്യത്തിലാണ് വില്യംക്യേറി ഇൻഡ്യയിൽ പ്രവൎത്തിച്ചതു് എന്നുള്ളതു് ആ സമൂഹം ഇന്നും അഭിമാനപുരസ്സരം സ്മരിച്ചുവരുന്നു. പ്രസ്തുത സമൂഹവും മററു പല ബാപ്ററിസ്റ്റ്സമൂഹങ്ങളും കൂടി ചേൎന്നു് ബാപ്ററിസ്റ്റ്മിഷനറി സൊസൈററി എന്ന പേരിൽ 1888-നുശേഷം ഇൻഡ്യയിൽ പ്രവൎത്തിച്ചുവരുന്നു. 1952-53-ലെ റിപ്പോർട്ടനുസരിച്ചു് അവൎക്കു് ബംഗാൾ, ഒറിസ്സാ, ഉത്തരഇൻഡ്യ, ആസാം, സിലോൺ ആദിയായ പ്രദേശങ്ങളിലായി 63 മിഷൻകേന്ദ്രങ്ങളുണ്ടു്. ഇൻഡ്യയിൽ ഈ സ്ഥിതിവിവരക്കണക്കനുസരിച്ചു് 735 ഇൻഡ്യൻ വേലക്കാരും, 428 സഭക

ളും, 29,085 സഭാംഗങ്ങളും. 341 സണ്ടേസ്കൂളുകളും ഉണ്ട്. സിലോണിൽ 360 വേലക്കാരും, 60 സഭകളും, 1589 അംഗങ്ങളും, 31 സണ്ടേസ്കൂളുകളും ഉള്ളതായി പ്രസ്തുത കണക്കിൽനിന്നും വെളിവാകുന്നു. സുവിശേഷവേല പ്രധാന ഉദ്ദേശ്യമാക്കിക്കൊണ്ട് വിദ്യാഭ്യാസരംഗത്തും, ആശുപത്രികളിൽക്കൂടിയും, ക്രിസ്തീയ സാഹിത്യപ്രസ്ഥാനത്തിൽക്കൂടിയും ബി. എം. എസ് പ്രവർത്തനം നടത്തിവരുന്നു.

ബി. എം. എസ്. കൂടാതെ 1874 മാർച്ചിൽ കനേഡിയൻ ബാപ്ററിസ്റ്റ്മിഷൻ ആന്ധ്രാപ്രദേശത്തും, 1836-ൽ അമേരിക്കൻ ബാപ്ററിസ്റ്റ്മിഷൻ ആസാം, ഒറീസ്സാ, രാമപട്ടണം ആദിയായ സ്ഥലങ്ങളിലും വേല ആരംഭിച്ചു. കനേഡിയൻ ബാപ്ററിസ്റ്റ്മിഷനു 21 കേന്ദ്രങ്ങളിലായി 150-ൽപരം സഭകളും, 45000-ൽപരം അംഗങ്ങളും ഉണ്ട്. 130-ൽപരം ഇൻഡ്യൻ പാസ്റ്ററന്മാരും 140-ഓളം വേദപുസ്തകപ്രചാരികളും (Bible Women) ഈ മിഷനിൽ വേല ചെയ്യുന്നുണ്ട്. വടക്കെ സർക്കാഴ്സിലെ ബാപ്ററിസ്റ്റ്സഭകളുടെ കൺവൻഷൻ എന്ന പൊതുമീററിങ്ങാണ്, സി. ബി. എം-ൻെറ പരമാധികാരമുള്ള ഭരണസമിതി. ഇതിൽ യൂറോപ്യന്മാരും ഇൻഡ്യക്കാരും അംഗങ്ങളായിട്ടുണ്ട്. ഈ സംഘങ്ങൾ കൂടാതെ ആസ്ട്രേലിയൻ ബാപ്ററിസ്റ്റ്മിഷനും, മററു പല വിദേശബാപ്ററിസ്റ്റ്സമൂഹങ്ങളും ഇൻഡ്യയിലും സിലോണിലും, പാകിസ്ഥാനിലുമായി പ്രവർത്തിക്കുന്നുണ്ട്. ബാപ്ററിസ്റ്റ്സമൂഹങ്ങൾ എല്ലാംതന്നെ സ്വദേശീയ നേതൃത്വത്തിനു സ്ഥാനം കാര്യമായി നൽകുന്നുണ്ടെങ്കിലും, ഇവിടത്തെ പ്രവർത്തനം അധികവും വിദേശത്തുനിന്നുമുള്ള സഹായത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ചില സമൂഹങ്ങൾ സ്വന്തനിലയിൽ സുവിശേഷവേല ആരംഭിച്ചിട്ടുണ്ടെന്നുള്ളതും, ഭരണപരമായ കാര്യങ്ങളിൽ സ്വദേശീയർ ഒരു നല്ല പങ്കു വഹിക്കുന്നുണ്ടെന്നുള്ളതും, ഭാവിയെപ്പററിയുള്ള ശുഭപ്രതീക്ഷകൾക്കു വഴി തെളിക്കുന്നു. ഇൻഡ്യ, പാകിസ്ഥാൻ, ബർമ്മാ, സിലോൺ എന്നീ രാജ്യങ്ങളിലുള്ള ബാപ്ററിസ്റ്റ് സമൂഹങ്ങളുടെ ഒരു ഐക്യസംഘം കുറെനാളുകളായി നി

ലനിന്നുവരുന്നു. അതിൻെറ പ്രവത്തനം ഭിന്നിച്ചുനിൽക്കുന്ന സമൂഹങ്ങളെ ഒററക്കെട്ടാക്കിത്തീക്കുന്നതിനു് പര്യാപ്തമാകുമെന്നു് വിശ്വസിക്കാം. പ്രസ്തുത ഐക്യസംഘത്തിൻെറ ഇപ്പോഴത്തെ അദ്ധ്യക്ഷൻ റവ; വി. ഇ. ദേവദത്തു് എന്ന ദേഹമാണു്.

## 3. ലണ്ടൻ മിഷനറിസമൂഹം

എ. ഡി. 1795-ൽ സ്ഥാപിതമായ പ്രസ്തുത സമൂഹത്തിൻെറ ആദ്യമിഷനറി 1798-ൽ കൽക്കത്തായിൽ എത്തി ചിൻസൂറാ എന്ന സ്ഥലത്തു സുവിശേഷവേല ആരംഭിച്ചു. 1806 മുതൽ 1815 വരെ ദക്ഷിണതിരുവിതാംകൂറിൽ റിങ്കൾ റേറാബ്ബ് എന്ന ഭക്തൻ സഫലമായ സുവിശേഷവേലയിൽ ഏർപ്പെട്ടിരുന്നു. ഇദ്ദേഹത്തെ ഇവിടേക്കു ക്ഷണിച്ചതു വേദമാണിക്യം മഹാരാസൻ എന്ന ഒരു സത്യാന്വേഷിയായിരുന്നു. നാഗർകോവിൽ സ്കോട്ട്ക്രിസ്ത്യൻകോളജ് ആദിയായ വിദ്യാലയങ്ങൾ, പ്രശസ്തിയേറിയ നെയ്യൂരാസ്പത്രിയെത്തുടന്നു പ്രസ്തുത സംസ്ഥാനത്തു അവിടവിടെയായി പരിലസിക്കുന്ന ശാഖാ ആസ്പത്രികളും സമൂഹത്തിൻെറ ഏററവും ഫലപ്രദമായ വേലയുടെ പ്രധാന ശാഖകളാണു്. നാഗർകോവിൽ, നെയ്യൂർ, പാറശാല, തിരുവനന്തപുരം, ആററിങ്ങൽ, കൊല്ലം എന്നീ സ്ഥലങ്ങളാണു് സമൂഹത്തിൻെറ കീഴിലുള്ള തിരുവിതാംകൂറിലെ പ്രധാന വേലസ്ഥലങ്ങൾ. തെക്കെ ഇൻഡ്യയിൽ സേലം, കടപ്പാ, ബല്ലാറി ആദിയായ ഡിസ്ത്രിക്ട്കളിലും,ബംഗാൾ സംസ്ഥാനത്തു കൽക്കട്ട, സുന്ദരവനം, മൂഷിദബാദ്, വടക്കെഇൻഡ്യയിൽ ബനാറീസ് എന്നീ സ്ഥലങ്ങളിലും വിദ്യാലയങ്ങൾ വഴിയായും മററുവിധത്തിലും സുവിശേഷം പ്രസംഗിക്കുന്നതിനു പ്രസ്തുത സമൂഹം ഉദ്യുക്തമായിരിക്കുന്നു. ഇതര സമൂഹങ്ങളുമായി വിദ്യാഭ്യാസ കാര്യങ്ങളിൽ യോജിച്ചു പ്രവത്തിക്കുന്നതിനും, സഭകളെ സ്വയത്രാണനത്തിൽ പരിശീലിപ്പിക്കുന്നതിനും സ്വദേശ്യരെ സഭയിലെ ചുമതലയുള്ള സ്ഥാനങ്ങളിൽ നിയമിക്കുന്നതിനും, തെന്നിന്ത്യാ ഐക്യസഭാപ്രസ്ഥാനം വിജയക

രമാക്കിത്തീക്കുന്നതിനും എൽ. എം. എസ്സ്, ഭരണകത്താക്കളും മിഷനറിമാരും പ്രത്യേകം താല്പര്യപ്പെട്ടുന്നുണ്ട്. ബാംഗ്ളൂർ വൈദികകോളജിലോ, തിരുവനന്തപുരം കണ്ണമ്മൂല സെമ്മനാരിയിലൊ, പരിശീലനം സിദ്ധിച്ച പല ബിരുദധാരികൾ തെക്കൻതിരുവിതാംകൂറിലെ സഭാനായകന്മാരായിത്തീന്നിട്ടുണ്ട്. ഇതു അഭിമാനകരമായ ഒരു സംഗതി തന്നെ, സംശയമില്ല. ദക്ഷിണആഫ്രിക്ക, മഡഗാസ്കർ, ചൈനാ മുതലായ രാജ്യങ്ങളിലും മററും സമൂഹം ദീർഘകാലമായി നിവ്വഹിച്ചുവരുന്ന ക്രൈസ്തവവേലകളും എത്രയും പ്രശംസനീയങ്ങളായിരിക്കുന്നു. *

## 4. ആംഗ്ലിക്കൻ മിഷനറി സമൂഹങ്ങൾ

ആംഗ്ലേയാസഭയിലെ സുവിശേഷപ്രചരണസംഘങ്ങൾ ഇൻഡ്യയിൽ വന്നെത്തുന്നതിനു മുമ്പുതന്നെ ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ വക ചാപ്ളേന്മാർ സുവിശേഷം പ്രസംഗിച്ചിട്ടുണ്ട്. ഇങ്ങനെയുള്ളവരുടെ കൂട്ടത്തിൽ മലയാളരാജ്യം സന്ദർശിച്ചു (എ.ഡി. 1806-7) സുറിയാനിസഭയ്ക്കു പല ഉപകാരങ്ങൾ ചെയ്ത ക്ലോഡിയസ് ബുക്കാനാൻെറയും, ഹിന്ദി, ഹിന്തുസ്ഥാനി, പേർഷ്യൻ, അറബി എന്നീ ഭാഷകളിൽ അസാമാന്യപാണ്ഡിത്യം സമ്പാദിച്ചവനും ഹിന്തുസ്ഥാനി പുതിയനിയമത്തിൻെറ പരിഭാഷകനും,

---

* ദക്ഷിണേന്ത്യയിലെ പ്രസ്തുത സമൂഹം സി. എസ്സ്. ഐ-യുമായി യോജിച്ചു ചേന്നതിനാൽ അതിൻെറ പ്രത്യേക ചരിത്രം ആവത്തിക്കേണ്ട ആവശ്യമില്ല. തെക്കൻതിരുവിതാംകൂറിലുണ്ടായിരുന്ന എൽ. എം. എസ്സ് പുതുതായി രൂപമെടുത്ത ദക്ഷിണേന്ത്യഐക്യസഭയുടെ ഒരു പ്രധാന മഹായിടവകയായി പരിലസിക്കുന്നു. കൂടാതെ ബംഗാളിലുള്ള കൽക്കത്താ, സുന്ദരവനം, മൂർഷിദബാദ്, വടക്കെ ഇൻഡ്യയിൽ ബനാറീസ് എന്നീ സ്ഥലങ്ങളിലും എൽ. എം. എസ്സ്. കാര്യമായി പ്രവത്തിച്ചുവരുന്നു. തെക്കെ ആഫ്റിക്ക, മഡഗാസ്കർ ചൈനാ മുതലായ പ്രദേശങ്ങളിലും ഈ സമൂഹം പ്രവത്തിക്കുന്നുണ്ട്. ചൈനായിലെ വേലയ്ക്കു്, കമ്മ്യൂണിസത്തിൻെറ ആവിർഭാവം മൂലം സാരമായ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്.

പേർഷ്യയിൽ സുവിശേഷദൂതു ഘോഷിച്ചവനും ആയ യുവമിഷനറിവീരനായ ഹെൻറി മാർട്ടിൻെറയും പേരുകൾ വിശേഷാൽ പ്രസ്താവ്യമാണ്. ഇൻഡ്യയിലെ ഒന്നാമത്തെ ആംഗ്ലിക്കൻബിഷോപ്പായ ബിഷപ്പ് മിഡിൽട്ടൻ (എ. ഡി. 1814—1822) കൽക്കത്തായിലെ പ്രസിദ്ധ വൈദിക കോളജായ ബിഷപ്പ്സ്കോളേജ് സ്ഥാപിച്ചതും എസ്. പി. ജി. സമൂഹത്തെ അതിൻെറ ഭാരവാഹിത്വം ഭരമേല്പിച്ചതും എ. ഡി. 1821-ലാണ്. ഈ വിദ്യാലയം കൂടാതെ മററു പല സ്ഥാപനകളും സുന്ദരവന (Sundarbans) ത്തിലുള്ള പല പുതിയ വേലസ്ഥലങ്ങളും കാലക്രമേണ എസ്. പി. ജി. സമൂഹം ഭരമേററു നടത്തി.

ഇക്കാലത്തുതന്നെ (എ. ഡി. 1813-നടുത്തു) ചർച്ചു മിഷനറി സൊസൈററിയും ഇൻഡ്യയിൽ പ്രവേശിച്ച്, ബോംബെ, മദ്രാസ് ആദിയായ പട്ടണങ്ങളിലും സംസ്ഥാനങ്ങളിലും ശക്തിയോടും ബുദ്ധിയോടുംകൂടെ ഓരോ വിധത്തിലുള്ള പ്രയത്നങ്ങൾക്കു അടിസ്ഥാനമിട്ടു. ഇപ്പോൾ സി. എം. എസ്സിൻെറ അധീനതയിൽ ഇരിക്കുന്ന മിക്ക വേലസ്ഥലങ്ങളും എ. ഡി. 1815-നും 1832-നും ഇടക്കു മുളച്ചു വളൎന്നിട്ടുള്ളവയാണ്. തെക്കെഇൻഡ്യയിലാണു സി. എം. എസ്സ്. കൂടുതൽ ശ്രദ്ധ പതിച്ചതു്. റീനിയസ് എന്ന ഭക്തനായ ഒരു മിഷനറിയുടെ നിരന്തരപ്രയത്നങ്ങളുടെ ഫലമായി എ. ഡി. 1825-നകം ഏകദേശം 12000 പേർ തിരുനെൽവേലിയിൽ സഭയോടു ചേൎന്നു. ഇതാണു തിരുനെൽവേലിസഭയുടെ ആരംഭം. തിരുവിതാംകൂറിൽ പ്രസ്തുത സമൂഹം ആരംഭിച്ച വേല പുറകെ നമുക്കു പരിശോധിക്കാം. എ. ഡി. 1841-ലാണ് മസൂലിപട്ടണം തലസ്ഥാനമാക്കികൊണ്ടു് സി. എം. എസ്സ്. ഒരു തെലുങ്കുമിഷൻ ആരംഭിച്ചതു്. പതിനൊന്നുവർഷം കഴിഞ്ഞു പഞ്ചാബിലും വേല ആരംഭിച്ചു. പെഷാവർ, കോൺപൂർ, ആഗ്രാ, കൽക്കത്താ, മസൂലിപട്ടണം, പാളയംകോട്ട, കോട്ടയം എന്നീ സ്ഥലങ്ങളിലെല്ലാം ചർച്ചു് മിഷനറി സൊസൈററി ഓരോ കോളജ് നടത്തുന്നുണ്ടു്. ഗൊറാക്ക്പുരിയിലെ കോളജ് നാഷ്യനൽ മിഷനറി സൊസൈററി 1934-മുതൽ സി. എം. എസ്സിൽനിന്നു വാങ്ങി നടത്തിവരുന്നു.

സി. എം. എസ്സിൻെറ സുവിശേഷപ്രയത്നത്തിൻെറ വിജയലക്ഷ്യമായി കരുതാവുന്ന ഒരു സംഗതി പ്രസ്തുത സമൂഹത്തോടു ചേർന്നുനിൽക്കുന്ന സഭകൾതന്നെ വിദേശസഹായംകൂടാതെ മിഷനറിസമൂഹങ്ങൾ സ്ഥാപിച്ചു ഇൻഡ്യയുടെ ചില ഭാഗങ്ങളിൽ സുവിശേഷം ഘോഷിച്ചുവരുന്നുവെന്നുള്ളതാണ്. തിരുനെൽവേലിസഭയുടെ സ്വദേശമിഷനറി സമൂഹം ഡ്യോണ്ണക്കലിലും തിരുവിതാംകൂർ കൊച്ചി ആംഗ്ലിക്കൻ ഇടവകകൾ തെലുങ്കുദേശത്തു പറക്കാൽ താലൂക്കിലും സ്ഥാപിച്ചിട്ടുള്ള മിഷനറിപ്രസ്ഥാനങ്ങൾ ഈ കൂട്ടത്തിൽപെട്ടവയാണ്. ഫാദർ വിൻസ്ലോയുടെ നേതൃത്വത്തിൽ പൂനായിൽ സ്ഥാപിച്ചിരിക്കുന്ന ക്രിസ്തുസേവാസംഘാശ്രമം എസ്സ്. പി. ജി. മിഷൻെറ വേലയുടെ ഒരു വിശേഷഫലമായിട്ടു കരുതാവുന്നതാണ്.

ഈ രണ്ടു പ്രധാന സമൂഹങ്ങൾക്കു പുറമെ ഡൽഹി, കൽക്കത്താ, ഹസാറിബാഗ് എന്നീ പട്ടണങ്ങളിൽ യഥാക്രമം വിദ്യാർത്ഥികളുടെ ഇടയിൽ വിജയകരമായ സുവിശേഷശുശ്രൂഷ നിർവ്വഹിക്കുന്ന കേംബ്രിഡ്ജ്, ഓക്സ്ഫോർഡ്, ഡബ്ളിൻ സർവ്വകലാശാലാ മിഷനറിസമാജം; ബോംബെയിൽ കൌളിഫാദേഴ്സ് നടത്തിവരുന്ന വി: യോഹന്നാൻ സുവിശേഷസമാജം, ചർച്ച് ഓഫ് ഇംഗ്ലണ്ട് സെനാനാ മിഷനറി സൊസൈററി, ക്ളൂവർ (Clewer) സിസ്റ്റേഴ്സിൻെറ സമൂഹം, യെഹൂദന്മാരുടെയിടയിൽ സുവിശേഷം അറിയിക്കുന്ന ഹീബ്രൂമിഷൻ ആദിയായ പല സുവിശേഷസമാജങ്ങൾ ഇൻഡ്യയുടെ നാനാഭാഗങ്ങളിലായി ആംഗ്ളിക്കൻസഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷക്കൊടി ഉയർത്തിപ്പിടിച്ചുകൊണ്ടു പുരോഗമനം ചെയ്യുന്നുണ്ട്.

ആംഗ്ളിക്കൻസഭയുടെ ദക്ഷിണേന്ത്യയിൽ ഉണ്ടായിരുന്ന ഡോർനക്കൽ, തിരുനെൽവേലി, മദ്രാസ്, തിരുവിതാംകൂർ എന്നീ മഹാഇടവകകൾ ദക്ഷിണേന്ത്യാ ഐക്യസഭയോടു ചേരുന്നതിനു 1945-ൽ സമ്മതിച്ചു. തൻമൂലം ആംഗ്ളിക്കൻസഭയുടെ വ്യാപ്തി കുറെ കുറഞ്ഞെങ്കിലും അവരുടെ സുവിശേഷവേലയിൽ കുറവ് ഒന്നും സംഭവിക്കയു

ണ്ടായില്ല. വടക്കെ ഇൻഡ്യയിലുള്ള ആംഗ്ളിക്കൻസഭ ഉത്തരേന്ത്യ സഭാഐക്യ ആലോചനകളിൽ ശ്രദ്ധാപൂർവ്വം പങ്കെടുക്കുന്നുണ്ട്. ഇപ്പോൾ ആംഗ്ളിക്കൻസഭയിൽ 14 മഹാഇടവകകളും 20 ബിഷപ്പന്മാരും ആണ് ഉള്ളത്. 2 ഇൻഡ്യാക്കാരും, 2 ബർമ്മാക്കാരും, ഒരു സിലോണിയും ഒഴിച്ചാൽ ബാക്കിയുള്ള ബിഷപ്പന്മാരെല്ലാം പാശ്ചാത്യരാണ് എന്നുള്ളത് ദേശീയ നേതൃത്വത്തിനു വേണ്ടത്ര പ്രോത്സാഹനം നൽകുന്നതിൽ ആംഗ്ളിക്കൻസഭ പിന്നണിയിൽ നിൽക്കുന്നതേയുള്ളു എന്നുള്ളതിനു തെളിവാണ്. എങ്കിലും ഇപ്പോഴത്തെ മെത്രാപ്പോലീത്താ മോസ്റ്റ് റവ: അരവിന്ദനാഥ് മുക്കർജി തിരുമനസ്സുകൊണ്ട് ഭാരതീയനാണ് എന്നുള്ളത് തികച്ചും ചാരിതാർത്ഥ്യജനകംതന്നെ. കാലക്രമേണ സ്വദേശികൾ സഭാകാര്യത്തിൽ മുന്നിട്ടുവരുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. 1954-ലെ സഭാകലണ്ടറിൽ സഭവകയായി 3 ആശ്രമങ്ങളും, പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ ഈരണ്ടു കൂട്ടായ്മസമൂഹങ്ങളും, മൂന്നു സഹോദരസംഘങ്ങളും ഉള്ളതായി കാണുന്നു.

## 5. മെത്തഡിസ്റ്റ് മിഷനറിസൊസൈററി

1813-ൽ പാർലമെൻറു മുഖാന്തരം ഈസ്റ്റിൻഡ്യാക്കമ്പിനിയുടെ മതസംബന്ധമായ നയം മിഷനറിസമൂഹങ്ങൾക്കനുകൂലമായി വ്യത്യാസപ്പെട്ടത്തിയതോടുകൂടെയാണു മേല്പറഞ്ഞ സംഘങ്ങൾ ഇൻഡ്യയിൽ പ്രവേശിച്ചത്. ഇതരസമൂഹങ്ങളോടൊപ്പം മെത്തഡിസ്റ്റ് സംഘവും തെക്കെ ഇൻഡ്യയിലും സിലോണിലുമായി ഈ സമയത്ത് സുവിശേഷവേല ആരംഭിച്ചു. എ. ഡി. 1818-ൽ ത്രിശ്ശിനാപ്പള്ളിയിലും 1721-നുശേഷം നാഗപട്ടണം, മണ്ണാർകുടി, ബാങ്കളൂർ, മൈസൂർ ആദിയായ സ്ഥലങ്ങളിലും നാനാമുഖമായ അവരുടെ സുവിശേഷപ്രയത്നം വ്യാപിച്ചുതുടങ്ങി. ഇന്നും മൈസൂർരാജ്യത്തുള്ള പ്രധാന മിഷനറിസമൂഹം വെസ്ലിയൻസഭയുടേതാണ്. എ. ഡി. 1857-ലെ ശിപായിലഹളയുടെ ശേഷം പ്രസ്തുത സമൂഹം കൽക്കത്താ, ബാങ്കൂറാ, ലക്നൌ ആദിയായ ഉത്തരഇൻഡ്യയിലെ ചില

പ്രധാന പട്ടണങ്ങളിലും നാനാമുഖമായ സുവിശേഷ പ്രവത്തനം സമാരംഭിച്ചു.

നൈസാമിൻെറ സംസ്ഥാനമായ ഹൈദ്രബാദിൽ താണജാതികളുടെയും ഉയന്നജാതി ഹിന്ദുക്കളുടെയും ഇട യിൽ അടുത്തകാലത്തു അത്ഭുതപൂവ്വമായ മതതൃഷ്ണ പ്രത്യക്ഷ പ്പെട്ടിട്ടുണ്ടു്. ഇവരിൽ ഒട്ടുവളരെ ജനങ്ങൾ സ്നാനമേററു് ആംഗ്ലിക്കൻസഭയുടെയും മെത്തഡിസ്റ്റ് സഭയുടെയും അംഗ ങ്ങളായി ചേൻ്നു് ക്രൈസ്തവേതരന്മാക്കു മാതൃകാപരമായ ജീവിതം നയിച്ചുപോരുന്നു. ഇങ്ങനെയുള്ള പുതുക്രിസ്ത്യാ നികളുടെ ഒരു കേന്ദ്രമാണു് മെത്തഡിസ്റ്റ് മിഷൻെറ ഒരു പ്രധാന പ്രവത്തനരംഗമായ ഹൈദ്രബാദിലെ മേഡക്ക് നഗരം. കോയമ്പത്തൂരിൽ ധാരാപുരം എന്ന സ്ഥലത്തും ഹിന്ദുക്കൾ കൂട്ടമായി ക്രിസ്തുമതം സ്വീകരിച്ചു് മെത്തഡി സ്റ്റ് സഭയിൽ ചേൻ്നിട്ടുണ്ടു്.

ദക്ഷിണേന്ത്യൻ മെത്തഡിസ്റ്റ് സഭകൾ സി. എസ്. ഐ-ൽ ലയിച്ചുകഴിഞ്ഞു. വടക്കെഇൻഡ്യയിലുള്ള സഭ കൾ സഭാപുനരൈക്യാലോചനകളിൽ പങ്കെടുക്കുന്നുണ്ടു്.

## 6. ചർച്ചു് ഓഫ് സ്കോട്ട്ലണ്ടു് മിഷൻ

പശ്ചിമഭാരതം ക്രിസ്തുവിനുവേണ്ടി ആദായപ്പെടുത്തു ന്നതിനാണു് സ്കോച്ചുമിഷനറിമാർ ആദ്യമായി ശ്രമിച്ച തു്. എ. ഡി. 1829-ൽ ബോംബയിലും, 1830-ൽ കൽക്ക ത്തായിലും, 1837-ൽ മദ്രാസിലും വന്നിറങ്ങിയ ജോൺ വിത്സൻ, അലക്സാണ്ടർ ഡഫ്, ജോൺ ആണ്ടേഴ്സൻ എ ന്നീ മൂന്നു മഹാന്മാരാണു് സ്കോച്ചുമിഷൻെറ പ്രധാന പ്രാ രംഭപ്രവത്തകന്മാർ. ഇതരസമൂഹങ്ങളുമായി താരതമ്യപ്പെ ടുത്തി നോക്കുമ്പോൾ അന്നും ഇന്നും സ്കോച്ചുമിഷൻ വിദ്യാ ഭ്യാസത്തിനു ഒരു പ്രധാന സ്ഥാനം കല്പിച്ചിരുന്നുവെന്നു കാണാവുന്നതാണു്. ബോംബെ, മദ്രാസു്, കൽക്കട്ടാ എ ന്നീ മൂന്നു പ്രധാന പട്ടണങ്ങളിലുള്ള മൂന്നു പ്രധാന ക്രിസ്തീ യ കോളജുകൾ ഇവരുടെ വകയാണു്. ഉൽകൃഷ്ടവിദ്യാഭ്യാ സം സംബന്ധിച്ചു അലക്സാണ്ടർ ഡഫ് (എ. ഡി. 1806-1878) ചെയ്തിട്ടുള്ള പരിശ്രമങ്ങൾ ഇൻഡ്യയുടെ വിദ്യാ

ഭ്യാസചരിത്രത്തിൽ ഒരു പ്രധാന സ്ഥാനം അർഹിക്കുന്ന വയാണ്. വിദ്യാഭ്യാസംമൂലം ഉയന്ന്ജാതി ഹൈന്ദവരു ടെ ചിന്താഗതിയിലേക്കു ക്രിസ്തുമതതത്വങ്ങൾ പ്രവേശി പ്പിക്കുന്നതിനാണ് ഡഫ് പല ഇംഗ്ളീഷ്വിദ്യാലയ ങ്ങൾ കൽക്കട്ടായിലും മററും ഏർപ്പെടുത്തുന്നതിനു ഉദ്യമി ച്ചതു്. ബ്രഹ്മസമാജസ്ഥാപകനായ രാജാരാമമോഹൻ റോയി, ഡഫിൻെറ ഈദൃശശ്രമങ്ങളിൽ വളരെ സഹായി ച്ചിട്ടുണ്ട്. ഡഫിൻെറ വേലയുടെ ഫലമായി കാളിമോ ഹൻ ബാനർജി, ലാൽബീഹാറി ഡെ ആദിയായ പല ബ്രാഹ്മണയുവാക്കന്മാർ ക്രിസ്തുമതം സ്വീകരിക്കുന്നതിനു് ഇടയായെന്നുള്ളതും ചാരിതാത്ഥ്യജനകം തന്നെ.

അലക്സാണ്ടർ ഡഫ് കൽക്കട്ടായിൽ ചെയ്തതുപോലെ യുള്ള ഒരു സുവിശേഷവേലയാണ്. ഡോക്ടർ ജോൺ വി ത്സൻ ബോംബെയിലും, ഡോക്ടർ വില്യം മില്ലർ മദ്രാസി ലും വിത്സൻ കോളജ്, മദ്രാസ് ക്രിസ്ത്യൻകോളജ് എന്നീ സ്ഥാപനകൾ മുഖാന്തരം ചെയ്തിട്ടുള്ളതു്. മദ്ധ്യഇൻഡ്യ യിൽ സ്റ്റീഫൻ ഹിസ്ലോപ്പ് എ. ഡി. 1844-ൽ ഒരു കോളജ് സ്ഥാപിച്ചതോടുകൂടെ ഇൻഡ്യയുടെ നാലു ഭാഗ ങ്ങളിലായി, സ്കോച്ചുമിഷൻെറ കീഴിൽ നാലു പ്രധാന മഹാപാഠശാലകളും വന്നുചേന്നു.

ഇൻഡ്യയിൽ ഇപ്പോൾ പല വിദേശമിഷനറിസമൂ ഹങ്ങൾ വേലചെയ്തുവരുന്നുണ്ട്.* ഇവയിൽ ഒരു നല്ല പങ്കു പത്തൊൻപതാംശതാബ്ദത്തിൻെറ പൂർവ്വഭാഗ ത്തോ, ഉത്തരഭാഗത്തോ ഈ രാജ്യത്തു പ്രവേശിച്ചിട്ടുള്ള വയാണ്. ഇവയുടെ എല്ലാം ചരിത്രം ചുരുക്കമായിട്ടുപോ ലും ഇവിടെ കുറിക്കുന്നതു ദുസ്സാദ്ധ്യമാകയാൽ മലയാളരാ ജ്യവുമായി കൂടുതൽ ബന്ധമുള്ള ഒന്നുരണ്ടു സമൂഹങ്ങളുടെ പ്രാരംഭചരിത്രംകൂടെ രേഖപ്പെടുത്തുന്നതുകൊണ്ടു തൃപ്തിപ്പെ ടേണ്ടിയിരിക്കുന്നു.

---

* ഇൻഡ്യ, ബർമ്മ, സിലോൺ എന്നീ രാജ്യങ്ങളിൽ സുവിശേ ഷവേലയിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിസമൂഹങ്ങളുടെയും മി

ഷനറിമാരുടെയും പട്ടിക—(1933-ലെ ജനസംഖ്യ ആസ്പദമാക്കി കണക്കെടുത്തതു്.

| സമൂഹങ്ങളുടെ സംഖ്യ | ഏതുരാജ്യത്തുനിന്നു് | മിഷനറിമാരുടെ സംഖ്യ |
|---|---|---|
| 65 | ബ്രിട്ടൻ | 3,139 |
| 53 | അമേരിക്ക (U. S. A) | 2,211 |
| 14 | യൂറോപ്പ് | 385 |
| 16 | കാനഡാ, ഓസ്ട്രേലിയ ആദിയായ ബ്രിട്ടീഷ് ഡൊമിനിയൻ രാജ്യങ്ങൾ— | 295 |
| 41 | ഇൻഡ്യാ (ബർമ്മായും സിലോണും ഒഴിച്ചു്) | 1,554 |

## 7. ബാസൽ മിഷൻ

ബാസൽ മിഷനറി സമൂഹത്തിന്റെ നായകനായ വിൽഹെലം ഹോഫ്മാന്റെ നിർദ്ദേശപ്രകാരം എ. ഡി. 1834-ൽ മംഗലാപുരത്തു പ്രസ്തുത സമൂഹം വിസ്തൃതമായ ഒരു സുവിശേഷപ്രയത്നത്തിന്റെ ആരംഭം ഇട്ടു. ഉടുപ്പി, മുൽക്കി, ഹുബ്ളി ആദിയായി തെക്കേകന്നാടകത്തിലുള്ള മററുചില സ്ഥലങ്ങളിലും താമസിയാതെതന്നെ മിഷനറിമാർ വന്നുതാമസിച്ചു സുവിശേഷം പ്രസംഗിച്ചുതുടങ്ങി. മംഗലാപുരത്തിനു തെക്കായി കിടക്കുന്ന മലയാളരാജ്യവും പ്രസ്തുത സമൂഹം അവകാശപ്പെട്ടുത്തി. തലശ്ശേരി (എ.ഡി. 1839), കണ്ണൂർ (എ. ഡി. 1841), കോഴിക്കോട്ട് (എ.ഡി. 1842), കൊടക്കൽ (എ. ഡി. 1857), പാലക്കാട്ട് എ.ഡി. 1858) എന്നീ പട്ടണങ്ങളിലെല്ലാം ചിലടത്തു വിദ്യാഭ്യാസ

സംബന്ധമായും മററു ചിലടത്തു കൈത്തൊഴിൽ സംബന്ധമായും, എല്ലായിടത്തും സുവിശേഷഘോഷണം മുൻനിൎത്തിയും അഭിനന്ദനീയമായ ഓരോവിധ പ്രവൎത്തനരീതികൾ സൃഷ്ടിച്ചു. ആദ്യകാലത്തെ പ്രവൎത്തകന്മാരുടെ കൂട്ടത്തിൽ ഭക്തനായ സാമുവൽ ഹെബിക്കിൻെറയും, മലയാള വ്യാകരണകൎത്താവായ ഗുണ്ടർട്ടിൻെറയും പേരുകൾ മലയാളക്രിസ്ത്യാനികൾ കൃതജ്ഞതാപുരസ്സരം നിത്യം സ്മരിക്കുന്നതാണ്. 'മനുഷ്യഹൃദയ'പ്പുസ്തകത്തിൻെറ കൎത്താവായ ഹെബിക്ക് മലയാളത്തുള്ള ക്രിസ്തീയ ബാലികാബാലന്മാൎക്കുപോലും പരിചയമുള്ള ഒരു മഹാനാണ്. ബാസൽമിഷൻെറ ശതവത്സരാഘോഷങ്ങൾ കഴിഞ്ഞവൎഷം (1934) കോഴിക്കോട്ടുവച്ചു് ആഡംബരപൂൎവ്വം നടക്കയുണ്ടായി. വിദ്യാഭ്യാസവിഷയത്തിൽ ബാസൽമിഷൻ മലബാറിലെങ്ങും അഭിനന്ദനീയമായ വിധത്തിൽ പ്രവൎത്തിച്ചുവരുന്നു.

വ്യവസായത്തിലുള്ള അവരുടെ പ്രവൎത്തനം മഹായുദ്ധശേഷം മന്ദീഭവിച്ചിട്ടുണ്ട്. മംഗലാപുരത്തു് ഒരു വൈദിക പാഠശാല നടത്തിവരുന്നു. ഈ സമൂഹവും സി. എസ്സ്. ഐ-യുമായി ഐക്യതയിൽ എത്തിച്ചേൎന്നിരിക്കുയാണ്.

## 8. അമേരിക്കൻ മിഷൻ

ദക്ഷിണഭാരതത്തിലെ ഐക്യസഭയുടെ ആവിർഭാവംമുതൽ മലയാളത്തുള്ള ചില സഭകൾ അമേരിക്കൻ കോൺഗ്രിഗേഷ്യനൽമിഷനുമായി സംബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇതിനെക്കുറിച്ചുകൂടെ രണ്ടുവാക്കു പറയേണ്ടതാണ്. ആദ്യമായി അമേരിക്കൻ ബോർഡ്ു് ജാഫ്നായിലാണ് ശ്രദ്ധ പതിച്ചതു്. എ. ഡി. 1833-ൻെറ ശേഷം മധുരഡിസ്ത്രിക്ടിൽ മധുര (1834), പളനിമല(1845), വെല്ലൂർ (1855), മദനപ്പള്ളി (1863) ആദിയായ സ്ഥലങ്ങളിൽ അവരുടെ സ്ഥാപനകൾ കണ്ടുതുടങ്ങി. വിദ്യാഭ്യാസ സംബന്ധമായി മധുരയും പളനിമലയും വെല്ലൂരും ആണ് ആധുനിക കാലത്തു അവരുടെ സ്വാധീനത്തിലിരിക്കുന്ന പ്രധാന

പട്ടണങ്ങൾ, അമേരിക്കൻ മധുരമിഷനു് മധുരയിൽ ഒരു ഒന്നാംഗ്രേഡു് കോളജും പശുമല ഒരു വൈദിക സെമ്മനാരിയും, അമേരിക്കൻ ആക്കോട്ടമിഷനു് വെല്ലൂരിൽ സ്ത്രീകൾക്കായുള്ള ഒരു ആസ്പത്രിയും, ഒരു കോളജും ചിറ്റൂരിൽ ഒരു ഗറത്സ്ഹൈസ്കൂളും കട്പാടിയിൽ ഒരു കൃഷിപരിശീലനശാലയും സമ്പത്തായിത്തീന്നിട്ടുണ്ടു്.

ഈ സമൂഹത്തിൻെറ ശതവത്സരാഘോഷം 1953-ൽ വിപുലപരിപാടികളോടുകൂടെ വെല്ലൂരിൽവച്ചു് നടത്തപ്പെട്ടു. ഈ മിഷൻെറ പ്രവത്തനഫലമായി ക്രിസ്തുമതത്തിലേക്കു ചേൻവന്നിട്ടുള്ളവർ സി. എസ്സ്. ഐ-യുടെ ഉത്ഭവത്തോടുകൂടെ അതിലേക്കു ലയിച്ചുചേന്നു.

## B. കത്തോലിക്കരുടെ ആധുനികചരിത്രം

കേരളത്തിലെ കത്തോലിക്കരുടെ ആധുനികചരിത്രം സംബന്ധിച്ചു് മി. കെ. ഇ. ജോബ് അവർകളുടെ ചരിത്രഗ്രന്ഥത്തിൽ * നിന്നു് ചില വിവരങ്ങൾ, താഴെ ഉദ്ധരിച്ചു ചേത്തിരിക്കുന്നു. 'കത്തോലിക്കസഭയിൽ അനേകം ഭാഷകളിലുള്ള ആരാധനക്രമങ്ങൾ നടപ്പിലിരിക്കുന്നുണ്ടെങ്കിലും അവയിൽ രണ്ടുമാത്രമേ കേരളത്തിൽ തൽക്കാലമുള്ളു. അവയിൽ ഒന്നു്, ഭൂരിപക്ഷം കത്തോലിക്ക ജനസംഖ്യ ഉൾപ്പെട്ടിരിക്കുന്ന ലത്തീൻറീത്തും, മറേറതു് യേശുക്രിസ്തുവിൻെറ മാതൃഭാഷയായിരുന്ന കൽദായസുറിയാനിഭാഷാറീത്തുമാണു്. 4,50,000 സിറിയൻ കത്തോലിക്കരും, 3,90,000 ലത്തീൻകത്തോലിക്കരുമാണു് ഇപ്പോൾ കേരളത്തിലുള്ളതു്. കേരളത്തിലെ ലത്തീൻകത്തോലിക്കർ വരാപ്പുഴ, കൊല്ലം, കൊച്ചി, കോഴിക്കോട്ടു് എന്നീ രൂപതകളിൽ ഉൾപ്പെട്ടുകിടക്കുന്നു. സിറിയൻകത്തോലിക്കരാകട്ടെ എറണാകുളം, തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നീ

* കേരളത്തിലെ ക്രിസ്തുമതം (രണ്ടാംപതിപ്പ്) ഗ്രന്ഥകത്താ കെ. ഇ. ജോബ്, എം. എ., എൽ. ററി. ചങ്ങനാശേരി, വില രൂപ 1, 1928.

ത്രുപതകളായിട്ടാണു് വിഭജിക്കപ്പെട്ടിരിക്കുന്നതു്. കൊച്ചിമിസ്സം ഒഴിച്ചുള്ള സകല ലത്തീൻത്രുപതകളുടെയും ഭരണം, റോമിൽ മാർപ്പാപ്പായുടെ ആദ്ധ്യക്ഷത്തിലുള്ള പൌരസ്ത്യ തിരുസംഘത്താലും (Congregatio de Propaganda Fide) സിറിയൻത്രുപതകളുടെ ഭരണം മാർപ്പാപ്പായുടെ ആദ്ധ്യക്ഷത്തിലുള്ള പൌരസ്ത്യതിരുസംഘത്താലും (Congregatio be Ecclesia Oriental) നടത്തപ്പെടുന്നു. കൊച്ചിമിസ്സത്തിൻെറ ഭരണമാകട്ടെ മാർപ്പാപ്പായുടെ കിഴിലുള്ള അസാധാരണ സഭാകാര്യങ്ങൾക്കായുള്ള തിരുസംഘത്താലാണു നടത്തപ്പെടുന്നതു്" (പുറം 192).

'കേരളീയ കത്തോലിക്കർ വളരെക്കാലത്തേക്കു കമ്മലീത്താ യൂറോപ്യൻസന്യാസികളുടെ ഭരണത്തിലിരുന്നതുമൂലം, നാട്ടുക്രിസ്ത്യാനികളുടെ ഇടയിലും ഏതാദൃശ സന്യാസ സഭകൾ ഉത്ഭവിക്കുന്നതിനിടയായി. സുറിയാനി കമ്മലീത്താ നിഷ്പാദുക മൂന്നാംസഭയാണു് ആദ്യമായി തുടങ്ങിയതു്. ഇപ്പോൾ ഈ സഭയിൽ 13 ആശ്രമങ്ങളും 120 വൈദികസന്യാസികളുമുണ്ടു്. വാരാപ്പുഴ അതിരൂപതയിലുള്ള ലത്തീൻകമ്മലീത്താ സന്യാസികൾ സംഖ്യയിൽ തുലോം കുറവാണു്. ഈ രണ്ടു സന്യാസസഭകൾമൂലം കത്തോലിക്കരുടെ സാഹിത്യസംബന്ധമായും, ആദ്ധ്യാത്മികമായുമുള്ള അനേക ആവശ്യങ്ങൾ നിർവ്വഹിക്കപ്പെട്ടുപോരുന്നു' (പുറം 199).

'യുവവിദ്യാർത്ഥികളുടെ അഭ്യുദയത്തെ ആസ്പദമാക്കി നടത്തപ്പെടുന്ന ഒരു സ്ഥാപനമാണു് എം. സി. എസ്സ്. എൽ. എന്നു വിളിക്കപ്പെട്ടുവരുന്ന കേരളീയ കത്തോലിക്കു് വിദ്യാർത്ഥി സഖ്യം. യൂറോപ്യൻദേശങ്ങളിലെ യുവജനസമാജങ്ങളുടെ ആദർശങ്ങളോടുകൂടെ നടത്തപ്പെടുന്ന ഈ സഖ്യത്തിനു് ഇപ്പോൾ ഇരുപതു ശാഖകളും 1200 അംഗങ്ങളുമുണ്ടു്.........ബാലികാബാലന്മാരുടെ ആദ്ധ്യാത്മികാഭിവൃദ്ധിയെ പുരസ്കരിച്ചു നടത്തപ്പെടുന്ന ഒരു സ്ഥാപനയാണു് കെ. സി. സി. എ. അഥവാ കേരള കത്തോലിക്കാബാല സംഘം. ഈ സംഘത്തിനു് ഇപ്പോൾ 442 ശാഖകളും 5304 അംഗങ്ങളുമുണ്ടു്.' (പുറം 200).

## C. 19-ാംശതാബ്ദാരംഭംമുതലുള്ള സുറിയാനിസഭയുടെ ചരിത്രം

കഴിഞ്ഞ നൂററാണ്ടിലെ സുറിയാനിസഭയുടെ ചരിത്രം മൂന്നു പ്രധാന വിഭാഗങ്ങളായി തിരിച്ചു ആലോചിക്കുന്നതു സൌകര്യപ്രദമാണ്.

1. ആംഗ്ലേയസഭയും സുറിയാനിസഭയും തമ്മിലുള്ള ബാന്ധവകാലം.

2. സുറിയാനിസഭയുടെ നവീകരണകാലം.

3. കക്ഷിവഴക്കിന്റെ കാലം.

## 1. ആംഗ്ലേയസഭയും സുറിയാനിസഭയും തമ്മിലുള്ള ബാന്ധവകാലം

ക്ലോഡിയസ് ബ്യൂക്കാനാൻ തിരുവിതാംകൂർ സന്ദർശിച്ചതിന്റെ ഫലമായി ആംഗ്ളിക്കൻസഭ പുരാതന സുറിയാനി സഭാകാര്യങ്ങളിൽ അഭിനന്ദനീയമായ വിധത്തിൽ സ്നേഹതാല്പര്യങ്ങൾ പ്രദർശിപ്പിക്കയും കാലക്രമേണ ചർച്ചു മിഷനറിസമൂഹം സുറിയാനിക്കാരുടെ ഇടയിൽ നല്ല ശമറിയക്കാരന്റെ ആത്മാവിൽ മഹത്തരമായ ഒരു ആത്മിക ശുശ്രൂഷ ആരംഭിക്കയും ചെയ്തു. സി. എം. എസ്സ്. മിഷനറിമാരായി ആദ്യം തിരുവിതാംകൂറിൽ വന്നെത്തിയതു് റവ: തോമസ് നോർട്ടൻ, റവ: ബഞ്ചമിൻ ബയലി, റവ: ജോസഫ് ഫെൻ, റവ: ഹെൻറി ബേക്കർ എന്നീ മഹാന്മാരാണ്. ആംഗ്ളേയസഭയുടെ ഒരു ശാഖ തിരുവിതാംകൂറിൽ സ്ഥാപിക്കുന്നതിനല്ല, പ്രത്യുത സുറിയാനിസഭയുടെ 'ശൂന്യസ്ഥല'ങ്ങൾ പണിതുറപ്പിച്ചു ആത്മികജീവൻനിറഞ്ഞ ഒരു സഭയാക്കിത്തീർക്കുന്നതിനായിട്ടു മാത്രമാണ്, ഈ മിഷനറിമാർ അയക്കപ്പെട്ടതെന്നു് എ. ഡി. 1817 ഒക്ടോബർ 28-ാംതീയതി ഇംഗ്ളണ്ടിലെ സി. എം എസ്സ്. ക

 മ്മററി അവക്കു കൊടുത്ത * നിർദ്ദേശങ്ങളിൽനിന്നു വ്യക്തമാകുന്നതാണു്.

1816 മുതൽ 1836 വരെ 20 വർഷക്കാലത്തോളം അത്യന്തം സൌഹാർദ്ദത്തോടുകൂടെ മിഷനറിമാർ സുറിയാനി മെത്രാന്മാരും സഭയുമായി സഹകരിച്ചുപോന്നു. എ. ഡി. 1813-ൽ മാർ ദീവന്നാസ്യോസ്സ് രണ്ടാമൻെറ കാലത്തു തിരുവിതാംകൂറിൽ ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കൎണ്ണൽ മൺറോയുടെ ഉത്സാഹത്തിൽ സ്ഥാപിച്ച 'പഴയസിമ്മേനാരി'യിൽ സുറിയാനിപ്പട്ടക്കാരെ വൈദികാഭ്യസനം ചെയ്യിപ്പിക്കുന്നതിനും, ഗ്രാമങ്ങൾതോറും പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിനും, വേദപുസ്തകം പള്ളിക്രമപുസ്തകം ആദിയായവ മലയാളത്തിലേക്കു തർജ്ജമ ചെയ്യുന്നതിനും മിഷനറിമാർ ഒരുമ്പെട്ടു. സഭാംഗങ്ങൾക്കു് വേദപുസ്തകജ്ഞാനം ഉണ്ടാകുന്നതിനായി സുറിയാനിപ്പള്ളികൾതോറും മിഷനറിമാർ നടന്നു് പ്രസംഗിക്കയും സണ്ടേസ്കൂളുകൾ ഏർപ്പെടുത്തുകയും ചെയ്തു. പുലിക്കോട്ടു് മാർ ദീവന്നാസ്യോസ്സ്, പുന്നത്ര മാർ ദീവന്നാസ്യോസ്സ് എന്നീ മെത്രാന്മാർ സഭയെ ഭരിച്ചിരുന്ന കാലത്തോളം സഭയുടെ എല്ലാ കാര്യങ്ങളിലും മിഷനറിമാരെ ആലോചനക്കാരായി സ്വീകരിച്ചിരുന്നു. എന്നാൽ ചേപ്പാട്ടു മെത്രാച്ചൻെറ ഭരണം ആരംഭിച്ചതോടുകൂടെ ഈ നയം ഭേദപ്പെട്ടു. ഇങ്ങനെയുള്ള ഒരു പതനത്തിൽ വരുന്നതിനിടയാക്കിയതു് മിഷനറിമാരുടെ ഉല്പതിഷ്ണുത്വവും മെത്രാൻ അവർകളുടെ യാഥാസ്ഥിതികത്വവും നിമിത്തം ഇരുപാട്ടുകാൎക്കും പരസ്പരമുണ്ടായ സംശയങ്ങളും രസക്ഷയവുമാണെന്നു കാണുന്നു. എ. ഡി. 1835-ൽ മാവേലിക്കരെ കൂടിയ ഒരു യോഗം മേലാൽ ആംഗ്ലേയ മിഷനറിമാർ സുറിയാനിസഭയിൽ പ്രവൎത്തിച്ചുകൂടാ എന്നു് തീരുമാനിച്ചതോടുകൂടെ, 'ഞങ്ങൾ ഇതാ പുറജാതികളിലേക്കു തിരിയുന്നു' എന്ന ചിന്തയോടുകൂടെ സി. എം. എസ്സ്. മിഷനറിമാർ തിരുവിതാംകൂറി

---

* Quoted in the "Indian Christians of St. Thomas" by W. J. Richards, D. D. P. 21.

ലെ ക്രിസ്ത്യേതരരുടെ ഇടയിൽ വേല ആരംഭിച്ചു. എ. ഡി. 1840-ൽ അതുവരെ പൊതുവിൽ അനുഭവിച്ചുവന്നിരുന്ന വസ്തുവകകളിൽ ചിലതെല്ലാം മിഷനറിമാരുടെ അധീനത്തിലും, ബാക്കിയുള്ളതു സുറിയാനിക്കാരുടെ വിദ്യാഭ്യാസത്തിനായി സുറിയാനിമെത്രാന്മാരുടെ പേരിലും ഗവൺമെൻറിൽനിന്നു് നിയമിക്കപ്പെട്ട ഒരു പഞ്ചായത്തുകോടതിയുടെ വിധിപ്രകാരം ഭാഗിച്ചുകൊടുത്തു.

## 2. നവീകരണ കാലം

മിഷനറിമാരുടെ വേല തുടന്നുകൊണ്ടുപോകുന്നതിൽ മേൽകാണിച്ചപ്രകാരം സുറിയാനിസഭ അതൃപ്തി പ്രദർശിപ്പിച്ചെങ്കിലും സഭയിലെ ഇളംതലമുറയിൽ അവർ വിതച്ച വിത്തു നിഷ്ഫലമായില്ല. വൈദികന്മാരിലും ജനങ്ങളിലും ഒരുക്കൂട്ടം സി. എം. എസ്സിൽ തന്നെ ചേർന്നുനിന്നു. എന്നാൽ മാതൃസഭയോടുള്ള സ്നേഹംകൊണ്ടു് അതിനെ ഉപേക്ഷിക്കാതെ, നവീകരിച്ചു് സുവിശേഷവിഹിതമായ ഒരു ശക്തിയുള്ള സഭയാക്കിത്തീക്കാമെന്നുള്ള ഒരു ആത്മികദർശനം ലഭിച്ചവരുടെ നായകനായി പാലക്കുന്നത്തു് ബ: അബ്രഹാം മല്പാനച്ചനെ ഗണിക്കാവുന്നതാണു്.

സഭയുടെ വിശ്വാസങ്ങളിലും ആചാരങ്ങളിലും ഇടക്കാലത്തു കടന്നുകൂടിയ ദൂഷ്യങ്ങൾ മാററി ആദ്യകാലത്തെന്നപോലെ വേദപുസ്തകാനുസരണമായ ഒരു സഭയാക്കിത്തീക്കുന്നതിനു് മല്പാനച്ചൻ ആഗ്രഹിച്ചു. മരിച്ചവക്കവേണ്ടിയുള്ള കുർബാന, ചാത്തം, പരിശുദ്ധന്മാരോടുള്ള അപേക്ഷ ആദിയായവ നിർത്തൽചെയ്ക, ആരാധന ജനങ്ങൾക്കു സുഗ്രാഹ്യമാക്കുന്നതിനായി തക്സാ മലയാളത്തിൽ ആക്കുക, വി: കുർബാന രണ്ടായി കൊടുക്കുക, പ്രസംഗം വഴിയായും സണ്ടേസ്കൂൾ വഴിയായും വേദപുസ്തകപരിജ്ഞാനം ജനങ്ങൾക്കു നൽകുക, ഇവയെല്ലാം സഭയിൽ സാധിക്കുന്നതിനാണു് പരിഷ്കാരേച്ഛുവും ഭക്തനും ആയ മല്പാനച്ചൻ ശ്രമിച്ചതു്. തൻെറ ആധീനത്തിൽ ഇരുന്ന മാരാമണ്ണുപള്ളിയിൽ മേൽക്കാണിച്ച വഴികളിൽക്കൂടി

ആരംഭിച്ച നവീകരണം കാലക്രമേണ ഇതരഇടവകകളി ലും മലങ്കര ഒട്ടുക്കുതന്നെയും വ്യാപിക്കുന്നതിനിടയായി.

തന്റെ അനന്തിരവനും ബുദ്ധിസാമത്ഥ്യം, ഭരണവിശേഷം, കാര്യപ്രാപ്തി ആദിയായ യോഗ്യതകളാൽ സുറിയാനിക്കാരുടെ ഒരു വീരപുരുഷനായിത്തീർന്നിരിക്കുന്ന ദേഹവുമായ പാലക്കുന്നത്തു മത്യൂസ് മാർ അത്താനാസ്യോസിന്റെ ഭരണകാലത്താണ് നവീകരണോദ്യമം സഭയിൽ പ്രബലപ്പെട്ടുകയും, നവീകരണേച്ഛുക്കൾ ഒന്നിച്ചു നിൽക്കയും ചെയ്യുന്നതിനിടയായതു്. ഇദ്ദേഹം അന്ത്യോഖ്യാ പാത്രിയക്കീസിൽനിന്നു മെത്രാസ്ഥാനം സ്വീകരിച്ചു, രാജകീയ വിളംബരത്താൽ മലങ്കരമെത്രാപ്പോലീത്തായായി പ്രഖ്യാപനം ചെയ്യപ്പെട്ടു് മലങ്കരസഭയിൽ പ്രതാപത്തോടുകൂടെ ഭരിച്ചിരുന്ന കാലഘട്ടം സുറിയാനിക്കാർ പ്രശംസാപൂർവ്വം സ്മരിക്കുന്നതാണു്.

മലങ്കര മെത്രാൻസ്ഥാനത്തേക്കു മററു് അവകാശികളും ഉണ്ടായിരുന്നതിനാൽ മാർ അത്താനാസ്യോസ്സു് മരിക്കുന്നതുവരെ പ്രതിപക്ഷകക്ഷികളുമായുള്ള അവകാശയുദ്ധം നടന്നുകൊണ്ടിരുന്നു. മിഷനറിമാരുമായി ഭിന്നിച്ചുമാറിയ ചേപ്പാട്ടു് മാർ ദീവന്നാസ്യോസ്സു്, പാത്രിയക്കീസിന്റെ പ്രതിനിധി ആയി വന്നെത്തിയ മാർ കൂറിലോസ്സു്, ഡയർബക്കറിലെ മാർ ഇഗ്നാത്യോസ്സു്, യാക്കോബു ദ്വിതീയൻ പാത്രിയക്കീസിൽനിന്നു മെത്രാൻപട്ടം ഏററു് മാർ ദീവന്നാസ്യോസ്സു് അഞ്ചാമൻ എന്ന സ്ഥാനപ്പേരു് സ്വീകരിച്ച പുലിക്കോട്ടു് മാർയോസേഫ് ദീവന്നാസ്യോസ്സു് എന്നിവരിൽ ഓരോരുത്തരും മാത്യൂസ്സ് മാർ അത്താനാസ്യോസും തമ്മിൽ ഓരോ കാലത്തു് അവകാശത്തക്കം ഉണ്ടായിട്ടുണ്ടു്. പ്രസ്തുത വാദം സംബന്ധിച്ചു് പാത്രിയക്കീസുബാവായുടെ അടുക്കലും ഗവമ്മേൻറിലും അനേക ഹർജികൾ അയച്ചിരുന്നു. അന്ത്യോഖ്യായുടെ മോറാൻ മാർ ഇഗ്നാത്യോസ്സു് പത്രോസ്സു് തൃതീയൻ പാത്രിയക്കീസുബാവാ ലണ്ടനിൽ പോയി ഈസ്റ്റ്ഇൻഡ്യാക്കമ്പനിയുടെ ബോർഡ്സു് ഓഫ് ഡയറക്ടേഴ്സിനെ കണ്ടു സങ്കടം ബോധിപ്പിച്ചതിന്റെ ഫലമായി മതവിഷയങ്ങളിൽ ഗവമ്മേൻറു പ്രവേശിച്ചു

കൂടാ എന്നും, മെത്രാനെ അനുസരിക്കയോ, അനുസരിക്കാതിരിക്കയോ ചെയ്യുന്നതു ജനങ്ങളുടെ ഇഷ്ടത്തിനു വിടേണ്ടതാണെന്നും കാണിച്ച് കമ്പനിയുടെ നായകസംഘം ഇൻഡ്യയിലെ ഉദ്യോഗസ്ഥന്മാക്ക് ആജ്ഞനൽകുകയും, തൽഫലമായി മാത്യൂസ് മാർ അത്താനാസ്യോസിനു് ഗവർമ്മെൻറിൽനിന്നു് (എ. ഡി. 1852-ൽ) ലഭിച്ച തിരുവെഴുത്തുവിളംബരം ദുർബലമാകയും ചെയ്തു. ബാവാ മലങ്കര സന്ദശിച്ച് എ. ഡി. 1876-ൽ (കൊ. വ. 1051-ൽ) മുളന്തുരുത്തിയിൽ കൂടിയ ഒരു സുന്നഹദോസ് മുഖാന്തരം പാത്രിയക്കീസിൻെറ അധികാരാവകാശങ്ങൾ സംരക്ഷിക്കയും, ആറു മെത്രാന്മാരെ പുതിയതായി അഭിഷേകം ചെയ്കയും ചെയ്തു. മാർ തോമസ്സ് അത്താനാസ്യോസ്സ് എന്ന പേരിൽ തൻെറ ചാർച്ചയിൽപെട്ട ഒരു സഹോദരനെ പിൻഗാമി ആയി വാഴിച്ചശേഷം, എ.ഡി. 1877-ൽ (കൊ. വ. 1052-ൽ) മാത്യൂസ് മാർ അത്താനാസ്യോസ്സ് ഇഹലോകവാസം വെടിഞ്ഞു.

കക്ഷിവഴക്കു വ്യവഹാരമായി പരിണമിച്ചതു മാത്യൂസ് മാർ അത്താനാസ്യോസിൻെറ മരണശേഷമാണ്. ഇദ്ദേഹത്തിൻെറ സ്വഭാവത്തെക്കുറിച്ച് വിപരീതാഭിപ്രായങ്ങൾ പ്രകടിപ്പിച്ചുവരാറുണ്ടെങ്കിലും, യാതൊരുവനും അദ്ദേഹത്തിൻെറ പൌരുഷത്തേയും സ്വജാതിസ്നേഹത്തേയും ഹൃദയശുദ്ധിയേയും അഭിനന്ദിക്കാതെയിരിക്കയില്ല. മലങ്കരയിലെ വിക്ലിഫ് എന്ന പേരിനു യോഗ്യനായിത്തീന്നിരിക്കുന്ന ബ: അബ്രഹാം മല്പാൻെറ നവീകരണതത്വങ്ങൾ മലങ്കരയുടെ നാനാഭാഗത്തും പ്രചരിപ്പിക്കുന്നതിനും, വേരുറപ്പിക്കുന്നതിനും, മാത്യൂസ് മാർ അത്താനാസ്യോസ്സ് വളരെ സഹായിച്ചിട്ടുണ്ടെന്നുള്ളതിനു രണ്ടുപക്ഷമില്ല.

## 3. കക്ഷി വഴക്കിൻെറ കാലം

സുറിയാനിസഭയിലെ കക്ഷിവഴക്ക് ഇന്നുവരെ അവസാനിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഈ കാലഘട്ടത്തിനു് ഒരു അതിർത്തി കല്പിക്കുന്നതു പ്രയാസമാണ്. എങ്കിലും മാത്യൂസ് മാർ അത്താനാസ്യോസിൻെറ കാലംമുതലുള്ള ചരിത്രമാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്.

മാത്യൂസ് മാർ അത്താനാസ്യോസിൻെറ പിൻഗാമി ആയ മാർ തോമസ് അത്താനാസ്യോസ് ഭരണം തുടങ്ങിയതോടുകൂടെ ഇദ്ദേഹത്തെ പ്രതിയാക്കി മലങ്കരമെത്രാപ്പോലീത്തായുടെ സ്ഥാനവും അവകാശവും തനിക്കുള്ളതാണെന്നു കാണിച്ചു് മാർ യോസേപ്പു ദീവന്നാസ്യോസ് ഒരു വ്യവഹാരം നടത്തി.

സുറിയാനിസഭയിലെ ഒന്നാമത്തെ പ്രധാന സിവിൽ വ്യവഹാരമായ പ്രസ്തുത വ്യവഹാരത്തിൻെറ ചരിത്രം മിസ്റ്റർ ഇ. എം. പിലിപ്പോസിൻെറ ചരിത്രത്തിൽനിന്നു് ഉദ്ധരിച്ചുകൊള്ളട്ടെ.

"സുറിയാനിസഭയുടെ മാഗ്നാകാർട്ടാ എന്നു ശരിയായി ഗണിക്കപ്പെടുന്ന 1876-ലെ രാജകീയ വിളംബരം ഭിന്നപക്ഷക്കാർ സിവിൽകോടതി മുഖാന്തരം അവരുടെ അവകാശവാദങ്ങൾ സ്ഥാപിച്ചുകൊള്ളണമെന്നു് ആജ്ഞാപിച്ചു. പള്ളികളുടെയും പള്ളിസ്വത്തുക്കളുടെയും കൈവശം മാത്യൂസ് മാർ അത്താനാസ്യോസിനായിരുന്നു. അദ്ദേഹത്തിൻെറ മരണാനന്തരം ഈ അവകാശം അദ്ദേഹത്തിൻെറ പിതൃസഹോദരപുത്രനായ മാർ തോമസ് അത്താനാസ്യോസിനു ലഭിച്ചു. പഴയ വിളംബരം അസ്ഥിരപ്പെടുത്തിയപ്പോൾ നിലവിലിരുന്ന കൈവശത്തിനു ഭേദം ചെയ്തില്ല. അതിനാൽ സിവിൽവ്യവഹാരം അത്യന്താപേക്ഷിതമായിത്തീർന്നു. ആയതു മാർ ദീവന്നാസ്യോസ് അഞ്ചാമൻ വാദിയായും മാർ തോമസ് അത്താനാസ്യോസും അദ്ദേഹത്തിൻെറ കൂട്ടട്രസ്റ്റികളും പ്രതികളായും 1879-ൽ ആലപ്പുഴ ഡിസ്ട്രിക്ട് കോടതിയിൽ ഫയൽ ചെയ്തു. ഈ കേസ് രണ്ടു കാര്യങ്ങൾ നേടണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടെ കൊടുത്തതായിരുന്നു. അതായതു വാദിയുടെ അപ്പൊസ്തലികാധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ നിയമനാവകാശവഴി സിദ്ധിച്ചിട്ടുള്ളതാണെന്നു സ്ഥാപിച്ചുകിട്ടുകയും, യാക്കോബായ സുറിയാനി സമുദായത്തിൻെറ പൊതുവായ ഉപയോഗത്തിലേക്കു മുമ്പിനാലെ ഉദ്ദേശിച്ചിട്ടുള്ള കോട്ടയം സിമ്മനാരിയും അതിനോടു ചേർന്ന സ്വത്തുക്കളും വീണ്ടെടുക്കുകയും ചെയ്യുക. ഇതു് ഒരു വലിയ വ്യ

വഹാരമായിരുന്നു. അസ്സൽ, അപ്പീൽ, റോയൽ അപ്പീൽ ഇങ്ങനെ മൂന്നു കോടതികളിലായി പത്തു വർഷത്തേക്കു് ഈ വ്യവഹാരം നീണ്ടുകിടന്നു......മൂന്നു കോടതികളിലായി ഈ കേസു കേട്ട ആറു ജഡ്ജിമാരിൽ ഒരാൾ ഒഴിച്ചു് ബാക്കി എല്ലാവരും ഏകാഭിപ്രായമായി അന്യായപ്രകാരം വിധിച്ചു. കുറഞ്ഞപക്ഷം 1665 മുതൽ അന്ത്യോഖ്യാ പാത്രിയക്കീസ് സുറിയാനിസഭയുടെ അംഗീകൃത തലവനാണെന്നും, ഒരു മെത്രാൻെറ സാധുവായ സ്ഥാനത്തിനു് അന്ത്യോഖ്യാ പാത്രിയക്കീസിൻെറയോ, അദ്ദേഹത്തിൻെറ അധികൃത പ്രതിനിധിയുടെയോ കൈവെപ്പു് അത്യന്താപേക്ഷിതമാണെന്നു സുറിയാനി സമുദായവും സുറിയാനി മെത്രാന്മാരും എല്ലാക്കാലത്തും ദൃഢമായി വിശ്വസിച്ചിരുന്നുവെന്നും, മാർ ദീവന്നാസ്യോസ് അഞ്ചാമൻ ഇപ്രകാരമുള്ള ഒരു മെത്രാനാണെന്നും, പ്രതിയായ മാർ തോമസ് അത്താനാസ്യോസ് സാധുവായ കൈവയ്പുള്ള ഒരു മേല്പട്ടക്കാരനല്ലെന്നും, അന്യായപ്പട്ടികവസ്തുക്കൾ അന്ത്യോഖ്യാസിംഹാസനത്തിനുകീഴുള്ള സമുദായത്തിൻെറ ഉപയോഗത്തിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെന്നും ജഡ്ജിമാർ തീർച്ചപ്പെടുത്തി.'' (പുറം 235-237). അവസാന അപ്പീൽകോടതിയിൽ കേസ് കേട്ട ഏക ക്രിസ്ത്യാനിജഡ്ജിയായ ഡാക്ടർ ഓറംസ്ബി പ്രതിയുടെ വാദമനുസരിച്ചു സുറിയാനിസഭ അന്ത്യോഖ്യയിൽനിന്നു സ്വാതന്ത്ര്യയാണെന്നു് അഭിപ്രായപ്പെട്ടിട്ടുള്ളതു സ്മർത്തവ്യമാണു്. ഏതായാലും ഈ വിധിയോടുകൂടെ നവീകരണക്കാരും പ്രതിയുടെ കക്ഷി ചേൎന്നു നിന്നവരും ആയ മാർത്തോമ്മാക്കാർക്കു് ഒട്ടുവളരെ പള്ളികളും പള്ളിസ്വത്തുക്കളും അവകാശപദവികളും നഷ്ടമായി. ഓരോ പൎവ്വതത്തിൽനിന്നു പുറപ്പെട്ടു് അനേക അരുവികൾ ഒന്നിച്ചുചേൎന്നു് ഊക്കോടും വിസ്താരത്തിലും അനേകമൈൽ ദൂരം ഏക ജലപ്രവാഹമായി ഒഴുകിപ്പോകുന്ന ഒരു നദി രണ്ടു കൈവഴികളായി പിരിഞ്ഞു് അകലുന്നതുപോലെ, യാക്കോബായ, മാർത്തോമ്മാ എന്നിങ്ങനെ രണ്ടു ശാഖകളായി കുറേക്കാലം മുമ്പുതന്നെ ഭിന്നിച്ചിരുന്ന സുറിയാനിസഭ പ്രസ്തുത വിധി മൂലം രണ്ടു പ്രത്യേക സമൂഹങ്ങളായി തിരിയുന്നതിനിടയായി.

ഇതിനെ തുടൎന്നു യാക്കോബായ സഭയിൽത്തന്നെ അ ടുത്ത കാലത്തു മെത്രാൻകക്ഷി, ബാവാകക്ഷി എന്നിങ്ങനെ രണ്ടു കക്ഷികൾ സുറിയാനിസഭയുടെ ഒരു പൊതുസ്വത്താ യി ബ്രിട്ടീഷ്ഖജനാവിൽ അനാമത്തായി കിടന്നിരുന്നതും വട്ടിക്കിട്ടിരുന്നതും ആയ ഒരു നിക്ഷേപധനം പ്രമാണിച്ച് അനേകവർഷങ്ങളായി നടത്തിക്കൊണ്ടുപോന്ന 'വട്ടിപ്പണ ക്കേസ്" ആധുനിക ചരിത്രത്തിൽപ്പെട്ടതാകയാൽ ഇവിടെ വിവരിക്കുന്നില്ല. എന്നിരുന്നാലും പാത്രിയർക്കീസ്ബാവാ യ്ക്കു് മലങ്കര യാക്കോബായ സഭയിന്മേലുള്ള അധികാര ത്തിൻെറ സ്വഭാവം ആണ് പ്രസ്തുത വ്യവഹാരത്തിലെ സ ൎവ്വപ്രധാനമായ വാദവിഷയമെന്നും, കീഴ്ക്കോർട്ടിൽ ബാ വാകക്ഷികൾക്കു് മിക്കവാറും പൂൎണ്ണവിജയം സിദ്ധിച്ചുവെ ന്നും, എന്നാൽ ഹൈക്കോടതിയുടെ പുനഃപരിശോധന യിൽ മെത്രാൻകക്ഷിയുടെ വാദത്തിനു ഗണ്യമായ ആനുകൂ ല്യം ഉണ്ടായിട്ടുണ്ടെന്നും ഉള്ള വസ്തുത പ്രസ്താവ്യമാണ്.

ബുദ്ധിശക്തി, കാൎയ്യശേഷി, സമുദായസ്നേഹം ആദി യായവ നോക്കുന്നപക്ഷം വട്ടിപ്പണക്കേസിൽ പ്രധാന വാ ദിപ്രതികളായിരുന്ന മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, മലങ്കര മല്പാൻ കോനാട്ടു് മാത്തൻ ക ത്തനാർ, മിസ്റ്റർ സി. ജെ. കുര്യൻ എന്നീ മഹാന്മാർ ഏ തൊരു സമുദായത്തിനും ഭൂഷണമായിരിക്കുന്നതാണ്. പ്ര ത്യേകിച്ച് 1934 ഫെബ്രുവരി 23-ാംതീയതി കാലം ചെ യ്ത മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഓർത്തഡോ ക്സ് സുറിയാനിസഭയുടെ അഭിമാനസ്തംഭമായി ഗണിക്കാവു ന്ന ഒരു പുണ്യശ്ലോകനത്രേ. 1858-ൽ ഭൂജാതനായ ഇദ്ദേ ഹം 1908-ൽ മെത്രാൻസ്ഥാനത്തു് അവരോധിക്കപ്പെടുക യും, അടുത്ത വർഷം പുലിക്കോട്ടു ജോസഫ് മാർ ദീവ ന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മരണശേഷം മലങ്കര മെത്രാപ്പോലീത്താ ആയി ഉയൎത്തപ്പെടുകയും ചെയ്തു. കാൽ ശതാബ്ദത്തോളം നീണ്ടുനിന്ന ഇദ്ദേഹത്തിൻെറ ഭരണ കാലത്തു സഭയിൽ പലവിധ പരിഷ്ക്കാരങ്ങൾ നടപ്പിൽ വന്നിട്ടുണ്ടു്. വൈസ്രോയിയായ ഇർവിൻപ്രഭു, ബിഷോ പ്പു് ഫോർ, ഇൻഡ്യയുടെ മെത്രാപ്പോലീത്താ ഡാക്ടർ വെ

സ്റ്റ്കോട്ട് ആദിയായ മഹാന്മാർ സുറിയാനിസഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനു ചെയ്ത ശ്രമങ്ങൾ സഫലമാകാഞ്ഞതിനാൽ മോശയെപ്പോലെ വാഗ്ദത്തനാട്ട ദൂരെനിന്നു് ഒരു നോക്കു കാണുന്നതിനുള്ള ഭാഗ്യം മാത്രമെ ഇദ്ദേഹത്തിനു ലഭിച്ചുള്ളൂ. ദിവംഗതനായ ഈ ഋഷിവര്യനെപ്പോലെ അഗാധമായ ബുദ്ധിശക്തി, ദൈവഭക്തി, വേദശാസ്ത്ര പാണ്ഡിത്യം, വീക്ഷണശക്തി, വിപദിധൈര്യം, ജീവിതനൈർമ്മല്യം എന്നിവ ഒരാളിൽ ഏകോപിച്ചു പ്രശോഭിച്ചിരുന്ന മേല്പട്ടക്കാരുടെ സംഖ്യ മലങ്കരസഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിൽ തുലോം ചുരുക്കമത്രെ. ഇദ്ദേഹത്തിൻെറ കാലത്തെ ഒരു പ്രധാന സംഭവം മലങ്കര ഒരു കാതോലിക്കാസിംഹാസനം സൃഷ്ടിച്ചു് നി. വ. ദി. ശ്രീ. മോറാൻ മാർ ബസേലിയോസ് ബാവാ അവർകളെ പൌരസ്ത്യ കാതോലിക്കായായി വാഴിച്ചതത്രെ.

പൗരസ്ത്യ കാതോലിക്കായായി വാഴിക്കപ്പെട്ട നി. വ. ദി. മ. ശ്രീ മോറാൻ മാർ ബസേലിയോസ് ബാവാ തിരുമനസ്സിലെ അക്ഷീണയത്നഫലമായി മെത്രാൻകക്ഷിക്കാർ നിരന്തരം എല്ലാ രംഗങ്ങളിലും അഭിവൃദ്ധിപ്രാപിച്ചുവരുന്നു. 1952-ൽ ബാവാക്കക്ഷിയുമായുള്ള വ്യവഹാരത്തിൻെറ തീർപ്പു് ഗവണ്മെൻറു തീരുമാനിച്ചതിൻെറ ശേഷം, മെത്രാൻപാർട്ടി തങ്ങളുടെ തോൽവിയെ വിജയമായി ഗണിച്ചുകൊണ്ടു സഭയുടെ നിലനില്പിനും സുവിശേഷീകരണത്തിനുംവേണ്ടി പ്രയത്നിച്ചുവരുന്നു. തങ്ങളെ "ഓർത്തഡോക്സ്കാർ" എന്നു വിളിക്കുന്നതിൽ അവർ താല്പര്യം പ്രകടിപ്പിക്കുന്നു എന്നു മാത്രമല്ല, തങ്ങളുടെ സംജ്ഞയായി അതു സ്വീകരിക്കയും ചെയ്തിട്ടുണ്ടു്. ഇരുകക്ഷികളുടേയും യോജിപ്പിനുവേണ്ടി ഏതാനും യുവസ്നേഹിതന്മാർ ചെയ്ത എല്ലാ പരിശ്രമങ്ങളും വിഫലമാകുകയാണുണ്ടായതു്. പ. കാതോലിക്കാബാവായുടെ കീഴിൽ 1953-ൽ അഭിഷേകം ചെയ്യപ്പെട്ട അഞ്ചു മെത്രാന്മാരുൾപ്പെടെ പത്തു മെത്രാന്മാരും 400-ൽപരം പട്ടക്കാരും 400 ഓളം ഇടവകകളും 4 ലക്ഷത്തിലധികം ആളുകളും ഇപ്പോൾ ഉണ്ടു്. സഭവകയായി ഒരു കോളജും, ഒരു സെമിനാരിയും, പല ഹൈ

സ്കൂളുകളും ഇതര വിദ്യാഭ്യാസ സ്ഥാപനകളും നടത്തിവരുന്നു. നി. വ. ദി. ശ്രീ. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ മേൽനോട്ടത്തിൽ "സ്ലീബാദാസ സമൂഹം" ശക്തിയായ സുവിശേഷവേല ചെയ്തുവരുന്നു. 19000-ൽ പരം അക്രൈസ്തവർ യേശുക്രിസ്തുവിനെ സ്വീകരിക്കുന്നതിന് ഇതുമൂലം ഇടയായിട്ടുണ്ട്. സൺഡേസ്കൂൾ പ്രസ്ഥാനം, യുവജനപ്രസ്ഥാനങ്ങൾ, സ്ത്രീകളുടെയിടയിലെ വേല ഇവയെല്ലാം കാര്യമായി ഇക്കാലയളവിൽ ശക്തി പ്രാപിച്ചിട്ടുണ്ട്.

ബാവാകക്ഷിക്കാർ "യാക്കോബായക്കാർ" എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്നു. അവരുടെ പ്രബലകേന്ദ്രങ്ങൾ പലതും ഉത്തരതിരുവിതാംകൂറിലും കൊച്ചിയിലുമായിട്ടാണ്. നി. വ. ദി. മ. ശ്രീ മാർ യൂലിയോസ് മെത്രാനും (പാത്രിയക്കീസ്ബാവായുടെപ്രതിനിധിയായിട്ട്) അദ്ദേഹത്തോടുകൂടെ നാലു മെത്രാന്മാരും ചേർന്ന് സഭാകാര്യങ്ങൾ നടത്തിവരുന്നു. ഏകദേശം 380-ൽപരം പട്ടക്കാരും 425 ഓളം ഇടവകകളും, 6 സന്യാസാശ്രമങ്ങളും, 6 വൈദിക സെമ്മനാരികളും, ഒരു കോളജും, പല വിദ്യാഭ്യാസ സ്ഥാപനകളും ഇന്ന് ഈ സഭയ്ക്കുണ്ട്. സുറിയാനിസമുദായത്തിലെ കക്ഷിവഴക്കിൽ പ്രസ്തുത പക്ഷക്കാർക്ക് അനുകൂലമായിട്ടാണ് ഇപ്പോൾ ഗവമ്മെൻറു വിധിയുണ്ടായിരിക്കുന്നതു്.

ഈ സഭപോലെതന്നെ മലങ്കര ക്നാനായ സമുദായവും തങ്ങളുടെ മെത്രാൻെറ കീഴിലായി പാത്രിയക്കീസ് ബാവായ്ക്കു് കീഴടങ്ങിനിൽക്കുന്നു. അവരുടെ കേന്ദ്രസ്ഥാനം കോട്ടയത്തിനടുത്തുള്ള ചിങ്ങവനം എന്ന പട്ടണമാണ്. ഈ സഭയ്ക്കു 27 ഇടവകകളും, 28 പട്ടക്കാരും, 30000-ൽ പരം ജനങ്ങളുമുണ്ട്.

മലങ്കര മാർത്തോമ്മാ സുറിയാനിസഭയും, ഭാരതീയ സുവിശേഷഘോഷണത്തിൽ അതിൻെറ ചുമതല നിവ്വഹിക്കുന്നതിനു് ആവോളം പരിശ്രമിക്കുന്നുണ്ട്. സഭ വകയായുള്ള സുവിശേഷസംഘം 1888-ൽ സ്ഥാപിതമായി. അതിൻെറ ആഭിമുഖ്യത്തിൽ തിരുവിതാംകൂറിലും വെളിയിലുമായി പല സ്ഥലങ്ങളിൽ സുവിശേഷവേല ചെയ്തുവരു

ന്നു. ഹോറണോവാർ, പാലക്കാട്ട്, ഹോസ്സ്കോട്ട്, സീഹോറാ, റീവാ, നീപ്പാൾ, മഹാസമുണ്ട്, ആദിയായ സ്ഥലങ്ങളിൽ ആശ്രമം മുഖേനയും, വിദ്യാഭ്യാസ സ്ഥാപനകൾ, ആതുരശാലകൾ മുതലായവയിൽക്കൂടിയും സുവിശേഷവേല നടത്തിവരുന്നു. ലോകപ്രസിദ്ധമായ മാരാമൺ കൺവൻഷൻ മുഖാന്തരം, എല്ലാ വർഷവും അനേകായിരം ആത്മാക്കൾക്കു സുവിശേഷദൂതു് കേൾക്കുന്നതിനു് ഇടയാകുന്നുണ്ടു്. സഭ വകയായി ഇപ്പോൾ രണ്ടു കോളജുകളും, അനേകം ഇതര വിദ്യാഭ്യാസ സ്ഥാപനകളും, ആശുപത്രികൾ, അനാഥശാലകൾ മുതലായവയും നടത്തിവരുന്നു. കൂടാതെ ഒരു ബൈബിൾപാഠശാലയും, ഒരു സെമിനാരിയും സഭ വകയായിട്ടുണ്ടു്. ഇപ്പോഴത്തെ മെത്രാപ്പോലീത്താ നി. വ. ദി. ശ്രീ. യൂഹാനോൻ മാർത്തോമ്മാ തിരുമനസ്സുകൊണ്ടാണു്. അദ്ദേഹത്തെ സഹായിക്കുന്നതിനായി നാലു മെത്രാന്മാരും 180 ഓളം പട്ടക്കാരും ഉണ്ടു്. ഏകദേശം 300-ൽപരം ഇടവകകളും 500-ൽ കൂടുതൽ സൺഡേസ്കൂളുകളും 2 ലക്ഷത്തോളം ജനങ്ങളും സഭയിലുണ്ടു്.

ഇതുകൂടാതെ തോഴിയൂരുള്ള മലബാർ സ്വതന്ത്ര സുറിയാനിസഭ തങ്ങളുടെ മെത്രാപ്പോലീത്തായുടെ കീഴിൽ, പുരാതന സഭയുടെ ഒരു ശാഖയായി പരിലസിക്കുന്നു. ഇപ്പോൾ 6 ഇടവകകളും 10 ഓളം പട്ടക്കാരും ഏകദേശം 2000 ജനങ്ങളും സഭയിലുണ്ടു്. ഈ സഭ മാർത്തോമ്മാസഭയുമായി സ്നേഹബന്ധത്തിലാണെന്നുമാത്രമല്ല, പരസ്പരം മെത്രാൻസ്ഥാനാഭിഷേകത്തിൽ പങ്കെടുക്കുകയും ചെയ്യുന്നുണ്ടു്.

തൃശ്ശൂരുള്ള കൽദായ സുറിയാനിസഭയ്ക്കു 1951-ൽ ഇറാക്കിൽനിന്നും മാർ തോമസ് എന്ന ഒരു മെത്രാനെ ലഭിക്കുകയുണ്ടായി. 12-ൽപരം പട്ടക്കാരും, 12 ഇടവകകളും, 12000-ൽപരം ജനങ്ങളും ഈ സഭയിലുണ്ടു്. പുതിയ മെത്രാപ്പോലീത്തായുടെ ആഗമനശേഷം സഭയ്ക്കു് ഒരു നവോത്ഥാനമുണ്ടായിട്ടുണ്ടു്.

ഇപ്രകാരം സുറിയാനിസമുദായം ആകമാനം ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽതന്നെ നവോന്മേഷത്തിൻെറ കതിരുകളോടുകൂടിയാണു രംഗപ്രവേശം ചെയ്തിരിക്കു

ന്നതു്. തങ്ങളുടെ കലഹസ്വഭാവം ത്യജിച്ചിട്ടു്, യേശുക്രിസ്തുവിന്റെ ക്രൂശെടുത്തുകൊണ്ടു് ഭാരതം വെട്ടിപ്പിടിക്കുന്നതിനു് ഇതര സഭകൾ ശ്രമിക്കുമ്പോൾ, സുറിയാനിസമുദായവും അതിനുവേണ്ടി കച്ചകെട്ടുകയാണു്. ഇൻഡ്യ സ്വതന്ത്രയായതിനുശേഷം ഉൽഭൂതമായിട്ടുള്ള ദേശീയ നവോത്ഥാനം വിദേശമിഷനറിമാരുടെ ആഗമനത്തിലുള്ള തടസ്സങ്ങളും ഭാരതത്തിന്റെ തെക്കെ കോണിൽ സ്ഥിതിചെയ്യുന്ന സുറിയാനിസമുദായത്തെ തട്ടിയുണർത്തിയിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. താമസംവിനാ, തങ്ങളുടെ മുൻകാലയനാസ്ഥയെ പരിഹരിക്കുമാറു്, സുവിശേഷവേലക്കുവേണ്ടി ഈ സഭകൾ മുമ്പോട്ടു വരും എന്നു പ്രതീക്ഷിച്ചുകൊണ്ടു് ഈ ഭാഗം അവസാനിപ്പിക്കാം.

സുറിയാനിസഭയിൽ മെത്രാൻസ്ഥാനത്തിനും വട്ടിപ്പണത്തിനും പുറജാതികളായ ന്യായാധിപന്മാരുടെ മുമ്പാകെ ക്രിസ്ത്യാനികൾ തമ്മിൽ കടിച്ചുകീറിക്കൊണ്ടിരുന്ന സമയത്തു്, നാടും കൂടും വിട്ടു്, ബുദ്ധിമുട്ടും കഷ്ടതയും സഹിച്ചു് അനേക വിദേശമിഷനറിമാർ ഇൻഡ്യയുടെ നാനാഭാഗത്തും സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നുവെന്നുള്ളതു സുറിയാനിക്കാർക്കു സങ്കടവും ലജ്ജയും ഉളവാക്കുന്ന ഒരു സംഗതിയാണു്. *

---

* അമേരിക്കൻ ലൂഥറൻ സമൂഹം, ആന്ധ്രാ സംസ്ഥാനത്തുള്ള ഗുണ്ടൂരിലും, രാജമന്ദ്രിയിലും പ്രവർത്തനം ആരംഭിച്ചതിന്റെ ഫലമായി 1949 ആയപ്പോഴേക്കു സഭ വളരെ വിപുലമാകുന്നതിനിടയായി. 1949-ലെ സ്ഥിതിവിവരക്കണക്കനുസരിച്ചു് 2,37,313 അംഗങ്ങളും 64 വിദേശമിഷനറിമാരും 4,171 ഇൻഡ്യൻ സുവിശേഷവേലക്കാരും ഈ സമൂഹത്തിൽ ഉൾപ്പെട്ടിരിക്കുന്നു. 1944-നു ശേഷം സഭയുടെ ഭരണഭാരം ഭാരതീയ നേതാക്കന്മാരിലേക്കു കൈമാററം ചെയ്യുവാൻ ഇടയായതു്, ഈ സമൂഹത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ആശാവഹമായ ഒരു കാര്യംതന്നെയാണു്.

1844-ൽ പ്രവർത്തനമാരംഭിച്ച ഗോസ്സ്നർ ഇവാൻജലിക്കൽ ലൂഥറന്മാർ ഗാസിപ്പൂർ, ബക്സാർ, ചപ്ര, മുസഫർപ്പൂർ, ഡാർബംഗാ, ചോട്ടാനാഗപ്പൂർ, ആസ്സാം എന്നിവിടങ്ങളിലായി വേലചെയ്യുന്നു. 1919 ജൂലൈ 10-ാം തീയതി ഈ മിഷനറിസമൂഹം തനി ഭാരതീയ

സുറിയാനിസഭയുടെ ചരിത്രം അവസാനിപ്പിക്കുന്നതിനുമുമ്പായി, ആശാവഹമായ ഒരു ഭാവിയെ ദ്യോതിപ്പിക്കുന്ന പലസ്ഥാപനകൾ പ്രസ്തുതസഭയിൽ അടുത്ത പത്തിരുപതു വർഷങ്ങൾക്കിടയിൽ ഉണ്ടായിട്ടുണ്ട് എന്നുകൂടെ സസന്തോഷം രേഖപ്പെടുത്തിക്കൊള്ളട്ടെ. സ്വദേശത്തും വിദേശത്തും സുവിശേഷവേല ചെയ്യുന്നതിനായി എ. ഡി. 1888-ൽ സ്ഥാപിതമായ മാർത്തോമ്മാസഭയുടെ സുവിശേഷപ്രസംഗസംഘം ശക്തിപ്പെട്ടതന്നെ വളർന്നുവരുന്നു. യാക്കോബായക്കാരുടെ ഇടയിൽ സുവിശേഷവേലയിൽ അഭിരുചി ജനിപ്പിക്കുന്നതിനായി മാർ ഈവാനിയോസ് മെത്രാപ്പോലീത്താ സ്ഥാപിച്ച "ബഥനി" അദ്ദേഹത്തിൻെറ റോമാപരിവർത്തനത്തോടുകൂടെ വളരെ അശക്തമായി ഭവിച്ചെങ്കിലും, ഇപ്പോഴത്തെ ആശ്രമാദ്ധ്യക്ഷനായ ഫാദർ അലക്സിയോസ് ഒ. ഐ. സി-യുടെ നേതൃത്വത്തിൽ വീണ്ടും ശക്തിപ്രാപിച്ചുവരുന്നു. സ്ത്രീകളുടെ ശക്തിയെ സുവിശേഷപ്രചരണത്തിനായി വിനിയോഗിക്കുന്നതിനായി തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിലെ ചർച്ച് ഓഫ് ഇൻഡ്യ (ആംഗ്ലിക്കൻസഭ)യിൽ "ബെതേലും", മാർത്തോമ്മ്യരുടെ ഇടയിൽ സ്ത്രീജനസുവിശേഷ സേവികാസംഘവും അതിൻെറ ഒരു സ്ഥാപനയായ വനിതാമന്ദിരവും പ്രവർത്തിച്ചുവരുന്നു. വടക്കൻ പ്രദേശങ്ങളിൽ ദിവ്യശ്രീ. മൂക്കഞ്ചേരിൽ പത്രോസ് കത്തനാരുടെ നേതൃത്വത്തിൽ എ. ഡി. 1921-ൽ സ്ഥാപിതമായ "സ്ലീബായുടെ ദാസ

---

മായിത്തീൻ എന്നുള്ളതു സന്തോഷകരമായ ഒരു വസ്തുതതന്നെ. ദേശീയ ഗോസ്സ്നർ ലൂഥറൻ സമൂഹത്തിൻെറ ആദ്യത്തെ അദ്ധ്യക്ഷൻ റവ: എച്ച്. ഡി. ലക്ര ആയിരുന്നു. അദ്ദേഹത്തിനുശേഷം റവ: ജോഹൻ ലെതപ്പനെയും 1942-നുശേഷം റവ: ജെ. ലക്രയും അദ്ധ്യക്ഷന്മാരായി. പ്രസ്തുത സമൂഹം വകയായി പല സ്കൂളുകളും റാഞ്ചിയിൽ ഒരു വൈദിക കോളേജും ഉണ്ട്. റവ: ജെ. ജെ. പി. റിഗായാണ് കോളജിൻെറ ഇപ്പോഴത്തെ പ്രിൻസിപ്പാൾ. സുവിശേഷവേലയ്ക്കു വളരെയധികം ത്വരിതപ്പെടുത്തപ്പെടുന്ന ഒന്നാണ് ഈ മിഷനറിസമൂഹം. അതിൻെറ ഉത്തമ മാതൃക ഭാരതത്തിലെ മററു പല സഭാവിഭാഗങ്ങൾക്കും അനുകരണീയംതന്നെ,

ന്മാർ'' എന്ന മിഷനറിസമൂഹം കഴിഞ്ഞ 13 വഷത്തെ പരിശ്രമഫലമായി അവശ ജാതികളിൽനിന്നു അനേകം ജനങ്ങളെ സ്നാനപ്പെടുത്തി സഭാംഗങ്ങളാക്കിയിരിക്കുന്നു. സ്ലീബായുടെ ദാസന്മാരുടെ പ്രവത്തനത്തിൽ അഭിനന്ദനീയമായ ഒരു സംഗതി പുതുക്രിസ്ത്യാനികൾക്കു പുതിയ പള്ളികൾ വച്ചുകൊടുക്കാതെ അവരെ അതതു സ്ഥലത്തെ സുറിയാനിപള്ളികളുടെ അംഗങ്ങളായി ചേത്തുവരുന്നു എന്നുള്ളതാണ്.

അന്ത്യോഖ്യാപാത്രിയക്കീസ്ബാവാ രക്ഷാധികാരിയായി, സുവിശേഷവേലയും ധമ്മസേവനവും ലാക്കാക്കി ആർ. എം. എ. എസ്. (Religious movement among the Ancient Syrians) എന്ന മിഷനറിസമൂഹം എ. ഡി. 1932-ൽ വടക്കൻതിരുവിതാംകൂറിൽപ്രവത്തനം ആരംഭിച്ചിരിക്കുന്നു. രണ്ടുവഷം മുമ്പു 1933 വടക്കൻ തിരുവിതാംകൂറിൽ സുവിശേഷതാല്പയ്യമുള്ള ചില യാക്കോബ്യപട്ടക്കാരുടെ നേതൃത്വത്തിൽ രൂപീകരിച്ച പൌരസ്ത്യ സുവിശേഷസമാജത്തിൻെറ ആഭിമുഖ്യത്തിൽ സ്വദേശത്തു സുവിശേഷപ്രസംഗങ്ങൾ നടത്തുന്നതിനും പുറമെ മലബാർ മിഷൻ, മൂന്നാർ മിഷൻ എന്ന പേരുകളിൽ കോഴിക്കോട്ട്, മൂന്നാർ എന്നീ പട്ടണങ്ങളിലും പരിസരങ്ങളിലും സമാജാംഗങ്ങൾ സുവിശേഷ വേലചെയ്തുവരുന്നു. സഭകൾ തമ്മിലുള്ള ഐകമത്യത്തിൻെറ മുൻകുറിയും മുദ്രയുമായി യൂണിയൻ ക്രിസ്ത്യൻകോളജ്, ക്രൈസ്തവ മഹിളാലയം എന്നീ രണ്ടു വിദ്യാലയങ്ങൾ ആലുവാ നഗരത്തിൽ പരിലസിക്കുന്നു. തെന്നിൻഡ്യാ ഐക്യസഭയിൽ ചേന്നതുനിമിത്തം വിസ്തൃതവും സ്വാതന്ത്ര്യപരവുമായ ഒരു ജീവിതത്തിലേക്കു തെക്കൻതിരുവിതാംകൂറിലെ ലണ്ടൻ മിഷൻസഭ ആനയിക്കപ്പെടുന്നു. സ്വാശ്രയബുദ്ധിയും സ്വയത്രാണനചിന്തയും ബാസൽമിഷൻ ക്രിസ്ത്യാനികളിൽ ശക്തിപ്പെട്ടുവരുന്നു. മലയാള രാജ്യത്തുള്ള സുറിയാനിസഭകൾ മാത്രമല്ല, ക്രിസ്തീയസഭയുടെ ശാഖകൾ എല്ലാംതന്നെ ദൈവരാജ്യാഭിവൃദ്ധി സംബന്ധിച്ച പല കായ്യങ്ങളിൽ സഹകരിച്ചു പ്രവത്തിക്കുന്നതിനുള്ള താല്പയ്യം സഭാപ്രധാ

നികളിലും യൌവ്വനക്കാരിലും പ്രത്യക്ഷപ്പെട്ടു തുടങ്ങി യിരിക്കുന്നു. ഇതെല്ലാംകൂടെ വച്ചു ആലോചിക്കുമ്പോൾ മലയാളത്തെ ക്രിസ്തീയസഭയുടെ ഭാവിയെക്കുറിച്ചു നാം നിരാശപ്പെടേണ്ടതില്ല.

---

# അദ്ധ്യായം 24

## ഭാരതത്തിലെ സഭാപുനരൈക്യ പ്രസ്ഥാനങ്ങൾ

"പിതാവേ, നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു" എന്നുള്ള കർതൃപ്രാർത്ഥന ആധുനിക ക്രിസ്തീയ നഭോമണ്ഡലത്തിൽ സദാ മാററൊലിക്കൊണ്ടിരിക്കുന്നു. വിവിധ ക്രിസ്തീയ സഭാശാഖകൾ ഐക്യപ്പെടേണ്ടതിൻെറ ആവശ്യകത ക്രൈസ്തവജനതതിക്കു് ഇക്കാലത്തു് ഒരുവിധം ബോദ്ധ്യമായിട്ടുണ്ടു്. പ്രസ്തുതഉദ്ദേശ്യസാദ്ധ്യത്തിലേക്കായി 1948-ൽ സംജാതമായ "അഖില ലോക ക്രിസ്തീയ സഭാ കൌൺസിൽ" തന്നെ മുൻകൈ എടുത്തു് പ്രവത്തിച്ചു കൊണ്ടിരിക്കുന്നു. അതേപ്പററി കൂടുതൽ വിവരങ്ങൾ അന്യത്ര. ഭാരതത്തിൽ മാത്രം നടക്കുന്ന സഭാപുനരൈക്യപ്രസ്ഥാനങ്ങളിലേക്കു് നമ്മുടെ ശ്രദ്ധ പതിപ്പിക്കാം.

### ദക്ഷിണഭാരതം

സഭാപുനരൈക്യശ്രമങ്ങൾ 20-ാം നൂററാണ്ടിൻെറ ആദിമദശയിൽതന്നെ ഭാരതത്തിലും തുടങ്ങുകയുണ്ടായി. അവയുടെ ഒരു ചുരുങ്ങിയ വൃത്താന്തം ചുവടെ ചേക്കുന്നു:-

ക്രിസ്തുവഷം 1901-ൽ അമേരിക്കൻ ആക്കോട്ടുമിഷൻ, യുണൈററഡ്ു് ഫ്രീചച്ചു്ഓഫ് സ്കോട്ടു്ലണ്ടു് മിഷൻ എന്നീ സമൂഹങ്ങളുടെ സംയോജനം ഉണ്ടായി. 1904-ൽ, കോൺഗ്രിഗേഷനൽ സഭയുടെ ആഭിമുഖ്യത്തിലുള്ള അമേരിക്കൻ മധുരമിഷനും, തെക്കൻതിരുവിതാം

ക്കറിൽ പ്രവത്തിച്ചുകൊണ്ടിരുന്ന ലണ്ടൻമിഷനും തമ്മിൽ, വേറൊരു ഐക്യം ഉണ്ടായി. 1908-ൽ പല കോൺഗ്രിഗേഷനൽ സഭകളും, പ്രസ്ബിററീറിയൻ സഭകളുംകൂടി ഏകോപിച്ച് 'തെന്നിന്ത്യഐക്യസഭ' രൂപം പ്രാപിച്ചു. 1910-ൽ, എപ്പിസ്കോപ്പൽ സഭകളും ഇതരസഭകളും കൂടെ യഥാർത്ഥമായ ഒരു ഐക്യം കൈവരണമെന്നുള്ള വാഞ്ഛയോടുകൂടെ, ബിഷപ്പ് വൈററ്ഹെഡ് ആംഗ്ലിക്കൻ സഭയിലേയും തെന്നിന്ത്യാഐക്യസഭയിലേയും നേതാക്കന്മാരെ വിളിച്ചുകൂട്ടിയതു് സഭായോജിപ്പിനുള്ള ഒരു പ്രാരംഭ നടപടിമാത്രമായിരുന്നു. പിന്നീടുള്ള പ്രധാനസംഭവം 1919 മെയ് മാസത്തിൽ, ബിഷപ്പ് അസറിയായും റവ: വി. സാൻറിയാഗോയും അക്ഷീണയത്നം ചെയ്തതിൻെറ ഫലമായി ട്രാൻകിബാറിൽ (മദ്രാസിനു തെക്ക് ആദ്യം പ്രോട്ടസ്റ്റൻറു് മിഷനറിമാർ വന്നിറങ്ങിയ സ്ഥലം) വച്ചു് 30-ൽ പരം ക്രിസ്തീയ നേതാക്കന്മാർ ചേന്നു് ആദ്യമായി സഭാപുനരൈക്യത്തെപ്പററി ചിന്തിക്കുകയുണ്ടായി. ഈ യോഗത്തിൽ 2 യൂറോപ്യൻമിഷനറിമാർ ഒഴികെ, ബാക്കി എല്ലാവരുംതന്നെ ഭാരതീയരായിരുന്നു. വന്നുചേന്നവക്കെല്ലാം തന്നെ ഐക്യതയുടെ ആവശ്യം ബോദ്ധ്യപ്പെട്ടു. അവർ ഏക സ്വരത്തിൽ ഒരു പ്രസ്താവന പ്രസിദ്ധീകരിക്കുകയുണ്ടായി. ഐക്യത ദൈവഹിതവും, സുവിശേഷാനുസരണവും, ഭാരതത്തിലുള്ള സഭകളുടെ നിലപാടിൽ അത്യന്താപേക്ഷിതവും ആണെന്നു് അവർ വ്യക്തമാക്കി. യോജിപ്പിൻെറ അടിസ്ഥാനപ്രമാണങ്ങളായി താഴെപ്പറയുന്ന കാര്യങ്ങൾ സ്വീകരിച്ചു:—

1. രക്ഷയ്ക്കു് ആവശ്യമായ സകലത്തിൻെറയും ആധാരമായ പഴയപുതിയനിയമങ്ങളടങ്ങിയ വിശുദ്ധ വേദപുസ്തകം.

2. അപ്പൊസ്തലവിശ്വാസപ്രമാണവും നിഖ്യായിലെ വിശ്വാസപ്രമാണവും.

3. കർത്താവു് സ്ഥാപിച്ചിട്ടുള്ളതായ ജ്ഞാനസ്നാനവും തിരുവത്താഴവും എന്ന രണ്ടു വി: കൂദാശകൾ.

4. ചരിത്രപരമായ എപ്പിസ്കോപ്പൽ ഭരണക്രമം.

കോൺഗ്രിഗേഷനൽ, പ്രസ്ബിററീരിയൻ, എപ്പി സ്കോപ്പൽ എന്നീ വേദാനുസരണമായ മൂന്നു ഘടകങ്ങളും ഐക്യസഭയിൽ ഉണ്ടായിരിക്കണമെന്നും സകല അംഗങ്ങൾക്കും ആത്മീയ സമത്വം ഉണ്ടായിരിക്കണമെന്നുമുള്ള അടിസ്ഥാനതത്വത്തിന്മേലാണു് ഐക്യപദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നതു്.

1919 സെപ്തംബർമാസത്തിൽ തെന്നിന്ത്യ ഐക്യസഭയുടെ ഒരു പൊതുയോഗം, മേൽപറഞ്ഞ കാര്യങ്ങളെക്കുറിച്ചു് പരിചിന്തനം ചെയ്തു് ആംഗ്ലേയ സഭയോടും മാർത്തോമ്മാ സുറിയാനിസഭയോടും യോജിക്കുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ചു് ആരായുന്നതിനു് ഒരു കമ്മററിയെ നിയോഗിച്ചു. മാർത്തോമ്മാസഭയിലെ പല നേതാക്കന്മാരും ആനുകൂല്യം പ്രദർശിപ്പിച്ചുവെങ്കിലും സാഹചര്യവൈപരീത്യത്താൽ ഐക്യാലോചനകളിൽ ഉത്സാഹം പ്രദർശിപ്പിച്ചില്ല. 1920 ഫെബ്രുവരിയിൽ ആംഗ്ലേയസഭ പ്രസ്തുത ആവശ്യത്തിലേക്കു് ഒരു കമ്മററിയെ നിയോഗിക്കുകയും, ഇപ്രകാരം സംയുക്തകമ്മററി 1920 മാർച്ചുമാസത്തിൽ ബാംഗ്ലൂരിൽ കൂടുകയും ചെയ്തു. 1925-ൽ വെസ്ലിയൻ മെതഡിസ്റ്റ്സഭ പ്രതിനിധികളെ അഞ്ചാമത്തെ സംയുക്ത മീററിംഗിലേക്കു് അയയ്ക്കുകയുണ്ടായി. 1928-ലെ കമ്മററി ആലോചനയിൽ പങ്കെടുക്കുന്ന മൂന്നു സഭകളിലേയും ശുശ്രൂഷകന്മാർക്കു് (Ministers) യഥാർത്ഥമായ ശുശ്രൂഷസ്ഥാനമുണ്ടെന്നും, യോജിപ്പിനുശേഷം ഐക്യസഭയിൽ അവർക്കു് ശുശ്രൂഷകന്മാരായി തുടരാൻ അർഹതയുണ്ടെന്നും ഉള്ള അംഗീകരണപ്രസ്താവന ശുശ്രൂഷ സ്ഥാനത്തെ സംബന്ധിച്ചിടത്തോളം വലിയ ഒരു നേട്ടംതന്നെ ആയിരുന്നു. 1929-ൽ കൂടിയ കമ്മററി ആണു് ഐക്യസഭയുടെ പദ്ധതി ആദ്യമായി ആസൂത്രണം ചെയ്തതു്. അവ മൂന്നു സഭകളുടേയും ചർച്ചകൾക്കായി സമർപ്പിക്കുകയും സഭകൾ അതിനെപ്പററി കൂലങ്കഷമായി ചിന്തിക്കുകയും ചെയ്തു. 1931, 32 എന്നീ വർഷങ്ങളിൽ സമ്മേളിച്ച കമ്മററികൾ, ആലോചനയിൽ പങ്കെടുത്ത സഭകളുടെ ശുപാർശകളനുസരിച്ചു് പദ്ധതിയിൽ സാരമായ വ്യത്യാസങ്ങൾ വരുത്തുക

യുണ്ടായി. 1934-ൽ കൂടിയ സംയുക്തകമ്മററി പരിഷ്കര ണങ്ങൾ അംഗീകരിച്ചതിൻെറശേഷം ആപദ്ധതി പുസ്തക രൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംയുക്തകമ്മ ററിയുടെ 17-ാമത്‌സമ്മേളനം 1941 ഒക്ടോബർമാസത്തിൽ കൂടുകയും ഐക്യപദ്ധതിയുടെ ഏകദേശ അവസാനരൂപം സ്വീകരിക്കുകയും ചെയ്തു. ഈ കമ്മററി വഷംതോറും സ മ്മേളിക്കുന്നുണ്ടായിരുന്നു. 1943-ൽ മെതഡിസ്റ്റ്‌സഭയും, 1945-ൽ ആഗ്ലിക്കൻസഭയും 1946-ൽ തെന്നിന്ത്യ ഐക്യ സഭയും 'ഐക്യസഭ'യിൽ ചേരുന്നതിന് തീരുമാനിച്ചു. 1946 ഡിസംബറിലും, 1947-ലും കൂടിയ സംയുക്തകമ്മററി കൾ അവസാനമായി 'തെന്നിന്ത്യ ഐക്യസഭ'യുടെ ഉൽ ഘാടന തീയതി നിശ്ചയിച്ചു. ആ സുദിനം 1947 സെപ്തം ബർ 27-ാം തീയതി ആയിരുന്നു. 1946-ൽ കൂടിയ കമ്മ ററി ഉൽഘാടനകമ്മത്തിൻെറ വിശദാംശങ്ങളെപ്പററിയും, പുതിയ മെത്രാസന ഇടവകകൾ, ബിഷോപ്പന്മാരുടെ തി രഞ്ഞെടുപ്പ് ഇവയെപ്പററിയും ആവശ്യമായ തീരുമാന ങ്ങൾ ചെയ്യുകയുണ്ടായി.

പൊതുകമ്മററിയുടെ നിശ്ചയപ്രകാരം 1947 സെപ്തം ബർ 27-ാംതീയതി മദ്രാസിലുള്ള സെൻറു്ജോർജ്ജ് ഭദ്രാ സനപ്പള്ളിയിൽവച്ച് റൈററു് റവ. സി. കെ. ജയിക്ക ബ്ബ് ബിഷപ്പിൻെറ അദ്ധ്യക്ഷതയിൽ പുതുതായി 9 ബി ഷപ്പന്മാരെ വാഴിക്കുകയും, "ദക്ഷിണേന്ത്യ ഐക്യസഭ" ഔദ്യോഗികമായി ഉൽഘാടനം ചെയ്യുകയും ചെയ്തു. ഈ സഭായോജിപ്പ് മുഖാന്തരം, 1941-ലെ കനേഷുമാരിക്കണ ക്കനുസരിച്ച് ഡോർനക്കൽ, മദ്രാസ്സ്, തിരുനെൽവേലി, തിരുവിതാംകൂർ എന്നീ ആംഗ്ലിക്കൻ മഹായിടവകകളിൽ നിന്നും 499,966-ഉം, ഹൈദ്രബാദ്ദ്, മൈസൂർ, മദ്രാസ്സ്, തൃശ്ശിനാപ്പള്ളി എന്നീ മെതഡിസ്റ്റ് കേന്ദ്രങ്ങളിൽനിന്നും 224,656-ഉം, മദ്രാസ്സ്, ഉത്തര തമിഴ്പ്രദേശം, തിരുവി താംകൂർ, മധുര, കണ്ണാടകപ്രദേശം, ജാഫ്ന, തെലുങ്കുദേ ശം, മലബാർ എന്നീ മുൻ ദക്ഷിണേന്ത്യ ഐക്യസഭയിൽ നിന്നും 292,562-ഉം ക്രിസ്ത്യാനികൾ പരിശുദ്ധാത്മ പ്രേ രിതമായ ഈ പ്രവത്തനത്തിൽക്കൂടി ഏകോപിക്കപ്പെടുന്ന തിനിടയായി.

ഐക്യസഭയിൽ ചേൎന്ന സഭകളുടെ വിവിധ പാരമ്പൎയ്യങ്ങളെ യഥായോഗ്യം ബഹുമാനിക്കുന്നതും, അവയുടെ ബഹുവിധ ശക്തീകരണങ്ങളിൽക്കൂടെയുള്ള നന്മ ഐക്യസഭ വിലമതിക്കുന്നതുമാണു്. മഹായിടവകകളുടെ താല്പൎയ്യപ്രകാരം ആരാധനകൾ ക്രമീകരിക്കുന്നതിനും അവക്കവകാശമുണ്ടായിരിക്കുന്നതാണു്. സാൎവ്വത്രികമായ ക്രിസ്തീയ സഭയുമായി ഐക്യസഭയ്ക്കു് ബന്ധം പാലിക്കേണ്ടതുമൂലം ഐക്യസഭയിൽ ലയിച്ച ഓരോ സഭയും തങ്ങൾക്കുമുൻപു് ബന്ധമുണ്ടായിരുന്ന സഭകളോടുള്ള അഭേദ്യബന്ധം പുലൎത്തുന്നതുമാണു്.

വ്യവസ്ഥാപിതമായ എപ്പിസ്കോപ്പൽ സഭാഭരണമാണു് ഐക്യസഭ സ്വീകരിച്ചിരിക്കുന്നതു്. സഭാഭരണനിയമങ്ങൾക്കു് ബിഷപ്പു് വിധേയനായിരിക്കുന്നതാണു്. ബിഷപ്പിനെ തിരഞ്ഞെടുക്കുന്നതിലും, ആഭ്യന്തരഭരണകാൎയ്യത്തിലും ഓരോ മഹായിടവകയ്ക്കും പരിപൂൎണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണു്. ഒരു ബിഷപ്പിനെ വാഴിക്കുന്നതിനു് മൂന്നു ബിഷപ്പന്മാരുടെയെങ്കിലും കൈവയ്പുണ്ടായിരിക്കേണ്ടതാണു്. യോജിപ്പിൽ പങ്കെടുത്ത ഓരോ സഭയിലേയും പട്ടക്കാർ ഐക്യസഭയിലും യഥാൎത്ഥ പട്ടക്കാരായിതുടരുന്നതാണു്. ഇടവകയുടെ ഇംഗിതവും, അഭിരുചിയും അനുസരിച്ചു് ആരാധനക്രമങ്ങൾ സ്വീകരിക്കുന്നതിനു് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണു്.

ഐക്യസഭ പൂൎണ്ണമായും ഒരു സ്വതന്ത്രസഭയായിരിക്കുന്നതാണു്. ഭരണസൌകൎയ്യാർത്ഥം തിരഞ്ഞെടുക്കപ്പെട്ടന്ന പ്രതിനിധികളും, ശുശ്രൂഷസ്ഥാനികളും ചേൎന്നുള്ള ഭദ്രാസനകൌൺസിലുകളുണ്ടായിരിക്കുന്നതാണു്. മഹായിടവക ബിഷപ്പു് അതിൻെറ അദ്ധ്യക്ഷനായിരിക്കും. ബിഷോപ്പു് എന്ന നിലയിൽ പണസംബന്ധമായ കാൎയ്യങ്ങളിൽ അദ്ദേഹത്തിനു് യാതൊരു നിയന്ത്രണാധികാരവും ഉണ്ടായിരിക്കുന്നതല്ല. മഹായിടവക പ്രതിനിധികളും, ബിഷപ്പന്മാരും ചേൎന്നുള്ള ഒരു പൊതു സിനഡു്, സഭയുടെ പരമാധികാരമുള്ള സംഘമായിരിക്കുന്നതാണു്. അതിൻെറ അദ്ധ്യക്ഷനായി (അതിൻെറ കാലാവധിയനുസരിച്ചു്) മൂ

ന്നു വഷത്തേക്കു് ഒരു മോഡറേററെ ബിഷപ്പന്മാരിൽനി ന്നും തിരഞ്ഞെടുക്കുന്നതാണു്. സിനഡിൻെറ നിവ്വാഹക സംഘത്തിൽ, സിനഡിലെ ഔദ്യോഗികാംഗങ്ങളും, ബി ഷപ്പന്മാരും, ഓരോ മെത്രാസന ഇടവകയിൽനിന്നും തിര ഞ്ഞെടുക്കുന്ന ഒരു അദ്ധ്യേനിയും പട്ടക്കാരനും ഉൾപ്പെട്ടിരി ക്കുന്നതാണു്.

ഐക്യസഭയുടെ പ്രഥമ മോഡറേററായി മദ്രാസ് ബിഷപ്പായിരുന്ന, റൈററു് റവ. ഹോളിസിനെ തിര ഞ്ഞെടുത്തു. 1947 സെപ്തംബറിനുശേഷം, സഭയുടെ പുരോ ഗതിക്കുള്ള മാൎഗ്ഗങ്ങളെക്കുറിച്ചു് പൎയ്യാലോചിക്കുന്നതിനും, സഭാപ്രശ്നങ്ങളെ തരണം ചെയ്യുന്നതിനുമായി 1948 മാൎച്ച് മാസത്തിലും 1950 ജനുവരിയിലും, 1952 ജനുവരിയിലും, 1954 ജനുവരിയിലുമായി നാലു് സിന്നഡുകൾ ഇതഃപൎയ്യ ന്തം സമ്മേളിച്ചിട്ടുണ്ടു്. ആദ്യസിന്നഡ് സുവിശേഷവേല യുടെ പുരോഗമനാർത്ഥം ഒരു 'ബോർഡ് ഓഫ് മിഷൻ സ്സ്' രൂപീകരിച്ചു. വിദേശമിഷൻ ഇൻഡ്യയ്ക്കുള്ളിലുള്ള വിദേശമിഷൻ, പ്രാദേശിക മിഷൻ എന്നീ മൂന്നുവിധ സു വിശേഷ പ്രവൎത്തനമാൎഗ്ഗങ്ങൾ ഐക്യസഭ സ്വീകരിച്ചു. (1950-ൽ പ്രസിദ്ധപ്പെടുത്തിയ ഒരു റിപ്പോർട്ടിൻപ്രകാരം 100,000 രൂപാ വിദേശമിഷനും 28000 രൂപാ ഉൾനാട്ടു മിഷനുവേണ്ടിയും ആവശ്യമുള്ളതായി കാണുന്നു. രണ്ടാമ ത്തെ സിനഡും മൂന്നാമത്തേതും ഇക്കാൎയ്യത്തിൽ കാൎയ്യമായി പ്രവൎത്തിച്ചിട്ടുണ്ടു്). നാലാമത്തെ സിനഡ് പാപ്പുവായി ലേക്കു് റവ. സത്യ ജോസഫിൻെറ ഒഴിവിൽ റവ. പോൾ മാണിക്കത്തിനെ രണ്ടാമത്തെ മിഷനറിയായി അയയ്ക്കുന്ന തിനും തീരുമാനിച്ചു. ഒന്നാമത്തെ സിനഡിൽവച്ചുതന്നെ ഐക്യസഭ അഖിലലോകസഭാകൌൺസിലിലെ അംഗമാ യി ചേൎന്നു. 1949-ൽ ഒരു ജൂണിയർ മിഷനറിസംഘവും, ഉൾനാട്ടു സുവിശേഷവേലയ്ക്കായി 1952ഫെബ്രുവരിയിൽ, 20 വിവിധ സഭകളും മററു ക്രിസ്തീയ സ്ഥാപനകളും പ്ര ദൎശിപ്പിച്ച സഹകരണഫലമായി ബാംഗ്ലൂരിൽ 'ക്രിസ്തീയ പ്രമാണങ്ങൾ പ്രായോഗികമാക്കുന്നതിനുള്ള ഒരു സമൂഹം' '(Christian Council of Action) രൂപീകൃതമായി. ഐക്യസഭയിലെ സ്ത്രീകളുടെ ഒരു സമ്മേളനം 1948-ൽ തൃ

ശ്ശിനാപ്പള്ളിയിൽവച്ച് കൂടി "സ്ത്രീകളുടെ കൂട്ടായ്മ" രൂപീകരിച്ചു. 1952 ആയപ്പോഴേക്കു അതിനു 1000-ൽ പരം ശാഖകളും 10000-ൽപരം അംഗങ്ങളും ഉണ്ടായിരുന്നു. സ്ത്രീകളുടെ ഒരു പ്രത്യേക സമൂഹം (special order of women) ഉണ്ടാക്കുന്നതിനുള്ള ഒരു കരടുപ്രമാണം 1949-ൽ ഉണ്ടാക്കുകയും, 1951-ൽ ഒരു പൊതു മീററിങ്ങ് വിളിച്ചു കൂട്ടുകയും ചെയ്തതിൻെറ ഫലമായി 1952 ജനുവരിയിൽ സിനഡ് 'സ്ത്രീകളുടെ പ്രത്യേക സമൂഹം' അനുവദിക്കുകയും 1952 ജൂൺ 1-ാംതീയതി 27 അംഗങ്ങളോടും 8 പരിശീലനക്കാരോടുംകൂടെ ബാംഗ്ലൂരിൽ, ഉൽഘാടനം ചെയ്യപ്പെടുകയും ചെയ്തു. അവർ 1950-ൽ തന്നെ 'വിശ്രാന്തി നിലയം' എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിച്ചു. നാലാമത്തെ സിന്നഡ് 1954-ൽ മെസ്സൻ്കോളജിൽകൂടി. ബിഷപ്പ് സുമിത്രാ തിരുമനസ്സിനെ മോഡറേററായും, ബി. ന്യൂബിഗിനെ ഡപ്യൂട്ടി മോഡറേററായും തിരഞ്ഞെടുത്തു. ഇപ്പോൾ 40 സഹോദരിമാരോടും 12 പരിശീലനക്കാരോടും കൂടിയ "സ്ത്രീകളുടെ പ്രത്യേക സമൂഹത്തെ" വീണ്ടും സ്ഥിരീകരിച്ചു. ഓണററി പാസ്റ്റേഴ്സിനെ നിയമിക്കണമെന്നുള്ള അഭിപ്രായം സിന്നഡ് അംഗീകരിച്ചു.

ഒരു പൊതു ആരാധനക്രമത്തിനുള്ള നടപടികൾ യോജിപ്പിനു മുമ്പുതന്നെ തുടങ്ങിയതാണെങ്കിലും (1946) അതിനായി ഒരു കമ്മററിയെ ചുമതലപ്പെടുത്തിയതു 1949-ൽ മാത്രമാണ്. അവർ ശുപാർശ ചെയ്ത ആരാധനക്രമം സിന്നഡിൻെറ തിരുത്തലുകളോടുകൂടി 1949 ഡിസംബറിൽ പ്രസിദ്ധീകരിച്ചു. 1950-ൽ കൂടിയ സിന്നഡ് അവതരിപ്പിച്ച ഏതാനും വ്യതിയാനങ്ങൾ ഇപ്പോഴും പരിഗണനയിൽ ഇരിക്കുകയാണ്. 1952-ൽ ഒരു സഭാ കലണ്ടർ പ്രസിദ്ധീകരിക്കുകയുണ്ടായി.

1948-ൽ കൂടിയ ലാംബത്തു് കോൺഫ്രൻസിൽ, സി. എസ്സ്. ഐ. യുമായി ഇൻഡ്യയിലെ ആംഗ്ലിക്കൻ സഭയ്ക്കുണ്ടായിരിക്കേണ്ട നയത്തെപ്പററി അവഗാഢമായി ചിന്തിച്ചു. ഇപ്പോഴും പരസ്പരം വി: കുർബാനയിൽ സംബന്ധിക്കുന്നതിനുള്ള സ്വാതന്ത്ര്യം (inter-communion)

ആംഗ്ലിക്കൻസഭ അനുവദിച്ചിട്ടില്ല. ഇൻഡ്യയിലുള്ള മററു സഭകളുമായും മേൽ പ്രസ്താവിച്ച രീതിയിലുള്ള ബന്ധം മാത്രമെ ഇതുവരെയുള്ളു. 1953-ൽ സി. എസ്സ്. ഐ. യുമായി 'പരസ്പര കുർബാനാനുഭവ'ത്തിൽ വരുന്നതിനു സാധിക്കുമോ എന്നു പര്യാലോചിക്കുവാൻ മാർത്തോമ്മാ സഭ ഒരു കമ്മററിയെ നിയോഗിക്കുകയുണ്ടായി. അതിൻെറ തീരുമാനം തൃപ്തികരമായിരിക്കുമെന്നു് പ്രത്യാശിക്കാം. 1948-ൽ എൻ. സി. സി. യുമായി ബന്ധപ്പെട്ടിട്ടുള്ള സഭകളെ യോജിപ്പിക്കുന്നതിനുവേണ്ടി സി. എസ്സ്. ഐ. ആഹ്വാനം ചെയ്യുകയുണ്ടായി. തെക്കേഇൻഡ്യയിലുള്ള ലൂഥറൻസഭകളും ബാപ്ററിസ്റ്റ്സഭകളും ആ ക്ഷണം സ്വീകരിച്ചു് ആലോചനകൾ നടത്തിവരികയാണു്. 1950-ൽ ഒരു തിയോളജിക്കൽ കമ്മററി രൂപീകരിക്കപ്പെട്ടു. 1951 സെപ്റ്റംബറിൽ ഒരു സംയുക്ത കമ്മററി കൂട്ടുകയുണ്ടായി. 1952-ലെ സിന്നഡ് സംയുക്ത കമ്മററിയുടെ റിപ്പോർട്ടു സ്വീകരിച്ചു. ലൂഥറൻസഭകളുമായി സംഭാഷണങ്ങൾ തൃപ്തികരമായി പുരോഗമിച്ചുവരികയാണു്.

ഇപ്പോൾ സി. എസ്സ്. ഐ. യിൽ 800-ൽപരം പ്രസ്ബിറററന്മാരും 14 ബിഷോപ്പന്മാരും 14 മഹായിടവകകളും ഉണ്ടു്. 15,0000 പരം രൂപാ സുവിശേഷവേലയ്ക്കായി സ്വീകരിക്കുന്നുണ്ടു്. ഏകദേശം 225,000 രൂപാ വിദേശത്തുനിന്നും ലഭിക്കുന്നു. (പുതിയ ആരാധനക്രമത്തിൻെറ 40,000 പ്രതികൾ വിററഴിഞ്ഞതായി റിപ്പോർട്ടിൽ കാണുന്നു). സിന്നഡിൻെറ 89 ശതമാനം അംഗങ്ങളും ഭാരതീയർതന്നെയാണു്. ഉത്തരവാദിത്വമുള്ള പല സ്ഥാനങ്ങളിലും ഇൻഡ്യാക്കാർക്കാണു് മുൻഗണന നൽകുന്നതു്. ഭാരതത്തിൻെറ ഭാവി സുവിശേഷവേലയ്ക്കു സന്നദ്ധമായി നിൽക്കുന്ന ഒരു സഭയായി, ദൈവം ഇതിനെ എടുത്തു് ഉപയോഗിക്കട്ടെ. ഈ ഐക്യസഭ ഭിന്നിച്ചിരിക്കുന്ന ഇതര സഭകൾക്കു മാതൃകയായി ഭവിക്കുമെന്നു പ്രത്യാശിച്ചുകൊണ്ടു് ഈ ഭാഗം അവസാനിപ്പിക്കാം.

# അഖിലലോക സഭാ ഐക്യപ്രസ്ഥാനങ്ങൾ

## 1. അഖില ലോക സഭാകൗൺസിൽ

നമ്മുടെ കർത്താവിന്റെ മഹാപുരോഹിത മദ്ധ്യസ്ഥ പ്രാർത്ഥന അന്വർത്ഥമാകത്തക്ക വിധത്തിൽ, 150 വർഷങ്ങൾക്കു മുമ്പ് 1804-ൽ ബ്രി. വേദപുസ്തകസമൂഹത്തോടു ചേർന്നു തിരുവചന പരിഭാഷയിലും പ്രചരണത്തിലും പല സഭകളും സഹകരിച്ചു പ്രവർത്തിക്കുകയുണ്ടായി. 1816ൽ അമേരിക്കൻ വേദപുസ്തകസമൂഹം രൂപമെടുക്കുകയും പല പ്രോട്ടസ്റ്റന്റു് വിഭാഗങ്ങൾ സഹകരിക്കുകയും ചെയ്തു. 1844-ൽ ഇംഗ്ലണ്ടിൽ ആരംഭിച്ച വൈ. എം. സി. എ., 1872-ൽ അമേരിക്കയിൽ ആരംഭിച്ച വൈ. ഡബ്ളിയു. സി. എ., 1895-ൽ സ്ഥാപിതമായ അഖില ലോക ക്രിസ്തീയ വിദ്യാർത്ഥിസംഘടന ഇവയെല്ലാം അഖിലലോകസഭയുടെ ഒരു ഐക്യത സൃഷ്ടിക്കുന്നതിനു കാരണമായി ഭവിച്ചിട്ടുണ്ടു്.

എന്നാൽ മുഖ്യ കാരണങ്ങളായി തീർന്നിട്ടുള്ളതു് വിവിധ സഭകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മിഷനറിസമൂഹങ്ങളും, ജീവിതത്തേയും പ്രവർത്തനത്തേയും സംബന്ധിച്ച സംഘടനകളും (Life and Work), വിശ്വാസം, ആചാരക്രമം ഇവ സംബന്ധിച്ചു് പഠിക്കുന്നതിനുള്ള സംഘടിത ശ്രമങ്ങളുമത്രെ. ഇവകളുടെ സമ്മർദ്ദം ഹേതുവാൽ 1910-ൽ എഡിൻബറോയിൽ വച്ചു് ഒരു അഖിലലോക ക്രിസ്തീയ മിഷനറി സമ്മേളനം നടന്നു. അതിൽ സുവിശേഷ സംഘങ്ങളുടെ ഒരു സംഘടന രൂപീകരിച്ചു. ഇതിന്റെ ഫലമായി 1921-ൽ അഖിലലോക മിഷനറി കൗൺസിൽ സ്ഥാപിതമായി. അതിനെ തുടർന്നു് 1928-ൽ യരുശലേമിൽവച്ചും, 1938-ൽ താംബരത്തുവച്ചും രണ്ടു് ആഗോളവ്യാപകമായ മിഷനറിസമ്മേളനങ്ങൾ നടത്തപ്പെട്ടു.

'ലൈഫ് ആൻഡ് വർക്ക്' എന്ന വിഷയത്തെക്കുറിച്ചു് പഠിക്കുന്നതിനായി 1925-ൽ 27 രാജ്യങ്ങളിൽനിന്നും 1000-ൽ പരം പ്രതിനിധികൾ ചേർന്നു് സ്റ്റോക്ക്ഹോമിൽ

വച്ചു് ഒരു സമ്മേളനം നടക്കുകയും 'ജീവിതത്തേയും പ്രവ ൎത്തനത്തേയും സാംബന്ധിച്ച ആഗോള കൌൺസിൽ' (Universal Council of Life and Work) രൂപീകൃതമാകുകയും ചെയ്തു. യേശുക്രിസ്തു മനുഷ്യജീവിതത്തിൻെറ ആത്മീയ ലൗകിക കാൎയ്യങ്ങളുടെ കൎത്താവായിരിക്കണമെന്നു് ആ സമ്മേളനത്തിൽവച്ചു് പരക്കെ സമ്മതിക്കപ്പെട്ടു. 1937-ൽ ഓക്സ്ഫോർഡിൽ വച്ചു് "സഭ, സമുദായം, രാജ്യം" ഇവയെപ്പററി പഠിക്കുന്നതിനായി ഒരു സമ്മേളനവും നടക്കുകയുണ്ടായി.

വിശ്വാസം ആചാരക്രമം ഇവ സംബന്ധിച്ചുള്ള ഒരു സമ്മേളനത്തിനുവേണ്ടി അമേരിക്കയിലുള്ള പ്രോട്ടസ്റ്റൻറു വിഭാഗങ്ങൾ താല്പൎയ്യപ്പെട്ടതിൻെറ ഫലമായി 1927-ൽ 100-ൽ അധികം സഭയുടെ പ്രതിനിധികൾ ലൊസാംഗ് എന്ന സ്ഥലത്തു് ഒരുമിച്ചുകൂടി. അതിൻെറ ശേഷം 1937-ൽ എഡിൻബറോയിൽ വച്ചു് വേറൊരു സമ്മേളനവും നടന്നതിൽ 122 സഭകളെ പ്രതിനിധീകരിച്ചു് 414 അംഗങ്ങൾ സംബന്ധിച്ചു. വിശ്വാസവും ആചാരക്രമങ്ങളും, ജീവിതവും പ്രവൎത്തനവും സംബന്ധിച്ച കൗൺസിലുകളും ഒരുമിച്ചു ചേൎന്നാൽ നന്നായിരിക്കുമെന്നു പലക്കും ബോധപ്പെട്ടതിൻെറ ഫലമായി ലണ്ടനിലുള്ള വെസ്റ്റ് ഫീൽസ് കോളജിൽവച്ചു കൂടിയ സമ്മേളനത്തിൽ "അഖിലലോക സഭാകൗൺസിൽ" ഉടലെടുത്തു. ഓക്സ്ഫോർഡിലും എഡിൻബറോയിലും സമ്മേളിച്ച സമ്മേളനങ്ങളിൽ വച്ചു് ഈ ആവശ്യത്തിലേക്കു് 14 പേരടങ്ങിയ ഒരു കമ്മററിയെ തിരഞ്ഞെടുത്തു. സഭാകൗൺസിലിൻെറ അടിസ്ഥാനപരമായ കാൎയ്യങ്ങളെക്കുറിച്ചു് പൎയ്യാലോചിക്കുന്നതിനു് 1938-ൽ യൂട്രെക്ക്ററു് എന്ന സ്ഥലത്തുവച്ചു് നടന്ന മീററിംഗിൽ, ഒരു താല്ക്കാലികമായ അടിസ്ഥാനപദ്ധതി ആവിഷ്കരിക്കപ്പെട്ടകയും, ഒന്നാമത്തെ അഖിലലോക സഭാകൗൺസിൽ വിളിച്ചുകൂട്ടുന്നതിനു് ഒരു കമ്മററിയെ തിരഞ്ഞെടുക്കുകയും ചെയ്തു. തൽഫലമായി 1948 ആഗസ്റ്റ്മാസത്തിൽ ആംസ്റ്റർഡാം പട്ടണത്തിൽ വച്ചു് ഒരു സമ്മേളനം നടന്നു. 147 സഭകളെ പ്രതിനിധീകരിച്ചു് ഈ

സമ്മേളനത്തിൽ പ്രതിനിധികൾ ഹാജരുണ്ടായിരുന്നു. അഖിലലോക യുവജനപ്രസ്ഥാനവും ഇതിൽ പ്രതിനിധികളെ അയച്ചിട്ടുണ്ടായിരുന്നു. ഈ യുവജനസംഘടന അതിൻെറ രണ്ടു് ആഗോളസമ്മേളനങ്ങൾ 1947-ൽ ഓസ്‌ലോയിൽവച്ചും, 1952 ഡിസംബറിൽ കോട്ടയത്തുവച്ചും നടത്തുകയുണ്ടായി. 1948-ൽ കൂടിയ അഖിലലോക സഭാ കൗൺസിലിൻെറ ഒന്നാമത്തെ സമ്മേളനത്തിൽ, അതിൻെറ രണ്ടാംസമ്മേളനം 1954 ആഗസ്റ്റ്മാസത്തിൽ അമേരിക്കയിലുള്ള ഇവാൻസ്റ്റൺ പട്ടണത്തിൽവച്ച് നടത്തണമെന്നു് തീരുമാനിക്കയുണ്ടായി.

## 2. അഖിലലോക സഭാകൌൺസിലും മലബാറിലെ സഭകളും

മലയാളക്കരയിലുള്ള സുറിയാനിക്രിസ്ത്യാനികൾ തങ്ങളുടെ ദീർഘകാലത്തെ നിദ്രയിൽനിന്നും ഉണന്നതായിട്ടുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. 1938-ൽ എഡിൻബറോ കോൺഫ്രൻസിൽ കാതോലിക്കാ ബാവാ തിരുമേനി സംബന്ധിച്ചിരുന്നു. ഓസ്‌ലോ സമ്മേളനത്തിലും, ആംസ്റ്റർഡാം സമ്മേളനത്തിലും, മാർത്തോമ്മാസഭയിൽനിന്നും, ഓർത്തഡോക്സ് (യാക്കോബായ) സഭയിൽനിന്നും പ്രതിനിധികൾ സംബന്ധിച്ചിട്ടുണ്ടായിരുന്നു, രണ്ടാമത്തെ അഖിലലോക യുവജനസമ്മേളനം നടത്തുന്നതിനു് അതീവ ഉത്സാഹം പ്രദർശിപ്പിച്ചതു് റവ. ഡോ. കെ. എം. സൈമണും, അദ്ദേഹത്തെ സഹായിച്ച മിസ്സ്. സാറാ ചാക്കോ, മി. എം. എം. തോമസ് ആദിയായ പ്രമുഖ സുറിയാനിക്രിസ്ത്യാനിനേതാക്കളുമത്രെ. കേരളത്തിലെ സഭകളെന്നു മാത്രമല്ല, ഇൻഡ്യയിലെ സഭകളെല്ലാംതന്നെ കോൺഫ്രൻസിൻെറ വിജയത്തിനുവേണ്ടി പ്രവർത്തിച്ചു എന്നുള്ളതു്, അഖിലലോകവ്യാപകമായ സഭയുടെ ഐക്യതാപ്രസ്ഥാനങ്ങളിലുള്ള താല്പര്യത്തിൻെറ ഒരു നാന്ദിയത്രെ.

## വടക്കെഇൻഡ്യ

തെക്കെഇൻഡ്യയിലെ സഭാപുനരൈക്യശ്രമംപോലെതന്നെ ഉത്തരേന്ത്യയിലേയും സഭകൾ യോജിക്കുന്നതിനായി ശ്രമങ്ങൾ ചെയ്തുവരുന്നു. എ. ഡി. 1904-ൽ ഇൻഡ്യയിലുള്ള വിവിധ പ്രസ്ബിറററീറിയൻ ശാഖകൾ തമ്മിൽ യോജിക്കുന്നതിനിടയായി. 1924-ൽ 12 പ്രസ്ബിറേററിയൻ മിഷൻ സമൂഹങ്ങൾ അമേരിക്കൻ ബോർഡ് ഓഫ് ഫോറിൻ മിഷൻസിനോട്ട് അനുബന്ധിച്ചുള്ള കോൺഗ്രിഗേഷനൽ സഭകളുമായി യോജിച്ച് ഉത്തരേന്ത്യ ഐക്യസഭ സ്ഥാപിച്ചു. ഈ ഐക്യസഭയുടെ അദ്ധ്യക്ഷനെ മോഡറേററർ എന്നു വിളിച്ചുവരുന്നു. പ്രസ്തുത ഐക്യസഭയിലേക്ക് ക്ഷണിക്കപ്പെട്ട വെസ്ലിയൻ മെതഡിസ്റ്റ്സഭയുടെ അഭിലാഷപ്രകാരം 1929 ഏപ്രിൽ 10, 11 തീയതികളിൽ ലക്നോയിൽവച്ച്, ആദ്യ വട്ടമേശസമ്മേളനം നടന്നു. ഈ സമ്മേളനത്തിൽ ആസ്ത്രേലിയൻസഭകളുടെ ക്രിസ്തുമിഷൻ, ആസ്ത്രേലിയൻ മെതഡിസ്റ്റ്സഭ, വെസ്ലിയൻ മെതഡിസ്റ്റ്സഭ, മെതഡിസ്റ്റ് എപ്പിസ്കോപ്പൽസഭ, ഉത്തരേന്ത്യ ഐക്യസഭ, ആംഗ്ലിക്കൻസഭ എന്നീ സഭകൾ പങ്കെടുത്തിരുന്നു.

രണ്ടാമത്തെ വട്ടമേശസമ്മേളനം 1930 നവംബർ 18-20 വരെ ഡൽഹിയിൽ കൂടി. സഹോദരന്മാരുടെ സഭ, സ്നേഹിതസമൂഹം എന്നീ സഭാവകുപ്പുകൾക്കൂടെ പ്രതിനിധികളെ അയയ്ക്കുകയുണ്ടായി. ഈ വട്ടമേശസമ്മേളനത്തിൻെറ ഫലമായ ഒരു അഖിലഭാരത സമ്മേളനം 1931 നവംബർ 7—9 വരെ നാഗപ്പൂരിൽ കൂട്ടുന്നതിനിടയായി. ശുശ്രൂഷസ്ഥാനത്തിൻെറ ഏകീകരണാവശ്യകതയെക്കുറിച്ച് ഈ സമ്മേളനം ഊന്നിപ്പറയുകയും, അതിൻെറ വിവിധ വിഷമപ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനാഹ്വാനം ചെയ്യുകയും ചെയ്തു. രണ്ടാമത്തെ വട്ടമേശസമ്മേളനം പുനരൈക്യാലോചനകൾ തുടരുന്നതിനായി ഒരു കമ്മററിയെ നിയോഗിക്കയും, 1935-ലും 1936-ലും ആ കമ്മററിസമ്മേളിച്ച് 'ആലോചനകളുടെ അടിസ്ഥാനപ്രമാണങ്ങൾ' രൂപീകരിക്കുകയുംചെയ്തു. പ്രസ്തുത അടിസ്ഥാനപ്രമാണങ്ങൾ

1937-ലെ ലക്നോ വട്ടമേശസമ്മേളനം പരിഷ്കരിച്ച് സ്വീകരിക്കുകയും ചെയ്തു. വീണ്ടും ചില തിരുത്തലുകളോടും, വിശേഷണങ്ങളോടും കൂടെ അത് 1939-ൽ പരസ്യപ്പെടുത്തി. ആരംഭകാലത്ത് ആലോചനയിൽ പങ്കെടുത്തിരുന്ന ചില സഭകൾ ഈ സമയത്തേക്ക് പിൻവാങ്ങിപ്പോയി. ഉത്തരേന്ത്യൻ ഐക്യസഭ, ആംഗ്ളിക്കൻസഭ, തെക്കെ ഏഷ്യ, ബ്രിട്ടൻ, ആസ്ത്രേലിയ എന്നിവിടങ്ങളിലെ മെതഡിസ്റ്റ്സഭകൾ, ബാപ്റ്റിസ്റ്റ്സഭ ഇവകൾ മാത്രം ആലോചനകൾ തുടന്നുകൊണ്ടിരുന്നു.

ബാപ്റ്റിസ്റ്റ്സഭയും, മെതഡിസ്റ്റ്സഭയും, ഉത്തരേന്ത്യൻ ഐക്യസഭയും തമ്മിൽ ചില കൂടിയാലോചനകൾക്കായി ഇതിനിടയിൽ നടന്ന സംയുക്ത കൗൺസിലിൻെറ ഫലമായി ഐക്യത്തിനുള്ള ഒരു പദ്ധതി രൂപീകൃതമാകുകയും 1942-ൽ പരസ്യപ്പെടുത്തുകയും ചെയ്തു. ഈ യോജിപ്പ് ചരിത്രപരമായ എപ്പിസ്കോപ്പൽഭരണത്തിന് സ്ഥാനംകൊടുക്കാതെ ഒരു പ്രസ്ബിററീറിയൻ ഭരണ രീതിയായിരുന്നു നിർദ്ദേശിച്ചിരുന്നത്. ഏതായാലും ഈ നിർദ്ദേശങ്ങൾ പുരോഗമിക്കുന്നതിനു ചില കാരണങ്ങൾകൊണ്ടു സാധിച്ചില്ല.

സംഗതികൾ ഇങ്ങനെയിരുന്നാലും 'അടിസ്ഥാന തത്വങ്ങൾ' ചില ഭേദഗതികളോടുകൂടെ 1941-ൽ നടന്ന നാലാമത്തെ വട്ടമേശസമ്മേളനത്തിൽ അവതരിപ്പിക്കുകയും ചില ശ്രദ്ധേയങ്ങളായ അഭിവൃദ്ധി ദൃശ്യമാകുകയും ചെയ്തു. മെതഡിസ്റ്റ് എപ്പിസ്കോപ്പൽസഭയും, ആംഗ്ലിക്കൻ സഭയും, സഭകൾ ഭിന്നിച്ചുപോയതിലുള്ള കുറവു നിമിത്തം ഇരുഭാഗക്കാരും കുറവുള്ളവരാണെന്നു മനസ്സിലാക്കിക്കൊണ്ടു് പ്രാത്ഥനയോടുകൂടി അന്യോന്യം കൈ വച്ചാൽ മതിയാകുമെന്നു തീരുമാനിച്ചു, 1944-ൽ ആംഗ്ലിക്കൻസഭ ഈ നിർദ്ദേശം വീണ്ടും ആവിഷ്ക്കരിക്കുകയും 1947 ജൂലൈയിൽ അലഹബാദിൽ വച്ചു കൂടിയ വട്ടമേശ സമ്മേളനം ആ നിർദ്ദേശം സ്വീകരിക്കുകയും ചെയ്തു. 1948 ഫെബ്രുവരി 20—22 വരെ അലഹബാദിൽ വച്ചു നടന്ന വട്ടമേശസമ്മേളനം മുമ്പിലത്തെ വട്ടമേശസമ്മേളനത്തിൻെറ

ശ്രുപാർശകളെ സ്വീകരിച്ചു. ഈ വർഷംതന്നെ സമ്മേളിച്ച ലാംബത്ത് സമ്മേളനവും ഐക്യാലോചനകളെ പ്രോത്സാഹിപ്പിക്കയത്രെ ചെയ്തതു്. ഇതിന്റെ ഫലമായി 1951 മാർച്ചുമാസം 27—30 കൽക്കട്ടായിൽ വച്ചു് യഥാർത്ഥത്തിലുള്ള ഒരു 'സഭാപുനരൈക്യാലോചനക്കമ്മററി' സമ്മേളിക്കുന്നതിനിടയായി. ഈ സമ്മേളനത്തിൽ ബാപ്ററിസ്റ്റ്കാരും സജീവമായി പങ്കുകൊള്ളുകയുണ്ടായി. അടിസ്ഥാനപ്രമാണങ്ങളെക്കുറിച്ചു് വീണ്ടും അവഗാഢമായി പരിചിന്തനം ചെയ്യുകയും ഏതാനും ചില ഭേദഗതികൾ അവതരിപ്പിക്കുകയും ചെയ്തു. ഇതിന്റെ ശേഷം 1952 മാർച്ചുമാസത്തിൽ കൂടിയ കമ്മററി, വീണ്ടും അടിസ്ഥാനപ്രമാണങ്ങളെപ്പററി പഠിച്ചു് വേണ്ട പരിഷ്ക്കാരങ്ങൾ വരുത്തി. വി. കൂദാശകളെക്കുറിച്ചു് പ്രത്യേകമായി ചിന്തിക്കുന്നതിനും, പഠിക്കുന്നതിനും പ്രായോഗിക പ്രമാണം നിർദ്ദേശിക്കുന്നതിനുമായി ഒരു കമ്മററി 1953-ൽ സെറാംപൂരിൽ കൂട്ടകയുണ്ടായി. ആ കമ്മററിയുടെ നിർദ്ദേശങ്ങളും അടിസ്ഥാനപ്രമാണങ്ങളുടെ ഇതുവരെയുള്ള അവസാന പരിഷ്കൃതരൂപവും താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതാണ്. അനതിവിദൂരഭാവിയിൽതന്നെ സി. എസ്സ്. ഐ. യെപ്പോലുള്ള ഒരു ഉത്തരേന്ത്യൻ ഐക്യസഭ സംജാതമാകുമെന്നു നമുക്കു ന്യായമായി പ്രത്യാശിക്കാവുന്നതാണ്",

സി. എസ്സ്. ഐ. യുടേതിൽനിന്നും വിഭിന്നമായ ചില പ്രത്യേക പ്രശ്നങ്ങൾ ഈ സഭാപുനരൈക്യാലോചനകളെ അഭിമുഖീകരിക്കുന്നുണ്ടു്. ശുശ്രൂഷാസ്ഥാനത്തിന്റെ ഏകീകരണം, ആംഗ്ലിക്കൻസഭയുടെയും മെതഡിസ്റ്റ് സഭയുടേയും എപ്പിസ്കോപ്പൽ ഭരണരീതിയിലന്തർഭവിച്ചിരിക്കുന്ന ആശയത്തിൽനിന്നും ഉണ്ടാകുന്ന വിഭിന്നമായ പ്രശ്നങ്ങൾ, ബാപ്ററിസ്റ്റ് സഭയുമായി യോജിക്കുന്നതിലുള്ള വൈഷമ്യം ഈ മൂന്നു പ്രശ്നങ്ങളാണ് ഈ ആലോചനകളിൽ ഇപ്പോൾ തടങ്കൽപാറയെന്നവണ്ണം പരിണമിച്ചിരിക്കുന്നതു്. ചരിത്രപരമായ എപ്പിസ്കോപ്പൽ ഭരണം അംഗീകരിക്കുന്നതിനെക്കുറിച്ചും, ശിശുസ്നാനം, വിശ്വാസ

സ്നാനം ഇവയെപ്പററിയും ഇതുവരെ സാരമായ തീരുമാനങ്ങൾ ചെയ്തിട്ടില്ലതന്നെ. എന്നിരുന്നാലും ഐക്യസഭയിൽ രണ്ടുവിധത്തിലുമുള്ള സ്നാനങ്ങളും നിലവിലിരിക്കണമെന്നാണ് കമ്മററിക്കാർ ആഗ്രഹിക്കുന്നതു്. ഇതര കാര്യങ്ങളിലുള്ള തീരുമാനങ്ങൾ മിക്കവാറും സി. എസ്സ്. ഐ. യെപ്പോലെതന്നെയായിരിക്കുവാനാണു സാധ്യതയുള്ളതു്. ദൈവം ഈ സദ്ദ്യമത്തിൽ അതിശയകരമായി പ്രവത്തിക്കുമെന്നും. അങ്ങനെ ഈ ഐക്യം വളരെ വലിയ കാലവിളംബം കൂടാതെ സാധിതപ്രായമായിത്തീരുമെന്നും പ്രതീക്ഷിക്കാം.

---

# അദ്ധ്യായം 25

## മലയാളരാജ്യത്തെ ക്രിസ്തീയസഭകളുടെ ചുമതലകൾ

ഈ അദ്ധ്യായത്തിൽ ക്രിസ്തീയ സഭയുടെ വിവിധ വകുപ്പുകളായി മലയാളരാജ്യത്തു സ്ഥിതിചെയ്യുന്ന സഭകളുടെ ചില പ്രധാന ചുമതലകൾ ചൂണ്ടിക്കാണിക്കണമെന്നുദ്ദേശിക്കുന്നു.

### I

ഒന്നാമതായും സർവ്വപ്രധാനമായും ക്രിസ്തീയ സഭയുടെ പുനരൈക്യം എന്നുള്ളതു് ആളാംപ്രതിയായും സമുദായമായും നമ്മുടെ ഓരോരുത്തരുടെയും ആദർശമായി നാം സ്വീകരിക്കേണ്ടതാണ്. നമ്മുടെ കർത്താവും പിതാവും ഒന്നായിരിക്കുന്നതുപോലെ, തന്റെ ശിഷ്യന്മാരായ നാം ഏവരും തന്റെ നാമത്തിൽ ഐക്യപ്പെട്ടിരിക്കണമെന്നുള്ളതാണ് സഭാനാഥനായ നമ്മുടെ രക്ഷകന്റെ അഭിലാഷമെന്നും, ഐകമത്യമില്ലാതെ ക്രിസ്തീയസഭകൾ തമ്മിൽ

കാട്ടിക്കൂട്ടുന്ന ഓരോ വിക്രിയകൾ നമ്മുടെ ശക്തിയും പ്ര യോജനത്വവും നഷ്ടപ്പെടുത്തുന്നു എന്നും അവ ദൈവമുമ്പാ കെ കുററകരമാണെന്നും വിശേഷിച്ചു ആരെയും പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ല. ഡോണ്ണക്കലിലെ ബി ഷോപ്പായ ഡാക്ടർ അസറിയാ അവർകൾ എ. ഡി. 1927-ലെ ലോസാംഗ് കോൺഫ്രൻസിൽ പ്രസ്താവിച്ചതു പോലെ, സഭയിലെ ഭിന്നതകൾനിമിത്തം ജാതികളുടെ ഇടയിൽ ക്രിസ്തുനാമത്തെ നാം ദൂഷിച്ചിരിക്കുന്നതിനാൽ ക്രൈസ്തവരാജ്യങ്ങളെന്നു അറിഞ്ഞുവരുന്ന പാശ്ചാത്യരാ ജ്യങ്ങളെ അപേക്ഷിച്ചു ക്രിസ്റ്റേതരനിബിഡമായ ഭാരത ഭൂമിയിൽ സഭകൾ തമ്മിലുള്ള യോജിപ്പ് ആഗ്രഹിക്കത്തെ ക്ക ഒരു സംഗതി എന്നു മാത്രമല്ല, ഒരു അത്യാവശ്യവും ക്രിസ്ത്യാനികളേവരുടെയും ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത ധ ർമ്മവും ആണെന്നു നാം ധരിക്കേണ്ടതാണു്.

സഭകൾ തമ്മിലുള്ള യോജിപ്പിനായി ഇൻഡ്യയിലെ ക്രിസ്ത്യാനികൾ അഭിനന്ദനീയമായ വിധത്തിൽ പരിശ്ര മിച്ചുകൊണ്ടിരിക്കുന്നതായി 24-ാം അദ്ധ്യായത്തിൽ നാം കണ്ടുകഴിഞ്ഞുവല്ലോ.

ഇൻഡ്യയിലെ സഭകളുടെ ഐക്യപ്രസ്ഥാനം സം ബന്ധിച്ചു മലയാളരാജ്യത്തെ സഭകളുടെ നില എന്തായി രിക്കണമെന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. തെക്കൻ തിരുവിതാംകൂറിലെ ലണ്ടൻമിഷൻസഭയും, മലബാറിലെ ബാസൽമിഷൻസഭയും ഐക്യസഭയുടെ അംഗങ്ങളായി ത്തീർന്നിരിക്കുന്നതിനാൽ തിരുവിതാംകൂറിലും കൊച്ചിയി ലും ഉള്ള സുറിയാനിസഭയുടെ കർത്തവ്യകർമ്മം മാത്രമേ ത ല്ക്കാലം ആലോചനാവിഷയമാക്കേണ്ടതുള്ളു. ഒന്നാമതായി ലോകമൊട്ടുക്കുള്ള ക്രിസ്തീയസഭയുടെ പുനരൈക്യം എന്ന തു നമ്മുടെ ഓരോരുത്തരുടെയും ഗാഢമായ ചിന്തയ്ക്കും തീ വ്രമായ പ്രാർത്ഥനയ്ക്കും വിഷയമാകേണ്ട കാലം അതിക്രമി ച്ചിരിക്കുന്നു. ഇതു സുറിയാനിക്കാരോ, മലയാളത്തുള്ള ക്രി സ്ത്യാനികളോ മാത്രമല്ല, ലോകമൊട്ടുക്കുള്ള ക്രിസ്ത്യാനികൾ ഏവരും തങ്ങളുടെ കർത്താവും യജമാനനും ആയ യേശു ക്രിസ്തുവിനെ പ്രതി ദൈവമുമ്പാകെ അനുഷ്ഠിക്കേണ്ട ഒരു

കടമ ആണു്. പ്രോട്ടസ്റ്റൻറുസഭയിലെ വിവിധ വകുപ്പുകളോ, പ്രോട്ടസ്റ്റൻറുസഭകളോടു അനുഭാവം പ്രദർശിപ്പിക്കുന്ന പൌരസ്ത്യസഭാവിഭാഗങ്ങളോ മാത്രം യോജിക്കുന്നതുകൊണ്ടു നാം തൃപ്തിപ്പെടാതെ, ക്രിസ്തീയസഭയുടെ പ്രധാന വിഭാഗങ്ങളായ റോമൻകത്തോലിക്കസഭ, പൌരസ്ത്യസഭകൾ, പ്രോട്ടസ്റ്റൻറുസഭകൾ എന്നീ ശാഖകളെല്ലാം നല്ല ഇടയനാകുന്ന നമ്മുടെ കത്താവിൻെറ കീഴിലുള്ള ഒരു തൊഴുത്തായിത്തീരുന്ന ഒരു കാലത്തിനായി നാം പ്രത്യാശയോടും വിശ്വാസത്തോടും കൂടെ നോക്കിപ്പാക്കേണ്ടതാണു്. ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻസഭയും ചില പൌരസ്ത്യ സഭകളുമായി അടുത്തകാലത്തു മൈത്രീബന്ധം ഉണ്ടാകുന്നതിനു ഇടയായിട്ടുണ്ടെന്നുള്ളതു് ഈ വിധത്തിലുള്ള യോജിപ്പു അസംഭാവ്യമല്ല എന്നുള്ളതിൻെറ ഒരു മുൻകുറിയായി ഗണിക്കാവുന്നതാണു്. ആംഗ്ലിക്കൻസഭയിലെ പട്ടത്വം യവനായസഭ അംഗീകരിച്ചിരിക്കുന്നതു ആധുനിക സഭാചരിത്രത്തിലെ ഒരു പ്രധാന സംഭവമായി ഗണിക്കാവുന്നതാണു്. പൌരസ്ത്യസഭകളും പ്രോട്ടസ്റ്റൻറുസഭകളും തമ്മിൽ ഒരു ആത്മികബന്ധത്തിൽ പ്രവേശിക്കുന്നതു സാധിച്ചാലും, റോമൻകത്തോലിക്കരുമായി തുല്യനിലയിലുള്ള ഒരു യോജിപ്പു സാധിക്കയില്ലെന്നു വാദിക്കുന്നവക്കു പൌരസ്ത്യ ഓത്തഡോക്സ് സഭയുടെ ഒരു പ്രതിനിധിയും പണ്ഡിതനും സോഫിയാ (റഷ്യാ) സവ്വകലാശാലയിലെ ഒരു പ്രൊഫസറുമായ സ്റ്റീഫൻ സങ്കോവിൻെറ അഭിപ്രായം ആശാവഹവും രസകരവുമായി തോന്നാനിടയുണ്ടു്. അദ്ദേഹം തൻെറ ഒരു പുസ്തകത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—
*'പാപ്പായുടെ ശ്രേഷ്ഠാധികാരവും അപ്രമാദിത്വവും റോമാസഭയിൽ നിലനില്ക്കുന്ന കാലത്തോളം ഓത്തഡോക്സ് സഭയുമായുള്ള ഒരു യോജിപ്പു് അസാദ്ധ്യമാണു്. എന്നാൽ ഭാവിയെ സംബന്ധിച്ചിടത്തോളം ദൈവം പ്രവത്തിക്കുന്നതു് എങ്ങനെ എന്നു് നമുക്കു് അറിഞ്ഞുകൂടാ. പത്രൊസു്

---

* The Eastern Orthodox Church, by Stefan Zankov page 160 S. C. M. 1929.

തൻെറ കത്താവിനെ തള്ളിപ്പറഞ്ഞെങ്കിലും അവൻ അനുതപിക്കയും, രക്ഷകൻ അവനെ സ്നേഹിക്കുകയും ചെയ്തു. ഈ സംഗതിയിൽ റോമാസഭ പത്രൊസിൻെറ ദൃഷ്ടാന്തം അനുകരിക്കയില്ലെന്നു് (അതായതു് ഈ ഉപദേശങ്ങൾ ഉപേക്ഷിച്ചു് കത്താവിനെപ്രതി ഇതരസഭകളുമായി യോജിപ്പിനു ശ്രമിക്കുകയില്ലെന്നുള്ളതു്) ആക്കറിയാം?'. മേല്പറഞ്ഞവയും അതുപോലെയുള്ള ഗൌരവതരങ്ങളായ മററു ചില ഉപദേശപ്പിശകുകളും റോമാസഭ ഒരുകാലത്തു് ഉപേക്ഷിക്കയും അങ്ങനെ ഐക്യം സാദ്ധ്യമാകയും ചെയ്യുമെന്നു നമുക്കു പ്രത്യാശിക്കാം.

എന്നാൽ വിസ്തൃതമായ ഒരു യോജിപ്പു് ആസന്നമാക്കുന്നതിനുള്ള മാൎഗ്ഗം ആളാംപ്രതിയായോ, സഭയായോ, സുറിയാനിസഭ റോമാസഭയിലോ, പ്രോട്ടസ്റ്റൻറുസഭയിലോ എടുത്തുചാടുക അല്ല എന്നുള്ളതും ഓൎത്തിരിക്കേണ്ടതാണു്. അങ്ങനെ വേറൊരു സഭയിൽ ലയിക്കുന്നതുകൊണ്ടു് ദൈവം സുറിയാനിസഭയെക്കൊണ്ടു അനേക ശതാബ്ദങ്ങളായി ഉദ്ദേശിച്ചിരിക്കുന്ന മഹൽക്കാൎയ്യങ്ങൾ സാധിക്കാമെന്നു വിചാരിക്കുന്നതിനു നിവൃത്തിയില്ല. അങ്ങനെയെങ്കിൽ പറങ്കികളുടെ ആക്രമണസമയത്തും അതിനു മുൻപും പിൻപും ജാതികളുടെ കൈയിൽനിന്നും സുറിയാനിസഭയെ ദൈവം രക്ഷിച്ചു് മങ്ങിക്കത്തുന്ന ഒരു തിരിയെപ്പോലെ എങ്കിലും കേരളത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്നതെന്തിനു്?

അതിനാൽ സുറിയാനിസഭ ഒരു പൌരസ്ത്യസഭയാണെന്നും ഇതര പൌരസ്ത്യസഭകളുമായിട്ടാണു് വിശ്വാസാചാരങ്ങൾ സംബന്ധിച്ചു് തങ്ങൾക്കു കൂടുതൽ ചേൎച്ചയുള്ളതെന്നും, മനസ്സിലാക്കിയിട്ടു് തങ്ങളുടെ സ്വാതന്ത്ര്യനിലക്കു ഭംഗം വരാതെ ഇതര പൌരസ്ത്യസഭകളുമായി ഒരുമൈത്രീബന്ധത്തിൽ വരുന്നതിനും ആണു് മലങ്കരസുറിയാനിസഭ ഒന്നാമതായി ശ്രമിക്കേണ്ടതു്. ഇതു സാധിക്കുന്നതിനുമുമ്പായി മലങ്കരയുള്ള സുറിയാനിസഭയുടെ ശാഖകൾതന്നെ അന്യോന്യം യോജിക്കയോ, സൗഹാൎദ്ദമായ ഒരു ആത്മീ

യ ബന്ധത്തിൽ സംഘടിതമാകയോ ചെയ്യേണ്ടതു് അത്യാവശ്യമാണു്. വിശ്വാസാചാരമൎയ്യാദകളിൽ തമ്മിൽ യാതൊരു വ്യത്യാസവുമില്ലാതിരിക്കുന്ന യാക്കോബായ സഭയും തോഴിയൂരെ (അഞ്ഞൂർ) സഭയും തമ്മിലും, ചില സംഗതികളിൽ മാത്രം വിഭിന്ന നില സ്വീകരിച്ചിരിക്കുന്ന യാക്കോബായ (ഓൎത്തഡോക്സ്) സഭയും, മാൎത്തോമ്മാസഭയും തമ്മിലും, കൽദായ സുറിയാനി സഭയും ഇതരസഭകളും തമ്മിലും കാലക്രമേണ മലങ്കരയുള്ള പൌരസ്ത്യ സഭാവിഭാഗങ്ങളെല്ലാം ചേൎന്നും ഉള്ള ഒരു ഐക്യബന്ധം അസാദ്ധ്യമല്ല. ഇങ്ങനെയുള്ള ഒരു നിലയിൽ എത്തിയ ശേഷമാണ് ഇതര പൌരസ്ത്യസഭകളോടും അവരുടെ ആനുകൂല്യത്തോടുകൂടെ പ്രോട്ടസ്റ്റൻറു സഭകളോടും ഉള്ള ഐക്യത്തിനു സുറിയാനിസഭ ഒരുമ്പെടേണ്ടതെന്നത്രെ ചില സഭാപുനരൈക്യ ചിന്തകന്മാരുടെ അഭിപ്രായം.

എന്നാൽ ചരിത്രഗതികൾ സൂക്ഷ്മാവലോകനം ചെയ്തുകൊണ്ടിരിക്കുന്നവരും സഭാപുനരൈക്യത്തിനുവേണ്ടി പരമാൎത്ഥമായി ആഗ്രഹിച്ചും പ്രവൎത്തിച്ചും കൊണ്ടിരിക്കുന്നവരും ആയ ചില ആളുകൾ മേല്പറഞ്ഞ അഭിപ്രായത്തോടു അനുകൂലിക്കുന്നില്ല എന്നുള്ള വാസ്തവവും ധരിച്ചിരിക്കേണ്ടതാണു്. മലയാളത്തുള്ള സുറിയാനിസഭാശാഖകൾ യോജിച്ചുശേഷം പൌരസ്ത്യ ഓൎത്തഡോക്സ് സഭയോടു് സംസൎഗ്ഗം സമ്പാദിക്കുന്നതിനേക്കാൾ ക്ഷിപ്രസാദ്ധ്യവും സുഗമവും ആയുള്ള മാൎഗ്ഗം തെക്കെ ഇൻഡ്യയിലെ ഐക്യസഭ, ആംഗ്ലിക്കൻസഭ എന്നീ സമൂഹങ്ങളോടൊപ്പം സഹകരിച്ചു് ഭാരതത്തിൽ ശക്തിമത്തായ ഒരു ഐക്യസഭ സ്ഥാപിക്കുന്നതാണു് ഉത്തമമെന്നും, അതു സാധിച്ചശേഷം ഇതര സഭകളുമായുള്ള സംസൎഗ്ഗം സമ്പാദിക്കുന്നതിനു് കൂടുതൽ എളുപ്പമുണ്ടെന്നും അവർ അഭിപ്രായപ്പെടുന്നു. അവരവരുടെ കാതലായ ഉപദേശങ്ങളും ആചാരങ്ങളും നഷ്ടപ്പെടുത്താതെയുള്ള ഒരു യോജിപ്പാണു് മേല്പറഞ്ഞ രണ്ടു് അഭിപ്രായ ഗതികളിലും ഉദ്ദേശിച്ചിരിക്കുന്നതു്. ഇങ്ങനെയുള്ള ഒരു യോജിപ്പുനിമിത്തം ഒരു സഭ വേറൊരു സഭയിൽ ലയിച്ചു തങ്ങളുടെ വ്യക്തിത്വം നഷ്ടപ്പെട്ടുത്തിയെന്നുള്ള ആക്ഷേ

പം ഉണ്ടാകുന്നതല്ല. പ്രസ്തുത യോജിപ്പിൻെറ സ്വഭാവം ചിലതെല്ലാം ഫെഡറേഷൻ (Federation) എന്ന ഇംഗ്ലീഷ് വാക്കുകൊണ്ടു് സൂചിപ്പിച്ചുവരുന്നു.

മേല്പറഞ്ഞ രണ്ടു് അഭിപ്രായഗതികൾ ഗുണദോഷനിരൂപണംചെയ്തു് ഏതെങ്കിലും ഒന്നിൻെറ സ്വീകാര്യത സ്ഥാപിക്കുന്നതിനു് ഇവിടെ ഉദ്യമിക്കുന്നില്ല. പുനരൈക്യത്തിൻെറ പ്രാധാന്യം, അതിനുവേണ്ടി സഭകൾ ഉള്ളഴിഞ്ഞു ചെയ്യേണ്ട പരിശ്രമം എന്നീ സംഗതികൾ മാത്രം വായനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടു്, പുനരൈക്യപദ്ധതി ഓരോ വ്യക്തിയുടേയും ഓരോ സഭയുടേയും അഭിപ്രായത്തിനു വിടുന്നതുകൊണ്ടു് തൽക്കാലം തൃപ്തിപ്പെടാവുന്നതാണു്.

മലയാളത്തെ സഭകൾ ഏകയോഗമായി നില്ക്കുന്നതിനു മുൻപായും, പക്ഷെ അങ്ങനെയുള്ള ഒരു കാലം അവതരിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായും, പ്രസ്തുതസഭകൾ സഭാംഗങ്ങളുടെ സാമൂഹ്യവും സാന്മാർഗ്ഗികവും ആദ്ധ്യാത്മികവും ആയ അഭിവൃദ്ധിയെ ഉദ്ദേശിച്ചു പല സംഗതികളിൽ സഹകരിക്കാവുന്നതാണു് എന്നു് പ്രസ്താവിച്ചുകൊള്ളട്ടെ. വിദ്യാഭ്യാസം, പ്രത്യേകിച്ചു് വൈദിക വിദ്യാഭ്യാസം, ബാലന്മാരുടെ മാർഗ്ഗികാഭ്യസനം, ജാതികളുടെ ഇടയിൽ സ്വദേശത്തും വിദേശത്തും നടത്താവുന്ന സുവിശേഷവേല, ക്രിസ്തീയ സാഹിത്യ പോഷണം, സാമൂഹ്യാചാര പരിഷ്കരണം എന്നിങ്ങനെ പല നല്ല സംഗതികളിൽ കന്യാകുമാരി മുതൽ കോഴിക്കോട്ടു വരെയുള്ള ക്രിസ്ത്യനികൾക്കു് അവരവരുടെ മനസ്സാക്ഷി പണയം വെക്കാതെ മററുള്ളവരുമായി യോജിച്ചു് പ്രവത്തിക്കാവുന്നതാണു്. യൂണിയൻക്രിസ്ത്യൻ കോളജ്, മഹിളാലയം (ആലുവാ), തിരുവനന്തപുരത്തു ആണ്ടുതോറും നടന്നുവരുന്ന സുവിശേഷവാരം സംബന്ധിച്ചുള്ള സഹകരണോദ്യമങ്ങൾ, കേരള ക്രൈസ്തവസമിതി ആദിയായ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും സുറിയാനി സഭയിലെ ഐകമത്യത്തിൻെറ അരുണോദയ ലക്ഷണങ്ങളായി ഗണിക്കാവുന്നതത്രെ.

# II

രണ്ടാമതായി മലങ്കരയുള്ള ക്രിസ്തീയസഭകളുടെ ഒരു പ്രധാന ചുമതലയായി ഗണിക്കേണ്ട ഒരു സംഗതി തങ്ങളുടെ ചുററുപാട്ടം താമസിക്കുന്ന അക്രൈസ്തവരായ ഹിന്ദുക്കൾക്കും, മഹമ്മദീയക്കും, തീയ്യന്മാക്കും, നാടാന്മാക്കും മാതൃകയായിത്തീരത്തക്കവിധത്തിൽ സാന്മാഗ്ഗികമായ സംഗതികളിൽ കത്താവിൻെറ ഉത്തമസാക്ഷികളായി സഭാംഗങ്ങൾ ആളാംപ്രതിയായും കൂട്ടമായും ശോഭിക്കണമെന്നുള്ളതാണ്. മലയാള ക്രിസ്ത്യാനികളെക്കുറിച്ച് മൊത്തത്തിൽ പറയുന്നപക്ഷം പല സംഗതികളിലും അവരുടെ നടപടി അത്യന്തം പ്രശംസാർഹമായിട്ടുള്ളതാണെന്നു അഭിമാനിക്കാം. സുവിശേഷ വേലസംബന്ധിച്ച് സുറിയാനിസഭ കഴിഞ്ഞ കാലങ്ങളിൽ ലജ്ജാകരമായ അനാസ്ഥ പ്രദശിപ്പിച്ചിട്ടുണ്ടെന്നു സമ്മതിച്ചേ തീരു. ഇതു സംബന്ധിച്ച് സുറിയാനിസഭയുടെ സുഹൃത്തുക്കളായ ചില ഇംഗ്ലീഷ് മിഷനറിമാർ പ്രസ്തുത സഭയെ ശകാരിച്ചിട്ടുള്ളതു് കക്കശമായിപ്പോയി എന്നു പറയുവാൻ മനസ്സു വരുന്നില്ല. എന്നാൽ മിഷനറി വേലയിൽ സുറിയാനി സഭ ക്ഷന്തവ്യമല്ലാത്ത ഉദാസീനത കാണിച്ചിട്ടുണ്ടെങ്കിലും ഒരു സംഗതിയിൽ കഴിഞ്ഞ പത്തു പതിനേഴ ശതാബ്ദങ്ങളായി പ്രസ്തുത സഭ ബലഹീനമായിട്ടെങ്കിലും, ക്രിസ്തുവിൻെറ നാമത്തിനുവേണ്ടി പുറജാതികളുടെ മദ്ധ്യേ സാക്ഷ്യം വഹിച്ചിട്ടുണ്ടു് എന്നു സധൈര്യം ഘോഷിക്കാവുന്നതാണ്. അതു് എന്തെന്നു വച്ചാൽ തങ്ങളുടെ ജീവിതകൃത്യങ്ങളിൽ ക്രിസ്തുവിൻെറ സാന്മാഗ്ഗികതത്വങ്ങൾക്കനുസരണമായ ഒരു പ്രമാണമനുസരിച്ചു സഭാംഗങ്ങളിൽ അനേകരും ജീവിച്ചിട്ടുണ്ടു് എന്നുള്ളതാണ്. കുടുംബജീവിതത്തിൻെറ ശ്രേഷ്ഠത, ഭാൎയ്യാഭത്താക്കന്മാർ തമ്മിലുള്ള വിശ്വസ്തത, സ്ത്രീകളോടുള്ള ബഹുമാനം, ലളിതജീവിതപ്രിയം, ഈശ്വരഭക്തി എന്നീ സംഗതികളിൽ സുറിയാനിസമുദായം ഇൻഡ്യയിലെ മററു ചില സമുദായങ്ങളെ അതിശയിക്കുമെന്നുള്ളതിനു സംശയമില്ല.

എന്നാൽ ക്രിസ്ത്വേതരന്മാരോടുള്ള സംസർഗ്ഗംകൊണ്ടും ഇതരക്രിസ്തീയ സമുദായങ്ങളുമായി സഹവാസത്തിനുള്ള

സൌകൎയ്യങ്ങൾ കുറവായിരുന്നതുനിമിത്തവും, സുറിയാനി സഭയിലും, മലയാളക്കരയിലെ ഇതരക്രിസ്തീയ സഭകളിലും ഗൌരവതരമായ പല ദോഷങ്ങളും കടന്നുകൂടിട്ടുണ്ടെന്നുള്ളതിനു തെളിവുകൾ ആവശ്യമില്ല. ജാതിഭേദം, കക്ഷിമത്സരം, വ്യവഹാരപ്രിയം എന്നീ സംഗതികളിൽ മലയാളക്രിസ്ത്യാനികൾ സമ്പാദിച്ചിരിക്കുന്ന ചീത്തപ്പേരു് എന്നു മാറിക്കിട്ടും എന്നു് ആൎക്കറിയാം? സാധുവൎഗ്ഗക്കാരായ ക്രിസ്ത്യാനികളെ പള്ളിയിൽ കയററാതിരിക്കുകയും അവരോടു ഹീനമായി വൎത്തിക്കയും ചെയ്യു കുററം എങ്ങനെ തീൎക്കാൻ സാധിക്കും? പള്ളിവ്യവഹാരത്തിലും കക്ഷിമത്സരത്തിലും ഏൎപ്പെട്ടു സഭയും ജാതികളുടെ ഇടയിൽ വരുത്തിയിട്ടുള്ള അപകീൎത്തിക്കു എങ്ങനെ പരിഹാരമുണ്ടാകും?

സഭയിൽ പലവിധത്തിലുള്ള ദോഷങ്ങൾ ഉണ്ടായിരുന്നിട്ടും ആളംപ്രതിയായി അനേകർ ജീവിതനൈൎമ്മല്യത്തോടും ക്രിസ്തീയ പ്രകാശത്തോടും കൂടെ ജീവിച്ചിട്ടുണ്ടു് എന്നു മുമ്പു പറഞ്ഞുകഴിഞ്ഞല്ലോ. എന്നാൽ ആധുനികകാലത്തു ആവശ്യമായിരിക്കുന്നതു സഭ പൊതുവെ സാമൂഹ്യവും സാന്മാൎഗ്ഗികവുമായ സംഗതികളിൽ സഭാംഗങ്ങൾക്കും ക്രിസ്തേതരന്മാൎക്കും വഴിതെളിച്ചുകൊടുക്കണമെന്നുള്ളതാണു്. സഭാവിശ്വാസത്തെ സ്പൎശിക്കാത്ത എന്തെല്ലാം സംഗതികളിൽ സഭകൾ യോജിച്ചു പ്രവൎത്തിക്കുന്നതുമൂലം കേരളത്തിലെ വിവിധജാതികൾക്കു മാൎഗ്ഗദൎശികളായിരിക്കുന്നതിനു സാധിക്കും? അയിത്തോച്ചാടനം, മദ്യപാനനിരോധനം, സാധുസംരക്ഷണം, സൎവ്വജാതി മൈത്രി ആദിയായ സംഗതികളിൽ ക്രിസ്തീയസഭ നമ്മുടെ കൎത്താവിന്റെ ഉപദേശത്തിന്നനുരൂപമായ ഒരു നയം സ്വീകരിച്ചു അതു തങ്ങളുടെ സകല ശക്തിയും പ്രയോഗിച്ചു നടപ്പിൽ വരുത്തുകയെന്നുള്ളതാണു തങ്ങളുടെ നാഥനുവേണ്ടി മലങ്കരയിലെ സഭകൾക്കു ആധുനികകാലത്തു നിറവേററാവുന്ന ഒരു മഹൽ ശുശ്രൂഷ.

## III

കേരള ക്രിസ്തീയസഭകൾ സജീവശക്തികളാകുന്നതിനുള്ള ഏകമാൎഗ്ഗം, സുവിശേഷവേല തങ്ങളുടെ പ്രധാന ല

ക്ഷ്യമാക്കി പ്രവൎത്തിക്കയെന്നുള്ളതാണ്. മിഷനറി സഭയാകാത്ത ഏതു സഭയും കാലാന്തരത്തിൽ നശിച്ചു നാമാവശേഷമായി പോകുന്നതായി സഭാചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഒന്നാം ശതാബ്ദത്തിലെ അപ്പൊസ്തലിക സഭ പേൎഷ്യയിലെ നെസ്തോറിയൻസഭ, യൂറോപ്പിലെ മൊറേവിയൻസഭ ആദിയായ സഭകളുടെ വളൎച്ചയ്ക്കും ശക്തിക്കും നിദാനമായിട്ടുള്ളതു്, പ്രസ്തുത സഭകളിലെ അംഗങ്ങളേവരും സഭ പൊതുവെയും 'ഓരോ ക്രിസ്ത്യാനിയും ഓരോ മിഷനറി' എന്നുള്ള പ്രമാണമനുസരിച്ചു് പ്രവൎത്തിച്ചിരുന്നുവെന്നുള്ളതാണ്. എന്നാൽ മലയാളരാജ്യത്തെ സ്ഥിതി ആലോചിച്ചുനോക്കുമ്പോൾ, അനേക ശതാബ്ദങ്ങൾക്കു മുമ്പു ക്രിസ്തുമതം ഇവിടെ പ്രവേശിച്ചിരുന്നിട്ടും, സുറിയാനിക്കാരായ ക്രിസ്ത്യാനികളുടെ അയൽപ്രദേശങ്ങളിൽ പാൎത്തിരുന്ന അക്രൈസ്തവരായ പുലയരും പറയരും സുവിശേഷസത്യങ്ങൾ കേൾക്കുന്നതിനിടയായതു് അനേകായിരം മൈൽ ദൂരത്തിലിരുന്ന ബിലാത്തിയിലെ മിഷനറിമാർ മലയാളരാജ്യത്തു കാലുവച്ചതിൻെറ ശേഷമാണെന്നുള്ളതു സുറിയാനിസഭയ്ക്കു് അഭിമാനകരമായ ഒരു സംഗതിയല്ല. അതിനാൽ ദീൎഘകാലത്തെ അനാസ്ഥയുടെയും ഉത്സാഹശൂന്യതയുടെയും നിന്ദ നീക്കിക്കളയുന്നതിനും, നമ്മുടെ കൎത്താവിൻെറ അന്ത്യശാസനം നിറവേററുന്നതിനുമായി മലങ്കരയിലെ സഭ ഇക്കാലത്തു ഉണൎന്നു പ്രവൎത്തിക്കാൻ കടപ്പെട്ടിരിക്കുന്നു.

എ. ഡി. 1931-ലെ കാനേഷ്മാരി കണക്കിൻപ്രകാരം ഇൻഡ്യയിലും ബൎമ്മായിലുംകൂടെ 35,28,18,777 ജനങ്ങളുള്ളതിൽ 23,91,95,140 ഹിന്ദുക്കളും, 12,72,105 ജയിൻ മതക്കാരും, 1,27,86,806 ബുദ്ധമതക്കാരും, 4,335,771 സിക്ക്മതക്കാരും, 1,09,752 പാഴ്സികളും 7,76,77,747 ഇസ്ലാംമതക്കാരും, 24,141 യഹൂദന്മാരും, 82,80,347 അപരിഷ്കൃതജാതികളായി കല്ലിനെയും മരത്തെയും വന്ദിക്കുന്നവരും, 6,299,763 ക്രിസ്ത്യാനികളും ബാക്കി ഇതര മതസ്ഥരും ആണ്. ഇതിൽനിന്നു ക്രിസ്ത്യേതരുടെ സംഖ്യ ക്രിസ്ത്യാനികളുടേതിനേക്കാൾ 56 മടങ്ങു വലു

താണെന്നു മനസ്സിലാക്കാം. ക്രിസ്ത്യാനികളും ഇതരമതസ്ഥരും തമ്മിൽ താരതമ്യേനയുള്ള സംഖ്യാബലം താഴെക്കാണുന്ന കണക്കിൽനിന്നു വിശദമാകുന്നതാണ്. ഇൻഡ്യയിലുള്ള പതിനായിരം ജനങ്ങളെ അവരുടെ മതവിശ്വാസം അനുസരിച്ചു തരംതിരിക്കുന്ന പക്ഷം ആ കൂട്ടത്തിൽ 179 ക്രിസ്ത്യാനികൾ മാത്രമെ കാണുകയുള്ളു. * ഭാരതത്തിലെ ക്രിസ്തുസഭാംഗങ്ങൾ 56 മടങ്ങായി വർദ്ധിക്കുന്ന കാലത്തു ഇൻഡ്യാരാജ്യം മുഴുവൻ ക്രിസ്തുവിൻെറ ഭാഗത്തു പേരിലെങ്കിലും ചേർന്നുനില്ക്കുന്നുവെന്നു അഭിമാനിക്കാവുന്നതാണ്. ഈ കണക്കിൽനിന്നു ഭാരതത്തിലെ ക്രിസ്തീയസഭ സുവിശേഷവേല സംബന്ധമായി നിറവേററേണ്ടുന്ന ചുമതല എത്ര ഭീമമായതെന്നു ഊഹിക്കാവുന്നതാണല്ലൊ. പുരാതനത്വംകൊണ്ടും, സംഖ്യാബലംകൊണ്ടും, വിദ്യാഭ്യാസംകൊണ്ടും ഇതര ക്രിസ്തീയ സഭകളുടെ മുന്നണിയിൽ നില്ക്കുന്ന മലയാളരാജ്യത്തെ സഭകളാണു ഈ ഉത്തരവാദിത്വത്തിൻെറ ഒരു പ്രധാന ഭാഗം വഹിക്കേണ്ടതെന്നുള്ളതു നിർവ്വിവാദമായ ഒരു സംഗതിയാണ്.

അതുകൊണ്ടു സ്വദേശത്തും വിദേശത്തും, സാധുജാതികളുടെ ഇടയിലും ഉയന്ന ജാതികളുടെ ഇടയിലും കത്താവിൻെറ മഹത്വമേറിയ സുവിശേഷം പ്രസിദ്ധീകരിക്കുന്നതിനു മലങ്കരയിലെ ക്രിസ്തുസഭ വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ നാട്ടിൽതന്നെ സുവിശേഷവേല സംബന്ധിച്ചു ഒരു പ്രത്യേക സംഗതി ലാക്കാക്കി പ്രവത്തിക്കേണ്ട ആവശ്യമുണ്ട്. അതു ഉയന്ന ജാതി ഹിന്ദുക്കളോടു നമ്മുടെ ക്രിസ്തീയ മിഷനറിധമ്മം നിറവേററുന്നതിനു സ്ഥിരമായ ഒരു പരിശ്രമം ചെയ്യുയെന്നതാണ്. മിഷനറിമാരുടെ വേലയുടെ ഫലമായും മററും, നമ്മുടെ നാട്ടിലെ സാധുജാതികളുടെ ഇടയിൽ സുവിശേഷം ഒരു

---

* പതിനായിരം ജനങ്ങളിൽ ഹിന്ദുക്കൾ 6,824-ം മുഹമ്മദീയർ 2,216-ം ബുദ്ധമതാനുസാരികൾ 365-ം അപരിഷ്കൃതജാതികൾ 239-ം ക്രിസ്ത്യാനികൾ 179-ം മററു വകുപ്പുകൾ 177-ം ഉണ്ടായിരിക്കുന്നതാണ്.

(Mysore Economic Journal. vol 18 No. 8 August 1932Issue).

വിധം പ്രചരിച്ചിട്ടുണ്ട്. എന്നാൽ കുലീനന്മാരും, അഭ്യസ്തവിദ്യരും ക്രിസ്തുമതത്തെ ശാസ്ത്രരീത്യാ നിരൂപണം ചെയ്തുകൊണ്ടിരിക്കുന്നവരും ആയ ഉയൎന്ന ജാതി ഹിന്ദുക്കളായ ബ്രാഹ്മണരോടും, നംപൂതിരിമാരോടും നായന്മാരോടും അവൎക്കു ഹൃദ്യമാകുന്ന രീതിയിൽ സുവിശേഷസത്യങ്ങൾ പ്രതിപാദിച്ച് മനസ്സിലാക്കുന്നതിനും, ആ വിധത്തിൽ ക്രിസ്തുമതത്തെക്കുറിച്ചുള്ള അവരുടെ തെററിദ്ധാരണകൾ നീക്കി, ക്രിസ്തുവിങ്കലേക്കു അവരെ ആദായപ്പെടുത്തുന്നതിനുള്ള ഒരു ഉദ്യമം സഭകൾ പൊതുവെയോ പ്രത്യേകം പ്രത്യേകമായോ ആരംഭിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഹിന്ദുമതതത്വങ്ങൾ സഹതാപപൂൎവ്വം പഠിച്ചു മനസ്സിലാക്കിയിട്ടുള്ളവരും, സംസ്കൃത ഭാഷയിലും മാതൃഭാഷയിലും അസാമാന്യ വ്യുല്പത്തി നേടിയവരും, തങ്ങളുടെ ജീവിതരീതിയിലും മതാചാരസമ്പ്രദായങ്ങളിലും,യഥാൎത്ഥമായ സ്വദേശസ്നേഹം കലൎന്നിട്ടുള്ളവരും, ത്യാഗബുദ്ധിയോടുകൂടെ കൎത്താവിനെസേവിക്കുന്നതിനുതയ്യാറായിരിക്കുന്നവരുമായ യൌവനക്കാരെക്കൊണ്ടു മാത്രമെ ഈ വിധത്തിലുള്ളഒരു വേല സഫലമായി തുടൎന്നു നടത്തുന്നതിനു സാധിക്കയുള്ളു. സുവിശേഷയത്നങ്ങൾക്കായി മാത്രമല്ല, സഭയെ അതിൻെറ നിദ്രയിൽനിന്നു ഉണൎത്തുന്നതിനും, സഭയിൽ ആത്മികദൎശനവും, ക്രിസ്തീയ ആദൎശങ്ങളും കൈവളൎത്തി സഭകൾ തമ്മിലുള്ള യോജിപ്പ് സാദ്ധ്യമാക്കുന്നതിനുമായി പ്രവൎത്തിക്കാൻ തയ്യാറുള്ളസ്ത്രീപുരുഷന്മാർ സഭയിലെ ശുശ്രൂഷക സ്ഥാനത്തു പ്രവേശിച്ചു ഓരോ സഭയെയും മുമ്പോട്ടു നടത്തിക്കൊണ്ടുപോകേണ്ട ആവശ്യവും നിൎബ്ബന്ധപൂൎവ്വം ഈ തലമുറയിലെ യുവതീ യുവാക്കന്മാരുടെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കേണ്ടതാണ്.

## IV

## മലയാളരാജ്യത്തെ ക്രിസ്തീയ സഭകളുടെ ച്രമതലകം

ആധുനിക കാലത്ത് സഭ ഉണൎന്നു പ്രവൎത്തിക്കുന്നത് ആവശ്യമായിത്തീൎന്നിരിക്കുന്നതു് ഇന്നത്തെ സാമൂഹ്യസാമ്പത്തിക, ഉച്ചനീച സ്വഭാവങ്ങൾ മൂലമാണ്. സുവിശേ

ഷവേല ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ക്രിസ്ത്ലീയധമ്മമാണെന്നു് എല്ലാവരും സമ്മതിക്കും. എന്നാൽ സഹോദരസ്നേഹത്തിൽ നിന്നും ഉളവാകുന്ന ആ പ്രവത്തനം, മനുഷ്യൻെറ ആത്മീയകാൎയ്യങ്ങളെ മാത്രം ബാധിക്കുന്നവയല്ല; പ്രത്യുത യേശുക്രിസ്തുവിൻെറ അഭിലാഷപ്രകാരം മനുഷ്യൻെറ ജീവിതത്തെ ആകെ സ്പൎശിക്കുന്നതാണു്. മലയാളനാട്ടിലെ പുരാതനക്രൈസ്തവർ ആ ധാൎമ്മികമൂല്യത്തെ തങ്ങളുടെ അവകാശത്തിൽനിന്നും ഒളിച്ചുവച്ചതുകൊണ്ടു്, ഇന്നു് ലോകത്തെ മുഴുവനും വിഴുങ്ങുവാൻ ഭാവിക്കുന്ന ഘോരസൎപ്പംപോലെ കമ്മ്യൂണിസം മലയാളക്രൈസ്തവരുടെ ദേശത്തും പ്രബലപ്പെട്ടുവരുന്നു. ഇതിനെ നേരിടുന്നതിനു് ബലംകൊണ്ടു്സാധിക്കുകയില്ല എന്നുള്ളതു് വളരെ വെളിവായ ഒരു പരമാൎത്ഥമാണു്. 'നിൻെറ സഹോദരനെ നിന്നെപ്പോലെതന്നെ സ്നേഹിക്ക'എന്ന വേദവാക്യം പരിപൂൎണ്ണമായി ഓരോ ക്രൈസ്തവരുടെയും ജീവിതത്തിൽ പ്രായോഗികമാക്കിയെങ്കിൽമാത്രമേ ഈ ഘോരസൎപ്പത്തെഹനിക്കുന്നതിനുസാധിക്കയുള്ളു. സാമൂഹ്യ സാമ്പത്തികാസമത്വങ്ങൾ പാടെ വിപാടനം ചെയ്യുന്നതിൽ ഉത്സുകരായിരിക്കുന്നവരും, ധാൎമ്മിക മൂല്യങ്ങളെ ആദരിക്കുന്നവരുമായ ജനങ്ങളോടു് ഇക്കാൎയ്യത്തിൽ സഭ സഖ്യം ചെയ്യേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ സഭതന്നെ അതിൻെറ നേതൃത്വം ഏറ്റെടുക്കേണ്ടിയിരിക്കുന്ന കാലംഅതിക്രമിച്ചിരിക്കുന്നു. ഇപ്പോഴുംസഭകളിൽ അനേകായിരം രൂപായുടെ വസ്തുക്കൾ പുഴവും തുരുമ്പും കെടുക്കത്തക്കവിധത്തിൽ, അശരണരുടെയും അഗതികളുടേയുംനേരെ കണ്ണടച്ചുകൊണ്ടു്,സഭാധികാരികൾ പൂഴ്ത്തിവച്ചിരിക്കുന്നു എന്നുള്ളതു് മൎമ്മഭേദകമല്ലേ! റഷ്യയിലെ സഭയുടെ ദൃഷ്ടാന്തം നാം നല്ലവണ്ണം മനസ്സിലാക്കിയിരിക്കണം. സഭാനാഥനായ യേശുക്രിസ്തുവിനു്, മനുഷ്യരുടെ സാമ്പത്തികസാമൂഹ്യ ജീവിതത്തിലുണ്ടായിരുന്ന മനോഭാവമെന്തായിരുന്നുവെന്നു് ഓരോ ക്രിസ്ത്യാനിയും പരിചിന്തനം ചെയ്യട്ടെ. സമയത്തെ യഥായോഗ്യം വിശകലനം ചെയ്തു പഠിച്ചു്, ആവശ്യാനുസരണം സഭ കൎത്തവ്യനിൎവ്വഹണത്തിൽ ഉണൎന്നുപ്രവൎത്തിക്കുന്നതിനു് സാഹചൎയ്യങ്ങൾ വഴി തെളിയിക്കുമെന്നു് നമുക്കു പ്രത്യാശിക്കാം.

ഈ വിധത്തിലുള്ള ഗൌരവതരമായ പല ചുമതലകളാണ്, കേരളീയ ക്രിസ്തീയസഭകളുടെ മുമ്പിൽ ദൈവം വച്ചിരിക്കുന്നതു്. ഇവ നിറവേററുന്നതിനു കേവലം മനുഷ്യ ശക്തിക്കു സാദ്ധ്യമല്ലതന്നെ. എന്നാൽ നമ്മുടെ കർത്താവു സ്വർഗ്ഗാരോഹണത്തിനു മുൻപ് തൻെറ ശിഷ്യന്മാർക്കു നല്കിയ അന്ത്യശാസനവും വാഗ്ദത്തവും നാം സദാ മനസ്സിൽ കരുതിക്കൊണ്ടാൽ നാം ഈ ഗൌരവകൃത്യനിർവ്വഹണത്തിനു പ്രാപ്തരായി ചമയുന്നതാണ്.

"എന്നാൽ പതിനൊന്നു ശിഷ്യന്മാർ ഗലീലയിൽ യേശു അവരോടു കല്പിച്ചിരുന്ന മലെക്കു പോയി. അവനെ കണ്ടപ്പോൾ അവർ നമസ്കരിച്ചു; ചിലരോ സംശയിച്ചു. യേശു അടുത്തു ചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു; ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു് എന്നു അരുളിച്ചെയ്തു" (മത്താ. 28: 19, 29).

— ശുഭം —

# അനുബന്ധം

## ഏ. നിഖ്യാവിശ്വാസപ്രമാണം

പിതാവായി സര്‍വ്വശക്തനായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യൈകദൈവത്തില്‍ ഞങ്ങള്‍ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സര്‍വ്വലോകങ്ങള്‍ക്കും മുന്‍പെ പിതാവില്‍നിന്നു ജനിച്ചവനും, പ്രകാശത്തില്‍നിന്നുള്ള പ്രകാശവും, സത്യദൈവത്തില്‍നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, തത്വത്തില്‍ പിതാവിനോടു് ഏകത്വമുള്ളവനും, സകല സൃഷ്ടിക്കും മുഖാന്തരമായവനും, മനുഷ്യരായ ഞങ്ങള്‍ക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി സ്വര്‍ഗ്ഗത്തില്‍നിന്നു് ഇറങ്ങി വിശുദ്ധ റൂഹായാല്‍ തമ്പുരാനെ പ്രസവിച്ച കന്യകമറിയാമ്മില്‍നിന്നു് ശരീരം ധരിച്ചു മനുഷ്യനായി, പൊന്തിയോസ്പീലാത്തോസിന്റെ നാളുകളില്‍ ഞങ്ങള്‍ക്കുവേണ്ടി ക്രൂശിക്കപ്പെട്ടു, കഷ്ടതയനുഭവിച്ചു മരിച്ചടക്കപ്പെട്ടു്, തിരുഹിതപ്രകാരം മൂന്നാംദിവസം ഉയിര്‍ത്തെഴുന്നേററു് സ്വര്‍ഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നവനും, അവസാനമില്ലാത്ത രാജത്വമുള്ളവനും, ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാന്‍ തന്റെ മഹാപ്രഭാവത്തോടെ ഇനിയും വരുവാനിരിക്കുന്നവനുമായ യേശുമിശിഹാ ആയ ഏക കര്‍ത്താവിലും ഞങ്ങള്‍ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കര്‍ത്താവും, പിതാവില്‍നിന്നു പുറപ്പെട്ടു്, പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയും ഉള്ള ഏക റൂഹായിലും, കാതോലിക്കായും, ശ്ലീഹായും, അടുത്ത ഏകവിശുദ്ധ സഭയിലും ഞങ്ങള്‍ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമോദീസാ ഒന്നുമാത്രമെന്നു ഞങ്ങള്‍ ഏററുപറഞ്ഞു മരിച്ചവരുടെ ഉയിര്‍ത്തെഴുന്നേല്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനും, ഞങ്ങള്‍ നോക്കിപ്പാര്‍ക്കയും ചെയ്യുന്നു. ആമെന്‍.

## ബി. അപ്പൊസ്തലന്മാരുടെ വിശ്വാസപ്രമാണം

സൎവ്വശക്തിയുള്ള പിതാവായി, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

അവന്റെ ഏകപുത്രനായി, നമ്മുടെ കൎത്താവായ യേശുമശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഇവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽ ഉല്പാദിക്കപ്പെട്ടു ജനിച്ചു, പൊന്തിയോസ് പീലാത്തോസിന്റെ കീഴിൽ കഷ്ടപ്പെട്ടു, ക്രൂശിക്കപ്പെട്ടു, മരിച്ചു് അടക്കപ്പെട്ടു; അവൻ പാതാളത്തിലേക്കു് ഇറങ്ങി, മൂന്നാംദിവസം മരിച്ചവരിൽനിന്നു പിന്നെയും ഉയിൎത്തെഴുന്നേററു; അവൻ സ്വൎഗ്ഗത്തിലേക്കു കയറി, സൎവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു് ഇരിക്കുന്നു; അവിടെനിന്നു് അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ വരികയും ചെയ്യും.

പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു; വിശുദ്ധ കാതോലിക സഭയിലും, വിശുദ്ധന്മാരുടെ സംസൎഗ്ഗത്തിലും, പാപമോചനത്തിലും, ശരീരത്തിന്റെ പുനരുത്ഥാനത്തിലും; നിത്യജീവനിലും ഞാൻ വിശ്വസിക്കുന്നു. ആമെൻ.

## സി. പാപമോചനച്ചീട്ടു്

നവീകരണനായകനായ മാർട്ടിൻ ലൂഥർ ശക്തിയായി എതിൎത്ത 'പാപമോചനച്ചീട്ടി'ന്റെ ഒരു മാതൃക താഴെ ചേൎക്കുന്നു:—

ക്രിസ്തുവിന്റെയും, തന്റെ വി: അപ്പൊസ്തലന്മാരായ പത്രൊസിന്റെയും, പൌലൊസിന്റെയും കൎത്തൃത്വത്താലും, വി: പാപ്പായുടെ അധികാരത്താലും, ഈ പ്രദേശങ്ങളുടെമേൽ നമുക്കു നല്കപ്പെട്ടതും നമ്മിൽ നിക്ഷിപ്തവുമായിരിക്കുന്ന അവകാശാധികാരങ്ങളാൽ:—

പ്രഥമമായി, എല്ലാവിധ ശാസനകളിൽനിന്നും—എവ്വിധം പാത്രവാനായെന്നു നോക്കാതെതന്നെയും, പിന്നീട നിന്റെ സൎവ്വവിധ പാപങ്ങളിൽനിന്നും, പിഴകളിൽനിന്നും, അതിക്രമങ്ങളിൽനിന്നും—അവ എത്രതന്നെ ഭയങ്കരങ്ങളായിരുന്നാലും, അവ പ്രത്യേകമായി വിശുദ്ധാധികാരത്തിൽപ്പെട്ടവ ആയിരുന്നാൽതന്നെയും, അവ എല്ലാററിൽനിന്നും തന്നെ—നിന്നെ നാം വിമോചിതനാക്കുന്നു.

'ഇവ ഹേതുവാൽ, ബസ്പുക്കാനായിൽ നീ അനുഭവിക്കേണ്ടി യിരുന്ന സർവ്വശിക്ഷകളും—വിശുദ്ധ സഭയുടെ താക്കോലുകൾ അനു വദിക്കുന്നിടത്തോളംതന്നെ—നിനക്കു നാം ഇളവു ചെയ്തുതരുന്നു; സഭയുടെ വി: കൂദാശകളിലേക്കും, വി: മാമോദീസായിൽ നി നക്കു ലഭിച്ചിരുന്ന നിഷ്ക്കളങ്കതയിലേക്കും, വിശുദ്ധിയിലേക്കും നിന്നെ നാം വീണ്ടും പ്രവേശിപ്പിക്കുന്നു; അതിനാൽ നിന്റെ മര ണത്തിൽ, ശിക്ഷയുടെ വാതിലുകൾ നിന്നിൽനിന്നു് അടയ്ക്കപ്പെട്ടും; പറുദീസായുടെ ആനന്ദത്തിന്റെ വാതിൽ നിനക്കു തുറക്കപ്പെട്ടിരി ക്കും. നിനക്കു് ഇപ്പോൾ മൃത്യു ഭവിച്ചില്ലെങ്കിൽ, പിൽക്കാലത്തു നിന്റെ മരണാവലയിലും, ഈ ആശീർവ്വാദങ്ങൾ ഊർജ്ജിതത്തിൽ ഇരിക്കുന്നതും ആണു്.

## ഡി. സെറാംപൂർ മിഷനറിമാരുടെ പ്രതിജ്ഞ

സുവിശേഷപ്രചരണാർത്ഥം പ്രവർത്തിക്കുവാനായി 1785 ഒക്ടോ ബർ 7-ാംതീയതി സെറാംപൂർ മിഷനറിത്രയം യോഗംകൂടി ചെയ്ത നിശ്ചയങ്ങളുടെ സംഗ്രഹമാണു് ചുവടെ ചേർക്കുന്നതു്:—

1. മനുഷ്യാത്മാവിന്റെ വില അപാരമെന്നു നാം നിന ക്കണം.

2. ജനാവലിയുടെ മനസ്സിനെ ഹേമിക്കുന്ന പരീക്ഷകളെ നാം മനസ്സിലാക്കണം.

3. ഇൻഡ്യയ്ക്കു സുവിശേഷത്തോടുള്ള അവജ്ഞ വർദ്ധിപ്പി ക്കുന്ന എല്ലാവറെറയും വർജ്ജിക്കണം.

4. പൌരജനസേവനത്തിനുള്ള എല്ലാം അവസരങ്ങളെയും സൂ ക്ഷ്മമായി തേടിപ്പിടിക്കണം.

5. മാനസാന്തരത്തിലേക്കു മനുഷ്യനെ നയിക്കുന്ന മഹനീയ മാർഗ്ഗമായി 'ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ' പ്രസംഗിക്കണം.

6. ഇൻഡ്യാക്കാരോടു സമഭാവനയിൽ നാം വർത്തിക്കണം.

7. സഭയിൽ ചേരുന്നവരെ പരിരക്ഷിച്ചു പരിപോഷിപ്പി ക്കണം.

8. അവരുടെ ആത്മികവരങ്ങളെ ഉദ്ദീപിപ്പിച്ചു, സുവിശേ ഷഘോഷണം തങ്ങളുടെയും കർത്തവ്യമെന്നു ഗ്രഹിപ്പിക്കണം. ക്രിസ്തു വിനുവേണ്ടി ഭാരതം ആദായപ്പെടുത്തുവാൻ ഭാരതീയർക്കുമാത്രമേ സാ ധ്യമാകയുള്ളു.

9. വേദപുസ്തകപരിഭാഷയിൽ നിരന്തരം പ്രയത്നിക്കണം.

10. ആത്മാംപ്രതിയുള്ള ജീവിതശുദ്ധിയിൽ പ്രത്യേകം ശ്രദ്ധിക്കണം.

11. നമ്മുടെ ഉടയാടപോലും സ്വന്തമെന്ന് എണ്ണാതെ ദൈവരാജ്യപ്രചരണാർത്ഥം നമ്മെത്തന്നെ പരിപൂർണ്ണമായി ഏല്പിച്ചുകൊടുക്കണം.

## ഇ. കാലാനുക്രമണിക.

ബി. സി.

27 റോമാ സാമ്രാജ്യസ്ഥാപനം. ആഗസ്റ്റസ് ചക്രവർത്തി.
6 യേശുക്രിസ്തുവിൻെറ ജനനം.
4 ഹെരോദാവിൻെറ മരണം പലസ്തീൻ വിഭജനം.

എ. ഡി.

6 അർക്കെലയൊസിൻെറ സ്ഥാനഭ്രംശം—യെഹൂദ്യ, (Procurators) നാടുവാഴികളുടെ കീഴിൽ ആക്കപ്പെടുന്നതു
14 തീബെര്യോസ് ചക്രവർത്തി.
26 പീലാത്തോസ് നാടുവാഴിയാകുന്നതു്.
28 ? യേശുവിൻെറ ശുശ്രൂഷയുടെ ആരംഭം.
29 (30) യേശുവിൻെറ മരണം.
35 ? പൌലൊസിൻെറ മാനസാന്തരം.
36 പീലാത്തൊസിനെ തിരികെ വിളിച്ചു.
37 കാലിഗുലാ—ചക്രവർത്തി.
41 ക്ലൌദ്യോസ്—ചക്രവർത്തി; അഗ്രിപ്പാ-പലസ്തീൻരാജാവു്
42 ? സെബദിയുടെ മകൻ യാക്കോബിൻെറ രക്തസാക്ഷിമരണം.
44 അഗ്രിപ്പാ മരിച്ചു. പലസ്തീൻ മുഴുവനം നാടുവാഴികളുടെ കീഴിൽ.
48 ? യരുശലേമിൽ അപ്പൊസ്തലിക കൌൺസിൽ.
50 പൌലൊസ് കൊരിന്തിൽ.
52 ഫെലിക്സ് നാടുവാഴിയായി.
54 നീറോ—ചക്രവർത്തി.
58 പൌലൊസിനെ അറസ്റ്റുചെയ്തു.

എ. ഡി.

60—62 ഫെസ്തൊസ്—നാടുവാഴി.
60 ? പൌലൊസ് റോമയിൽ.
64 റോമയിൽ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതു്.
പൌലൊസിൻെറയും? പത്രൊസിൻെറയും? മരണം.
66 യെഹൂദന്മർ റോമയോടു മത്സരിക്കുന്നതു്.
68 ? പലസ്തീൻ ക്രിസ്ത്യാനികൾ പെല്ലായിലേക്കു് ഓടിപ്പോകുന്നതു്.
68 നീറോയുടെ മരണം.
70 യെരുശലേം നശിപ്പിക്കപ്പെട്ടു, വെസ്പേഷ്യൻ-ചക്രവൎത്തി.
79 തീത്തൊസ്—ചക്രവൎത്തി.
81 ഡൊമിഷ്യൻ—ചക്രവൎത്തി.
93 ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതു്.
96 നേർവ—ചക്രവൎത്തി.
98 ട്രേജൻ—ചക്രവൎത്തി.
100 ? എഫെസൊസിലെ യോഹന്നാൻെറ മരണം.
100 ? യോഹന്നാൻെറ സുവിശേഷം.
110 ? ഇഗ്നാത്ത്യൊസ് റോമയിലേക്കു് അയയ്ക്കപ്പെട്ടു.
111—113 ? ട്രേജനുമായുള്ള പ്ലിനിയുടെ കത്തിടപാടു്.
120 ? പാപ്പിയാസ്—ഹയെറാപ്പൊലിസിലെ ബിഷോപ്പു്.
125 ക്വാഡ്റാററസ്—ഒന്നാമത്തെ "അപ്പോളജി" ഗ്രന്ഥകാരൻ.
135 ഹേഡ്റിയനാൽ—യെരുശലേമിൻെറ രണ്ടാംനാശം.
c. 140 അപ്പൊളൊജിസ്റ്റായ അരിസ്റ്റൈഡിസ്.
140 ? വാലൻറിനസ്സും, മാഴ്സ്യനും.
c. 150 രക്തസാക്ഷിയായ ജസ്റ്റിൻെറ അപ്പൊളജി (വാദം.)
155 പോളിക്കാർപ്പ് സ്മുൎന്നായിൽവച്ചു രക്തസാക്ഷിമരണം പ്രാപിച്ചതു്.
c. 156 'മൊൺേറനമതം' ആരംഭിച്ചു.
160 ?—200? ഐറീനിയസ്. *fl*
177 ലീയോൺസിലും വിയന്നായിലും പീഡ.
190—210 അലക്സണ്ഡ്റായിലെ ക്ലെമന്തു്. *fl*
196 റോമയിലെ വിക്ററർ—മൊൺേറനമതത്തെ തെററെന്നു വിധിക്കുന്നതു്.

എ. ഡി.

197—223 തെൎത്തുല്യൻ. *fl*

202 പെൎപ്പെച്ചുവായും അവളുടെ കൂട്ടുകാരും രക്തസാക്ഷികളായി.

202—253 ഓറിജൻ. *fl*

219—223 കാലിക്സ്ററസ്—റോമാബിഷോപ്പ്.

247—265 ഡയൊനീഷ്യസ്—അലക്സന്ത്ര്യാ ബിഷോപ്പ്.

249—258 സിപ്രിയൻ—കൎത്തേജിലെ ബിഷോപ്പ്.

250 ഡീഷിയസിന്റെ മതപീഡ.

257 വാലേറ്യന്റെ മതപീഡ.

269 സമോസററായിലെ പൌലൊസ്, അന്ത്യോകൃയിൽ വച്ചു വിധിക്കപ്പെട്ടു.

c. 276 മനികൃമതം സ്ഥാപിച്ച മനിസ്സ് പേൎഷ്യായിൽവച്ചു കൊല്ലപ്പെട്ടു.

284 ഡയൊക്ലീഷന്റെ സ്ഥാനാരോഹണം.

303 ഡയൊക്ലീഷന്റെ കീഴിൽ—പീഡ ആരംഭിച്ചു.

306 കുസ്തന്തീനോസു—ചക്രവൎത്തിയെന്നു യോൎക്കിൽ പ്രസിദ്ധം ചെയ്തു.

310 ഗലേറിയസിന്റെ വിളംബരവും ക്രിസ്ത്യാനികൾക്കു സ്വാതന്ത്ര്യവും.

312 മിൽവ്യൻപാലത്തിങ്കലെ യുദ്ധം.

313 മിലാനിലെ വിളംബരംമൂലം ലഭിച്ച മതസ്വാതന്ത്ര്യം.

314 (Arles) ആൎലെസിലെ സുന്നഹദോസ്.

318 അലെക്സാൻഡ്രിയായിൻ അറിയൂസ്മതം ഉത്ഭവിച്ചു.

323 കുസ്തന്തീനോസ്—ഏക ചക്രവൎത്തി.

325 നിഖ്യാ—സുന്നഹദോസ്.

328—373 അത്താനാസ്യോസ് അലക്സന്ത്രിയായിലെ ബിഷോപ്പ്.

334 കുസ്തന്തീനോസ്പോലീസ്. (കോൺസ്റ്റന്റിനോപ്പിൾ) പണിതു.

336 അത്താനാസ്യോസിനെ ട്രീവ്സിലേക്കു നാടുകടത്തിയതു്.

337 കുസ്തന്തീനോസ് മരിച്ചു.

എ. ഡി.

339 അത്താനാസ്യോസ് റോമയിൽ പോയി.
343 സർദ്ദിക്കായിലെ ആലോചനയോഗം.
346—356 അത്താനാസ്യോസ് അലക്സന്ത്രിയായിൽ.
356—361 അറിയൂസ്മതം കിഴക്കും പടിഞ്ഞാറും പ്രബലപ്പെട്ടു.
361—393 ജൂലിയന്റെ കാലത്തു് പുറജാതിമാർഗ്ഗത്തിന്റെ എതിർപ്പ്.
370—378 ബേസിൽ—കപ്പദോക്യ കൈസര്യയിലെ ബിഷോപ്പ്
374—397 അംബ്രോസ്—മിലാനിലെ ബിഷോപ്പ്.
379—395 തിയെഡോഷ്യസ്—ചക്രവർത്തി.
391 കോൺസ്റ്റാൻറിനോപ്പിളിലെ കൌൺസിൽ. നിഖ്യായുടെ പഴയ വിശ്വാസത്തെ വീണ്ടും ഉറപ്പിച്ചു സ്ഥാപിച്ചു.
386—420 ജറോം ബേത്ത്ളെഹേമിൽ.
386—430 അഗസ്തീനോസ്. fl
398—404 ക്രിസോസ്തം കോൺസ്റ്റാൻറിനോപ്പിളിലെ ബിഷോപ്പ്.
410 അലാറിക്ക് റോമാനഗരം പിടിച്ചടക്കി.
426 അഗസ്തീനോസിന്റെ 'ദൈവനഗരം' എന്ന ഗ്രന്ഥം പൂർത്തിയായി.
431 എഫെസൊസിലെ കൌൺസിൽ.
432—461 വിശുദ്ധ പാട്രിക്ക്—ഐർലണ്ടിൽ.
440—461 മഹാനായ ലീയോ-പാപ്പാ.
451 കൽക്കദോന്യയിലെ കൌൺസിൽ.
476 പാശ്ചാത്യറോമാസാമ്രാജ്യത്തിന്റെ അവസാനം.
493—526 തിയെഡോറിക്ക്—ഇററലിയിൽ.
496 ക്ലോവിസിന്റെയും ഫ്രാങ്കുകാരുടെയും (The Franks) മാനസാന്തരം.
527—565 ജസ്റ്റിനിയൻ—ചക്രവർത്തി.
529 ? വിശുദ്ധ ബെനിഡിക്ററിന്റെ (Rule) 'പ്രമാണം' നടപ്പായി.
590—604 മഹാനായ ഗ്രിഗറി—പാപ്പാ.
596—680 ആംഗ്ലോ—സക്സൻജാതിക്കാരുടെ മാനസാന്തരം.

എ. ഡി.

622 മഹമ്മദു മെഡീനായിലേക്കു പോയി (ഹിജ്റ).
711 മഹമ്മദീയർ സ്പെയിനിൽ പ്രവേശിച്ചു.
715—717 മഹമ്മദീയർ കോൺസ്റ്റാൻറിനോപ്പിളിനെ നിരോധിക്കുന്നതു്.
723—755 വിശുദ്ധ ബോണിഫസ് — ജർമ്മനിയുടെ അപ്പോസ്തലൻ.
726 പ്രതിമയെ ആരാധിക്കുന്നതിനെതിരായുള്ള തക്കം ആരംഭിച്ചു.
732 ചാറത്സ് മാർറെറൽ മഹമ്മദീയരെ തോല്പിച്ചു.
751—768 ഫ്രാങ്കു (Franks) കാരുടെ രാജാവായ പിപ്പിൻ.
800 ചാർലി മെയിൻെറ കിരീടധാരണം.
847 റോമായിലെ വിശുദ്ധ പത്രോസിൻെറ പള്ളി സാരസൻ ജാതിക്കാർ നശിപ്പിച്ചു.
857 ഫോട്ടിയസും ഇഗ്നാത്ത്യാസുമായുള്ള വാദം.
858—867 മഹാനായ നിക്കോളാസ് പാപ്പാ.
863 സ്ലാവ്വർഗ്ഗക്കാരുടെ മനം തിരിവു്.
871—901 മഹാനായ അൽഫ്റെഡ്—ഇംഗ്ലണ്ടിലെ രാജാവ്.
909 ക്ലൂനിയിലെ സന്യാസിമഠം സ്ഥാപിച്ചു.
962—973 ഒന്നാമനായ ഓട്ടോ—ചക്രവത്തി.
983—1002 മൂന്നാമനായ ഓട്ടോ ചക്രവത്തി.
1054 പാശ്ചാത്യ—പൌരസ്ത്യസഭകളുടെ ഭിന്നത.
1066 നോർമൻകാർ ഇംഗ്ലണ്ടു പിടിച്ചടക്കി.
1073-1080 ഗ്രിഗറി ഏഴാമൻ ഹിൽഡിബ്രാൻഡ്—പാപ്പാ.
1077 ഹെൻറി നാലാമൻ—കനോസ്സായിൽ.
1084 നോർമൻകാർ റോമാ കൈവശമാക്കി.
1091-1153 വിശുദ്ധ ബർനാർഡ്.
1095 ഒന്നാം കുരിശുയുദ്ധം URBAN II at Clermont.
1099 കുരിശു സൈന്യം യെരുശലേം പിടിച്ചടക്കി.
1122 Investiture Controversy Settled at Worms.
1152-1190 ഫ്റെഡെറിക് ബാർബറോസാ—ചക്രവത്തി.
1170-1221 ഡോമിനിക്ക് സന്യാസിമാരുടെ ഡോമിനിക്കൻ ഓർഡർ അനുവദിച്ചു. 1216.

എ. ഡി.

1175—1193 സാലഡിൻ—എജിപ്തിലെ സുൽത്താൻ.
1182—1226 അസ്സീസിയിലെ ഫ്റാൻസിസ്. സന്യാസിമാരുടെ ഫ്റാൻസിസ്കൻ ഓർഡർ അനുവദിച്ചു. 1223.
1189 മൂന്നാം കുരിശുയുദ്ധം.
1198—1216 ഇന്നസെൻറ് മൂന്നാമൻ പാപ്പാ.
1204 ലത്തീൻകാർ കൊൺസ്റ്റാൻറിനോപ്പിൾ കൈവശപ്പെടുത്തി. (4-ാം കുരിശുയുദ്ധം.)
1208—1213 ആൽബിഗെൻഷ്യൻ യുദ്ധം.
1215 4th Council of the Lateran : Dogma of Transubstantiation. "വസ്തുമാററ"വിശ്വാസ സ്വീകരണം.
1215—1250 ഫ്റെഡെറിക്ക് III ചക്രവത്തി. പാശ്ചാത്യ യൂറോപ്പിൽ (Inquisition) മതദ്രോഹവിചാരണ സഭ നടപ്പാക്കി.
1226—1270 വിശുദ്ധ ലൂയിസ് IX ഫ്റാൻസിലെ രാജാവ്.
1261 കോൺസ്റ്റാൻറിനോപ്പിളിൽനിന്നു ലത്തീൻകാർ പുറത്താക്കപ്പെട്ടു.
1265—1321 ഇററലിയിലെ മഹാകവി ഡാൻറെറ.
1291 ഫലസ്തീൻരാജ്യം—ക്രിസ്ത്യാനികൾക്കു അശേഷം നഷ്ടപ്പെട്ടു.
1294—1303 ബോണിഫസ് VIII, പാപ്പാ. "Unam Sanctam" 1302.
1300 റോമയിലെ ജൂബിലി,
1309 ആവിഗ്നോനിൽ പാപ്പാമാരുടെ "ബാബിലോൺ അടിമ."
1360—1384 വിക്ലിഫ്.
1378—1417 പാപ്പാമാർ തമ്മിലുള്ള മത്സരം (The Papal Schism)
1414—1417 കോൺസ്റ്റൻസിലെ കൌൺസിൽ ജോൺ ഹസ്സ് അഗ്നിക്കിരയായി. 1415.
1431 ജോവാൻ ഓഫ് ആർക്കിനെ ദഹിപ്പിച്ചു.
1431—1449 ബാസലിലെ കൌൺസിൽ.
1438—1439 ഫെററാ ഫ്ളോറെൻസിലെ കൌൺസിൽ. യവനായ സഭയുമായി യോജിക്കുന്നതിനുള്ള ശ്രമം.

എ. ഡി.

c.1440–1450 വെവ്വേറെ എടുക്കാവുന്ന അക്ഷരങ്ങൾ ഉപയോഗിച്ചുള്ള അച്ചടി കണ്ടുപിടിച്ചു (Invention of printing from movable type).

1453 തുർക്കികൾ കോൺസ്റ്റന്റിനോപ്പിൾ പിടിച്ചടക്കി.

1462 മഹാനായ ഐവാൻ റഷ്യയിൽ 'സാർ' (Tsardom) എന്ന രാജകീയ സ്ഥാനം സ്ഥാപിച്ചു.

1480 സ്പെയിൻകാരുടെ മതദ്രോഹവിചാരണസഭ സ്ഥാപിച്ചു.

1492 കൊളംബസ് വെസ്റ്റ് ഇൻഡീസിൽ എത്തി.

1492—1503 അലക്സാണ്ടർ VI (ബോർജ്യാ)—പാപ്പാ.

1506 റോമായിൽ വി: പത്രോസിന്റെ പള്ളിപണി വീണ്ടും ആരംഭിച്ചു.

1517 ലൂഥർ വിററൻബർഗ്ഗിൽ.

1527 റോമാനഗരം നശിപ്പിക്കപ്പെട്ടു.

1506 Reuchlin-ന്റെ എബ്രായ വ്യാകരണവും നിഘണ്ടുവും ജർമ്മനിയിൽ പ്രസിദ്ധീകരിച്ചു.

1516 ഇറാസ്മസിന്റെ ഗ്രീക്കു് പുതിയനിയമം പ്രസിദ്ധീകരിച്ചു.

1518 ശിക്ഷാമോചനപത്രിക വില്പനയ്ക്കെതിരായി മാർട്ടിൻലൂഥർ തന്റെ തർക്കസിദ്ധാന്തങ്ങൾ പ്രസിദ്ധപ്പെടുത്തി.

1520 ലൂഥർ കുററക്കാരനെന്നു് വിധിക്കുന്ന പാപ്പായുടെ മുദ്രിതാജ്ഞ പുറപ്പെട്ടു. (ജൂൺ)

ലൂഥർ, തന്റെ കീർത്തിപ്പെട്ട മൂന്നു് പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തി. (ഓഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ)

1521 ലൂഥർ, പാപ്പായുടെ മുദ്രിതാജ്ഞയെ ദഹിപ്പിച്ചു (ഡിസംബർ) ലൂഥർ ഭ്രഷ്ടനാക്കപ്പെട്ടു. (Diet of Worms) വേംസിലെ രാജസഭ.

1522 ലൂഥർ ജർമ്മൻഭാഷയിലേക്കു തിരുവെഴുത്തുകളെ തർജ്ജമ ചെയ്യു തുടങ്ങി. ലൂഥർ അനാബാപ്റ്റിസ്ററുകാരോടു എതിർത്തു.

1523 സ്വിസ്സ് നവീകരണത്തിന്റെ അടിസ്ഥാനമായ പ്രബന്ധങ്ങളെ അടിച്ചു് സ്വിംഗ്ലി പ്രസിദ്ധീകരിച്ചു.

എ. ഡി.

1527 ചാറത്സ് V ചക്രവത്തിയുടെ സൈന്യങ്ങൾ റോമാ നഗരം നശിപ്പിച്ചു.

1529 സ്പീയറിലെ രാജസഭ. ലൂഥറൻകാരുടെ പരസ്യപ്രസ്താവന (Protest)യിൽനിന്നു 'പ്രോട്ടസ്റ്റൻറുകാർ' എന്ന നാമം ഉളവായി.

മാറാംബർഗിൽവച്ചു ലൂഥറും സ്വിംഗ്ലിയും തമ്മിൽ നടന്ന നിഷ്ഫലമായ ആലോചന. മദ്ധ്യയൂറോപ്പിലേക്കുള്ള തുർക്കിയുടെ ഗമനം വിയന്നായിൽവച്ചു തടയപ്പെട്ടു.

1528—1531 സ്വിററ്സർലണ്ടിൽ കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും തമ്മിൽ യുദ്ധം.

1530 ഓഗ്സ്ബർഗിലെ രാജസഭ. നവീകരണക്കാർ ഓഗ്സ്ബർഗ് വിശ്വാസപ്രമാണം സമപ്പിക്കുന്നതു്.

1531 കപ്പലിലെ യുദ്ധത്തിൽ സ്വിംഗ്ലി മരിച്ചു.

1532—1533 ഹെൻറി എട്ടാമൻെറ കീഴിൽ ഇംഗ്ലീഷ് പാർലമെൻറ പാപ്പായ്ക്കു എതിരായി നിയമങ്ങൾ പാസ്സാക്കി.

1533 ക്രാന്മർ കാൻറർബറിയിലെ ആർച്ചുബിഷോപ്പായി

1534 ഇഗ്നേഷ്യസ് ലോയോളാ, സൊസൈററി ഓഫ് ജീസസ്സ് എന്ന സംഘം രൂപവൽക്കരിച്ചുതുടങ്ങി.

Act of Royal Supremacy ഇംഗ്ലീഷ് പാർലമെൻറ പാസ്സാക്കി.

1535 ജനീവായിൽ നവീകരണം സ്വീകരിച്ചു

1536 കാൽവിൻ തൻെറ ധമ്മസംഹിത (Institutes) പ്രസിദ്ധീകരിച്ചു. ജനീവായിൽ താമസമുറപ്പിച്ചു.

കവർഡെയിലിൻെറ ഇംഗ്ലീഷ് തജ്ജമ ബൈബിൾ ഉപയോഗിക്കുന്നതിനു അനുമതി നൽകി.

ഇംഗ്ലണ്ടിൽ പാപ്പാ അധികാരം അവസാനമായി നിഷേധിക്കപ്പെട്ടു.

1537—1538 ഡന്മാക്കിലും നോർവേയിലും ലൂഥറൻ നവീകരണം സ്വീകരിക്കപ്പെട്ടു.

1539 സ്വീഡനിലെ സഭ ഓഗ്സ്ബർഗ്ഗിലെ വിശ്വാസപ്രമാണം സ്വീകരിച്ചു.

1539 ഇംഗ്ലണ്ടിൽ സന്യാസിമഠങ്ങൾ പൂണ്ണമായി നിത്തലാക്കി.

എ. ഡി.

1540 പൌലൊസ് III പാപ്പാ, സൊസൈററി ഓഫ് ജീസസ് (ജസ്യൂട്ട്സ്) എന്ന സംഘത്തെ അംഗീകരിച്ചു.

1543 കോപ്പർനിക്കസിന്റെ ജ്യോതിശാസ്ത്രപ്രമാണം പ്രസിദ്ധീകരിച്ചു.

1546 ലൂഥറിന്റെ മരണം.

1547—1549 ട്രെൻറിലെ കൌൺസിൽ പ്രഥമഘട്ടം.

1549 ഒന്നാമത്തെ ഇംഗ്ലീഷ് പൊതുപ്രാത്ഥനപ്പുസ്തകം എഡ്വാർഡ് 6-മന്റെ കാലത്തു അച്ചടിച്ചു.

1551—1552 ട്രെൻറിലെ കൌൺസിലിന്റെ ദ്വിതീയഘട്ടം.

1552 രണ്ടാമത്തെ ഇംഗ്ലീഷ് പ്രാത്ഥനപ്പുസ്തകം. പാസ്സൊൻ ഉടമ്പടിമൂലം ജമ്മൻ പ്രോട്ടസ്റ്റൻറുകാക്ക് മൎഗ്ഗീയ സമാധാനം.

1552 ഫ്രാൻസിസ് ശൌയ്യർ നിയ്യാതനായി.

1553 ദുരുപദേശക്കാരനായ സേർവററസിനെ ജനീവായിൽവച്ചു കാൽവിൻ ദഹിപ്പിച്ചു.

1553—1558 ഇംഗ്ലണ്ടിൽ മേരി രാജ്ഞിയുടെ കാലത്തു് റോമൻ കത്തോലിക്കരുടെ ശക്തി പ്രബലപ്പെട്ടു.

1557 ജോൺനോക്സ് സ്കോട്ട്ലണ്ടിൽ. സ്കോട്ട്ലണ്ടിൽ വ്യവസ്ഥാപിതമായ ഒരു നവീകരണസഭയുടെ ആരംഭം.

1559 രാജകീയ സവ്വാധികാരം ഇംഗ്ലണ്ടിൽ എലിസബേത്തു രാജ്ഞിയുടെ കാലത്തു വീണ്ടും ഉറപ്പിച്ചു. മൂന്നാം ഇംഗ്ലീഷ് പ്രാത്ഥനപ്പുസ്തകം അച്ചടിച്ചു. ഫ്രാൻസിലെ നവീകരണ സഭകളുടെ ഒന്നാമത്തെ ആലോചനസഭ—പാരീസിൽവെച്ചു (Confessio Gallica)

1599 ഉദയംപേരൂർ സുന്നഹദോസ്.

1560 സ്കോട്ട്ലണ്ടു് സഭയുടെ ഒന്നാമത്തെ പൊതുയോഗം ജോൺനോക്സിന്റെ വിശ്വാസപ്രമാണം സ്വീകരിച്ചു.

1562—1563 ട്രെൻറിലെ കൌൺസിലിന്റെ തൃതീയഘട്ടം.

എ. ഡി.

1563 ട്രെൻററിലെ കാനോനും തീർപ്പുകളും പ്രസിദ്ധമാക്കി കൻററർബറിയിലെ യോഗം '39 മതസംഗതികൾ' (39 Articles of Faith) അംഗീകരിച്ചു.
കാൽവിന്റെ മരണം.

1566 റോമാസഭയുടെ വേദോപദേശ ചോദ്യോത്തരപുസ്തകം അച്ചടിച്ചു.

1567—1570 ഫ്രാൻസിൽ ഹ്യൂഗനോട്ട് യുദ്ധങ്ങൾ.

1567 നവീകരണസഭ സ്കോട്ട്ലണ്ടിൽ നിയമാനുസാരം അംഗീകരിക്കപ്പെട്ടു.

1571 '39 മതസംഗതികൾ' ഇംഗ്ലീഷ് പാർലമെൻറ് അംഗീകരിച്ചു.

1572 വിശു. ബർത്തലോമായിയുടെ പെരുനാളിൽ നവീകരണ കക്ഷികൾ കൂട്ടംകൂട്ടമായി കൊല്ലപ്പെടുന്നതു്.

1576 കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായ യറമിയാ, ഗവനായസഭാപ്രതിനിധിയുടെ നിലയിൽ പ്രോട്ടസ്റ്റൻറ് പ്രമാണങ്ങളെ ത്യജിച്ചു.

1580 Lutheran Book of Concord published.

1589 മോസ്കോയിൽ പാത്രിയർക്കീസ്സ്ഥാനം സ്ഥാപിച്ചു.

1598 നാൻറിസിലെ രാജശാസനം. ഫ്റെഞ്ചുഹ്യൂഗനോട്ട് കക്ഷികൾക്കു് മതസ്വാതന്ത്ര്യം.

1600 Giordano Bruno റോമായിൽവെച്ചു ദഹിപ്പിക്കപ്പെട്ടു.

1609 കെപ്ളർ തന്റെ ജ്യോതിശ്ശാസ്ത്രപ്രമാണങ്ങൾ പ്രസിദ്ധീകരിപ്പാൻ തുടങ്ങി.

1611 ഇംഗ്ലീഷ് വേദപുസ്തകത്തിന്റെ Authorised Version പ്രസിദ്ധീകരിച്ചു. ആംസ്റ്റർഡാമിൽ ജോൺ സ്മിത്ത് ഒന്നാമത്തെ ഇംഗ്ലീഷ് ബാപ്റ്റിസ്റ്റ് സഭ രൂപവൽക്കരിച്ചു.

1616 ഗലീലിയോ കുററക്കാരനെന്നു മതദ്രോഹവിചാരണസഭ വിധിച്ചു: ഷെയ്ക്സ്പീയറിന്റെ മരണം.

1618 ഡോർട്ടിലെ ആലോചനസഭ അർമീന്യമതം (Arminianism) തെററെന്നു തീർച്ചപ്പെടുത്തി.

എ. ഡി.

1620 ഇംഗ്ളീഷ് പ്രെസ്ബിററീറിയൻകാരും ഇൻഡിപ്പെൻഡൻറുകാരും ന്യൂ ഇംഗ്ലണ്ടിൽ കുടിയേറിപ്പാൎത്തു.

1629 കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയൎക്കീസായ Cyril Lucar തൻെറ നവീകരിച്ച വിശ്വാസപ്രമാണം പ്രസിദ്ധപ്പെടുത്തി.

1638 The Solemn League and Covenant സ്കോട്ട്ലണ്ടു സഭയിൽ പ്രെസ്ബിററീറിയൻ വിശ്വാസം ഉറപ്പിച്ചു.

1640 Peter Mogila, Metropolitan of Kieff, publishes his Orthodox Catechism.

1645 ആൎച്ചു് ബിഷോപ്പ് ലോഡ് കൊല്ലപ്പെട്ടു.

1647 വെസ്റ്റ്മിനിസ്റ്റർ വിശ്വാസപ്രമാണവും വേദോപദേശ ചോദ്യോത്തര പുസ്തകവും സ്വീകരിച്ചു.

ജോൎജ്ജ് ഫോക്സ് തൻെറ പരസ്യശുശ്രൂഷ ആരംഭിച്ചു. ക്വേക്കർ സമൂഹസ്ഥാപനം.

1653—1713 റോമൻ കത്തോലിക്കസഭയിൽ അഭിപ്രായസ്വാതന്ത്ര്യ നിഷേധവാദം.

1653 ക്രൂനൻ കുരിശിങ്കൽ വച്ചുള്ള പ്രതിജ്ഞ.

1662 4-ാമത്തെ ഇംഗ്ലീഷ് പ്രാൎത്ഥനപ്പുസ്തകവും Act of Uniformity-യും, ഇംഗ്ളണ്ടിലെ സ്വാതന്ത്ര്യ സഭക്കാരെ (അതായതു് പ്രസ്ബിററീറിയൻകാർ, കോണ്ഗ്രിഗേഷ്യനലിസ്റ്റ്കാർ, ബപ്റ്റിസ്റ്റുകാർ) ,ആംഗ്ലേയ സഭയിൽനിന്നു വേർപെടുത്തി.

1672 സ്തുതി ചൊവ്വായ കിഴക്കൻസഭയുടെ ബേത്ലഹേമിലെ സുന്നഹദോസ്.

1673 ഇംഗ്ലീഷ് പാൎല്ലമെൻറ് Test Act പാസ്സാക്കുന്നതു്.

1682 വില്യം പെൻ പെൻസിൽവേന്യാ സ്ഥാപിച്ചു.

1685 നാൻററിസിലെ രാജശാസനം അസാധുവായി ഹ്യൂഗനോട്ടുകാർ ഫ്രാൻസിൽനിന്നും പുറപ്പെട്ടു.

1687 ഐസക്ക് ന്യൂട്ടൻ തൻെറ 'Principia' പ്രസിദ്ധീകരിച്ചു.

എ. ഡി.

1688 ജയിംസ് II-ന്റെ ഓടിപ്പോക്ക്. വില്യം മേരി എന്നിവരുടെ കാലത്തു്, ബ്രിട്ടീഷ് സിംഹാസനത്തിന്മേൽ പ്രോട്ടസ്റ്റന്റ് പിൻതുടർച്ച സ്ഥിരപ്പെട്ടു.

1689 മതസ്വാതന്ത്ര്യനിയമം ഇംഗ്ലീഷ് പാർലമെന്റ് പാസ്സാക്കി.

1706 ഇൻഡ്യയിലെ ഒന്നാമത്തെ പ്രോട്ടസ്റ്റന്റ് മിഷ്യനറിമാരായ സീഗൻബാൾഗും പ്ളൂഷോയും തരംഗംപാടിയിൽ എത്തി.

1720 ജോൺവെസ്ലി ഓക്ക്സ്ഫോർഡിൽ പ്രവേശിച്ചു.

1721 മഹാനായ പീററർ മോസ്കോയിലെ പാത്രിയർക്കീസിന്റെ സ്ഥാനം നിർത്തലാക്കി. അതിന്റെ സ്ഥാനത്തു വിശുദ്ധ സുന്നഹദോസ് ഭരണം ഏർപ്പെടുത്തി.

1734—1740 അമേരിക്കയിൽ യോനാഥാൻ എഡ്വർഡ്സിന്റെയും ജോർജ്ജ് വിററ്ഫീൽഡിന്റെയും ഉണർവ്വ് പ്രസംഗങ്ങൾ.

1738 ജോൺവെസ്ലിയുടെ മാനസാന്തരം.

1739 ജോൺവെസ്ലി തന്റെ സുവിശേഷ പ്രസംഗവേല ആരംഭിച്ചു.

മെത്തോഡിസത്തിന്റെ മാതൃസംഘം മൂർഫീൽഡ്സ് ഫൌണ്ടറിയിൽ ആരംഭിച്ചു.

1763—1778 Febronian Controversy in the R. C. Church.

1773 ഇംഗ്ലണ്ടിൽ യൂണിറേററിയൻ സമുദായങ്ങളുടെ ആരംഭങ്ങൾ.

1776—1783 സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അമേരിക്കൻ യുദ്ധം.

1784 വെസ്ലി തോമസ് കോക്കിനെ കൈവച്ചു ശുശ്രൂഷയ്ക്കു നിയമിച്ചു.

അമേരിക്കയിലെ മെതോഡിസ്റ്റ് എപ്പിസ്കോപ്പൽസഭ ബാൽററിമോറിൽവച്ചു വ്യവസ്ഥാപിതമായി.

സാമുവൽ സ്കബ്ബെറിയെ കണെക്ടിക്കട്ടിലെ ബിഷോപ്പായി സ്കോട്ട്ലണ്ടിലെ ബിഷോപ്പന്മാർ നിയമിച്ചു.

എ: ഡി:

1789—1795 (The French Revolution) ഫ്രാൻസിലെ രാഷ്ട്രീയ വിപ്ലവം.

1789 അമേരിക്കയിലെ പ്രോട്ടസ്റ്റൻറ് എപ്പിസ്കോപ്പൽ സഭാരൂപീകരണം.

1791 ജോൺവെസ്ലിയുടെ മരണം.

1795—1799 ഫ്റാൻസിൽ നെപ്പോളിയൻ ശ്രേഷ്ഠാധികാരസ്ഥാനത്തേക്കുയന്നു.

1797 Methodist New Connection സ്ഥാപിച്ചു.

1801 നെപ്പോളിയനും പീയൂസ് VII പാപ്പായുമായുള്ള ഉഭയസമ്മതം.

1804 നെപ്പോളിയൻ ഫ്റഞ്ചുകാരുടെ ചക്രവർത്തിയായി.

1807 അടിമവ്യാപാരം നിർത്തലാക്കി. (ഇംഗ്ളണ്ട്)

1810—1811 Primitive Methodist Connection-ൻെറ ഉത്ഭവം

1814 ജസ്യൂട്ട്സംഘം പീയൂസ് VII പാപ്പായാൽ യഥാസ്ഥാനത്താക്കപ്പെട്ടു.

1815 വാട്ടർല്യൂ യുദ്ധം.

ബൈബിൾ ക്രിസ്ത്യാനികളുടെ ഉത്ഭവം.

1816—1818 ബയിലി, ബേക്കർ, ഫെൻ എന്നീ സി. എം. എസ്സ്. മിഷനറിമാർ മലങ്കര വന്നുചേന്നു.

1828 Test Act ദുർബ്ബലപ്പെടുത്തി.

1829 കത്തോലിക് സ്വാതന്ത്ര്യനിയമം ബ്രിട്ടീഷ് പാർലമെൻറ് പാസ്സാക്കി.

1833 ഓക്സ്ഫോർഡ് പ്രസ്ഥാനത്തിൻെറ ആരംഭം.

'കാലോചിതമായ ലഘുലേഖകൾ.'

1834 വില്യം കേറിയുടെ മരണം.

1835 സ്റ്റ്രൗസ്സ് യേശുവിൻെറ ചരിത്രം പ്രസിദ്ധീകരിച്ചു.

1835—1836 സുറിയാനിസഭയിലെ നവീകരണോദ്യമങ്ങൾ.

1843 സ്കോട്ട്ലണ്ടിലെ ഫ്റീചർച്ച് സംസ്ഥാപിച്ചു.

1845 ന്യൂമാൻ റോമൻകത്തോലിക്ക്സഭയിൽ ചേന്നു:

1849 വെസ്ലിയൻ മെത്തൊഡിസ്റ്റ്സഭയിലെ നവീകരണ [illegible] ഒരുലക്ഷം അംഗങ്ങളുടെ തീരുമാനവും.

എ. ഡി.

1854 കന്യകമറിയാമിൻെറ അമലോത്ഭവോപദേശം പീയൂസ് IX പാപ്പാ അംഗീകരിച്ചു.

1857 നവീകരണക്കാരും വെസ്ലിയൻ അസ്സോസ്യേഷനും കൂടിച്ചേൎന്നു യുണൈററഡ് മെത്തൊഡിസ്റ്റ് ഫ്റീ ചർച്ച് രൂപവൽക്കരിക്കുന്നതു്.

1859 ഡാർവിൻ തൻെറ 'Origin of Species' (വർഗ്ഗോല്പത്തി) പ്രസിദ്ധീകരിച്ചു.

1857 ആംഗ്ളിക്കൻ സഭാദ്ധ്യക്ഷന്മാരുടെ ഒന്നാമത്തെ ലാംബത്തുകോൺഫ്റൻസ്.

1870 വത്തിക്കാൻ കൌൺസിൽ പാപ്പായുടെ അപ്രമാദിത്വം സംബന്ധിച്ചുള്ള ഉപദേശം സ്വീകരിച്ചു.

1875—1879 ക്രിസ്ത്യൻ സയൻസ് പ്രസ്ഥാനത്തിൻെറ ആരംഭങ്ങൾ.

1899 സാർ നിക്കോളാസ് രണ്ടാമൻെറ ക്ഷണപ്രകാരം ഹേഗിൽ നടന്ന സമാധാനയോഗം (Peace Conference.)

1905 ഫ്റാൻസിൽ സഭയും രാഷ്ട്രവും തമ്മിലുള്ള വിഭജനം. നാഷ്യനൽ മിഷനറി സൊസൈററി സ്ഥാപിതമായി.

1907 Modernism തെററാണെന്നു Pope Pius X വിധിക്കുന്നതു്.

മെത്തൊഡിസ്റ്റ് ന്യൂകണക്ഷൻ, ബൈബിൾ ക്രിസ്ത്യൻസ്, യുണൈററഡ് മെത്തൊഡിസ്റ്റ് ഫ്റീ ചർച്ചസ് എന്നിവ യോജിച്ചു യുണൈററഡ് മെത്തൊഡിസ്റ്റ് ചർച്ച് ആയതു്.

1912 ഇൻഡ്യയിലെ ക്രൈസ്തവ വിദ്യാർത്ഥി സമാജത്തിൻെറ സ്ഥാപനം (S. C. A.)

1920 ക്രിസ്തീയ സഭകളുടെ യോജിപ്പിനായി ലാംബത്തു കോൺഫ്റൻസിൻെറ അപേക്ഷ.

1924 'രാജ്യതന്ത്രം; ധനതത്വശാസ്ത്രം, (Economics) പൌരത്വം എന്നിവയിൽ ക്രിസ്തുമതത്തിൻെറ സ്ഥാനം' എന്ന വിഷയത്തെപ്പററി [illegible] ിക്കുന്നതിനാ

എം. ഡി.

യി ബർമ്മിംഗമമിൽ കൂടിയ കോൺഫ്റൻസ് (Copec).

1925 സ്റ്റോക്ക്ഹോം കോൺഫ്റൻസ്—പൌരസ്ത്യസഭയുടെയും, ആംഗ്ളിക്കൻ, ലൂഥറൻ ആദിയായ പ്രോട്ടസ്റ്റൻറ സഭകളുടെയും പ്രതിനിധികൾ കൂടി 'ക്രിസ്തീയ ജീവിതവും വേലയും' എന്ന വിഷയത്തെപ്പററി ചിന്തിച്ചു.

1928 യെരൂശലേമിൽവച്ചു നടന്ന മിഷനറി കോൺഫ്റൻസ്.

1930 തെന്നിൻഡ്യാ ഐക്യസഭയുമായുള്ള യോജിപ്പിൻെറ ആലോചനകളോട് ആംഗ്ലിക്കൻ സഭാദ്ധ്യക്ഷന്മാർ ലാംബത്ത് കോൺഫ്റൻസിലെ തീരുമാനംമൂലം ആനുകൂല്യം പ്രദർശിപ്പിച്ചു.

1931 ഇൻഡ്യയിലെ ക്രൈസ്തവകോളേജുകളെ സംബന്ധിച്ചുള്ള ലിൻഡ്സെ കമ്മീഷൻെറ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി.

1932 സെൻട്രൽബോർഡ് ഓഫ് ക്രിസ്ത്യൻഹയർ എഡ്യൂക്കേഷൻ സംഘടിപ്പിക്കപ്പെട്ടു.

1933 കാതോലിക്കാസിംഹാസനംമലങ്കരയിൽ സ്ഥാപിച്ചു.

1934 ബാസൽമിഷൻെറ ശതവത്സരാഘോഷങ്ങൾ കോഴിക്കോട്ടുവച്ചു നടത്തപ്പെട്ടു.

1935 ലോകമെങ്ങും റോമൻകത്തോലിക്കസഭ 'വിശുദ്ധ വത്സരം (കർത്താവിൻെറ ക്രൂശാരോഹണത്തിൻെറ 1900-ാമത്തെ ശതവത്സരാഘോഷം) കൊണ്ടാടി.

## എഫ്. ഇൻഡ്യയുടെ ആവശ്യങ്ങൾ

ഇൻഡ്യയിൽ ആകപ്പാടെ 290 മിഷന ആശുപത്രികൾ ഉണ്ടെങ്കിലും യോഗ്യമായ രീതിയിലുള്ള വൈദ്യസഹായം ലഭിക്കാത്തവരായി പത്തുകോടി ജനങ്ങളിൽഅധികം ഉണ്ടെന്നു കാണുന്നു. മദ്ധ്യസംസ്ഥാനങ്ങളിലെ ഡോക്ടറന്മാരുടെ സംഖ്യ നോക്കുന്നപക്ഷം 35,714 ജനങ്ങൾക്ക് ഒരു ഡോക്ടരെ മാത്രമെ കിട്ടുന്നുള്ളു.

ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽവച്ചു് കൂടുതൽ വിധവമാരുള്ളതു് ബംഗാളിലാണു്. ആയിരം സ്ത്രീകളിൽ 226 വിധവമാരാണു് അവിടെ കാണുന്നതു്. ഇവരിൽ ഭൂരിപക്ഷവും ബാല്യപ്രായത്തിലുള്ള വിധവമാരാണു്. ഇസ്ലാംമതക്കാരിൽ ആയിരം ജനങ്ങളിൽ 64 പേൎക്കുമാത്രമേ അക്ഷരാഭ്യാസം ലഭിച്ചിട്ടുള്ളു.

സുവിശേഷം ഇതുവരെ പ്രവേശിച്ചിട്ടില്ലാത്ത ഗ്രാമങ്ങളുടെയും പട്ടണങ്ങളുടെയും കണക്കു് താഴെ ചേൎക്കുന്നു.

| | പട്ടണങ്ങൾ | ഗ്രാമങ്ങൾ |
|---|---|---|
| ഇൻഡ്യാ | 2,483 | 663,444 |
| ബൎമ്മാ | 92 | 32,387 |
| സിലോൺ | 38 | 17,775 |
| ആകെ | 2,613 | 713,606 |

സുവിശേഷവേല നടക്കുന്ന

| | പട്ടണങ്ങൾ | ഗ്രാമങ്ങൾ |
|---|---|---|
| ഇൻഡ്യാ | 346 | 637 |
| ബൎമ്മാ | 25 | 34 |
| സിലോൺ | 24 | 26 |
| ആകെ | 395 | 697 |

സുവിശേഷവേല യാതൊന്നും ഇല്ലാത്ത

| | പട്ടണങ്ങൾ | ഗ്രാമങ്ങൾ |
|---|---|---|
| ഇൻഡ്യാ | 2,137 | 662,807 |
| ബൎമ്മാ | 67 | 32,353 |
| സിലോൺ | 14 | 17,749 |
| ആകെ | 2,218 | 712,909 |

Literature Press, Tiruvalla—1000—June 1959.

# KOTTAYAM PUBLIC LIBRARY

## KOTTAYAM

Cl. No. 900 Acc. No. 11310

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 9 MAY 2001 | | |
| 23 JUN 2001 | | |
| 7 DEC 2002 | | |
| 6 JAN 2003 | | |
| 27 JUL 2003 | | |
| 21 AUG 2003 | | |
| 23 SEP 2003 | | |
| 18 JUL 2006 | | |
| 12 JUL 2007 | | |
| 17 FEB 2010 | | |
| 12 MAR 2010 | | |
| 19 OCT 2012 | | |
| 30 OCT 2013 | | |
| 5 AUG 2017 | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

൧൦൦ 11310

ഏബ്രഹാം. സി. ഐ

സഭാചരിത്രസംഗ്രഹം

KOTTAYAM PUBLIC LIBRARY
Call No 900 Acc. No 11310
Author ഏബ്രഹാം. സി. ഏ
Title സഭാചരിത്ര സംഗ്രഹം

Indic Digital Archive Foundation
gpura.org